# ചൊവ്വല്ലൂർ

## കളക്ഷൻസ്



## ഒന്ന്

# ചിരിക്കാൻ മറന്ന നമ്മൾ

മലയാളസാഹിത്യത്തിലെ ശ്രദ്ധേയനായ ഒരു പട്ടാള സാഹിത്യകാരൻ ഒരിക്കൽ വെടിവെട്ടത്തിനിടയിൽ പറഞ്ഞ ഒരു കഥ ഓർമവരുന്നു.

ഇന്ത്യയുടെ വടക്ക്, പരമാവധി വടക്ക്, മഞ്ഞു മൂടിയ അതിർത്തി സംസ്ഥാനത്തിലുൾപ്പെട്ട ഒരു സൈനിക സങ്കേതം. ഭൂരിഭാഗവും ഉത്തരേന്ത്യക്കാരായ, ചെറുപ്പക്കാരായ സുരക്ഷാഭടന്മാരുടെ പഠന-പരിശീലന താവളം.

ഒരുനാൾ കരസേനയിലെ അത്യുന്നതനായ ഓഫീസർ ഈ സങ്കേതത്തിൽ വിസിറ്റിന് എത്തുന്നു. കൂടെ മേം സാബും ഉണ്ട്. സന്ദർശനം 'സബ്കൊ സൻമതി തേ ഭഗവാൻ' ആക്കാനായി നേരത്തേതന്നെ ക്യാംപിൽ ഒരുക്കം തുടങ്ങിയിരുന്നു. ഓഫീസർ ഒരു തരത്തിലും മുഷിയാൻ പാടില്ല. അതിനാൽ ഭടന്മാരേവരും യൂണിഫോം മാത്രമല്ല, പിച്ചള ബട്ടൺ പോലും തേച്ചു തുടച്ചു മിനുക്കി വയ്ക്കണമെന്നായിരുന്നു മേലാവിൽ നിന്നുള്ള കൽപ്പന.

ഓഫീസർ വന്നു. കണ്ടു. എല്ലാം അച്ഛാ, പോരാ, ബഹുത് അച്ഛ! എന്നുവച്ചാൽ എല്ലാം നല്ലക്ഷ.

### പ്രസംഗം

ഇനിയാണു പ്രധാന പരിപാടി. ഭടന്മാരെ അഭിസംബോധന ചെയ്ത് ഓഫീസർ പ്രസംഗിക്കുന്നു.

അപ്പോൾ ഒരു പ്രശ്നം: ഓഫീസർക്കു കൂടുതൽ വഴങ്ങുന്ന ഭാഷ ഇംഗ്ലീഷാകുന്നു; ഹിന്ദിയല്ല, ഇംഗ്ലീഷിലാണെങ്കിൽ പ്രസംഗം എന്ന പ്രക്രിയ കേവലം ഗ്രാസ്, ഗുന്തർ ഗ്രാസ്. ഹിന്ദിയിൽ അത്ര തന്നെ മെയ്വഴക്കമില്ല.

സദസ്സിന്റെ കാര്യം നേരേ മറിച്ചായിരുന്നു. ഇംഗ്ലീഷ്, പ്രസംഗം കേട്ടാൽ ഭാഷ ഇംഗ്ലീഷാണെന്നല്ലാതെ മറ്റൊന്നും ഭടന്മാരിൽ ഭൂരിഭാഗത്തിനും മനസ്സിലാവില്ല. ഹിന്ദി അങ്ങനെയല്ല. ഹിന്ദിയിൽ ചിരിക്കുകയോ കൂർക്കംവലിക്കുകയോ ആവാം. അത്ര വഴക്കം.

ഇതിനിടെ അംശം അധികാരി മറ്റൊരു കാര്യം കൂടി മുൻകൂറായി പറഞ്ഞു. ഇംഗ്ലീഷിൽ ഞാൻ നല്ല നല്ല ഫലിതങ്ങൾ ധാരാളം വച്ചുകാച്ചും. ആകെയാൽ, തൽക്ഷണം തർജ്ജമ ചെയ്യുന്ന ജവാൻ ജന്മനാ ഇരു ഭാഷകളിലും മിടുക്കുള്ളവനാവണം.

ചെറുപ്പക്കാരായ ഭടന്മാരിൽ ഇംഗ്ലീഷും ഹിന്ദിയും ഒരുപോലെ കൈകാര്യം ചെയ്യാവുന്നവർ പലരുമുണ്ട്. പക്ഷേ, അവരാരും തർജ്ജമ എന്ന റിസ്ക്ക് ഏറ്റെടുക്കാൻ തയ്യാറല്ല. അവർക്കറിയാം, അൽപം പിഴച്ചാൽ തലപോകും...

അവസാനം ചൊറുചൊറുക്കുള്ള ഒരു ചെറുപ്പക്കാരനു നറുക്കു വീണു.

### ഫലിതം

സമ്മേളനം തുടങ്ങി. ഓഫീസർ പ്രഭാഷണം ആരംഭിച്ചു. താൻ ഇടയ്ക്കിടയ്ക്കു തകർപ്പൻ ഫലിതങ്ങൾ പറയും എന്ന് അദ്ദേഹം തുടക്കത്തിൽ തന്നെ മുന്നറിയിപ്പു നൽകി. ഈ വാചകം തർജമചെയ്തു കേട്ടപ്പോഴേ സദസ്യർ ആർത്തുചിരിക്കാൻ തുടങ്ങി. ഓഫീസർ ഫലിതം പറയാതിരുന്നപ്പോഴും, പറഞ്ഞു പറഞ്ഞു തേമാനം വന്ന പഴയ ചില വിറ്റുകൾ അടിച്ചപ്പോഴും തർജമ കേട്ടു ഭടജനം തലമറന്നു ചിരിച്ചു കൊടുത്തു. ചിരി എന്നു പറഞ്ഞാൽ പോരാ. സർവത്ര ചിരി, സർവാംഗ ചിരി.

ഓഫീസർക്കു സന്തോഷമായി. എത്ര നല്ല തർജമ, എത്ര സഹൃദയരായ ഭടന്മാർ! പ്രസംഗവേദിയിൽ തനിക്ക് ഇത്രയും ഹൃദ്യമായ നിർവൃതി കൈവരുന്നത് ഇതാദ്യമല്ലോ... വിവർത്തകനെ പരസ്യമായി ത്തന്നെ മേലാവ് അഭിനന്ദിക്കാനും മടിച്ചില്ല.

### വിവർത്തനം

സമ്മേളനം സമാപിച്ചതും, ആഹ്ലാദാഭിമാന വിജൃംഭിതനായ ഓഫീസർ, യുവാവായ വിവർത്തകനെ രഹസ്യമായി വിളിച്ച്, അൽപം മാറ്റിനിർത്തി, വളരെ ലൈറ്റായി ഒരു കൈ കൊടുത്തു മറുകൈകൊണ്ടൊന്നു തലോടി, പതുക്കെ, ശബ്ദം താഴ്ത്തി, വികാരവിവശനായി പറഞ്ഞു:

തർജമ തകർത്തു. ഞാൻ തന്നെയാണോ ഇത്രയും നല്ല ഫലിതം പറഞ്ഞത് എന്ന് എനിക്കിപ്പോഴും സംശയം തീർന്നിട്ടില്ല. ഏതായാലും ഞാൻ വളരെ വളരെ ഹാപ്പിയായിരിക്കുന്നു എന്നറിയിക്കുവാൻ എനിക്ക് അപാരമായ സന്തോഷമുണ്ട്."

വിവർത്തകൻ വിയാന്വിതനായി തലതാഴ്ത്തി നിന്നു, വിറപൂണ്ടു.

"കൂട്ടത്തിൽ ഒരു രഹസ്യം ചോദിക്കട്ടെ" ഓഫീസറുടെ ശബ്ദം കരയുന്നതുപോലെയായിരുന്നു - വികാര വിവശ വിശാരദൻ.

ചോദിക്കൂ എന്ന അർഥത്തിൽ യുവഭടൻ കണ്ണു കാട്ടി.

"സത്യം പറയണം. സദസ്സ് ഈ വിധം ഇളകിച്ചിരിക്കാൻ മാത്രം മനോഹരമായി താങ്കൾ എങ്ങനെയാണു വിവർത്തനം ചെയ്തത്? ഒരു ഘട്ടത്തിൽ സദസ്സ് ചിരി നിർത്തുകയില്ലെന്നുണ്ടോ എന്നുപോലും ഞാൻ ഭയന്നുവല്ലോ... പറയൂ... പ്ലീസ്..."

### കെണി

വിവർത്തകർ വിളറി വിയർത്തു. കൂട്ടത്തിൽ

ഓർത്തു: സത്യം പറയണോ? പറഞ്ഞാൽ പണി തീർന്നു. പറഞ്ഞില്ലെങ്കിൽ കെണി തീരില്ല. അവസാനം പറഞ്ഞു:

"ക്ഷമിക്കണം ഉടയതേ... ഞാൻ ആദ്യംതന്നെ സദസ്യരോടു പറഞ്ഞു, അല്ല താഴ്മയോടെ അപേക്ഷിച്ചു. നമ്മുടെ മേലധികാരി പ്രസംഗത്തിൽ ഇടയ്ക്കിടെ തമാശ പറയും എന്ന് അദ്ദേഹംതന്നെ പറഞ്ഞതു നിങ്ങൾ മറക്കരുത്. അതുകൊണ്ട് ഞാൻ തർജമ ചെയ്യുമ്പോൾ, ദയവായി... നിങ്ങൾ കൂട്ടത്തോടെ ചിരിക്കണം. നിർത്താതെ ചിരിക്കണം. നിങ്ങൾ ചിരിച്ചില്ലെങ്കിൽ... ഇല്ലെങ്കിൽ എന്റെ സ്ഥിതി..."

**ദുരവസ്ഥ**

ഇപ്പോൾ ഈ കഥ ഓർക്കാനുള്ള മൂലവും പൂരാടവും എന്ത് എന്നല്ലേ? മറ്റൊന്നുമല്ല, മലയാളത്തിൽ ഹാസ്യസാഹിത്യത്തിന്റെ ഇന്നത്തെ ദുരവസ്ഥ (കരുണയും) ഓർത്തതുതന്നെ.

ഓർക്കുംതോറും കരയാൻ തോന്നുന്നു. നമുക്കെന്തുപറ്റി? നമ്മൾ, മലയാളികൾ. നലംവാച നർമത്തിന്റെ നട്ടുച്ചയ്ക്കും നറുനിലാവിലും പൊട്ടിച്ചിരിച്ചിരുന്ന, പൊട്ടിച്ചിരിപ്പിച്ചിരുന്ന നമ്മൾക്കെന്തുപറ്റി?

നമ്മൾ ചിരിക്കാൻ മറന്നുപോകുന്നു, ചിരിപ്പിക്കാനും മറന്നുപോകുന്നു. അങ്ങനെ മറന്നു മറന്ന് ഇപ്പോൾ ആരെന്തു പറഞ്ഞാലും ചിരിക്കാൻ അറിഞ്ഞുകൂടെന്നായിരിക്കുന്നു. ചിരിപ്പിക്കാനും അറിഞ്ഞുകൂടെന്നായിരിക്കുന്നു.

അതു നുണ! ചിരിപ്പിക്കുന്നവർ ഇപ്പോഴുമില്ലേ? നർമ്മം, ഫലിതം, ഹാസ്യം, തമാശ, ആക്ഷേപഹാസം, ഉപഹാസം, വിറ്റ്, സറ്റയർ, ഹ്യൂമർ, ഫൺ എന്നീ വരായുധങ്ങൾ പ്രയോഗിച്ചു വായനക്കാരെ ചിരിപ്പിക്കുന്നവർ ഇപ്പോഴുമില്ലേ?

ഉവ്വ്, ഉവ്വ്, ഇപ്പോഴുമുണ്ട്. പേയ്സ്റ്റ് തീർത്തും തീർന്ന് ഒട്ടിയ ട്യൂബിൽനിന്ന് ഞെക്കിത്തുറുപ്പിച്ച്, അത്യധ്വാനം ചെയ്ത് ഒരു നേരത്തെ പ്രയോഗത്തിനെങ്കിലുമുള്ള വക പുറത്തെടുക്കുന്നതുപോലെയാണ്.

ഇപ്പോൾ ഹാസ്യസാഹിത്യത്തിന്റെ പരിഹാസ്യമായ അവസ്ഥ. അക്ഷരങ്ങളെയും വാക്കുകളെയും വാചകങ്ങളെയും ഞെക്കിത്തുറുപ്പിക്കുന്ന ആ അധ്വാനം കണ്ടാൽ ചിരിക്കാനല്ല, കരയാനാണു തോന്നുക.

**ദുരന്തം**

കേരളീയർ ചിരിക്കാൻ മറന്നുപോവുക! ചിരിക്കാൻ അറിയില്ലെന്നാവുക, ചിരിപ്പിക്കാൻ കഴിവുള്ളവരില്ലാതാവുക - ഇതിൽപ്പരം ഒരു ദുരന്തം എന്തുണ്ട്?

വികട കവിതയുടെ ഉടമയും നർമ്മസചിവനും ഫലിതരസികനുമായ സാക്ഷാൽ തോലന്റെ നാട്ടുകാരല്ലേ നമ്മൾ? ഐരാണിക്കുളത്തുകാരനായ നീലകണ്ഠൻ എന്ന തോലന്റെ പിൻമുറക്കാർ ചിരി മറക്കുകയോ? യമകഘടന, ദൂരാന്വയം, അനാവശ്യമായ അപൂർവ പദപ്രയോഗം, അപ്രസക്തമായ പാണ്ഡിത്യപ്രകടനം എന്നിവകൊണ്ട് ചെപ്പും പന്തും കളിച്ചിരുന്ന അന്നത്തെ മഹാകവികളെ കളിയാക്കി,

"ഥപ്രഥ നന്ദാനന്ദം
പദദ്വയം നാത്ര, കലിതാനന്ദം
തനയം വന്ദേ വക്യാ
നിരന്വയം ദലിതദാന വന്ദേവക്യാ"

എന്നു നിലവിളിച്ച തോലനെ മറക്കാൻ പറ്റുമോ? മർമം പിളർക്കുന്ന നർമത്തിന്റെയും അനുപമമായ വാഗ്വിലാസത്തിന്റെയും അവതാരമായ ചാക്യാന്മാർക്കുവേണ്ടി ആട്ടപ്രകാരവും ക്രമദീപികയും രചിച്ച തോലൻ മലയാളികളുടെ നർമബോധത്തിന്റെ പര്യായമത്രെ. ആ തോലന്റെ അനന്തരവന്മാർ ചിരിക്കാനും ചിരിപ്പിക്കാനും മറക്കുക!

**മോക്ഷം**

ആഢ്യമായ, പൂണുനൂലിട്ട ചിരിക്കും ആദ്യകാലത്ത് ഇവിടെ ക്ഷാമമില്ലായിരുന്നു. സംസാരമോക്ഷത്തിനു കാരണമായ വൈരാഗ്യത്തിനുവേണ്ടി കൃഷ്ണഗാഥ രചിച്ച സാക്ഷാൽ ചെറുശേരി നമ്പൂതിരിയും ഫലിതപ്രിയനായിരുന്നു. അല്ലെങ്കിൽ, കൂവലയാപീഡത്തിന്റെ ഭീതി വർണിക്കുമ്പോൾ,

"വാ പിളർന്നങ്ങു കരഞ്ഞുതുടങ്ങിനാൻ

കൗപീനമായ് വന്നു വാലുമപ്പോൾ." എന്നെഴുതാൻ കഴിയുമായിരുന്നോ?

ഭക്തരിൽ ഭക്തനായ പൂന്താനവും രസികനായിരുന്നു. അല്ലെങ്കിൽ,

"കാൺക നമ്മുടെ സംസാരംകൊണ്ടത്രെ
വിശ്വമീവണ്ണം നിൽപുവെന്നും ചിലർ,
ബ്രാഹ്മണ്യംകൊണ്ടു കുന്തിച്ചു കുന്തിച്ചു
ബ്രഹ്മാവുമെനിക്കൊവ്വായെന്നും ചിലർ.

എന്ന് ഇന്നും പലർക്കും ചേരുന്ന ഈരടികൾ ജ്ഞാനപ്പാനയിൽ അന്നേ എഴുതിവയ്ക്കുമായിരുന്നോ?

പൂനം നമ്പൂതിരിക്കുമുണ്ടായിരുന്നു മനം മയക്കുന്ന ഫലിതം. സാമ്പിളിന്, ഭാര്യാ ഭർതൃ ബന്ധത്തിലെ പൊരുത്തക്കേടിനെ കളിയാക്കി അദ്ദേഹം എഴുതിയ ഒരു ശ്ലോകം ഇതാ:

"പുംസാം നൂറുവയസവൾക്കു, പതിനാ-
റെങ്കിൽപ്പൊരുന്നാ, നടേ
തസ്യാ നൂറു വയസ്സുവന്നു പതിനാ-
റെങ്കിൽ പ്രമാദം തുലോം;
രാത്രൗ ചെന്നു രമിപ്പതിന്നു ജരഠാ-
മുത്ഥാപ്യ, പോയമ്മിമേൽ
താംബൂലത്തെയരച്ചു മുക്കുടി കുടി-
പ്പിക്കും നരേഭ്യോ നമഃ

എന്തിനധികം, നമുക്കു വയറു നിറയെ ചിരിക്കാൻ, ചിരിപ്പിക്കാൻ ചാക്യാരെക്കുറിച്ചുള്ള ഓർമ്മ

മാത്രം പോരേ?

**നർമ്മധീരത**

തൃപ്പുണിത്തുറയിൽ, നിറഞ്ഞ സദസ്സിൽ കൂത്തു പറയുന്നതിനിടയിൽ, നേരേ മുമ്പിൽ ഇരുന്നിരുന്ന വാഴ്ച ഒഴിഞ്ഞ മഹാരാജാവ് വലിയ തമ്പുരാന്റെ മുഖത്തു നോക്കി, സാന്ദർഭികമായിട്ടാണെങ്കിലും, "അപ്പഴേയ്, എന്തേ ഉണ്ടായത്? ഒഴിയേ, ഒഴിപ്പിക്ക്യേ?" എന്നു പരസ്യമായി പരിഹസിക്കാനുള്ള നർമ്മധീരത നിസ്സാര കളിയാണോ?

അതുപോലെതന്നെ മറ്റൊരു കഥ: അതീവ സമ്പന്നനും കാഴ്ചയിൽ അഴകു രാവണനുമായിരുന്നു ഭസ്മത്തു നമ്പൂതിരി എന്ന ആഢ്യപ്രമാണി. വിടൻ എന്നു പറഞ്ഞാൽ പോരാ, മഹാ വിടൻ. ഈ കാമസമാനൻ എല്ലാ ദിവസവും കൂത്തു കേൾക്കാൻ വരും. നാലുപേർ കാണുന്ന സ്ഥാനത്ത്, വിഗ്രഹം എഴുന്നള്ളിച്ചു വച്ചതുപോലെ ഇരിക്കും. ഒരുനാൾ, രുഗ്മിണീ സ്വയംവരത്തിനു വന്നെത്തിച്ചേർന്നവരുടെ കുളി, തേവാരം, അലങ്കാരം എന്നിവ വിസ്തരിക്കുകയായിരുന്നു ചാക്യാർ. കൂത്തമ്പലം നിറഞ്ഞ സദസ്. ഒരു വശത്തു പല പ്രായത്തിലുള്ള സുന്ദരിമാരായ തമ്പുരാട്ടിമാരും മറ്റു സ്ത്രീജനങ്ങളും.

സ്വയംവരത്തിനു വന്ന സ്ത്രീജനങ്ങളുടെ സ്നാനാദികർമങ്ങൾ വിവരിക്കുന്നതിനിടയിൽ തമ്പുരാട്ടിമാരെ നോക്കി, വെടിപൊട്ടിക്കുംമട്ടിൽ ചാക്യാരുടെ ചോദ്യം:

ഇക്കൂട്ടത്തിൽ ഭസ്മം തൊടാത്ത ആരെങ്കിലുമുണ്ടോ? നനച്ചും നനയ്ക്കാതെയും ഒരിക്കലെങ്കിലും ഭസ്മം തൊടാത്തവരുണ്ടാവില്ല്യാ. ഉവ്വോ?"

ഭസ്മത്തു നമ്പൂതിരിയുടെ ഹിക്ക്മത്ത് നന്നായറിയാവുന്ന സദസ്സ് ആർത്തുചിരിച്ചു; സ്ത്രീജനങ്ങൾ നിലത്തിറങ്ങി മുഖമില്ലാത്തവരായി. പിറ്റേദിവസം മുതൽ ഭസ്മത്ത് നമ്പൂതിരി കൂത്തു കേൾക്കാൻ വരാതെയായി എന്നും കഥ തുടരുന്നു. (ആ നേരം കൂടി വിസ്തരിച്ചൊരു നേരമ്പോക്ക് തരപ്പെടുത്തിക്കൂടേ എന്നായിരിക്കണം തിരുമനസിന്റെ മനോരാജ്യം?)

**ആക്ഷേപഹാസ്യം**

ഇങ്ങനെ ശുദ്ധ ഹാസ്യത്തിന്റെ, ആക്ഷേപഹാസ്യത്തിന്റെ എത്രയോ അരങ്ങുകൾ ഭരിച്ചിട്ടുള്ള ചാക്യാന്മാരുടെ ആരാധകരായ നമ്മൾ ചിരിക്കാനും ചിരിപ്പിക്കാനും മറക്കുകയോ?

കഷ്ടം, കഷ്ടം! ശാകുന്തളത്തിലെ മാഢവ്യനെ മനസ്സിലാക്കിയ മലയാളി, വിക്രമോർവശീയത്തിലെ മാണവകനെച്ചൊല്ലി ആണയിടുന്ന മലയാളി, മാളവികാഗ്നിമിത്രത്തിലെ ഗൗതമനെ ഗൗരവബുദ്ധ്യാ പഠിച്ച മലയാളി, മൃച്ഛകടികത്തിലെ മൈത്രേയനെ അത്രമാത്രം സ്നേഹിച്ചാരാധിക്കുന്ന മലയാളി, സ്വപ്നവാസവദത്തത്തിലെ വസന്തകനെ മനസാ സ്വന്തമാക്കിയ മലയാളി ചിരിക്കാൻ മറക്കുക, ചിരിപ്പിക്കാൻ മറക്കുക!

ചാക്യാർക്കു ശേഷം നമ്പ്യാർ, സംശയമില്ലല്ലോ. കുഞ്ചന്റെ ഹാസ്യത്തെപ്പറ്റി എത്ര പറഞ്ഞാലാണ് അധികമാവുക? ലോകത്ത്, ബാണഭട്ടൻ കടിച്ച് എച്ചിലാക്കാത്ത യാതൊരു വസ്തുവുമില്ല എന്ന് ആ മഹാപ്രതിഭയുടെ അപാര പാണ്ഡിത്യത്തെ വാഴ്ത്തുന്നതായി, "ബാണോച്ഛിഷ്ടം ജഗൽ സർവം" എന്നൊരു പഴഞ്ചൊല്ലുണ്ടത്രേ സംസ്കൃതത്തിൽ. ഏതാണ്ടതു പോലെയാണു കുഞ്ചന്റെയും സ്ഥിതി: "കുഞ്ചോച്ഛിഷ്ടം ജഗൽ സർവം...". ആ കുഞ്ചന്റെ പിന്മുറക്കാരായ നമ്മൾ, കേരളീയർ ചിരിക്കാൻ മറക്കുക? ചിരിപ്പിക്കാൻ അറിയാത്തവരായി അധഃപതിക്കുക!

**സ്ഖലിതം**

നമ്പൂതിരിമാർ സ്ഖലിതം എന്നൊന്നില്ലാത്ത ഫലിതം പറഞ്ഞു പറഞ്ഞ് ഇവിടെ 'നമ്പൂതിരിഫലം' എന്നൊരു ശാഖതന്നെയുണ്ടായില്ലേ? നേരമ്പോക്കിന്റെ കൂരമ്പെയ്ത മുട്ടസ്സു നമ്പൂതിരിയുടെ ഫലിതത്തിനുമുണ്ടോ മരണം? പിന്നീട് വെൺമണിക്കവികളും മറ്റും ശൃംഗാരത്തിന്റെ പുഞ്ചപ്പാടത്താണെങ്കിലും വിതച്ച കവിതയ്ക്കും കൊയ്തുകൂട്ടിയ കതിരിനും കണക്കുണ്ടോ?

തീവണ്ടിയിലെ കമ്പാർട്ടുമെന്റിലൊരു സീറ്റിൽ വലതുവശത്തു വന്നിരുന്ന സായിപ്പ് 'മങ്കി' എന്നും ഇടതുവശത്തു വന്നിരുന്ന സായിപ്പ് 'ഡോങ്കി' എന്നും നടുക്ക് ഇരുന്ന നമ്പൂതിരിയെ പരിഹസിച്ചു ചിരിച്ചപ്പോൾ, അവരെ നോക്കി ഒട്ടും ചിരിക്കാതെ "നോ... ഇൻ ബിറ്റ്‌വീൻ" എന്നു പൊട്ടിച്ച നമ്പൂതിരിയുടെ ഒറിജിനൽ വിറ്റ് ആർക്കെങ്കിലും വിറ്റുമാറാനാവുമോ?

അതുവരെ അന്നാട്ടിൽ കണ്ടിട്ടില്ലാത്ത ഒരു പുതിയ ആനയെ കണ്ടപ്പോൾ, ആകാംക്ഷയോടെ ഒരു ആനക്കമ്പക്കാരൻ ആരാഞ്ഞു:

"ഏതാ ആന?"

പെട്ടെന്നു വന്നു തൊട്ടടുത്തു നിന്നിരുന്ന നമ്പൂതിരിയുടെ മറുപടി.

"വലതുഭാഗത്തുള്ളത് ആന. ഇടതുഭാഗത്തുള്ളത് ആനക്കാരൻ..."

നമ്പൂതിരിയുടെ പശു കിണറ്റിൽ വീണു. ആരെങ്കിലും ഇറങ്ങി രക്ഷിക്കണം. ആരും തയ്യാറല്ല ഏറെ ആഴമുള്ള കിണറ്റിലിറങ്ങാൻ. അവസാനം ഒരു ഏണി കൊണ്ടുവന്നു തിരുമേനിതന്നെ ഇറങ്ങാൻ നിശ്ചയിച്ചു. ഈ വക പണിയൊന്നും അറിഞ്ഞുകൂടാത്ത തിരുമേനി, ഏണിയിൽ കയറി ഇറങ്ങാൻ തുടങ്ങുംമുൻപേ കാലുതെറ്റി വീണു കിണറിന്റം അടിയിലെത്തി. മുകളിൽ നോക്കിനിന്നിരുന്ന നാട്ടുകാർ സഹതാപപൂർവം ചോദിച്ചു:

"എന്തേ പറ്റിയത് തിരുമേനി?"

കിണറിന്റെ അഗാധതയിൽനിന്നു തിരുമേനിയുടെ പൊട്ടിച്ചിരിയോടെയുള്ള മറുപടി:

"പറ്റീത് ഞാൻ നിരീച്ചതുതന്നെ. ക്ഷണം ഇവിടെ എത്തി. പക്ഷേ, അതിങ്ങനെ വേണം എന്നല്ല

നിരീച്ച്യേർന്നത്...”

സ്വന്തം വീഴ്ചയേയും നർമബോധത്തോടെ ആസ്വദിക്കാനുള്ള ഈ സിദ്ധിക്കു പട്ടും വളയും കൊടുക്കാതിരിക്കാനാവുമോ?

അങ്ങനെ എത്രയെത്ര പ്രയോഗങ്ങൾ!

“Who knows when the war Breakes” എന്ന വാചകത്തിൽ നിമിഷനേരംകൊണ്ട്, “ചെരിപ്പിന്റെ വാറ് പൊട്ടുന്നത് എപ്പോഴാണെന്ന് ആർക്കറിയാം” എന്നു വിവർത്തനം ചെയ്ത യശഃശരീരനായ താള വാദ്യവിദഗ്ധൻ തൃത്താല കേശവപ്പൊതുവാളും പര ശുരാമന്റെ വേഷം കെട്ടിക്കെട്ടി പ്രസിദ്ധനായ കലാമ ണ്ഡലം രാമൻകുട്ടിനായരാശാനെപ്പറ്റി എഴുതിവന്ന പ്പോൾ, “അങ്ങനെ പരശുരാമനെ അനശ്വരനാക്കിയ രാമൻകുട്ടിനായർ ഇപ്പോൾ ശരിക്കും പരശുരാമൻകു ട്ടിനായരായിരിക്കുന്നു” എന്നു വാഴ്ത്തിയ കഥകളി രംഗത്തെ ഓൾറൗണ്ടർ കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൻ ആശാനും ഈ പാരമ്പര്യത്തിന്റെ മൂപ്പും മുഴക്കവും മൂർച്ചയുമുള്ള തുടർച്ചക്കാരല്ലേ? പറഞ്ഞി ട്ടെന്തു കാര്യം? ഇപ്പോൾ മലയാളി ചിരിക്കില്ല. ചിരി ക്കാനറിയില്ല.

### സഞ്ജയൻ

ശുദ്ധമായ, നിത്യമാ, സത്യമായ, വശ്യമായ ചിരി യുടെ, പൊട്ടിച്ചിരിയുടെ കൈത്തിരിയും പൂത്തിരിയും മാത്രമല്ല, ഗുണ്ടും ഡയനാമിറ്റും പൊട്ടിച്ച് അകാലത്ത് കളി നിർത്തി കൺമറഞ്ഞിട്ടും മലയാളികൾക്കു മൺ മറയാത്ത സാക്ഷാൽ സഞ്ജയൻ എന്ന എം.ആർ. നായര്! ഇല്ല, സഞ്ജയനും സഞ്ജയന്റെ ചിരിക്കും മരണമില്ല.

ഹാസത്തിന്റെ, പരിഹാസത്തിന്റെ, ആക്ഷേപ ഹാസ്യത്തിന്റെ എല്ലാ ഭാവാർഥതലങ്ങളും കരതലാ മലകമാക്കിയിട്ടുള്ള സഞ്ജയൻ, പരിഹാസത്തിനു നൽകിയ നിർവചനത്തിൽ ആ വലിയ മനുഷ്യന്റെ, മനസ്സിന്റെ ദർശനം വ്യക്തമാവും:

> “പരിഹാസമെന്നാൽ ശകാരം മാത്രമ-
> ല്ലൊരിക്കലുമതു മറക്കരുതാരും,
> ഹരിഹാസപ്പൂതു പനിനീർച്ചെടിക്കെടോ
> ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ.
> അതിന്റെ പൂവാണച്ചെടിക്കലങ്കാരമതിന്റെ
> മുള്ളല്ലെന്നറിഞ്ഞുകൊള്ളുക...”

തീർന്നില്ല. സഞ്ജയൻ, സാകൂത സ്മിത ത്തോടെ തുടരുന്നു:

> “ഒരു മുള്ളുതട്ടി മുറിഞ്ഞാലും പ്രിയ-
> നഖക്ഷതംപോലെ മനോജ്ഞമാവണം;
> കുറച്ചൊരു നീറയിലാരുന്നാലുമതി-
>
> ലുറന്ന രാഗത്തിൽ മനം ലയിക്കണം...”

ഇതൊക്കെ നമുക്കു പറഞ്ഞുതന്ന സഞ്ജയൻ നിഷ്കളങ്കമായ ചിരിയുടെ ആയിരം പൂക്കൾ വിടർ ത്തി. ഏതു ചിരിയുടെ പിന്നിലും അൽപ്പം കണ്ണീരിന്റെ നനവുണ്ടെന്ന് അദ്ദേഹം ഓർമിപ്പിച്ചു. തനിക്കു ക്ഷയ രോഗം, ഭാര്യക്കു ക്ഷയരോഗം, പുത്രനു ക്ഷയരോ ഗം, പിന്നെ പുത്രന്റെ അകാല വേർപേട്, പിന്നെ ഭാര്യ...

ആ കണ്ണീർക്കയത്തിൽ മുങ്ങിയപ്പോഴും സഞ്ജയൻ ചിരിച്ചു; ഈറനായ ചിരി.

> ‘‘കരപൊട്ടിക്കവിയുന്ന പുഴവെള്ളത്തള്ളിച്ചപോൽ
> കവിയുന്നോരീ ദുഃഖത്തിലാണ്ടുപോകവേ,
> ചിരിക്കുവാൻ തിരുമേനിയരുളുമ്പോടടിയന്റെ
> കരളഭിമാനംകൊണ്ടു തിങ്ങിവിങ്ങുന്നു...”

സഞ്ജയനെപ്പോലെ സഞ്ജയൻ മാത്രം എന്ന് എതിരാളികളും വാഴ്ത്തി. ആ സഞ്ജയന്റെ പിന്മുറ ക്കാരായ നമ്മൾ ചിരിക്കാൻ മറക്കുന്നു; ചിരിപ്പിക്കാൻ മറന്നുപോകുന്നു...

### ബ്രിട്ടീഷ് ഫലിതം

ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ലോയ്ഡ് ജോർജിനെയും വിൻസ്റ്റൺ ചർച്ചിലിനെയും അറിഞ്ഞോ അറിയാതെയോ സ്വപ്നം കണ്ടിട്ടായാലും അല്ലെങ്കിലും, ഒരു കാലത്ത് നമ്മുടെ ചുരുക്കം ചില രാഷ്ട്രീയ നേതാക്കളുടെ ഏറ്റവും തിളക്കമാർന്ന സ്വഭാവഗുണം ആരോഗ്യകരമായ നർമബോധമായി രുന്നു. ലോയ്ഡ് ജോർജിനെപ്പറ്റി പറഞ്ഞുകേട്ടിട്ടുള്ള രണ്ടു കഥകൾ:

ഒന്ന്: ബ്രിട്ടീഷ് പാർലമെന്റ് കെട്ടിടത്തിന്റെ മുകളിലെ നിലയിൽനിന്നു പ്രധാനമന്ത്രി ലോയ്ഡ് ജോർജ് ഗോവണിയിലൂടെ താഴോട്ട്.

പ്രതിപക്ഷത്തെ തീവ്ര വികാരജീവിയായ ഒരു എം.പി. മേലോട്ട്.

പ്രധാനമന്ത്രിയെ കണ്ടപ്പോൾ തീവ്രവാദി മുറു മുറുത്തു: “ഞാൻ ഒരിക്കലും തെമ്മാടികൾക്കു വഴി മാറിക്കൊടുക്കാറില്ല.”

ഒരു നിമിഷംപോലും ആലോചിക്കാതെ വഴി മാറിക്കൊടുത്ത പ്രധാനമന്ത്രി പുഞ്ചിരിയോടെ പറഞ്ഞു:

“ഞാൻ എപ്പോഴും വഴിമാറിക്കൊടുക്കും.”

മറ്റൊരു രംഗം: പാർലമലെന്റിൽ പ്രധാനമന്ത്രി ലോയ്ഡ് ജോർജ് സുപ്രധാനമായ നയപ്രഖ്യാപനം നടത്തുകയായിരുന്നു. അദ്ദേഹം: “എല്ലാ പാവപ്പെട്ട മനുഷ്യർക്കും സാധാരണക്കാരായ മനുഷ്യർക്കും പൊതുജനങ്ങൾക്കും ഞാൻ തീർച്ചയായും സ്വാത ന്ത്ര്യം നൽകും...”

അന്നേരം പ്രതിപക്ഷത്തുനിന്ന് ഒരു എം.പീ. പ്രധാനമന്ത്രിയെ പരിഹസിക്കാനായി ഇടയിൽ കടന്നു പറഞ്ഞു:

“എല്ലാ മണ്ടന്മാർക്കും.”

ഒട്ടും താമസമുണ്ടായില്ല, പ്രധാനമന്ത്രി ആ പ്രതിപക്ഷാംഗത്തെ അഭിനന്ദിച്ചുകൊണ്ടു പറഞ്ഞു:

“തികച്ചും ശരിതന്നെ. തന്റെ സ്വന്തം ആളു

കൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു നേതാവിനെ ഞാൻ തീർച്ചയായും മാനിക്കുന്നു."

ഇതുപോലെതന്നെ, പാർലമെന്റിൽ പ്രധാന മന്ത്രി വിൻസ്റ്റൺ ചർച്ചിൽ പ്രസംഗിക്കുന്നു. ക്ഷുഭിതയായ ഒരു വനിതാ എം.പി. പൊട്ടിത്തെറിച്ചു:

"നിങ്ങൾ എന്റെ ഭർത്താവായിരുന്നെങ്കിൽ ഞാൻ നിങ്ങൾക്കു വിഷം തന്നേനെ."

ചർച്ചിലിന്റെ മറുപടിക്കും താമസമുണ്ടായില്ല:

"നിങ്ങൾ എന്റെ ഭാര്യയായിരുന്നെങ്കിൽ ഞാൻ തീർച്ചയായും അതു കുടിച്ചേനെ."

**പനമ്പിള്ളി**

ഈ രാഷ്ട്രീയഫലിതങ്ങൾ ഓർത്തപ്പോൾ, ഒരു കാലത്ത് കേരളരാഷ്ട്രീയത്തിൽ (സാഹിത്യ സാംസ്കാരിക മണ്ഡലങ്ങളിലും) നിറഞ്ഞുനിന്നിരുന്ന ഒരു മഹാപ്രതിഭ അകലെനിന്നു ചിരിക്കുന്നു.

സാക്ഷാൽ പനമ്പിള്ളി ഗോവിന്ദമേനോൻ...

സത്യം, മലയാളി ചിരിക്കാൻ മറന്നിട്ടില്ലാത്ത കാലമായിരുന്നു അത്. മലയാളി ചിരിപ്പിക്കാൻവയ്യാത്തവനായിട്ടില്ലാത്ത കാലവുമായിരുന്നു അത്.

നർമ്മബോധത്തിന്റെ കാര്യത്തിൽ അമ്പൊഴിയാത്ത ആവനാഴിയായിരുന്നു പനമ്പിള്ളിയുടെ അപൂർവസിദ്ധി.

നേരിട്ടനുഭവമുള്ള ഒരു രംഗം: കേരളത്തിൽ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നിട്ട് അഞ്ചു മാസം തികയുന്നു. അന്നൊരുനാൾ തൃശൂർ തേക്കിൻകാടു മൈതാനത്ത് പനമ്പിള്ളിയുടെ പ്രസംഗം. പനമ്പിള്ളി പ്രസംഗിക്കുന്നു എന്നു കേട്ടാൽ മതി, മൈതാനം നിറഞ്ഞുവഴിയും. അന്നാവട്ടെ, മൂന്നുമാസത്തെ കമ്യൂണിസ്റ്റ് ഭരണത്തെ നമ്മുടെ പ്രിയങ്കരനായ നേതാവ് പനമ്പിള്ളി ഗോവിന്ദമേനോൻ വിലയിരുത്തുന്നു എന്ന് ഉച്ചഭാഷിണിയിൽ ദിവസം മുഴുവൻ പ്രചാരണവും നടത്തിയിരുന്നു. ഫലമോ, മൈതാനം വഴിഞ്ഞൊഴുകി. ഗതാഗതം സ്തംഭിച്ചു.

അന്ന്, പ്രസംഗത്തിനിടയിൽ പനമ്പിള്ളിയുടെ ഒരു പ്രയോഗം:

"കഴിഞ്ഞ രണ്ടുമൂന്നു മാസമായി ഞാൻ ഡൽഹിയിലായിരുന്നു. ഇന്നലെ ഇവിടെവന്നപ്പോൾ എന്റെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും സർവത്ര പരാതി. കമ്യൂണിസ്റ്റ് മന്ത്രിമാർ അഴിമതിയും സ്വജനപക്ഷപാതവും കാട്ടുന്നു എന്നായിരുന്നു പരാതി. ഞാൻ അവരോടു തിരിച്ചു ചോദിച്ചു. "ഇതിലിത്ര പരാതിപ്പെടാൻ എന്തിരിക്കുന്നു? അറബിക്കടലിലെ വെള്ളത്തിന് ഉപ്പുരസമുണ്ട് എന്ന് ആരെങ്കിലും പരാതിപ്പെടാറുണ്ടോ?"

കറ തീർന്ന നർമബോധത്തിന്റെ കരുത്തുള്ള പനമ്പിള്ളിയുടെതന്നെ മറ്റൊരു പ്രയോഗം:

ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ്. പനമ്പിള്ളി അജയ്യനായ കോൺഗ്രസ് സ്ഥാനാർത്ഥി. എതിരാളി താരതമ്യേന അപ്രശസ്തനായ പി.എസ്.പി. സ്ഥാനാർത്ഥി സി.ജി. ജനാർദ്ദനൻ.

പനമ്പിള്ളി ജയിക്കും എന്ന കാര്യത്തിൽ ജനാർദ്ദനനുപോലും സംശയമുണ്ടായിരുന്നില്ല. എന്നാൽ അവസാന നിമിഷത്തിൽ രാഷ്ട്രീയ സ്ഥിതിഗതികളും സന്ധിബന്ധങ്ങളും ആകെ തലതിരിഞ്ഞു. കോൺഗ്രസിനെതിരേ എല്ലാ പ്രതിപക്ഷശക്തികളും മാത്രമല്ല, ഒരു വിഭാഗം കോൺഗ്രസും ഒത്തുചേർന്നു. അപ്രതീക്ഷിതമായുണ്ടായ ആ രാഷ്ട്രീയമാറ്റത്തിന്റെ കാറ്റിൽ പനമ്പിള്ളി പരാജയപ്പെട്ടു. തികച്ചും അവിശ്വസനീയമായ ഒരു സംഭവവികാസം.

വിജയം ഉറപ്പിച്ച ഒരു സ്ഥാനാർഥിയുടെ പരാജയം, സ്വാഭാവികമായും പ്രവർത്തകർക്കും സ്ഥാനാർഥിക്കും ഒരു ആഘാതമായിരിക്കുമല്ലോ. പക്ഷേ, പനമ്പിള്ളിയുടെ സ്ഥിതി മറിച്ചായിരുന്നു! അപ്രതീക്ഷിതമായ പരാജയത്തെക്കുറിച്ചുള്ള പ്രതികരണം അറിയുവാൻ നേരിട്ടുചെന്ന പത്രപ്രതിനിധികളെ പനമ്പിള്ളി യാതൊരു ഭാവഭേദവും കൂടാതെ, സ്വതഃസിദ്ധമായ ചിരിയോടെ സ്വീകരിച്ചു. പതിവുപോലെ നർമത്തിൽ പൊതിഞ്ഞ കുശലപ്രശ്നങ്ങളുടെ കെട്ടഴിച്ചു. അന്നേരം അദ്ദേഹത്തിന്റെ പ്രസന്നമായ മട്ടും മാതിരിയും കണ്ടാൽ തോറ്റത് സി.ജി. ജനാർദ്ദനനാണെന്നേ ആരും കരുതൂ.

പത്രക്കാർ ഓരോന്ന് ചോദിച്ചും പറഞ്ഞും അവസാനം തെരഞ്ഞെടുപ്പിലെ പരാജയത്തെപ്പറ്റി ആരാഞ്ഞപ്പോൾ, അക്ഷോഭ്യനായി പനമ്പിള്ളി പറഞ്ഞു:

"ഓ, അതിലിത്ര വിശേഷമെന്തിരിക്കുന്നു! ഈ പി.എസ്.പി.യുണ്ടല്ലോ, അതു കേരള രാഷ്ട്രീയത്തിലെ പഴത്തൊലിയാണ്. ഉള്ളിൽ കാമ്പില്ലെങ്കിലും വഴിയെ നടന്നുപോകുന്നവരെ വീഴ്ത്താൻ അതുമതി..."

അവിചാരിതമായി ഏറ്റുവാങ്ങേണ്ടിവന്ന ഒരു കനത്ത പരാജയത്തെ ഒരു നനുത്ത മന്ദഹാസത്തോടെ ആ ദിവസം, ആ നേരത്ത് നേരിടാൻ ഒരു പനമ്പിള്ളിക്കു മാത്രമേ കഴിയൂ എന്നു പറയേണ്ടതില്ലല്ലോ. അതിനദ്ദേഹത്തെ ശക്തനാക്കിയത് ആ അളവറ്റ നർമബോധമത്രേ.

**നർമം അകലെ**

ഇന്നിപ്പോൾ ഹാസവും പരിഹാസവും രാഷ്ട്രീയത്തിലും ഇല്ലാതായിരിക്കുന്നു, വറ്റിവരണ്ടിരിക്കുന്നു. നർമബോധം പൊതുവെ കുറവ്; അഥവാ ആരെങ്കിലും ഒന്നു നർമ്മിച്ചാൽ ശിവ, ശിവ... വിരോധമായി, വൈരാഗ്യമായി. താനിതുപറഞ്ഞല്ലോ എന്ന പരിഭവമായി...

രക്ഷയില്ല, സർ, രക്ഷയില്ല. നമ്മൾ ചിരിക്കാൻ മറന്നിരിക്കുന്നു. ചിരിപ്പിക്കാനും മറന്നിരിക്കുന്നു. ഇത്തരുണത്തിൽ ഒരു അതികായന്റെ മുമ്പിൽ - ആ

ത്ര്യക്ഷരിയുടെ മുമ്പിൽ മാത്രം - മനസ്സുകൊണ്ടും ശരീരംകൊണ്ടും നമസ്കരിക്കുന്നു. സ്നേഹസമ്പന്ന നായ വി.കെ.എൻ. പ്രതിഭാധനനായ താങ്കൾ ആധുമിക മലയാളത്തിന്റെ മഹാമന്ദഹാസമാകുന്നു. തീരാത്ത പൊട്ടിച്ചിരിയാകുന്നു. ചിരിയിൽ വളർന്നു തെവുത്ത ആ അക്ഷരങ്ങളുടെ, വാക്കുകളുടെ, വാചകങ്ങളുടെ അചുംബിതമായ സൗന്ദര്യം ഞങ്ങളെ മത്തുപിടിപ്പിക്കുന്നു. ഈ മരുഭൂമിയിൽ ഇതുപോലൊരു പച്ചത്തുരുത്ത് ഇല്ലായിരുന്നുവെങ്കിൽ -

വയ്യ, ആ അവസ്ഥയെപ്പറ്റി ഓർക്കാൻ വയ്യ.

യശഃശരീരനായ പ്രൊഫ. എ.പി.പി. നമ്പൂതിരി വർഷങ്ങൾക്കുമുമ്പ് കോഴിക്കോട്ട് ടൗൺഹാളിലൊരു സമ്മേളനത്തിൽ പ്രസംഗം ഉപസംഹരിച്ച ഒരു കഥയുണ്ട്. അക്കഥകൂടി പറയാം:

നിറഞ്ഞസദസ് എ.പി.പി. മൂന്നാമത്തെ പ്രസംഗകനാണ്. സമയം വളരെ വൈകി. എ.പി.പി.യുടെ പ്രസംഗംകൂടി കഴിഞ്ഞാൽ ആകർഷകമായ നൃത്തനൃത്യങ്ങൾ അരങ്ങേറുകയായി.

എ.പി.പി. സുദീർഘമായി പ്രസംഗിച്ചു. മലയാള സാഹിത്യത്തെപ്പറ്റി. ഒരു മണിക്കൂർ നീണ്ട പ്രസംഗം.

"ഇത്രയും പറഞ്ഞുകൊണ്ടും ഈ കലാസമിതിക്കു മംഗളം നേർന്നുകൊണ്ടും..."

എ.പി.പി. പ്രസംഗം ഉപസംഹരിക്കാൻ തുടങ്ങുകയായിരുന്നു. അപ്പോഴാണ്, കർട്ടന്റെ സൈഡിൽ നിന്നു പരിഭ്രാന്തരായ ഭാരവാഹികളുടെ ആംഗ്യഭാഷയിലുള്ള അഭ്യർത്ഥന: സർ, പ്രസംഗം നിർത്തരുത്. മൃദംഗം വന്നിട്ടില്ല. കൊണ്ടുവരാൻ ആളുപോയിട്ടുണ്ട്. അൽപംകൂടി പ്രസംഗിക്കണം...

**പ്രസംഗധോരണി**

സ്നേഹധനനായ എ.പി.പി. വഴങ്ങി. ഉപസംഹാരത്തിന്റെ വക്കത്തെത്തിയ പ്രസംഗത്തിൽനിന്നു തന്നെ അദ്ദേഹം തുടർന്നു:

സുഹൃത്തുക്കളെ, ഈ ഘട്ടത്തിൽ മഹാകവി വള്ളത്തോളിനെപ്പറ്റി ചിലതു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു...

ഇതെന്താണിപ്പോൾ ഇങ്ങനെ തോന്നാൻ എന്ന് സദസ്സ് അമ്പരക്കവെ, എ.പി.പി. വള്ളത്തോളിന്റെ കാവ്യസപര്യയെപ്പറ്റി പ്രസംഗിച്ചു. പത്തിരുപതു മിനിറ്റ് കഴിഞ്ഞ് പ്രസംഗം സ്വാഭാവികമായ ഉപസംഹാരത്തോടടുത്തപ്പോൾ സൈഡ് കർട്ടന്റെ അടുത്തുനിന്നു വീണ്ടും ശോകമൂകമായ അഭ്യർത്ഥന: പ്ലീസ്, അൽപനേരംകൂടി പ്രസംഗം നീട്ടണം. മൃദംഗം എത്താറായി പ്ലീസ്...

ആരേയും മുഷിപ്പിക്കാനറിഞ്ഞുകൂടാത്ത പാവം എ.പി.പി. പറഞ്ഞവസാനിപ്പിച്ചേടത്തുനിന്നുതന്നെ വീണ്ടും തുടങ്ങി.

"സുഹൃത്തുക്കളെ, വള്ളത്തോളിനെപ്പറ്റി ഇത്രയും പറഞ്ഞ സ്ഥിതിക്ക് ആശാനെക്കുറിച്ച് പറയാതിരിക്കുന്നത് ശരിയല്ലല്ലോ. അതുകൊണ്ട്-"

മഹാകവി കുമാരനാശാനെപ്പറ്റിയും കൂട്ടത്തിൽ ഉള്ളൂരിനെപ്പറ്റിയും പ്രസംഗിച്ചപ്പോഴേക്കും എ.പി.പി. അക്ഷരാർത്ഥത്തിൽ തളർന്നു. നിർത്തിക്കൂടേ എന്ന ഭാവത്തിൽ അദ്ദേഹം സൈഡ് കർട്ടന്റെ ഭാഗത്തേക്കു ദയനീയമായി നോക്കിയപ്പോൾ, വിളറിവിയർത്ത മുഖത്തോടെ ഒരു ഭാരവാഹി തൊഴുത് ആംഗ്യഭാഷയിൽ അപേക്ഷിച്ചു: സർ, അഞ്ചുമിനിറ്റുകൂടി നീട്ടിത്തന്നാൽ മതി. മൃദംഗം എത്തിക്കൊണ്ടിരിക്കുന്നു.

അന്യഥാ തളർന്നവശനായ എ.പി.പി.ക്ക് അത്രയും സഹിക്കാനായില്ല. അദ്ദേഹം, ഉറച്ച ശബ്ദത്തിൽ സദസ്സിനോടായി പറഞ്ഞു:

"സുഹൃത്തുക്കളേ, ഇനി മൃദംഗം വന്നാലും ശരി, വന്നില്ലെങ്കിലും ശരി, ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുകയാണ്..."

ഇത്രയും വായിച്ചിട്ടും ചിരിക്കാൻ ഭാവമില്ല, അല്ലേ?

വാശിയായിരിക്കും, ചിരിക്കില്ല എന്ന്.

അതോ -

ചിരിക്കാൻ മറന്നുപോയി. ചിരിപ്പിക്കാനും മറന്നുപോയി. എങ്കിൽപ്പിന്നെ എന്താണ് ഓർക്കാനുള്ളത്?

## രണ്ട്

# ബേപ്പൂർ ഡിസ്പെൻസറിയിൽ ഒരു ദിവസം

**ബേ**പ്പൂരിൽ അന്ന് പ്രഭാതം പൊട്ടിവിടർന്നത്, സോറി, ഞെട്ടിയുണർന്നത്, ഏതാനും മുന്തിയ 'രോഗി' കളുടെ സർഗ്ഗ സംവാദംപോലുള്ള ഞരക്കം കേട്ടുകൊണ്ടായിരുന്നു.

എല്ലാ വഴികളും ഇടവഴികളും ബേപ്പൂരിലേക്ക്, എല്ലാ രോഗികളും ബേപ്പൂരിലെ വിശ്വവിഖ്യാതമായ 'വയലാലി'ലേയ്ക്ക്...

വീടിന്റെ വിശാലമായ മുറ്റത്തെ മാവിൻതണലിൽ അവർ വൃത്തനിബദ്ധമായും വൃത്തവിമുക്തമായും നിന്ന് ഇരുന്ന് നിന്നിരുന്നു.

പൂമുഖത്ത് മലയാളം, ഹിന്ദി, ഉർദു, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിലൂടെ വലിയ ബോർഡ് തിളങ്ങി: "ഡോക്ർ അകത്തുണ്ട്, എല്ലാവരും കുത്തിരിക്കിൻ..."

നിമിഷങ്ങൾക്കകം ഡോക്ടറുടെ ഏറ്റവും പ്രിയപ്പെട്ട ഹോബിയായ ഫാബി പുറത്തുവന്നു. ഡോക്ടറുടെ പ്രൈവറ്റ് സെക്രട്ടറിയും സ്പെഷൽ അസിസ്റ്റന്റും ആഭ്യന്തര വിദേശകാര്യ സെക്രട്ടറിയും ഹെഡ്നഴ്സും കമ്പൗണ്ടറുമെല്ലാം ഫാബിതന്നെ.

ആരാണ് ആദ്യം വന്നത്? - ഫാബി എല്ലാവരോടുമായി ചോദ്യം എറിഞ്ഞു.

എന്റെ സുദൃഢവും സുചിന്തിതവുമായ അഭിപ്രായം ഞാനാണെന്നാണ് - കൃശഗാത്രനായ മദ്ധ്യവയസ്ക്കൻ പതുക്കെ, എന്നാൽ ഉറപ്പിച്ചു പറഞ്ഞു.

എന്നാൽ വരിൻ.

അകത്ത്, ഘട്ടംഘട്ടമായി കട്ടൻചായ സിപ്പു ചെയ്യുന്ന ഡോക്ടറുടെ മുമ്പിൽ ആഗതൻ ആസനസ്ഥനാവുന്നു.

എവിടന്നാ - ഡോക്ടറുടെ ചോദ്യം.

അഴീക്കോട്ടുനിന്ന്.

അസുഖം?

തത്ത്വമസി.

അതെന്താണ്?

അതു നീയാകുന്നു!

ഡോക്ടർ രോഗിയെ സൂക്ഷിച്ചുനോക്കി. രോഗിയാവട്ടെ, അനന്യലഭ്യമായ അന്തശ്ചേതനയുടെ അപ്രതിഹതമായ നിയോഗം നിർവഹിക്കുന്ന ഡോക്ടറെ അഭിവീക്ഷിക്കുകയുമായിരുന്നു.

രാവു പകലാക്കി വായിക്കും, പെരുത്ത് കനത്തിൽ എവുതും, അല്ലേ? - ഡോക്ടർ ചോദിച്ചു.

ഉവ്വ്

അതിലേറെ കനത്തൽ പ്രസംഗിക്കും?

ഉവ്വ്

എങ്കിൽ ഡയഗ്നൈസ്ഡ്

എന്ത്?

തത്ത്വമസി. അതു നീയാകുന്നു.

ഏത്?

തത്ത്വമസി അതു നീയാകുന്നു.

ഏത്?

തത്ത്വമസി. അതു നീയാകുന്നു.

ഏത്?

നിന്റെ അസുഖം.

അതിനുള്ള ചികിൽസ?

മറിച്ചു പറയുക.

എങ്ങനെ?

പറയുക: അതു ഞാനാകുന്നു. അവശനാകുന്നത് ഞാനാകുന്നു. അതുംപറഞ്ഞ് പ്രസംഗത്തിന് ക്ഷണിക്കാൻ വരുന്നവരെ വിരട്ടി ഓടിക്കുക.

***

അടുത്ത ആള് വന്നോളിൻ - ഫബി വിളിച്ചു പറഞ്ഞു.

ഡോക്ടറുടെ മുറിയ്ക്കകത്ത് കയറിച്ചെന്ന ആജാനുബാഹുവായ രോഗി, മേശപ്പുറത്തിരുന്ന ബീഡിപ്പൊതിയിൽനിന്നൊരു ബീഡിയെടുത്തു കത്തിച്ചു. ഒരെണ്ണം ഡോക്ടർക്കു നീട്ടിക്കാട്ടി പറഞ്ഞു:

വലിയ്ക്ക് സുഖായിട്ട് വലിയ്ക്ക്.

എവിടെനിന്നു വരുന്നു?

തിരോല്വാമല.

അസുഖം?

രാശിവശാൽ ഇപ്പോൾ സമയം നന്നല്ല! ദശാപഹാരഘട്ടമാണെന്നാണ് രുദ്രൻ വെളിച്ചപ്പാട് തുള്ളി കൽപ്പിച്ചത്. എന്നാൽ നാമ്പാർ പറേണത് ഏതോ ഗുളികന്റെ കള്ളക്കളിയാണെന്നാണ്.

ഗുളികനെ ഞാൻ ഒഴിപ്പിച്ചു തരാം - ഡോക്ടർ ചിരിച്ചു.

നേരോ?

ഒഴിപ്പിച്ചു കൈയിൽത്തരാം.

നന്നായി. എന്നാൽ ഒഴിഞ്ഞ വല്യമ്പ്രാനെ എന്റെ കൈയിൽ തരേണ്ട. വാരഫലക്കാരന് അയച്ചാൽ മതി.

അടുത്ത അസുഖം? വേഗം പറ.

തിരക്കില്ല. ഞാൻ നാളെയേ പോകുന്നുള്ളൂ. നേരത്തോടുനേരം ഭക്ഷണത്തിന് ഇവിടെയുണ്ടാവും

എന്ന് പറഞ്ഞേൽപ്പിച്ചിട്ടുണ്ട്. ഒരു കുക്കുടത്തെ ഇതിനകം വധിച്ചുകഴിഞ്ഞു.

ഘാതുകൻ ആർ?

പുനലൂർക്കാരൻ രാജൻ

യു കാരി ഓൺ

ജ്ജ് തന്റെ പണിനോക്ക് എന്ന് അല്ലേ? സ്റ്റൈൽ!

***

ഇനി ആരാണ് ഒന്നാമതായി വന്നത്? - ഫാബി ചോദിച്ചു.

പിള്ളേച്ചനാണേയ് - ഇരുത്തംവന്ന കർഷക കാരണവരുടെ വിയാമ്പിതമായ ശബ്ദം.

വേഗം വരിൻ. ഇങ്ങനെ കാത്തിരിയ്ക്ക്യാണ്.

ഡോക്ടറുടെ മുറിയിൽ. ഇരുവരും മുഖാമുഖം നോക്കി.

ഹലോ ഡോക്ടർ!

യേസ് ഡോക്ടർ!

ചിരി. പൊട്ടിച്ചിരി. ബേപ്പൂർ ചിരിയുടെ പുട്ടിൽ കുട്ടനാടൻ ചിരിയുടെ തരി.

ഞാനിപ്പം വന്നതേയുള്ളൂ - കാരണവർ മുറുക്കിച്ചുവപ്പിക്കാൻ തുടങ്ങി.

തകഴിയിൽ നിന്ന് ബന്ധുവിന്റെ ജീപ്പിൽ ആലപ്പുഴവരെ, അവിടെനിന്ന് ഒരു സുഹൃത്തിന്റെ കാറിൽ എറണാകുളത്തേയ്ക്കും അവിടെ നിന്ന് ഒരു ആരാധകന്റെ തീവണ്ടിയിൽ കോഴിക്കോട്ടേയ്ക്ക്, പിന്നെ എൻ.പി. മൊഹമ്മദിന്റെ കൂടെ ഓട്ടോറിക്ഷയിൽ -

അതൊക്കെ പണ്ട് - കാരണവർ മുറുക്കിത്തുപ്പി കുലുങ്ങിച്ചിരിച്ചു. ഇപ്പം വന്നത് കൈയിൽനിന്ന് ചക്രം മുടക്കിയിട്ടാണ്. നിന്നെയൊന്നു കാണാൻ.

എങ്കിൽ അസുഖം മനസ്സിലായി.

എന്തസുഖം?

ഇതുതന്നെ. ഇപ്പോഴത്തെ ഈ ദുഃസ്വഭാവം ദുശ്ശീലം.

എന്നാൽ കേട്ടോ. അസുഖം അതല്ല.

പിന്നെ?

ഭയം, പേടി, ദുഃസ്വപ്നം.

അതിൻരെ ഹേതു ഭൂതം?

ഭൂതവും വർത്തമാനവും ഭാവിയുമെല്ലാം ഒരേയൊരാൾ തന്നെ.

പഹയന്റെ പേര്?

ഡി.സി. കിഴക്കേമുറി.

സംഗതി പറ

ഒരു രാശിയ്ക്ക് എന്നെ നിർത്തുന്നില്ല. നിർത്തിപ്പൊരിക്കുന്ന മട്ട്. എവിടെവച്ചു കണ്ടാലും 'ഇടവിതാനം' എന്തായി, പേരിടാത്ത നോവലിന്റെ കാര്യം പ്രസിദ്ധപ്പെടുത്തിക്കോട്ടെ, എഴുതിത്തുടഹ്ങിയോ, തുടങ്ങിയെങ്കിൽ ഏതുവരെയായി, ഇല്ലെങ്കിൽ എന്തേ ആവാത്തത് - ഇങ്ങനെ സർവത്ര ചോദ്യം. കല്യാണച്ചടങ്ങിലും മരിച്ചടിയന്തിരത്തിലും കണ്ടാൽ വേറെ വർത്തമാനമില്ല. പോയിപ്പോയി ഇപ്പോൾ കാത്തയെക്കൊണ്ടും ഇതേ ചോദ്യങ്ങൾ ചോദിപ്പിച്ചു തുടങ്ങിയിരിക്കുന്നു.

കള! വഴിയുണ്ടാക്കാം.

പ്രീ പബ്ലിക്കേഷനാണോ?

അല്ല.

പിന്നെ?

പറയാം - ഡോക്ടർ കാളിംഗ് ബെല്ലിൽ കൈ അമർത്തി. ഫാബി ഓടിവന്നു.

അടുത്തത് ആരാണ്? - ഡോക്ടർ ചോദിച്ചു.

മുറിയാണ്. കിഴക്കേമുറി.

എന്റമ്മോ? കാരണവർ പിടഞ്ഞെഴുന്നേറ്റു.

ഭയം അകലെ, അഭയം ഇവിടെ. ഡോക്ടർ ദൃഢമായി പറഞ്ഞു.

മൂപ്പരെ വിളിയ്ക്കട്ടെ? ഫാബി ചോദിച്ചു.

വേണ്ട - ഡോക്ടർ കൽപ്പിച്ചു: മൂപ്പരോട് തൽക്കാലം നമ്മുടെ പടിഞ്ഞാറെ മുറിയിൽ പോയി കുത്തിരിക്കാൻ പറ.

"അതെന്തിതനാണെന്ന് ചോദിച്ചാലോ?

അറസ്റ്റിലാണെന്നു പറ. രണ്ടു ദിവസം ഹൗസ് അറസ്റ്റ്. മനസ്സിലായോ?

ഉത്തരവ് - അതും പറഞ്ഞ് ഫാബി പുറത്തേയ്ക്ക് നടക്കാനൊരുങ്ങുമ്പോൾ മുഖത്തു നിറഞ്ഞ ചിരിയും കക്ഷത്തു തടിച്ച ബാഗുമായി ഒരാൾ അകത്തേയ്ക്ക്.

രണ്ടുപേരെയും ഒന്നിച്ചുകാണുമെന്നു കരുതിയില്ല - ആഗതൻ.

ആദ്യപതിപ്പായി ചിരിച്ചുകൊണ്ടു തുടർന്നു: ഡോക്ടറുടെ പുതിയ പുസ്തകത്തിന്റെ പേര് ഇന്നു തരണം. അനൗൺസു ചെയ്യാൻ വൈകി. പേജും വിലയും ഞാൻ നിശ്ചയിച്ചോളാം.

ഡോക്ടർ തൊട്ടടുത്തിരിക്കുന്ന കാരണവരെ നോക്കി. കാരണവർ വശം തിരിഞ്ഞ്, മുഖം കുനിച്ച് ശ്വാസം വിടാതെ ഇരിയ്ക്കുകയായിരുന്നു.

ഹ! ഇവിടെയിങ്ങനെ ഇരുന്നാൽ മതിയോ? - ആഗതൻ, കാരണവരോട് ചോദിച്ചു: 'ഇടവിതാനം' തീർക്കണ്ടേ" "... എന്റെ കഥ" എഴുതിത്തുടങ്ങേണ്ടേ?

ഡോക്ടർ ഉടനെ ഫാബിയെ വിളിച്ചു. ഫാബി വന്നു. ഡോക്ടർ പറഞ്ഞു: ഓടിപ്പോയി ഒരു സ്ട്രെച്ചർ കൊണ്ടുവാ. ഒന്നല്ല, രണ്ടെണ്ണം... ഒന്നു നമ്മക്കും...

## മൂന്ന്
# ഒറിജിനൽ പാരഡി

**ഏ**ത് ഓണം വരാനും വേണം ഒരു മൂലം എന്നാണല്ലോ ശ്രീമൂലം തിരുനാളിന്റെ കാലം മുതൽക്കേ നാട്ടുനടപ്പുള്ള തീട്ടൂരം. അന്യഥാ ചൊവ്വരയിലെ വെള്ളത്തിൽ തീപ്പെട്ട ഈ തീട്ടൂരത്തിന്റെ ഓർമ വിശേഷിച്ച് ഒരു ആവശ്യവുമില്ലാതെ മനസ്സിലിട്ടു തട്ടിയുരുട്ടി, പൂണൂലിടാൻ മറന്ന കൽപ്പാത്തി പുഴയുടെ തീരഭൂവിലൂടെ ബഹുദൂരം സഞ്ചരിക്കവേ, അതാ അശരീരി മാതിരി ഒരു അട്ടഹാസം.

"ചുമ്മാ ആടാതെടാ ചോഴിയൻ കുടുമൈ..."

ശ്രദ്ധിച്ചു; അഗ്രഹാരത്തിൽനിന്നാണ്. രാഗം കേദാരഗൗളം. താളം ഏകപട ത്രിപുട. അന്നേരം അട്ടഹാസി ആരെന്നും മനസ്സിലായി. സംഗീതനാടക അക്കദമീഷ്യനായ എൻ.പി. മുഹമ്മദിനുപോലും കാഴ്ചവട്ടത്തു പ്രചോദനം എത്തിച്ച സാക്ഷാൽ എണ്ണപ്പാടം ശിവരാമകൃഷ്ണയ്യർ!

പിന്നെ അമാന്തിച്ചില്ല. ഏകാംഗ റൂട്ട്മാർച്ച് അഗ്രഹാരത്തിലേക്ക് അനായാസം തിരിച്ചുവിട്ടു. പടിയാറും കടന്നവിടെച്ചെന്നപ്പോൾ, ശൈവ വൈഷ്ണവരാമ (വീര) ഭദ്രനായി ഒരു മുഴുവൻ അയ്യർവാൾ അടിമുടി ചൂടായി വാളോങ്ങിനിൽക്കുന്നു!

"നമസ്കാരം സ്വാമി..."

"നമസ്കാരം, പുരസ്കാരം, തിരസ്കാരം... ഒണ്ണുമേ വേണ്ടാം... കൊഞ്ചം സ്വൈരം - പീസ് ആഫ് മൈൻഡ് - അതു മട്ടും പോതും... യൂസ്ലസ് ഫെലോസ്... അശണ്ട കിശണ്ടകൾ..."

പേരുകൊണ്ടും പെരുമകൊണ്ടും ത്രീ-ഇൻ-വൺ ആയ സ്വാമി ശിവരാമകൃഷ്ണയ്യർ ആറിത്തണുക്കാനല്ല. ആളിക്കത്താൻതന്നെയാണു ഭാവം...

"ഇന്നെന്തുപറ്റി ആവോ, ഈ വിധം കോപാക്രാന്ത ജരാസന്ധനാവാൻ?"

"എപ്പടി കോപം വരാതെടാ? നീ കേട്ടിരിക്കായ് അല്ലവാ, നമ്മ ഗ്രാന്റ് ഡാട്ടർ ഭാഗ്യലക്ഷ്മി നന്നാ പാടുവാ... ആടുവാ..."

"അവളുടെ പ്രായം അതല്ലേ സ്വാമീ പാടട്ടെ, ആടട്ടെ..."

"ആമാം ഡാ... ഇന്നേക്കു നിറയെ വിരുന്താളികൾ വന്തിരുക്കാ... മഠം നിറയെ ഗസ്റ്റ്സ്... ആനാൽ ഒരു വെറൈറ്റി എന്റർടെയ്ൻമെന്റ് ആഹട്ടും... നമ്മ ഭാഗ്യലക്ഷ്മിയോടെ 'പക്കാല' പാട ശൊന്നേൻ... തെരിയുമേ ഉനക്ക്... ത്യാഗരാജ ഭാഗവതരോട് അഴകാന കീർത്തനം..."

"ഭാഗ്യലക്ഷ്മി പാടിയില്ല എന്നാണോ?"

"അല്ലെടാ... പക്കാല പാട ശൊന്നേൻ... അവൾ മുക്കാല മുക്കാബല പാടി മുടിച്ചിട്ടാരെ... എപ്പടി കോപം വരാതെടാ... ശൊൽ... ശൊൽ... കിളിയേ..."

"സ്വാമി, ഇന്നത്തെ കാലത്ത് ഒറിജിനലിനല്ല, പാരഡികൾക്കാണു വലിയ ഡിമാൻഡ്..."

"പാരടി അല്ലെടാ... ട്രാജഡി എന്റ് ശൊൽ... കർണാട്ടിക് മ്യൂസിക് ഈസ് (ബോംബെ) ഡയിംഗ്..."

"അങ്ങനെ ശപിക്കാതെ മാമാ... പാരഡിക്കു ചിരപുരാതനമായ പാരയോളം പഴക്കമുണ്ട്. പാരതന്ത്ര്യം, പാരാമെഡിക്കൽ, പാരലൽ കോളേജ്, പാരഗ്രാഫ്, പാരസ്പര്യം (വിജയൻ ഗ്രൂപ്പ്), പാരത്രികം, പാരവശ്യം അഥവാ വൈശികതന്ത്രം, പാരമ്പര്യം, പാരമ്യം... എല്ലാം ഒരുതരം പാരവയ്പല്ലേ സ്വാമീ..."

"നീ ഒരു അപാര പണ്ഡിതനാകും... അത് ഉൻ യോഗം... ബട്ട് വൺ തിംഗ്... നാൻ ഖണ്ഡിപ്പാ ശോൽറേൻ: മുക്കാല മുക്കാബല ഓർ ഈവൺ യുവർ ഹവാല ഒരുനാളും പക്കാലയ്ക്കു പാരഡി ആഹാതെടാ..."

ചൂടായി ചൂടായി സ്വാമി സ്വയം ഫ്യൂസായിപ്പോവാതിരിക്കാൻവേണ്ടി അന്നേരം ഞാൻ പറഞ്ഞു:

"സ്വാമീ, കാം ഡൗൺ, കാം ഡൗൺ, ആൻഡ് ദെൻ കൂൾ ഡൗൺ..."

കാമക്രോധാദികൾ ഒതുക്കുക; പിന്നെ ഈ കൂളത്തരം കൈവിടുക...)

"നിനക്കറിഞ്ഞുകൂടേ? എനിക്കിതൊന്നും സഹിക്കാനാവില്ല. ഐ കോൺട്രോളറേറ്റ്..."

"ഇന്നത്തെ മാർക്കറ്റ് റേറ്റിനു സഹിച്ചേ പറ്റൂ... സ്വാമീ, ഇതൊക്കെ ഒരുമാതിരി സീസൺ സിൻഡ്രോം ആകുന്നു..."

"സീസൺ ഡിൻഡ്രോം?"

"യാ... ഇവനിതു ഭവിക്കേണം, ഇന്ന കാലം വേണം എന്നൊക്കെ രാമായണത്തിൽ മറ്റാരും അറിയാതെ നമ്മൾ എഴുതിവച്ചതു മറന്നുവോ? ഓരോന്നിനുമുണ്ട് ഓരോ സീസൺ..."

"യൂ മീൻ -"

"മീൻ തൊട്ടുകൂട്ടാം... മാമ്പഴ സീസൺ... ചക്കപ്പഴ സീസൺ... നെന്മാറ-വല്ലങ്കി-ആറാട്ടുപുഴ-തൃശൂർ പൂരം സീസൺ..."

"അത് എനക്കും തെരിയും -"

"മുഴുവൻ തെര്യപ്പെടുത്തുന്നതിനു മുൻപു തെരിയാൻ വരട്ടെ... പിന്നെ, പിന്നെ, കൊന്നപൂക്കും

കാലം, മഞ്ഞുകാലം, കൊടങ്ങല്ലൂർ ഭരണിക്കാലം... അതുപോലെ മണ്ഡല സീസൺ, മകരവിളക്കു സീസൺ... ഇതൊക്കെ പാരഡികൾ തുരുതുരെ പിറക്കുന്ന സീസണാകുന്നു..."

"നീ ഇപ്പൊ ശോന്നത് കറക്ട്. ശബരിമല സീസൺ ഈസ് പാരഡി സീസൺ. ആനാൽ, ശബരിമല അയ്യപ്പൻന്നാ എനക്ക് റൊമ്പം റെസ്പെക്ട്..."

"അതു പിന്നെ എല്ലാവർക്കും അങ്ങനെയല്ലേ സ്വാമീ -"

"ഡായ്, ഇതു നീ നീനക്കിറ മാതിരി റെസ്പെക്ട് അല്ലെടാ... ഇന്ത അയ്യപ്പൻ സീസൺ വന്തതും ഭഗവാനെപ്പറ്റി എപ്പടിയെല്ലാമോ എന്തെല്ലാമോ പാട്റാ... ടെറിബിൾ ആൻഡ് ഹൊറിബിൾ..."

"ഉവ്വ്... ഒട്ടകത്തെ കെട്ടിക്കോ എന്നു പെരിയ സ്വാമി ചിന്ന റെഹ്മാൻ പറയേണ്ട താമസം ഇവിടെ, കെട്ടെടുത്തി കേറിക്കോ എന്നു നമ്മുടെ ഗുരുലഘു സ്വാമിമാർ പാരഡി കാച്ചി. 'ചിന്ന ചിന്ന ആശൈ' എന്ന് അവിടെ; 'കന്നി സ്വാമീ വാ വാ' എന്ന് ഇവിടെ..."

"ആമാം... ഇതെല്ലാം നിറൈയെ ഡേ ആൻഡ് നൈറ്റ് കേട്ടിന്റ് ഭഗവാൻ അന്ത സന്നിധാനത്തിലേ ഇരുക്കറാ... അതു താൻ നമ്മെ പെരിയ പുണ്യം..."

"എങ്കിൽ സ്വാമി, അതുപോലൊരു കാലമാകുന്നു തെരഞ്ഞെടുപ്പു സീസണും... ഈ സീസണിൽ എല്ലാ ട്രാജഡിയും കോമഡിയും ഉണ്ടാകുന്നതു പാരഡിയിൽനിന്നത്രേ..."

"അപ്പോ പാരഡികൾ പടച്ചുണ്ടാക്കുന്ന ജീനിയസ് റൈറ്റേഴ്സിനൊക്കെ നല്ല കോളായി, അല്ലേ?"

"കോളയല്ല, കൊക്കക്കോളാ... സർഗശക്തീശ്വരന്മാരായ ഒറിജിനൽ സാഹിത്യകാരന്മാർ ആരുടെ ചുണ്ടിലും തത്തിക്കളിക്കുന്ന പാരഡികൾ പണിതുണ്ടാക്കുന്നു. കതിനയും അമിട്ടും ഡയനാമിറ്റും ഗുണ്ടും ഗുണ്ടർട്ടുമായി വാക്കുകൾ വെടിക്കെട്ടിലെ കലാശപ്പൊരിച്ചിൽ പോലെ പാരഡികളിൽ പൊട്ടിത്തെറിക്കുന്നു."

"റിയലി? എങ്കിൽ ഒരു സാമ്പിൾ വെടിക്കെട്ട് കേൾക്കട്ടെ..."

"അയ്യോ, പാടില്ല."

"കാരണം?"

"പാടില്ല പാടില്ല നമ്മെ നമ്മൾ പാടേ മറന്നൊന്നും ചെയ്തുകൂടാ..."

"ഡായ്, ഈ പാരഡി ഞാൻ എവിടെയോ കേട്ടിട്ടുണ്ടല്ലോ... യേസ്... ഐ സ്റ്റിൽ റിമെംബർ -"

"ഒരുമാതിരി മെംബർമാരൊന്നും ഇങ്ങനെ പറയില്ല..."

"നീ പറഞ്ഞ ഇലക്ഷൻ പാരഡിയില്ലേ, അതു കേൾക്കട്ടെ..."

"അതു വേണ്ട... പുതിയ പടപ്പുകൾക്കൊന്നും സാഹിത്യഗുണമില്ല; ദാർശനിക സ്വഭാവമില്ല; പ്രവചനാത്മകമായ സിദ്ധിയില്ല... എക്കും വക്കും പൊട്ടിയ വാക്കുകളുടെ കഴുതകളിയേയുള്ളൂ..."

"കോമൺസെൻസില്ല, അല്ലേ?"

"അല്ല, നോൺസെൻസുപോലുമില്ല. സെൻസിറ്റിവിറ്റിയും സെൻസിബിലിറ്റിയുമാണല്ലോ എക്കാലത്തും സാഹിത്യത്തെ നിയന്ത്രിച്ചുപോന്നിട്ടുള്ള വൈറ്റാലിറ്റി?"

"പാട്ടുപാടിത്തന്നില്ലെങ്കിലും വേണ്ടില്ല, നീ എന്നെ വിരട്ടരുത്... ഓയ്..."

"സോറി... സപ്തതി അനുമോദന പ്രസംഗവേദിയാണെന്ന് ഒരുനിമിഷം ഞാൻ തെറ്റിദ്ധരിച്ചു..."

"പഴംപുരാണം പറ... വടിപ്പന് ഒരു പറ..."

"ജ്ഞാനപ്പാനയിൽനിന്നായാലോ?"

"വെരി ഗുഡ്... ജ്ഞാനപ്പാന ബൈ മേൽപ്പത്തൂർ, അല്ലേ?"

"ആണെങ്കിൽ നാരായണീയം എഴുതിയ പൂന്താനം ആരാണ്? നമ്മുടെ പവനനോ?"

"യു കോരി ഓൺ വിത്ത് യുവർ പാന."

"ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവിൽ ഉണ്ടായൊരിണ്ടൽ മമ മിണ്ടാവതല്ല ബത -"

"ബത മീൻസ്?"

"ബാക്കിയൊക്കെ മനസ്സിലായി അല്ലേ? എന്റെ സ്വാമീ, സഖാവ് പരശുവിന്റെ 'കേരല തീസീസ്' നുശേഷം, മരുന്നിനുപോലും ഒരു പാർട്ടിയില്ലാത്ത കാലത്താണ് ഒരേ പാർട്ടിയെ ജനം രണ്ടായും പിന്നെ പലതായും കണ്ടപ്പോഴുണ്ടായ ഇണ്ടലിനെപ്പറ്റി കവി പാടിയത്... മനസ്സിലായോ?"

"വാ... എല്ലാം ഒരേ വിസ്മയം ഓയ്..."

"ഇനി, ഭഗവദ്ഗീതയിലാവട്ടെ, 'ദേവോ ദേവസ്യ ധീമഹി' എന്നും 'അനന്യാശ്ചിന്തയന്തോ മാം' എന്നും മറ്റും അനുശാസിക്കുന്നതിന്റെ ആന്തരമെന്താണ്? ഏതു തെരഞ്ഞെടുപ്പു വന്നാലും എത്രയെത്ര പാർട്ടികൾ പരസ്പരം മത്സരിച്ചാലും ദേവനെന്നും ദേവസ്സിയെന്നും ഭിന്നിച്ചും നിന്ദിച്ചും മനുഷ്യജന്മത്തെ പാഴാക്കരുത്... അതുപോലെതന്നെ, ഈ കാണുന്നതൊക്കെ അന്യന്റേതല്ല, എന്റെ മാത്രമാണെന്ന് ആരും കരുതരുത്; അതേസമയം ഇതൊന്നും എന്റെയല്ല, എല്ലാം തോമയുടേതാണ് എന്ന അന്യതാബോധവും അരുത്..."

"ഓയ്... നാൻ ഗീത റിസൈറ്റ് ചെയ്യാറുണ്ടെങ്കിലും ഇത്രയും ഡീപ്പായി മനസ്സിലാക്കിയിട്ടില്ല..."

"രാമായണത്തിൽനിന്നുകൂടി ഒരു പീസ് ഉദ്ധ

രിച്ചോട്ടെ?"

"ശരിക്കും ഉദ്ധരിക്കും എന്നുണ്ടെങ്കിൽ വേഗം വേണം. അല്ലെങ്കിൽ മുഷിയും..."

"അതായത്, 'ദുർഘടമെത്രയുണ്ടാകിലും യുദ്ധത്തിൽ മർക്കടൻ മാർക്കേ ജയം വരൂ നിർണയം' എന്ന് എഴുത്തച്ഛൻ പ്രവചിച്ചിട്ടുള്ളതിന്റെ അകംപൊരുൾ എന്താണ്?"

"പത്രസമ്മേളനമൊന്നുമല്ലല്ലോ. ഉത്തരം നീ തന്നെ പറഞ്ഞാൽ മതി."

''ഏതു തെരഞ്ഞെടുപ്പുയുദ്ധത്തിലും സാക്ഷാൽ മർക്കടൻമാരേ ജയിക്കൂ..."

"മർക്കടസ്യ സുരാപാനം എന്ന് എവിടെയോ കേട്ടിട്ടുണ്ട്. നാൻ -"

"നാൻ കണ്ടിട്ടുമുണ്ട്"

"ഭാഗ്യവാൻ... പരമ ഭാഗ്യവാൻ..."

"ശപിക്കരുത്... പിന്നെ, സ്വാമീ, തൽക്കാലം ഇത്രയും പോരേ? ഞാനും ഒരു പാരഡി ഈരടിഗാന നിർമാതാവാണെന്ന് അറിയാമല്ലോ. പോളിംഗ് തീരുന്നതിനു മുൻപെങ്കിലും ഒന്നുരണ്ടെണ്ണം പൂശിയില്ലെങ്കിൽ -"

"കണ്ടാലറിയാം. നീ ഇടയ്ക്കൊക്കെ പൂശാറുണ്ട്, അല്ലേ? നീയാണ് ഒറിജിനൽ പൂസാരി... ദ് ബ്ലസഡ് ബൂസ്..." അത്രയും പറഞ്ഞ്, കരയുന്നമാതിരി സ്വാമി എന്നെത്തന്നെ നോക്കി തുടർന്നു:

"ഓയ്, ഇപ്പൊ ഒരു സന്ദേഹം... പെരിയ ഡൗട്ട്... വന്ത് വന്ത് ഒറിജിനൽ പാരഡി യാരപ്പാ? നീയോ ഞാനോ...?"

# നാല്
# ഒരു നോവലിസ്റ്റിന്റെ സ്വകാര്യദുഃഖം

**ആ**സകലംകൂടി ആലോചിച്ചു നോക്കിയപ്പോൾ ഒരുകാര്യം കാലേ തീർച്ചയായി: താൻ മനഃപൂർവ്വം കെട്ടിച്ചമച്ചു കല്പിച്ചുണ്ടാക്കിവരുന്ന ഈ നോവൽ താൻ പോലും വിചാരിച്ചേടത്തൊന്നും നില്ക്കുന്ന ലക്ഷണമില്ല. നിരവധി വെള്ളക്കുതിര ശക്തിയിലാണ് ഓരോ കഥാപാത്രവും കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുന്നത്.

(വൈറ്റ് ഹോഴ്സിന്റെ കിക്ക് സഹിക്കില്ലാന്ന് രാമുവും കാമുവും)

തുടക്കത്തിൽ കഥാപാത്രങ്ങൾ താൻ നിർദ്ദേശിച്ച ദിശയിൽത്തന്നെയായിരുന്നു യാത്ര. കുരുത്തം കെട്ട ഒന്നുരണ്ടെണ്ണം ഇടയ്ക്കൊന്ന് ഉടക്കി. അവറ്റയെ പതിനാറാമത്തെ അധ്യായത്തിൽത്തന്നെ യഥാവിധി വകവരുത്തി സപിണ്ഡിയടക്കം അടിയന്തരം ഭംഗിയായി നിർവഹിച്ചു. പക്ഷേ, അധ്യായങ്ങൾ മുന്നേറുംതോറും കഥാപാത്രങ്ങൾ കാടുകയറുകയാണ്. അക്കാര്യത്തിൽ പ്രായവ്യത്യാസമില്ല. ജാതിഭേദമില്ല. ആണെന്നോ പെണ്ണെന്നോ പറയാനുള്ള വ്യത്യാസവും മഷിയിട്ടു നോക്കിയിട്ടും കണ്ടില്ല. ആദ്യമാദ്യം അധ്യായങ്ങളിൽക്കിടന്ന് ബഹളംവച്ചിരുന്ന കഥാപാത്രങ്ങൾ ഇപ്പോൾ കയറുപൊട്ടിച്ച് അധ്യായങ്ങളുടെ പുറത്തുപോയി വിഹരിക്കാനും വിലസാനും തുടങ്ങിയിരിക്കുന്നു! വിളിച്ചതും പറഞ്ഞതും കേൾക്കില്ലെന്ന്! കേൾക്കാൻ മനസ്സില്ലെന്ന്! കൂട്ടത്തിൽ നന്നേ കൊച്ചനായ ഒരു കഥാപാത്രവുമായി ഒരുനാൾ ഒന്നു കോർത്തു. ഒരാവശ്യവുമില്ലാതെ അവൻ മുപ്പത്തൊന്നാമത്തെ അധ്യായത്തിൽ കയറിക്കിടന്നുവന്നു! മാത്രമോ, ചില ഡയലോഗും തുടങ്ങി.

എനിക്കു സഹിച്ചില്ല, എഴുത്തുകാരനെ ധിക്കരിക്കുന്ന കഥാപാത്രമോ?

കടക്കെടാ പുറത്ത്.

മനസ്സില്ല.

കാരണം?

ചില ഘട്ടങ്ങളിൽ കഥാപാത്രങ്ങൾ എഴുത്തുകാരന്റെ നിയന്ത്രണംവിട്ടും വിഹരിക്കും എന്ന് ക്രോച്ചെ പറഞ്ഞിട്ടുണ്ട്.

ആരാടാ ഈ ക്രോച്ചെ?

ഞാൻ തന്നെയാണെന്നു കൂട്ടിക്കോളൂ. എന്തേ?

പിന്നെ അവനോടൊന്നും പറഞ്ഞില്ല. അടുത്ത അധ്യായത്തിലൊരു ഇലക്ട്രിക് ശ്മശാനമുണ്ടാക്കി വധിച്ചു കയ്യിൽക്കൊടുത്താലോ എന്നാലോചിച്ചു. വയ്യ. ചെക്കൻ പ്രയോഗം തുടങ്ങിയിട്ടേയുള്ളൂ. അവനെക്കൊണ്ട് ഇനിയും ചിലതൊക്കെ ചെയ്യിക്കാനുണ്ട്. അത്രവേഗം കഥകഴിക്കാൻ വയ്യാന്നർത്ഥം.

ഏതായാലും ചോദിക്കാനും പറയാനും ആളില്ലാത്ത ഈ അവസ്ഥ തുടരാൻവയ്യ. നോവലിന്റെ എഴുപത്തിമൂന്നാമത്തെ അധ്യായമേ ആയിട്ടുള്ളൂ, അപ്പോഴേക്കും ഇങ്ങനെയായാൽ, യഥാർത്ഥ കഥ പറഞ്ഞു തുടങ്ങുന്ന അധ്യായങ്ങളിലെത്തുമ്പോൾ എന്താവും സ്ഥിതി?

ആലോചിച്ചപ്പോൾ സാമാന്യത്തിലധികം ദേഷ്യം വന്നു. ഇതിനെന്താണൊരു പോംവഴി?

ആട്ടെ, എല്ലാ കഥാപാത്രങ്ങളേയും വിളിച്ചുവരുത്തുകതന്നെ. എന്നിട്ട് അവരോട് നേരിട്ട് കാര്യങ്ങൾ ചർച്ചചെയ്യാം. എന്നാലെങ്കിലും അസാരം മനസ്സമാദാനം കിട്ടിയാലായിലോ...

എല്ലാ കഥാപാത്രങ്ങളേയും ഉടനെ വിളിച്ചുകൊണ്ടുവരാനായിക്കൊണ്ട് അശ്വാരൂഢഭടന്മാരെ ചട്ടം കെട്ടി അയച്ചു. അതെന്തിനാകുന്നത് അശ്വാരൂഢഭടന്മാർ എന്നാണെങ്കിൽ, ആരെയും ചെന്നു വിളിച്ചാലൊന്നും ഓടിവരുന്ന കൂട്ടത്തിലല്ല കഥാപാത്രങ്ങൾ.

എന്നാൽ ഉള്ളതു പറയട്ടെ, കഥാപാത്രങ്ങൾ ഓരോന്നായി വന്ന് അണിനിരന്നു കണ്ടപ്പോൾ ഇവൻ അത്ഭുതപരതന്ത്രസമുച്ചയമായി! ഇത്ര വളരെ കഥാപാത്രങ്ങളോ? ശിവശിവ! എല്ലാം തന്റെതന്നെ സൃഷ്ടികളാണെന്നോ!

എല്ലാ തരക്കാരുമുണ്ട് - കേശഭാരം, കിരീടം, കുറ്റിച്ചാമരം, മുട്ടിച്ചെരിപ്പ്, പെട്ടിപ്പാട്ട്, മുറുക്കിത്തുപ്പ്, തുർക്കിത്തൊപ്പി - അങ്ങനെയൊരു വക.

താടി, അതാടി, വെള്ളത്താടി, ചുകന്നാടി, ഏറാടി, നെടുങ്ങാടി, നന്നങ്ങാടി, നന്നെ മൂത്തത്, തീരെ ഇളയത് - അങ്ങനെ മറ്റൊരു പട.

പിന്നെ -

മതി പേടിയാവുന്നു.

ഇനി പേടിച്ചിട്ടു കാര്യമില്ല. ചാടി പുറപ്പെട്ടില്ലേ?

അപ്പോഴേക്കും കഥാപാത്രങ്ങൾ അസ്വസ്ഥരാവാൻ തുടങ്ങി.

പാത്രങ്ങൾ അസ്വസ്ഥരായാൽ കഥയുടേയും കഥാകൃത്തിന്റേയും സ്ഥിതി പറയേണ്ടതില്ലല്ലൊ.

എല്ലാവരും നിശ്ശബ്ദരായി ഇരിക്ക്യാ; അക്ഷമരായിട്ടും ഇരിക്ക്യാ - ഉച്ചഭാഷിണിയെ മനസാ ധ്യാനിച്ച് വടിവൊത്ത അഭ്യർത്ഥന.

അതു ഫലിച്ചു. അങ്ങുമിങ്ങും ഉരുണ്ടുന

ടന്നിരുന്ന പാത്രങ്ങൾ സ്വസ്ഥപൂണ്ടു.

എല്ലാവരും വന്നിട്ടുണ്ടല്ലോ, ഇല്യേ?

വ്വ് ചത്തോരും കൊന്നോരും ഒഴികെ.

ആട്ടെ. എന്താ നിങ്ങൾക്ക് കഴിക്കാൻ വേണ്ടത്? കുറേശ്ശ മഷി തരട്ടെ?

ചുവന്ന മഷിയാണോ?

ആ ചോദിച്ചതാരാണെന്നു നോക്കി. അവൻത ന്നെ. ക്രോച്ചെ!

പിന്നെ, തിന്നാനും കുടിക്കാനും എന്തെങ്കിലും വേണോ എന്ന് ചോദിക്കുകയുണ്ടായില്ല. നേരെ കാര്യ ത്തിലേക്കു കടന്നു.

നിങ്ങളെയൊക്കെ വിളിച്ചുവരുത്തിയത് എന്തി നാണെന്ന് മനസ്സിലായോ?

മനസ്സിലായെങ്കിൽ ഇങ്ങ്ട്ട് വരില്യായിരുന്നൂലോ!

ആരാ തർക്കുത്തരം പറയണത്? ആരാടാ അത്?

ഞാനാ, കുട്ടപ്പൻ. ആരോടും തർക്കുത്തരം മാത്രം പറയുന്ന ഒരു യുവാവ് എന്ന് സാർ തന്നെ യല്ലേ എഴുതിവച്ചിട്ടുള്ളത്?

സദസ്സിൽ ചിരി.

ഛേ, നാണക്കേടായല്ലൊ.

ഒന്നും കണ്ടില്ല, കേട്ടില്ല എന്നു നടിച്ചു, വീണ്ടും കാര്യമാത്രപ്രസക്തനായി.

എന്റെ കഥാപാത്രങ്ങള് ഇങ്ങനെ മൂക്കു കയറു പൊട്ടിച്ചു കാടുകയറിത്തുടങ്ങിയാൽ പറ്റില്ല.

ഉവ്വ്.

അഞ്ചോ പത്തോ പാത്രങ്ങളേ ഉള്ളുവെങ്കിൽ, വല്ല അടുക്കളയിലും വച്ചു പൂട്ടി സൂക്ഷിക്കാമായിരു ന്നു.

ഉവ്വ്.

ഇതതല്ലല്ലൊ സ്ഥിതി! എത്ര അധ്യായങ്ങൾ വേണ്ടിവരുമെന്നോ, എത്ര കഥാപാത്രങ്ങളുണ്ടാകു മെന്നോ എനിക്കൊരു എത്തും പിടിയുമില്ല.

അതു സാരമില്ല. വായനക്കാരുണ്ടല്ലൊ.

അതാണ് പേടി.

ഉവ്വ്.

ഒരു കാര്യം ചോദിക്കട്ടെ. ഇപ്പോൾ ഇവിടെ സമ്മേളിച്ചിട്ടുള്ള കഥാപാത്രങ്ങൾക്കെല്ലാവർക്കുംകൂടി മൊത്തം എത്ര അധ്യായങ്ങൾ വേണ്ടിവരും?

അതു പറയാം. അതിനുമുമ്പ് ഒരു കാര്യം. ഇടയ്ക്കും തലയ്ക്കും എത്രപേരെ വധിക്കും?

എടമ്പ്രല്യായ കാണിച്ചാൽ ഞാൻ കാച്ചും, നിശ്ചയം.

സമ്മതിച്ചു. ഇനി, പുതുതായി എത്ര കഥാപാ ത്രങ്ങൾ കയറിക്കടന്നുവരും എന്നു പറയാമോ?

സോറി. എന്റെ ഉദാത്തമായ ഭാവനയ്ക്കേ കൃത്യമായി പറയാനാവൂ.

സാധനം ഇപ്പോൾ കൈവശമില്ലേ?

ആരാടാ അങ്ങനെ ചോദിച്ചത്.

ഞാനാണേയ് – നിഷെ.

നീ ഞാൻ ചോദിച്ചതിനു മറുപടി പറ. നിങ്ങൾ ക്കെല്ലാവർക്കും കൂടി എത്ര അധ്യായങ്ങൾ വേണ്ടി വരും?

ഏതാണ്ട് ഒരുരുരു...

വേഗം താണ്ട്.

ഏതാണ്ടൊരു അറന്നൂറ്റിമുപ്പത്തേഴ് അധ്യായ ങ്ങൾ.

അറന്നൂറ്റി മുപ്പത്തേഴ് അദ്ധ്യായങ്ങളോ? അതു കുറച്ചു കടുത്തകൈകുയ്യാവില്ലേ?

ഇപ്പറഞ്ഞത് മിനിമമാണ്. മാക്സിമം പറ ഞ്ഞാൽ –

വേണ്ട, മിനിമത്തിൽ കുത്തിരിക്ക്. ഇത്ര വളരെ അധ്യായങ്ങളായാൽ –

പരിഭ്രമിക്കാനൊന്നൂല്യ. ഖണ്ഡഃശ കാച്ചിക്കൂടേ?

ഒരൊറ്റ വാരികയിലോ?

അല്ല, പലതിലും.

ഒരേ സമയം ഒരു നോവൽതന്നെ പല വാരിക കളിൽ ഖണ്ഡഃശ വച്ചു കാച്ചുകയോ?

അതുകൊണ്ടെന്താ?

പല നോവലാണെന്നു തോന്നില്യേ?

അത് ഇപ്പോഴും തോന്നില്യേ?

അതുവ്വോ?

അതു മാത്രമല്ല.

പിന്നെ?

പലരും എഴുതിയതാണെന്നും തോന്നും.

അതും ഉവ്വോ?

ഉവ്വലോ.

എന്നാൽ പറ്റിക്കാം, അല്ലേ?

ആരെ? വായനക്കാരെയല്ലേ? ആവാം.

●

## അഞ്ച്

# അവാർഡ് : മുണ്ടശ്ശേരി പറഞ്ഞ രഹസ്യം

**ഇ**തൊരു പഴയ കഥയാണ്. കഥയല്ല, അനുഭവം തന്നെ. പക്ഷെ, വർഷങ്ങൾ ഒട്ടേറെ കഴിഞ്ഞിട്ടും അതിന്റെ പുതുമയും കൗതുകവും കൂടുതൽ കൂടുതൽ തെളിമയോടെ ഓർമയിൽ ഉണർന്നു നിൽക്കുന്നു.

കൂട്ടത്തിൽ ഒരു സംശയവും ഇല്ലാതില്ല. സാക്ഷാൽ മുണ്ടശ്ശേരി മാസ്റ്റർ വിശ്വസ്തതയോടെ കൈമാറിത്തന്ന ഒരു "അവാർഡ് രഹസ്യം" വിനീത ശിഷ്യനായിട്ടാണെങ്കിലും ഞാനിപ്പോൾ പരസ്യമാക്കുന്നത് ശരിയാണോ? ശരിയല്ലെങ്കിൽ എനിയ്ക്ക് ഇന്നും ഒന്നേ പറയാനുള്ളൂ. വാത്സല്യം നിറഞ്ഞ മാഷേ, ക്ഷമിയ്ക്കുക...

അവിഭക്ത കമ്യൂണിസ്റ്റുപാർട്ടിയുടെ മുഖപത്രങ്ങളിലൊന്നായി തൃശൂരിൽ നിന്നു പ്രസിദ്ധീകരിച്ചിരുന്ന "നവജീവ"ന്റെ പത്രാധിപ സമിതിയിൽ അംഗമായിക്കഴിയുമ്പോഴാണ് മുണ്ടശ്ശേരി മാസ്റ്ററുടെ പകർപ്പെഴുത്തുകാരനായി കുറച്ചുകാലം പ്രവർത്തിക്കാൻ എനിക്കൊരു അപൂർവ്വ ഭാഗ്യം കൈവന്നത്. കൈവിറയ്ക്കും, സ്വയം എഴുതാൻ വയ്യ. അതിനാൽ മാഷ് പറഞ്ഞുകൊടുത്ത് എഴുതിക്കുകയായിരുന്നു പതിവ്. ആദ്യാദ്യം എം.പി. ഭട്ടതിരിപ്പാട് (പ്രേംജി) ആയിരുന്നു എഴുതിയെടുത്തിരുന്നത്. "മംഗളോദയത്തിലെ പ്രൂഫ്റീഡറായിരുന്നു പ്രേംജി. മാഷ് രാവിലെയും വൈകുന്നേരവും 'മംഗളോദയ'ത്തിലെത്തും. മാഷ്ക്ക് അവിടെ പ്രത്യേകിച്ച് ഒരു 'ഇരിപ്പിന്റെ വട്ടം' തന്നെയുണ്ടായിരുന്നു – "മംഗളോദയം" മാസികയുടെ പത്രാധിപരെന്ന നിലയിൽ അവിടെ കടന്നിരുന്നാണ് മാഷും പ്രേമ്ജിയും തമ്മിലുള്ള എഴുത്തിന്റെ അന്യോന്യം. ആ രംഗം ഞാൻ നേരിട്ടുകണ്ടിട്ടില്ല; പറഞ്ഞു കേട്ടിട്ടേയുള്ളൂ. എന്നാൽ പിന്നെപ്പിന്നെ, മാഷ് രാവിലെയും വൈകുന്നേരവും പതിവുള്ള ആ സന്ദർശനവും തുടർന്നുള്ള സർഗ്ഗസംവാദവും ''നവജീവ"നിലേക്കു നീട്ടി. രാവിലെ വന്നിരുന്നത്, പലപ്പോഴും വിശേഷിച്ചെന്തെങ്കിലും വിഷയത്തെപ്പറ്റി മുഖപ്രസംഗം എഴുതാനായിരിക്കും. വൈകുന്നേരത്തെ വരവ് സൂര്യനു കീഴെയുള്ള ഏതു വിഷയത്തെപ്പറ്റിയും നടത്തിയിരുന്ന വെടിവട്ടത്തിനും! അക്കാലത്താണ് പത്രാധിപസമിതിയംഗമായ എനിക്ക് മാഷ്ടെ പകർപ്പെഴുത്തുകാരൻ കൂടിയായി പ്രൊമോഷൻ ലഭിച്ചത്. മാഷ് നിർത്തിനിർത്തി പറഞ്ഞുതരും; ഞാൻ എഴുതിയെടുക്കും. എഴുതേണ്ട വിഷയത്തിന്റെ ആദിമധ്യാന്തങ്ങളെപ്പറ്റി കാലേകൂട്ടി ആലോചിച്ചു മനസ്സിലുറപ്പിച്ചിട്ടുണ്ടാവുമെന്നതിനാൽ, മാഷ് തുടക്കം മുതൽ ഒടുക്കംവരെ ഇടതടവേതുമില്ലാതെ പറഞ്ഞുതരും. ഇടയ്ക്കൊന്ന് ആലോചിക്കുക, ഓർമ്മകളിലൊന്നു റഫർ ചെയ്യുക, അതുവരെ എഴുതിയതൊന്നു വായിച്ചുനോക്കുക എന്നിങ്ങനെ മറ്റാരായാലും പതിവുള്ള ചില ശീലങ്ങളുണ്ടല്ലോ, ഇതൊന്നും മാഷിന് തീരെയില്ലായിരുന്നു. ലേഖനമായാലും മുഖപ്രസംഗമായാലും പറഞ്ഞുതരാൻ തുടങ്ങിയാൽ പിന്നെ ഒരു ഒഴുക്കാണ് – നിലയ്ക്കാത്ത ഒഴുക്ക്. ചുരുക്കം ചില ദിവസങ്ങളിൽ ലേഖനം പൂർണമായിട്ടുണ്ടാവില്ല. "എടോ, ഇന്നിത്രമതി, ബാക്കി നാളെയാവാം", മാഷ് പറഞ്ഞു നിർത്തും. പിറ്റേ ദിവസം തുടങ്ങുമ്പോൾ, തലേന്ന് എഴുതിയതൊന്നു ഓടിച്ച് വായിച്ചുനോക്കുകയോ, ഓർമ്മ പുതുക്കുകയോ മറ്റോ വേണ്ടേ? ഏയ്, അങ്ങനെയൊരു പതിവില്ലേയില്ല. തലേന്നു നിർത്തിയേടത്തുനിന്ന് ഒരു തപ്പും തടവുമില്ലാതെ വെടുവെടുപ്പായിത്തുടങ്ങും! അതൊരു അപൂർവ്വ സിദ്ധിയാണ് – പ്രേംജി പറയാറുണ്ട്. ആ സിദ്ധി നേരിട്ടുകണ്ട് ഞാനും അമ്പരന്നിട്ടുണ്ട്, പലപ്പോഴും.

സാഹിത്യവുമായി ബന്ധപ്പെട്ട ലേഖനങ്ങളാണെങ്കിൽ, മിക്കവാറും എഴുതിയിരുന്നത് കിഴക്കുമ്പാട്ടുകരയിലുള്ള മാഷ്ടെ വസതിയിൽ വച്ചായിരുന്നു. തലേദിവസം മാഷ് പറയും:

താൻ നാളെ ഒന്നത്രത്തോളം വര്ാ... ഒരു സാധനം ശരിപ്പെടുത്താനുണ്ട്...

(ആ ശരിപ്പെടുത്തൽ എന്ന പ്രയോഗത്തിന്റെ സ്വാരസ്യം ഓർത്ത് ഞാൻ പലപ്പോഴും ഉള്ളിൽ ചിരിച്ചിട്ടുണ്ട്. കാരണം, മാഷ് പറഞ്ഞു തരാൻ തുടങ്ങിയാൽ അറിയാം, ആരെയോ ശരിപ്പെടുത്താനുള്ള പുറപ്പാടാണിതെന്ന്...

അങ്ങനെയിരിക്കെ, ഒരുനാൾ പറഞ്ഞു:

"നാളെ രാവിലെ താൻ ഒന്നങ്ങോട്ടു വര്ാ..."

പിറ്റേന്നുരാവിലെ കിഴക്കുമ്പാട്ടുകരയിലെ വീട്ടിൽ ചെന്നപ്പോൾ, പൂമുഖത്തെ ചാരുകസേരയ്ക്കടുത്ത് എട്ടുപത്തു കവിതാസമസാഹാരങ്ങൾ. ഞാൻ വെറുതെ ഒന്നു മറിച്ചുനോക്കി. ഇടശ്ശേരി, അക്കിത്തം, പി. കുഞ്ഞിരാമൻ നായർ, വയലാർ എന്നിവരുടെ കൃതികൾ കൂട്ടത്തിൽ കണ്ടാതായാണ് ഓർമ്മ.

"എടോ, കൃഷ്ണൻകുട്ടി, ഇതൊരു രഹസ്യ ഏർപ്പാടാണ്... പുറത്താരും അറിയേണ്ട, പറയേം വേണ്ട..." അച്ചടിച്ച രണ്ടു കടലാസു ഷീറ്റുകളുമായി പൂമുഖത്തെത്തിയ മാഷ് പറഞ്ഞു.

അപ്പോഴാണ് എനിക്കു കാര്യം പിടികിട്ടിയത്. ഏറ്റവും മികച്ച കവിതാസമാഹാരത്തിനുള്ള കേരള സാഹിത്യ അക്കാദമിയുടെ അവാർഡിന് ഒരു കൃതി തിരഞ്ഞെടുക്കണം. ഓരോ കൃതിയെപ്പറ്റിയും ഏറ്റവും കുറഞ്ഞ വാക്കുകളിൽ വിധികർത്താവിന്റെ

റിമാർക്സും വേണം...

അത്രത്തോളം മനസ്സിലായപ്പോൾ എന്റെ മന സ്സിൽ ഞാനറിയാതെ ഒരു മോഹം മുളപൊട്ടി. ഇത്ത വണ അവാർഡ് അക്കിത്തത്തിന് കിട്ടിയെങ്കിൽ! പിന്നെപ്പിന്നെ, അതൊരു മൂകമായ പ്രാർത്ഥനയായി. അവാർഡ് അക്കിത്തത്തിനുതന്നെ കിട്ടണേ ഈശ്വരാ...

അങ്ങനെയൊക്കെ തോന്നാൻ വിശേഷിച്ച് ചില കാരണങ്ങളുമുണ്ട്. കവിതാരചനയിൽ അന്നും ഇന്നും എന്നും എന്റെ ആരാധ്യനായ ഗുരുനാഥൻ അക്കിത്ത മാണ്. എന്റെ ഇളം വിരൽത്തുമ്പിൽ പിടിച്ച് കവിത യുടെ ഹരിശ്രീ എഴുതിപ്പിച്ചത് അക്കിത്തമാണ്. പിന്നീട് എന്നോടുള്ള ആ അടുപ്പം മധുരാർദ്രമായ വാത്സല്യമായി നിറഞ്ഞു വഴിഞ്ഞൊഴുകി: എന്റെ മന സ്സിലെ ശ്രീകോവിലിൽ അക്കിത്തം ഒരു ആരാധനാ മൂർത്തിയായി...

പക്ഷേ, ഇതൊന്നും മാഷോടു പറയാൻ പറ്റില്ല ല്ലോ. അതിനാൽ ഞാൻ പ്രാർത്ഥിക്കുക മാത്രം ചെയ്തു.

"എടോ കൃഷ്ണൻകുട്ടീ, താൻ ഇതിലേതെ ങ്കിലും കൃതികൾ വായിച്ചിട്ടുണ്ടോ?" പെട്ടെന്നായി രുന്നു മാഷ്ടെ ചോദ്യം.

"ഉവ്വ്... ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം ഞാൻ വായിച്ചിട്ടുണ്ട്" പെട്ടെന്നായിരുന്നു എന്റെ മറു പടിയും.

"കൊള്ളാം പക്ഷേ അതൊരു ഏടാകൂടം പിടിച്ച കൃതിയാണ്. അല്ലേ? കമ്പിനു കമ്പിനു മുള്ളും മുന യുമാണതിൽ... പുരോഗമനം പറയുന്ന പലർക്കും രസിച്ചൂന്ന് വരില്ല..."

ഏതാണ്ടൊരു ആത്മഗതംപോലെയാണ് മാഷ് അത്രയും പറഞ്ഞത്. അന്നേരം എനിക്കു തോന്നി: എന്റെ പ്രാർത്ഥന സഫലമാവുകയാണോ/

പിന്നെ, അച്ചടിച്ച ഷീറ്റിൽ, ക്രമനമ്പർ, കൃതി യുടെ ശീർഷകം, ഗ്രന്ഥകർത്താവിന്റെ പേര്, വിധി കർത്താവിന്റെ റിമാർക്ക്സ് എന്ന ക്രമത്തിൽ, മാഷ് പറഞ്ഞുതരാനും ഞാൻ എഴുതിയെടുക്കാനും തുട ങ്ങി. ഏതെല്ലാം കൃതികളായിരുന്നു എന്ന് ഇപ്പോൾ ഓർമ്മയിലില്ല. അതുപോലെതന്നെ, ഓരോരുത്തരെ പ്പറ്റിയും മാഷ് പറഞ്ഞുതന്ന റിമാർക്സും വ്യക്തമായി ഓർക്കുന്നില്ല. പല റിമാർക്സും അക്ഷരാർത്ഥത്തിൽ ആ കൃതിയെ ശരിപ്പെടുത്തുന്നതായിരുന്നു. അങ്ങനെ യല്ലാത്ത ചില അഭിപ്രായങ്ങളിൽ, ചിലത് ഇന്നും ഞാൻ ഓർക്കുന്നു:

പി. കുഞ്ഞിരാമൻ നായരുടെ കൃതിയെപ്പറ്റി:

അതിസമൃദ്ധമായ ഭാവന. അടക്കവും ഒതു ക്കവും തീരെയില്ല. കാടുകയറാൻ അത്രയും മതി. ആ വകുപ്പിൽപ്പെടും ഈ സമാഹാരവും...

ഇടശ്ശേരിയുടെ കവിതാസമാഹാരത്തെപ്പറ്റി: പറ യാൻ ചിലതുണ്ടാവുക, അത് പരുക്കൻ തേയ്ക്കുന്ന തുപോലെ പട്ടാങ്ങായി പറയുക. ആ ഉൾക്കരുത്തും ഉൽപതിഷ്ണുത്വവും ഇതിലും പ്രകടമാണ്...

അങ്ങനെ എഴുതിയെഴുതി, അക്കിത്തത്തിന്റെ "ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം" മാഷ് കൈയി ലെടുത്തപ്പോൾ, ഞാൻ എന്റെ പ്രാർത്ഥന ആവർത്തി ച്ചു. അതോടൊപ്പം എന്റെ മനസ്സിലൂടെ ആ ഖണ്ഡ കാവ്യത്തിലെ ഇരുതലമൂർച്ചയുള്ള ഈരടികൾ അമർത്തിച്ചവിട്ടി കടന്നുപോയി:

നിരത്തിൽ കാക്ക കൊത്തുന്നൂ
ചത്ത പെണ്ണിന്റെ കണ്ണുകൾ;
മുല ചപ്പി വലിക്കുന്നൂ
നരവർഗ്ഗ നവാതിഥി...

മനോരാജ്യത്തുനിന്ന് എന്നെ ഉണർത്തിക്കൊ ണ്ട്, റിമാർക്സ് കോളത്തിൽ എഴുതാനായി മാഷ് ഏതാണ്ട് ഇങ്ങനെ പറഞ്ഞുതന്നു:

"ഏറ്റു പിടിക്കാനും അതിലുമേറെ എതിർ ക്കാനും വേണ്ടതിലേറെ കോപ്പുള്ള ഈ കൃതി ശരാ ശരിയിൽക്കവിഞ്ഞ ഒന്നാണെന്നു വേണം പറയാൻ... എന്നാൽ നിഷേധാത്മകമെന്നു നിരീക്ഷിക്കാവുന്ന തീവ്രമായ പക്ഷപാതം ഇതിവൃത്തത്തിന്റെ പക്വ തയ്ക്കു ചില്ലറ പരുക്കല്ല വരുത്തിവയ്ക്കുന്നതെന്നും പറയേണ്ടതുണ്ട്"...

ആ വാചകം കൂടി എഴുതിയപ്പോൾ എന്റെ പ്രാർത്ഥന ഫലിക്കുന്ന മട്ടില്ലെന്ന് എനിക്കു മനസ്സി ലായി. ഇനി ഒരു സമാഹാരം മാത്രമേ ബാക്കിയുള്ളൂ: വയലാറിന്റെ "സർഗ്ഗസംഗീതം'

അന്നേരം ചൂടുചായ വന്നു. ചാരുകസേരയിൽ നിന്നെണീറ്റ് മാഷ് പറഞ്ഞു:

"ചായ കഴിക്ക്യാ... ഞാനിതാവന്നു".

മാഷ് അകത്തേക്കു പോയപ്പോൾ ചുടുചായ നുണയുന്നതിനോടൊപ്പം ഞാൻ ഓർത്തുനോക്കി 'സർഗ്ഗസംഗീതം' എന്ന കവിതയുടെ കച്ചമണിക്കി ലുക്കം എന്റെ കാതിലപ്പോഴുമുണ്ടായിരുന്നു. മാറ്റൊ ലിക്കൊള്ളുന്ന മണിപ്രവാളശൈലിയുടെ മൂപ്പും ഉള്ളം കവരുന്ന വള്ളത്തോൾ ശയ്യയുടെ മുഴക്കവും മുറ്റിനി ന്നിരുന്ന ആ വിശിഷ്ട രചനയിൽ എന്റെ ഇളംമനസ്സ് അത്രമേൽ ആകൃഷ്ടമാവാൻ കാരണക്കാരൻ ഇടതു പക്ഷ രാഷ്ട്രീയത്തോടൊപ്പം എഴുത്തും വായനയും ഒരു തപസ്യപോലെ തുടർന്നുപോന്നിരുന്ന കൊളാടി ഗോവിന്ദൻ കുട്ടിയത്രേ. "സർഗ്ഗസംഗീത" ത്തിലെ,

"ആരണ്യാന്തര ഗഹ്വരോദര തപ - സ്ഥാനങ്ങ ളിൽ, സൈന്ധവോ-ദാരശ്യാമ മനോഭിരാമപുളിനോ -പാന്തപ്രദേശങ്ങളിൽ, ആരന്തർമ്മുഖമി പ്രപഞ്ച പരി ണാമോത്തിന്ന സർഗ്ഗക്രിയാസാരം നേടിയലഞ്ഞു, പ;-ണ്ടവരിലെ-ച്ചൈതന്യമെൻ ദർശനം..."

എന്നു തുടങ്ങുന്ന ആ മുഴങ്ങുന്ന ശ്ലോകം

മുതൽ,

"... മുലപ്പാലുമായ്

പാടം നീന്തിവരുന്ന പൗർണമി, നിനക്കാവട്ടെ ഗീതാഞ്ജലി..."

എന്ന കലാശംവരെ കൊളാടിക്കു മനഃപാഠമാണ്. മാത്രമല്ല, ആ കവിതയുടെ ചാരുതയിൽ കമ്പം കയറിക്കയറി,

"ഓണക്കോടി ഞൊറിഞ്ഞുടുത്തു കമുകിൻ പൊൻപൂക്കുലച്ചാർത്തുമായ്

പ്രാണപ്രേയസി, കാവ്യകന്യ,

കവിളത്തൊന്നുമ്മവച്ചീടവേ..."

എന്നിങ്ങനെ "നാണത്തിന്റെ കിളുന്നുകൾക്കു നിറയെ പാദസ്സരം' നൽകുന്നതും മറ്റും കൊളാടി വിസ്തരിക്കും...

'രാവണപുത്രി'യുടെയും 'ഇത്താപ്പിരി'യുടെയും 'അഗ്നിപുരാണ'ത്തിന്റെയും കഥ പാടുന്ന കവിതകളങ്ങനെ മറിച്ചുനോക്കിക്കൊണ്ടിരിക്കെ, വിസ്തരിച്ചൊന്നു മുറുക്കിത്തുപ്പി ഫ്രഷ് ആയി മാഷ് പുറത്തുവന്നു:

"താനിതു വായിച്ചിട്ടില്ലേ? ഇല്ലെങ്കിൽ മനസ്സിരുത്തി വായിക്കണം... വയലാറിന്റെ ആ അപൂർവ്വ രചനാകൗശലത്തിന് എത്രമാത്രം മൂപ്പെത്തിയെന്ന് ഇതിൽ നിന്നറിയാം..."

മാഷ് പറഞ്ഞുതരാൻ പോകുന്ന റിമാർക്സിന്റെ ഒരേകദേശരൂപം ഞാൻ അപ്പോഴേ ഊഹിച്ചു. ഊഹം ഒട്ടും തെറ്റിയില്ല. "യഥാർത്ഥ കവിതയുടെ സാഫല്യം ഇത്തരം രചനകളല്ലയോ?" - മാഷ് പറഞ്ഞു നിർത്തി.

എഴുതിക്കഴിഞ്ഞ് എണീറ്റപ്പോൾ മാഷ് വീണ്ടും ഓർമ്മിപ്പിച്ചു:

തത്കാലം ഇതാരും അറിയണ്ട... ഒരുമാതിരി കോൺഫിഡൻഷ്യലാണിതൊക്കെ എന്നാണല്ലോ വയ്പ്...

അന്നു വൈകുന്നേരം: പതിവുപോലെ ഞാൻ 'നവജീവ'നിൽ ഡ്യൂട്ടിക്കു ചെന്നപ്പോൾ, ചീഫ് എഡിറ്റർ ടി.കെ.ജി.നായർ, ഒരു ചെറുചിരിയോടെ, സ്വകാര്യമായി ചോദിച്ചു:

ഇത്തവണ കവിതയ്ക്കുള്ള അവാർഡ് വയലാറിനാവും, അല്ലേ?

എന്തേ ഇങ്ങനെ ചോദിക്കാൻ എന്ന ഭാവത്തിൽ ഞാൻ നോക്കിയപ്പോൾ ടി.കെ.ജി. തുടർന്നു:

''മാഷ് ചെറുതായൊന്നു സൂചിപ്പിച്ചു... ആരോടും ഇപ്പോൾ പറയേണ്ട എന്നും പറഞ്ഞിട്ടുണ്ട്..."

# ആറ്
# മഹാബലി കുറ്റിപ്പുറത്ത്

**പ**തിവിനു വിപരീതമായി കുറ്റിപ്പുറം റെയിൽവേ സ്റ്റേഷനിലാണു മഹാബലി തീവണ്ടിയിറങ്ങിയത്. വർഷംതോറും പാതാളത്തിൽ നിന്ന് ഓണം കാണാനുള്ള വരവിൽ, കാലാകാലമായി ഷൊർണൂരിൽ ആവിവണ്ടിയിറങ്ങുകയായിരുന്നു പതിവ്. ഷൊർണൂരിൽ ഇറങ്ങിയാൽ ആരോടും ഒന്നും പറയാതെ, പോർട്ടറോടുപോലും കുശലം പറയാൻ നില്ക്കാതെ, കെട്ടും ഭാണ്ഡവുമായി നേരേ നടന്നു ഭാരതപ്പുഴ മുറിച്ചുകടന്ന്, മഹാകവി വള്ളത്തോളിന്റെ വസതിയിൽ ചെല്ലും. പിന്നെ അക്ഷരശ്ലോകം ചൊല്ലു. രാത്രി കറുത്താൽ ചെറു ചൂടുള്ള പൊടിയരിക്കഞ്ഞി, നറുമുതിരപ്പുഴുക്ക്, അപ്പോൾ ചുട്ട പപ്പടം, ചടുലമായ കടുമാങ്ങ എന്നീ വിഭവങ്ങളുടെ അകമ്പടിയോടെ ഒരു സൂപ്പർ സപ്പർ. തദനന്തരം പുലരും വരെ കഥകളി അഥവാ കഥകളി എപ്പോൾ കഴിയുന്നുവോ അപ്പോൾ മാത്രം പുലരി.

അത് അന്നത്തെ കഥ. ഇന്നോ? കാലത്തിന്റെ കാലുമാറ്റത്തിനനുസൃതമായി മഹാബലിയുടെ കോലവും മാറിയിരുന്നു. ബെൽബോട്ടം പോന്റ്സ്, ഫോറിനാണെന്നു വിളിച്ചു പറയുന്ന അത്യുഗ്രൻ ടീഷർട്ട്. ഓണക്കാലത്തു കാഴ്ചക്കുലയുമായി ശകുന്തളയുടെ വീട്ടിൽ വരുമ്പോൾ ദുഷ്യന്ത മഹാരാജാവ് ഉപയോഗിച്ചിരുന്നതുപോലുള്ള മുന കൂർത്ത പാദുകങ്ങൾ. വലത്തേ കൈത്തണ്ടയിൽ റേഡിയോ, അലാറം, ഫാൻ, കലണ്ടർ, ടേപ്പ്റിക്കാർഡർ എന്നിവയെല്ലാം ഫിറ്റു ചെയ്തിട്ടുള്ള പടുകൂറ്റൻ വാച്ച്.

നാട്യാചാര്യൻ ഗുരു കറുത്ത വലിയ കുഞ്ഞുണ്ണിപ്പണിക്കാരാശാസനെപ്പോലെ അല്ലെങ്കിൽ പ്രേംനസീറിന്റെ വേഷം കെട്ടാറുള്ള ശ്രീകൃഷ്ണനെപ്പോലെ, കറുത്തിരുണ്ടു ചുരുണ്ടുനീണ്ട കേശഭാരം. ഓരങ്ങളിൽ നല്ല സൈസായി വെട്ടിയൊതുക്കിയ സൈഡ് ബേൺസ്. ജന്മനാ ഉള്ള കൊമ്പൻമീശയ്ക്കു പകരം, ഒരു തമാശപോലെ, മീശയുടെ ഒരു നേരിയ ഓർമ. സ്ഥിരം ഓലക്കുടയ്ക്കു പകരം, തൊട്ടാൽ വിടരുകയും വിട്ടാൽ ചുരുളുകയും ചെയ്യുന്ന വിചിത്ര ചിതവർ ശീലക്കുട.

വായിൽനിന്നു വളർന്നു വന്നുണ്ടായി വലുതായതുപോലെ പുകയുന്ന പൈപ്പ്. പെട്ടി-കുട്ടി-കെട്ടു-കുടുക്കു മസാലകളൊന്നുമില്ല. പകരം ഒരു സൂട്ട്കേസ്. ആകപ്പാടെ ആകാരം കണ്ടാൽ ഒരു ആളാണെന്നല്ല, കാനായി കുഞ്ഞിരാമന്റെ ശില്പമാണെന്നാണ് ആർക്കും ആദ്യം തോന്നുക. എന്നാൽ ഈ വേഷം കെട്ടൊക്കെയുണ്ടായിരുന്നിട്ടും എനിക്ക് അകലെനിന്നുതന്നെ ആശാനെ മനസ്സിലായി. (അത് എന്റെ ഒരു കവിവെന്നേ പറയാനാവൂ). മറ്റാരും കേൾക്കാതെ അടുത്തുചെന്ന് ഞാൻ ചോദിക്കുകയും ചെയ്തു:

“എക്സ്സ്യൂസ് മീ... താങ്കൾ മഹാബലിയല്ലേ?”

നൈഷധൻ ഇവൻ ആരെന്ന കഥകളിച്ചിട്ടയിൽ, മഹാബലി ആദ്യം എന്നെ നോക്കി പുഞ്ചിരിച്ചു. പിന്നെ താളത്തിൽ തലയാട്ടി പതുക്കെ ചോദിച്ചു:

“താങ്കൾ? സി.ഐ.ഡി.യാവും അല്ലേ?”

“അല്ല. പി.എച്ച്.ഇ.ഡി.യാണ്.”

“എങ്കിൽ എന്നെ എങ്ങനെ വേർതിരിച്ചറിഞ്ഞു?”

“മുഖശ്രീ കണ്ടും രവിവർമചിത്രവുമായുള്ള ബന്ധംകൊണ്ടും... ആട്ടെ, എന്താണാവോ കുറ്റിപ്പുറത്ത് ഇറങ്ങിയത്? പതിവു ഷൊർണൂരല്ലേ?”

“അതേ. ടിക്കറ്റ് അവിടേക്കെടുത്തതായിരുന്നു. ജംഗ്ഷനിലെത്തിയപ്പോൾ അറിഞ്ഞു വശായി, അവിടെ ഒരു ചലച്ചിത്രത്തിന്റെ ഷൂട്ടിംഗ് നടക്കുന്നു. പേര് ‘അവളുടെ ചിങ്ങത്തിൽ ഒരു തിരുവോണം.’

“അവളുടെ ഭാഗ്യം!”

“പേരുകേട്ട സ്ഥിതിക്കു ഞാൻ വിചാരിച്ചു: പ്രധാന കഥാപാത്രം ഞാനായിരിക്കുമല്ലോ. മഹാബലിയില്ലാത്ത തിരുവോണമോ?”

“ക്ഷമിക്കണം. ഇപ്പോൾ പറഞ്ഞതു വിവരക്കേടാണ്.”

“വിവരക്കേടോ? എനിക്കോ?”

“അതേ... ആധുനിക മലയാള ചലച്ചിത്രവേദി പുതിയ മാനം തേടുന്നതിനെപ്പറ്റി വേണ്ടത്ര അവബോധമില്ലാത്തതുകൊണ്ടാണിങ്ങനെ വിവരക്കേടു പറയുന്നത്.

“മാനമോ? മലയാള ചലച്ചിത്രങ്ങൾക്കോ?”

“അതെ... പോരുവേറെ, കഥ വേറെ. മലയാള ചലച്ചിത്രരംഗത്തെ കല്യാണ സൗഗന്ധികത്തിൽ ഭീമനോ ഹനുമാനോ ഉണ്ടാവില്ല.”

“തീരെ?”

“ഒട്ടും. എന്നാൽ പാട്ടിൽ, ‘ഭീമാകാരമായ അനുരാഗമന്ദിരം’ എന്നും ‘മാനേ, ഹനുമാനേ, വരൂ തേനേ... തരൂ തേനേ’ എന്നീ വാക്കുകൾ ഉണ്ടാവും. കഥ, പലപ്പോഴും അകാരണവും അവ്യക്തവും അനാവശ്യവുമായ ധർമസങ്കടത്തിൽ കിടന്നുപിടയുന്ന ഒരു മദാലസയായ മധ്യവയസ്കയുടെ മനോരഥം ആയിരിക്കും.”

“ഒരക്ഷരം മനസ്സിലായില്ല.”

“പുതിയ മാനം തേടുന്നു എന്നു പറഞ്ഞത് ഈ പശ്ചാത്തലത്തിലാണ്.”

“എങ്കിൽ, ഷൊർണൂരിൽ ഭയമെന്നിയേ ഇറങ്ങാമായിരുന്നു.”

“ആയിരുന്നു. കഥകളി കാണുകയും ആവാമായിരുന്നു.”

“അതു വേണ്ട. ഇപ്പോഴത്തെ കുട്ടിക്കളിയും കോൽക്കളിയും കാണുക വയ്യ.”

“പിന്നെ... ഈ കുറ്റിപ്പുറത്ത് ഈ നേരത്തിങ്ങനെ നിന്നാൽ?”

“പണ്ടത്തെ കാലമായിരുന്നുവെങ്കിൽ-” മഹാബലി എന്തോ ഓർത്തുനോക്കുന്നമാതിരി കണ്ണടച്ചു നിന്നു തുടർന്നു: കേശവൻനായരുടെയോ കിട്ടുണ്ണി നായരുടെയോ വീട്ടിൽ പോകാമായിരുന്നു. ഇനി.”

“ഗുരുവായൂരിൽ പോകുന്നുണ്ടാവും, ഇല്ലേ?”

“പോകണം. പോയി കണ്ടില്ലെങ്കിൽ ഗുരുവായൂരപ്പന് അലോഹ്യമാവും. കഴിഞ്ഞ രണ്ടു തവണയും വന്നിട്ടു കാണാനൊത്തില്ല.”

“കാരണം?”

“ആദ്യത്തെ തവണ ഗുരുവായൂരപ്പൻ വളരെ ബിസിയായിരുന്നു. അമ്പലം കത്തിയതിനെത്തുടർന്നുള്ള തിക്കും തിരക്കും ഒരുവശത്ത്. മറുവശത്ത് ഇരുനൂറിലേറെ വിവാഹങ്ങൾ. വരനും വധുവും മാറിപ്പോയ കേസ്സും കൂട്ടവും. അമ്പലത്തിനകത്തു മുന്നൂറോളം കുട്ടികളുടെ ചോറൂണ്...”

“ഭഗവാന്റെ ലീലാവിലാസങ്ങൾ”

“അതേ, പിന്നത്തെ തവണ ഗുരുവായൂരിൽ ചെന്നു മടങ്ങേണ്ടി വന്നു.”

“വിഷയം?”

“മുറി കിട്ടിയില്ല.”

“മഹാബലിയായിട്ടും?”

“അല്ല. മഹാബലിയായതുകൊണ്ട്. സത്രം ഓഫീസിൽ ചെന്നു മുറി ചോദിച്ചു. തരാം. പേരും മേൽവിലാസവും പറയണം. പി. മഹാബലി എന്നു പറഞ്ഞു. പി ഫോർ പാതാളം.”

“എന്നിട്ട്?”

“ഓഫീസിൽ ചിരി. മഹാബലിയാണെന്നതിന് എന്താണു തെളിവ് എന്നായി ഉദ്യോഗസ്ഥൻ. എസ്. എസ്.എൽ.സി. സർട്ടിഫിക്കറ്റുണ്ടോ? പാസ്സ്പോർട്ടുണ്ടോ? വിസയുണ്ടോ? വിരയുടെ ഉപദ്രവമുണ്ടോ, അതുണ്ടോ, ഇതുണ്ടോ? നൂറായിരം ചോദ്യങ്ങൾ.”

“കഷ്ടംതന്നെ.”

“അല്ല. നഷ്ടം അവർക്ക്. ഞാൻ മുറിയെടുക്കാതെ മടങ്ങി.”

“ഇത്തവണ ഞാൻ ഏർപ്പാടാക്കിത്തരാം. പക്ഷേ -”

“പക്ഷേ...?”

“ഈ വേഷം! ഇത് ഒരു മഹാബലിക്കും ചേർന്ന വേഷമല്ല. വല്ല ജനകീയമന്ത്രിക്കോ മറ്റോ പറ്റുമായിരിക്കും.”

“അത്ര മോശമാണോ?”

“അല്ല, അത്ര കേമമാണ്. കണ്ടാൽ ദുബായിയിൽ നിന്നു വരുന്ന വഴിയാണെന്നേ തോന്നൂ. മഹാബലിക്ക് എന്തിനാണ് ഈ ദുബായിത്തം?”

“എടോ, കണ്ടാൽ ഒരു സുജായിത്തം തോന്നണ്ടേ? അപ് ടു ഡേറ്റ് എന്നു താൻ കേട്ടിട്ടില്ലേ?”

“അതും ഔട്ട് ഓപ് ഡേറ്റ് എന്നും കേട്ടിട്ടുണ്ട്. എന്നാലും മഹാബലിക്കു ചേർന്ന വേഷം ആ കിരീടവും...”

“കിരീടം സൂട്ടികേസിലുണ്ട്. കളഞ്ഞിട്ടില്ല.”

“ഓണക്കാലത്തു വരിക, ഓണക്കളി കാണുക, ഓണപ്പാട്ടു കേൾക്കുക, ഓണസ്സദ്യ ഉണ്ണുക - അങ്ങനെയൊക്കെയല്ലേ വേണ്ടത്?”

“തനിക്ക് ഓണപ്പാട്ടു കേൾക്കണോ? ഞാൻ കാസറ്റിലാക്കി കൊണ്ടുവന്നിട്ടുണ്ട്. ടേപ്പ് റിക്കാർഡറിലിട്ടു കേൾപ്പിച്ചുതരാം. പാതാളത്തിൽ ഡ്രൈ ആയി ഇരിക്കുമ്പോൾ കേൾക്കാൻവേണ്ടി ഞാൻ വാങ്ങിയതാണ്.”

“എന്ത് ഓണപ്പാട്ട്?”

“കല്യാണീ കളവാണി ചൊല്ലൂ നീ ആരെന്നതും - കല്യേ നീ ആരുടെ പുത്രിയെന്നും - എനഅന മച്ചാട്ടിളയതിന്റെ പാട്ടില്ലേ, അതുതന്നെ.”

“എങ്കിൽ കേൾക്കാം. ആരാണു പാടിയിട്ടുള്ളത്?”

“സുചുത്ര ചാറ്റർജി, എം.എ. ഓണേഴ്സ്, ഡിപ്ളോമാ ഇൻ അക്കൗണ്ടൻസി ആൻഡ്-”

“കല്യാണി - കളവാണി പാടാൻ വേറെ ആരെയും കിട്ടിയില്ല. അല്ലേ?”

“അതുകൊണ്ടല്ല. പുള്ളിക്കാരി എന്റെ ഒരു ഗേൾഫ്രണ്ടത്രേ.”

“ശരി. കേൾക്കട്ടെ.”

“നമുക്കങ്ങോട്ട് ആ മാവിന്റെ തണലിലേക്കു മാറിനില്ക്കാം.”

വലതു കൈത്തണ്ടയിലെ വാച്ചിന്റെ അടപ്പു തുറന്നു മഹാബലി ഒരു കാസറ്റ് എടുത്തു ഫിറ്റാക്കി. അപ്പോൾ കല്യാണീ കളവാണി പൊട്ടിയയയയൊലിച്ചിങ്ങനെ ഒഴുകി വന്നു.

“കല്യാനീ കൽവാനീ

ചൊൽ നീ യാർ ന്നദും

കൽല്യേ നീ യാർദെ

പുത്ത്രി യെനും..."

"പാട്ട് എങ്ങനെ?" മഹാബലി ചോദിച്ചു.

"ഇതിനെക്കാൾ ചീത്തയായി പാടാൻ പറ്റില്ല. മച്ചാട്ട് ഇളയതു മരിച്ചു പോയതു നന്നായി.

ആത്മഹത്യ കൂടാതെ കഴിഞ്ഞുവല്ലോ എന്നാണോ ധ്വനി?"

"അതെ. കൂട്ടത്തിലൊരു കൊലപാതകവും. ആട്ടെ, താങ്കൾക്കു നാണമില്ലേ മഹാബലിയാണെന്നും പറഞ്ഞ് ഇങ്ങനെയൊക്കെ വേഷം കെട്ടി നടക്കാനും ഇത്തരം പാട്ടുകൾ കേൾപ്പിക്കാനും?"

പരുഷമായ ആ ചോദ്യത്തിന്റെ മുമ്പിൽ മഹാബലി ഉരുകിയൊലിച്ചു തീരെ ഇല്ലാതാവുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ ഞാൻ കത്തുന്ന കണ്ണോടെ നോക്കിയപ്പോൾ-

അതാ മഹാബലി കരയുന്നു; തേങ്ങുന്നു; ആ ചുണ്ടുകൾ എന്തോ പറയുവാൻ വിതുമ്പുന്നു.

"ഛെ ഛെ കരയുകയാണോ? ഞാൻ... ഞാ൦ൻ... സാരമില്ല." - എന്റെ സാന്ത്വനം ഏശിയില്ല. മഹാബലി ഉറക്കെ കരഞ്ഞു.

"എന്തിനാണിങ്ങനെ കരയുന്നത്?"

"കരയാതിരിക്കാൻ വയ്യാഞ്ഞിട്ടു തന്നെ." - മഹാബലി ഏന്തിയേന്തി പറഞ്ഞു: "ഇഷ്ടമുണ്ടായിട്ടു കെട്ടിയതാണ് ഈ വേഷം എന്നാണോ ധാരണ?"

"എന്റെ നാട്ടിൽ... എന്റെ മലയാളനാട്ടിൽ, നിത്യ ഹരിത ഗ്രാമങ്ങളിൽ വർഷത്തിലൊരിക്കൽ കാണാനും കേൾക്കാനുമുള്ള അടങ്ങാത്ത ദാഹവുമായി ഞാൻ വരുന്നു... പക്ഷേ എവിടെ എന്റെ മലയാളക്കര? എവിടെ എന്റെ പ്രിയപ്പെട്ട ജനങ്ങൾ? എവിടെ മനം കുളിർപ്പിക്കുന്ന ഓണപ്പാട്ടും ഓണക്കളിയും ഓണവില്ലൊലിയും? എവിടെ... എവിടെ..."

"ഞാൻ അതൊന്നും ഓർത്തു പറഞ്ഞതല്ല."

"എനിക്കതൊന്നും ഓർക്കാതിരിക്കാൻ പറ്റില്ല." - മഹാബലി കണ്ണു തുടച്ചു തേങ്ങലടക്കി തുടർന്നു: "എന്റെ നാടിന്റെ അകവും പുറവും മാറിപ്പോയി. വിഷമാണിവിടെ ഭക്ഷണം. വിദ്വേഷമാണിവിടെ ശിക്ഷണം... ഒന്നു ചിരിക്കാൻ, ഒരു പാട്ടുപാടാൻ എന്റെ നാട്ടുകാർ മറന്നുപോയിരിക്കുന്നു. ഗൾഫിൽ നിന്നല്ല വരുന്നതെങ്കിൽ ഇവിടെ... ഇവിടെ... മഹാബലിക്കും രക്ഷയില്ല സുഹൃത്തേ..."

അദ്ഭുതം വിടർത്തിയ മിഴികളോടേ ഞാൻ നോക്കിനില്ക്കവേ അതാ മഹാബലി വേഷം മാറുന്നു. ആ പഴയ വേഷം. കിരീടം, ഓലക്കുട... ആ വൃദ്ധൻ നടന്നടുനീങ്ങുന്നു.

"എങ്ങോട്ടാണിപ്പോൾ?" - ഞാൻ പതുക്കെ ചോദിച്ചു.

മഹാബലി തിരിഞ്ഞു നിന്നു. ചെറുതായൊന്നു ചിരിച്ചു. എന്നിട്ടിങ്ങനെ ഇടറിയ വാക്കുകൾ ഉതിർത്തു:

"എങ്ങോട്ട്? അതാണെനിക്കും അറിയേണ്ടത്. എന്റെ കേരളം എങ്ങോട്ട് എങ്ങോട്ട്...?"

കുട ചൂടി കൂനിക്കൂടി നടന്നുനീങ്ങുന്ന ആ വൃദ്ധവേഷം ചെറുതായി ചെറുതായി ഒരു ബിന്ദുവായപ്പോൾ, എന്റെ മനസ്സിനകത്തും ആരോ തേങ്ങി:

എങ്ങോട്ട്? എങ്ങോട്ട്?

# ഏഴ്
# മനോധർമ്മം

ഗ്രാമക്ഷേത്രത്തിൽ, പതിനെട്ടര വർഷമായി മുടങ്ങിക്കിടന്നുറങ്ങുകയായിരുന്ന ഉത്സവം പുനർജ്ജനിയ്ക്കുകയായിരുന്നു. ഏറ്റവും ഒടുവിൽ കുഞ്ഞിക്കൃഷ്അണമേനോൻ വന്നു തൊഴുത ഉത്സവം കലിദിന സംഖ്യ കണക്കാക്കിയാൽ പതിനെട്ടര വർഷം മുൻപായിരുന്നു എന്നത്രെ ഒരു പക്ഷം. മറ്റൊരു പക്ഷവുമുണ്ട്. അതിനു പക്ഷേ, കൈയ്യും കണക്കുമില്ല.

പത്തു ദിവസത്തെ ഉത്സവം. എല്ലാ ദിവസവും മരുന്നിന് കഥകളി; എട്ടാംവിളക്കു ദിവസം പുലരും വരെ കളി. (അത്രയ്ക്കത്ര കമ്പം തോന്നുന്നവർക്ക് നേരം പുലർന്നാലും കളിയ്ക്കാം. അണിയറയിൽ മതി എന്നേയുള്ളൂ.)

സാക്ഷാൽ കുഞ്ചുക്കർത്താവിന്റെ കാലം മുതൽക്കുതന്നെ പുലരുംവരെയുള്ള കളിയിൽ ഏറെ കമ്പം കാണിച്ചിരുന്ന കുഞ്ഞുണ്ണിക്കർത്താവായിരുന്നു ക്ഷേത്രഭരണം കൈകാര്യം ചെയ്തിരുന്നത്. ജന്മനാ കർത്താവായതുകൊണ്ടു കർമ്മവും ക്രിയും ബൈഹാർട്ടായിരുന്നു. ക്ഷേത്ര കാര്യങ്ങളിലും അചാരാനുഷ്ഠാനങ്ങളിലും മറുതലകണ്ട പാണ്ഡിത്യമായിരുന്നു. തന്ത്രിപോലും നിഷ്പ്രഭനാവും. അതിനൊരു കഥ പ്രചാരത്തിലുള്ളത് ഇപ്രകാരമായിരുന്നു.

നിരവധി കാലവർഷങ്ങൾക്കുശേഷം ഇദംപ്രഥമം നടക്കുന്ന ഉത്സവമല്ലേ, അഷ്ടബന്ധകലശം വേണമെന്നു തന്ത്രി പറഞ്ഞു. അതു കേട്ടാറേ കർത്താവിനും ഉത്സാഹം.

'ഉത്സവമല്ലേ വരുന്നത്?

ക്ഷേത്രവും ഭക്തജനങ്ങളും തമ്മിൽ അങ്ങിനെ ചില പുതിയ ബന്ധങ്ങൾ ഉണ്ടാവുന്നത് നല്ലതാണ്...'

ഏതായാലും എട്ടാം വിളക്കുദിവസത്തെ കഥകളി അരങ്ങുതകർക്കുന്ന ഒന്നാവണം എന്നുതന്നെയാണു നിശ്ചയിച്ചത്.

ഏതു കഥ വേണം എന്നായി പിന്നത്തെ ചിന്ത.

കൊട്ടാരക്കര തമ്പുരാന്റെ പ്രസിദ്ധമായ കഥകളിൽ ഒന്നായാലോ?

വേണ്ട എന്നായി കർത്താവ്.

കൊട്ടാരക്കരയിൽ നിന്നാവുമ്പോൾ അസാരം രാഷ്ട്രീയം ഉണ്ടാവും എന്നുതന്നെ നിരീയ്ക്കണം.

എങ്കിൽ കോട്ടയത്തു തമ്പുരാന്റെ നാലു വധങ്ങളിൽ ഒന്നായാലോ?

പിന്നെ അതിന്റെ കേസ്സും കൂട്ടവും അന്വേഷണവും തെളിവെടുപ്പും വ്യവഹാരവുമൊക്കെയായി ന്നെ മുഷിയും. കർത്താവ് പ്രശ്നത്തിന്റെ ക്രിയാംഗം വിശദീകരിച്ചു.

ഉണ്ണായി വാരിയരുടെ നളചരിതമായാലോ? കളി നന്നാവും.

അതുവ്വ്. പക്ഷെ വേണ്ട - കർത്താവ് വീണ്ടും തടഞ്ഞു. വാരിയർമാരെ പ്രീണിപ്പിയ്ക്കാനാണ് നമ്മൾ ആ കഥ തന്നെ നിശ്ചയിച്ചത് എന്നു നമ്മുടെ അമ്പലത്തിലെ കഴകക്കാരായ നമ്പീശനും ഷാരോടിയും മാരാരും പൊതുവാളും വെട്ടാൻവന്നാൽ സംഗതി കുഴയും...

എന്നാൽപ്പിന്നെ നല്ലതു കീചകവധമാവും. പുതിയ തലമുറയിലൊരാൾ നിർദ്ദേശിച്ചു. ഇരയിമ്മൻതമ്പി സാറിന്റെ ഇരമ്പുന്ന കൃതി. അത്യാവശ്യത്തിന് സെക്സും വയലൻസുമൊക്കെയുണ്ടുതാനും...

അതു ശര്യാ - മറ്റൊരാൾ പിന്താങ്ങി.

മാലിനീ, രുചിരഗുണഗാലിനീ, മാനിനിമാർമൗലേ, കുംഭികുംഭം

തൊഴും കുചകുംഭയുഗം തന്നിൽ അൻപോടു ചേർത്തു

കൊൾകെന്നെ... ഇത്യാദിപദങ്ങളും സുലഭം.

കീചകനു, പക്ഷെ, ഭൂരിപക്ഷം ലഭിച്ചില്ല. കെട്ടിവച്ച കാശുപോലും കിട്ടിയില്ല. എല്ലാവരും അങ്ങിനെത്തന്നെയായിരിക്കുമ്പോഴാണ്, കർത്താവ് പ്രഖ്യാപിച്ചത്.

അതേയ്, നമുക്കു സൗഗന്ധികം മതി. കല്ല്യാണസൗഗന്ധികം.

ഏതു സൗഗന്ധികം? തെക്കനോ വടക്കനോ?

ശ്ശെടാ, സൗഗന്ധികത്തിലുമുണ്ടോ തെക്കുവടക്കു വ്യത്യാസം?

അതുവ്വലോ. കാർത്തികത്തിരുനാൾ മഹാരാജാവിന്റെ കൃതി തെക്കൻ. കോട്ടയത്തു തമ്പുരാന്റെ വികൃതി വടക്കൻ.

രണ്ടിലൊന്ന് - അതേ പറ്റൂ.

എന്നാൽ വടക്കൻ മതി.

കാരണത്തിനു ഒരു ഉദാഹരണം പറയൂ.

വളരെ സ്ട്രെയ്റ്റ് ഫോർവേഡാ വടക്കൻകഥയിലെ ഹനുമാനും ഭീമനും.

തെക്കോട്ടു ചെന്നാലോ?

പരസ്പരം പാലം വലിയ്ക്കുകയും പാരവയ്ക്കുകയും ചെയ്യുന്ന കൂട്ടത്തിലാണ്.

എന്നാൽ, നമുക്കു വടക്കൻകളി മതി.

മതി.

മതി മതി.

മതിമുഖി മമ സുമതീ...

കളിയിക്കു ആരെല്ലാം വേണം എന്നായി അടുത്ത ഗൂഢാലോചന.

ഒപ്പത്തിനൊപ്പം, അല്ലെങ്കിൽ കട്ടയ്ക്കു കട്ട നിൽക്കുന്ന ആശാൻമാർതന്നെയാവണം ഹനുമാനും ഭീമനും.

അതെ. എന്നാലേ അരങ്ങത്ത് ഒരുരുരു ഹരം ഉണ്ടാവൂ.

മനോധർമം പൊടിപൊടിയ്ക്കും.

പൊടിയ്ക്കണം.

സംശല്യ. പക്ഷെ എനിയ്ക്കൊരു ശങ്ക. അത്ര യ്ക്കുവേണോ? കർത്താവ് പുനരാലോചനാവിലോലനായി നേർക്കു നേരെ വന്നാൽ വഴി തിരിയാത്ത ആശാൻമാരാവുമ്പോൾ ചിലപ്പോൾ കളി കാര്യമാവും.

അതെന്താം അങ്ങിനെ തോന്നാൻ എന്റെ കർത്താവേ?

അനുഭവംകൊണ്ട്. കാറൽമണ്ണയിലെ സൗഗന്ധികത്തെപ്പറ്റി കേട്ടില്ല്യാന്നുണ്ടോ? ആശാൻമാരായിരുന്നു. എന്നിട്ടോ? ഹനുമാനും ഭീമനും ഒരു പൊടിയ്ക്കു വിട്ടുകൊടുത്തില്ല.... ഭീമനെപ്പറ്റി, ഇവനൊരു വിഡ്ഢി. വിശേഷ ബുദ്ധി അശേഷമില്ല. പന പോലെ വളർന്നു. അത്രയേയുള്ളൂ എന്നു ഹനുമാനാശാൻ ഭീമനാശാനെ അരങ്ങത്ത് കൊച്ചാക്കി. ഉടനെ ഭീമനാശാൻ, അതങ്ങിനെയല്ലേ വരൂ, ഈ ഏട്ടന്റെ അനിയനല്ലേ ഞാൻ എന്നു ഹനുമാനാശാനെ ഭീമനാശാൻ സൈസാക്കി...

അതൊക്കെ ഒരു മനോധർമ്മമല്ലേ കർത്താവാശാനേ?

എന്തു മനോധർമ്മം? അരങ്ങത്ത് ഒരു പാത്രം ധർമം അഥവാ പാത്രധർമം എന്നൊന്നില്ലേ?

അതു ശര്യാ.

അതാ ശരി.

ശരിശരി

ശരാശരി...

അങ്ങിനെയാണ് ഹനുമാന്റെയും ഭീമന്റേയും വേഷങ്ങൾക്കു രണ്ടാം നിരയിലെ രണ്ടു ഒന്നാംക്കിടക്കാർ മതി എന്നു നിശ്ചയിച്ചത്.

കുട്ടിനാരായണന്റെ ഭീമൻ.

ഗോപാലൻകുട്ടിയുടെ ഹനുമാൻ.

രണ്ടും കുട്ടികളായി, ഇതൊരു കുട്ടിക്കളിയാണ് എന്നാരെങ്കിലും പറയുമോ കർത്താവേ?

പറയുന്നവർ പറഞ്ഞോട്ടെ. നമുക്ക് കളി നന്നാവണം. എന്താ?

പിന്നെന്താ?

***

എട്ടാംവിളക്കു ദിവസം. രാത്രി. തിങ്ങിനിറഞ്ഞ സദസ്സ്. ജനസമുദ്രം എന്നു പറഞ്ഞാൽ പോരാ. പുരുഷാരം കൊണ്ടൊരു പാരാവാരം...

എന്നാൽ, സന്ധ്യയ്ക്കുതന്നെ കഥകളിക്കമ്പക്കാർ തമ്മിൽത്തമ്മിൽ മുറുമുറുപ്പും പിറുപിറുക്കലും തുടങ്ങിയിരുന്നു. അവർ രണ്ടു ചേരികളായി വെറും നിലത്ത് മാറി ഇരിയ്ക്കാൻ തുടങ്ങിയിരുന്നു. തർക്കത്തിന്റെ എസ്സൻസ് ഇതായിരുന്നു.

ഗോപാലൻകുട്ടിയുടെ ഹനുമാന് കുട്ടിനാരായണന്റെ ഭീമൻ പോരാ...

ഓ പിന്നെ! എന്നാൽ ധരിച്ചോളുണ്ടു, കുട്ടിനാരായണന്റെ ഭീമന്റെ മുമ്പിൽ ഗോപാലൻകുട്ടിയുടെ ഹനുമാൻ ഒന്നുമല്ല, ആരുമല്ല...

വാദപ്രതിവാദത്തിന്റെ അലയൊലി അണിയറയിലും എത്തി. എതിർഭാഗം അറിയാതെ ഗോപാലൻകുട്ടിയുടെ ഫാൻസ് അടുത്തുചെന്ന് സ്വകാര്യം പറഞ്ഞു.

ദേ, അരങ്ങത്തൊന്നു കരുതി നിൽക്കണം. കുട്ടിനാരായണൻ പതിവില്ലാത്ത ചിലതൊക്കെ ചോദിക്കുകയോ പറയുകയോ ചെയ്തേക്കും.

കരുതിക്കോളാം എന്നു ഗോപാലൻകുട്ടി ചെറുതായൊന്നു ചിരിച്ചു.

അന്നേരം ഒരു സോഡ കഴിയ്ക്കാനാണെന്ന വ്യാജേന കുട്ടിനാരായണന്റെ ഫാൻസ്വന്നു കണ്ണുകാട്ടി. പുറത്തിറങ്ങിവന്ന കുട്ടിനാരായണന്റെ ചെവിയിൽ അവർ മന്ത്രിച്ചു.

അരങ്ങത്ത് നിന്നെ കൊച്ചാക്കാൻ ഹനുമാൻ കിണഞ്ഞു ഉത്സാഹിയ്ക്കും. വിട്ടുകൊടുക്കരുത്...

വിട്ടുകൊടുക്കുകയോ? ആരു ഞാനോ എന്നു കുട്ടിനാരായണനും ചിരിച്ചു.

എന്തിനധികം പറയുന്നു, ഉടുത്തുകെട്ടിന്റെ സമയമായപ്പോഴേക്കും കുട്ടിനാരായണന്റേയും ഗോപാലൻകുട്ടിയുടേയും മട്ടുമാറി; തമ്മിൽത്തമ്മിലുള്ള നോട്ടത്തിന്റെ ഗതി മാറി...

മാങ്കുറുശ്ശിയിൽ നിന്നു ഒരുമിച്ചുകളിച്ചുചിരിച്ചു ഒരേ ബസ്സിൽ ഉത്സവപ്പറമ്പിൽ വന്നിറങ്ങിയ ഇരുവരും ഇപ്പോൾ പരസ്പരം നോക്കി പേടിപ്പിയ്ക്കുന്നതുപോലെ...

* * *

ഇനി ക്ലൈമാക്സ്

കളി ഇരമ്പിയിരമ്പി മുന്നോട്ടുകുതിക്കുന്നു. ഭീമനും ഹനുമാനും ഒപ്പത്തിനൊപ്പം മുഴത്തിനുമുഴ

ത്തിനു മൂന്നും നാലും മനോധർമ്മം. പാട്ടുകാർക്കും കൊട്ടുകാർക്കും മാത്രമല്ല, കാണികൾക്കും ഹരം...

കഥ അവസാനഘട്ടത്തിലെത്തി. ഭീമനെ അനുഗ്രഹിച്ചു ഹനുമാൻ യാത്രയാക്കുന്നു. ചടങ്ങനുസരിച്ചു ഭീമൻ അരങ്ങത്ത് പരുങ്ങി നിൽക്കുന്നു. എന്തേ പോയില്ല്യേ എന്നു ഹനുമാൻ. ഇല്യാ പോവ്വായി എന്നു ഭീമൻ.

വീണ്ടും അനുഗ്രഹം. യാത്രയയപ്പ്. എന്നിട്ടും ഭീമൻ പോകുന്നില്ല.

സൗഗന്ധികം ഏതോ വനാന്തരത്തിലൊന്നുമല്ല, വൈശ്രവണന്റെ ഉദ്യാനത്തിലാണെന്നു ഞാൻ പറഞ്ഞുതന്നത് ഓർമ്മയില്ലേ എന്നു ഹനുമാൻ.

അതേ ഓർമയുള്ളൂ എന്നു ഭീമൻ.

എന്നാൽ പോയിവാ.

പോയാൽ വരാൻ പറ്റില്ല.

അതെന്താണ്?

ഗദ... എന്റെ ഗദ... ഭീമന്റെ ഗദ്ഗദം.

ഗദയോ? ഏതു ഗദ? എന്തു ഗദ?... ഹനുമാൻ കണ്ണിറുക്കി കാട്ടി ചിരിച്ചു.

അവസാനം, ഗദ ഒരു പ്രശ്നമായി. താൻ കണ്ടിട്ടില്ല എന്നു ഹനുമാൻ. ഞാൻ അങ്ങയുടെ വാലിന്നടിയിൽ വച്ചു എന്നു ഭീമൻ. എന്നാൽ നോക്കിക്കോ, അവിടെത്തന്നെയുണ്ടാവും എന്നു ഹനുമാൻ. ഇല്ല ഇപ്പോൾ അവിടെ കാണാനില്ലെന്നു ഭീമനും.

എങ്കിൽ മുറിഞ്ഞു പല കഷണങ്ങളായിട്ടുണ്ടാവും എന്നു വെള്ളത്താടി വീണ്ടും. അതങ്ങിനെ അത്ര പെട്ടെന്നു മുറിയുന്നതല്ല എന്നു സേനൻ.

പറഞ്ഞുപറഞ്ഞു അവർതമ്മിൽ തെറ്റി.

ചുരുക്കത്തിൽ എന്റെ ഗദ എനിയ്ക്കു തരില്ല, അല്ലേ? - ഭീമന്റെ ചോദ്യം വളരെ പരുഷമായിരുന്നു.

തരാൻ എന്റെ കൈയ്യിലില്ല എന്നു മയത്തിൽ ഹനുമാന്റെ മറുപടി.

തരില്ല അല്ലേ?

തരാൻ ന്റെ കൈയ്യിൽ വേണ്ടേടോ?

തരില്ല?

തരാൻ -

എന്നാലിതാ, ഈ ഭീമൻ, സൗഗന്ധികം തേടി പോകുന്നു...

ഗദയില്ലാതെയോ?

അതെ.

ഗദയല്ലാതെ പോകാൻ നിനക്കു കഴിയുമോ?

ഗദയെടുത്തുകൊണ്ടുതന്നെ ഞാൻ യാത്ര തുടരും.

എവിടെ നിന്നെടുക്കും ഗദ?

അതെന്തിനാ ഏട്ടൻ അറിയുന്നത്?

അതറിയണമല്ലോ. ഞാൻ തരാതെ-

തരണ്ടാന്ന്.

പിന്നെ?

അന്നേരത്താണ്, അന്നത്തെ ഏറ്റവും വലിയ മനോധർമ്മം ഗോപാലൻകുട്ടി ഹനുമാന്റെ മുഖത്തു നോക്കി കുട്ടിനാരായണ ഭീമൻ പ്രയോഗിച്ചത്. ഭീമൻ പറഞ്ഞു.

അണിയറയിൽ ഉടുത്തുകെട്ടുമ്പോൾ, അപ്പുണ്ണിത്തരകന്റെ കോപ്പു-പെട്ടിയിൽ വേറെ ഒരു ഗദ ഞാൻ കണ്ടു. പഴയതാണെന്നേയുള്ളൂ. സാരമില്ല. തൽക്കാലം അതെടുത്ത് ഞാൻ യാത്ര തുടരും. എന്റെ പുതിയ ഗദ ഏട്ടൻ തന്നെ കൈയ്യിൽ വച്ചോളുണ്ടൂ...

# എട്ട്
# പന്ത് വീണ്ടും മൈതാനമദ്ധ്യത്തിൽ

**ആ**മുഖം : വർഷങ്ങൾക്ക് മുമ്പ് കോഴിക്കോട് മാനാഞ്ചിറ മൈതാനത്തു നടന്ന ഒരു വിശേഷാൽ ഫുട്ബോൾ മത്സരത്തിന്റെ റണ്ണിംഗ് കമന്ററിയുടെ ഒരു ഏകദേശ രൂപം.

താങ്ക്യൂ മി കുഞ്ഞിക്കണ്ണൻ, അതെ, അല്ല, ഇതാ ഇപ്പോൾ വിശാലമായ മൈതാനത്ത് എന്താണു നടക്കുന്നതെന്നു ഞങ്ങൾക്ക് ഇവിടെയിരുന്നാൽ വ്യക്തമായി കാണാൻ കഴിയും. ഇപ്പോൾ ഒന്നും നടക്കുന്നില്ല. ജനലക്ഷങ്ങൾ ആരവമുയർത്തുമ്പോൾ, ടിക്കറ്റുള്ളവരും, ടിക്കറ്റ് കിട്ടാൻ മോഹിക്കുന്നവരുമായ കാണികൾ കുരവയിടുമ്പോൾ, അതാ, ഗ്രൗണ്ടിന്റെ വടക്കുഭാഗത്ത് ആനത്തോലുകൊണ്ടുള്ള ജഴ്സിയണിഞ്ഞ് കുഞ്ഞുമാണിയുടെ നേതൃത്വത്തിലുള്ള കാഞ്ഞിരപ്പള്ളി ടീമും തെക്കുഭാഗത്തു കുതിരവാലുകൊണ്ടുള്ള ജഴ്സിയണിഞ്ഞ് ഔസേപ്പച്ചന്റെ നേതൃത്വത്തിലുള്ള തൊടുപുഴ ടീമും അണിനിരക്കാൻ പോകുന്നു...

ആവേശകരമായ ഒരു പോരാട്ടത്തിന് വാണിംഗ് അപ് നടത്തിക്കൊണ്ടിരിക്കുന്ന ടീമംഗങ്ങളെ കാണികൾ ഓമനപ്പേരുകൾ വിളിച്ചുപറഞ്ഞു പ്രോൽസാഹിപ്പിക്കുന്നു... ഇപ്പോൾ, അതെ, ഇപ്പോൾ സമയം അഞ്ചിനഞ്ച് അയ്യഞ്ചിരുപത്തഞ്ച് മിനിറ്റുകൂടി കഴിഞ്ഞാൽ കഴിഞ്ഞാൽ യുദ്ധം തുടങ്ങുകയായി. ഇന്ന്, പ്രാദേശിക ടീമുകളുടെ പ്രസക്തി വർദ്ധിച്ചിട്ടുള്ള ഇന്ന്, ഈ മത്സരം ഉദ്ഘാടനം ചെയ്യുന്നത് നമ്മുടെ മുഖ്യമന്ത്രിയാണ്. അഞ്ചു പത്തിനെട്ടിന് ഗ്രൗണ്ടിൽ ലാൻഡ് ചെയ്യുന്നതും ഉടനെ പന്തുരുട്ടിക്കൊടുത്തു മറ്റുള്ളവരെ കളിപ്പിക്കുന്നതുമായിരിക്കും... അതാ, അവിടെ, ഗ്രൗണ്ടിന്റെ തെക്കുവടക്കേ മൂലയിൽ ഒരു ബഹളം... കാണികൾ ചൂളമടിക്കുന്നു... ഇല്ല, സാരമില്ല. ടൂർണമെന്റ് ഭാരവാഹികളുടെ കളത്രപുത്രമിത്രാദികൾ ഘോഷയാത്രയായി കോംപ്ലിമെന്ററി പവിലിയനിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്... അതാ വിമാനം... പ്ലെയിൻ, ഏറോപ്ലെയിൻ... ആകാശത്തു വിമാനം... ഭയങ്കര ശബ്ദകോലാഹലം... ഞാൻ മൈക്ക് എന്റെ സ്നേഹിതൻ കുട്ടപ്പേട്ടനെ ഏല്പിക്കുന്നു...

താങ്ക്യു മി. ജെർക്കിൻസൺ, വിമാനത്തിൽനിന്നു മുഖ്യമന്ത്രി ഇറങ്ങുന്നു. കൈയിൽ രണ്ടു പന്തുകളുമുണ്ട്. ഡൽഹിയിൽനിന്നു കൊണ്ടുവന്നതാണെന്നു വ്യക്തം. അവനവനെക്കാൾ വലിപ്പമുള്ള ബാഡ്ജ് കുത്തിയ ഭാരവാഹികൾ ഫുട്ബോളിന്റെ ആകൃതിയൽ ഉരുണ്ടുകൂടി മുഖ്യമന്ത്രിയെ സ്വാഗതം ചെയ്യുന്നു...

അതെ, അല്ല, അതെ, മൈതാനത്തിന്റെ വടക്കു ഭാഗത്ത് കാഞ്ഞിരപ്പള്ളി ടീം അണിനിരന്നുകഴിഞ്ഞു... ക്യാപ്റ്റൻ കുഞ്ഞുമാണി തന്നെ. സ്കറിയാ തോമസ്, എ.സി. മാത്യു എടയാടി, എ. ജോർജ്ജ്, സി.എഫ്.തോമസ് തുടങ്ങിയ അതികായന്മാരും ഗോൾമുഖത്തു ശക്തിദുർഗമായി വർത്തിക്കുന്ന കുതിരവട്ടവും നിരന്നു. അതാ, ഒരു സ്കൂൾകുട്ടിയെപ്പോലെ ചൊറുചൊറുക്കോടെ ഇഞ്ചിമുട്ടായി തിന്നു ജേക്കബ്കുട്ടി വരുന്നു. പിന്നാലെ അല്ല, മുൻപിന്നാലെ, സാക്ഷാൽ മുണ്ടയ്ക്കലും എത്തി... കളിക്കാർ പരസ്പരം കാതിൽ സ്വകാര്യം പറയുന്നതു ഞങ്ങൾക്കിവിടെ ഇരുന്നാലും കേൾക്കാം... അതു കേട്ടപ്പോൾ... എന്റമ്മോ... ഞാൻ മൈക്ക് കുഞ്ഞിക്കണ്ണേട്ടനുതന്നെ കൊടുക്കുന്നു.

താങ്ക്യു മി. കുട്ടപ്പ്ജി, മറുവശത്ത്, അതായത് ഗ്രൗണ്ടിന്റെ അകത്തുതന്നെ, തെക്കുഭാഗത്ത് ഔസേപ്പച്ചന്റെ നേതൃത്വത്തിലുള്ള ടീം അടവുകൾ പലതും കാണിച്ചു കാണികളെ വിരട്ടുന്നു. അങ്കമാലി മാണി, തോമസ് കല്ലമ്പള്ളി, ഈപ്പൻ വറുഗീസ്, ടി.എസ്. ജോൺ, ഉമ്മൻ മാത്യു, ഒ. ലൂക്കോസ്, പി.സി.ജോസഫ്, മാൻവട്ടം തുടങ്ങിയവരും ആർക്കെങ്കിലും പരുക്കുപറ്റിയാൽ ചികിത്സിക്കാനായി ഡോ.കെ.സി.ജോസഫും ഗ്രൗണ്ടിൽ അണിനിരന്നിരിക്കുന്നു. അതാ, ആരവം, അതെ, ആരവം... പഞ്ചാബിലെ പ്രസിദ്ധ ഫൗളറായ കൃപാൺസിംഗിന്റെ ശൈലിയിൽ പന്തടിച്ചുകൊണ്ട് ബാലകൃഷ്ണപിള്ള ഗ്രൗണ്ടിൽ പ്രവേശിക്കുകയാണ്.. ഇവിടെ കൂക്കിവിളി. എതിർ ചേരിയിൽ വെല്ലുവിളി...

പോരാട്ടം ആരംഭിക്കാൻ തുടങ്ങാൻ പോകുന്നു. കണ്ടാൽ ഒരുപോലെയുള്ള രണ്ടു പന്തുകൾ മാറോടടക്കിപ്പിടിച്ച് ഉദ്ഘാടനാർത്ഥം മുഖ്യമന്ത്രി ഗൗണ്ടിന്റെ നടുമധ്യത്തിലേക്കു നീങ്ങുന്നു. കൊടി അല്ല, വെടി പൊട്ടുന്നു, കൊടി ഉയരുന്നു. മുഖ്യമന്ത്രി കുഞ്ഞുമാണിക്കും ഔസേപ്പച്ചനും ഓരോ പന്ത് കൈയിൽവച്ചുകൊടുക്കുന്നു. സ്വതഃസിദ്ധമായ പുഞ്ചിരിയോടെ, "രണ്ടുപേരും മാറി മാറി ഐശ്വര്യമായി കളിക്കുക" എന്ന ഒറ്റ വാചകത്തോടെ കളിയുടെ തിരശ്ശീല ഗ്രൗണ്ടിൽ താഴ്ത്തുന്നു... മൈക്ക് കൈമാറുന്നു.

താങ്ക്യു മിസ്റ്റർ... മിസ്റ്റർ... ദാ, കളി തുടങ്ങി... തൊടുപുഴ ടീം 3+5+2 എന്ന ആധുനികമായ കോൺട്ടാ സ്റ്റൈലിലാണു കളിക്കുകന്നതെന്നു തോന്നുന്നു. എന്നാൽ കാഞ്ഞിരപ്പള്ളി ടീം, 'ഒന്നെങ്കിൽ ഒന്ന്, അല്ലെങ്കിൽ രണ്ട്' എന്ന പഴയ നാടൻ ശൈലിയിലാണ് പൂശുന്നത്. അതാ, പന്തുവരാളിരാഗത്തിൽ മൂളിപ്പാട്ടും പാടി ക്യാപ്റ്റൻ ഔസേപ്പച്ചൻ

പന്തുമായി മുന്നേറുന്നു... പേടമാനിനു കറുകപ്പുല്ലു കൊടുക്കുന്നത്ര അനായാസമായി പന്ത് മാൻവട്ടത്തിനു കൈമാറുന്നു. മാൻവട്ടം ആ പന്തുമായി മുന്നോട്ട്... അല്ല, പിന്നോട്ട്... അതാ മാൻവട്ടത്തിനെ കുതിരവട്ടം വട്ടംകറക്കി കുപ്പിയിലിറക്കുന്നു... കുതിരവട്ടം മുൻകാലുകൊണ്ട് ഉയർത്തിയടിച്ച പന്ത് ക്യാപ്റ്റൻ കുഞ്ഞുമാണി കൈകൊണ്ട്... സോറി... കൈകൊണ്ടെന്നപോലെ കാലുകൊണ്ട് സ്വീകരിച്ചു സി.എഫ്.തോമ്മസിനു കൊടുക്കുന്നു. ആ തോമസ് അതു സ്കറിയാ തോമസിനു നീക്കുന്നു. സ്കറിയ വീണ്ടും തോമസിനു കൊടുക്കാൻ തുടങ്ങുമ്പോൾ തോമസ് അതു വാങ്ങുന്നില്ല... ഉടനെ എ.സി.മാത്യു സംഭവസ്ഥലത്തെത്തുന്നു. പക്ഷേ ഒന്നും ചെയ്യാൻ പറ്റുന്നില്ല. എ.സി. വർക്ക് ചെയ്യും മുമ്പ് ഇപ്പം കാണിച്ചുതരാം എന്ന മട്ടിൽ ഈപ്പൻ വർഗീസ് പന്തു തട്ടിയെടുക്കുന്നു... പിന്നെ, പിന്നെ... അതെ, എന്താണ് അവിടെ സംഭവിക്കുന്നതെന്ന് അറിഞ്ഞുകൂടാ. എന്തോ സംഭവിക്കുന്നുണ്ട്... ഞാൻ മൈക്ക് കുട്ടപ്പനാശാന്റെ തലയിൽ, അല്ല, കൈയിൽ കൊടുക്കുന്നു...

മാന്യ ശ്രോതാക്കളേ, പന്ത് ഇപ്പോൾ കാഞ്ഞിരപ്പള്ളി ടീമിന്റെ കോർട്ടിലാണ്... അവിടെ തൊടുപുഴ ടീം കനത്ത സമ്മർദ്ദം ചെലുത്തുന്നു. അങ്കമാലി മാണിയുടെ അങ്കപ്പുറപ്പാടാണ്. കൂട്ടത്തിൽ കല്ലമ്പള്ളിയുടെ കല്ലുവച്ച ഊക്കൻ അടിയും. ടി.എസ്.ജോണിന്റെ കുട്ടനാടൻ പ്രയോഗങ്ങളും... അതാ പന്ത് ഗോൾമുഖം നോക്കി ഗമിക്കുന്നു... ഗോ... ഗോ... ഗോൾമുഖത്തേക്കുതന്നെ... ഗോ, ജേക്കബ്കുട്ടിയുടെ ഒരു തകർപ്പൻ അടി. മാനം രക്ഷിക്കാൻ വേറെ മാർഗമില്ലെന്നു മനസ്സിലാക്കിയ ജേക്കബ്കുട്ടി മാർഗംകളിയുടെ ശൈലിയിലാണ് ഒരു ഒന്നാന്തരം അടി, ലക്ഷണമൊത്ത, സ്വർണം കെട്ടിയ അടിയടിച്ചത്... പക്ഷേ, പന്ത് ലക്ഷ്യം തെറ്റി പറന്നു. സുന്ദരമായ ഒരു ഹെഡ്ഡുമായി സുരേന്ദ്രൻപിള്ള പന്തും കൊണ്ടു മുന്നോട്ട്... അപ്പോൾ മൈതാനത്തിന്റെ മദ്ധ്യഭാഗത്തായി എന്തോ മനോരാജ്യം കണ്ടുനിന്നിരുന്ന ഉമ്മൻ മാത്യുവിന്റെ കാലിൽ പന്തു വന്നു കൊണ്ടപ്പോൾ വിരണ്ടുപോയ ഉമ്മച്ചൻ അതി മനോഹരമായി, ആകർഷകമായി ആ പന്തടിച്ച് ഔട്ടാക്കി. അതോടെ മൈക്ക് ജെർക്കിൻസൺ കൈക്കലാക്കുന്നു.

താങ്ക്യൂ... പന്തു വീണ്ടും മൈതാനത്തെത്തുന്നു... തൊടുപുഴ ടീം കളിയുടെ മട്ടുമാറ്റിയെന്നു തോന്നുന്നു. എന്തു വന്നാലും മുന്നോട്ട് എന്ന സിസ്റ്റത്തിനു പകരം ഏതായാലും പിറകോട്ടില്ല എന്ന തന്ത്രമാണ് ഇപ്പോൾ പ്രയോഗിക്കുന്നത്. ഫലം: കാഞ്ഞിരപ്പള്ളി ടീമിന് അനുകൂലമായ കാറ്റു വീശുന്നു. കുഞ്ഞുമാണി മുന്നേറുന്നു. ലൂസായി വന്ന പന്ത് ഒരു ലക്കിന് കാലിൽ തടഞ്ഞ ലൂക്കോസ് ഏറ്റുമുട്ടുന്നു. അവിടെ ഏതോ കശപിശ, കടിപിടി. ലൈൻമാൻ രാമദാസവൈദ്യർ മഞ്ഞക്കൊടി കാട്ടുന്നു. ഉടനെ റഫറി ഉബൈദുള്ളഖാൻ പച്ചക്കൊടി കാട്ടുന്നു. കശപിശ തീരുന്നു. പന്തു വീണ്ടും ഉരുളുന്നു.

അതാ ബാലകൃഷ്ണപിള്ള ഒറ്റയ്ക്ക് പന്തുമായി മുന്നേറുന്നു. എല്ലാവരും പന്തിന്റെ പിന്നാലെ. ആർക്കും പന്തു കൊടുക്കില്ലെന്ന വാശിയിൽ സ്വന്തം ടീമംഗങ്ങളെപ്പോലും തട്ടിത്തെറിപ്പിച്ചു പിള്ള അടിച്ചു... അടി... അടിച്ചു... ഗോ... ഗോൾ...!

ഹർഷാരവം... ശ്രോതാക്കൾ ഇപ്പോൾ കേൾക്കുന്നത് സീൽക്കാരം... ലക്ഷക്കണക്കിന് ഉറുപ്പിക കൊടുത്തു വാങ്ങിയ വിമാനടിക്കറ്റിലൂടെ കളികാണാനെത്തിയ വിദേശടീമുകളിലെ അംഗങ്ങൾ ഇദംപ്രഥമമായി ഭാരവാഹികളോപ്പം ഇളനീർ കുടിക്കുന്നതിന്റെ ശബ്ദാവിഷ്ക്കരണം...

പന്ത് വീണ്ടും മൈതാനമദ്ധ്യത്തിലേക്ക്... കളിക്കാരും മൈതാനത്തുതന്നെ... അതിനാൽ ഞങ്ങൾ തൽക്കാലം സ്റ്റുഡിയോയിലേക്കു വലിയുന്നു.

# ഒൻപത്
# മുറത്തിൽ കയറി കൊത്തരുത്

**എ**ന്താ, എന്താ ശ്രീമതി പറഞ്ഞത്? ഇനി മുതൽ എല്ലാം ഒപ്പത്തിനൊപ്പം എന്നോ? ആ പൂതി മനസ്സിൽ വച്ചാൽ മതി.

അല്ലെങ്കിൽപ്പിന്നെ ഈ വീട്ടിൽ എന്തോന്നു വിമൻസ് ലിബ് എന്നോ?

ആഹ! അതുകൊള്ളാം. അപ്പോൾ, വിമൻസ് ലിബ് എന്നു വച്ചാൽ എല്ലാം ഒപ്പത്തിനൊപ്പം എന്നാണോ മനസ്സിലാക്കിയിരിക്കുന്നത്? എന്റെ പൊന്നേ, നിന്നോടാരു പറഞ്ഞു ഈ വങ്കത്തം? വിൻസ് ലിബ് എന്നു പറഞ്ഞാൽ അതൊന്നുമല്ല. ധരിച്ചോ. എല്ലാ കാര്യത്തിലും പുരുഷന്മാരേക്കാൾ വളരെ താഴെക്കിടയിൽ നിൽക്കുന്ന സ്ത്രീകൾ ഒന്നു പിടിച്ചു നിൽക്കാൻ വേണ്ടി, ഒരു കരപറ്റാൻവേണ്ടി ഏറെക്കാലം ആലോചിച്ചുണ്ടാക്കിയ ഒരു പ്രസ്ഥാനമാണത്. ഒരുതരം സ്ത്രൈണപ്രസ്ഥാനം. കഴിയുന്നത്ര പ്രശ്നങ്ങളിൽ, വിവിധ മേഖലകളിൽ, പറ്റുമെങ്കിൽ പുരുഷന്റെ ഒപ്പത്തിനൊപ്പം എത്താൻ ഒരു ശ്രമം നടത്തിനോക്കുക - അതാണ് ആ പ്രസ്ഥാനം. അല്ലാതെ നീ പറയുംപോലെ ഒറ്റ രാത്രികൊണ്ട് എല്ലാ സ്ത്രീകളേയും പുരുഷന്റെ നിലവാരത്തിലേക്കുയർത്തുന്ന മായാജാലമൊന്നുമല്ല.

അമ്പടി കേമീ, എല്ലാം ഒപ്പത്തിനൊപ്പമായി എന്നു കരുതി സമാധാനിച്ചിരിക്കുകയായിരുന്നു അല്ലേ? ആ വക തട്ടിപ്പൊന്നും നടപ്പില്ല മോളേ! സ്ത്രീ എന്നും എവിടെയും സ്ത്രീ തന്നെ, പുരുഷൻ പുരുഷനും. അല്ലാതെ നീ ആശിക്കുന്നതുപോലെ, സ്ത്രീ പുരുഷനായാൽ എന്തിനുകൊള്ളും സഖി? അതുപോലെ തന്നെ പുരുഷൻ സ്ത്രീയായാലോ?

നീ ഒന്നു സങ്കൽപിച്ചു നോക്കൂ.

നീണ്ടമുടിയും താടിമീശയും പത്തരമാറ്റുള്ള പൗരുഷവുമായി ഒരു സ്ത്രീ?

അല്ലെങ്കിൽ, മഹാകവി വൈലോപ്പിള്ളി വർണിച്ചതുപോലെ, വീണ തൻ കുടംപോലെ നിതംബവും മുട്ടോളം മുടിയും നിറഞ്ഞ മാറും നീണ്ടിടംപെട്ട മിഴികളും നനുത്ത രോമം എഴുന്നുനിൽക്കുന്ന കണങ്കാലും ലോലാക്കും പാദസരവും അടിമുടി ലജ്ജയുമായി ഒരു പുരുഷൻ.

എന്തേ, എന്തേ നീ മിഴിപൊത്തി അയ്യേ എന്നു പറഞ്ഞത്? കാണാൻ നന്നല്ല അല്ലേ? എന്നാൽ ധരിച്ചോ, കാണാൻ മാത്രമല്ല, ഒന്നിനും നന്നല്ല.

നീയൊരു മണ്ടിപ്പെണ്ണാണ്. അല്ലെങ്കിൽ പുരുഷൻ ചെയ്യുന്ന ഏതൊരു ജോലിയും കൂടുതൽ ഭംഗിയായി ഞങ്ങളും ചെയ്യുമെന്ന് എന്റെ, അതായത് നിന്റെ ഈ ഭർത്തവിന്റെ മുഖത്തുനോക്കി പറയുമോ?

ചോദിക്കട്ടെ. ഓരോന്നോരോന്നായി ചോദിക്കട്ടെ.

നിങ്ങൾ, പെണ്ണുങ്ങൾക്ക് ഇലക്ട്രിക് പോസ്റ്റിന്റെ മുകളിൽ കയറാൻ കഴിയുമോ?

ദേ, ഹിമാലയം കയറിയിട്ടുണ്ട്, നീലിമല കയറിയിട്ടുണ്ട്; മലയാറ്റൂരിൽ പോയിട്ടുണ്ട് - എന്നൊക്കെ ബഡായി പറഞ്ഞിട്ടു കാര്യമില്ല. ചോദ്യം വളരെ സിമ്പിളാണ്: ഇലക്ട്രിക് പോസ്റ്റിൽ കയറി വർക്കു ചെയ്യാമോ?

ചോദ്യം കേട്ടപ്പോഴേ ഷോക്കടിച്ചു അല്ലേ? എനിക്കറിയാം. നിങ്ങളെക്കൊണ്ടാവില്ല. പിന്നെ പറ്റും, പോസ്റ്റിന്റെ ഉയരം മൂന്നടിയോ നാലടിയോ ആക്കിയാൽ നിങ്ങളും പൊത്തിപ്പിടിച്ചു കയറും.

അതുപോട്ടെ. നിങ്ങൾക്ക് ബസ് ഓടിക്കാൻ കഴിയുമോ?

പിന്നെന്താ? ഓടിച്ചു കാണിച്ചുതരാമല്ലോ എന്നൊന്നും വീരസ്യം പറയണ്ട്. നടപ്പുള്ള കാര്യം പറഞ്ഞാൽ മതി. സ്വകാര്യ ബസോ കെ.എസ്.ആർ.ടി. ബസോ ആണുങ്ങൾ ഓടിക്കുന്നതുപോലെ സ്പീഡിലും ലിമിറ്റഡ് സ്റ്റോപ്പായും നോൺ സ്റ്റോപ്പായും ഓടിക്കാൻ കഴിയുമോ?

പേരിന് ഒരു കിലോമീറ്റർ ദൂരം ഓടിക്കാൻ കഴിയുമോ എന്നല്ല ചോദ്യം. ഒരു ഉദ്യോഗം എന്ന നിലയിൽ ബസ് ഓടിക്കാൻ കഴിയുമോ?

എന്താ എന്താ പറഞ്ഞത്? ഇടയ്ക്കു ചില മുടക്കം വരും എന്നോ? നാലു മാസമായാൽ പിന്നെ പെറ്റെണീക്കുന്നതുവരെ പറ്റില്ല എന്നോ?

ഇതൊക്കെത്തന്നെയാണ് ഞാനും പറഞ്ഞത്, നിങ്ങൾക്കു പറഞ്ഞ പണിയല്ല ഇതെന്ന്... ഞങ്ങൾ അതു ചെയ്യാം, ഞങ്ങൾ ഇതു ചെയ്യാം എന്നൊക്കെ നീ പറയാറുണ്ടല്ലോ. എന്നിട്ടെന്തേ ഇപ്പോൾ മുഖം താഴ്ത്തി കൈനഖം കടിച്ച് നിൽക്കുന്നത്? ബസിന്റെ കാര്യം പറഞ്ഞപ്പോൾതന്നെ ധൈര്യം ബ്രെയ്ക്ക് ഡൗൺ ആയി, അല്ലേ?

അതും പോട്ടെ, നിങ്ങൾക്ക് പോസ്റ്റ്മാന്റെ പണി പറ്റുമോ?

പറ്റും പറ്റും എന്നു വെറുതെ പറഞ്ഞതുകൊണ്ടാവില്ല. നിങ്ങളായാൽ ഡലിവറി കൂടും എന്ന ഗുണമുണ്ടെന്നു പറഞ്ഞാലും പോരാ. ജോലിയുടെ സ്വഭാവം ആലോചിക്കണം. വേനലും മഴയും

കൂസാതെ അലയണം. പലതരം മേൽവിലാസക്കാരു മായി ഇടപെടണം. മണിയോർഡർ മേ.വി. തെറ്റാതെ കൊടുത്തുതീർക്കണം. ഗൾഫുകാർക്ക് 'ചിലപ്പോൾ എഴുത്തു വായിച്ചുകൊടുക്കുകയും മറുപടി എഴുതി യുണ്ടാക്കുകയും വേണം, അന്ത്യശാസനം മുതൽ പ്രേമലേഖനം വരെയുള്ള സകലമാന കുറിമാനങ്ങളും കൈമാറണം...

പറ്റുമോ? സത്യം പറ, പറ്റുമോ? പറ്റുമെങ്കിൽ പറഞ്ഞാൽ മതി.

വിഷമമാണ് അല്ലേ. എന്റെടീ, ഇതല്ലേ ഞാൻ ആദ്യം പറഞ്ഞത്? തുറന്നുപറഞ്ഞപ്പോൾ നിനക്ക് തലയിൽ കയറിയില്ല അല്ലേ?

കഥാരംഗത്തേക്കു കടന്നാലോ? അവിടെയും കഥ തഥൈവ തന്നെ.

കഥകളിൽ അപൂർവം സ്ത്രീകൾ വേഷം കെട്ടു ന്നില്ലെന്നില്ല. പക്ഷേ എത്രയായാലും പൗരുഷത്തിന്റെ പ്രശ്നം വന്നാൽ കാര്യം കടംതന്നെ. ചുരുക്കം ചില പ്പോൾ ഭീമൻ കെട്ടിയാൽ ഭൈമിയായി തോന്നുകയും ചെയ്യും!

കഥകളിക്ക് നിങ്ങൾക്കു പാടാം, സമ്മതിച്ചു. പക്ഷേ ചെണ്ട കൊട്ടാനൊക്കുമോ? മദ്ദളം കൊട്ടാനൊ ക്കുമോ?

അതെന്തിനാ വേഷമുണ്ടല്ലോ എന്നാണോ ചോദ്യം? എങ്കിൽ ഇതാ മറുചോദ്യം? കോട്ടയ്ക്കൽ ശിവരാമന്റെ സ്ത്രീവേഷംപോലെ അത്ര സൗന്ദര്യം തികഞ്ഞ ഒരു വേഷം ഇന്ന് ആർക്ക് അവതരിപ്പിക്കാൻ കഴിയും?

പിന്നെ ധൈര്യത്തിന്റെ കാര്യം പറയുകയും വേണ്ട. യു.കെ.ജി.യിൽ പഠിക്കുന്ന കിടാവിന് റാങ്ക് കിട്ടിയില്ല എന്നു പറഞ്ഞ് കരഞ്ഞു ബഹളം കൂട്ടി യതും നീയല്ലേ?

വീട്ടിൽ കറന്റ് പോയാൽ, തീർന്നില്ലേ നിന്റെ പണി? പിന്നെ, എന്നെ ചുറ്റിപ്പറ്റി നിൽക്കാനല്ലാതെ നിനക്ക് മറ്റെന്തിനെങ്കിലും നേരമുണ്ടോ?

നമ്മുടെ കോളനിയിൽ ഏതോ ഒരു വീട്ടിൽ ഒരു കള്ളൻ കയറാൻ ശ്രമിച്ചുവെന്ന് ആരോ പറഞ്ഞുകേട്ട് ഏഴുദിവസം ഉറങ്ങാതെ കിടന്ന ആളല്ലേ നീ?

എന്നിട്ടും നീ ചോദിക്കുന്നു. എന്താ, ആണു ങ്ങൾക്കുള്ള ധൈര്യം ഞങ്ങൾക്കുമില്ലേ?

ഉണ്ട്, ഉണ്ട്... ദേ, എന്നെക്കൊണ്ടൊന്നും പറ യിപ്പിക്കേണ്ട...

എനിക്കറിയാം, ആണുങ്ങളെ മുട്ടുകുത്തിക്കാൻ പെണ്ണുങ്ങളുടെ കൈവശം ഒരു തുരുപ്പുചീട്ടുണ്ട്. ഒരു ഉഗ്രൻ ചോദ്യം.

നിങ്ങൾക്കു പ്രസവിക്കാൻ കഴിയുമോ? തുറന്നു പറയാൻ ഞങ്ങൾക്കൊരു നാണവുമില്ല. സാദ്ധ്യമല്ല. അക്കാര്യത്തിൽ നിങ്ങളുമായി വാശിപിടിക്കാനോ, വില പേശാനോ, അവകാശത്തർക്കത്തിനോ ഞങ്ങൾ വരുന്നുമില്ല. ഞങ്ങൾക്ക് ആ ബഹുമതി വേണ്ട. ഗർഭം ധരിക്കാൻ, പ്രസവിക്കാൻ, ഞങ്ങൾക്കു താൽപര്യമി ല്ല. ഇതു സത്യം.

ഇനി, അഥവാ ആധുനിക ശാസ്ത്രം ഇടപെട്ട് പുരുഷന്മാർക്കും ഗർഭം ധരിക്കാം, പുരുഷന്മാർക്കും സുഖപ്രസവം ആവാം എന്നു വരുത്തിത്തീർത്തു എന്നുവയ്ക്കുക. എന്നാലും ഞങ്ങൾ ആ പണിക്കു വാശിപിടിക്കില്ല. ഞങ്ങൾക്കതു വേണ്ട.

കാരണം?

ചോദിക്ക്, കാരണമെന്താണെന്ന് ചോദിക്കു പൊന്നേ?

പറയാം. നീ തെറ്റിദ്ധരിക്കാതിരിക്കാൻ പറയാം. ഗർഭം ധരിക്കുന്നതും പ്രസവിക്കുന്നതും അമ്മിഞ്ഞ കൊടുക്കുന്നതും ഞങ്ങൾ പുരുഷന്മാരായാൽ നന്നാ വില്ല, വേണ്ടതുപോലെയാവില്ല എന്ന് ഞങ്ങൾക്കറി യാം. ചെയ്യാനറിയാത്ത കാര്യങ്ങൾ ചെയ്തോളം എന്ന് ഞങ്ങൾ വീമ്പു പറയില്ല. ചെയ്യുന്നതു പറയും. പറയുന്നതു ചെയ്യും. മനസ്സിലായോ?

പിന്നെ, പ്രസവത്തിന്റെ കാര്യം ചോദിച്ചു നീ ഞങ്ങളെ, പുരുഷവർഗത്തെ ഇരുത്തിക്കളഞ്ഞല്ലോ. എങ്കിൽ ഒരു ഉഗ്രൻ ചോദ്യം ഞങ്ങൾ അങ്ങോട്ടും ചോദിക്കട്ടെ:

നിങ്ങൾക്കു മീശവളർത്താൻ പറ്റുമോ? അപൂർവം ചിലർക്ക് അതിനും കഴിവുണ്ട്... എന്നെ നിക്കറിയാം. അതല്ല ചോദ്യം. ഒരു വർഗം എന്ന നിലയ്ക്ക് നിങ്ങൾക്കിതു സാധിക്കുമോ? പറയൂ സാധി ക്കുമോ? എന്താ ഒന്നും മിണ്ടാതെ നാണം കുണുങ്ങി നില്ക്കുന്നത്? സാധിക്കില്ല അല്ലേ? ശരി, അപ്പോൾ, ഇതിൽനിന്നൊക്കെ നമ്മൾ പഠിക്കേണ്ടതെന്താണ്? ഓരോരുത്തർക്കും ഓരോ പണി പറഞ്ഞിട്ടുണ്ട്. ചെയ്യാവുന്ന പണി. ചെയ്യാനറിയാവുന്ന പണി. അതു ചെയ്താൽ മതി. അല്ലാതെ വെറുതെ മുറത്തി കയറി കൊത്താൻ വരരുത്. മനസ്സിലായോ എന്റെ പൊന്നു ശ്രീമതി...?

## പത്ത്
# സരസ്വത്യാ സ്തനദ്വയം

'എന്താ പേര്?'

'ഏഴ്ശ്ശൻ.'

'തുഞ്ചത്ത്?'

'അല്ല. കൊമ്പത്ത്.'

'അമ്മ വരമ്പത്ത്?'

'യാ...'

'എങ്കിൽ ചോദിയ്ക്കട്ടെ, ഈയിടെയായി അറിഞ്ഞോ അറിയാതെയോ നാടകങ്ങൾ വല്ലതും കാണാറുണ്ടോ ആവോ?'

'അതു ചോദിയ്ക്കാനാ ഞാൻ വന്നത് എന്തി നാണ് നാടകം?'

'എന്നുവെച്ചാൽ?'

'വെയ്ക്കാൻ വരട്ടെ. ആദ്യം എന്റെ ചോദ്യക്ക ഴുക്കോലിന് ഉത്തരം തരൂ.'

'നാടകം...'

'പറയൂ. നാടകം കാണാനോ, കാണി യ്ക്കാനോ? കളിക്കാനോ കളിപ്പിക്കാനോ?'

'നാടകം കാണാനോ, കാണിക്കാനോ എന്നു ചോദിച്ചാൽ... രണ്ടിനുമാണ്.'

'എങ്കിൽ അതിനുമുമ്പ്, ഒന്നിനു ചോദിക്കട്ടെ; ആരെ കാണാൻ?'

'സ്വാമിയെ കാണാൻ!'

'ശരണമയ്യപ്പ! സ്വാമി മീൻസ്...'

'സ്വാമി മീൻസ്... ഇവിടെ സദസ്യർ, പ്രേക്ഷ കർ സഹൃദയർ. ആകാശനാണിക്കുട്ടിയമ്മയുടെ ഭാഷ യിൽ മൊഴിഞ്ഞാൽ മാന്യശ്രോതാക്കൾ...'

"അവരെ എന്തിനു കാണണം?'

'അവരെ ഉദ്ദേശിച്ചാണല്ലോ നാടകത്തിന്റെ രച നയും ആവിഷ്കാരവും. അപ്പോൾ പിന്നെ അവരെ കാണാതിരിക്കാനാവുമോ?

'അവരെ പക്ഷേ, കാണില്ലല്ലൊ. അവർ ഇരുട്ട ത്തല്ലേ! അരങ്ങത്തല്ലേ വെളിച്ചമുള്ളൂ?'

'അതു പണ്ട്, ഇപ്പോൾ നേരെമറിച്ചാണ്.'

'ആട്ടെ, അവൻമാരെ കാണാൻ എന്ന വാദം, ഒരു വിവാദത്തിനുവേണ്ടി സമ്മതിച്ച് വെറുതെ വിട്ടി രിക്കുന്നു. അതോടൊപ്പം, കാണിക്കാൻ എന്നു പറ ഞ്ഞതാവിത്?'

'അവന്മാരെ കാണിക്കാനല്ലേ നാടകം? അവ ന്മാർക്കുവേണ്ടിയല്ലേ...'

'എന്നിട്ടെന്തേ ലവൻമാര് നാടകം പാതിയായ പ്പോൾ എഴുന്നേറ്റുപോയത്?'

'വേറെ തിക്കും തിരക്കുമുള്ളതുകൊണ്ടാവും.'

'അല്ലാതെ കാണിച്ചതിന്റെ ഏനക്കേടുകൊ ണ്ടല്ല?'

'മുഴുവൻ കാണിക്കുന്നതിനുമുമ്പ് എഴുന്നേറ്റു പോയാൽ എന്തോ ചെയ്യും?'

'പക്ഷേങ്കില്, ഇതു നാടകമല്ലേ? മുഴുവൻ അങ്ങനെ കാണിക്കുന്നതും ശരിയാണോ?'

'ഓ, അങ്ങനെയങ്ങ് തുറന്നു കാണിച്ചൊന്നുമി ല്ലെന്നേയ്...'

'പിന്നെ? ഏതാണ്ടു ചിലതു പറഞ്ഞോ? അകവും പുറവും ഒരുപോലെ വെളിപ്പെടുത്തുന്ന വല്ലതും?'

'ഓ ചുമ്മാ... വനവാസത്തിനായി മാരുതി വണ്ടി സ്റ്റാർട്ടാക്കുംമുമ്പ്, ആരും കാണാതെ രാമന്റെ മടിയിൽ കയറി ഇരുന്ന് സീതക്കുഞ്ഞ് ചോദിച്ചു: കൊട്ടാരത്തിലെപ്പോലെ ഞാൻ മീതെ, ഞാൻമീതെ എന്ന് പറയത്തില്ല. എന്നെക്കൂടി നമ്മുടെ റിസർവ്വ് ഫോറസ്റ്റിലേയ്ക്കു കൊണ്ടുപോകാമോ? അതിനു രാമൻ തിരുവടിയുടെ മറുപടി: ഉറപ്പുപറയാൻ വയ്യ... എന്നാലും ഒരു പഴുതുണ്ടെങ്കിൽ ഞാൻ കാച്ചും...'

'ഓ, അത്രയേയുള്ളൂ? ഞാൻ വിചാരിച്ചു...'

അശ്ലീലമുണ്ടെന്ന്, അല്ല്യോ? പിന്നെ, ഞങ്ങള് ഈയിടെ കുചേലവൃത്തമൊന്നുമാറ്റി.'

'നീളത്തിലാക്കി?'

'ഏതാണ്ട്... അതായത് പാവപ്പെട്ട കുചേലന്റെ സുന്ദരിയായ ഭാര്യയ്ക്ക് ശ്രീകൃഷ്ണനുമായി ഏതാണ്ടൊരു... ഒരുരു ലൗ... ഒരു അഫയർ ഉണ്ടെന്നൊരു ട്വിസ്റ്റ് കൊണ്ടുവന്നു.'

'ഓ, ട്വിസ്റ്റ്... ഒലിവർ ട്വിസ്റ്റ്?'

'യാ...'

'യോ, അതെന്തിനാ അങ്ങനെ കുചേലകഥ ട്വിസ്റ്റിയത്?'

'എന്നു ചോദിച്ചാല്... ഈ പുരാണകഥകളിലൊക്കെയുള്ള രണ്ടു ഗ്ലാമർ താരങ്ങളാണല്ലോ ഭക്തിയും രതിയും. അവരാണെങ്കിൽ, ഗ്ലാസ്മേറ്റ്സുകളാണെന്നു പോലും പറയാം.'

'അത്ര പറഞ്ഞാൽ മതിയോ? ഒരു ഹോസ്റ്റ ലിൽ, അടുത്തടുത്ത മുറിയിൽ താമസിക്കുന്നവരാണെ ന്നുതന്നെ പറഞ്ഞുകൂടേ?'

'ആവാം. പക്ഷെ, ഞങ്ങളായിട്ട് പറഞ്ഞു എന്നു വരേണ്ടല്ലോ... അപ്പോൾ, നാടകത്തിനൊരു റൊമാന്റിക് ടച്ച് കൊടുക്കാനാണ് ട്വിസ്റ്റ് ചെയ്തത്...'

'എത്രത്തോളം ട്വിസ്റ്റി?'

'ഓ, പറയാൻ മാത്രമൊന്നുമില്ലെന്നേയ്... കുചേല പത്നിയും ശ്രീകൃഷ്ണനും ചേർന്ന് ഒരു... ഒരു പ്രണയരംഗം...'

'മഹാരാജൻ, എന്തിത്? അങ്ങനേയും ഒരു ലൗസീനോ?'

'ആര്യപു... ക്ഷമിച്ചാലും. പ്രണയരംഗമല്ല, ഒരു ഡ്രീംസീൻ. സ്വപ്നരംഗം.'

'ആവട്ടെ... എന്നാലും...'

'നിലവിളിച്ച് അയൽപക്കത്തുള്ളവരെ കൊട്ടി അറിയിക്കാൻ വരട്ടെ... പറയുന്നതു കേൾക്കൂ... സ്വപ്ന രംഗം എന്നുവച്ചാൽ യാഥാർത്ഥ്യമല്ല. വെറും ഇമാജിനേഷൻ...'

'ആവട്ടെ. എന്നാലും നാഷൻസ് പ്രൈഡ് ആണ് ആ ചിരപുരാതീനമായ കഥ എന്നറിഞ്ഞു കൂടെ?'

'അറിയാം. അതുകൊണ്ടാണല്ലൊ ആ രംഗം അയഥാർത്ഥമാക്കിയത്...'

'ആട്ടെ, സ്വപ്നരംഗത്തിൽ...'

'ഒരു ലൗ സോംഗ്... ഡ്യുവറ്റ്... അതായത്, പഴയ ശീലക്കേടിന്റെ ദുശ്ശീലം വിട്ടുമാറാത്ത ശ്രീകൃഷ്ണൻ ചോദിക്കുന്നു: സഖി, നിന്റെ ചോളികെ പീച്ഛെ ക്യാ ഹൈ? അന്നേരം കുചേലപത്നി തന്റെ അവിൽപ്പൊതികൾ കാണിക്കാതെ, പ്രണയമധുരമായും ഭക്തി നിർഭരമായും മറുപടി പാടുന്നു: 'സരസ്വത്യാ സ്തന ദ്വയം...'

'ഓ... ഇത്രയേയുള്ളോ?'

'പിന്നല്ല...'

'എങ്കിൽ, അടുത്ത ചോദ്യം ഫയർ ചെയ്യുന്നു. പറയൂ, നാടകം കളിക്കാനോ, അതോ കളിപ്പിക്കാനോ?'

'ഇതെന്തര് ചോദ്യം അപ്പി? കളിക്കാനും കളിപ്പിക്കാനുമല്ലെങ്കില് എന്തിനെടൈ ഈ നാടകങ്ങള്!'

'നാടകം കളിയ്ക്കാൻ... അതു ബോധിച്ചു. കളിപ്പിക്കാൻ എന്നു പറഞ്ഞത്...'

'ചുമ്മാ കളിച്ചോണ്ടിരുന്നാൽ അങ്ങിനെ ഇരിയ്ക്കത്തേയുള്ളൂ... കുളിപ്പിക്കണം...'

'ആരെ?'

'വേറെ ആരെ? പ്രേക്ഷകരെ... നല്ലവരായ നാട്ടുകാരെ... സഹൃദയലക്ഷങ്ങളെ...'

'ശ്ശോ. അവരെ കളിപ്പിക്കുന്നത് മഹാപാപമല്ല്യോ?'

'ആണെങ്കിലെന്താ? തിന്നാൽ തീരില്ലേ? ദാണ്ടെ, ഇപ്പോൾ കളിപ്പിച്ചോണ്ടിരിക്കുന്നത് ഞങ്ങടെ പതിനേഴാമത്തെ നാടകമാ... കഴിഞ്ഞ എട്ടു നാടകങ്ങളിലെന്നപോലെ ഇതിലും ഉണ്ട് ഒരു വെളിച്ചപ്പാട്... അയാളെ ഞങ്ങൾ മാറ്റിയില്ല. മാറ്റത്തുമില്ല. എന്തുവാ കാരണം?'

'അയാള് ട്രൂപ്പിന്റെ പ്രൊപ്രൈറ്ററായിരിക്കും?'

'അല്ല'.

"ശ്ശോ... പിന്നെ?'

'ഞങ്ങൾ അന്വേഷിച്ചുകൊണ്ടേയിരിക്കുകയാണപ്പനേ...'

'എന്തോന്ന്?'

'വേര്'

'വേരോ?'

'ആങ്ങാ... വേര്... മലയാള നാടകവേദിയുടെ വേര്... മലയാളത്തനിമയുടെ അടിവേര്... ആണിവേര്... തനിവേര്... തായ്‌വേര്...'

'ഒരു സംശയം... ഈ പണി നമ്മൾ നാടകക്കാർ തന്നെ ചെയ്യണോ?'

'ഏതു പണി?'

'ഈ വേരുകൾ...'

'വേറെ ആരു ചെയ്യുമെടൈ?'

'ആയുർവ്വേദ വൈദ്യൻമാരും ആര്യവൈദ്യശാലക്കാരും ചെയ്യത്തില്ലയോ എന്ന്...'

എങ്ങ്? നീ നമ്മെ പരിഹസിക്കയാണോ?

'ഛായ്, ആരവിടെ...'

'അവിടെ നിന്റെ...'

'അന്നേരം അരങ്ങത്ത് യവനിക കെട്ടി മറിഞ്ഞ് വീഴുന്നു. അപ്പോൾ അണിയറയിൽനിന്ന്, ഘനഗംഭീരമായ സ്വരത്തിൽ അറിയിപ്പ്;

മാന്യസദസ്സിന് നമസ്കാരം... ഇപ്പോൾ അഞ്ച് മിനിറ്റ് ഇടവേള. ഈ സമയം ഞങ്ങളുടെ ഗായക സംഘം ഏറ്റവും പുതിയ ചില കീർത്തനങ്ങൾ നിങ്ങൾക്കുവേണ്ടി, നിങ്ങൾക്കുവേണ്ടി മാത്രം, അവതരിപ്പിക്കും. ഏറ്റവും ആദ്യമായി എം.കെ. ത്യാഗരാജസ്വാമി ഭാഗവതർ പാടിയ ഗാനം: 'ദീന കരുണാകരനേ, നടരാജാ, നീലകണ്ഠനേ...'

# പതിനൊന്ന്
# ചിന്ത കാട്ടിലും കുളത്തിലും

മഴക്കാലമായിട്ടും മഴ കുറവ്. വളരെ കുറവ്. വിഷുഫലത്തിൽ പറഞ്ഞ പറക്കണക്കു പോയിട്ട് ഇട ങ്ങഴിപോലും തികയുന്നില്ല!

അപ്പോൾ മഴയെപ്പറ്റിയായി ചിന്ത. ഉടനെ ചിന്ത കാടുകയറി:

മഴ കുറയാൻ കാരണമെന്താകുന്നു?

സംശയമില്ല. കാടുകൾ ഇല്ലാതാവുന്നു എന്ന തുതന്നെ.

കാടുകൾ ഇല്ലാതാവുന്നു ജീവിതത്തിൽ മാത്രമോ. അല്ലേയല്ല. മലയാള സാഹിത്യത്തിലും കാടുകൾ കാണെക്കാണെ ഇല്ലാതാവുന്നു.

മലങ്കാടൻ എന്ന പേരിലും എഴുതിക്കൊണ്ടി രുന്ന ചെറുകാട് മരിച്ചു. ഡി.എം.പൊറ്റക്കാടും എസ്. കെ. പൊറ്റക്കാടും മരിച്ചു. ഈ അടുത്ത കാലത്ത് എൻ.എൻ. കക്കാടും മരിച്ചു. ഇനിയുള്ളതു കുറ്റി ക്കാടും കള്ളിക്കാടും ചുള്ളിക്കാടുമാണ്. അവരിൽ പ്രതീക്ഷ അർപ്പിക്കുകതന്നെ. നന്നായിവരട്ടെ.

മണ്ണാർക്കാട് ശ്രീധരൻ മുൻപു നല്ല കവിത കൾ എഴുതിയിരുന്നു. ഇപ്പോൾ കാണാനില്ല. പിന്നെ യുള്ളതു നോവലിസ്റ്റായ പരുത്തിക്കാട് ഗോപാല പിള്ളയും കവിയായ തിരുത്തിക്കാട് പ്രഭാകരൻനാ യരുമാണ്. കവിത തിരുത്താൻ പ്രഭാകരൻനായർ വിദ ഗ്ദ്ധനത്രേ. തൈപ്രായം കവിഞ്ഞതുകൊണ്ടാവാണം, തൈക്കാട് ചന്ദ്രശേഖരൻനായരും ഇപ്പോൾ മുൻപ ത്തെപ്പോലെ എഴുതിക്കാണുന്നില്ല. മലയാള സാഹി ത്യത്തിലെ വാടാത്ത താമരപ്പൂക്കൾ വിടർന്നിരുന്ന ഒട്ടു വളരെ കുളങ്ങളും നമുക്കുണ്ടായിരുന്നു. വെണ്ണിക്കു ളം, മുതുകുളം, കെ.എസ്.കെ. തളിക്കുളം, മേരി ജോൺ കൂത്താട്ടുകുളം, ജോസഫ് വട്ടംകുളം, ... കൂട്ട ത്തിൽ ഒരു കുളം മാത്രം ഇപ്പോഴും ഉറവ വറ്റാതെ, സാഹിത്യകാരന്മാർക്കും സാഹിത്യ വിദ്യാർഥി കൾക്കും തീർഥസ്നാനത്തിനു പറ്റിയ രീതിയിൽ വർത്തിക്കുന്നു... പ്രൊഫ. ഇളംകുളം. പുഴയിലും മല യാളസാഹിത്യം വളർന്നിട്ടുണ്ട്. ചങ്ങമ്പുഴ, കുറ്റിപ്പു ഴ, കരിമ്പുഴ, താന്നിപ്പുഴ, ...

പുഴ തീരെ വറ്റി എന്നു പറഞ്ഞുകൂടാ. അമ്പല പ്പുഴ രാമവർമ്മ, അമ്പലപ്പുഴ ഗോപകുമാർ, അമ്പല പ്പുഴ ഗണപതിശർമ, കരീപ്പുഴ ശ്രീകുമാർ, കരിമ്പുഴ രാമചന്ദ്രൻ... പല പുഴകളും ഇപ്പോഴും നിറഞ്ഞൊഴു കുന്നു.

പുഴയിലല്ലെങ്കിലും കടവിലോളം എത്തിയവരും കുറവല്ല. കടവിൽ ശശി, ഗോപിനാഥ് കടവത്ത്, ഗോപാലകൃഷ്ണൻനായർ കുഴിതടത്തിൽ, ജോയി ക്കുട്ടി പാലത്തുങ്കൽ...

പേരുകേട്ടാൽ വേറെ വല്ലവരുമാണോ എന്നു തോന്നുന്നവരും ഉണ്ട്. ലെനിൻ... മലയാളിയാണ്. ലെനിൻ രാജേന്ദ്രനും ലളിത ലെനിനും മലയാളികൾ തന്നെ. കെ. പ്യാർ... ഹിന്ദുവാലയല്ല. കണ്ണൂർ ജില്ല യിലെ പള്ളിക്കുന്നു സ്വദേശിയാണ്. വി.കെ. ഭാസ്ക രസിംഗ്– സിക്കുകാരനല്ല. പത്തനംതിട്ടയിലെ കേശ വൻനമ്പൂതിരിയാണു കക്ഷി... 'ജീവിതമാധുരി'യുടെ കർത്താവും.

വിക്ടർ എടമരത്ത്... ആൾ മലയാളിതന്നെ. എട മരം ഇല്ലത്ത് ദിവാകരൻ നമ്പ്തിരി. പിന്നീടു ക്രിസ്ത്യാനിയായി.

വിനയൻ... വിനയത്തിന്റെ അവതാരം. നല്ല കഥാകൃത്ത്. കൊയിലാണ്ടിയിലെ വി.എം.നാരായണ പ്പണിക്കരാണു വിനയനായത്.

എ.എൻ.ഇ. സുവർണവല്ലിക്ക് ഒട്ടുവളരെ പ്രണ യലേഖനങ്ങൾ ഇന്നും കിട്ടിക്കൊണ്ടിരിക്കുന്നുവത്രേ. ഏതായാലും ഇനി അബദ്ധം പറ്റേണ്ട: നീലേശ്വരത്തെ എ. നാരായണൻ എമ്പ്രാന്തിരിയാണു പാർട്ടി.

ശാലീനസുന്ദരിയായ ഒരു എഴുത്തുകാരിയാണു തുളസി എന്നു ധരിച്ചിട്ടുള്ളവർ കുറവല്ല. എങ്കിൽ സത്യം ഇതാ: ഭാര്യയും കുട്ടികളുമുള്ള എഴുത്തുകാ രനാണു തുളസീധരൻനായർ.

ഇട്ട്യാണത്തു കുഞ്ഞിക്കൃഷ്ണമേനോനെ അറി യുമോ? സംശയമാണ് അല്ലേ? ഐ.കെ.കെ. മേനോനെ നന്നായി അറിയുകയും ചെയ്യാം. രണ്ടും ഒരേ ആൾതന്നെ!

വടക്കെ കൂട്ടാല നാരായണൻകുട്ടിനായർ... മന സ്സിലായില്ല? നമ്മുടെ സാക്ഷാൽ വി.കെ.എൻ.

ഹെലൻ തോമസ്... പ്രാപ്തയായ എഴുത്തുകാ രിയാണ്; ആരോഗ്യവകുപ്പിൽനിന്നു റിട്ടയർ ചെയ്ത വളരെ സീനിയറായ ഉദ്യോഗസ്ഥയും. യഥാർഥത്തിൽ പേര് വടക്കേപ്പാട് വാരിയത്ത് കാവുവാരസ്യാർ എന്ന ത്രേ. കവിതയായാലും കഥയായാലും ആദിമധ്യാന്ത ങ്ങൾ വേണമെന്നാണല്ലോ പ്രമാണം. എങ്കിൽ ഒരു സംശയം: നമുക്ക് നടുവത്ത് അച്ഛൻനമ്പൂതിരിയുണ്ട്. അപ്പോൾ ആദ്യത്തെ ആൾ ആരാണ്?

ഒരു കാലത്തു സാഹിത്യത്തിൽ നല്ല പിടിവ ള്ളിയുണ്ടായിരുന്നവരായിരുന്നു കാത്തുള്ളി അച്യു തമേനോനും ശീവൊള്ളി നമ്പൂതിരിമാരും. ഇപ്പോൾ നാഗവള്ളിയും പാണാവള്ളിയും മറ്റുമുള്ളതുകൊണ്ടു തീരെ നിരാശപ്പെടേണ്ടതില്ല എന്നു സമാധാനിക്കാം.

കഥയും കവിതയുമൊക്കെയായി തുടങ്ങി പിന്നീടു സാഹിത്യത്തിൽ പലരും പലതുമായിപ്പോ യിട്ടുണ്ട്. നോക്കൂ: ജോർജ് നെല്ലായി, സുന്ദരൻ കല്ലാ യി, പത്മനാഭൻ തലായി, ശങ്കരൻ കരിപ്പായി, പാറ പ്പുറം മത്തായി...

മലയാളസാഹിത്യത്തിൽ പുരാണേതിഹാസങ്ങ ളിലെ കഥാപാത്രങ്ങൾക്കും ക്ഷാമമില്ല. വിഷ്ണുനാ രായണൻ, കെ.ഭീമൻനായർ, വെള്ളായണി അർജു നൻ, സഹദേവൻ, സി.വി.ശ്രീരാമൻ, ശത്രുഘ്നൻ, ആറന്മുള പരിഹരപുത്രൻ...

## പന്ത്രണ്ട്
# ഏകാന്തപഥികനായ എസ്.കെ. പൊറ്റക്കാട്

വ്യത്യസ്തങ്ങളായ ഒട്ടു വളരെ തലങ്ങളുള്ള, ലക്ഷണമൊത്ത രത്നക്കല്ലിലൂടെ കടന്നുപോകുന്ന പ്രകാശരശ്മികൾക്ക്, വിലോഭനീയങ്ങളായ വർണ സൗന്ദര്യം കൈവരാറുണ്ടല്ലോ. മലയാള ചെറുകഥാ സാഹിത്യത്തിലെ നിത്യഹർഷപുളകം എന്നു വിശേഷിപ്പിക്കാവുന്ന എസ്.കെ. പൊറ്റക്കാടിന്റെ ബഹുമുഖവ്യക്തിത്വം ഏതാണ്ടിത്തരമൊരു പ്രതീതിയാണു സഹൃദയ ഹൃദയങ്ങളിലുളവാക്കുക. ആ വ്യക്തിത്വത്തിന്റെ സവിശേഷതകളാവട്ടെ, വളരെയേറെയുണ്ടുതാനും.

എസ്.കെ. ഒന്നാം നിരക്കാരിൽ ഒന്നാമനായ ചെറുകഥാകൃത്താണ്; കൈത്തഴക്കം വന്ന നോവലിസ്റ്റാണ്; സൗന്ദര്യാരാധകനായ കവിയാണ്; സഞ്ചാരസാഹിത്യത്തെ സമ്പന്നമാക്കിയ സഞ്ചാരപ്രിയനാണ്;[1] നാടകരംഗത്തും ഒരു കൈ നോക്കിയ വിരുതനാണ്; വിദേശയാത്രകൾക്കിടയിൽ, മൂന്നോ നാലോ തവണ മരണത്തെ മുഖത്തോടുമുഖം കണ്ട്, തമ്മിൽ പറഞ്ഞു തെറ്റി സലാംവച്ചു പിരിഞ്ഞുപോന്ന ആയുഷ്മാനാണ്; മുഗ്ധഹരിതാഭമായ പ്രകൃതിയുടെ നിത്യകാമുകനാണ്; രാഷ്ട്രീയത്തിലും വേണ്ടിവന്നാൽ ഒരു വെടിക്കുള്ള മരുന്നു കൈവശമുള്ളവനാണ്; മനസ്സിനിണങ്ങിയ സുഹൃത്തുക്കളുടെ ഒത്ത നടുക്കിരുന്നു വെടിവട്ടംകൊണ്ടു പൊട്ടിച്ചിരിയുടെ വെട്ടം പരത്തുന്ന നർകുശലവിദഗ്ധനാണ്; ഇരുതല മൂർച്ചയുള്ള എന്നാൽ വിഷം പുളരാത്ത, കൊള്ളുന്നവർക്കും ഉള്ളു തുറന്നു ചിരിക്കാൻ തോന്നുന്ന പരിഹാസത്തിന്റെ ഒഴിയാത്ത ആവനാഴിയുടെ ഉടമയാണ്...

### രാജശില്പി

ചെറുകഥയിലെ രാജശില്പിയായ പൊറ്റെക്കാട് അടിമുടി സൗന്ദര്യാരാധകനാണ്. അദ്ദേഹത്തിന്റെ ചെറുകഥാസമാഹാരങ്ങളുടെ പേരുകൾ ശ്രദ്ധിക്കുക: രാജമല്ലി, നിശാഗന്ധി, മേഘമാല, പുള്ളിമാൻ, ജലതരംഗം, പത്മരാഗം, ചന്ദ്രകാന്തം, പൗർണമി, ഇന്ദ്രനീലം, ഹിമവാഹിനി, വനകൗമുദി, കനകാംബരം, ഏഴിലംപാല, അന്തർവാഹിനി, വൃന്ദാവനം, കാട്ടുചമ്പകം... ഈ പേരുകൾ ഒരു രസത്തിനുവേണ്ടി തെരഞ്ഞെടുത്തിട്ടതൊന്നുമല്ല. പ്രശസ്തനായ ഒരു നിരൂപകൻ പറഞ്ഞതുപോലെ, "അപൂർവമായത്, കമനീയമായത്, വിചിത്രമായത്, അഭൗമമായത്..' ഇവയിലാണ് ഈ ശില്പപടുവായ ഈ കാഥികന് ഉറ്റ താൽപര്യം. പൊറ്റക്കാടിന്റെ ചെറുകഥാസമാഹാരങ്ങളുടെ പേരുകൾ സ്ഥായിയായ ഒരു മനോഭാവത്തിന്റെ പ്രതിഫലമാണ്." [2]

പൂത്തുലഞ്ഞ്, നിറഞ്ഞു കവിഞ്ഞ്, കൊഴുത്തു തൊടുത്ത്, ലാവണ്യവതിയും താരുണ്യവതിയുമായി നില്ക്കുന്ന പ്രകൃതിയെ വർണിക്കാൻ തുടങ്ങിയാൽ എസ്.കെ. വാചാലനും വശ്യവചസ്സുമായ കവിയായി മാറുന്നു. ഒട്ടുവളരെ ചെറുകഥകളിൽ പൊതുവെയും, യാത്രാവിവരണങ്ങളിൽ വിശേഷിച്ചും ഈ പ്രകൃത്യുപാസനയും ആരാധനയും പൂവണിഞ്ഞു നില്ക്കുന്നതു കാണാം. 'നിശാഗന്ധി' എന്ന പ്രശസ്തമായ കഥയിലൊരിടത്ത്, കഥാനായകൻ പറയുന്ന വാക്കുകൾ കഥാകൃത്തിന്റെ മനോഭാവമാണു പുറത്തുകാട്ടുന്നത്. "നിദ്രാലസയായ എന്റെ ഹൃദയദേവതയെ നിർന്നിമേഷനായി, ശ്വാസമടക്കിപ്പിടിച്ചുകൊണ്ടു ഞാൻ നോക്കിനില്ക്കും. അപ്പോൾ നിശാഗന്ധിയുടെ നവോൻമാദകമായ സാന്ദ്രസൗരഭം എന്റെ നാസാരന്ധ്രങ്ങളിൽ നിറഞ്ഞു ഹൃദയത്തിലേക്കു വഴിഞ്ഞൊഴുകും. ആ നികുഞ്ജത്തിലെ ഓരോ നിമിഷവും എനിക്കു നിർവാണസുഖം നല്കിയിരുന്നു..."

'ഗുരുവിന്റെ കണ്ണുനീർ' എന്ന മറ്റൊരു കഥയിൽ നിന്നൊരു ഭാഗം ശ്രദ്ധിക്കൂ:

"പുഴയുടെ മറുവശത്ത് ഇടതൂർന്നുനില്ക്കുന്ന കേരവൃക്ഷങ്ങളുടെ ഹരിതകാന്തിയും ചുളിവീണ നീലപ്പട്ടുപോലുള്ള നദീജലവും, പല വർണങ്ങൾ പരിമേളിച്ചു നില്ക്കുന്ന അസ്തമയദ്യോവും അതു പ്രതിഫലിക്കുന്ന അലകടലും എല്ലാം ആകപ്പാടെ അന്യാദൃശമായ ഒരു സൗന്ദര്യസന്ദേശത്തെ വഹിക്കുന്നുണ്ടായിരുന്നു. എല്ലാറ്റിനും പുറമെ ഒരു ശാന്തി - ഹൃദയതന്തുക്കളെ താലോലിച്ചുറക്കുന്ന ഒരു നിശബ്ദ സംഗീതം... അവിടെ വഴിഞ്ഞൊഴുകുന്നുണ്ടായിരുന്നു..."

ഒരുപക്ഷേ, പ്രകൃത്യുപാസനയിൽ അതുല്യനായ ഗന്ധർവമഹാകവിയായിരുന്ന പി. കുഞ്ഞിരാമൻ നായരുടെ ഹൃദയം, കഥയിൽ എസ്.കെ.യ്ക്കു മാത്രമേയുള്ളു എന്നു തോന്നുന്നു.

### സവിശേഷതകൾ

എസ്.കെ.യെപ്പോലെ, നിരന്തരമായി ഇത്ര വളരെ എഴുതുകയും എഴുത്തുകൊണ്ടുമാത്രം അന്തസ്സായി ജീവിക്കുകയും ചെയ്യുന്ന എഴുത്തുകാർ വിരളമാണ്. നമ്മുടെ പ്രശസ്തരായ പല എഴുത്തുകാരും, ജീവിക്കാൻവേണ്ടി മറ്റു ജോലികളിലേർപ്പെട്ടവരാണല്ലോ. എന്നാൽ എസ്.കെ.യാവട്ടെ, 1944-ൽ ബോംബെയിലെ ഉദ്യോഗം രാജിവച്ചതുമുതൽ ഇന്നുവരെ സാഹിത്യരചന എന്ന ജോലിയല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല. എഴുത്തിൽ നിന്നുള്ള വരുമാനംകൊണ്ട്

ഐശ്വര്യസുഖസമ്പൂർണമായ കുടുംബജീവിതം നയിക്കുന്നു.

എസ്.കെ.യ്ക്കു വേണമെങ്കിൽ ഒരാളുടെയും ഔദാര്യം കൂടാതെത്തന്നെ ഒരു മണിമാളികയിൽ താമസിക്കാം. ലോകത്തിന്റെ ഏതാണ്ട് എല്ലാ മുക്കിലും മൂലയിലും എത്തിപ്പെട്ടിട്ടുള്ള ഈ സഞ്ചാരിക്ക്, അംബരചുംബികളായ മണിമന്ദിരങ്ങളിലെ സുഖസൗകര്യങ്ങളെപ്പറ്റി വിശേഷിച്ചൊരു ധാരണയുമില്ല എന്നു പറയുക വയ്യ. എന്നാൽ ഇന്നും എസ്.കെ. താമസിക്കുന്നത്, പുതിയറയിലെ 'ചന്ദ്രകാന്തം' എന്ന പഴയ വീട്ടിലാണ്. നട്ടുച്ചയ്ക്കും തണുപ്പ് ഇഴഞ്ഞു നടക്കുന്ന പൂമുഖവും ഇടനാഴിയും മറ്റുമുള്ള, അടക്കവും ഒതുക്കവും വൃത്തിയും വെടിപ്പുമുള്ള ചന്ദ്രകാന്തത്തെ, എസ്.കെ. അത്രമാത്രം ഇഷ്ടപ്പെടുന്നു. കോഴിക്കോട്ടുതന്നെ, രണ്ടുതവണ പുതിയ വലിയ കെട്ടിടമുണ്ടാക്കി താമസം മാറ്റാൻ എസ്.കെ. ആലോചിച്ചതാണ്; കെട്ടിടം നിർമിക്കുകപോലും ചെയ്തു. പക്ഷേ, ചന്ദ്രകാന്തം വിട്ടുപോകാൻ അദ്ദേഹത്തിനെ, അദ്ദേഹത്തെ കൈവിടാൻ ചന്ദ്രകാന്തത്തിനോ കഴിഞ്ഞില്ല. ഇതും, തികച്ചും കേരളീയമായ ഒരു മനോഭാവത്തിന്റെ പ്രതിഫലനമാണെന്നു വേണം പറയാൻ.

യാത്ര, നിരന്തരമായ, അക്ഷീണമായ യാത്ര... എസ്.കെ.യ്ക്ക് ഇന്നും അതൊരു ലഹരിയാണ്. 1940-ൽ അതായത് ഇരുപത്തേഴാമത്തെ വയസ്സിൽ തുടങ്ങിവച്ചതാണു യാത്ര. അക്കൊല്ലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നെടുകെയും കുറുകെയും സഞ്ചരിച്ചു. 1949-ൽ വിദേശപര്യടനം തുടങ്ങി. ആ തുടക്കം ഒട്ടും ഹ്രസ്വമായിരുന്നില്ല. ഒമ്പതു മാസം ആഫ്രിക്കയിലും, ആറുമാസം യൂറോപ്പിലുമായി മൊത്തം പതിനഞ്ചു മാസം വിദേശത്തു കഴിച്ചുകൂട്ടി.

ഒരു കല്യാണം കഴിപ്പിച്ചുവിട്ടാൽ ഈ യാത്രാഭ്രമം ഒട്ടൊന്നടങ്ങുമോ? കുടുംബക്കാർ ആ വഴിക്കും ചിന്തിച്ചു. അങ്ങനെ, 1950-ൽ, മാഹി സ്വദേശിയായ ജയവല്ലിയെ വിവാഹം ചെയ്തു. എന്നിട്ടോ? സഞ്ചാരം ഭാര്യസമേതമായി. ജയവല്ലിയെയും കൂട്ടി 1952-ൽ സിലോൺ, മലായ, സിംഗപ്പൂർ, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തി. ഇന്നും, അറുപത്താറാമത്തെ വയസ്സിലും, യാത്ര ചെയ്യുന്നതിൽത്തന്നെയാണ് എസ്.കെ. നിർവൃതിയടയുന്നത്. ഈയടുത്ത ദിവസംപോലും, എസ്.കെ. ഈ ലേഖകനോടു പറയുകയുണ്ടായി: "യാത്ര ചെയ്യാഞ്ഞിട്ടു വല്ലാത്ത ക്ഷീണം... ഏതെങ്കിലും നാടു നടന്നു കാണാതെ ഇവിടെയിങ്ങനെ ചടഞ്ഞിരുന്നിട്ടു മുഷിഞ്ഞു..."

യാത്രയ്ക്കു തന്നെയാണ് ഒരുക്കം. അടുത്തുതന്നെ ദുബായിലേക്കും പോകും. എല്ലാവർക്കും യാത്ര ചെയ്താലാണല്ലോ ക്ഷീണം, എസ്.കെ.യ്ക്കു മറിച്ചാണ്. കോഴിക്കോട്ടു നിന്ന് എറണാകുളത്തേക്കു പോയി തിരിച്ചുവരുമ്പോഴേക്കും ആകെ തളർന്നവശരും വിവശരുമായിത്തീരുന്ന ചെറുപ്പക്കാർ, ഈ അറുപത്താറുകാരന്റെ മുമ്പിൽ നമസ്കരിക്കണം!

**പ്രണയാങ്കുരം**

"ഒരു വെറ്റില നൂറു-
തേച്ചു നീ തന്നാലും, ഈ
തിരുവാതിരരാവു
താംബൂലപ്രിയയല്ലോ..."

കാച്ചിക്കുറുക്കിയ കവിതയുടെ അപൂർവാവതാരമായ വൈലോപ്പിള്ളിയുടെ 'ഊഞ്ഞാലിൻമേൽ' എന്ന അനശ്വര രചനയിൽ നിന്നുള്ള ഈ ഈരടികൾ, എസ്.കെ. പൊറ്റെക്കാടിന്റെ താരുണ്യം മുറ്റിയ ചെറുകഥകളിലൂടെ കടന്നുപോകുന്ന മനസ്സ് അറിയാതെ മൂളിപ്പോകും. എന്നോ കൈമോശം വന്നുപോയ മധുവിധു കാലത്തിന്റെ മധുരതരമായ ഓർമകൾ അയവിറക്കുന്ന ആ മുത്തച്ഛനും മുത്തശ്ശിയും അവാച്യമായ നിർവൃതി നുകരുന്നു; അവർ അറിയാതെ യുവാവും യുവതിയുമാകുന്നു; പിറകോട്ടുപോയ കാലം അവരുടെ മുന്നിൽ പൂത്തുതളിർത്തു നില്ക്കുന്നു. കാലമെത്ര കഴിഞ്ഞാലും പ്രായമേറാത്ത, നിത്യപ്പതിനാറിൽ കുളിച്ചു നില്ക്കുന്ന നായികമാരെയും നായകന്മാരെയും ആ കഥാപ്രപഞ്ചത്തിൽ നാം കണ്ടുമുട്ടുമ്പോൾ, നേരിയ പുഞ്ചിരിയോടെ നമ്മുടെ മുന്നിൽ വന്നുനില്ക്കുന്ന എസ്.കെ.യോടെ, 'ഊഞ്ഞാലിൽമേ'ലെ മുത്തച്ഛൻ മുത്തശ്ശിയോടു ചോദിച്ചതുപോലെ നമ്മളും ചോദിച്ചുപോകും:

"ചിരിക്കുന്നുവോ, കൊള്ളാം
യൗവനത്തിന്റേതായ് കൈ-
യിരിപ്പുണ്ടിന്നും നിന-
ക്കാ മനോഹരസ്മേരം..."

എസ്.കെ.യുടെ കഥകൾ വായിച്ചും പഠിച്ചും കഥകളെഴുതിത്തുടങ്ങിയ പ്രശസ്തരായ കാഥികൻമാരും കാഥികമാരും മലയാളത്തിലുണ്ട്. ഒരിക്കൽ ഇതു പറഞ്ഞപ്പോൾ, ഊറിച്ചിരിച്ച്കൊണ്ട് എസ്.കെ. പറഞ്ഞു:

"എന്റെ കഥകൾ വായിച്ച്, മലയാളം അക്ഷരങ്ങൾ കൂട്ടിവായിക്കാനും എഴുതാനും പഠിച്ച ഒരാളുമുണ്ട്. മറ്റാരുമല്ല, എന്റെ ശ്രീമതി ജയതന്നെ..."

മാഹി സ്വദേശിയാണെങ്കിലും ജയവല്ലി ജനിച്ചതും വളർന്നതും പഠിച്ചതും മലായയിലാണ്. നാട്ടിൽ വന്ന കാലത്തു മലയാളം അറിഞ്ഞുകൂടായിരുന്നു. ജയവല്ലി മലയാളം പഠിക്കാൻ തുടങ്ങിയത് എസ്.കെ.യുടെ 'നാടൻ പ്രേമ'ത്തിലൂടെയാണ്.

എസ്.കെ.യുടെ കവിത കിനിയുന്ന കഥാകഥനശൈലിക്കു സൗന്ദര്യവും സൗരഭ്യവും പകരുന്നതു നാടൻമൊഴികളും ചടുലമായ ചാടുവാക്യങ്ങളും ഉന്നം പിഴയ്ക്കാത്ത ഫലിതോക്തികളും മർമത്തിൽ ക്കൊള്ളുന്ന നർമവചനങ്ങളും പട്ടിൽ പൊതിഞ്ഞ പരിഹാസവുമാകുന്നു.

പുലർച്ചയ്ക്കുള്ള യാത്രയ്ക്കുവേണ്ടി, രാത്രി തന്നെ ഷൊർണൂർ റെയിൽവേ സ്റ്റേഷനിൽ നിർത്തിയിട്ടിരുന്ന പാസഞ്ചർ വണ്ടിയിലൊരു മൂന്നാംക്ലാസ് മുറിയിൽ, ബർത്തിൽ കയറിക്കൂടി ഉറങ്ങാൻ കിടന്ന കാഥികൻ പറയുന്നു:

“പക്ഷേ, ഉറക്കം വന്നില്ല. ഉറക്കത്തെ ശല്യപ്പെടുത്താൻ പലജാതി ശബ്ദങ്ങൾ താഴെ നിന്നു പുറപ്പെട്ടുകൊണ്ടിരുന്നു. എല്ലാം കൂർക്കംവലിയുടെ സ്വരഭേദങ്ങളാണ്... എന്തൊക്കെ സ്വരങ്ങൾ! ചർക്ക തിരിക്കുംപോലെ, ദൂരെനിന്നു കാർ സ്റ്റാർട്ടാക്കുംപോലെ മരം ഈർന്നു മുറിക്കുംപോലെ, ചട്ടിയിൽ വറവിടുന്നതുപോലെ, പ്രാവു കുറുകുന്നതുപോലെ... ചില കൂർക്കത്തിന്റെ അന്ത്യപ്രാസം അസഹ്യമായിരുന്നു: ഹ്റഹ്റഅം... ചിലതു വേദോച്ചാരണംപോലെ തോന്നി... ഓട്ടുമൊന്തയിൽ പാലു കറന്നുവീഴ്ത്തുന്നതുപോലുള്ള ഒരു മധുരസ്വരവും എന്റെ തൊട്ടുതാഴത്തെ ബഞ്ചിൽ നിന്ന് ഇടയ്ക്കു കേട്ടുകൊണ്ടിരുന്നു. ഒരമ്മ്യാരുപെണ്ണിന്റെ കൂർക്കംവലിയാണ്...” (തീവണ്ടിയിൽ)

അതേ കഥയിൽത്തന്നെ, ഒരു മേനോൻ കാശ്മീരിലെ തണുപ്പിനെപ്പറ്റി ദേവകിടീച്ചറോടു പറയുകയാണ്:

‘‘അവിടെ മൂക്കു പിഴിഞ്ഞാൽ കിട്ടുന്നത് ഐസുകട്ടയാണ്, അ ഐസുകട്ട. അതു മൂക്കിൽനിന്ന് അടർത്തിയെടുക്കാൻ പേനക്കത്തി വേണം...”

രാമേശ്വരത്തെ ക്ഷേത്രക്കുളത്തിൽ കുളിച്ചുകൊണ്ടിരുന്ന ഒരു സ്ത്രീയെപ്പറ്റി പ്രൊഫ. ശ്രീകുമാറിന്റെ മനോരാജ്യം:

“വെളുത്തു കുറുതായ ഒരു നവവൃദ്ധ. ഏതു ദേശക്കാരിയോ? കുളിക്കുമ്പോൾ, എല്ലാ ദേശക്കാരികളും ഒരുപോലെതന്നെ...” (സേതു)

“ടൈംപീസിന്റെ കഥ’യിൽ ഒരു രംഗം:

“ഞാൻ എന്റെ നോവലിന്റെ നാലാമധ്യായത്തിലേക്കു കടന്നു. കഥാനായകനായ സുധാകരമേനോന്റെ പൂന്തോപ്പിലേക്കു നായികയായ ആനന്ദലക്ഷ്മി കടന്നുവന്ന് ഒരു ചെമ്പകപ്പൂ പറിക്കാൻ കൈയേന്തി നില്ക്കുകയാണ്. സുധാകരമേനോൻ അകത്തു സ്വയം ഷേവു ചെയ്തുകൊണ്ടിരിക്കുകയാണ്. ഉടൻ നായകന്റെ നായ-ചർച്ചിൽ-ചങ്ങല പൊട്ടിച്ചു. അത്രയും എഴുതിക്കഴിഞ്ഞിരിക്കുന്നു. ഇനി, ചർച്ചിൽ ഓടിച്ചെന്ന് ആനന്ദലക്ഷ്മിയെ ചാടിക്കടിച്ച് നിലത്ത് ഉരുട്ടണം. അതുകണ്ടു സുധാകരമേനോൻ, മുഖത്തെ സോപ്പുപതപോലും തുടയ്ക്കാതെ, നായയെയും നായികയെയും വേർപെടുത്തണം. പിന്നെ പ്രേമത്തിന്റെ തിരപ്പുറപ്പാടായി. അങ്ങനെയാണു പ്ളോട്ട്...”

പക്ഷേ, ഇതിനിടയിലാണ്, കാഥികൻ താമസിക്കുന്ന ബംഗ്ലാവിന്റെ ഉടമയായ കുന്നുമ്മൽ കോലോത്ത് ചിരുത അളമാരിയിലെ പഴയ ടൈംപീസ് കൊടുത്തയയ്ക്കാൻ എഴുത്തുമായി കുഞ്ഞിക്കോരൻ ബട്ളറെ പറഞ്ഞയയ്ക്കുന്നത്. ബട്ളർ ടൈംബീസിന്റെ പൂർവകാലചരിത്രം പറയാൻ തുടങ്ങി:

“ഘടികാരചരിത്രം കേൾക്കണമെന്ന് എനിക്കൊരു കൊതി തോന്നാതിരുന്നില്ല. പക്ഷേ, ഞാനെന്റെ നോവലിന്റെ നാലാമധ്യായത്തെ ഓർത്തു. സുധാകരമേനോൻ ഇപ്പോഴും ഷേവു ചെയ്തുകൊണ്ടിരിക്കയാണ്. ആനന്ദലക്ഷ്മി ഇനിയും പൂവറുത്തിട്ടില്ല. നായ ചങ്ങല പൊട്ടിച്ച് ഇതികർത്തവ്യതാമൂഢനായി ഇളിച്ചുനില്ക്കുകയാണ്...”

‘ടൈംപീസിന്റെ കഥ’യിലെത്തന്നെ, നായകനായ സ്കോട്ട്ലണ്ടുകാരൻ മെക്കാർത്തി സായ്വിന്റെ ഒരു വിനോദം എന്താണെന്നോ?

“മുറിയിലുള്ള സാമാനങ്ങൾ ഓരോന്നായി പെറുക്കിയെടുത്തു കീഴ്ഭാഗം മേല്പോട്ടാക്കി സ്ഥാപിക്കും. കസേര, മേശ, ചുവരിലെ ചിത്രങ്ങൾ, കലണ്ടർ എല്ലാം തലകുത്തനെയാക്കി നിർത്തും. പിന്നെ മെക്കാർത്തി സായ്വും നിലത്തു തലകുത്തി നില്ക്കും. ഈ ശീർഷാസനത്തിലിരുന്നു നോക്കുമ്പോൾ മുറിയിലുള്ളതെല്ലാം നേരെയായി തോന്നുമല്ലോ. അതാണ് ഈ കീഴ്മുറി പ്രസ്ഥാനത്തിന്റെ മർമവും രസവും രഹസ്യവും...”

എക്സൻട്രിസിറ്റിയുടെ ഒരു അവതാരത്തെ എത്ര അനായാസമായാണ് എസ്.കെ. അവതരിപ്പിക്കുന്നത്!

‘വേശ്യയുടെ കത്ത്’ എന്ന കഥയിൽ എസ്.കെ. എഴുതിയിരിക്കയാണ്:

“ഒരു അവിവാഹിതയായ കന്യക ഒരു ഫയർ എൻജിൻ പോലെയാണ്. അവൾ ഏതു നിമിഷത്തിലും തയ്യാറായി നില്ക്കുന്നു. പക്ഷേ, വളരെ ദുർല്ലബമായ അവളെ ആവശ്യപ്പെടുന്ന ആഹ്വാനം കേൾക്കാറുള്ളു.”

**ചിത്രകാരൻ**

ഒന്നോ രണ്ടോ വരകൾകൊണ്ട് ഒരു വ്യക്തിയുടെ കാരിക്കേച്ചർ വരയ്ക്കുന്ന ചിത്രകാരന്റെ വൈദഗ്ദ്ധ്യം എസ്.കെ.യുടെ തൂലികയ്ക്കുമുണ്ട്. ഉദാഹരണങ്ങൾ എടുത്തു നിരത്താൻ തുടങ്ങിയാൽ അവസാനിപ്പിക്കാനാവില്ല. ചിലതുമാത്രം കുറിക്കട്ടെ: ഏളിലംപാല’ യിൽ ഒരു പഞ്ചായത്ത് ഓഫീസറുണ്ട്. സദാസമയവും ഘനഗംബീരഭാവത്തിലിരിക്കുന്ന ആ മനുഷ്യനെപ്പറ്റി എസ്.കെ. എഴുതുന്നു: “അയാളുടെ മുഖഭാവം എപ്പോഴും വിരേചനൗഷധം സേവിച്ചു വഴി തെറ്റിവന്നപോലിരിക്കും...”

കഥയുടെ പേരു ‘തീവണ്ടിയിൽ.’ രാത്രി, കമ്പാർട്ടുമെന്റിലിരുന്ന്, ദേവകി ടീച്ചറും പട്ടാളക്കാരനും അവിവാഹിതനുമായ മേനോനും നാട്ടിൻപുറത്തെ കന്യകമാരെപ്പറ്റി സംസാരിക്കുന്നു. അക്കൂട്ട

ത്തിലൊരു പെൺകുട്ടിയെ ഒറ്റ വാചകത്തിൽ എസ്. കെ. വരയ്ക്കുന്നു:

"ആ പെണ്ണിന്റെ തടിയും നടത്തവും ഒരിക്കൽ കണ്ടവർ പിന്നെ ആ വഴിക്കു പോവുകയില്ല; കാരണം സൈക്കിൾ കയറി ചതഞ്ഞ തവളയെപ്പോലെയാണ് അവളുടെ പോക്ക്..."

വാക്കുകളുടെ സവിശേഷമായ അർഥചമൽക്കാരംകൊണ്ടു ചന്തംചാർത്തി നില്ക്കുന്ന ചില പ്രയോഗങ്ങൾ ശ്രദ്ധിക്കുക. രാമേശ്വരമാണു രംഗം. പിണ്ഡം വയ്ക്കുന്നതു സംബന്ധിച്ച് ഒരു കശപിശ:

"പ്രതിഫല സംഖ്യയുടെ കാര്യത്തിൽ ശ്രീകുമാർ പിശകിത്തുടങ്ങി. പക്ഷിലക്ഷണശാസ്ത്രികൾ ചില ശ്ലോകങ്ങൾ ചൊല്ലി ചിറകിട്ടടിച്ചു..."

(സേതു)

"കടവുതോണി" യിലെ അലീമ. പൊൻവളയും പൊൻമോതിരങ്ങളും മൈലാഞ്ചിച്ചോപ്പും പാപ്പാസും പട്ടുകുടയുമായി തോണിയിൽ കയറി. മുഖം മറച്ച് ഇരിക്കുന്ന ആ ഹൂറിയെപ്പറ്റി. മമ്മു എന്ന തോണിക്കാരന്റെ മനോരാജ്യം ഒറ്റ വാചകത്തിൽ ഇതാ:

"ആകപ്പാടെ അവൾ താമരത്തളിരിൽ തലയൊളിപ്പിച്ച ഒരരയന്നപ്പിട പോലിരുന്നു..."

**എം.പി.**

അന്നെന്നപോലെ ഇന്നും അറിയപ്പെടുന്ന രാഷ്ട്രീയനേതാവല്ല എസ്.കെ. എന്നാൽ, 1962–ൽ തലശ്ശേരി ലോകസഭാമണ്ഡലത്തിൽ നടന്ന തികച്ചും രാഷ്ട്രീയമായ തെരഞ്ഞെടുപ്പിൽ 66,000 വോട്ടുകളുടെ ഭൂരിപക്ഷത്തോടെ ഇടതുപക്ഷ പിന്തുണയുള്ള കക്ഷിരഹിതനായി വിജയിച്ചു. ലോകസഭാംഗമായി സേവനമനുഷ്ഠിച്ച ആ അഞ്ചുവർഷത്തെതപ്പറ്റി എസ്. കെ.യ്ക്കു രസകരമായ പല അനുഭവങ്ങളും വിവരിക്കാനുണ്ട്. ഏറ്റവും വിലപ്പെട്ട നേട്ടമായി എസ്.കെ. കരുതുന്നതു സ്വഭാവ വൈവിധ്യം നിറഞ്ഞ ഒട്ടുവളരെ ആളുകളെ... എം.പിമാരെ... കണ്ടുമുട്ടാനും അടുത്തറിയുവാനും കഴിഞ്ഞു എന്നതത്രേ. ലോക്സഭാംഗത്വം നിസ്വാർഥമായ പൊതുജനസേവനത്തിനുള്ള ഉപാധിയാക്കിയിട്ടുള്ള അപൂർവം ചില നേതാക്കൾ ഉണ്ട്. എന്നാൽ ഏറിയകൂറും അങ്ങനെയല്ലത്രേ. ഡൽഹിയിൽ കുളിച്ചുണ്ടുതാമസിച്ചു സുഖിക്കാൻ വന്നവർ, മറ്റൊന്നും ആയിത്തീരാനറിഞ്ഞു കൂടാത്തതുകൊണ്ട് എം.പി.മാരായവർ, രാഷ്ട്രീയം തങ്ങളുടെ ആദായകരമായ ബിസിനസ്സിനു കത്തിപ്പടരാനുള്ള വഴിമരുന്നാക്കി മാറ്റിയവർ, അലസതയുടെ അവതാരങ്ങൾ, സൂത്രശാലികൾ, ഫലിതപ്രിയൻമാർ... അങ്ങനെ പല ജനുസ്സുകൾ. ആ പുതിയ ലോകവുമായി അടുത്തിടപഴകുക എന്നതുതന്നെ ഒരു എഴുത്തുകാരനു വലിയ അനുഭവമോ വിഭവമോ ആണത്രേ.

'മെയിൽറണ്ണർ' എന്ന കഥയിൽ, കൊടുങ്കാട്ടിൽ വച്ച്, ആനഹാജി എന്നുപേരുള്ള വടകരക്കാരൻ മൊയ്തുഹാജി, ഒരിക്കൽ പിന്നാലെ പാഞ്ഞുവന്ന ആനയെ കുളിപ്പിച്ച കഥ എസ്.കെ. പറയുന്നു:

'ആദ്യം ഹാജി തൊപ്പിയെടുത്തു പിന്നിലേക്കെറിഞ്ഞു. ആന തൊപ്പി നാറ്റിക്കൊണ്ടു തെല്ലു നേരം നിന്നു. പിന്നെ, തൊപ്പി ചവിട്ടിത്തേച്ചു മുന്നോട്ടുതന്നെ കുതിച്ചു. ഹാജി ഷർട്ട് വലിച്ചൂരിയെറിഞ്ഞ് ഓട്ടം തുടർന്നു. ആന കുറച്ചുസമയം ആ കാപ്പായവുമായി രഹസ്യസംഭാഷണം നടത്തി. രക്ഷപ്പെട്ടുവെന്നു കരുതി ഹാജി പിന്നിലേക്കൊന്നു നോക്കി. അതാ വരുന്നു പിന്നെയും ആന. ഒടുവിൽ ഹാജി ഉടുതുണിയഴിച്ചു താഴെയിട്ടു മണ്ടി. കുറച്ചു നേരത്തേക്ക് ആനയുടെ കാലൊച്ച കേട്ടില്ല. ഇപ്പോൾ രക്ഷപ്പെട്ടുവെന്നുതന്നെ ഹാജി തീർച്ചപ്പെടുത്തി. തിരഞ്ഞുനോക്കിയപ്പോൾ, ഹാജിയുടെ കള്ളിത്തുണി കൊമ്പിൽ പൊക്കിപ്പിടിച്ചു കൊടി പറപ്പിച്ചു വരുന്ന ആനയെയാണു കണ്ടത്. പിന്നെ, ദേഹത്തിന്റെ പുറമേനിന്ന് ഒന്നും ഒഴിക്കാനില്ലാതായപ്പോൾ, ഹാജി ഉള്ളിൽ നിന്ന് ചിലത് ഒഴിച്ചുകൊണ്ട് ഓടി എന്നാണ് ഒണക്കൻ പറയുന്നത്...

**ഒരു തീപ്പൊരി**

എസ്.കെ.യുടെ അവിസ്മരണീയ 'ഇൻസ്പക്ഷൻ' എന്ന കഥ, ഒരു കാലത്തു മലബാറിലെ വിദ്യാഭ്യാസരംഗത്ത് ഒരു എരി തീപ്പൊരിയായി പാറി വീണതാണ്. പാവപ്പെട്ട, പട്ടിണിക്കോലമായ അപ്പുണ്ണി മാസ്റ്റർ, വിശപ്പുകൊണ്ടു മഞ്ഞളിച്ച കണ്ണും ബോധക്ഷയത്തോളമെത്തിയ വിവശതയുമായി, വിദ്യാർഥികളോടു ചോദ്യം ചോദിക്കുന്ന കൂട്ടത്തിൽ, "അയ്യപ്പൻ പറ– കണ്ടാമൃഗത്തിന് ഇക്കുറി എത്ര ഗ്രാന്റ് കിട്ടും?" എന്നു ചോദിച്ചുപോയ ആ കഥ, ഇന്നും ശ്രദ്ധേയമത്രേ. (കൂട്ടത്തിൽ പറയട്ടെ: മലയാളത്തിൽ ഈ കഥയോടൊപ്പത്തിനൊപ്പം നില്ക്കുന്ന മറ്റൊരു കഥ. യശശ്ശരീരനായ കാരൂരിന്റെ 'പൊതിച്ചോറ്' ആണ്.) സർവശക്തനും സംഹാരരുദ്രനുമായ ഇൻസ്പെക്ടർ യജമാനൻ, ഇൻസ്പെക്ഷനു വരുന്നതിന്റെ തലേദിവസം മാനേജർ രാമക്കുറുപ്പും അപ്പുണ്ണിമാസ്റ്ററും കൂടി, നാട്ടിലുടനീളം നടന്ന്, മുനിസിപ്പാലിറ്റിക്കാർ നായ്ക്കളെ പിടികൂടുന്നതുപോലെ, ക്ലാസ്സിൽ എണ്ണം തികയ്ക്കാൻ കുട്ടികളെ കുടുക്കിട്ടുപിടിക്കുന്ന രംഗം ഇന്നും, കാലമേറെ മാറിയിട്ടും, തെളിമയോടെ വർത്തിക്കുന്നു. സത്യം പറഞ്ഞാൽ, രൂക്ഷമായ പ്രത്യക്ഷസമരത്തിനോ, സുദീർഘമായ പണിമുടക്കിനോ സാധിക്കാത്ത നേട്ടം, അന്ന്, ഈയൊരു കഥകൊണ്ടു മലബാറിലെ അധ്യാപകർക്കു കൈവന്നു... ഇതു തുറന്നു സമ്മതിക്കാൻ പലരും മടിക്കുമെങ്കിലും!

ഇതുവരെ നാം കണ്ടതിനെക്കാൾ വിസ്മയാവഹവും വിലോഭനീയവുമത്രേ എസ്.കെ.യുടെ വിശ്വവിശാലമായ നോവൽ പ്രപഞ്ചം. ആദ്യകാലത്തെന്ന

പോലെ പിൽക്കാലത്തും കാവ്യകലാകൗശലം കൈവിടാത്ത എസ്.കെ.യുടെ നോവലുകളിലും കവിത നിത്യസൗഗന്ധികമായി വർത്തിക്കുന്നു. അതിനുപുറമേ, മറ്റ് എഴുത്തുകാർക്കില്ലാത്ത, അഥവാ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തമായ ഒരനുഗ്രഹം എസ്.കെ.യ്ക്കുണ്ട്. അദ്ദേഹം ഒരു സഞ്ചാരിയാണ്. വാസ്തവം പറഞ്ഞാൽ, തന്റെ നോവലുകളിലൂടെ എസ്.കെ. ചെയ്യുന്നത്, വിവിധ ഭാഷകളിലും വിവിധ ദേശങ്ങളിലുമുള്ള, വൈവിധ്യവും വൈരുധ്യവും നിറഞ്ഞ മനുഷ്യരുടെ മനസ്സുകളിലേക്കുള്ള സഞ്ചാരമാണ്. മനുഷ്യമനസ്സുകളിലൂടെയുള്ള ഈ യാത്രാവേളയിൽ നാം അതുവരെ കാണാത്തതും കേൾക്കാത്തതുതമായ കാര്യങ്ങൾ ഒരു സൗഹൃദസംഭാഷണത്തിലെന്നപോലെ എസ്.കെ. പറഞ്ഞുതരുന്നു. കോഴിക്കോട്ടെ പഴമ കൈവിടാത്ത പുതിയറയിൽ, ഈർച്ചവാളിന്റെ മൂർച്ചയിൽ മനുഷ്യനും മരവും മുറിഞ്ഞു പൊടിയാകുന്ന കല്ലായിയിൽ, കളിമണ്ണും തൊഴിലാളികളും ചൂളയിൽ വേവുന്ന ഫറോക്കിൽ, ആദ്യകാലത്തു മലമ്പനിക്കും പിന്നീടു കനകം വിളയുന്ന കന്നിമണ്ണിനും പേർപെറ്റ വയനാടൻ മലമടക്കുകളിൽ, നാടൻ പ്രേമങ്ങൾ നാമ്പെടുക്കുകയും കൂമ്പടയുകയും ചെയ്യുന്ന മുക്കത്തെ ഗ്രാമങ്ങളിൽ, പകുതി കേരളീയത്വവും പകുതി പേർത്തുഗീസത്വവും ഇന്നും കണ്ണുപൊത്തിക്കളിക്കുന്ന മാഹിയിൽ, കാശിയിൽ, ബോംബെയിൽ, കന്യാകുമാരിയിൽ, അമേരിക്കയിൽ, ആഫ്രിക്കയിൽ, ഇൻഡോണേഷ്യയിൽ, ഈജിപ്തിൽ, ഇംഗ്ലണ്ടിൽ സഞ്ചാരിയായ എസ്.കെ. പൊറ്റക്കാടിന്റെ നോവൽപ്രപഞ്ചം ഇവിടങ്ങളിലൊക്കെ വ്യാപിച്ചു കിടക്കുന്നു.

നോവൽ എന്ന പുതിയ മാധ്യമത്തിലേക്കു ചെറുകഥാകൃത്തായിരുന്ന താൻ എങ്ങനെയാണ് ആകൃഷ്ടനായത് എന്ന് ഈയിടെ ഒരു കുശലപ്രശ്നത്തിനിടയിൽ എസ്.കെ. പറഞ്ഞു:

കവിതയാണു ഞാൻ ആദ്യം എഴുതിത്തുടങ്ങിയത്. അന്ന് അതിലായിരുന്നു കമ്പം. എന്നാൽ പിന്നീട്, പറയാനുള്ളതു വിസ്തരിച്ചു പറയാനുള്ള സാധ്യത കവിതയിൽ പരിമരിതമാണെന്നു ബോധ്യമായി. മനുഷ്യരെയും ജീവിതത്തെയും പറ്റി കുറെയേറെ പറയാനുണ്ട്. അതിനു കവിത പോരാ. അങ്ങനെയാണു ചെറുകഥകളെഴുതിത്തുടങ്ങിയത്. കുറച്ചുകാലം കഴിഞ്ഞപ്പോൾ, ചെറുകഥയും പോരാ എന്നായി. ചെറുകഥയിലൊതുക്കാനാവാത്ത അത്രയേറെ ജീവിതാനുഭവചിത്രങ്ങൾ. സ്വാഭാവികമായും ഞാൻ നോവൽ എഴുത്താരംഭിച്ചു. ഒരർഥത്തിൽ, ചെറുകഥ ഒരു ചെറിയ മുറിയും നോവൽ ഒരു വലിയ മാളികയുമാണ്. ചെറിയ മുറിയിൽ നമുക്ക് അടക്കിയൊതുക്കി വയ്ക്കാവുന്ന സാധനസാമഗ്രികൾക്കു പരിമിതിയുണ്ട്. എന്നാൽ മാളികയുടെ സ്ഥിതി അതല്ല... ആവശ്യത്തിനും അലങ്കാരത്തിനുമായി ഒട്ടേറെ സാധനങ്ങൾ മാളികയിൽ ഉണ്ടാവും, ഉണ്ടാവണം താനും.

'പ്രേമശിക്ഷ' യാണ് എസ്.കെ.യുടെ ആദ്യത്തെ നോവൽ. അതിനെപ്പറ്റി എസ്.കെ. പറയുന്നു:

"വിഷയം പ്രേമംതന്നെ. അന്നു വേറേ വിഷയം ഇല്ലല്ലോ. കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന കാലത്താണ് ആ നോവൽ എഴുതിയത്. എഴുതിത്തീർന്ന ഉടനെ അതിന്റെ പരിപൂർണ കോപ്പിറൈറ്റ് എഴുപത്തഞ്ചു രൂപയ്ക്കു വിറ്റു...

എസ്.കെ.യെ നമ്മുടെ നോവലിസ്റ്റുകൾക്കിടയിലെ നിത്യചൈതന്യമാക്കിയ 'നാടൻപ്രേമം' ബോംബെയിൽ വച്ചാണ് എഴുതിയത്. ഒരു സിനിമയ്ക്കുവേണ്ടി എഴുതിയുണ്ടാക്കിയ കഥയാണത്. (അന്ന് ആ ഉദ്ദേശ്യം സഫലമായില്ലെങ്കിലും, കാൽനൂറ്റാണ്ടിനുശേഷം നാടൻപ്രേമവും നമ്മുടെ വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെടുകയുണ്ടായി.)

നോവലെഴുതുന്നതിനുമുമ്പ്, എസ്.കെ. ഒരു നീണ്ടകഥ എഴുതുകയുണ്ടായി 'വല്ലികാദേവി.' നോവലെഴുത്തിന്റെ ഹരിശ്രീ കുറിച്ച ഈ കൃതി, ഒരു ഹരിജൻ സ്ത്രീയുടെ കഥയാണ്. വള്ളി പിന്നീടു വല്ലികാദേവിയായി ഉയർന്ന കഥ. ഇന്നിപ്പോൾ ഈ കഥയുടെ ഒരു വരിപോലും കണ്ടുകിട്ടാനില്ലത്രേ. ഔട്ട് ഓഫ് പ്രിന്റ് എന്നല്ല, ഔട്ട് ഓഫ് സ്റ്റോക്ക് എന്നാണ് എസ്.കെ. പറയുന്നത്.

ആവട്ടെ. ഇത്രവളരെ നോവലുകളെഴുതിയിട്ടുള്ള എസ്.കെ.യുടെ ഏറ്റവും ഇഷ്ടപ്പെട്ട നോവൽ ഏതാണ്?

"ദേശത്തിന്റെ കഥതന്നെ' - ഒട്ടും ആലോചിക്കാതെതന്നെ എസ്.കെ. പറഞ്ഞു: "കാരണം, അത് ആത്മകഥാപരമായ കൃതിയാണ്. വികാരപരമായ ഒരടുപ്പം അതിനോടേറെയുണ്ട്."

ഇഷ്ടപ്പെട്ട രണ്ടാമത്തെ നോവൽ 'തെരുവിന്റെ കഥ'യാണ്. കോഴിക്കോട് മിഠായിത്തെരുവിന്റെ ഉദ്ഭവവികാസ പരിണാമങ്ങൾ മാത്രമല്ല, സ്ഥായിഗന്ധംപോലും ഉൾക്കൊള്ളുന്ന ഈ കൃതി ഒരു കാലഘട്ടത്തിന്റെ കഥകൂടിയാകുന്നു.

കെട്ടുതാലി ഉൾപ്പെടെ ഉള്ളതെല്ലാം വിറ്റു കാശാക്കി, സകുടുംബം മലബാറിലെ കന്നിമണ്ണിനോട് ഏറ്റുമുട്ടി പുതിയൊരു ജീവിതം കെട്ടിപ്പടുക്കാനായി തെക്കൻ തിരുവിതാംകൂറിൽനിന്ന് ഒഴുകിയെത്തിയ അധ്വാനശീലർ. മനുഷ്യർ, വയനാടൻ മലമടക്കുകളിൽ മരണം വർഷിച്ച മലമ്പനിയോടും തലകൊയ്യാൻവന്ന കാട്ടുമൃഗങ്ങളോടു മല്ലിട്ടുജീവിച്ച ഐതിഹാസികമായ കഥപറയുന്ന 'വിഷകന്യക' മരണമില്ലാത്ത ഒരു കൃതിയാണ്. ഇങ്ങനെ എടുത്തെടുത്തു പറയാൻ തുടങ്ങിയാൽ, എസ്.കെ.യുടെ എല്ലാ നോവലുകളെപ്പറ്റിയും പറയേണ്ടിവരും.

## പതിമൂന്ന്
# തിക്കോടിയനുമായി ഒരു മുഖാമുഖം

**ജീ**വിതം ഒരു ചിരിയായി കാണാനും ചിരിച്ചുകൊണ്ട് ജീവിക്കാനും കഴിവുള്ള ഒരു മനീഷിയാണ് തിക്കോടിയൻ. 'എന്റെ ജീവിതം തന്നെയാണ് എന്റെ സാഹിത്യസൃഷ്ടി' എന്നൊരു മട്ട്. ജീവിതവ്യഥകൾ മുഴുവൻ കാച്ചിവാറ്റിക്കുറുക്കി നർമബോധമാക്കി എടുക്കുന്ന അദ്ഭുതവിദ്യ തിക്കോടിയൻ ഇതാ ചൊവ്വല്ലൂർ കൃഷ്ണൻകുട്ടിയുമായുള്ള സംഭാഷണത്തിൽ കയ്യൊതുക്കത്തോടെ കാണിച്ചിരിക്കുന്നു.

ഒരു എഴുത്തുകാരനായിത്തീർന്നില്ലായിരുന്നുവെങ്കിൽ, ജീവിതത്തിൽ വേറെ ആരായിത്തീരുമായിരുന്നു എന്ന് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ?

ഇല്ല. ആലോചിക്കേണ്ടി വന്നിട്ടില്ല. ഞാനൊരു അധ്യാപകനായിട്ടാണ് ജീവിതം തുടങ്ങിയത്. അപ്പോൾ, അങ്ങനെ തുടങ്ങിക്കഴിഞ്ഞാൽ പിന്നെ വേറൊന്നും ചിന്തിക്കേണ്ടതില്ലല്ലോ! എന്നാൽ അധ്യാപകനായിരിക്കെ, ഒരപദ്ധം പറ്റി - കവിത എഴുതാൻ തുടങ്ങി. പക്ഷേ, ഒരു ഗുണമുണ്ടായി. അന്നും ഇന്നും, ഇതൊരു ജീവിതവൃത്തിയായി ഞാൻ സ്വീകരിച്ചിട്ടില്ല. എഴുതി ജീവിക്കാം, അല്ലെങ്കിൽ എഴുത്തുകൊണ്ട് നാഴി അരി വാങ്ങി ആഹാരം കഴിക്കാം എന്ന് ഇന്ന് ഈ നിമിഷം വരെ ഞാൻ ചിന്തിച്ചിട്ടില്ല. നാളെ എനിക്കതു സാധിക്കും എന്നു തോന്നുന്നുമില്ല. കാരണം എന്റെ സ്വഭാവത്തിന്റെ ദൂഷ്യംതന്നെ. പിന്നെ എങ്ങനെ, എന്തുകൊണ്ട് ചിലപ്പോൾ എഴുതുന്നു എന്നല്ലേ? കാരണം വ്യക്തം. ചില ചില ഭീഷണി... ഭയപ്പെടുത്തല്... ഉദ്യോഗത്തിന്റെ ഭാഗമായ സമ്മർദ്ദം... അതുകൊണ്ടാണ് ആകാശവാണിയിൽ ജോലിനോക്കിയ ഇരുപത്താറുവർഷവും തുരുതുരെ എഴുതിയത്... കൈ കടയുവോളം എഴുതിയത്. എങ്ങനെ എഴുതി എന്നു ചോദിച്ചാൽ, ഒരു മേലധികാരിയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ... ഇപ്പോഴാവട്ടെ എനിക്കൊരു മേലധികാരിയുമില്ല. അതുകൊണ്ടുതന്നെ യാതൊരു പരിഭ്രമവുമില്ല. സുഖം. പരമസുഖം. (ചിരി)

*ആദ്യം എഴുതിയത് എന്താണെന്ന് ഓർമയുണ്ടോ?*

നല്ല ഓർമയുണ്ട്. 'വീണ്ടും കരയട്ടെ' എന്ന്... മാതൃഭൂമി വാരികയിൽ വന്ന കവിതയാണ്. എഴുതാനുണ്ടായ കാരണവും പറയാം. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ..., എന്റെ വീടിന്റെ പുറകുഭാഗത്ത് വലിയൊരു പാടമാണ്... പുഞ്ചക്കൊയ്ത്ത് അടുത്തെത്തിയ കാലം. ആറ്റകളും കിളികളും കൂട്ടത്തോടെ വന്നു മഹാശല്യം. അവറ്റയെ ആട്ടിയോടിക്കാനായി പാവപ്പെട്ട ചെറുമിപ്പെണ്ണുങ്ങൾ വിശാലമായ പാടത്തിന്റെ ഒരറ്റത്ത് ചെറിയ കൂര കെട്ടി, രാത്രി ഉറക്കമൊഴിച്ച്, ഒരു പ്രത്യേക ശബ്ദത്തിൽ പാട്ടുപാടുമായിരുന്നു... ദയനീയമായ ശബ്ദം... എനിക്കതു പാട്ടായിട്ടല്ല, കരച്ചിലായിട്ടാണ് തോന്നാറുള്ളത്... അതെന്നെ വല്ലാതെ വേദനിപ്പിച്ചു. ആ വേദനയാണ് 'വീണ്ടും കരയട്ടെ' എന്ന കവിതയായത്.

*ആ ആദ്യരചന പിന്നീടുള്ള എഴുത്തിനെ കാര്യമായി സ്വാധീനിച്ചുവോ?*

സ്വാധീനിച്ച് ഒരു ഗുരുനാഥനെപ്പറ്റി പറയാം... കവിതയുടെയും സാഹിത്യത്തിന്റെയും ഒരു മിന്നാമിനുങ്ങുവെട്ടം എന്നിൽ ഉളവാക്കിയത് പ്രൈമറി ക്ലാസിൽ എന്നെ പഠിപ്പിച്ച മാഷാണ്... രാമൻ നായര്... അദ്ദേഹം മഹാപണ്ഡിതനായിരുന്നു. നല്ല കവിയായിരുന്നു. സഹൃദയനായിരുന്നു. ധാരാളം കവിതകൾ എഴുതിയിരുന്നു.

*അദ്ദേഹത്തിന്റെ കവിതാസമാഹാരങ്ങളോ മറ്റോ...*

എവിടെ? അന്നൊന്നും പബ്ലിസിറ്റി എന്നൊന്നില്ലല്ലോ. അദ്ദേഹം എഴുതിവയ്ക്കും... വേറെ ആരെയെങ്കിലും കേൾപ്പിക്കും... അത്രതന്നെ... അദ്ദേഹം യദൃച്ഛയാ എന്റെ ആദ്യത്തെ കവിത വായിക്കാനിടയായി. എന്നിട്ടെന്നോടൊരു ചോദ്യം: എന്താണെടോ? നിനക്കൊരു വിവരോം ഇല്ല്യേ? ഇല്ല എന്നു ഞാൻ പറഞ്ഞില്ല. അദ്ദേഹത്തിനറിയാം. പിന്നീടദ്ദേഹം പറഞ്ഞു: ഈ രാജ്യത്ത് എത്രയെത്ര എഴുത്തുകാർക്ക് അറംപറ്റിയിട്ടുണ്ട് എന്നറിയാമോ? ഞാൻ തന്ന ശീവൊള്ളിക്കൃതികളൊക്കെ നീ വായിച്ചിട്ടില്ലേ? അതിൽ പറയുന്നില്ലേ, "പല പുണ്യമെഴും നമുക്കൊടുക്കം ഫലമീ വേദന..." അവസാനകാലത്ത് ശീവൊള്ളിക്ക് ശസ്ത്രക്രിയയും മറ്റും വേണ്ടിവന്നൂലോ... എത്ര വേദനിച്ചു... അറംപറ്റിയതാ... എന്നിട്ടും നീയെന്തിനാ ഈ വിഡ്ഢിത്തം എഴുതിയത്... രാമൻനായർ മാഷ്ടെ സ്നേഹമസൃണമായ ഉപദേശംകേട്ട് ഞാനൊന്നും മിണ്ടിയില്ല... എന്നാൽ ഇപ്പോൾ എനിക്കു തോന്നുന്നു, ഞാൻ ആ കവിത എഴുതേണ്ടിയിരുന്നില്ല എന്ന്. 'വീണ്ടും കരയട്ടെ' എന്ന് നീ എന്തിനെഴുതി എന്ന ഗുരുനാഥന്റെ ചോദ്യം ഇപ്പോഴും എന്റെ കാതിലുണ്ട്...

*അതിനുശേഷം തുടർച്ചയായി എഴുതിയോ? അതോ...*

എഴുതി. കാരണം, അന്നത്തെ സൗകര്യം തന്നെ. സമൃദ്ധമായി എഴുതാം. സ്റ്റാമ്പു വേണ്ട, കവറ് വേണ്ട... കവിത എഴുതി മാതൃഭൂമിക്ക് അയയ്ക്കാം...

പ്രസിദ്ധ പത്രപ്രവർത്തകനും നാട്ടുകാരനും എന്റെ ഒരകന്ന ബന്ധുവുമായ ടി.പി.സി. കിടാവ് മാതൃഭൂമിയിൽ സബ് എഡിറ്ററായിരുന്നു... അദ്ദേഹം കോഴിക്കോട്ടേക്കു പോകാൻ റയിൽവേസ്റ്റേഷനിലെത്തുമ്പോഴേക്കും കവിതയുമായി ഞാനും എത്തിയിട്ടുണ്ടാവും... നാണിച്ചു നാണിച്ചു കൊടുക്കും... ചിലതു വാരികയിൽ വരും. പലതും വരില്ല. എന്നാൽ ഒരു ഭാഗ്യം: ഒന്നും മടക്കിയിട്ടില്ല. കാരണം, കവിത മടക്കിക്കൊണ്ടുവന്ന് ഉടമസ്ഥനു കൊടുക്കലല്ലല്ലോ കിടാവ് മാഷ്ടെ ജോലി...

കൂട്ടത്തിൽ ഒരു രസം പറയട്ടെ... ഞാൻ കൊടുത്തയച്ച കവിത ഓഫീസിൽ കൊടുക്കാൻ കിടാവു മാഷ് മറന്നുപോയ സംഭവമാണ്... തിക്കോടിയിൽ നിന്നു പുറപ്പെട്ടു കോഴിക്കോട്ട് എത്തുന്നതുവരെയുള്ള എല്ലാ സ്റ്റേഷനുകളിലും പ്രാദേശിക ലേഖകന്മാർ വാർത്തകളുമായി കിടാവുമാഷെ കാത്തു നിൽക്കുന്നുണ്ടാവും... എല്ലാം വാങ്ങി വലിയ ജുബയുടെ രണ്ടു പോക്കറ്റിലും നിറയ്ക്കും. ഓഫീസിൽ ചെന്നാൽ എല്ലാം മേശയ്ക്കുള്ളിൽ ചൊരിയും... പിന്നെ നല്ല വാർത്തകൾ വരും... ബാക്കി അസ്തു... അക്കൂട്ടത്തിൽ എന്റെ കവിതയും പെട്ടുപോകും... അങ്ങനെ ഞാൻ എഴുതിയ ഒരു കവിത... സാധാരണ കവിതയൊന്നുമല്ല... ഒരു ഇന്റർനാഷണൽ കവി. 1939 -ൽ യുദ്ധം തുടങ്ങി. ഹിറ്റ്ലറോട് എനിക്കു കടുത്ത ദേഷ്യം... ഹിറ്റ്ലറ്റ് എന്റെ ഭൂമി പിടിച്ചെടുത്തു എന്നു തോന്നി. വെടിവയ്ക്കുംപോലെ എഴുതി ഒരു കവിത... ഈ കവിത പുറത്തുവന്നാൽ ഹിറ്റ്ലർ ഒരുക്കാവും എന്നായിരുന്നു സത്യമായും എന്റെ ധാരണ. പറഞ്ഞിട്ടെന്തു കാര്യം? ഈ കവിത പോക്കറ്റിലെ പ്രാദേശികവാർത്തകളുടെ കൂട്ടത്തിൽ നിന്നെടുത്തു കൊടുക്കാൻ കിടാവ് മാഷ് മറന്നുപോയി... അന്ന് അങ്ങനെയാണ് ഹിറ്റ്ലർ രക്ഷപ്പെട്ടത്.

*ആ കവിത പിന്നെ വെളിച്ചം കണ്ടില്ലേ?*

കണ്ടു. ക്രിസ്ത്യൻ കോളജിൽ ജോലിയുണ്ടായിരുന്ന സഞ്ജയൻ ചിലപ്പോൾ മാതൃഭൂമിയിൽ വരും. സഞ്ജയൻ മാസിക നടത്തുന്ന കാലം. കിടാവ് മാഷ്ടെ മുറിയിലാണ് കുശലപ്രശ്നവിചാരം. കിടാവുമാഷ്ക്ക് അന്നു സഞ്ജയൻ കൊടുത്ത പേരാണ് കുസൃതി ഡിപ്പോ മാനേജർ... അസിസ്റ്റന്റ് മാനേജർ മാധവനാർ... അങ്ങനെ ഒരു ദിവസം സഞ്ജയൻ കിടാവ് മാഷ്ടെ മേശയിൽ എന്റെ രണ്ടു കവിത കണ്ടു. കിടാവേ, ഇതിലൊന്നു ഞാൻ കൊണ്ടുപോയ്ക്കോട്ടെ എന്നു ചോദിച്ചപ്പോൾ കിടാവ് മാഷ് പറഞ്ഞു: ഒന്നാക്കണ്ട, രണ്ടും കൊണ്ടുപോകാം... നാൽപ്പതു വരിയുള്ള ആ കവിത സഞ്ജയൻ കൊണ്ടുപോയി... മൂപ്പര് അതു വെട്ടിത്തിരുത്തി, പല വരികളും എഴുതിച്ചേർത്ത് 'സഞ്ജയനി'ൽ കൊടുത്തു... ദോഷം പറയരുതല്ലോ, രണ്ടാം ലോകമഹായുദ്ധം എങ്ങനെയെങ്കിലും അവസാനിപ്പിക്കാൻവേണ്ടി ഞാൻ എഴുതിയ ആ കവിത 'സഞ്ജയനി' ൽ ഞാനും വായിച്ചു. അതിൽ പക്ഷേ, എന്റേതായി നാലേനാലു വരികളേ ഉണ്ടായിരുന്നുള്ളൂ. മാത്രമല്ല, മൂപ്പര് എന്റെ പേരും മാറ്റി – തിക്കോടിയൻ എന്നാക്കി! കവിതയെഴുത്തിൽ, എനിക്കു മറ്റൊരാളോടും വലിയ കടപ്പാടുണ്ട്, യശഃശരീരനായ സി.എച്ച്. കുഞ്ഞപ്പയോട്... അദ്ദേഹം എഡിറ്ററായിരിക്കെ, പി.കെ.എൻ., ആനന്ദ് എന്നിങ്ങനെ പല പേരുകളിൽ ഞാൻ എഴുതിക്കൂട്ടിയിട്ടുള്ള കഥകൾക്കും കവിതകൾക്കും കണക്കില്ല. അതിൽ പലതും ഇന്നു വായിച്ചുനോക്കിയാൽ, യാതൊരു സംശയവുമില്ല, ആത്മഹത്യ ചെയ്യും... വായനക്കാരല്ല, ഞാൻ... നമ്മുടെ പല എഴുത്തുകാരോടും എനിക്കുള്ള ബഹുമാനവും അതു തന്നെ. വർഷങ്ങൾക്കു മുമ്പ് എഴുതിയതു പലതും ഇപ്പോൾ വായിച്ചുനോക്കിയിട്ടും അവർ ആത്മഹത്യ ചെയ്യുന്നില്ലല്ലോ...

*കവിതാരചനയുടെ രംഗത്ത് എന്നെന്നും ഓർക്കാൻ ഒരനുഭവം...*

ഒന്നല്ല, ഒരുപാടുണ്ട്. കഷ്ടപ്പെട്ടു ചോദിച്ച സ്ഥിതിക്ക് ഒരെണ്ണം പറയാം... നമ്മുടെ വി.കെ. കൃഷ്ണമേനോൻ രാജ്യരക്ഷാമന്ത്രിയായിരുന്ന കാലം... കോഴക്കോട്ട് ഒരു വിമാനത്താവളമെങ്കിലും വേണം എന്നു പരക്കെ മുറവിളി... കൃഷ്ണമേനോനും കുറെയേറെ പരിശ്രമിച്ചു... സംഗതി നടന്നില്ല. അപ്പോൾ മൂപ്പർക്കു വാശിയായി. ആങ്ഹാ, എന്നാൽ കോഴിക്കോട്ട് വിമാനത്തിൽ ഇറങ്ങണം. അങ്ങനെയാണ്, ഒരു ദിവസം, ഇന്നിപ്പോൾ മെഡിക്കൽ കോളേജ് നിൽക്കുന്ന കുന്നിൻപുറത്ത്-അന്നതൊരു മൊട്ടക്കുന്നാണ്-കൃഷ്ണമേനോൻ വിമാനത്തിൽ വന്നിറങ്ങിയത്... രാജ്യരക്ഷാവകുപ്പിന്റെ ഒരു ചിന്ന വിമാനം... അതിൽത്തന്നെ മടങ്ങിപ്പോവുകയും ചെയ്തു. ഇത് എന്നിലെ കവിയെ ഉണർത്തി. എഴുതി ഞാൻ ഒരു ഹാസ്യകവിത... ഒരു സ്വകാര്യംകൂടി കൂട്ടത്തിൽ പറഞ്ഞോട്ടെ: ഇന്നിപ്പോൾ കരിപ്പൂരിൽ ഒരു വിമാനത്താവളം വരാനുണ്ടായ ആദിമൂലകാരണങ്ങളിലൊന്ന് അന്നത്തെ ആ ഹാസ്യകവിതയാണെന്നു ഞാൻ പറയില്ലെങ്കിലും നിനക്കു വേണമെങ്കിൽ എഴുതാം... (ചിരി)

*കവിതയുടെ കളത്തിൽനിന്ന് മാറിച്ചവുട്ടി നാടകക്കളരിയിലെത്തിയതെങ്ങനെ?*

മാറിച്ചവുട്ടി എന്നൊന്നും പറയാൻ വയ്യ... കവിതയിൽ ഞാൻ കുടുങ്ങിപ്പോയതാണ്... ഒരു സംഭവം ഓർക്കുന്നു. 1943-44 കാലം. ഞാൻ വി.ആർ.നായനാരുടെ കൂടെ ജോലി ചെയ്യുന്നു. താമസം കോഴിക്കോട്ടുതന്നെ... ഈഡിപ്പസ് കോംപ്ലക്സിനെപ്പറ്റി മാതൃഭൂമിയിൽ ചങ്ങമ്പുഴ രണ്ടു തകർപ്പൻ ലേഖനമെഴുതി. അതിനെ എതിർത്തു പ്രഭാകരൻ മണ്ണുത്തി എന്നൊരാൾ ഒരു ലേഖനമെഴുതി. പിന്നെ എഴുത്തോടെഴുത്ത്. തർക്കവിതർക്കം... അന്ന് പ്രഭാകരന്റെ ചേരിയിൽ

ചേർന്ന് ഞാൻ ഒരു കവിത എഴുതി... വർഷങ്ങൾക്കു ശേഷം, ഒരുനാൾ തൃശൂരിലെ മംഗളോദയത്തിലേക്ക് എസ്.കെ. പൊറ്റക്കാടിന്റെ കൂടെ ഞാനും പോയി... അപ്പോൾ അവിടെ ചങ്ങമ്പുഴയുമുണ്ടായിരുന്നു. എസ്. കെ. എന്നെ പരിചയപ്പെടുത്തി ഓഫിസിനകത്തേക്കു പോയി. ചങ്ങമ്പുഴ തലതാഴ്ത്തി ഇരുന്നതല്ലാതെ ഒരക്ഷരം പറഞ്ഞില്ല... പിന്നെ എന്നെ നോക്കി പറഞ്ഞു: വാ, ഒരു കാപ്പി കുടിക്കാം. ഞങ്ങൾ ഒരുമിച്ചു കാപ്പി കുടിച്ചു. വലിയ സൗഹൃദം. ഒരു നല്ല മനുഷ്യൻ... പലതും സംസാരിച്ചു. ഇനി, ഞാൻ ഇതുവരെ ഒരിടത്തും എഴുതാത്ത ഒരു കാര്യം, ഒരാളോടും ഇന്നുവരെ പറയാത്ത ഒരു സംഗതി പറയാം. ചങ്ങമ്പുഴയും ഞാനും ഇന്ത്യാ കോഫി ഹൗസിൽ കാപ്പി കുടിച്ചുകൊണ്ടിരിക്കെ ചങ്ങമ്പുഴ പറഞ്ഞു: ഞാൻ വളരെ അസ്വസ്ഥനാണ്... എനിക്കൊരു കുട്ടി പിറന്നിരിക്കുന്നു... ആയില്യം നക്ഷത്രത്തിൽ... ആയില്യം നക്ഷത്രമായാൽ കുട്ടിയുടെ അച്ഛനു വലിയ ദോഷം ചെയ്യും എന്ന് എന്നോടു ചിലർ പറഞ്ഞു. ഞാൻ ചോദിച്ചു: ഇതാരാ പറഞ്ഞത്? ചങ്ങമ്പുഴ ഒരു ജ്യോൽസ്യന്റെ പേരു പറഞ്ഞു. ഞാൻ സമാധാനിപ്പിച്ചു. ഈ ലോകത്ത് ഒരു ജ്യോത്സ്യൻ മാത്രമല്ലല്ലോ ഉള്ളത്. കുട്ടിയുടെ ഗ്രഹനില തരൂ... എന്റെ നാട്ടിൽ പ്രസിദ്ധനായ ഒരു ജ്യോത്സ്യനുണ്ട്. അദ്ദേഹവും ഒന്നു നോക്കട്ടെ... ചങ്ങമ്പുഴ ഗ്രഹനിലയും പേരും നാളും എഴുതിത്തന്നു. ഞാൻ അതുമായി പോന്നു. പിന്നെ... പിന്നെ ഒരിക്കലും ഞാൻ ചങ്ങമ്പുഴയെ കണ്ടിട്ടില്ല.

*നാടകകൃത്ത് എന്ന നിലയിലാണല്ലോ മാഷ് ഇന്ന് ഏറെ ആദരിക്കപ്പെടുന്നത്. നാടകരംഗത്തെത്തിച്ചേരാനുണ്ടായ സാഹചര്യം ഒന്നു വിശദീകരിക്കാമോ?*

സത്യം പറഞ്ഞാൽ, കാരണം ആകാശവാണിയാണ്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്ത്, അംശം അധികാരിയുടെ സർവാധിപത്യം കത്തിനിന്നിരുന്ന ഒരു ഗ്രാമത്തിൽ ജനിച്ചവനായതുകൊണ്ടാവാം, മേലധികാരി, മേനോൻ, താസിൽദാര് എന്നൊക്കെ പറഞ്ഞാൽ അന്നും ഇന്നും അൽപ്പം പരിഭ്രമമുള്ള കൂട്ടത്തിലാണ് ഞാൻ... അങ്ങനെ ആകാശവാണിയിലെ മേലധികാരിയെയും എനിക്കു പേടിയായിരുന്നു. എഴുതാൻ പറഞ്ഞു, എഴുതി... എന്നാൽ നാടകം ഗൗരവമായി എടുക്കാൻ കാരണം കേന്ദ്രകലാസമിതിയാണ്.

*ഇന്ന് ഏറെക്കുറെ വിസ്മൃതമായ കേന്ദ്രകലാസമിതിയല്ലേ ഒരു കാലത്തു മലബാറിൽ നാടകരംഗത്തു മൗലികമായ പരിവർത്തനം വരുത്തിയത്?*

എന്താ സംശയം? വി. അബ്ദുല്ല, അബ്ദുറഹ്മാൻ, എസ്.കെ. പൊറ്റക്കാട്, എൻ.വി. കൃഷ്ണവാരിയർ, ഉറൂബ്, പിന്നെ കെ.പി. രാമൻനായർ എന്നിവരൊക്കെയായിരുന്നു കേന്ദ്രകലാസമിതിയുടെ മുഖ്യസാരഥികൾ. ഇവരുമായുള്ള അടുപ്പം ഒരു ഭാഗത്ത്; ആകാശവാണിയിൽ എഴുതിയേ തീരൂ എന്ന നിർബന്ധം മറ്റൊരുവശത്ത്. രണ്ടും ചേർന്നപ്പോൾ ഞാൻ നാടകങ്ങൾ എഴുതി... പല നാടകങ്ങളും എഴുതി. ഈ സന്ദർഭത്തിൽ എന്റെ നാടകങ്ങളെപ്പറ്റി പരമമായ ഒരു സത്യം തുറന്നുപറഞ്ഞ ഗുപ്തൻനായർ സാറിനെ ഞാൻ നന്ദിപൂർവം ഓർക്കുന്നു. ഗുപ്തൻ നായർ പറഞ്ഞതിതാണ്: തിക്കോടിയനെപ്പോലെ തന്റെ കൃതികളെ സംബന്ധിച്ച് ഇത്രയും ഉദാസീനഭാവമുള്ള ഒരു എഴുത്തുകാരൻ ഭൂമിയിലില്ല... ഇതു കേട്ടപ്പോൾ എനിക്കു പെരുത്ത സന്തോഷം തോന്നി. കാരണം, അതാണ് സത്യം...

*മാഷ് കവിത എഴുതി, ചെറുകഥ എഴുതി, നാടകങ്ങളെഴുതി... പക്ഷേ, ഇതുവരെ യാത്രാവിവരണം എഴുതിയതായി കണ്ടിട്ടില്ല, കേട്ടിട്ടുമില്ല.*

ഞാൻ യാത്രാവിവരണം എഴുതാതിരുന്നത് മടിയനായതുകൊണ്ടോ യാത്ര ചെയ്യാത്തതുകൊണ്ടോ ആവണം എന്നാവും നീ ഉൾപ്പെടെ പലരുടെയും ധാരണ. എങ്കിൽ തെറ്റി. അബദ്ധം. പരമാബദ്ധം. ഒരു സത്യം ഞാൻ പറഞ്ഞു പഠിപ്പിച്ചുതരാം. യാത്രാവിവരണം എഴുതാൻ യാത്ര ചെയ്യേണ്ട ഒരാവശ്യവുമില്ല... എത്രയോ രാജ്യങ്ങളുടെ ചരിത്രവും ഭൂമിശാസ്ത്രവും കണക്കും സോഷ്യൽസയൻസും വിവരിക്കുന്ന നല്ലനല്ല പുസ്തകങ്ങൾ വാങ്ങാൻ കിട്ടും... അതുവച്ചു കാച്ചിയാൽ മതി.

*മാഷ് വിദേശയാത്രകളൊന്നും നടത്തിയിട്ടില്ല, അല്ലേ?*

ആരു പറഞ്ഞു ഇല്ലെന്ന്? എന്റെ ആദ്യത്തെ വിദേശയാത്ര 1929–ൽ ആയിരുന്നു. അതായത് മഹാത്മാഗാന്ധി കോഴിക്കോട്ടു വന്നശേഷം. ഒരുനാൾ, എന്റെ മാഷ് രാമൻനായര് എന്നോടു ചോദിച്ചു, എടോ നിനക്ക് ഗാന്ധീനെ കാണണോ? വേണം എന്നായി ഞാൻ. അങ്ങനെയാണ് ആദ്യത്തെ വിദേശയാത്ര. തിക്കോടിയിൽ നിന്നു കോഴിക്കോട്ടേക്ക്. സത്യമാണ് മോനേ... അന്നൊക്കെ തിക്കോടി ഗ്രാമക്കാർക്ക് കോഴിക്കോട് ഒരു വിദേശരാജ്യം തന്നെയായിരുന്നു... എസ്. കെ. പൊറ്റക്കാട് പറയാറുള്ള മൈലീസ് ഇല്ലേ, അതുപോലെ ഇരുപത്തിരണ്ടു മൈലീസ് താണ്ടിവേണം ഞങ്ങൾക്കു കോഴിക്കോട്ടെത്താൻ. വണ്ടിക്കൂലി ആറേകാലണ! അന്നത്തെ നിലയ്ക്ക് വലിയൊരു എമൗണ്ടാണ്. ഏതായാലും എന്റെ മാഷാണ് ആദ്യത്തെ വിദേശയാത്രയ്ക്കുള്ള ടിക്കറ്റെടുത്തു തന്നത്. അതിനു ശേഷം ഞാൻ രാമേശ്വരത്തുപോയി... എന്റെ മകളെയും കൂട്ടി ചില കർമങ്ങളൊക്കെ ചെയ്യാൻ പോയതാ. പിന്നത്തെ വിദേശയാത്ര മദിരാശിക്കായിരുന്നു... റേഡിയോസ്റ്റേഷനിൽ ഒരു പ്രഭാഷണം നടത്താൻ... അന്ന് 'ദിനപ്രഭ' എന്നൊരു പത്രം പുറത്തു വന്നുകൊണ്ടിരുന്നു. ഞാൻ അതിൽ ജോലി ചെയ്തിട്ടുണ്ട്. നമ്മുടെ എം.ടി.യുടെ ജ്യേഷ്ഠൻ എം. ടി. ബാലകൃഷ്ണൻ നായർ, വിംസി എന്നു വിളിക്കുന്ന വി.എം.ബാലചന്ദ്രൻ, മുഹമ്മദുകുഞ്ഞി എന്നിവരും

ഉണ്ടായിരുന്നു. ഞാൻ ആദ്യമായി മദിരാശിയിലേക്കു വിദേശയാത്ര പോകുമ്പോൾ, ബാലകൃഷ്ണൻനായരും മഹമ്മദുകുഞ്ഞിയും റയിൽവേസ്റ്റേഷനിൽ വന്ന് എന്നെ യാത്രയാക്കിയ വികാരനിർഭരമായ രംഗം ഇന്നും എന്റെ ഓർമയിലുണ്ട്. മഹാകവി ജി, ഉറൂബ്, എസ്. ഗുപ്തൻനായർ, തിരുനല്ലൂർ, കെ. പത്മനാഭൻ നായർ എന്നിവരോടൊപ്പം ഡൽഹിയിലേക്കും ഇദം പ്രഥമമായി ഒരു വിദേശയാത്ര നടത്തിയിട്ടുണ്ട്. അക്കാലത്തൊന്നും ഞാൻ തിരുവനന്തപുരം കണ്ടിട്ടേയില്ല. പിന്നെ കുറച്ചു വലുതായപ്പോഴാണ് തിരുവനന്തപുരം കാണുന്നത്. വലിപ്പം പ്രായത്തിലല്ല. ഞാൻ അപ്പോഴേക്കും ആകാശവാണിയിൽ പ്രൊഡ്യൂസറായിക്കഴിഞ്ഞിരുന്നു.

*ഈയടുത്തകാലത്തായി പത്രമാസികവാരികാദികളിലെല്ലാം 'പുസ്തകം മരിക്കുന്നു', 'കവിത മരിക്കുന്നു', 'ചെറുകഥ മരിക്കുന്നു', 'വായന അസ്തമിക്കുന്നു' എന്നൊക്കെ കാണാറുണ്ടല്ലോ. മാഷ്ടെ അഭിപ്രായം എന്താ?*

പത്രങ്ങളും വാരികകളും ഇങ്ങനെ പറഞ്ഞാൽ മാത്രം പോരാ. ഇതിനായി ഓരോ പേജ് നീക്കിവയ്ക്കണം. ഓരോ ദിവസവും മരിക്കുന്ന പുസ്തകത്തിന്റെ ചിത്രവും വാർത്തയും കൊടുക്കണം... മനുഷ്യര് മരിച്ചാൽ പതിവുള്ളതുപോലെതന്നെ... പുസ്തകത്തിന്റെ പേര്, പ്രായം, ഇതുവരെയുള്ള സമ്പാദ്യം, അച്ഛന്റെ പേര്...

*ഒന്നിലധികം അച്ഛനുണ്ടെങ്കിൽ അതും കൊടുക്കാം, അല്ലേ?*

ദേ, നോക്ക്, നിന്റെ അഭിപ്രായം എന്റെ അഭിപ്രായമാക്കേണ്ട... അതു നീ പറഞ്ഞാൽ മതി... പിന്നെ മക്കൾ, മരുമക്കൾ എന്നതിനുപകരം പുസ്തകത്തിന്റെ പിൻഗാമികളുടെ പേര് കൊടുക്കാം... ഇനി സത്യം പറയട്ടെ... ഈ പറയുന്നതിലൊന്നും ഒരർഥവുമില്ല. എല്ലാകാലത്തും ഇങ്ങനെ ഓരോ നിലവിളി ഉയർന്നിട്ടുണ്ട്. കവിതയുടെ കൂമ്പടഞ്ഞു എന്നു പറഞ്ഞില്ലേ ഒരു കാലത്ത്? എന്നിട്ടെന്തുണ്ടായി? നല്ല പുസ്തകം ഒരിക്കലും മരിക്കില്ല, നല്ല കഥയും കവിതയുമൊന്നും മരിക്കില്ല...

*ഇനി, ഒരു സാങ്കൽപ്പികചോദ്യം: അടുത്ത അഞ്ചു വർഷം, ഏറ്റവും കുറഞ്ഞത് മൂന്നു വർഷം, വായനക്കാരുടെ ആരോഗ്യത്തെ മുൻനിർത്തി നിലവിലുള്ള എഴുത്തുകാർ യാതൊന്നും എഴുതിയുണ്ടാക്കാൻ പാടില്ല എന്നൊരു നിയമം വന്നാൽ മാഷ്ടെ പ്രതികരണം എന്തായിരിക്കും?*

എങ്കിൽ എന്റെ സന്തോഷം പറഞ്ഞറിയിക്കാനാവില്ല. അത്ര പെരുത്തു സന്തോഷം... എന്നാൽ മറ്റുള്ളവരുടെ കാര്യം അറിഞ്ഞുകൂടാ... എനിക്കു തോന്നുന്നു, ചിലപ്പോൾ ഈ കരിനിയമത്തിനെതിരേ വെളുക്കുവോളം ധർണകളുണ്ടാവും... സ്ഥിരം സമരപ്പന്തൽ... പിന്നെ, സാഹിത്യം മരിക്കാതിരിക്കാൻ ഒരു പോംവഴിയുണ്ട് കേട്ടോ... സ്പോൺസർഷിപ്പ്... ഓരോ നോവലിനും അല്ലെങ്കിൽ നാടകത്തിനതും നാലോ അഞ്ചോ സ്പോൺസറെ കണ്ടുപിടിക്കുക... എന്നിട്ട് ഇടയ്ക്കിടയ്ക്ക് കഥാപാത്രങ്ങൾ അതതു സ്പോൺസറുടെ പരസ്യം പറയുക... "നീ അടുത്തു വരുമ്പോൾ എന്താണൊരു പരിമളം?" എന്നു മകനോട് അമ്മ. "അമ്മേ, അതാണ് സൗഗന്ധിക പെരുങ്കായത്തിന്റെ മഹത്വം" എന്നു മകൻ. ഞാൻ ഇങ്ങനെയൊരു നോവൽ എഴുതാൻ നിശ്ചയിച്ചിട്ടുണ്ട്.

മറ്റൊരു ചോദ്യം... *അക്കാദമികളുടെ അവാർഡുകൾ സ്വീകരിക്കുന്നതിനല്ല, തിരസ്കരിക്കുന്നതിനാണ് കൂടുതൽ പബ്ലിസിറ്റി. സ്വീകരിച്ചാൽ ആരും അറിയില്ല... മാഷ് എന്തു പറയുന്നു?*

എന്റെ അഭിപ്രായം വളരെ ക്ലിയറാണ്. അവാർഡ് സ്വീകരിക്കാനെന്നപോലെ തിരസ്കരിക്കാനുമുള്ള അവകാശവും ഭരണഘടനയിലുണ്ട്. എങ്കിൽ നമുക്കൊന്നും ചെയ്യാനാവില്ല.

*ഇല്ലെങ്കിൽ വേണ്ട. ആട്ടെ, എഴുത്തുകാർക്ക് രാഷ്ട്രീയം ആവശ്യമാണെന്ന അഭിപ്രായമുണ്ടോ?*

ഇതെന്തു ചോദ്യം? എഴുത്തുക്കാർക്കു ശ്വാസം വലിക്കേണ്ട ആവശ്യമുണ്ടോ എന്ന് ആരെങ്കിലും ചോദിക്കാറുണ്ടോ?

*ഒരു എഴുത്തുകാരൻ എന്ന നിലയിൽ ജീവിതത്തിലുണ്ടായ അവിസ്മരണീയമായ ഒരനുഭവം പറയാമോ?*

പറഞ്ഞുനോക്കാം. നവംബർ ഒൻപതാണ് പഴശ്ശിയുടെ ചരമദിനം. ആകാശവാണിയുടെ ആവശ്യതിനു പഴശ്ശിയുടെ ജീവിതം ഇതിവൃത്തമാക്കി ഞാൻ ഒരു നാടകമെഴുതി. കിട്ടാവുന്ന ചരിത്രവസ്തുതകളൊക്കെ പഠിച്ചും എന്നാൽ തികച്ചും വ്യത്യസ്തമായ രീതിയിലുമാണ് ഞാനതെഴുതിയത്. അങ്ങനെ എഴുതിക്കൊണ്ടിരിക്കെ, ഒരു നിമിത്തം... ഏറ്റുമുട്ടലിൽ പഴശ്ശി വീരചരമം പ്രാപിക്കുന്നതിന്റെ തലേദിവസത്തെ കഥയാണ് ഞാൻ അപ്പോൾ എഴുതുന്നത്. സമയം രാത്രി. പഴശ്ശി തമ്പുരാൻ അന്നു മാവിലാക്കോവിലിനടുത്ത്, പുൽപ്പള്ളിക്കപ്പുറം നിൽക്കുന്നു. കൂടെ കുഞ്ഞാലിക്കെട്ടിലമ്മയുണ്ട്. അസ്വസ്ഥമായ രാത്രി... കെട്ടിലമ്മയോട് തമ്പുരാൻ പറഞ്ഞു: നീ പേരാമ്പ്രയ്ക്കു തിരിച്ചുപോകണം... എന്റെ കൂടെ ഇവിടെ കഴിയുന്നത് ശരിയല്ല... അകലെ അതാ വെടിയൊച്ച കേൾക്കുന്നു... ഞാൻ പൂജിക്കുന്ന സാളഗ്രാമവും പരദേവതയിൽനിന്നു കിട്ടിയ വാളും ഭദ്രമായി സൂക്ഷിക്കണം... അതിനു ഞാൻ വിഷ്ണുനമ്പൂതിരിയെ പറഞ്ഞയയ്ക്കുന്നു... നീയും കൂടെ പോകണം. കെട്ടിലമ്മ സമ്മതിച്ചില്ല. സന്തത സഹചാരിയായ നമ്പൂതിരിയാവട്ടെ, നിറമിഴിയോടെ പറഞ്ഞു: തിരുമേനീ, എനിക്കെല്ലാം മനസ്സിലായി. നാളെ രാവിലെ ഏറ്റുമുട്ടലു

ണ്ടാവും... അപായം സംഭവിക്കും... എനിക്കൊരപേക്ഷയേയുള്ളൂ: ഒരു വിദേശിയുടെ നീണ്ട വാൾ ഈ നെഞ്ചത്തും ഏറ്റുവാങ്ങാനുള്ള അനുമതി തരണം... തമ്പുരാനും നമ്പൂതിരിയും പൊട്ടിക്കരയുന്ന രംഗം... ഇതെഴുതി വന്നപ്പോൾ എനിക്കൊരു സംശയം. രാജാവിനെ നമ്പൂതിരി തിരുമേനീ എന്നു വിളിക്കുമോ? നമ്പൂതിരിയെ രാജാവ് നമ്പൂതിരി എന്നു വിളിക്കുമോ? രക്ഷപ്പെടാൻവേണ്ടി ഞാൻ നമ്പൂതിരിക്ക് ഒരു സാങ്കൽപ്പിക ഇല്ലപ്പേര് കൊടുത്തു: വാകയാട് ഇല്ലം... നമ്മുടെ പ്രേംജിയാണ് ആ നമ്പൂതിരിയെ അവതരിപ്പിച്ചത്... നാടകം നന്നായി... ഒരാഴ്ച കഴിഞ്ഞു. പഴശ്ശിയിൽ ഇപ്പോഴും ജീവിച്ചിരിക്കുന്ന തമ്പുരാൻ ആകാശവാണിയിൽ പാട്ടുപാടാൻ വന്നു. എനിക്കദ്ദേഹത്തെ അറിയില്ലായിരുന്നു. ഞങ്ങൾ തമ്മിൽ കണ്ടു. ഞാൻ സ്വയം പരിചയപ്പെടുത്തി. നാടകത്തിന്റെ കാര്യം പറഞ്ഞു. ഒരബദ്ധം ചെയ്തതും പറഞ്ഞു. ഗത്യന്തരമില്ലാത്തതിനാൽ നമ്പൂതിരിക്ക് വാകയാട് എന്ന സാങ്കൽപിക ഇല്ലപ്പേരു കൊടുത്തു. അന്നേരം, വിടർന്ന ചിരിയോടെ ഗായകൻ തമ്പുരാൻ പറഞ്ഞു: ഏയ്, അബദ്ധമൊന്ന്വല്ല. അതാണ് ശരി. വാകയാട് എന്ന ഒരു ഇല്ലം ഉണ്ടെന്നു മാത്രമല്ല, അവിടെയാണ് സാളഗ്രാമവും ഉടവാളും സൂക്ഷിക്കാൻ കൊടുത്തത്. ആ അകവും സാളഗ്രാമവും ഇപ്പോഴും അവിടെയുണ്ട്... സത്യം പറയട്ടെ, ഇതു കേട്ടപ്പോൾ എന്റെ മേലാകെ കോരിത്തരിച്ചു... എനിക്കു ലഭിച്ച ഏറ്റവും വലിയ അവാർഡാണ് തമ്പുരാന്റെ ആ വാക്കുകളും ആ മുഹൂർത്തത്തിൽ ഞാൻ അനുഭവിച്ച നിർവൃതിയും.

*ഇനി, ഒരു ചെയ്ഞ്ചിനുവേണ്ടി, അൽപം സിനിമക്കാര്യം... നല്ല കഥ കിട്ടാനില്ല എന്നു സംവിധായകർ... നല്ല കഥയില്ലാഞ്ഞിട്ടല്ല, മനസ്സിലാവുന്ന സംവിധായകരില്ലെന്ന് എഴുത്തുകാർ... മഷ് ഇതിൽ ഏതു ചേരിയിലാണ്?*

ചേരി പറയുന്നതിനു മുമ്പ് ഒരു മറുചോദ്യം പൂശട്ടെ... ഈ നല്ല കഥ, ചീത്ത കഥ എന്നൊക്കെ തീരുമാനിക്കുന്നത് ആരാ? ആരെങ്കിലും എന്തെങ്കിലും പറഞ്ഞതുകൊണ്ടായില്ലല്ലോ... പിന്നെ, നല്ല കഥയില്ല എന്ന് ആർക്കാണ് പറഞ്ഞുകൂടാത്തത്? സത്യം ഇതൊന്നുമല്ല. സാധനദൂഷ്യം അകൗശലലക്ഷണ എന്നു പറയാറില്ലേ... അതുതന്നെ.

*പുസ്തകം മരിക്കുന്നു, വായനക്കാരൻ മരിക്കുന്നു എന്നൊക്കെ പറയുന്നതുപോലെ–*

ബാക്കി ചോദ്യം ഞാൻതന്നെ ചോദിക്കാം: അതുപോലെയാണോ മലയാളം മരിക്കുന്നത്? അല്ല. മലയാളം മരിക്കുന്നുണ്ട്. മരിക്കലല്ല, മരിപ്പിക്കലാണ്... നന്നേ ചെറുപ്പം മുതൽക്കേ നമ്മുടെ കുട്ടികൾക്ക് മലയാള ഭാഷ അന്യമാണ്. ഇതു ക്രൂരമാണ്... വലിയ ദുരന്തവുമാണ്. ഈയിടെ ഹൈസ്കൂൾ കുട്ടികളുടെ ഒരു യോഗത്തിൽ പങ്കെടുത്തപ്പോൾ, മലയാളത്തിലെ അഞ്ചു മഹാകാവ്യങ്ങളുടെ പേരു പറയാമോ എന്നു ചോദിച്ചു, ഞാൻ അഞ്ചു പോയിട്ട് ഒന്നിന്റെ പേരു പോലും ആരും പറഞ്ഞില്ല. ഞാൻ ആ കുട്ടികളെ കുറ്റം പറയില്ല. അവരെ അങ്ങനെയാക്കിയ നമ്മളാണ് യഥാർഥ കുറ്റവാളികൾ... സർവകലാശാലകളിൽ പോലും മലയാളത്തിന് ഒരു പ്രാധാന്യവുമില്ല. കുട്ടികൾ ചെറുപ്പം മുതൽക്കേ നല്ലനല്ല കവിതകൾ വായിക്കണം. വായന ഒരു ശീലമാവണം. വായിച്ചുവായിച്ച് മനസ്സ് കനക്കണം... അതിനിപ്പോൾ ചൊല്ലാൻ പറ്റിയ കവിതകളുണ്ടോ? പറയാൻ പറ്റുന്ന കവിതകളാണധികവും. അതങ്ങിനെയായി... ആരെയും കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഉൾക്കാഴ്ചയിലല്ല, ചൊൽക്കാഴ്ചയിലും ചൊൽക്കെട്ടിലുമാണ് ഊന്നൽ.

*കവിതയ്ക്കു മാത്രമാണോ ഈ ദയനീയമായ അപചയം?*

അല്ലല്ലോ... നോക്ക്, ചലച്ചിത്രഗാനങ്ങളുടെ കാര്യം നോക്ക്... ഇന്നും നമ്മുടെ മനസ്സിൽ തുളുമ്പി നിൽക്കുന്നത് പി. ഭാസ്കരനും വയലാറും ഒ.എൻ.വി.യും മറ്റും എഴുതിയ ഗാനങ്ങളാണ്. പി. ഭാസ്കരന്റെ പല പാട്ടുകളും എപ്പോഴും എന്നെ പിന്തുടരാറുണ്ട്... "കരിമുകിൽ കാട്ടിലെ, രജനിതൻ വീട്ടിലെ - കടത്തു വള്ളം യാത്രയായി - കരയിൽ നീ മാത്രമായി" എന്ന ആ ഗാനം കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിൽ ഒരു ചിത്രം തെളിയുന്നു. അതേ സമയം, അന്നത്തെ, ഇന്നത്തെ എന്നൊക്കെ ഇന്നു പറയുന്നതിലും അർഥമില്ല. അന്നത്തെ കാലമല്ല ഇന്ന്. അന്നങ്ങനെ, ഇന്നിങ്ങനെ...

*മാഷ് എപ്പോഴെങ്കിലും അറിഞ്ഞോ അറിയാതെയോ രാഷ്ട്രീയത്തിൽ ഇറങ്ങിയിട്ടുണ്ടോ?*

ഇല്ല. എന്നാൽ ചെറുപ്പകാലത്ത് ആവേശമുണ്ടായിരുന്നു. മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബ് കെ.പി.സി.സി. പ്രസിഡന്റും ഇ.എം.എസ്. സെക്രട്ടറിയുമായിരുന്ന കാലം... ദേശീയപ്രസ്ഥാനത്തോടൊപ്പം ആചാര്യ വാസ്വാനി ആരംഭിച്ചതായിരുന്നു ശക്തിപ്രസ്ഥാനം. അതിന്റെ ഒരു ശാഖ തിക്കോടിയിലുമുണ്ടായി-ശക്തിമന്ദിരം. മനസ്സിനും ശരീരത്തിനും ശക്തി നൽകുക തന്നെ ലക്ഷ്യം... ഈ ശക്തിമന്ദിരത്തിലായിരുന്നു കെ.പി.സി.സി.യുടെ വോളന്റിയർ ക്യാംപുകൾ നടത്തിയിരുന്നത്. കൊണ്ടശ്ശേരി കൃഷ്ണൻ, കുഞ്ഞുണ്ണിനായർ, ഇ.പി. ഗോപാലൻ തുടങ്ങിയവർ വോളന്റിയർമാർ. ക്ലാസെടുത്തിരുന്നത് രാമമൂർത്തി, പി.സി. ജോഷി തുടങ്ങിയവർ... അവിടെ കൊളക്കാട് എന്ന സ്ഥലത്ത് ഒരു കർഷകയോഗം. കഷ്ടകാലത്തിന് എന്നെ അധ്യക്ഷനാക്കി. ഇ.പി. ഗോപാലന്റെ പ്രസംഗം. എന്റമ്മേ... രണ്ടുരണ്ടരമൂന്നു മണിക്കൂർ നേരം... പ്രസംഗം ശരവർഷം... മൂന്നു മണിക്കൂറൊന്നും അന്ന് ഇ.പി.ക്ക് ഒരു പ്രശ്നമല്ല. നല്ല ആരോഗ്യം, ചെറുപ്പം. എറ്റിയാൽ ചോര തെറിക്കുന്ന പ്രായം. വള്ളുവനാടൻ ഭാഷ. എന്റെ ജീവിതത്തിൽ ആദ്യമാ

യാണ് അത്രയും ശക്തമായ പ്രസംഗം കേൾക്കുന്നത്... പറഞ്ഞുവന്നതെന്താണെന്നുവച്ചാൽ, ഞാൻ രാഷ്ട്രീയത്തിൽ ചേർന്നിട്ടില്ല... അതുകൊണ്ട് ഒരു പാടു നേട്ടങ്ങളുണ്ടായിട്ടുണ്ട്. ഭൗതികനേട്ടങ്ങളല്ല, മാനസിക നേട്ടങ്ങൾ. എനിക്കു രാഷ്ട്രീയത്തിൽ ശത്രുക്കളില്ല... അന്നും ഇന്നും അതെ, ഭരണപക്ഷത്തു വന്നവരോട് ഒരു പ്രത്യേക അനുരാഗമോ, പ്രതിപക്ഷത്തുള്ളവരോട് കുടിപ്പകയോ ഒന്നും എനിക്കില്ല. രണ്ടു കൂട്ടരോടും നമ്മള് സൂക്ഷിച്ചു കളിക്കണം... പിന്നെ എന്റെ അനുഭവം പറയട്ടെ: രാഷ്ട്രീയമില്ലെങ്കിലും കഴിഞ്ഞുകൂടാം. രാത്രി കിടന്നാൽ ഉറക്കം വരും...

*പുരോഗമന സാഹിത്യപ്രസ്ഥാനം, അതിനെതിരേ ഒരു പ്രസ്ഥാനം - അങ്ങനെ സാഹിത്യത്തിൽ പല പ്രസ്ഥാനങ്ങളുമുണ്ടായിട്ടുണ്ടല്ലോ. മാഷ് ഇതിലേതിലെങ്കിലും ചേർന്നു പ്രവർത്തിച്ചിട്ടുണ്ടോ?*

ഇല്ല. അതിന്റെ കാരണവും പറയാം. പ്രസ്ഥാനംകൊണ്ടു സാഹിത്യം ഉണ്ടാക്കാൻ കഴിയില്ല. ഗോതമ്പ്, അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയവ റേഷൻഷോപ്പിലൂടെ, അല്ലെങ്കിൽ മാവേലിസ്റ്റോർ വഴി വിതരണം ചെയ്യാം. അതുപോലെ കുഞ്ഞുക്കുട്ടൻ തമ്പുരാൻ സ്റ്റോർ, ചെറുശ്ശേരിസ്റ്റോർ, തുഞ്ചത്തെഴുത്തച്ഛൻ സ്റ്റോർ എന്നിവയിലൂടെ കവിതയും കഥയും നാടകവുമൊന്നും കൊടുക്കാനാവില്ല.

*മാഷ് ഈശ്വരവിശ്വാസിയാണോ?*

അമ്പലത്തിൽ പോകുന്നതാണ് ഈശ്വരവിശ്വാസമെങ്കിൽ, ഞാൻ വിശ്വാസിയല്ല. എന്നാൽ എവിടെ കാരുണ്യമുണ്ടോ, എവിടെ സ്നേഹമുണ്ടോ, അവിടെ ഈശ്വരനുമുണ്ട് എന്നാണെന്റെ അടിയുറച്ച വിശ്വാസം. ഇത്രത്തോളം ആയ സ്ഥിതിക്ക് ഇനി ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ: തൽക്കാലം ഇത്രയും പോരേ? നമുക്ക് നാളെയും തമ്മിൽ കാണേണ്ടതല്ലേ? സംസാരിക്കേണ്ടതല്ലേ?

## പതിനാല്
# കേളീവിലാസങ്ങളിൽ

**പി**ന്നെ, അവരെപ്പറ്റി ഒന്നും പറഞ്ഞു കേൾക്കുയുണ്ടായില്ല. അറിഞ്ഞതുമില്ല. കഷ്ടമായി.

ആട്ടെ, അവരെപ്പറ്റി പിന്നീടെപ്പോഴെങ്കിലും അന്വേഷിക്കുകയുണ്ടായോ? ഇല്ല. അത് അതിലേറെ കഷ്ടമായി...

അവരിപ്പോൾ എവിടെയാണാവോ! എന്തെടുക്കുകയാണാവോ?

അവർ - പതിനൊന്നും പതിനൊന്നും മൊത്തം ഇരുപത്തിരണ്ടു വനിതാ താരങ്ങൾ. മണ്ണിൽ തിളങ്ങുന്ന താരങ്ങൾ, തരാതരംപോലെ മണികെട്ടിയ പണിത്തരങ്ങൾ, കരുത്തിന്റേയും കാൽവിരുതിന്റേയും അവതാരങ്ങൾ. ഉയർന്നു പറന്നു വെട്ടും തടവും നടത്തുന്ന ഉണ്ണിയാർച്ചകൾ, വിരവൊടു നടകൾ പലതുമിടകലർന്ന അടവുകൾ. ചുറ്റും പൊടിപടലങ്ങളുയർത്തുന്ന പൊടിക്കൈകൾ, മാനം നോക്കിയും എതിരാളികളുടെ മാനം പോക്കിയും ഉതിർക്കുന്ന മനോധർമ്മങ്ങൾ...

ടോ. കുതിരേ, ഇതാരേപറ്റ്യാണ് ഈ പാട്ണ്?

ഓർക്കാപ്പുറത്ത് ഇടിവെട്ടുപോലെ പിന്നിൽനിന്ന് ഈ ചോദ്യം കേട്ടപ്പോൾ ആത്മഗദ്ഗദം മുറിഞ്ഞു. ഞാൻ തിരിഞ്ഞുനോക്കി. അതാ നിൽക്കുന്നു, വെട്ടിക്കാട്ടിടി ലോന അന്തോണി എന്ന ലോനപ്പൻ. ഒരു ഫുൾ ലൈനപ്പൻ. കോളേജിൽ പഠിക്കുന്ന കാലത്തു ഹോസ്റ്റലിൽ എന്റെ സഹമുറിയനായിരുന്നു. ഇടയ്ക്കിടയ്ക്കു അസാരം പൂശും എന്നതൊഴിച്ചാൽ വിശേഷിച്ചൊരു ഏനക്കേടുമില്ല. റമ്മി കളിക്കുകയോ കാബറേ കാണുകയോ വല്ലപ്പോഴും വല്ലതും വായിക്കുകയോ ഒന്നും ചെയ്യില്ല. എന്നാലോ അടിമുടി ഒരു സഹായിയാണു താനും. സാക്ഷാൽ ശേഷസഹായി തന്നെ. ചുരുക്കത്തിൽ ഒരു നല്ല ഉരുപ്പടി.

ലോനേടെ ചോദ്യം കേട്ട് ഉണർന്നതുമാതിരി നടിച്ചു ഞാൻ പറഞ്ഞു:

സംഗതി നേരുതന്നെ. ആരേപ്പറ്റിയാണെന്നു തുടക്കത്തിലേ പറയേണ്ടതായിരുന്നു. വിട്ടുപോയി. അപ്പോഴേക്കും ആവേശം വന്നതാണു കാരണം. സോറി.

എന്തൂട്ട്ണ് സോറി? വിഷയം പറേഡാ...

പറയാം. കേരള കർണാടക വനിതാ ഫുട്ബോൾ താരങ്ങളെപ്പറ്റി.

ലോനപ്പൻ ചിരിച്ചു. മാക്സിമം ചിരിച്ചു. ആ ചിരിയുടെ അർത്ഥം ഇതായിരുന്നു.

എടോ, തനിക്ക് ഈ ഫുട്ബോളിനേപ്പറ്റി വല്ലതും അറിയാവോ? എന്നിട്ടാണിപ്പോൾ...

അതിൽ ഒട്ടൊരു സത്യം ഇല്ലായ്കയുമില്ല. സ്വതവെ, കഥകളി ഒഴികെ, മറ്റൊരു വിധം കളികളിലൊന്നും ഈയുള്ളവനു കമ്പമില്ല. എന്നാൽ ഈവകയൊന്നും ആയുസ്സിലിതുവരെ കണ്ടിട്ടില്ലെന്നോ കാണില്ലെന്നോ പറഞ്ഞുകൂട താനും. ഒരു ബാസ്കറ്റ്ബോൾ പോയി കണ്ടുവന്നാലേ ഭക്ഷണം കിട്ടൂ എന്നു ഘട്ടം വന്നാൽ പോകും. കാണും, അതുകാര്യം വേറെ. ഇക്കൂട്ടത്തിൽ തീരെ സഹിക്കാനാവാത്തതു, സംശയമില്ല, ക്രിക്കറ്റുതന്നെ. അതിന്റെ കോഡ്ഭാഷ കേട്ടാൽത്തന്നെ ഒരക്ഷരം മനസ്സിലാവില്ല. വിക്കറ്റ് തകർന്നു, ഇന്നിംഗ്സ് നിവർന്നു, ബൗളിംഗ് ചോർന്നു. റൺസ് കവർന്നു - അങ്ങനെ ഒരുവക. പിന്നെ എൽ.സി.എം., ജി.സി.എം, എൽ.ബി.ഡബ്ള്യൂ, എം.ആർ.കെ.സി., ഐ.കെ.കെ.എം. എന്നിങ്ങനെ മറ്റൊരു വക! ലോകത്തു എവിടെയെങ്കിലും കഷ്ടകാലത്തിനൊരു ടെസ്റ്റുണ്ടായാൽ, പിന്നെ റേഡിയോവിന്റെ തലയ്ക്കു വട്ടാണ്. (അക്കാലത്ത് ടെലിവിഷന്റെ ശല്യം തുടങ്ങിയിട്ടില്ല. ഭാഗ്യം) രാപ്പകലില്ലാതെ കറു കറു കറു എന്ന് പിറുപിറുത്തുകൊണ്ടേയിരിക്കും. അതൊക്കെ സഹിക്കാം. കൂട്ടത്തിലൊരു നാണക്കേടും. എന്നേക്കാൾ എത്രയോ പ്രായം കുറഞ്ഞ, കഷ്ടിച്ചു ബുദ്ധിയുറച്ചു. ഉറച്ചില്ല എന്ന പ്രായത്തിലുള്ള കുഞ്ഞുങ്ങൾ ഓടിക്കയറി വന്നു ചോദിക്കുന്നു:

മാമാ, ലേറ്റസ്റ്റ് സ്കോർ അറിയാമോ? ഒന്നു പറയൂ പ്ലീസ്!

ഞാനെവിടെ നിന്നു പറയാൻ? എങ്ങനെ പറയാൻ? ആ കുട്ടികളെ നിരായുധനായി എങ്ങനെ അഭിമുഖീകരിക്കും? ഒരു റെഡിമെയ്ഡ് മറുപടി പഠിച്ചു വെച്ചിരിക്കയാണ്. അസുഖം അഭിനയിച്ചു ഞാൻ പറയും:

മാമനു നല്ല സുഖമില്ല. സ്കോർ ശ്രദ്ധിച്ചില്ല...

എന്നാൽ, ദൈവദോഷം പറയരുതല്ലോ, ഫുട്ബോളിൽ ഈയുള്ളവന് അല്പസ്വല്പം കമ്പം തന്നെയുണ്ട്. അങ്ങനെ കൊട്ടിഘോഷിക്കാറില്ലെങ്കിലും. ഈയൊരു രഹസ്യം ഫുട്ബോളിനറിയാം. എനിക്കും അറിയാം. പിന്നെ അബുവിനും അറിയാം. (അബു = മനോരമയിലെ അബു. ഉഗ്രൻ സ്പോർട്സ് ലേഖകൻ. അബു ബെൻ ഏഡം, മേ ഹിസ് ട്രൈബ് ഇൻക്രീസ്...) കൂട്ടത്തിലൊരു സ്വകാര്യം കൂടി പറയട്ടെ: എന്റെ ഓർമ ശരിയാണെങ്കിൽ, മറ്റം സെന്റ് ഫ്രാൻസീസ് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തു ഒന്നോ രണ്ടോ തവണ ഞാൻ ഫുട്ബോൾ കളിച്ചിട്ടുണ്ട്? രണ്ടാമത്തെ തവണ കളിച്ചപ്പോഴാണെന്നു തോന്നുന്നു, വലതുകാ

ലിലെ പെരുവിരലിന്റെ നഖം അടർന്നുപോയി. എതിർ ടീമിലുണ്ടായരുന്ന കറുത്ത നായ കാരയ്ക്കാട്ടു ശ്രീധ രൻ ഓടി വന്ന് ഒരു പെട പെടച്ചതാണു കാരണം. ഒരുപക്ഷേ, ഗ്രൗണ്ടിൽ ഞാൻ വല്ലാതെ ഷൈൻ ചെയ്യു ന്നതു കണ്ടതുകൊണ്ടുണ്ടായ ഇണ്ടൽകൊണ്ടാവാം ശ്രീധരൻ ഈ ചതി പ്രയോഗം നടത്തിയത്. ഏതാ യാലും ഞാൻ അന്നു കളി നിർത്തി, ഫുട്ബോൾ തൊട്ടു സത്യം ചെയ്തു. ഇനി, കൈകൊണ്ടല്ലാതെ കാലുകൊണ്ടു നിന്നെ തൊടില്ല. അതിനുശേഷം കളി യ്ക്കുന്നതിനേക്കാൾ ഹരം കളി കാണുന്നതിലും കളി പ്പിക്കുന്നതിലുമായി.

ഡോ മാഷേ, താനൊരു...

സോറി, ലോനപ്പാ, സോറി. ഫ്ളാഷ്ബാക്ക് ഇ വിടെ നിർത്തുന്നു.

ഞാൻ ഓർത്തുകൊണ്ടിരുന്നത് ആരേപ്പറ്റിയാ യിരുന്നു എന്ന് അല്ലേ?

കേരള കർണാടക വനിതാ ഫുട്ബോൾ താര ങ്ങളെപ്പറ്റിത്തന്നെ.

വിശേഷിച്ചൊരു പ്രകോപനവുമില്ലാതെ ഇപ്പോൾ അവരെപ്പറ്റി ഓർക്കാൻ കാരണമെന്താണെ ന്നൊരു ചോദ്യവും വരാം. കാരണവും പറയാം.

കോഴിക്കോട്ടെ വിശാലമായ സ്റ്റേഡിയം ഗ്രൗണ്ടിൽ, ഒരു നാൾ, ഒരു രസത്തിനു നാഗ്ജി ജൂബിലി ഫുട്ബോൾ മത്സരം കാണാൻ പോയി. അന്നത്തെ മത്സരം സാമാന്യം നന്നായിരുന്നു. (വീണ്ടും സോറി ലോനപ്പൻ, ടീമുകളുടെ പേരുകൾ മറന്നുപോയി. രണ്ടു ടീമുകളുണ്ടായിരുന്നു തീർച്ച.) ആ മത്സരം മറ നീക്കിയ ആവേശകരമായ രംഗങ്ങൾ ഒന്നൊന്നായി കൺമുന്നിൽ തെളിഞ്ഞപ്പോൾ, എന്റെ മനസ്സ് 1975 ഡിസംബർ 29 എന്ന തിങ്കളാഴ്ചയിലേക്കു കുതിച്ചുപോയി. പിന്നീട് സന്തോഷ് ട്രോഫി ഇടപാ ടുകളായി മാറിയ സാക്ഷാൽ സന്തോഷ് ട്രോഫി മത്സ രങ്ങൾ കത്തി നിൽക്കുന്ന സമയം. അതിനിടയിലാണ് ആ തിങ്കളാഴ്ച, കേരള കർണാടക വനിതാ ടീമുകൾ ഏറ്റുമുട്ടിയത്. അന്നത്തെ ചിലചില രംഗങ്ങൾ...

പതിനായിരക്കണക്കിനാളുകൾക്ക് ഇരിക്കു വാനും നില്ക്കാനും സൗകര്യമുള്ള സ്റ്റേഡിയം ഗ്രൗണ്ട്, അകത്തും പുറത്തും അക്ഷരാർത്ഥത്തിൽ "ഹൗസ്ഫുൾ" ആയിരുന്നു. സന്ധ്യയ്ക്കു ദീപാരാ ധന കഴിഞ്ഞു വിളക്ക് (ഫ്ളഡ്ലിറ്റ്) കൊളുത്തിയ തിനു ശേഷമേ മത്സരം തുടങ്ങിയിരുന്നുള്ളുവെങ്കിലും ജനം നട്ടുച്ചപ്പൊരിവെയിലത്തുതന്നെ ഗ്രൗണ്ടിൽ സ്ഥലം പിടിച്ചുതുടങ്ങി. വനിതാതാരങ്ങളുടെ മോറൽ സപ്പോർട്ട് കുറഞ്ഞു പോകരുതല്ലോ എന്നു കരുതി യാവണം. ഗ്രൗണ്ടിന്റെ സിംഹഭാഗവും വനിതാ പ്രേക്ഷകർ നേരത്തെതന്നെ കൈയടക്കി. വയസ്സു തികയാത്ത കുട്ടി മുതൽ വയസ്സു പറയാൻ വയ്യാത്ത മുത്തി വരെ എല്ലാ തരക്കാരും അക്കൂട്ടത്തിലുണ്ടാ യിരുന്നു. സിഗ്നൽ കിട്ടിയാൽ പറക്കാൻ തയ്യാറെടു ത്തു. ചിറകു വിടർത്തി, തൊട്ടുരുമ്മി ഇരിക്കുന്ന ചിത്ര ശലഭങ്ങളുടെ സങ്കേതം മാതിരിയുണ്ടായിരുന്നു തെക്കെഗാലറി. താരതമ്യേന വെയിൽ കുറഞ്ഞ പടി ഞ്ഞാറെ ഗാലറിയിലാവട്ടെ, അതാ ചില താൽക്കാ ലിക തൊട്ടിലുകൾ, ബിസ്കറ്റുകൾ, മുലക്കുപ്പികൾ, താരാട്ടുപാട്ടുകൾ... വേഷഭൂഷാദികളുടെ കാര്യം പറ യുകയും വേണ്ട. വസ്ത്രം തീരെയില്ലെന്നുണ്ടോ എന്ന ആശങ്കയുണർത്തുന്ന രീതി മുതൽ രണ്ടോ മൂന്നോ പേർക്കു ധരിക്കാവുന്ന വസ്ത്രങ്ങളത്രയും ഒരേയൊ രാൾ ഉടുത്തണിഞ്ഞ രീതി വരെ എല്ലാമുണ്ടായിരു ന്നു. എല്ലാം മാച്ച് ചെയ്യുവാനായി എല്ലാവരും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വെളുത്ത കുഞ്ഞുങ്ങളുള്ള വർ സർവത്ര വെളുത്ത വേഷം, കറുത്ത കുഞ്ഞുങ്ങ ളുള്ളവർ കറുകറുപ്പു വേഷം. പച്ചയാണെങ്കിൽ എല്ലാം പച്ചതന്നെ, പച്ചസാരി, പച്ച ജാക്കറ്റ്, പച്ച ചെരിപ്പ്, പച്ചക്കല്ലുമാല, പച്ച വള, പച്ച ജിംക്കി, പച്ച ഹാൻഡ് ബാഗ്, കുഞ്ഞുമോനു കറുത്ത തലയിൽ പച്ചത്തൊ പ്പി, പച്ച ഉടുപ്പ്, അവനു തിന്നാൻ പച്ചപ്പുല്ല്...

ആവേശത്തിന്റെ കാര്യത്തിൽ പുരുഷന്മാരും ഒട്ടും മോശക്കാരായിരുന്നില്ല. എന്നാൽ വനിതകളുടെ മത്സരമായിരുന്നതിനാൽ അവർക്കൊരു ലിമിറ്റേഷൻ! അതിരു കടന്ന ആവേശം കാണിച്ചാൽ ഭാര്യമാർ തെറ്റി ദ്ധരിച്ചാലോ? കളി കഴിഞ്ഞാൽ കേരള കർണാടക ടീമുകളിലെ താരങ്ങൾ അവരുടെ പാട്ടിനു പോകും. പിന്നെ വീട്ടിലെന്നും ക്വാർട്ടർ ഫൈനലും സെമി ഫൈനലുമായാൽ നന്നല്ലല്ലോ. അതിനാൽ പുരുഷ ന്മാർ പൊതുവെ അകത്തു നുരഞ്ഞു പൊന്തിയ ആവേശം അത്രമേൽ അടക്കിയൊതുക്കിയാണു മത്സരം കണ്ടതും മത്സരം കണ്ടിരുന്നവരെ കണ്ടതും...

മത്സരം നടന്ന ഗ്രൗണ്ടിലെ രംഗങ്ങളോ? ശിവ ശിവ...

കേരള ടീമിലെ പത്തുകളിക്കാരും കുമാരിമാ രായിരുന്നു (അന്നത്തെ സ്ഥിതി വിവരക്കണക്കാണേ!) പത്തു വിലാസലതികകൾ. അവരുടെ ലാസ്യം ഒന്നു വേറെ തന്നെ. എതിരാളിയുടെ കാൽ പലയ (ഫു ട്ബോളിൽ കരവലയം പാടില്ലല്ലോ) ത്തിൽ പന്ത് അടർത്തിയെടുത്തു നീങ്ങുമ്പോൾ, പലരുടേയും മുഖത്ത് നഷ്ടപ്പെട്ടുപോയെന്നു കരുതിയ ഇഷ്ട കാമുകനെ തിരിച്ചുകിട്ടിയ ആഹ്ലാദാനുഭൂതികളായി രുന്നു! എതിർച്ചേരിയിൽ നിന്ന് പന്ത് കവർന്നെടു ക്കാനും പിന്നീടത് സ്വന്തം ചേരിയിലെ തോഴികൾക്കു പകർന്നു കൊടുക്കാനും ഈ വനിതാതാരങ്ങൾ വാശി യോടുകൂടി ഗ്രൗണ്ടിൽ കാഴ്ചവെച്ച നീക്കങ്ങൾക്കിട യിൽ അവരറിയാതെ ഭരതനാട്യത്തിന്റേയും കുച്ചിപ്പു ടിയുടേയും നടകളും ചുവടുകളും കാണായി. പെണ്ണു ങ്ങൾ തമ്മിലിണങ്ങിയാലുള്ള ഇഴയടുപ്പവും ഇടഞ്ഞാ ലതിന്റെ കടുപ്പവും പ്രത്യേകം വ്യക്തമായിരുന്നു – സട കുടഞ്ഞാൽ സിംഹക്കുട്ടി, മുടി മെടഞ്ഞാൽ

മാൻപേട!

കർണാടക ടീമിലെ ഗായത്രി പൊന്നമ്മ ഒരിക്കൽ, മറുചേരിയിൽ നിന്ന് ചീറിവന്ന് ഒരു പന്ത് അതി മനോഹരമായി ഹെഡ് ചെയ്യുകയുണ്ടായി. പക്ഷേ, സംഭവം മൂക്കുകൊണ്ടായിപ്പോയെന്നു മാത്രം. വിവരം കാണികൾ അറിഞ്ഞു എന്നു മനസ്സിലായപ്പോൾ, ഓ, ആ താരത്തിന്റെ നാണം! ഫുട്ബോളിനേക്കാൾ അല്പം വലിപ്പം കൂടിയ താരം - കേരളത്തിന്റെ ക്രിസബെൽ - ഗ്രൗണ്ട് നിറഞ്ഞു കളിച്ചതു കളിക്കാർക്കിടയിൽ ആശയക്കുഴപ്പവും കാണികളിൽ ആവേശവുമുളവാക്കി. രണ്ടു വയസ്സുള്ള കുഞ്ഞിന്റെ അമ്മ ജെസ്സിയായിരുന്നു കേരളത്തിന്റെ ഗോളി. ഗോൾ വലയത്തിലേക്ക് കുതിച്ചുവന്നുകൊണ്ടിരുന്ന ഓരോ പന്തും അവർ തൊട്ടിലിൽ നിന്നു പിഞ്ചുകുഞ്ഞിനെ മാറത്തടക്കിപിടിക്കുന്നതുപോലെ, അത്ര അനായാസമായി കൈകാര്യം ചെയ്തിരുന്നു. ജെസ്സി കൈനീട്ടി കാട്ടിയാൽ മതി പന്തുകുഞ്ഞ് ഓടിച്ചെല്ലുകയായി!

അപ്പുറത്തു കർണാടകത്തിന്റെ ഗോളിയുടെ നിൽപ്പ് അഥവാ പോസ് കണ്ടാലോ? ഈ വശത്തേക്കു വരാൻ മടിക്കുന്ന പന്തിനോട് "എന്തഹേ വല്ലഭാ ഇന്നേരം മൗനഭാവം?" എന്നു ചോദിക്കുന്ന മോഹിനിയാട്ടത്തിലെ രംഗമാണെന്നു തോന്നും. അത്ര വിലാസലാസ്യം! എന്നാൽ വല്ലപ്പോഴും ഗോൾ മുഖത്തേക്കു പന്തു ചീറി വന്നാലോ, ചക്കയുടെ ചുള പറിക്കുന്ന ലാഘവത്തോടെ അവൾ പന്തുകൈയടക്കുന്നു...

ടോ, കഴിഞ്ഞതൊക്കെ ഓർത്തിട്ടെന്തൂട്ടാടോ, കാര്യം? - ലോനപ്പൻ ചോദിച്ചു.

ഒരു കാര്യവുമില്ല.

എന്നാൽ താൻ വാ.

എങ്ങോട്ട്?

നാഗ്ജിക്ക്.

കളി കാണാനാണോ?

ആഡോ മനുഷ്യാ താൻ വാ. ഇന്ന് ബഗാൻ കളിക്കുന്നുണ്ടെടോ. അവരൊരു കലക്ക് കലക്കും. താൻ വാടോ.

ശരി വരുന്നു.

## പതിനഞ്ച്

# ഓർമകളിൽ ജീവിക്കുന്ന ടി.കെ.ജി.

**"താ**ൻ ഇനി എങ്ങോട്ടും പോവണ്ട. നമുക്ക് ഈ 'നവജീവ'നൊന്നു നന്നാക്കിയെടുക്കാം. എന്താടോ സമ്മതമല്ലേ?" - പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, സാകൂതം ചിരിച്ചു മുഖം താഴ്ത്തി കണ്ണടയ്ക്കിടയിലൂടെ നോക്കി ചോദിച്ചപ്പോൾ, അവിവാഹിതനും സാഹസികനും ചെറുപ്പക്കാരനുമായ ആ 'സഖാവി'നു സമ്മതം മൂളാതിരിക്കാൻ കഴിഞ്ഞില്ല.

അതൊരു സ്ഥാനരോഹണമായിരുന്നു. തൃശൂരിൽ നിന്നു പ്രൊഫ. മുണ്ടശ്ശേരി ആരംഭിച്ച 'നവജീവൻ' എന്ന പത്രത്തിന്റെ എഡിറ്റോറിയൽ ബോർഡിൽ (ബോർഡോ! അന്ന് എഡിറ്ററും ബോർഡും എല്ലാം ഒരാളായിരുന്നു) സ.ടി.കെ.ജി.നായർ സാരഥിയായി. മുഖ്യപത്രാധിപർ മാസ്റ്റർ തന്നെ. നമ്പർ ടൂ ടി.കെ.ജി.

ആ സ്ഥാനാരോഹണത്തെപ്പറ്റി ഒരു കഥ കേട്ടിട്ടുണ്ട്. അന്ന് കേരളവർമ്മ കോളേജിൽ പഠിച്ചരുന്ന എം.ആർ. ചന്ദ്രശേഖരനെ, വേറെ ആളില്ലാത്തതുകൊണ്ടു മുണ്ടശ്ശേരി മാസ്റ്റർ നവജീവന്റെ ഓഫീസിൽ പിടിച്ചിരുത്തി. എഴുതാനും വായിക്കാനും തിരുത്താനും താൻമാത്രമേയുള്ളൂ എന്നു വന്നപ്പോൾ ചന്ദ്രശേഖരന്റെ ആദ്യത്തെ ആവേശം തണുത്തു. കൂടെ പഠിപ്പും നടത്തണമല്ലോ. പക്ഷേ സമയമില്ല. ഓഫീസ് പണിയിൽ മുഴുകി. ഊണില്ല, കുളിയില്ല, ദിവസങ്ങൾ പലതായി. അങ്ങനെയിരിക്കെയാണ് ടി.കെ.ജി.യെ മുണ്ടശ്ശേരി മാസ്റ്റർ പാർട്ടി ഓഫീസിൽനിന്നു കണ്ടെത്തിയതും പിടിച്ചുകൊണ്ടുവന്നതും. ടി.കെ.ജി.യെ കണ്ടതും "ഞാൻ ഒന്നു കുളിച്ചിട്ട് ഇപ്പോ വരാം" എന്നു പറഞ്ഞു ചന്ദ്രശേഖരൻ ഒരു പോക്ക് പോയതാണത്രെ. പിന്നെ പൊങ്ങിയത് കേരളവർമ്മയിലെ ബി.ഒ.എൽ. ക്ലാസിൽ.

### കലയും വിപ്ലവവും

തല നിറയെ വിപ്ലവ ചിന്തകളും കൈവശം അല്പസ്വല്പം കലയുമായി കൽക്കട്ടയിലും ബാംഗ്ലൂരിലും ഊട്ടിയിലും നടന്നു. കൽക്കട്ടയിൽ വിപ്ലവ വീര്യം കാണിച്ചതു ബി.എ.യ്ക്കു ചേർന്ന അശുതോഷ് മുഖർജി കോളജിൽ. താമസമുണ്ടായില്ല. അന്നത്തെ ഗ്ലാമർതാരമായ പാർവതി കൃഷ്ണനോടൊപ്പം ജയിലിലായി. അങ്ങനെ പല വഴിക്കും നടന്നതിനുശേഷമാണു കേരളത്തിൽ പാർട്ടി പ്രവർത്തനങ്ങളിൽ സഹായിക്കാൻ എത്തിയത്.

"മുണ്ടശ്ശേരി മാസ്റ്ററുടെ ശ്രദ്ധയിൽപ്പെട്ടില്ലായിരുന്നെങ്കിൽ ഞാൻ ആരാകുമായിരുന്നു, എന്താകുമായിരുന്നു... ഓർക്കാനേ വയ്യ..." - ടി.കെ.ജി. പറയുമായിരുന്നു. അവസാനഘട്ടംവരെ ടി.കെ.ജി.യുടെ ഏറ്റവും ആരാധ്യനായ ഗുരുനാഥൻ മുണ്ടശ്ശേരി മാസ്റ്റർ തന്നെയായിരുന്നു.

പത്രപ്രവർത്തനവുമായി പൂർവകാല പരിചയമേതുമില്ലാതിരുന്ന ടി.കെ.ജി. വളരെ പെട്ടെന്ന് ആ രംഗത്തു വിദഗ്ധനായി. എഴുത്തിൽ വേഗത, തീവ്രത, കൃത്യത ഈ മൂന്നും ടി.കെ.ജി.യുടെ പ്രത്യേകതകളായിരുന്നു. അന്നു നവജീവന്റെ തിരുവനന്തപുരം ലേഖകനായിരുന്ന കെ.പി.എസ്. ഇളയത് ടെലിഫോണിലൂടെ പകർന്നിരുന്ന സുദീർഘമായ നിയമസഭാ സമ്മേളന വാർത്തകൾ ഉൾപ്പെടെ എല്ലാം മൂളിക്കേട്ടു കുറിച്ചെടുത്തു ലീഡും സൂപ്പർ ലീഡും ഡീസിയും ആങ്കറും ബോക്സും മറ്റുമായി തരംതിരിച്ചു ടി.കെ.ജി. എഴുതിക്കൊടുക്കുന്നത് കണ്ട്, നവജീവനിൽ ടി.കെ.ജി.യുടെ എളിയ ശിഷ്യനായിരുന്ന ഈ ലേഖകൻ അന്തംവിട്ടു നിന്നിട്ടുണ്ട്.

### എല്ലാ ജോലിയും

എഴുത്തു മാത്രമല്ല, പത്രസംബന്ധമായ എല്ലാ ജോലിയും ടി.കെ.ജി. പഠിച്ചിരുന്നു - കമ്പോസിംഗ് വരെ. വേണ്ടിവരുമ്പോൾ അതു പ്രയോഗിക്കാൻ മടിച്ചിരുന്നില്ല. ഒരു രംഗം ഓർമ്മവരുന്നു.

പരിമിതമായ യന്ത്ര സാങ്കേതിക സംവിധാനം മാത്രമുള്ള പത്രമായിരുന്നു നവജീവൻ. ഒരുനാൾ ടി.കെ.ജി. ചോദിച്ചു.

"അച്ചടിച്ചിരുന്ന പത്രങ്ങൾ മടക്കാൻ അറിയാമോ തനിക്ക്?"

ചോദ്യം കേട്ട് എനിക്കു രണ്ടുതരത്തിൽ അതൃപ്തി തോന്നി. ഒന്ന്, പത്രം മടക്കാൻ അറിഞ്ഞുകൂടാ. രണ്ട്; സബ് എഡിറ്ററായ ഞാൻ പത്രം മടക്കുകയോ? അതിനു വേറെ ആളില്ലേ?

അന്നേരം, എന്നെ ശ്രദ്ധിക്കാതെ ടി.കെ.ജി. പറഞ്ഞു. "എഴുതാനും പ്രൂഫ് വായിക്കാനും മാത്രം അറിഞ്ഞാൽ പോരാ. കമ്പോസിംഗ് പഠിക്കണം. ഏതായാലും ഇന്നു രാത്രി പത്തുനൂറു പത്രം മടക്കി നോക്ക്..."

മനമില്ലാമനസ്സോടെ ഞാൻ അനുസരിച്ചു. ടി.കെ.ജി. അതു സ്വകാര്യമായി അന്വേഷിച്ചറിഞ്ഞിരുന്നു. പിറ്റേന്നു രാവിലെ കണ്ടപ്പോൾ, വാൽസല്യം നിറഞ്ഞ ചിരിയോടെ ചോദിച്ചു:

"പത്രം മടക്കാൻ പറഞ്ഞപ്പോൾ തനിക്കു വെറുപ്പു തോന്നി അല്ലേ?"

"ഓ, അങ്ങനെയൊന്നുമില്ല-" ഞാൻ നുണ പറഞ്ഞു.

"പത്രം മടക്കാൻ ഇവിടെ ആളില്ലാഞ്ഞിട്ടല്ല -

“ടി.കെ.ജി. തുടർന്നു: “നമ്മൾ എല്ലാ പണിയും പഠിച്ചിരിക്കണം. വേണ്ടിയിട്ടല്ല, തന്റെ മനോഭാവം എന്താവുമെന്നറിയാൻ വേണ്ടി പറഞ്ഞതാണ്...” എന്റെ തോളിൽ തട്ടി ടി.കെ.ജി. വീണ്ടും - “ഇന്നു നമ്മൾ ഒരുമിച്ചാണു ഭക്ഷണം. ഇന്നെന്റെ പിറന്നാളാണ്...”

**വലിപ്പം**

‘നവജീവൻ’ ഒരു ചെറിയ പത്രമായിരുന്നു. എല്ലാ അർത്ഥത്തിലും. എന്നാൽ ടി.കെ.ജി. ആ ചെറുപ്പത്തെ വലിപ്പമാക്കി മാറ്റി. ടി.കെ.ജി.യുടെ ഏറ്റവും അടുത്ത സുഹൃത്തുക്കളിലൊരാളായ കൊളാടി ഗോവിന്ദൻകുട്ടി, നവജീവൻ ഓഫീസിൽ വന്നു കയറുമ്പോൾ പറയും.

‘ഉണ്ണ്യേട്ടന്റെ ആ ഇരിപ്പും ഭാവവും എഴുത്തും മറ്റും കണ്ടാൽ ഇതൊരു ലണ്ടൻ ടൈംസോ, നാഷനൽ ഹെറാൾഡോ മറ്റോ ആണെന്നു തോന്നും... സമ്മതിച്ചു ഞാൻ ഉണ്ണ്യേട്ടനെ...’

അക്കാലത്തു ജനം നവജീവൻ വാങ്ങി വായിച്ചിരുന്നത്, വാർത്തകൾ അറിയാനായിരുന്നില്ല, മുണ്ടശ്ശേരി മാസ്റ്ററുടെ സുദീർഘമായ മുഖപ്രസംഗങ്ങൾ വായിക്കാനായിരുന്നു. നാലും അഞ്ചും കോളം നിറയെ മുഖപ്രസംഗം അടിയിൽ ഒരു ഒപ്പും. കമ്പിനു കമ്പിനു കല്ലും കവണയും വച്ച്. എതിരാളികളെ നിർത്തിപ്പൊരിക്കുന്ന ഇരുതലമൂർച്ചയുള്ള വാക്കുകള് പ്രയോഗിച്ച്, മാസ്റ്റർ കാച്ചിവിട്ടിരുന്ന മുഖപ്രസംഗങ്ങളോരോന്നും അതതു ദിവസത്തെ സംസാര വിഷയമാവുമായിരുന്നു. ചില ദിവസങ്ങളിൽ, പറഞ്ഞിട്ടും പറഞ്ഞിട്ടും തീരാത്ത മുഖപ്രസംഗത്തിന്റെ അടിയിൽ ‘തുടരും’ എന്നു ചേർക്കാറുണ്ട്. എഴുത്തിനുമുൻപ് ടി.കെ.ജി.യുമായുള്ള മാസ്റ്ററുടെ ചർച്ച രസകരമായിരുന്നു. വൈകുന്നേരങ്ങളിൽ ‘മംഗളോദയം’ ഓഫീസിൽ നിന്ന് പ്രേമ്ജി (എം.പി. ഭട്ടതിരിപ്പാട്) യോടൊപ്പമാണ് മുണ്ടശ്ശേരി മാസ്റ്റർ ‘നവജീവ’നിലെത്തുക. അപ്പോഴേയ്ക്കും ടി.കെ.ജി. ചർച്ചയ്ക്കുള്ള കരുക്കൾ ഒരുക്കിവച്ചിരിക്കും. വിശേഷിച്ചൊന്നും മനസ്സിൽ ആലോചിച്ചുറപ്പിച്ചിട്ടില്ലാത്ത ദിവസമാണെങ്കിൽ, ചാരുകസേരയിൽ അമർന്നിരുന്ന്, കതിനക്കുറ്റിക്കു വഴി മരുന്നിടുന്നതുപോലെ, കൈത്തണ്ടയിൽ മൂക്കുപ്പൊടി നിരത്തി ക്ലാസിക് ശൈലിയിൽ ആഞ്ഞുവലിച്ചു മാസ്റ്റർ ചോദിക്കും:

“എടോ ടി.കെ.ജി., ഇന്നെന്താ ഒരു വിഷയം?”

ഉടൻവരും ടി.കെ.ജി.യുടെ മറുപടി; വിഷയങ്ങളും. ഒന്നല്ല, പല വിഷയങ്ങൾ.

പ്രേമ്ജിയാണു പതിവായി മാസ്റ്റർ പറഞ്ഞു കൊടുക്കുന്ന മുഖപ്രസംഗവും ലേഖനങ്ങളും എഴുതാറുള്ളത്. ഒരക്ഷരം പിഴയ്ക്കില്ല. ചിഹ്നങ്ങളത്രയും കിറുകൃത്യം. അക്ഷരങ്ങൾക്ക് അപാരമായ ഭംഗിയും.

ഒരുനാൾ ടി.കെ.ജി. എന്നോടു പറഞ്ഞു:

“തന്നോട് മാഷ് വീട്ടിലേയ്ക്കൊന്നു ചെല്ലാൻ പറഞ്ഞിട്ടുണ്ട്. എന്തോ എഴുതാനാണ്...”

പേടിച്ചു പേടിച്ചാണു ഞാൻ മാസ്റ്ററുടെ വീട്ടിൽ ചെന്നത്.

“പറഞ്ഞുതന്നാൽ തെറ്റിയ്ക്കാതെ എഴുതിക്കൂടേ?” - ചിരിച്ചുകൊണ്ടാണ് മാഷ് ചോദിച്ചതെങ്കിലും എന്റെ തുട പാണ്ടികൊട്ടി.

മാഷ് പറഞ്ഞുതുടങ്ങി, ഞാൻ എഴുതാനും. കടുകടുത്ത ഭാഷ. പ്രഥമവും പ്രധാനവുമായ, അഭ്യസ്ത വിദ്യരായ ഉല്പതിഷ്ണുക്കൾ, ഘടകോപഘടകസുഘടിതമായ-എന്നിങ്ങനെ കടിച്ചാൽ പൊട്ടാത്ത വാക്കുകളുടെ ബഹളം. രണ്ടോ മൂന്നോ പേജ് എഴുതിക്കഴിഞ്ഞപ്പോൾ മാസ്റ്റർ പറഞ്ഞു:

“നിർത്താം... ഇന്നിത്രമതി...”

നവജീവനിൽ മടങ്ങി വന്നപ്പോൾ ടി.കെ.ജി. എന്നെ നോക്കി ചിരിച്ചു ചോദിച്ചു.

“എങ്ങനെയുണ്ടായിരുന്നു ആദ്യത്തെ എഴുത്തു ക്ലാസ്?”

“കുഴഞ്ഞ കേസായിരുന്നു-” ഞാൻ പറഞ്ഞു. “അക്ഷരത്തെറ്റ് ഉറപ്പ്...”

അന്നു വൈകുന്നേരവും പ്രേമ്ജിയോടൊപ്പം മാസ്റ്റർ വന്നു. വന്ന ഉടനെ എന്നെ നോക്കി ഒരു കള്ളച്ചിരി, പിന്നെ ടി.കെ.ജി.യോട്:

“എടോ ടി.കെ.ജി, ഇയാള് കൊള്ളാം... ഞാൻ എഴുതിച്ചു നോക്കി... വലിയ തെറ്റില്ല...”

അപ്പോഴാണ് എനിക്കു മനസിലായത്, രാവിലെ ഞാൻ എഴുതിയത് ലേഖനമോ മുഖപ്രസംഗമോ ആയിരുന്നില്ല, ടെസ്റ്റ് ആയിരുന്നുവെന്ന്.

അന്നുരാത്രി മുഖപ്രസംഗം പറഞ്ഞുതന്ന ശേഷം മാഷ് പോയപ്പോൾ ടി.കെ.ജി. ഉറക്കെ ചിരിച്ച് എന്നോടു പറഞ്ഞു.

“മാഷ് ആരാ ആളെന്നറിയ്യോ? തന്നോടു കാണിച്ച ഈ വിദ്യ പ്രയോഗിച്ചു ആദ്യദിവസം...”

**ആ സംഭവം**

മുണ്ടശ്ശേരി മാഷും ടി.കെ.ജി.യും തമ്മിൽ കേവലം ഗുരുശിഷ്യബന്ധം മാത്രമായിരുന്നില്ല അതിൽക്കവിഞ്ഞതായിരുന്നു. - ഒരു സംഭവം:

മാസ്റ്ററുടെ പുത്രൻ തോമസ് മുണ്ടശ്ശേരി (സുഹൃത്തുക്കളുടെയും എഴുത്തുകാരുടെയും പ്രിയപ്പെട്ട ‘കറന്റ് തോമ’)യുടെ വിവാഹം. മാസ്റ്ററുടെ സ്വഭാവം കണ്ടു പഠിച്ചിട്ടാവണം, പള്ളിക്കും പട്ടക്കാർക്കും അത്രമാത്രം വിധേയനായിരുന്നില്ല തോമസ്. ഇതു പ്രശ്നമായി. അരമനയിൽച്ചെന്നു മാപ്പു പറയണം എന്നുവന്നു. തോമസാവട്ടെ, ഞാൻ മുണ്ടശ്ശേരിയുടെ മകനാണെങ്കിൽ, അതു ചെയ്യില്ലെന്നും. പുത്രവാൽസല്യത്തിന്റെ കാര്യത്തിൽ ഒട്ടും പിശുക്കില്ലായിരുന്ന മാസ്റ്റർ ധർമസങ്കടത്തിലായി. അവസാനം

തോമസിനെ ഉപദേശിച്ചു. ഇലയ്ക്കും മുള്ളിനും കേടില്ലാതെ വിവാഹം നടത്താനുള്ള സാഹചര്യം ഒരുക്കുക എന്ന സങ്കീർണമായ ദൗത്യം ടി.കെ.ജി.യെയാണു മാസ്റ്റർ ഏല്പിച്ചത്. ടി.കെ.ജി. ആ കർത്തവ്യം ഭംഗിയായി നിർവഹിക്കുകയും ചെയ്തു.

നവജീവൻ പത്രാധിപരായിരിക്കവെയാണ് ടി.കെ.ജി.യുടെ വിവാഹം നടന്നത്. അന്ന് അഡ്വക്കേറ്റായിരുന്ന വി. ശിവരാമൻ നായരും ടി.കെ.ജി.യും അത്രമാത്രം അടുത്ത സുഹൃത്തുക്കളായിരുന്നു. ഒരു വീട്ടിലായിരുന്നു താമസം. ശിവരാമൻ നായരുടെ സഹോദരി സുലോചനയെ ടി.കെ.ജി.യും ടി.കെ.ജി.യുടെ സഹോദരി നളിനിയെ ശിവരാമൻ നായരും വിവാഹം ചെയ്തു. ടി.കെ.ജി.യുടെ വിവാഹം ഗുരുവായൂർ ക്ഷേത്രത്തിലായിരുന്നു (അന്ന്, വിവാഹം, അകത്തു കൊടിമരത്തറയ്ക്കലാണു പതിവ്) നടത്താൻ നിശ്ചയിച്ചത്.

സഖാവിന്റെ വിവാഹം ക്ഷേത്രത്തിനകത്തോ? – പാർട്ടിയിൽ നേരിയ മർമ്മരം.

ഒട്ടും പതറാതെ, സ്വതസ്സിദ്ധമായ ചിരിയോടെ ടി.കെ.ജി. പറഞ്ഞു:

"ഈ വക കാര്യങ്ങളിൽ പാർട്ടിയുടെ പ്രമേയമല്ല, മനുഷ്യരുടെ മനസ്സാണു പ്രധാനം എന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ..."

ക്ഷേത്രത്തിനകത്തുവച്ചുതന്നെ വിവാഹം മംഗളമായി നടന്നു. അതുവരെ രഹസ്യമായി മാത്രം ഗുരുവായൂരിൽ ദർശനം നടത്തിയിരുന്ന പല സഖാക്കളും അന്നു പരസ്യമായിത്തന്നെ ക്ഷേത്രത്തിലെത്തിച്ചേരുകയും ചെയ്തു.

**പാർട്ടിയ്ക്കതീതമായി**

പാർട്ടിയ്ക്കതീതമായി ചിന്തിക്കാനും പ്രവർത്തിക്കാനും ടി.കെ.ജി.ക്കു കഴിഞ്ഞിരുന്നു. ഒരു രംഗം ഓർമ്മവരുന്നു.

ഇന്ത്യയെ ചൈന ആക്രമിച്ചദിവസം. എങ്ങും രോഷം തിളച്ചുപൊങ്ങി. അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി അങ്കലാപ്പിലായി. വാർത്തതന്നെ പത്രത്തിൽ എങ്ങനെ കൊടുക്കണം എന്നറിയാതെ എല്ലാവരും കുഴങ്ങി. അന്നേദിവസം, രാത്രി അതാ എ.കെ.ജി. നവജീവനിൽ കയറി വരുന്നു. വിവരം അറിഞ്ഞ് എ.കെ.ജി. ക്ഷുഭിതനായി.

പാർട്ടി പ്രതികരിക്കേണ്ടേ? എ.കെ.ജി.യോടു ടി.കെ.ജി. ചോദിച്ചു.

എന്താ സംശയം? ഇതു കമ്യൂണിസവുമല്ല, സോഷ്യലിസവുമല്ല എ.കെ.ജി. ആത്മഗതം ചെയ്തു.

തുടർന്ന്, എ.കെ.ജി. പറഞ്ഞുകൊടുത്തു. ടി.കെ.ജി. എഴുതിയെടുത്തു. ചൈനയെ ആദ്യന്തം വിമർശിച്ചുകൊണ്ടുള്ള പ്രസ്താവന. ടി.കെ.ജി. തന്നെ മറ്റു പാർട്ടി പത്രങ്ങൾക്കും ഈ പ്രസ്താവന പകർന്നു. ലൈൻ ക്ലിയറായല്ലൊ എന്ന സമാധാനത്തോടെ വാർത്ത നന്നായി കൊടുത്തു.

പക്ഷേ, പിറ്റേന്നായപ്പോഴേക്കും പാർട്ടിയുടെ ലൈൻ അടിയോടെ കുഴമറിഞ്ഞു. "നാം നമ്മുടേതെന്നും അവർ അവരുടേതെന്നും..." എന്ന ലൈനിലായി തുടർനീക്കം. എ.കെ.ജി.യുടെ ആദ്യപ്രതികരണം പാർട്ടി ലൈൻ അല്ലാതായി.

പിന്നീടുണ്ടായ തർക്കവിതർക്കങ്ങളെത്തുടർന്നു പാർട്ടി പിളരുന്നു എന്ന ഘട്ടം വന്നപ്പോൾ, ഏറെ ദുഃഖത്തോടെ ഒരുനാൾ സ്വാകാര്യമായി ടി.കെ.ജി. പറഞ്ഞു:

"എടോ ഈ പണി ഇന്നെങ്കിൽ ഇന്ന് ഇവിടെ വച്ചു നിർത്തിയാലെന്താണെന്നുപോലും തോന്നുന്നു...

വീറും വാശിയും വിപദി ധൈര്യവും എക്കാലത്തും ടി.കെ.ജി.യുടെ കൂടപ്പിറപ്പായിരുന്നു. ഒച്ചപ്പാടുണ്ടാക്കിയ ഫോട്ടോസ്റ്റാറ്റ് കേസിനെത്തുടർന്ന് അറസ്റ്റ് ചെയ്തു ജയിലിലായി. അറസ്റ്റും ജയിൽവാസവും തീർച്ച എന്നു വന്നപ്പോൾ പതറിയ ഞങ്ങളോടു ടി.കെ.ജി. പറഞ്ഞ വാക്കുകൾ ഞാൻ ഇപ്പോഴും ഓർക്കുന്നു.

'കൽക്കട്ടയിൽ മൂന്നുമാസം ജയിലിൽ കിടന്നിട്ടുണ്ട്. കേരളത്തിലെ ജയിലിന്റെ സ്വാദും ഒന്നറിയാമല്ലൊ... എങ്ങനെയുണ്ടെന്നു നോക്കാം... വല്ലതും എഴുതാൻ വക കിട്ടിയാൽ അതുകൊള്ളാം... കൂട്ടിനു കീരനും (കെ.കെ. വാരിയർ) മറ്റും ഉള്ളതുകൊണ്ടു സമയം പോക്കാൻ വിഷമമുണ്ടാവില്ല...'

പിന്നീടൊരിക്കൽ, പൊന്നാനിയിൽ സ്ഥാനാർത്ഥിയായി നിന്നു ക്ലീനായി തോറ്റു. പക്ഷേ, അതിനെപ്പറ്റി ടി.കെ.ജി. പറയുന്നതു കേട്ടാൽ തോറ്റത് വേറെ ആരോ ആണെന്നേ തോന്നൂ –

ഒരു കാലത്തു ടി.കെ.ജി. ഒന്നാംതരം ഗാനങ്ങൾ എഴുതിയിരുന്നു. പല നാടകങ്ങൾക്കും എഴുതിയ ഗാനങ്ങൾ പ്രചുരപ്രചാരം നേടിയവയുമാണ്. അക്കൂട്ടത്തിൽ ടി.കെ.ജി.യെ കാണുമ്പോഴൊക്കെ, ഹൃദ്യമായിച്ചിരിച്ച് വയലാർ രാമവർമ മൂളിപ്പാടിയിരുന്ന ഒരു ഗാനശകലം ഓർമവരുന്നു.

'തുള്ളിത്തുള്ളി

പടി കടന്നെത്തിപ്പോയ്

കള്ളിപ്പെണ്ണേ നിൻ കല്യാണം..."

**മനോരമയിൽ**

തികച്ചും യാദൃച്ഛികമായാണു ടി.കെ.ജി. മനോരമയുടെ പത്രാധിപസമിതിയിൽ അംഗമായത്. കോഴിക്കോട്ട് നവജീവന്റെ ചീഫ് എഡിറ്ററായിരുന്ന ടി.കെ.ജി.യെ, പലതും പലരേയും കടന്നു കാണാൻ മൂന്നാമതൊരു കണ്ണുള്ള കെ.ആർ. ചുമ്മാറാണു കണ്ടെത്തിയത് എന്ന് ഒരർത്ഥത്തിൽ പറയാം. ഏതായാലും കമ്യൂണിസ്റ്റു പാർട്ടിയുടെ അറിയപ്പെട്ട ബുദ്ധിജീവി

കളിലൊരാളായ തന്നെ മനോരമ സ്വീകരിക്കുമോ എന്ന കാര്യത്തിൽ ടി.കെ.ജിക്കു സംശയമുണ്ടായിരുന്നു. പിന്നീട് ആ ഓഫർ വന്നപ്പോൾ, ടി.കെ.ജി പറഞ്ഞു:

"തീരുമാനമെടുക്കും മുൻപ് എനിക്ക് ഒരാളോടൊന്നു ചോദിച്ചു സമ്മതം വാങ്ങണം. ഒരാളോടേ ചോദിക്കാനുള്ളൂ..."

'ടി.കെ.ജി., ഇവിടെ പലരും വണ്ടി വൈകിയ കൂട്ടത്തിലാണ്, അഥവാ വണ്ടി തെറ്റിയ മട്ടിലാണ്. ടി. കെ.ജിക്ക് ആ അബദ്ധം വരാതിരിക്കട്ടെ. ചേർന്നോളൂ, മനോരമയിൽ ചേർന്നോളൂ...'

**ശിഷ്യസമ്പത്ത്**

പഠിക്കുക, പഠിപ്പിക്കുക, പരിശീലിപ്പിക്കുക - മനോരമയിൽ ഈ കർമ്മത്രയത്തിൽ ടി.കെ.ജി. സംതൃപ്തി പൂണ്ടു. യുവതലമുറയിലെ ഒട്ടുവളരെപ്പേരെ ട്രെയിനിംഗ് ഡയറക്ടർ എന്ന നിലയിൽ പത്രപ്രവർത്തന രംഗത്തേക്കു കൈപിടിച്ചുയർത്തിക്കൊണ്ടുവന്ന ടി.കെ.ജി. ഒരുപക്ഷേ കേരളത്തിൽ ഏറ്റവുമധികം ശിഷ്യസമ്പത്തുള്ള പത്രാധിപ ഗുരുവായിരിക്കണം. രണ്ടു തവണ പ്രസ് അക്കാദമി ചെയർമാനായിരുന്നപ്പോഴും മൂന്നുതവണ വർക്കിംഗ് ജർണലിസ്റ്റ് യൂണിയന്റെ സംസ്ഥാന പ്രസിഡന്റായിരുന്നപ്പോഴും ടി.കെ.ജി. ഏറ്റവുമധികം ശ്രദ്ധിച്ചതു പത്രപ്രവർത്തകരുടെ കളരികളിലും ശിൽപശാലകളിലുമായിരുന്നു.

**അത്താണി**

മനോരമയിൽ വന്നു ചേർന്നതിനുശേഷം ഞങ്ങൾ ഒരുവർഷം പൂർത്തിയാക്കിയ സന്ദർഭം. ഇപ്പോൾ എങ്ങനുണ്ട് - എന്ന് ചോദിച്ച ഒരു അടുത്ത കമ്യൂണിസ്റ്റു സുഹൃത്തിനോടു ടി.കെ.ജി. തുറന്നു പറഞ്ഞു:

"സത്യം പറയട്ടെ, ഇതുവരെ ഈ ഞാനും കൃഷ്ണൻകുട്ടിയുമൊക്കെ ഓടിക്കിതയ്ക്കുകയായിരുന്നു. വാടകവീട്ടിൽ നിന്നു വാടകവീട്ടിലേക്ക്... ഇപ്പോൾ ഒരു അത്താണി കണ്ടെത്തിയ ആശ്വാസമാണ് ഞങ്ങൾക്ക്..."

സ്വതവേ മിതഭാഷിയായ ടി.കെ.ജി. മനസ്സിനിണങ്ങിയ സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും വെടിവട്ടത്തിൽപ്പെട്ടാൽ വാചാലനാവും. ഒരേ നാട്ടുകാരനും മാതൃഭൂമിയുടെ മുൻ ഡെപ്യൂട്ടി എഡിറ്ററുമായ ടി. വേണുഗോപാലൻ ഈറൻമിഴികളോടെ അനുസ്മരിച്ചതുപോലെ, "മുഖം മൂടി അഴിച്ചുവച്ചുള്ള സല്ലാപങ്ങൾ, നിരുപദ്രവമായ പരദൂഷണങ്ങൾ, കാര്യഗൗരവമുള്ള കൂടിയാലോചനകൾ... ഒന്നും മറച്ചുവയ്ക്കാനറിയാത്ത നിഷ്കളങ്കനായ കുട്ടിയായും കളിവാക്കുകൾ കേട്ട് മിതഭാഷിയാവുന്ന നാണം കുണുങ്ങിയായും കൂട്ടായ്മ പിരിഞ്ഞു പോവാതെ നോക്കുന്ന സംഘടനാ പ്രവർത്തകനായും വിവേകത്തിലേക്ക് വഴികാട്ടുന്ന നേതാവായുമൊക്കെ ആ മനസിനുള്ള പുഷ്ക്കലതയുടെ സൗരഭ്യം ഞങ്ങൾക്ക് ഉന്മേഷം പകർന്നിട്ടുണ്ട്... അതേസമയം എത്ര ദുസ്സഹമായ സാഹചര്യമായാലും അന്തസ്സും ആഭിജാത്യവും തറവാടിത്തവും വെടിയുന്ന ഒരു വാക്കുപോലും ടി.കെ.ജി.യിൽ നിന്നുണ്ടാവില്ല.

**കുടുംബജീവിതം**

കുടുംബ ജീവിതത്തിന്റെ സംഗീതം - അതായിരുന്നു എന്നും ടി.കെ.ജി.യുടെ ആഹ്ലാദം. സ്നേഹവും വാൽസല്യവും ടി.കെ.ജി. മറ്റുള്ളവിൽ വാരിക്കോരിച്ചൊരിഞ്ഞു: മറ്റുള്ളവരിൽ നിന്ന് അതേ വികാരവായ്പ് ഇരട്ടിയ്ക്കിരട്ടി കിട്ടി. വലിയ ധൈര്യമൊക്കെ ഭാവിക്കുമെങ്കിലും പേരക്കിടാവിന്റെ മൂക്കു വിയർത്തു കണ്ടാൽ മതി, ടി.കെ.ജി.ക്കു പരിഭ്രമമായി.

ഭാര്യ സുലോചനയുടെ കണ്ണിലെ അസുഖം ടി.കെ.ജിയെ വല്ലാതെ ദുഃഖിതനാക്കിയിരുന്നു. ഒരിക്കൽ വൈദ്യമഠത്തിനെ കാണിക്കാൻ കൊണ്ടുപോയ അവസരത്തിൽ, എന്തോ ഓർത്തിട്ടെന്നപോലെ ടി.കെ.ജി. പറഞ്ഞു:

"എനിക്കിപ്പോൾ വിശേഷിച്ചൊരു പ്രോബ്ലവുമില്ല... പക്ഷേ... സുലുവിന്റെ ഈ അസുഖം... എല്ലാ മനസ്സമാധാനവും ചോർത്തിക്കളയുന്നു... പാവം അവളെ ഒറ്റയ്ക്കാക്കി ഓഫീസിൽ പോകാൻപോലും മനസ്സുവരുന്നില്ല."

**നാരായണാലയത്തിൽ**

അത്യപൂർവ്വമായ ചില സ്നേഹാദരബന്ധങ്ങളിൽ വലിയ സംതൃപ്തി കണ്ടെത്തിയിരുന്നു ടി.കെ.ജി. യശഃശരീരനായ തിരുനാമാചാര്യൻ ആഞ്ഞം മാധവൻ നമ്പൂതിരിയുമായുള്ള അടുപ്പം ഇതിനൊരു ഉദാഹരണം. തിരുനാമാചാര്യന്റെ ജന്മദിനാഘോഷത്തിലൊരിക്കൽ, ഗുരുവായൂരിലെ നാരായണാലയത്തിൽ അറിയപ്പെട്ട കമ്യൂണിസ്റ്റു നേതാക്കളായ ഇ.പി. ഗോപാലൻ, കൊളാടി ഗോവിന്ദൻകുട്ടി എന്നിവരോടൊപ്പം ടി.കെ.ജി.യും എത്തിയിരുന്നു. "എല്ലാ സഖാക്കളും വന്നിട്ടുണ്ടല്ലൊ" എന്ന് പി.ടി. മോഹനകൃഷ്ണൻ പറഞ്ഞപ്പോൾ, ടി.കെ.ജി.യുടെ തോളിൽ തട്ടി തിരുനാമാചാര്യൻ ചിരിച്ചു പറഞ്ഞു:

"ഞങ്ങളൊക്കെ പഴയ കമ്യൂണിസ്റ്റുകാരാണെന്ന് അറിയില്ല്യേ"

ഒരിക്കൽ ഭാര്യ സുലോചനയോടൊപ്പം നാരായണാലയത്തിൽനിന്നു പ്രസാദവും മറ്റും വാങ്ങി തിരികെ പോരുമ്പോൾ ടി.കെ.ജി. പറഞ്ഞു:

"മനസിനു കുളിർമ തരുന്ന എന്തോ ഒന്ന് ഇവിടെയുണ്ട്."

**മനുഷ്യത്വം**

വ്യക്തിപരമായ പല അനുഭവങ്ങളിൽ നിന്ന് ഒന്നുമാത്രം അനുസ്മരിക്കട്ടെ:

ടി.കെ.ജി.യോടൊപ്പം നവജീവനിൽ പ്രവർത്തിക്കുന്ന കാലം. എന്റെ വീട്ടിൽ ഭാഗം നടക്കുന്നതിനാൽ ആകെ പിരിമുറുകിയ അന്തരീക്ഷം. ആണ്ടുപിറന്നാൾ അമ്മയുടെ അടുത്താണു പതിവ്. അക്കൊല്ലം പോകാൻ തോന്നിയില്ല. പോകാതിരിക്കാനും വയ്യ. പിറന്നാൾ ദിവസം രാവിലെ എന്നെ കണ്ടപ്പോൾ, എന്റെ വീട്ടിലെ എല്ലാ കാര്യങ്ങളും അറിയാമായിരുന്ന ടി.കെ.ജി. ചോദിച്ചു.

'എന്താ താനൊരുമാതിരി! പ്രശ്നം വല്ലതുമുണ്ടോ?"

പിറന്നാളാണ്, പക്ഷേ ഞാൻ പോകുന്നില്ലെന്നു പറഞ്ഞതും ഞാൻ കരഞ്ഞു. ഉടനെ ടി.കെ.ജി. എന്നെ കെട്ടിപ്പിടിച്ചു പറഞ്ഞു:

"പിറന്നാൾ നമുക്കു പൊടിപൊടിക്കാം. ഞാൻ ഇപ്പൊത്തന്നെ സുലുവിനോടു പറയാം... അയ്യയ്യോ ഇതിനാണോ..."

അന്നുച്ചയ്ക്കു ടി.കെ.ജി.യുടെ ആദ്യവസാനത്തിൽ എന്റെ പിറന്നാൾ സദ്യ. അപ്പുറത്തും ഇപ്പുറത്തും കുട്ടികളായ സന്ധ്യയും ചിത്രയും സുലോചനചേച്ചി കുളിച്ചു കണ്ണെഴുതി അലക്കിയതുടുത്ത് എന്റെ ഓപ്പോളെപ്പോലെ വിളമ്പിതന്ന രംഗം ഇപ്പോഴും മനസ്സിലുണ്ട്; ആ രംഗം സംതൃപ്തിയോടെ കണ്ടുനിന്ന ടി.കെ.ജി.യുടെ വിടർന്ന മുഖവും.

## പതിനാറ്
# പത്മനാഭനുമായി ഒരു അഭിമുഖം

(**അ**റുപതു വർഷം മുമ്പ്, 1954 നവംബർ 15 ന് ഗുരുവായൂർ ക്ഷേത്രത്തിൽ, ആനത്തറവാട്ടിലെ നാണംകുണുങ്ങിയായ നവാഗതനായി എത്തി. സേവനം തുടങ്ങി. പിന്നീട് ആനക്കമ്പക്കാരനായ ഗുരുവായൂർ അമ്പാടിക്കണ്ണന്റെ അളവറ്റ കാരുണ്യാതിരേകം കൊണ്ട് അടിയ്ക്കടി വളർന്നു, ഉയർന്നു. അസൂയാവഹമായ ആ വളർച്ചയിൽ എക്കാലത്തും ഗുരുവായൂരപ്പൻ കൂടെയുണ്ടായിരുന്നു. ഗുരുവായൂരപ്പന്റെ സ്വന്തം ആനയായതിനുശേഷം ഒരിക്കലും തിരിഞ്ഞുനോക്കേണ്ടിവന്നിട്ടില്ല. സുദീർഘവും സംഭവബഹുലവുമായ ആ ഭജനത്തിന്റേയും സേവനത്തിന്റേയും അറുപതു വർഷങ്ങൾ രാജകീയമായി പിന്നിട്ട ഗജരത്നം പത്മനാഭൻ ഇപ്പോൾ ഇതാദ്യമായി മനസ്സു തുറക്കുന്നു. പത്മനാഭനുമായി നടത്തിയ ഒരു അഭിമുഖത്തിൽ നിന്ന്)

ചോദ്യം : കുറെയേറെ നാളായി ഒരു അഭിമുഖം തരപ്പെടുത്തണമെന്ന് മോഹിക്കാൻ തുടങ്ങിയിട്ട്. ഇന്നേ അവസരം ഒത്തുവന്നുള്ളൂ.

പത്മനാഭൻ : അതു നന്നായി. ഇന്ന് മുപ്പട്ട് വ്യാഴാഴ്ചയാണല്ലോ. ഭഗവാൻ ഏറെ പ്രസാദിക്കുന്ന ദിവസം. പിന്നെ അഭിമുഖത്തിന് വന്നത് താങ്കളായതും നന്നായി. നമ്മളൊക്കെ ഗുരുവായൂരപ്പന്റെ അരുമക്കിടാങ്ങളാണല്ലോ.

ചോദ്യം : അതെ... സംശയമില്ല. എന്നാൽ –

പത്മനാഭൻ : തുടക്കത്തിൽ ഒരു സ്വകാര്യം. എനിക്ക് പരിചയമില്ലാത്ത ഒരു പണിയാണിതെന്ന് അറിയാമല്ലോ – ഈ അഭിമുഖം. എഴുത്തും വായനയും പ്രസംഗവുമൊന്നും ഞങ്ങളെപ്പോലെയുള്ളവർക്ക് പറഞ്ഞിട്ടുള്ളതല്ല. ഏതായാലും താങ്കൾ ചോദിച്ചാൽ അറിയാവുന്ന ഉത്തരം ഓർമകളിൽ മുങ്ങിത്തപ്പി പറയാൻ ശ്രമിക്കാം.

ചോദ്യം : അതുമതി, എങ്കിൽ തുടങ്ങാം. പറമ്പുകളിലും, വനാന്തരങ്ങളിലും ആയിരുന്നല്ലോ താങ്കളുടെ ബാല്യകാല-കൗമാര കേളീരംഗം. അമ്മയുടെ തുമ്പിക്കൈയ്യിൽ മുറുകെ പിടിച്ച് ഓടി നടന്നിരുന്ന അന്നത്തെ കാലത്തെപ്പറ്റി ഇവിടെ വന്നുചേർന്നതിനു ശേഷം എപ്പോഴെങ്കിലും ഓർക്കാറുണ്ടോ?

പത്മനാഭൻ : (നേരിയ ചിരി) ഇവിടെ വന്നു ചേർന്നാൽ ആ നിമിഷം മുതൽ അമ്പാടിക്കണ്ണനാമുണ്ണിയെപ്പറ്റിയല്ലാതെ ആരെങ്കിലും എന്തെങ്കിലും ഓർക്കാറുണ്ടോ? ഓർക്കാൻ കഴിയാറുണ്ടോ? അച്ഛൻ, അമ്മ, ബാല്യം – കൂട്ടുകാർ – ഇല്ല. ഒന്നും എനിക്ക് ഓർമയില്ല. എന്നാൽ ഇവിടെ വന്ന് ജീവിതത്തിൽ ആദ്യമായി ഭഗവാനെ കണ്ണുനിറയെ കാണാൻ കഴിഞ്ഞ ആ ദിവസം ഇപ്പോഴും എന്റെ ഓർമയിലുണ്ട്. മറക്കാനാവാത്ത ഒരനുഭവം.

ചോദ്യം : ആ ഓർമകളിൽ മുങ്ങിത്തപ്പി ചിലതൊന്ന് വിശദീകരിക്കാമോ?

പത്മനാഭൻ : പച്ചപ്പ് വിട്ടുമാറാത്ത പറമ്പിക്കുളം വനാന്തരങ്ങളിലെ വാരിക്കുഴിയിൽ വീണതൊന്നും ഓർമയിലില്ല... എന്നാൽ, പിന്നീട്, കുട്ടിക്കാലത്തു ഞാൻ എത്തിച്ചേർന്നത് തൃക്കങ്ങോട് സ്വാമിയാർ എന്ന വന്ദ്യവയോധികനായ ആനക്കമ്പക്കാരന്റെ ആനത്താവളത്തിലായിരുന്നു എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്?

ചോദ്യം : ആ ബാല്യകാലം സ്വാമിയാരുടെ ഓമനക്കുട്ടനായി ആസ്വദിച്ചു. അല്ലേ?

പത്മനാഭൻ : അതിനുള്ള ഭാഗ്യമൊന്നും ഉണ്ടായില്ല. എന്നാൽ അതിനേക്കാൾ വലിയ ഒരു മഹാഭാഗ്യം ഉണ്ടായി. സ്വാമിയാർ മഠത്തിൽ നിന്ന് ഞാൻ എത്തിച്ചേർന്നത് ഒറ്റപ്പാലത്തെ ഒരു വലിയ ധനിക കുടുംബത്തിലായിരുന്നു. ഗുരുവായൂരപ്പനെ നിത്യവും എന്നപോലെ ഭജിച്ചും, സേവിച്ചും കഴിയാനുള്ള മഹാഭാഗ്യം കൈവന്നതും ആ വഴിയ്ക്കാണ്. അക്കഥ തുടക്കം മുതൽ ഓർമവരുന്നില്ല. എന്നാൽ, ഒറ്റപ്പാലം എരാണ്ടത്ത് പുത്തൻവീട്ടിലെ രണ്ട് സഹോദരന്മാർ അത്രമാത്രം പ്രാർത്ഥിച്ചു നടത്തിയ ഒരു വലിയ വഴിപാടായാണ് എന്നെ ഗുരുവായൂരിൽ നടയിരുത്തിയത് എന്ന് പലരും പറഞ്ഞുകേട്ടിട്ടുണ്ട്.

ചോദ്യം : അക്കഥകൾ എന്റെ കൗമാര സ്മരണകളിൽ ഉണ്ട് എന്നാണ് എന്റെ വിശ്വാസം. 18 വയസ്സാണ് അന്ന് എനിയ്ക്ക്. ഗുരുവായൂർ ക്ഷേത്രത്തിലെ പാരമ്പര്യ കഴകക്കാരുടെ കുടുംബാംഗമാണല്ലോ ഞാൻ, അന്നത്തെ അതിഗംഭീരമായ ആ ആനയിരുത്തൽ വഴിപാട് നേരിട്ടുകണ്ടതിന്റെ ഓർമകൾ ക്ഷേത്രത്തിലെ ആസ്ഥാന അഷ്ടപദി ഗായകനായ ഉണ്ണിരാരിച്ചൻ തിരുമുൽപ്പാട് (അനിയൻ തിരുമുൽപ്പാട്. അതിപ്രശസ്തനായ നമ്മുടെ ഗുരുവായൂർ ജനാർദ്ദനൻ നെടുങ്ങാടിയുടെ പിതാവ്) പറഞ്ഞുതന്ന ഓർമകൾ ഇപ്പോഴുമുണ്ട്. ഒറ്റപ്പാലത്തെ പുരാതന തറവാട്ടുകാരും പ്രശസ്ത വ്യവസായികളുമായ എരാണ്ടത്ത് പുത്തൻ വീട്ടിലെ സഹോദരന്മാരായ ഇ.പി. അച്യുതൻ നായരും ഇ.പി. മാധവൻ നായരുമാണ് ഈ വഴിപാട് നടത്തിയത്. അവരുടെ അമ്മയെ മാരകമായ ഒരു രോഗത്തിൽ നിന്ന് ഗുരുവായൂരപ്പൻ രക്ഷിച്ചതിനായിരുന്നു ആനയെ ഇരുത്തി കളഭം കഴിച്ചത്.

പത്മനാഭൻ : അതൊന്നും എനിക്ക് ഓർമയില്ല. അറിഞ്ഞുംകൂടാ. ഓർമയുള്ള ഒരു കാര്യം

അന്നത്തെ ആനത്തറവാടിനെപ്പറ്റിയുള്ള ചിലതാണ്.

ചോദ്യം : അതെന്താ അത്രവളരെ ഓർമിക്കാൻ വകയുള്ള കാര്യം?

പത്മനാഭൻ : ആനത്തറവാട്ടിലെ വിശേഷങ്ങൾ തന്നെ. പിൽക്കാലത്ത്, തലയെടുപ്പുകൊണ്ടും ആന ച്ചന്തംകൊണ്ടും കേരളത്തിലെ എക്കാലത്തേയും 'ഗജ രാജ'നായി ഉയർന്നുവന്ന കേശവനമ്മാമനായിരുന്നു അന്ന് കാരണവർ. എല്ലാ ആനകളുടേയും ആരാധ്യ നായ കാരണവപ്പാട്. പിന്നെ, നാരായണൻ, ഗോപാ ലകൃഷ്ണൻ, ലക്ഷ്മികുട്ടി തുടങ്ങി വേറെയും നാലഞ്ച് ആനകളുണ്ടായിരുന്നു.

ചോദ്യം : അതല്ല. ആനത്തറവാട്ടിലെ വിശേ ഷങ്ങൾ എന്നു പറഞ്ഞുവല്ലോ–

പത്മനാഭൻ : ഓ അതോ... അതൊരു പ്രണയ കഥയാണ്.

ചോദ്യം : ആനത്തറവാട്ടിലെ ഒരു പ്രണയ കാലം അല്ലേ?

പത്മനാഭൻ : അങ്ങിനേയും പറയാം. ഒരവസ രത്തിൽ തറവാട്ടിൽ രണ്ടു പ്രണയ താരങ്ങൾ ഉണ്ടാ യിരുന്നു. ഭരതനും ലക്ഷ്മികുട്ടിയും. ഭരതമ്മാവൻ വലിയ ആനയായിരുന്നു – കേശവമ്മാവന് ഒത്ത പറ്റാന്!. നല്ല ഉയരം, ആറോ ഏഴോ പേർക്ക് സുഖ മായി കയറി ഇരിക്കാവുന്ന വിശാലമായ ആനപ്പുറം! ലക്ഷ്മിക്കുട്ടി അക്കാലത്തെ സുന്ദരിയായിരുന്നു. ആരും ഒന്നു നോക്കിപ്പോകുന്ന മിടുമിടുക്കി. ഇവരെ ഇരുവരേയും എഴുന്നള്ളിപ്പിനായി ക്ഷേത്രത്തിൽ കൊണ്ടുവന്നാൽ പാപ്പാൻമാർ മതിൽക്കകത്ത് അടു ത്തടുത്തായി നിർത്താറില്ല. ഒന്നു മാറ്റി നിറുത്തും. എന്നാൽ, എങ്ങിനെ എവിടെ കെട്ടിയാലും കുറച്ചു നേരം കഴിഞ്ഞാൽ ഇവരിരുവരും അടുത്തടുത്ത് നിൽക്കുന്നതായി കാണാം. മാത്രമല്ല, പാപ്പാന്മാരുടെ കണ്ണുവെട്ടിച്ച് ചില ചുറ്റികളികളും നടത്തും.

ചോദ്യം : എന്നുവെച്ചാൽ?

പത്മനാഭൻ : അങ്ങനെ ഭയങ്കരമായിട്ടൊന്നുമി ല്ല. തുമ്പിയും തുമ്പിയും ചേർത്തുപിടിച്ചും പരസ്പരം മസ്തകം ചൊറിഞ്ഞുകൊടുത്തും ചില ചില മൃദുല ശബ്ദങ്ങൾ പുറപ്പെടുവിച്ചും... അങ്ങനെ അങ്ങെ... എന്നാൽ തമാശ അതല്ല. ഏതാണ്ട് ഈ സമയ ത്താവും രാത്രി വിളക്കെഴുന്നള്ളിപ്പിനായി കേശവമ്മാ മനെ മതിലകത്തേക്ക് കൊണ്ടുവരുന്നത്. അതു കണ്ട യുടൻ, പാപ്പാന്മാർ 'പ്രണയ ജോഡികളെ' നോക്കി അടക്കം പറയും: ദേ കാരണവര് വരുന്നുണ്ട്... വേണ്ടാ ത്തതൊന്നും കാണിക്കണ്ട മക്കളെ...' ഈ ഉപദേശം കേൾക്കേണ്ട താമസം, കാമുകീകാമുകന്മാർ അകന്നു മാറും, ഞാനൊന്നും അറിഞ്ഞില്ല്യേയ് ഇഷ്ടക്കാരേ എന്ന മട്ടിൽ ഒരു നിൽപ്പുണ്ട് (ചിരിക്കുന്നു).

ചോദ്യം : ഈ കഥ ഓർത്തതു നന്നായി. ഇനി വേറൊരു ചോദ്യം ചോദിക്കട്ടെ. ഗുരുവായൂരിലെ ആന ത്തറവാട്ടിൽ താങ്കൾ വന്നുചേർന്നിട്ട് അറുപതു വർഷം കഴിഞ്ഞു. ഇതുവരെ തറവാട്ടിലെ ഏതെ ങ്കിലും സുന്ദരിക്കുട്ടിയെ പ്രണയിക്കുകയോ, പ്രണയ ചേഷ്ടകളിൽ മുഴുകുകയോ, കാറ്റിന്റെ ചിറകിൽ പ്രണയ സന്ദേശം അയക്കുകയോ മറ്റോ ചെയ്തി ട്ടുണ്ടോ?

പത്മനാഭൻ : (ചിരി അമർത്തിക്കൊണ്ട്) എന്റെ ഗുരുവായൂരപ്പന്റെ കാരുണ്യം എന്നു പറയട്ടെ. ഇന്നു വരെ എന്നെപ്പറ്റി അങ്ങിനെ ഒരു അപവാദം പറഞ്ഞു കേട്ടിട്ടില്ല. കേൾപ്പിക്കാൻ ഞാൻ അവസരം വരുത്തി യിട്ടുമില്ല.

ചോദ്യം : ആനത്താവളത്തിൽ ഇത്രവളരെ ചന്തം തികഞ്ഞ പിടിയാനകളുണ്ടായിട്ടും, ഒരെത്തി നോട്ടം പോലും... ഒരിക്കലും ഒന്ന് കണ്ണെറിയാൻ പോലും തോന്നിയിട്ടില്ലാത്ത എന്നോ?

പത്മനാഭൻ : (കപട ഗൗരവത്തിൽ) എന്നു ഞാൻ പറഞ്ഞില്ലല്ലോ. ഏതായാലും ഒരു സത്യം തുറന്നു പറഞ്ഞേക്കാം. തറവാട്ടിലെ ഒരു 'കരി മുത്തി'നോട് എനിക്ക് ഒരു താല്പര്യം തോന്നിയ കാലം ഉണ്ടായിരുന്നു. പ്രണമെന്നൊന്നും പറഞ്ഞു കൂടാ. ഒരു കമ്പം. ആ സുന്ദരിയുടെ പേര് അഞ്ജലി! നല്ല ചന്തം തികഞ്ഞ ഒരു ഉരുപ്പടി. തരംകിട്ടിയാൽ ഞാൻ അവളെതന്നെ നോക്കിനിൽക്കും. പക്ഷെ അവൾ എന്നെ തീരെ ശ്രദ്ധിക്കാറില്ല... അതിലത്ഭുത വുമില്ല. എന്നേക്കാൾ സൗന്ദര്യമുള്ള എത്രയെത്ര ചെറുപ്പക്കാർ ഉണ്ടെന്നോ ആനത്താവളത്തിൽ! എന്റെ യഥാർത്ഥ പിൻഗാമികളായ വലിയ കേശവൻ, ഇന്ദ്രൻസ്, നന്ദൻ തുടങ്ങിയവർ...

ചോദ്യം : ആട്ടെ, ഇത്രയും കാലത്തെ അനുഭ വങ്ങളിൽ, ജീവിതത്തിൽ ഏറ്റവും അവിസ്മരണീയ വും, ആഹ്ലാദകരവുമായി തോന്നിയ ഒരു സംഭവം പറ യാമോ?

പത്മനാഭൻ : ഒന്നല്ല ഒട്ടേറെ അനുഭവങ്ങളുണ്ട്. ഏറെ പ്രധാനപ്പെട്ട ഒന്ന്, 2004-ൽ എന്റെ നിരന്തര ഭജനത്തിന്റേയും വിനീത സേവനത്തിന്റേയും അമ്പതാം വർഷത്തിൽ ശ്രീ ഗുരുവായൂരപ്പനും ഭക്ത ജനങ്ങളും ആരാധകരും പൗരാവലിയും ചേർന്ന് 'ഗജ രത്നം' ബഹുമതി നൽകി ആദരിച്ച ആ മറക്കാനാ വാത്ത ചടങ്ങുതന്നെ. ഇത്രയും കാലത്തിനിടയ്ക്ക് ഞാൻ പോകാത്ത മഹാക്ഷേത്രങ്ങളില്ല. പങ്കെടു ക്കാത്ത മഹോത്സവങ്ങളുമില്ല – എന്നാൽ എന്റെ ഗുരു വായൂരപ്പന്റെ സന്നിധിയിൽ വെച്ച് ആ വിശിഷ്ഠ ബഹുമതി ഏറ്റുവാങ്ങാൻ സാധിച്ച മുഹൂർത്തം എന്റെ ജീവിതത്തിലെ അവിസ്മരണീയം തന്നെയാണ്. സംശയമില്ല.

ചോദ്യം : ശരി. ഇനി ഇതുപോലെ തന്നെ പൂര ങ്ങളിൽ പങ്കെടുക്കാൻ പോയപ്പോഴത്തെ ഒരു അസാ ധാരണമായ അനുഭവം പറയാമോ?

പത്മനാഭൻ :ഒന്നല്ല ഒട്ടേറെ അനുഭവങ്ങളുണ്ട്. ഏറെ പ്രധാനപ്പെട്ട ഒന്ന്, 2004-ൽ എന്റെ നിരന്തര ഭജനത്തിന്റേയും വിനീത സേവനത്തിന്റേയും അമ്പതാം വർഷത്തിൽ ശ്രീ ഗുരുവായൂരപ്പനും ഭക്ത ജനങ്ങളും ആരാധകരും പൗരാവലിയും ചേർന്ന് "ഗജ രത്നം" ബഹുമതി നൽകി ആദരിച്ച ആ മറക്കാനാ വാത്ത ചടങ്ങുതന്നെ. ഇത്രയും കാലത്തിനിടയ്ക്ക് ഞാൻ പോകാത്ത മഹാക്ഷേത്രങ്ങളില്ല. പങ്കെടു ക്കാത്ത മഹോത്സവങ്ങളുമില്ല - എന്നാൽ എന്റെ ഗുരു വായൂരപ്പന്റെ സന്നിധിയിൽ വെച്ച് ആ വിശിഷ്ഠ ബഹുമതി ഏറ്റുവാങ്ങാൻ സാധിച്ച മുഹൂർത്തം എന്റെ ജീവിതത്തിലെ അവിസ്മരണീയം തന്നെയാ ണ്. സംശയമില്ല.

ചോദ്യം : ശരി. ഇനി ഇതുപോലെ തന്നെ പൂര ങ്ങളിൽ പങ്കെടുക്കാൻ പോയപ്പോഴത്തെ ഒരു അസാ ധാരണമായ അനുഭവം പറയാമോ?

പത്മനാഭൻ : (സ്വയം ഓർത്തുനോക്കിയശേ ഷം) അത്. അത്... അതും 2004-ൽ തന്നെ. അതിപ്ര ശസ്തമായ നെന്മാറ - വല്ലങ്കിവേല. രണ്ടു വിഭാഗ ങ്ങളും എന്നെ കിട്ടാൻ ലേലം തുടങ്ങി. ഭയങ്കരവാശി യോടെയുള്ള ലേലംവിളി. ഒടുവിൽ ലേലം ഉറച്ചത് 2,22,222/- രൂപയ്ക്കായിരുന്നു! പാപ്പാന്മാർ പറഞ്ഞാണ് ഞാനീ വിവരമറിഞ്ഞത്. അത് കേട്ട നിമിഷം, ആന ത്താവളത്തിലായിരുന്നു ഞാൻ. നിന്നനിലയിൽ തുമ്പിക്കൈ ഉയർത്തി പ്രാർത്ഥിച്ചു: എന്റെ ഉണ്ണിക്ക ണ്ണാ, എല്ലാം നിന്റെ മായാവിലാസം... ഇതിന്റെ കൂട്ട ത്തിൽ ഒരു കാര്യം കൂടി പറയട്ടെ. ആ വേലയ്ക്ക് ഞാൻ നെല്ലായയിൽ ചെന്നപ്പോൾ ഒരു സംഭവം. പഞ്ചവാദ്യം, താലപ്പൊലി, ഭജന എന്നിവയുടെ അക മ്പടിയോടെ എന്നെ സ്വീകരിച്ച് ക്ഷേത്രത്തിലേയ്ക്ക് കൊണ്ടുപോവുകയാണ്. എങ്ങും വലിയ ആൾക്കൂ ട്ടം. ക്ഷേത്രത്തിലേക്ക് പോകുമ്പോൾ വഴി നീളെ ആര തി, ഹാരാർപ്പണം, പുഷ്പാർച്ചന, താലപ്പൊലി, മധു രപലഹാര വിതരണം! അതിനിടയ്ക്ക് ഞാനും എന്റെ പാപ്പാന്മാരും ഒരുപോലെ അമ്പരന്ന ഒരു നിമിഷം: തിങ്ങിനിറഞ്ഞ ആൾക്കൂട്ടത്തിനിടയിൽ നിന്നും ഒരു വൃദ്ധ - ഒരു പാട്ടിയമ്മ - ഓടിവന്ന് എന്റെ തുമ്പിക്കൈ കെട്ടിപിടിച്ച് ഒരൊറ്റ കരച്ചിൽ: "പപ്പനാഭാ, നീ എങ്കൾക്ക് സാക്ഷാൽ ഗുരുവായൂരപ്പൻ തന്നെ... നീ വന്തത് കണ്ണൻ വന്തത് പോലെ താനെ! ഇന്ത ലെഡു മഴിക്കെടാ മുത്തേ"... ആരെത്ര പറഞ്ഞിട്ടും പാട്ടി വിട്ട് മാറുന്നില്ല. സത്യം പറയട്ടെ, എന്റെ രണ്ടു കണ്ണും നിറഞ്ഞു തുളുമ്പിയ നിമിഷമായിരുന്നു അത്... ഒരു ആനയല്ലായിരുന്നെങ്കിൽ ആ നിമിഷം പാട്ടിയമ്മാ ളുടെ കാൽക്കൽ വീണു ഞാൻ നമസ്ക്കരിക്കുമായി രുന്നു... (തുമ്പിക്കൈക്കൊണ്ട് നിറമിഴികൾ തുടയ്ക്കു ന്നു.)

ചോദ്യം : മനഃപൂർവ്വം ചെയ്യാത്ത ഒരു വലിയ തെറ്റിന്റെ പേരിൽ താങ്കൾ ഏറെക്കാലം ദുഃഖിച്ച ഒരു ദുരന്ത സംഭവത്തെപ്പറ്റി കേട്ടിട്ടുണ്ട്. അതിനെപ്പറ്റി...

പത്മനാഭൻ : (എന്തോ ഓർത്തുകൊണ്ട്) അത്... അത് ഏതാനും വർഷം മുൻപാണ്. കുന്നം കുളത്തിനടുത്ത് ഒരു ഭഗവതി ക്ഷേത്രത്തിൽ രാത്രി പൂരം എഴുന്നള്ളിപ്പ് തുടരുന്നു. കോലം എന്റെ ശിര സ്സിൽ. ഞാൻ ഏറ്റവും അധികം സ്നേഹിക്കുകയും എന്നെ സ്വന്തം മകനെപ്പോലെ ലാളിച്ച് വളർത്തു കയും ചെയ്ത കുഴിക്കാട്ട് വേലായുധൻ നായർ ഒന്നാം പാപ്പാൻ. നേരം രാത്രി രണ്ടു രണ്ടര മണി. ധനുമാസം. തണുത്ത കാറ്റ്. എനിക്കുപോലും നേരിയ ഉറക്കത്തിന്റെ ആലസ്യം. ഒന്നാം പാപ്പാൻ എന്റെ കാലിൽ ചാരി ഇരുന്ന് ഉറങ്ങുകയായിരുന്നു. ഞാനത് അറിഞ്ഞില്ല. അതിനിടെ എപ്പോഴോ ഞാൻ കാലൊന്നു നിവർത്തി ചുവടുമാറി നിന്നു. കാൽ നില ത്തുവെച്ചപ്പോൾ പൊതിക്കാത്ത തേങ്ങപോലെ എന്തോ ഒന്ന് എന്റെ കാലടിയിൽ തടഞ്ഞു. പാവം, വേലായുധൻ നായർ ഉറക്കത്തിൽ മറിഞ്ഞുവീണതാ യിരുന്നു! അപകടം മണത്തറിഞ്ഞ ഞാൻ ഉടനെ കാലുയർത്തി പക്ഷെ അപ്പോഴേക്കും എല്ലാം കഴി ഞ്ഞിരുന്നു... ഞാൻ അന്ന് രാത്രി മുഴുവൻ ഏന്തി ഏന്തി കരഞ്ഞതിന് കൈയ്യും കണക്കുമില്ല. എനിയ്ക്കു കണ്ണടക്കാൻ കഴിഞ്ഞില്ല. മദം പൊട്ടിയാൽ എന്നതുപോലെ തലയ്ക്കകത്ത് കൂരിരുട്ടി. ഭയങ്കര മായ ഒരു ഇരമ്പം. പിന്നെ...

ചോദ്യം : പിന്നത്തെ കഥയൊന്നും ഓർമയി ലില്ല. അഥവാ ഓർക്കാൻ വയ്യായിരുന്നു അല്ലേ?

പത്മനാഭൻ : അല്ല. എല്ലാം ഓർമയുണ്ട്. എന്റെ പ്രിയപ്പെട്ട പാപ്പാന്റെ മൃതദേഹത്തിന് കാവൽ നിൽക്കുന്നതുപോലെ, ഞാൻ രണ്ടുദിവസം അവിടെ തന്നെ നിന്നു. ജലപാനംപോലും കഴിച്ചില്ല. ഞാൻ ഗുരുവായൂരപ്പനോട്, എന്റെ കാരണവന്മാരോട്, പ്രിയ പ്പെട്ട പാപ്പാൻമാരോട്... എല്ലാം മാപ്പുപറഞ്ഞു. പിന്നീട് ഗുരുവായൂരമ്പലത്തിൽ വന്ന് ഏഴുദിവസം തുടർച്ച യായി ഭഗവാന്റെ തിടമ്പെഴുന്നള്ളിച്ച് ഭജിച്ചതോടെ യാണ് എന്റെ മനസ്സ് തൽക്കാലം ശാന്തമായത്.

ചോദ്യം : എല്ലാം ഗുരുവായൂരപ്പന്റെ അപാര കാരുണ്യം തന്നെ. അല്ലേ? ഇതുപോലെ എത്രയെത്ര ആനകൾക്ക് ഇമ്മാതിരി ഭഗവൽ വാത്സല്യം നിറഞ്ഞ കഥകൾ പറയാനുണ്ടാകും?

പത്മനാഭൻ : ഒരു ആനയുടെ കഥ ഞാൻ തന്നെ പറയാം. ഭഗവാന്റെ കാരുണ്യ പ്രവാഹത്തിന്റെ കഥ. ആനത്തറവാട്ടിലെ ലക്ഷണമൊത്ത കൊമ്പനാ യിരുന്നു ലക്ഷ്മണൻ. ഒത്ത ഉയരം, നല്ല ഭംഗി. ഒരി ക്കൽ എരണ്ടക്കെട്ട് എന്ന രോഗത്തിന് അടിമയായി. പല വിദഗ്ദ ചികിത്സകളും ദേവസ്വത്തിന്റെ നേതൃ ത്വത്തിൽ നടത്തി നോക്കി. രോഗം ഒട്ടും കുറയുന്നി ല്ല. ആന തീരെ കിടപ്പിലായിരിക്കുന്നു. അക്കാലത്താ യിരുന്നു ഗുരുവായൂർ ക്ഷേത്രത്തിൽ ഉത്സവത്തോട നുബന്ധിച്ച സഹസ്രകലശം. മുണ്ടത്തിക്കോട് രാമ ചന്ദ്രൻ എന്ന ഒരു മാനേജരുണ്ടായിരുന്നു. ലക്ഷ്മ

ണന്റെ ഉറ്റ സുഹൃത്ത്. ലക്ഷ്മണൻ കൈവിട്ട് പോകുമോ എന്ന ചിന്തയിൽ മനസ്സുരുകി കഴിഞ്ഞിരുന്ന അദ്ദേഹം ഒരു ദിവസം തന്ത്രി നമ്പൂതിരിപ്പാടിനെ കണ്ട് നിറമിഴികളോടെ ചോദിച്ചു:

"തിരുമേനി, ഞാനൊരു കാര്യം ചെയ്തോട്ടെ? അങ്ങോട്ടോ ഇങ്ങോട്ടോ എന്ന് പറയാനാവാത്ത അവശതയിൽ കഴിയുന്ന ലക്ഷ്മണനാനയ്ക്ക് സഹസ്ര കലശാഭിഷേകത്തിന്റെ തീർത്ഥം കൊണ്ടുപോയി കൊടുത്തോട്ടെ? നമ്മുടെ ലക്ഷ്മണൻ രക്ഷപ്പെടില്ലേ?"

''സഹസ്ര കലശത്തീർത്ഥത്തിന്റെ ശക്തി ആർക്കു പറയാനാകും? കൊടുത്തുനോക്കൂ... ഗുരുവായൂരപ്പൻ വേണ്ടതു ചെയ്യും. സംശയിക്കണ്ട" - തിരുമേനി ഉറപ്പുകൊടുത്തു.

അത്യത്ഭുതമാണ് പിന്നീട് സംഭവിച്ചത്. തീർത്ഥം സേവിച്ച ലക്ഷ്മണന്റെ സ്ഥിതി അനുദിനം മെച്ചപ്പെട്ടു. എഴുന്നേറ്റു നിൽക്കാനായി. എരണ്ടകെട്ടുമാറി. പിന്നേയും എത്രയെ കാലം എഴുന്നെള്ളിപ്പിനെത്തി...

ചോദ്യം : ആനകളുടെ ചികിത്സയിലും അദ്വിതീയനാണല്ലോ ശ്രീ ഗുരുവായൂരപ്പൻ! " മാതംഗലീല" കമ്പോട് കമ്പ് മനഃപാഠമാണ് ഭഗവാനെ എന്നാണ് യശഃശരീരനായ പൂമുള്ളി ആറാം തമ്പുരാൻ പറയാറുള്ളത്.

പത്മനാഭൻ : ഞങ്ങളുടെയൊക്കെ കാരണവർ കേശവമ്മാവന്റെ കഥ ഓർത്തിട്ടാവും പൂമുള്ളി തമ്പുരാൻ അങ്ങനെ പറഞ്ഞത്. ഇവിടെ വന്നകാലത്ത്, "ഭ്രാന്തൻ കേശവൻ" എന്നാണത്രെ ആളുകൾ പറഞ്ഞിരുന്നത്. അവസാനം പൂമുള്ള മനക്കലേക്ക് കൊണ്ടുപോയി. വൈദ്യമഠം തിരുമേനിയുടെ വിദഗ്ദ ചികിത്സ. ഭ്രാന്തുമാറ്റി, തുടർന്ന് ഗുരുവായൂരിൽ വന്ന്, 41 ദിവസം ക്ഷേത്രത്തിൽ നിന്ന് പുറത്തുകടക്കാതെ ഭജനം തന്നെ ഭജനം.

ചോദ്യം : അതെയതെ. പിന്നീടാണല്ലോ കേശവൻ വെച്ചടി വെച്ചടി വളർന്നതും ഉയർന്നതും.

പത്മനാഭൻ : എനിക്കുമുണ്ടായി അത്തരമൊരു അനുഭവം. ധരിച്ചിട്ടില്ല അല്ലേ? എങ്കിൽ പറയാം. കഠിനമായ പാദരോഗമായിരുന്ന എന്നെ കടന്നാക്രമിച്ചത്. കാല് നിലത്തുവെക്കാൻ വയ്യ, അവസാനം വൈദ്യമഠത്തിന്റെ കടുംപ്രയോഗങ്ങൾ തന്നെ വേണ്ടിവന്നു. അതും പൂമുള്ളി മനയിൽ വെച്ച് തന്നെ.

ചോദ്യം : ഗുരുവായൂർ ഉത്സവത്തിനും മറ്റും കോലം കയറ്റി എഴുന്നള്ളിച്ച് നിറുത്തുമ്പോൾ മനസ്സിലുണരുന്ന വികാരവിചാരങ്ങൾ എന്തെല്ലാമായിരിക്കും?

പത്മനാഭൻ : കോലം കയറ്റിക്കഴിഞ്ഞാൽ ഞാൻ മറ്റൊന്നും വിചാരിക്കാറില്ല. എന്റെ ശിരസ്സിലെ ഇരിപ്പ് കണ്ണന് സുഖകരമാവണേ എന്ന പ്രാർത്ഥന മാത്രം. ചിലപ്പോൾ ചില വികൃതികളൊക്കെ കണ്ണൻ കാണിയ്ക്കും. എന്നാലും...

ചോദ്യം : വികൃതികളോ? ആനപ്പുറത്തോ?

പത്മനാഭൻ : (ചിരി ഒതുക്കി) അതേന്നേയ്... ചെവി പിടിച്ചു തിരുമ്പുക, മേളം മുറുകുമ്പോൾ ശിരസ്സിൽ മതിമറന്ന് താളം പിടിക്കുക, എഴുന്നേറ്റ് നിന്ന് സന്തോഷം പ്രകടിപ്പിക്കുക - അങ്ങനെ ചിലത്... എനീക്ക് പക്ഷെ അതൊക്കെ വലിയ സന്തോഷമാണ്...

ചോദ്യം : താങ്കൾ ഉൾപ്പെട്ട തലമുറയുടെ കുലപതി ആയിരുന്ന ഗജരാൻ കേശവനെപ്പറ്റിയുള്ള ഒളിമങ്ങാത്ത ചില ഓർമകൾ?

പത്മനാഭൻ : ഞങ്ങൾക്കൊക്കെ വാത്സല്യനിധിയായിരുന്ന ഒരു കാരണവരായിരുന്നു കേശവമ്മാമ. ഏത് ആനയും കണ്ടുപഠിക്കേണ്ട ഒരു മഹാമാതൃക... നെറ്റിപ്പട്ടം കെട്ടിനിൽക്കുന്ന നിമിഷം മുതൽ കേശവമ്മാമ ആകെ മാറും. കോലം കയറ്റി ഭക്തജനങ്ങൾ "ഹരേ ഹരേ" എന്ന് ഉച്ചത്തിൽ പ്രാർത്ഥിക്കുന്നതോടൊപ്പം കേശവമ്മാമയുടെ ശിരസ്സ് ആകാശത്തിലേയ്ക്ക് ഉയർന്ന് ഉയർന്ന് പോകുന്നത് കാണാം. അന്നേരം ഇടംവലം നിൽക്കുന്ന ഏറ്റവും ഉയരം കൂടിയ പറ്റാനകൾ പോലും ചെറുതായി ചെറുതായി വരുന്നതായി തോന്നും... പിന്നത്തെ കാര്യമൊന്നും പറയേണ്ട. എന്താ ആ തലയെടുപ്പിന്റെ ഒരു ഭംഗി! ആ നിൽപ്പ്, ആ അന്തസ്സ്, ആ ഔന്നിത്യം. ആ തറവാടിത്തം - എല്ലാം കണ്ടാസ്വദിക്കുക തന്നെ വേണം. എന്റെ മുതിർന്ന കൂട്ടാളികളായ വലിയ കേശവനും ഇന്ദ്രൻസിനും നന്ദനനും എനിക്കുതന്നെയും ആ തലയെടുപ്പ് അത്രത്തോളം കിട്ടിയിട്ടില്ല. ഞങ്ങൾ ശ്രദ്ധിച്ചിട്ടുള്ള മറ്റൊരു പ്രത്യേകതയുണ്ട്. കോലം കയറ്റുമ്പോൾ ഉയരുന്ന കേശവമ്മാമയുടെ എഴുന്നള്ളിപ്പ് കഴിയുന്നതുവരെ ഉയർന്ന്തന്നെ നിൽക്കും! കടുകിട താഴില്ല. വല്ലാത്തൊരു സിദ്ധി തന്നെയായിരുന്നു ആ ശീലം.

ചോദ്യം : കേശവന്റെ ആനക്കാരിൽ ആരും മോശക്കാരായിരുന്നില്ല. അതും പറയണമല്ലോ.

പത്മനാഭൻ : അതെത്ര പറഞ്ഞാലും അധികമാവില്ല... ആനക്കാരിൽ ഒരു മണിനായരും ഒരു (ചെറിയ) അച്യുതൻ നായരും! കേശവമാമ്മയെക്കാൾ തലയെടുപ്പുണ്ടായിരുന്നു മാണിനായർക്ക്! നെഞ്ചുവിരിത്തി, കേശവമ്മാമയുടെ കൊമ്പുപിടിച്ചുള്ള ആ നിൽപ്പ് കാണേണ്ടതാണ്. അച്യുതൻ നായർ ശാന്തപ്രകൃതിയാണ്. കേശവമ്മാമ എന്നു പറഞ്ഞാൽ ജീവനാണ്. മാണിനായരെ കേശവമ്മാമക്ക് നേരിയ ഭയമാണ് അച്യുതൻ നായരോട്. അളവറ്റ സ്നേഹവും... മോനേ, കുട്ടാ, കേശവൻ കുട്ട്യേ, അപ്പൂ എന്നൊക്കെയെ രണ്ടുപേരും വിളിക്കൂ... തുമ്പിക്കൈ തന്റെ ഉള്ളംക്കയ്യിൽ പിടിച്ച് തലോടിയും താലോലിച്ചും അച്യുതൻ നായർ ചിലപ്പോൾ കേശവമ്മാമയോട് നിറുത്താതെ വർത്തമാനം പറയുന്ന രംഗങ്ങൾ

ഞങ്ങൾ ഇളമുറക്കാർ കണ്ടിട്ടുണ്ട്. അക്കഥകൾ പറഞ്ഞുകേൾക്കുമ്പോഴെല്ലാം നന്ദനും, ഇന്ദ്രൻസും പറയും. പാലേട്ടാ, ഇങ്ങനെ രണ്ടു പാപ്പാന്മാരെ കിട്ടാൻ ഭാഗ്യം ചെയ്യണം! കൂട്ടത്തിൽ ഒരു പരമാർത്ഥം കൂടി പറയട്ടെ. സ്നേഹ സമ്പന്നരായ ആനക്കാരെ കിട്ടുക എന്ന ഭാഗ്യം സിദ്ധിച്ചവരാണ് ഞാനും എന്റെ പിൻമുറക്കാരനായ വലിയ കേശവനും നന്ദനും ഇന്ദ്രൻസുമെല്ലാം...

ചോദ്യം : ഇനിയൊരു രഹസ്യം ചോദിച്ചോട്ടെ. അത് താങ്കളെപ്പറ്റി തന്നെയാണ്. ലക്ഷണമൊത്ത ഒരു നാട്ടാനയ്ക്ക് ഉണ്ടായിരിക്കേണ്ട എല്ലാ ഗുണഗണങ്ങളും താങ്കൾക്കുണ്ട്. അതായത്, അസൂയാവഹമായ ആനച്ചന്തം. എന്നാൽ, എവിടെയായാലും, എഴുന്നള്ളിപ്പിന് മുമ്പ്, ക്ഷേത്രം മതിൽക്കകത്തോ പുറത്തോ താങ്കൾ അടങ്ങിഒതുങ്ങി നിൽക്കുന്നത് കണ്ടാൽ, ഇത്ര ചെറിയ ഉയരം കുറഞ്ഞ ആനയാണോ ഗുരുവായൂർ ഗജരത്നം പത്മനാഭൻ എന്ന് കാണികൾ ഒറ്റനോട്ടത്തിൽ അമ്പരക്കും. എഴുന്നള്ളിപ്പിന്റെ സമയമായാൽ താങ്കൾ മറ്റ് ആനകളുടെ നടുക്കുവന്ന്, ശിരസ്സുയർത്തി രാജകീയ പ്രൗഢിയോടെ ഒരു നിൽപ്പുണ്ട്! നേരത്തെ കണ്ട പത്മനാഭൻ തന്നെയോ ഈ കൊമ്പൻ എന്ന് കാണികൾ അമ്പരക്കും. മാത്രമല്ല, താങ്കളുടെ തലയെടുപ്പിന് മുന്നിൽ അതികേമന്മാരായ പറ്റാനകൾ അടിയറവു പറയും. സത്യം പറയൂ, എന്താണ് ഇതിന്റെ രഹസ്യം?

പത്മനാഭൻ : (ഒരു നിമിഷം തുമ്പിക്കൈ ഉയർത്തി ഗുരുവായൂരപ്പനെ പ്രാർത്ഥിച്ചു നമിച്ചതിനു ശേഷം) സത്യം പറയാം. ഈ ചോദ്യത്തിന് ഉത്തരം പറയാൻ എനിക്കറിയില്ല. എന്റെ ഗുരുവായൂരപ്പന് മാത്രമേ അറിയൂ ഇതിന്റെ രഹസ്യം. താരതമ്യേന തലയെടുപ്പ് കുറഞ്ഞ എന്നെ കൂട്ടത്തിൽ ഏറ്റവും തലയെടുപ്പുള്ള ആനയായി മാറ്റുന്നത് ഗുരുവായൂരപ്പന്റെ അപാരവാത്സല്യം തന്നെ. എന്റെ രണ്ടുകൊമ്പും, സസ്നേഹം പിടിച്ചുയർത്തി "മോനേ, നീ ഗുരുവായൂരപ്പന്റെ സ്വന്തം കുട്ടിയാണ്. അത് മറക്കരുത്" എന്ന് എന്റെ പ്രിയപ്പെട്ട പാപ്പാന്മാർ മനമുരുകി പ്രാർത്ഥിക്കാറുമുണ്ടാവണം... ഇതിലധികം ഞാൻ എന്തു പറയാനാണ്?

ചോദ്യം : ഇപ്പോൾ പണ്ടത്തെപ്പോലെ അധികം എഴുന്നള്ളിപ്പുകൾക്ക് താങ്കൾ പുറത്തുപോകാറില്ല. ഗുരുവായൂരമ്പലത്തിൽ തന്നെ വിശേഷദിവസങ്ങളേ കാണാറുള്ളൂ. ഈ ആനക്കോട്ടയിൽ ഏകാന്ത ചിന്താപരനായി ഇങ്ങനെ നൽക്കേണ്ടി വരുമ്പോൾ വിഷമം തോന്നാറുണ്ടോ?

പത്മനാഭൻ : വിഷമമോ? എന്തിന്? ഇത് കേവലം ഒരു ആനത്താവളമാണെന്ന് നിങ്ങളെപ്പോലുള്ളവർക്ക് തോന്നുന്നുണ്ടാവും. എന്നാൽ എനിക്ക് ഇത് ഗുരുവായൂർ ക്ഷേത്രമതിലകം പോലെയാണ്. മാത്രമല്ല, ഇവിടെ എവിടെ നിന്നാലും എനിക്ക് ഉണ്ണിക്കണ്ണനെ കാണാം! തുമ്പിക്കൈ ഉയർത്തി നിറമിഴികളോടെ ഒരു വിളി വിളിച്ചാൽ മതി, എന്റെ ഗുരുവായൂരപ്പൻ കേൾക്കും, ഇവിടെ ഓടിയെത്തും. പോരേ, ഇത്രയൊക്കെ പോരേ?

മതി, അതുമതി എന്നു പറഞ്ഞ് ഞാൻ യാത്ര ചോദിച്ചു. തിരിച്ച് നടക്കാൻ തുടങ്ങിയപ്പോൾ സ്നേഹസൗഹൃദം തുളുമ്പുന്ന മൗനഭാഷയിൽ പത്മനാഭൻ ഓർമ്മിപ്പിച്ചു:

"നോക്കൂ... നമ്മളൊക്കെ ഒരേ തമ്പുരാന്റെ അരുമക്കിടാങ്ങളാണ്. അതുകൊണ്ടു തന്നെ സമയം കിട്ടുമ്പോൾ ഇടയ്ക്ക് ഇവിടെയൊന്ന് വരൂ... മറക്കരുത്...

## പതിനേഴ്
# എന്റെ കളരി ഗുരുക്കന്മാർ

**എ**പ്പോഴും എന്നപോലെ ഇപ്പോഴും, അല്ലെങ്കിൽ എന്നും എന്നപോലെ ഇന്നും, എഴുതാൻ തുടങ്ങുമ്പോൾ എന്റെ മനസ്സിലേക്ക് സാക്ഷാൽ മുണ്ടശ്ശേരി മാസ്റ്റർ ശിരസ്സുയർത്തി കയറിക്കടന്നു വരുന്നു. അക്ഷരകലയുടെ രാജശില്പിയായ മുണ്ടശ്ശേരി മാസ്റ്റർ എനിയ്ക്ക് പത്രപ്രവർത്തന മേഖലയിലും ആരാധ്യനായ ഗുരുനാഥനാണ്. കാരണം, ഈ രംഗത്ത് എന്റെ വിദ്യാരംഭം നിർവ്വഹിച്ചത് മാസ്റ്ററാണ്. അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ, തൃശൂരിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന "നവജീവൻ" പത്രത്തിന്റെ പത്രാധിപസമിതിയംഗമായിട്ടായിരുന്നു എന്റെ തുടക്കം. മുണ്ടശ്ശേരി മാഷ് ആയിരുന്നു "നവജീവ"ന്റെ സ്ഥാപക പത്രാധിപർ.

കഥയായാലും കവിതയായാലും നോവലായാലും ഉപന്യാസമായാലും ശരി, എഴുത്തിന്റെ സൂത്രവാക്യമായി മാസ്റ്റർ എടുത്തെടുത്തു പറയാറുള്ള ഒരു പ്രമാണമുണ്ട്:

"എടോ, എഴുതുന്നതെന്തായാലും വേണ്ടില്ല, ആദ്യത്തെ വാചകം വായിക്കുന്ന വായനക്കാരൻ അതു മുഴുവൻ ഒറ്റയിരിപ്പിനു വായിച്ചേ താഴത്തു വയ്ക്കാവൂ... ഓരോ വാക്കും ചെത്തിയുഴിഞ്ഞ് ചിന്തൂരിയ്ക്കിട്ട് മിനുക്കി ഘടകോപഘടകസുഘടിതമായി പ്രയോഗിക്കണം എന്നർത്ഥം..."

ഇതെങ്ങിനെ സാധിച്ചെടുക്കാം എന്ന് മാഷ് വിശദീകരിയ്ക്കും:

"തുടക്കത്തിന്റെ മൂപ്പും മുഴക്കവും കൊണ്ടു തന്നെ വായനക്കാരനെ കീഴടക്കാൻ ശ്രമിയ്ക്കണം... ആദ്യത്തെ വാക്ക്, അഥവാ ആദ്യത്തെ വാചകം, അതുമല്ലെങ്കിൽ ആദ്യത്തെ ഖണ്ഡിക- ആ ചൂണ്ടയിൽ കൊളുത്തണം. വായനക്കാരന്റെ മനസ്സ്... തുടക്കത്തിന് വിശേഷിച്ചൊരു ചന്തവും ചമൽക്കാരവും വേണമെന്നർത്ഥം... ഇക്കാര്യത്തിൽ, മറ്റാരേക്കാളുമേറെ ശ്രദ്ധിച്ചിരുന്നു വള്ളത്തോൾ. ആ ഖണ്ഡകവിതകളുടെ നാടകീയമായ തുടക്കം ശ്രദ്ധിച്ചാൽ മതി, സംഗതി പിടികിട്ടും..."

മുണ്ടശ്ശേരി മാസ്റ്റർ ഈ സിദ്ധി വൈഭവത്തിൽ ആചാര്യാവസ്ഥാനീയനായിരുന്നു എന്ന് പിൽക്കാലത്ത് എനിയ്ക്ക് അനുഭവപ്പെട്ടിട്ടുണ്ട്. ഏതാണ്ട് ഒന്നൊന്നര കൊല്ലക്കാലം മാസ്റ്ററുടെ ശിഷ്യനായി ഒരു പകർപ്പെഴുത്തുകാരനാവാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട് എനിയ്ക്ക്. ആദിമദ്ധ്യാന്തപ്പൊരുത്തമുള്ള, ലക്ഷണമൊത്ത ലേഖനങ്ങൾ, ചാരു കസേരയിൽ ചാരിക്കിടന്ന് മാസ്റ്റർ അനായാസം പറഞ്ഞുതരും; അടുത്തിരുന്ന് ഞാനത് കേട്ടെഴുതും. എഴുതുന്നത് ലേഖനങ്ങളാകാം, പത്രത്തിലേക്കുള്ള, ഇരുതല മൂർച്ചയുള്ള മുഖപ്രസംഗങ്ങളാവാം, അത്രയും വേണ്ടപ്പെട്ട എഴുത്തുകാരുടെ സമാഹാരങ്ങൾക്കുള്ള അവതാരികകളാവാം... എന്തായാലും ഓരോന്നിന്റേയും തുടക്കത്തിന് ഒരു തുലാവർഷമേഘഗർജനത്തിന്റെ സവിശേഷ മുഴക്കമുണ്ടായിരുന്നു...

പിൽക്കാലത്ത്, വള്ളത്തോൾ കവിതകളിലിറങ്ങി നടക്കാൻ തുടങ്ങിയപ്പോൾ, മുണ്ടശ്ശേരി മാസ്റ്ററ് പറഞ്ഞ ആ പരമാർത്ഥം - നാടകീയമായ തുടക്കത്തിന്റെ മൂപ്പും മുഴക്കവും ചന്തവും ചമൽക്കാരവും - നേരിട്ടു ബോധ്യപ്പെടുകയും ചെയ്തു.

കാര്യങ്ങൾ അവിടേയും നിന്നില്ല. വള്ളത്തോൾ കളരിയിൽ കച്ചകെട്ടി പരിശീലിച്ച് വളർന്നുയർന്നു വന്ന രണ്ടു മഹാകവികളുടെ രചനകളുമായി അടുത്തിടപഴികയപ്പോൾ, മുണ്ടശ്ശേരി മാസ്റ്റർ പറഞ്ഞതിന്റെ പൊരുളിന് കൂടുതൽ തെളിച്ചം കിട്ടി. മഹാകവി അക്കിത്തം, മഹാകവി ഒളപ്പമണ്ണ - രണ്ടുപേരും എനിയ്ക്ക് എന്നും ആരാധ്യരായ ഗുരുനാഥൻമാർതന്നെ. കവിതയെഴുതാൻ എന്നെ വാത്സല്യപൂർവ്വം പഠിപ്പിച്ചത് മഹാകവി അക്കിത്തമാണ്; ഒളപ്പമണ്ണയാവട്ടെ, എന്റെ ഒട്ടനവധി കവിതകൾ വെട്ടിത്തിരുത്തി വെടുപ്പാക്കിത്തന്നിട്ടുണ്ട്.

നീണ്ട കവിതകളിലും കഥാകവിതകളിലും തുടക്കം കഴിയുന്നത്ര നാടകീയമാക്കാൻ അക്കിത്തവും ഒളപ്പമണ്ണയും സവിശേഷ ശ്രദ്ധ ചെലുത്തിയിരുന്നുവെന്ന് വായനക്കാർ തിരിച്ചറിയുന്നു.

പെട്ടന്ന് മനസ്സിലേക്ക് ഓടിക്കയറിവന്ന രണ്ടു ഉദാഹരണങ്ങൾ ചുരുക്കത്തിലൊന്നു പറഞ്ഞുവയ്ക്കട്ടെ.

മഹാകവി അക്കിത്തത്തിന്റെ ഒരൊന്നാന്തരം കവിതയത്രെ "മാധവിക്കുട്ടി." നിഷ്ക്കളങ്കമായ, ഗ്രാമീണ കന്യകയായ മാധവിക്കുട്ടിയാണ് നായിക. ഗ്രാമത്തിൽ വന്നുപ്പെട്ട ഒരു പോലീസുകാരനുമായി ഇഷ്ടത്തിലായി. ഇഷ്ടം വളർന്ന് പ്രണയമായി, അടുപ്പമായി, അതിലേറെയുമായി. പെട്ടെന്നൊരു ദിവസം, പോലീസുകാരൻ വിടപറഞ്ഞ് പടിയിറങ്ങുന്നു! മൂപ്പർക്ക് സ്ഥലം മാറ്റം. മാധവിക്കുട്ടി നടുങ്ങിപ്പോയി. ഇനി തനിയ്ക്ക് ആരുണ്ടൊരു തുണ, ഒരു ഇണ?

തുടർന്നുള്ള കഥ ഞാൻ വിസ്തരിയ്ക്കുന്നില്ല. കഥാകഥനമല്ലൊ ലക്ഷ്യം. ഈ കഥാകവിത അക്കിത്തം എങ്ങിനെ പറഞ്ഞു തുടങ്ങി എന്ന് ശ്രദ്ധിക്കുക. ആ നാടകീയതയുടെ ശക്തിയും സൗന്ദര്യവും ലാളിത്യവും ഏതൊരു വായനക്കാരനേയും വായനയുടെ ആദ്യമുഹൂർത്തത്തിൽത്തന്നെ കീഴടക്കും: പ്രഥ

മദർശന പ്രണയം എന്നൊക്കെ പറയാറില്ലേ, അതു പോലെ.

അക്കിത്തം ഈ കഥാകവിത തുടങ്ങുന്നതിങ്ങനെയാണ്:

"ഇതെന്തു ശനി-യെന്നോർത്തു-
നിൽക്കും പോലീസുകാരനെ,
തോളിൽ കൈവച്ചുണർത്തുന്ന
മാധവിക്കുട്ടി പിന്നെയും..."

പോലീസുകാരന്റെ "ഇതൊരു കെട്ടിത്തിരിച്ചിലായല്ലൊ" എന്ന മുഷിഞ്ഞ മുഖഭാവം, തോളിൽ കൈവച്ചുകൊണ്ട് പരാതികളുടേയും പരിഭവങ്ങളുടേയും കുടുക്കഴിച്ച് എല്ലാം തുറന്നു കാട്ടുന്ന പാവം മാധവിക്കുട്ടിയുടെ ആ നില്പ്...

മുണ്ടശ്ശേരി മാഷ് പറഞ്ഞത് ശരിതന്നെ: ആദ്യത്തെ നാലുവരി വായിക്കുന്ന ഏതൊരു സഹൃദയനും അവസാനത്തെ വരികൾക്കൂടി വായിച്ചേ കവിത താഴത്തുവയ്ക്കൂ...

മഹാകവി ഒളപ്പമണ്ണയുടെ അതിപ്രശസ്തമായ ഖണ്ഡകാവ്യം: "നങ്ങേമക്കുട്ടി." മലയാള സാഹിത്യത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഈ കൃതി ഒളപ്പമണ്ണയുടെ മാസ്റ്റർപീസുകളിലൊന്നായി, പോരാ, ഒന്നാം തരമായി സഹൃദയ ലോകം കണക്കാക്കുന്നു.

കന്യകയായിരിക്കേ, ഗർഭിണിയാവുക എന്ന ദുർവ്വിധിയ്ക്കടിപ്പെട്ട നങ്ങേമ എന്ന ഒരു അന്തർജ്ജന പെൺകിടാവിന്റെ ദുഃഖവും ദുരിതവും ദുരന്തവും കണ്ണീരിൽ ചാലിച്ചെഴുതിയ നീണ്ട കവിതയാണിത്. കഥ വിസ്തരിക്കുന്നില്ല. ശ്രദ്ധിയ്ക്കേണ്ടത്, ഇതിന്റെ തുടക്കം ആണ്; ആ തുടക്കത്തിന്റെ നാടകീയമായ ചാരുതയാണ്. തനിയ്ക്ക് മറ്റാരേക്കാളും ഭംഗിയായി കൈകാര്യം ചെയ്യാവുന്ന 'ഗായത്രം' വൃത്തത്തിൽ ഒളപ്പമണ്ണ കവിത തുടങ്ങുന്നു:

"നേരം തെറ്റിയ നേരത്തായ്
നങ്ങേമക്കുട്ടി തൻ കുളി:
ആരും തേടീല കാരണം!"

നന്നെ കുറുകിയ, മൂന്നേ മൂന്നു വരികൾ. പക്ഷെ, ആ ഒൻപതു വാക്കുകളിൽ ഒളപ്പമണ്ണ എന്തെല്ലാം എന്തെല്ലാം പറഞ്ഞുവച്ചു! ''ആരും തേടീല കാരണം'' എന്ന് കവി പറഞ്ഞപ്പോൾ, എന്നാൽ അതിന്റെ കാരണം ഒന്നറിയണമല്ലൊ എന്ന ഉദ്വേഗത്തിലാവുന്നു വായനക്കാരൻ!

അതിരിക്കട്ടെ. ഇപ്പോൾ പ്രസക്തമായ ചോദ്യം മറ്റൊന്നാണ്:

എഴുത്തിലെ നാടകീയമായ തുടക്കത്തിന്റെ പ്രസക്തിയെപ്പറ്റിയും പ്രത്യേകതകളെപ്പറ്റിയും എടുത്തെടുത്തു പറയാൻ കാരണമെന്ത്?

കാരണം, മറ്റൊന്നുമല്ല, ഇപ്പറഞ്ഞ മൗലികപ്രമാണം പത്രപ്രവർത്തകർക്കും ബാധകമാണ് എന്നു പറയാൻ തോന്നി, അത്രതന്നെ. എഴുതുന്നത് വെറും വാർത്തയാവാം, പതിവു റിപ്പോർട്ടാവാം, അഭിമുഖമാവാം ഫീച്ചറാവാം, രാഷ്ട്രീയ അവലോകനങ്ങളാവാം. അങ്ങിനെ പലതുമാവാം. എന്തായാലും, നാടകീയമായ തുടക്കം എന്ന അനുപേക്ഷണീയമായ ഘടകം അവഗണിയ്ക്കരുത്. പത്രപ്രവർത്തനരംഗത്ത്, അനുഭവ സമ്പന്നരും ഗുരുസ്ഥാനീയരുമായ അപൂർവ്വ പ്രതിഭാശാലികൾ ഈ പ്രമാണം അനുസരിച്ചിരുന്നു.

തുടക്കം നന്നാവണം എന്നാണല്ലൊ നമ്മൾ പറഞ്ഞുവച്ചത്. അതിനെപ്പറ്റി പേർത്തും ചേർത്തും ഓർക്കാൻ തുടങ്ങിയപ്പോൾ മഹാപ്രതിഭകളായ രണ്ടു കഥാപാത്രങ്ങൾ എന്റെ കൺമുന്നിൽ തെളിഞ്ഞു നിന്നു.

ഇവർ ആരൊക്കെ എന്നല്ലേ? പറയാം. സി.പി. രാമചന്ദ്രൻ; ടി.വി.ആർ. ഷേണായി.

വെറുതെ സി.പി. രാമചന്ദ്രൻ എന്നു പറഞ്ഞാൽ പുതിയ തലമുറക്കാരായ ജേർണലിസ്റ്റുകൾക്ക് പിടികിട്ടികൊള്ളണമെന്നില്ല. എന്നാൽ തൊട്ടു മുൻപുള്ള ഒന്നിലേറെ തലമുറകൾക്ക് സി.പി. രാമചന്ദ്രൻ അത്രമാത്രം സുപരിചിതനും അതിലേറെ ആദരണീയനുമായിരുന്നു. ഒരർത്ഥത്തിൽ, ഇന്ത്യയിലെ പത്രപ്രവർത്തകരുടെ കുലപതി എന്നുപോലും വിശേഷിപ്പിയ്ക്കാം.

രണ്ടാമൻ സാക്ഷാൽ ടി.വി.ആർ. ഷേണായി. അക്ഷരാർത്ഥത്തിൽ ഒരു ബഹുമുഖ പ്രതിഭ. മലയാള മനോരമനയുടെ പത്രാധിപസമിതി അംഗമായി 1966 -ൽ ഞാൻ ചേർന്നതിനുശേഷമാണ് രസികശിരോമണിയായ ഷേണായി സാറിനെ അത്രമേൽ അടുത്ത് പരിചയപ്പെടുന്നത്. ഷേണായി സാർ അക്കാലത്ത് മനോരമയുടെ ഡൽഹി ബ്യൂറോവിലെ മുഖ്യസാരഥിയായിരുന്നു. അല്പസ്വല്പം സാഹിത്യത്തിന്റെ അസ്ക്കിതയുള്ള പയ്യനാണ് ഞാൻ എന്നു മനസ്സിലാക്കിയതുകൊണ്ടാവണം, പരിചയപ്പെട്ട നാൾ മുതൽ എന്നോടൊരു സവിശേഷ വാത്സല്യവും സ്നേഹസൗഹൃദവുമുണ്ടായിരുന്നു. നേരത്തെ പറഞ്ഞ സി.പി. രാമചന്ദ്രന്റെ ഏറ്റവും വലിയ ആരാധകനും ഏറ്റവും അടുത്ത സുഹൃത്തുമായിരുന്നു ടി.വി.ആർ. ഷേണായി.

മൂന്നാമത് മുല്ലമംഗലത്ത് രാമരൻ ഭട്ടതിരിപ്പാട് എന്ന എം.ആർ.ബി. നാടക കലാരംഗത്ത്. ഭീഷ്മാചാര്യനായിരുന്ന, ഭരത് അവാർഡ് ജേതാവുകൂടിയായ പ്രേംജി എന്ന എം.പി. ഭട്ടതിരിപ്പാടിന്റെ സഹോദരനാണ് എം.ആർ.ബി. കരുത്തനായ നാടകകൃത്തും വി.ടി. ഭട്ടതിരിപ്പാടിനോടൊപ്പം പടപൊരുതിയ സാമൂഹ്യ പരിഷ്ക്കർത്താവുമായ എം.ആർ.ബി, മധുര മനോഹരമായ മലയാള ശൈലിയുടെ വക്താവും പ്രയോക്താവുമായിരുന്നു. പതിറ്റാണ്ടുകൾക്കു മുമ്പ്, തൃശൂരിലെ ശ്രീ കേരളവർമ കോളേജിലെ വിദ്യാർത്ഥിയായിരിക്കെയാണ് ഞാൻ എം.ആർ.ബി.യെ നേരിട്ടു

കാണുന്നതും പരിചയപ്പെടുന്നതും. പിന്നീടദ്ദേഹം എനിയ്ക്കൊരു വളർത്തച്ഛനെപ്പോലെയായി.

ഈ മൂന്നു അതികായന്മാരേയും ഇപ്പോൾ ഓർക്കാൻ മാത്രം എന്തേ ഉണ്ടായത്?

മറ്റൊന്നുമല്ല, എന്തെഴുതുമ്പോഴും തുടക്കം അത്രമാത്രം നാടകീയവും അതിലേറെ വ്യത്യസ്തവുമാവണമെന്ന മോഹം തന്നെ. ആരാധ്യരായ ഈ മൂന്ന് ആചാര്യന്മാരും വേറിട്ട ശബ്ദത്തിൽ സംസാരിച്ചവരും വേറിട്ട ശൈലിയിൽ എഴുതിയവരുമായിരുന്നു.

തുടക്കം സി.പി.രാമചന്ദ്രനിൽ നിന്നുതന്നെയാവട്ടെ. യശഃശരീരനായ പവനന്റെ ഭാര്യ പാർവ്വതി പവനന്റെ മൂന്നു സഹോദരനാണ് ഒറ്റപ്പാലം ചിറ്റേനിപ്പാട്ട് പുത്തൻവീട് തറവാട്ടംഗം രാമചന്ദ്രൻ. ഇന്ത്യയിലെ ഏറ്റവും പ്രഗത്ഭനായ പത്രപ്രവർത്തകനായാണ് അറിയപ്പെട്ടിരുന്നതെങ്കിലും പത്രത്തിന്റെ പടി കയറും മുമ്പ് ഈ പ്രതിഭാശാലി പിന്നിട്ട വഴിത്താരകളും പ്രവർത്തിച്ച കർമ്മ മണ്ഡലങ്ങളും കേട്ടാൽ വിസ്മയം തോന്നും. ചെറുപ്പത്തിന്റെ ചൊറുചൊറുക്കിൽ നാവിക സേനയിൽ ലെഫ്റ്റനന്റ് ആയിട്ടായിരുന്നു തുടക്കം. നാവിക കലാപം പൊട്ടിപ്പുറപ്പെടേണ്ട താമസമേയുണ്ടായുള്ളൂ രാമചന്ദ്രൻ പുറത്തായി. കേരളത്തിലെത്തി. കമ്യൂണിസ്റ്റായി. ദേശാഭിമാനിയിൽ പത്രപ്രവർത്തകനായി. അതിമനോഹരമായ ഇംഗ്ലീഷ് ഭാഷാശൈലിയുടെ ഉടമയായിരുന്നു സി.പി. ആ കഴിവ് കണ്ടറിഞ്ഞ ഇ.എം.എസ്. ഏറെ താമസിയാതെ സി.പി.യെ ഡൽഹിയിലെത്തിച്ചു. പാർട്ടി മുഖപത്രമായ Cross Road ൽ (പിന്നീട് NEW AGE ആയി) ചേർത്തു. അങ്ങിനെയിരിക്കെ വീണ്ടും ഒരു മാറ്റം.

ആ സന്ദർഭത്തിൽ പാർട്ടി പുറത്താക്കുകയോ, പാർട്ടിയിൽ നിന്ന് പുറത്തിറങ്ങിപ്പോരുകയോ ചെയ്ത അരുണ ആസഫലി, എടത്തട്ട നാരായണൻ, ആർ. പി. നായർ എന്നിവർ ചേർന്ന് PATRIOT എന്നും LINK എന്നും പേരായ ഇടതുപക്ഷ പ്രസിദ്ധീകരണങ്ങൾ തുടങ്ങി. സി.പി.യും. അതിൽ ചേർന്നു. സി.പി.യുടെ ഇംഗ്ലീഷ് ഭാഷാശൈലിയുടെ ശക്തിയും സൗന്ദര്യവും കണ്ടറിഞ്ഞ കാർട്ടൂണിസ്റ്റ് ശങ്കർ തന്റെ "ശങ്കേഴ്സ് വീക്കിലി" യിലേക്കു ക്ഷണിച്ചു. സി.പി. ചെന്നു ചേർന്നു. വിദുരൻ, അഗസ്ത്യൻ എന്നീ തൂലികാ നാമങ്ങളിലും സ്വന്തം പേരിലും തുരുതുരാ എഴുതാൻ തുടങ്ങി. സി.പി.യുടെ ഓരോ വാക്കും വരിയും വായനക്കാർ ശ്രദ്ധിയ്ക്കാൻ തുടങ്ങി. ഈയടുത്ത ദിവസം പോലും, ഷേണായി സാർ പറയുകയുണ്ടായി:

"ഒരു ഘട്ടത്തിൽ "ശങ്കേഴ്സ് വീക്കിലി" നടത്തിയിരുന്ന സി.പി. രാമചന്ദ്രനായിരുന്നു. സി.പി.യാണ് മുഖപ്രസംഗങ്ങൾ എഴുതിയിരുന്നത്. ഇരുതല മൂർച്ചയുള്ള ആക്ഷേപഹാസ്യത്തിൽ കാച്ചിക്കുറുക്കിയെടുത്തവയായിരുന്നു ആ മുഖപ്രസംഗങ്ങൾ. വൈവിധ്യമാർന്ന ദേശീയ - അന്തർദ്ദേശീയ പ്രശ്നങ്ങളെപ്പറ്റി തന്റെ പ്രസ്സ് സെക്രട്ടറിമാർ എഴുതി തയ്യാറാക്കി കൊടുക്കുന്ന കുറിപ്പുകളേക്കാളേറെ ശ്രദ്ധയോടെയും താൽപ്പര്യത്തോടും പ്രധാനമന്ത്രി പണ്ഡിറ്റ് ജി ഈ മുഖപ്രസംഗങ്ങളും പേരുവയ്ക്കാതെ സി.പി. എഴുതിയിരുന്ന കുറിപ്പുകളും വായിക്കാറുണ്ടായിരുന്നു. പണ്ഡിറ്റ് ജി മാത്രമല്ല, അക്കാലത്തും പിൽക്കാലത്ത് പ്രധാനമന്ത്രി ആയപ്പോഴും സാക്ഷാൽ ഇന്ദിരാഗാന്ധിയും സി.പി.യുടെ രചനകൾ ശ്രദ്ധിച്ചിരുന്നു..."

പിന്നീട്, അടിയന്തരാവസ്ഥ വന്നു. ആ സാഹചര്യത്തിൽ, താൻ അത്രയും കാലം ഓമനിച്ചുവളർത്തിയ വീക്ക്‌ലി തുടർന്നു നടത്താനാവില്ലെന്ന് ബോധ്യം വന്നപ്പോൾ, മനമില്ലാ മനസ്സോടെ ശങ്കരപ്പിള്ള വീക്ക്‌ലിയുടെ പ്രസിദ്ധീകരണം നിർത്തി. പ്രസിദ്ധീകരണം തുടരണം എന്ന് ഇന്ദിരാഗാന്ധി തന്നെ നേരിട്ട് ശങ്കരപ്പിള്ളയോട് അഭ്യർത്ഥിക്കുകയുണ്ടായത്രെ.

പിന്നീടാണ് സി.പി.രാമചന്ദ്രൻ പ്രശസ്തമായ "ഹിന്ദുസ്ഥാൻ ടൈംസി"ൽ ഡെപ്യൂട്ടി എഡിറ്ററായി ചേരുന്നത്. എഴുത്തിന്റെ കരുത്തുകൊണ്ടുമാത്രം അദ്ദേഹം തന്റെ സിംഹാസനം ഉറപ്പിച്ചു; സുദീർഘമായ രണ്ടര പതിറ്റാണ്ടു കാലം ആ പദവിയിൽ ജ്വലിച്ചുനിന്നു.

"ഹിന്ദുസ്ഥാൻ ടൈംസി"ൽ സേവനമനുഷ്ഠിച്ച കാലയളവിൽ സി.പി. രാമചന്ദ്രൻ കൈവരിച്ച പേരും പെരുമയും അസൂയാവഹമായിരുന്നുവെന്ന് ഷേണായി സാർ പലതവണ കഥപോലെ ഞങ്ങളോട് പറഞ്ഞുതന്നിരുന്നത് ഇന്നും ഞാൻ ഓർക്കുന്നു.

"ഹിന്ദുസ്ഥാൻ ടൈംസി" ൽ എന്നും സി.പി. രാമചന്ദ്രൻ പേരുവച്ച് എഴുതിയിരുന്ന ഒരു പതിവു കോളം ഉണ്ടായിരുന്നു. കാഴ്ചയിൽ അമ്പലം ചെറുതാണ്, എന്നാൽ അകത്ത് ഉഗ്രമൂർത്തിയാണ് എന്ന പഴമൊഴിപോലെ, സി.പി. ഈ കോളത്തിൽ കുറച്ചേ എഴുതിയിരുന്നുള്ളൂ. പക്ഷെ അതുമതി. അക്ഷരം കൂട്ടി വായിക്കാനറിയാവുന്ന എല്ലാവരും ഒരു ദിനംപോലും മുടങ്ങാതെ നിത്യപാരായണം ചെയ്തിരുന്ന കോളം എന്നാണ് ഷേണായി സാർ വിശേഷിപ്പിച്ചത്. സാധാരണ വായനക്കാർക്കും ബുദ്ധിജീവികൾക്കും ഒരുപോലെ രസിയ്ക്കാം. അതിനിശിതമായ, എന്നാൽ നർമ മധുരമായ നിരീക്ഷണങ്ങൾ. ഈ കോളത്തിൽ എങ്ങിനെയെങ്കിലും ഒന്നു പരാമർശിക്കപ്പെടാൻ പാർലമെന്റിലെ മുതിർന്ന അംഗങ്ങളും പുതുമുഖങ്ങളും ഒരുപോലെ മോഹിയ്ക്കുകയും കിണഞ്ഞു പരിശ്രമിക്കുകയും ചെയ്തിരുന്നുവത്രെ. ഡൽഹിയിൽ ഏറെക്കാലം സി.പി.യുടെ കൂട്ടാളിയായിരുന്ന വടക്കെ കൂട്ടാലെ നാരായണൻകുട്ടി എന്നെ നമ്മുടെ പ്രിയപ്പെട്ട വി.കെ.എൻ. പറയാറുള്ളതിങ്ങനെയാണ്:

"ഇന്ദിരാഗാന്ധി പതിവായി വായിക്കുന്ന കോളം എന്നായിരുന്നു അതിന്റെ പേര്... എന്തിനാ വേറെയൊരു പെരുമ?"

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ എന്റെ ഓർമ യിൽ ഓടിയെത്തിയത്, ഒരിയ്ക്കൽ ഷേണായി സാർ തന്നെ പറഞ്ഞ ഒരു അനുഭവകഥയാണ്. കഥയല്ല, നേരിൽ കണ്ട അനുഭവം തന്നെ.

സി.പി.യുടെ അടുത്ത സുഹൃത്തും കടുത്ത ആരാധകനുമായിരുന്ന ടി.വി.ആർ. തരം കിട്ടുമ്പോ ഴൊക്കെ "ഹിന്ദുസ്ഥാൻ ടൈംസി"ൽ പോയി സി. പി.യെ കാണുമായിരുന്നു, അതൊരു കുളിർമ്മ അരു ളുന്ന അനുഭവമത്രെ. മനസ്സ് ഒന്നു ഫ്രഷ് ആവും. അടി മുടി റീച്ചാർജ് ചെയ്താലെന്നപോലെ.

ഒരു നാൾ രാവിലെ പത്ത് പത്തര മണി. "ടൈംസി"ൽ ചെല്ലുമ്പോൾ, സി.പി. പതിവില്ലാത്ത വിധം ആലോചനാമഗ്നനായിരുന്നു. ഇതെന്തുപറ്റി ആവോ...

വെടിവട്ടത്തിനും കുശലപ്രശ്നത്തിനും പതിവു നേരമ്പോക്കിനും കുറവൊന്നുമില്ലെന്ന് കണ്ടപ്പോൾ, ഷേണായി സാറിന് സമാധാനമായി. അങ്ങിനെയി രിക്കെ സി.പി. വീണ്ടും ആലോചനയിൽ മുഴുകുന്നു.

ഇതെന്താണിങ്ങനെ? സംഗതി അറിയണമല്ലൊ. ചോദിച്ചപ്പോൾ, ഒരു തമാശ പറയുംപോലെ സി.പി. പറഞ്ഞു:

"വിശേഷം എന്നു പറയുവാൻ ഒന്നുമില്ലെന്നേ യ്... ഇനി, ഇപ്പോൾ, ഭൂട്ടോവിനെപ്പറ്റി എന്തെഴുതാ നാണ്? പലരും എഴുതിത്തീർത്തതല്ലേ?"

ഭൂട്ടോവിനെപ്പറ്റി എഴുതുകയല്ലേ? അതെന്താ ണാവോ? ചോദിച്ചറിഞ്ഞപ്പോൾ സംഗതി ഇത്രയേ യുള്ളൂ:

പതിവു കോളത്തിൽ, ഇന്ന് സുൾഫിക്കർ അലി ഭൂട്ടോയെപ്പറ്റി എഴുതിയാൽ നന്ന് എന്ന് സി.പി.യോട് എഡിറ്ററുടെ നിർദ്ദേശം. ഭൂട്ടോവിനെപ്പറ്റി ഇനി എന്തെ ഴുതാൻ എന്ന് സി.പി. സുദീർഘമായ ലേഖനമൊന്നും വേണ്ട, സി.പി.യുടെ ശൈലിയിൽ ഒരു കുറിപ്പ് മതി എന്ന് എഡിറ്റർ! ഉടനെ കൊടുക്കണം. എഡിറ്റ് പേജി ലേയ്ക്കാണ്. ഡെഡ്ലൈൻ അടുത്തടുത്തു വരുന്നു.

"ഷേണായീ, എനിയ്ക്കു വിശേഷിച്ചൊന്നും തോന്നുന്നില്ല" എന്ന് പിറുപിറുത്തുകൊണ്ട്, സി.പി. രാമചന്ദ്രൻ ടൈപ്പ്റൈറ്റർ മേശപ്പുറത്തു വയ്ക്കുന്നു; ഷേണായിയോട് സംസാരിക്കുന്നതിനിടയിൽത്തന്നെ, ഒരു നനുത്ത പുഞ്ചിരിയോടെ, ടൈപ്പ് റൈറ്ററിൽ വിര ലോടിയ്ക്കുന്നു, കൗതുകത്തോടെ ഷേണായി നോക്കി ഇരിയ്ക്കുന്നു.

ഒരു ചെറിയ പേജിൽ ടൈപ്പ് ചെയ്ത് തീർന്ന പ്പോൾ, കൗതുകം കൊണ്ടുമാത്രം, ഷേണായി എടുത്തു നോക്കി, വായിച്ചു. സി.പി. ആ കുറിപ്പ് തുട ങ്ങിയത് ഇങ്ങനെയായിരുന്നു.

"ZULFIQUAR ALI BHUTTOAN HISTORICAL ACCIDENT AND A GEOGRAPHICAL CASUALITY..."

ആ ആദ്യവാചകം വായിച്ചപ്പോൾ കണ്ണു തള്ളി പ്പോയി എന്ന് ഷേണായി സാർ. ഈ തുടക്കം വായി ച്ചാൽ, ആരായാലും ഒടുക്കംവരെ വായിക്കും. തീർച്ച.

"അതാണ് സി.പി. ടച്ച്... നമ്മൾ എന്തെഴുതി യാലും അത് വായനക്കാരെക്കൊണ്ട് വായിപ്പിക്കും എന്ന വാശി... ഇക്കാര്യത്തിൽ എനിയ്ക്ക് സി.പി. ഒരു ഉത്തമ മാതൃകയും പ്രചോദനവുമായിരുന്നു..."

## പതിനെട്ട്
# വര മുതൽ വര വരെ

**പി**റന്നാളിന് പോകണം എന്ന് മനസ്സിൽ നേരത്തേ ഉറപ്പിച്ചിരുന്നു. തൊണ്ണൂറാം പിറന്നാളായതുകൊണ്ട് പ്രത്യേകിച്ചും. മാത്രമല്ല, നേരിൽ കണ്ടിട്ടും കുറച്ചുനാളായി. മുൻപ്, കോഴിക്കോട്ടെ വാസക്കാലത്ത് അങ്ങിനെയായിരുന്നില്ല. ഞങ്ങൾ ഇടയ്ക്കിടയ്ക്ക് തമ്മിൽ കാണുമായിരുന്നു. എരഞ്ഞിപ്പാലവും ബിലാത്തിക്കുളവും അത്രയ്ക്കടുത്തടുത്താണല്ലോ. എപ്പോൾ ചെന്നുകണ്ടാലും മനസ്സിനു കുളിർമ തരുന്ന കുറെയേറെ കാര്യങ്ങൾ പറയാനുണ്ടാവും. ഏതായാലും എടപ്പാളിനടുത്ത വട്ടംകുളത്തെ കരുവാട്ട് മനയ്ക്കലൊന്നു പോയിവരാം എന്നു ഉറച്ചു.

അന്നേരം എന്റെ ശ്രീമതി പറഞ്ഞു: ഞാനും വരുന്നുണ്ട്. എനിയ്ക്കും കാണാലോ... പിന്നെ ഒരു കാര്യം: പിറന്നാളിന്റെ അന്ന് പോയാൽ നേരാംവണ്ണം ഒന്നു കാണാൻപോലും തരാവും എന്ന് തോന്ന്ണില്ല്യാ... അത്ര തെരക്കാവും...

എന്നാൽ നമുക്ക് പിറന്നാളിന്റെ മുൻപേ ഒരു ദിവസം പോയി കണ്ടുവരാം എന്നായി ഞാൻ...

അങ്ങിനെ ഇന്നാവാം, നാളെയാവാം എന്ന് നിരീച്ച് നിരീച്ച് ദിവസങ്ങൾ കടന്നുപോയി. പോവാൻ തരായില്ല. അവസാനം ഞങ്ങൾ പോയതും കണ്ടതും സംസാരിച്ചതും എന്നാണെന്നല്ലേ, തൊണ്ണൂറാം പിറന്നാളാഘോഷത്തിന്റെ തലേദിവസം രാവിലെ!

ചെന്നുകണ്ടപ്പോഴോ? കരുവാട്ടുമന, കുളിച്ച് കുറിയിട്ട് അലക്കിയതുടുത്ത ഒരു തറവാട്ടമ്മയെപ്പോലെ കാണായി - വെടുവെടുപ്പായ ഒരു നമ്പൂതിരിച്ചിത്രം പോലെ...

തിരക്ക് തുടങ്ങി എന്നു പറയാൻ വയ്യ. എന്നാൽ നല്ല തിരക്കാവും എന്നതിന്റെ സൂചനകൾ കണ്ടുതുടങ്ങിയിരുന്നു. സ്വന്തക്കാരും ബന്ധുക്കളും മറ്റുമായി പലരും വന്നുകൂടുന്നു. മനയ്ക്കലെ നടുമുറ്റത്തിന്റെ ചുറ്റുമുള്ള തിണ്ണയിലും മറ്റും പൊട്ടിച്ചിരികളും വളക്കിലുക്കങ്ങളും കേൾക്കായി- ഒരു കാട്ടരുവിയുടെ മർമ്മരംപോലെ...

വറുത്തുപ്പേരിയുടേയും ചുടുചായയുടേയും ഊഴം കഴിഞ്ഞു. പതിവു കുശലപ്രശ്നങ്ങളും ഉണ്ടായി. അന്നേരം ഞാൻ നമ്പൂതിരിയോട് സവിനയം പറഞ്ഞു:

"എനിക്ക് ചില ചില കാര്യങ്ങൾ ചോദിച്ചറിയണമെന്നുണ്ട്. ഇതല്ല അതിനുപറ്റിയ സമയം എന്നറിയാഞ്ഞിട്ടല്ല... ആൾത്തിരക്കായാൽ..."

നമ്പൂതിരി ഹൃദ്യമായി ചിരിച്ചു. "ആൾത്തിരക്കായി എന്നു പറയാറായിട്ടില്ല... ആട്ടെ, ഇടയ്ക്കൊന്നു ചോദിക്കട്ടെ: ഇന്റർവ്യൂവിനാണോ തന്റെ ഭാവം? അല്ലല്ലോ..."

"അല്ല. തീരെ അല്ല"

"എന്നാൽ തരക്കേടൊന്നൂല്യാ... തുടങ്ങാം... നമുക്ക് പലതിനെപ്പറ്റിയും ഒരു വെടിവെട്ടംപോലെ സംസാരിക്കാം... അപ്പോൾ തനിക്ക് എഴുതാൻ എന്തെങ്കിലും കിട്ടീന്നുവരും. എന്താ?" - നമ്പൂതിരി കണ്ണടയ്ക്കിടയിലൂടെ എന്നെ നോക്കി ചിരിച്ചു.

അങ്ങിനെത്തന്നെയാണ് ഉണ്ടായതും. അതിഥികളേയും ബന്ധുക്കളേയും സ്വീകരിക്കാനും മറ്റും മക്കൾ പരമേശ്വരനും ദേവനും ഉഷാർ... ചിലപ്പോൾ ലോഹ്യംപറയാൻ നമ്പൂതിരിയും അകത്തുപോകും. ഉടനെ തിരിച്ചുവരും... ഞങ്ങൾ ചോദ്യത്തര പംക്തി തുടരും...

ഞാൻ ചോദിച്ചു: ചിത്രം വരയുമായി പിന്നിട്ട സുദീർഘവർഷങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ, അഥവാ തിരിച്ചു നടക്കുമ്പോൾ ഏറ്റവും ആദ്യം ഓർമയിൽ തിളങ്ങുന്ന പലരുമുണ്ടാവുമല്ലൊ... അവരെപ്പറ്റി-

നമ്പൂതിരി : അവരിൽ ആദ്യം പറയേണ്ടത്, കേവലം കരുവാട്ട് വാസുദേവൻ നമ്പൂതിരി മാത്രമായിരുന്ന എന്നെ ഇന്ന് പരക്കെ അറിയപ്പെടുന്ന, അല്ലെങ്കിൽ പലരും അറിയുന്ന ആർട്ടിസ്റ്റ് നമ്പൂതിരിയാക്കിയ എന്റെ ഗുരുനാഥൻ കെ.സി.എസ്. പണിക്കരെപ്പറ്റി തന്നെ. അദ്ദേഹത്തോടുള്ള കടപ്പാട് എത്രയാണെന്ന് പറഞ്ഞാൽ തീരില്യാ... കടം വീട്ടിത്തീർക്കാനാവാത്ത കടപ്പാട് എന്നൊക്കെ പറയാറില്ലേ, അതുപോലെത്തന്നെ... മദ്രാസിലെ ചോളമണ്ഡലത്തിൽ അപ്ലൈഡ് ആർട്ട്സാണ് ഞാൻ പഠിച്ചത്. ഗുരു കെ. സി.എസ്. തന്നെ. ഞാൻ ഇല്ലസ്ട്രേഷൻ ചെയ്യാൻ തുടങ്ങിയതും കെ.സി.എസ്സിന്റെ ഉത്സാഹത്തിലാണ്.

ചോദ്യം : ആദ്യം ഇല്ലസ്ട്രേഷൻ ചെയ്തത് ഏതിലാണെന്ന് ഓർമയുണ്ടോ?

നമ്പൂതിരി; അതുവ്വേയ്... "താലിസ്ബാൻ" എന്ന ടെക്സ്റ്റ് ബുക്കിന്... വീരപരാക്രമസാഹസികമായ ഒരു കഥ. അതും തരപ്പെടുത്തി തന്നത് കെ. സി.എസ്. തന്നെ. അത് പുസ്തകമായി വന്നു. അന്നത്തെ നിലയ്ക്ക് ഒട്ടും മോശമല്ലാത്ത പ്രതിഫലവും കിട്ടി. പക്ഷേ അങ്ങിനെ ഒതുങ്ങി കഴിഞ്ഞുകൂടിയാൽ പോരല്ലൊ. ഒരു സ്ഥിരം ജോലി വേണ്ടേ?... ആയിടയ്ക്കാണ് പൂമുള്ള രാമഫൻ എന്നെ ഊട്ടിയിലേക്കു ക്ഷണിച്ചത്. വേറൊന്നിനുമല്ല. ഒരു വിനോദ

യാത്ര. കുറച്ചുദിവസം ഊട്ടിയിൽ. അങ്ങനെ കഴിയാം. അദ്ദേഹം വർഷത്തിലൊരിക്കൽ സകുടുംബം അങ്ങിനെയൊരു പതിവുണ്ടായിരുന്നു. എനിയ്ക്ക് പക്ഷേ ആ ഊട്ടി സുഖവാസം തരായില്ല. ച്ചാൽ തരപ്പെട്ടില്ല.

ചോദ്യം : അതെന്തേ? വിശേഷിച്ചെന്തെങ്കിലും...?

നമ്പൂതിരി : ഒരു വിശേഷം ഉണ്ടായി. തീരെ പ്രതീക്ഷിച്ചതല്ല, സംഗതി എന്താച്ചാൽ, "മാതൃഭൂമി" യിൽ നിന്ന് എൻ.വി. കൃഷ്ണവാരിയരുടെ ഒരു കത്ത്. "മാതൃഭൂമി"യിൽ ചേരാൻ താല്പര്യമുണ്ടെങ്കിൽ ഉടൻ കോഴിക്കോട്ട് വരിക... നാലേ നാലുവരികളേയുള്ളൂ കത്തിൽ.

ചോദ്യം : എൻ.വി.യെ നേരത്തെ പരിചയമുണ്ടായിരുന്നുവോ?

നമ്പൂതിരി : (ചിരി) എനിയ്ക്കു എൻ.വി.യെ പരിചയമുണ്ട്. വായിച്ചും മറ്റുള്ളവർ പറഞ്ഞുകേട്ടും... എന്നാൽ എൻ.വി.യ്ക്ക് എന്നെ പരിചയപ്പെടാൻ തീരെ സാധ്യതയില്ല... ഒന്നുണ്ട്: അക്കാലത്ത് മദിരാശിയിൽ നിന്ന് "ജയകേരളം" എന്ന ഒരു മികച്ച ആഴ്ചപ്പതിപ്പ് പുറത്തിറങ്ങിയിരുന്നു. മലയാളത്തിലെ ഒരുവിധം എഴുത്തുകാരൊക്കെ അതിൽ സ്ഥിരമായി എഴുതിയിരുന്നു. സി.കെ. അപ്പുക്കുട്ടി ഗുപ്തൻ, അർ.എം. മാണിക്കത്ത് തുടങ്ങിയവരായിരുന്നു അതിന്റെ അണിയറ ശിൽപ്പികൾ, അതിൽ ഇടയ്ക്കൊക്കെ കഥയ്ക്കും മറ്റും ഞാനും വരച്ചിരുന്നു. എൻ.വി. അത് ശ്രദ്ധിച്ചിരുന്നു എന്നുണ്ടോ? അറിഞ്ഞുകൂടാ. ഏതായാലും എൻ.വി.യുടെ ആ കത്ത് ഒരു നിധിപോലെ ഞാൻ ഏറെക്കാലം സൂക്ഷിച്ചിരുന്നു (ചിരിച്ച്) വല്ലാതെ സൂക്ഷിച്ചതുകൊണ്ടാണോ എന്നറിയില്ല, ഇപ്പോൾ ആ കത്ത് കാണാനില്ല.

ചോദ്യം : നേരെ "മാതൃഭൂമി"യിൽ ചെന്ന് ചേർന്നുവോ?

നമ്പൂതിരി : ചെല്ലലും ചേരലും വരയ്ക്കാൻ തുടങ്ങലുമൊക്കെ വലിയ കഥയാണ്. ഞാൻ "മാതൃഭൂമി" ഓഫീസിൽച്ചെന്ന് ആദ്യം കണ്ടത് മാനേജിംഗ് എഡിറ്ററായ വി.എം. നായരെ ആയിരുന്നു. ആദ്യത്തെ കൂടിക്കാഴ്ചയല്ലേ, മോശമാവരുതല്ലോ എന്നു കരുതി ഞാൻ നേരത്തെ ചെയ്ത ചില ഇല്ലസ്ട്രേഷനുകളുടേയും വരകളുടേയും ഒരു വലിയ ഫയൽ കൈവശം കരുതിയിരുന്നു. ഫയൽ എടുത്ത് മേശപ്പുറത്ത് വെക്കാൻ തുടങ്ങുമ്പോഴേയ്ക്കും വി.എം. നായർ തടഞ്ഞു:

"അതൊന്നും വേണ്ട... കാണേം വേണ്ട, കാണിയ്ക്കേം വേണ്ട... നേരെപോയി കൃഷ്ണവാരിയരെ കണ്ടോളൂ... കാര്യങ്ങളൊക്കെ എൻ.വി. പറയും..."

ചോദ്യം : ആദ്യത്തെ കൂടിക്കാഴ്ചയിൽ പ്രതീക്ഷിച്ചതങ്ങിനെയായിരുന്നില്ല എന്നുണ്ടോ?

നമ്പൂതിരി : ഏയ്, അങ്ങിനെയൊന്നുല്യ... "മാതൃഭൂമി" യിലെ സമ്പ്രദായം ഇങ്ങിനെയാവും എന്ന് കരുതി. അത്രേയുള്ളൂ. പിന്നെ അമാന്തിച്ചില്ല. നേരെപോയി എൻ.വി. കൃഷ്ണ വാരിയരെ കണ്ടു. എൻ.വി. ഹൃദ്യമായി ചിരിച്ചു. നമ്മളൊക്കെ എത്രയോ കാലമായി പരിചയക്കാരല്ലേ – ഇതായിരുന്നു എൻ.വി.യുടെ അപ്പോഴത്തെ മുഖഭാവം. സ്ഥിരം ആർട്ടിസ്റ്റായ എം.വി. ദേവൻ വിവാഹം പ്രമാണിച്ച് ലീവിലാണെന്നും ആ ഒഴിവിലാണ് ഈ താൽക്കാലിക നിയമനം എന്നുമൊക്കെ ഞാൻ മനസ്സിലാക്കിയത് പിന്നീടാണ്. ഏതായാലും മേശപ്പുറത്തുണ്ടായിരുന്ന കുറെ മാറ്റർ ചിരി സഹിതം എന്റെ കൈയിൽ തന്ന് എൻ.വി. പതുക്കെ പറഞ്ഞു: ദാ, ഇതിന് തൊട്ടടുത്ത് ഒരു മുറിയുണ്ട്. അവിടെ പോയി വരച്ചു തുടങ്ങിക്കോളൂ... സമയം കളയണ്ട... എൻ.വി.യും എന്റെ ഫയലൊന്നും മറിച്ചു നോക്കുകയുണ്ടായില്ല!

ചോദ്യം : ച്ചാൽ, കാര്യങ്ങളൊക്കെ ക്ഷണം കഴിഞ്ഞൂന്നർത്ഥം. അല്ലേ? ചടങ്ങിനുപോലും ഒരു ഇന്റർവ്യൂ ഉണ്ടായില്ല?

നമ്പൂതിരി : അത് എന്നേയും ഒട്ടൊന്ന് അമ്പരിപ്പിക്കുകയുണ്ടായി... പിന്നെപ്പിന്നെ അക്കാര്യം മറന്നേപോയി. പിന്നെ വരയോട് വരതന്നെ. എന്റെ തനതായ ഒരു ശൈലിയിൽ... വരയ്ക്കുമ്പോൾ ഒരു കാര്യം ഞാൻ മനസ്സിലുറപ്പിച്ചിരുന്നു: വേറിട്ട ഒരു ശൈലിയിൽ വരയ്ക്കാൻ കഴിയണം... ഇടശ്ശേരി എഴുതിയില്ലേ, "പറയരുതാരും ഇതു മറ്റൊന്നിന്റെ പകർപ്പെന്നു മാത്രം..." അതുതന്നെ സാരം.

ചോദ്യം : ആ മോഹം, അഥവാ ആ വാശി ആദ്യന്തം സഫലമായി എന്നുതന്നെയല്ലേ ഇന്നിപ്പോൾ തിരിഞ്ഞു നോക്കുമ്പോഴും തോന്നുന്നത്?

നമ്പൂതിരി : അതതേ... എന്നാൽ അങ്ങിനെ തോന്നുമ്പോഴും, പൂർണമായും സഫലമായി എന്ന് പറയാമോ എന്ന് ഒരു നേരിയ സംശയം ബാക്കിയുണ്ട് എന്നും തോന്നാറുണ്ട്.

ചോദ്യം : കഥയിലായാലും നോവലിലായാലും നമ്പൂതിരി വരയ്ക്കുന്ന കഥാപാത്രങ്ങൾക്കെല്ലാം വിശേഷിച്ചൊരു ഭാവവും രൂപവുമുണ്ടെന്നതാണല്ലോ പരമാർത്ഥം. ഈ കഥാപാത്രങ്ങളെയെല്ലാം നമ്മൾ എവിടെയോ വച്ച് പരിചയപ്പെട്ടതാണല്ലോ എന്ന് എല്ലാ വായനക്കാർക്കും തോന്നുന്ന ഒരു പ്രത്യേക അനുഭൂതി – അതിന്റെ ആന്തരം എന്താണ്?

നമ്പൂതിരി : നോവൽ അല്ലെങ്കിൽ കഥകൾ, അതുമല്ലെങ്കിൽ ചില ചില കവിതകൾ മനസ്സിരുത്തി വായിച്ചുപോകുമ്പോൾത്തന്നെ അവയിലെ ചില കഥാപാത്രങ്ങൾ നമ്മുടെ സമ്മതമൊന്നും ചോദിയ്ക്കാതെ കൺമുന്നിൽ തെളിഞ്ഞു തെളിഞ്ഞുവരും. എന്നാൽപ്പിന്നെ അവരെ വിരൽത്തുമ്പിലാക്കുക – അത്രയേവേണ്ടൂ.

ചോദ്യം : ഈ സന്ദർഭത്തിൽ ഞാനൊരു സ്വന്തം അനുഭവം ഓർക്കട്ടെ: പണ്ടത്തെ കഥയാണ്. വിമോചന സമരം കത്തിക്കാളുന്ന കാലം. എങ്ങും പ്രക്ഷോഭം, പ്രതിഷേധം, ഭയങ്കര കോലാഹലം. ഇതിന്റെ ഭാഗമായി ഒരു ദിവസം അങ്കമാലി പള്ളിയിലെ പള്ളിമണികൾ അസമയത്തു മുഴങ്ങി. ജനം ഒഴുകിയൊഴുകി എത്തി. പോലീസ് കൂട്ടത്തോടെ വന്നു. വെടിയുണ്ടകൾ ഉതിർത്തു. ഒരു ഗർഭിണിയുൾപ്പെടെ പലരും കൊല്ലപ്പെട്ടു... ഈ ദുരന്തത്തോടുള്ള ധാർമ്മിക രോഷം സഹിയ്ക്കവയ്യാതെ മഹാകവി വൈലോപ്പിള്ളി "പള്ളിമണികളോട്" എന്നൊരു കവിതയെഴുതി. ഒരു ഇടതുപക്ഷ പത്രത്തിന്റെ ന്യൂസ് റൂമിലേയ്ക്ക് കവിതയുമായി വൈലോപ്പിള്ളി കുതിച്ചെത്തി. ഈ കവിത ഒന്നാം പേജിൽത്തന്നെ പ്രസിദ്ധീകരിക്കണം എന്ന് അഭ്യർത്ഥിച്ചു. പക്ഷെ, ഒരു കാരണവശാലും തന്റെ പേരുവയ്ക്കരുത്. അന്നേരം അവിടെയുണ്ടായിരുന്ന മുണ്ടശ്ശേരി മാഷ് കവിതയൊന്നു വായിച്ചു കേൾക്കട്ടെ എന്നായി. ആരോ കവിത വായിച്ചു, കവിതയുടെ അവസാനത്തെ ഈരടി,

"ഈവിധം പാപസ്വരമെങ്ങിനെയുൽപ്പന്നമായ്

ദൈവദൂതന്മാർ ചുംബിക്കുന്ന നിങ്ങടെ ചുണ്ടിൽ?

എന്ന പള്ളിമണികളോടുള്ള ഇടറിയ ചോദ്യമായിരുന്നു. ആ ഈരടി കേൾക്കേണ്ട താമസം, മുണ്ടശ്ശേരി മാഷ് ഉറക്കെ പറഞ്ഞു. അവസാനത്തെ ആ ഈരടിയുണ്ടല്ലൊ, അതുമതി. പിന്നെ വൈലോപ്പിള്ളി എന്ന പേരു വയ്ക്കേണ്ട കാര്യമൊന്നുമില്ല... ഈ അനുഭവ കഥ കേട്ട നമ്പൂതിരിയുടെ പ്രതികരണം ഇങ്ങനെയായിരുന്നു:

"ബലേ ബലേ... മുണ്ടശ്ശേരി പറഞ്ഞതാണ് പരമാർത്ഥം. പക്ഷെ എന്റെ കാര്യത്തിൽ പേരുവച്ചില്ലെങ്കിലും വായനക്കാർ തിരിച്ചറിയും എന്നൊക്കെ അത്ര ഉറപ്പിച്ചുപറയാമോ? ഓഹോ പറയാം, പറയാം എന്ന് ആസ്വാദകർ പറയുന്നതു കേൾക്കാൻ ഒരു സുഖമൊക്കെയുണ്ട്. എന്നാലും...

ചോദ്യം : മറ്റൊരു ചോദ്യം. ചിത്രരചനയുടെ സുവർണകാലം "മാതൃഭൂമിക്കാലം" ആയിരുന്നുവെന്ന് നമ്പൂതിരി പറഞ്ഞിട്ടുണ്ടല്ലൊ.

നമ്പൂതിരി: അതല്ലേ സത്യം? ഓണക്കാലം, വിഷുക്കാലം, മാമ്പഴക്കാലം എന്നൊക്കെ നമ്മൾ പറയാറില്ലേ? അതിന്റെ പന്നിൽ പേരുപറയാൻ അറിയാത്ത ഒരുപാട് വികാരങ്ങളും വിചാരങ്ങളും അനുഭൂതികളുമുണ്ട്. അതുപോലെത്തന്നെ, "മാതൃഭൂമിക്കാലം" എന്റെ ചിത്രരചനാ പരമ്പരയിലെ ഒരു സുവർണകാലമായിരുന്നു. തൊട്ടപ്പുറത്തും ഇപ്പുറത്തും വി.എം. നായർ, കെ.പി. കേശവമേനോൻ, എൻ.വി. കൃഷ്ണവാരിയൽ, എം.ടി. വാസുദേവൻ നായർ, എം.വി. ദേവൻ, എൻ.പി. ദാമോദരൻ... പിന്നെ പുറത്തിതറങ്ങിയാലോ? ജി. അരവിന്ദൻ, തിക്കോടിയൻ, അക്കിത്തം, പി.സി. കുട്ടികൃഷ്ണൻ, എൻ.പി. മുഹമ്മദ്, എസ്.കെ. പൊറ്റക്കാട്, എൻ.എൻ. കക്കാട്, പട്ടത്തുവിള കരുണാകരൻ... പുഷ്ക്കലകാലം എന്നെല്ലാതെന്തുപറയാൻ?

ചോദ്യം : ഇപ്പറഞ്ഞവരിൽ നമ്പൂതിരിയെ ശരിയ്ക്കും സ്വാധീനിച്ചിട്ടുള്ളത് ആരെല്ലാമാണ്?

നമ്പൂതിരി : പറയാം, പറയാം. "മാതൃഭൂമി"യുടെ മാനേജിംഗ് എഡിറ്ററായിരുന്ന വി.എം.നായർ തന്നെ. അദ്ദേഹം എന്റെ വരകൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാത്രമല്ല പലപ്പോഴും എന്റെ മുറിയിൽ വരാറുണ്ട്, പറയാറുമുണ്ട്. "അതേയ്, ഈ കഥയും കവിതയും നോവലും മറ്റും എഴുതുന്നവർ, പെണ്ണുങ്ങൾ അങ്ങിനെയാണ്. ഇങ്ങനെയാണ് എന്നൊക്കെ എഴുതിവയ്ക്കും. നമ്പൂതിരി അതൊന്നും സാരമാക്കേണ്ട... നമ്പൂതിരി വരയ്ക്കുന്ന സ്ത്രീ കഥാപാത്രങ്ങളൊക്കെ മഹാസുന്ദരിമാരാവണം. നല്ല ഉയരം, വലിപ്പം, തന്റേടം, തറവാടിത്തം. സൗന്ദര്യം... ഈ ഉപദേശം എന്റെ വരയുടെ ശൈലിയെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. പിന്നെ, അധികം പേരും മനസ്സിലാക്കിയിട്ടില്ലാത്ത ഒരു കാര്യം പറയാം. മലയാളത്തിൽ നോവലിനും കഥയ്ക്കും മറ്റും ഇല്ലസ്ട്രേഷൻ വേണം എന്ന ആശയം ആദ്യമായി അവതരിപ്പിച്ചതും നടപ്പാക്കിയതും വി.എം.നായർ എന്ന മഹാപ്രതിഭയാണ്. ഇല്ലസ്ട്രേഷൻ ചെയ്യുന്നവർ ആ കല പഠിച്ചവരായിരിക്കണമെന്നും അങ്ങനെ പുതിയൊരു സംസ്ക്കാരം വളർന്നു വരണമെന്നും അദ്ദേഹം മോഹിച്ചു. "മാതൃഭൂമി"യിലൂടെ അത് നടപ്പാക്കുകയും ചെയ്തു.

ചോദ്യം : എം.ടി. വാസുദേവൻ നായരുടേയും വി.കെ. എന്നിന്റേയും രചനകൾക്ക് വരയ്ക്കാൻ വിശേഷിച്ചൊരു ഉത്സാഹമുണ്ടെന്ന് എല്ലാ അഭിമുഖങ്ങളിലും നമ്പൂതിരി പറയാറുണ്ടല്ലൊ.

നമ്പൂതിരി : ഉവ്വ, ഉവ്വം, അതാണ് സത്യം. ഇവർ രണ്ടുപേരുടേയും കഥകൾക്ക് ഞാൻ അനായാസം വരക്കുന്നു എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഇതിന്റെ പ്രധാന കാരണം എം.ടി.യും വീക്കേയനുമായുള്ള മാനസിക അടുപ്പമാണ്. അവർ വാക്കിൽ പറയുന്നത് ഞാൻ വരയിൽ കാണുന്നു...

ഞാൻ : പ്രത്യേകിച്ചും എം.ടി.യുടെ "രണ്ടാമൂഴ"ത്തിലെ ഭീമൻ!

നമ്പൂതിരി : അതെ, അതിന്റെ പിന്നിലൊരു കഥയുണ്ട്. "രണ്ടാമൂഴ"ത്തിനുവേണ്ടി വരച്ചു തുടങ്ങുന്നതിനു മുൻപൊരു ദിവസം, എം.ടി. എന്നെ വിളിയ്ക്കുന്നു. "നമുക്കൊന്നു കാണണം." തീർച്ചയായും ആവാം, കാണാം എന്ന് ഞാൻ ഏറ്റു. തമ്മിൽ കണ്ടപ്പോൾ, എം.ടി. തന്റെ മനസ്സിൽ വളർന്നുയർന്നു പന്തലിച്ചു നിൽക്കുന്ന ഭീമനെ ചുരുങ്ങിയ വാക്കുകളിൽ എനിക്കു പറഞ്ഞുതന്നു. എല്ലാ നിലയ്ക്കും ഗംഭീരനാണ് ഭീമൻ. പക്ഷെ അത്രയും മനോദുഃഖം ഉള്ളില

ടക്കിപ്പിടിച്ചു കഴിയുന്നൊരു കഥാപാത്രം. ഘനീഭവിച്ച വിഷാദം എന്നൊക്കെ പറയാറില്ലേ? അന്നത്തെ ആ കൂടിക്കാഴ്ചക്കുശേഷമാണ് ഞാൻ ഭീമനെ വരയ്ക്കാൻ തുടങ്ങിയത്. അപ്പോഴേയ്ക്കും എന്റെ മനസ്സിലും ഒരു ഭീമന്റെ രൂപം വളർന്നു വരാൻ തുടങ്ങിയിരുന്നു... ആ ഭീമനെ കണ്ടശേഷം, ചിരിയുടെ കാര്യത്തിൽ മഹാ പിശുക്കനായ എം.ടി. മനസ്സുതുറന്ന് ചിരിച്ച് "നന്നായി, കേമമായി, അതികേമം" എന്നു പറഞ്ഞപ്പോഴാണ് എനിയ്ക്ക് ആശ്വാസമായത്...

ചോദ്യം : അതേയ്, ഞങ്ങളാരും അല്ല നമ്മളാരും സാക്ഷാൽ ഹനുമാനെ നേരിട്ടുകണ്ടിട്ടില്ല. എന്നാൽ കലാമണ്ഡലം രാമൻകുട്ടി നായർ കളിയരങ്ങിൽ ഹനുമാനായി വന്നാൽ സദസ്സിലെ ഓരോ സഹൃദയന്റേയും മനസ്സ് മർമ്മരം പൊഴിയ്ക്കുന്നു: ഇങ്ങിനെയാണ്, ഇങ്ങിനെത്തന്നെയാണ് ഹനുമാൻ! സാക്ഷാൽ ഹനുമാൻ! കൂട്ടത്തിൽ എന്റെ വിശ്വാസം പറയട്ടെ! ഭീമസേനൻ എന്ന ആ അത്ഭുത വിക്രമ വീര പരാക്രമിയായ കഥാപാത്രത്തെ നേരിൽ കണ്ടിട്ടില്ലാത്ത ഓരോ വായനക്കാരനും നമ്പൂതിരിയുടെ ഭീമനെ കണ്ടപ്പോൾ തലകുലുക്കി പറഞ്ഞിട്ടുണ്ടാവണം: ഭീമൻ ഇങ്ങനെത്തന്നെ... ഇങ്ങനെത്തന്നെ...

നമ്പൂതിരിയുടെ പ്രതികരണത്തിനുവേണ്ടി ഞാൻ ശ്രദ്ധിച്ചപ്പോൾ കണ്ടത്: പൂമുഖത്തെ ആ വലിയ കസേരയിൽ നമ്പൂതിരി ദൂരെ എങ്ങോ നോക്കി എന്തോ ഓർത്തു ഒരേ ഇരിപ്പാണ്. പിന്നീട്, കണ്ണട മാറ്റി, ഒരക്ഷരം പറയാതെ എന്നെത്തന്നെ നോക്കുന്നു: ആ മിഴികൾ അപ്പോൾ ഈറനണിയുന്നുണ്ടായിരുന്നുവോ?

അന്തരീക്ഷത്തിന്റെ കനം മാറ്റാനായി ഞാൻ ചോദിച്ചു: അതങ്ങിനെ... ഇനി വീക്കേയന്റെ കഥാപാത്രങ്ങളെ വരയ്ക്കുമ്പോഴോ?

നമ്പൂതിരി: (നേർത്ത ചിരിയോടെ) അതു കഥ വേറെ... വീക്കേയന്റെ കഥയിലായാലും നോവലിലായാലും പരിശുദ്ധമായ ഹാസ്യം, മർമ്മത്തുകൊള്ളുന്ന നർമ്മം, ഓരോ വരിയിലുമല്ല, ഓരോ വാക്കിലും അക്ഷരത്തിലും തുള്ളിക്കളിയ്ക്കുന്നുണ്ടാവും. കഥാപാത്രങ്ങളുടെ കാര്യവും അങ്ങിനെത്തന്നെ. അവരുടെ ഓരോ ഭാവവും രൂപവും അംഗചലനങ്ങളും സംസാരത്തിന്റെ പ്രത്യേകതയും വായിച്ചുവായിച്ചുപോകുമ്പോൾ നമുക്ക് കാണാം, കേൾക്കാം... സ്ത്രീരജനങ്ങളാണെങ്കിൽ, നല്ല ഒശത്തിപ്പെണ്ണുങ്ങൾ! ചന്തം തികഞ്ഞ കൂറ്റത്തികൾ! ആണുങ്ങളുടെ കാര്യവും അങ്ങിനെത്തന്നെ. തറവാട്ടു കാരണവൻമാർ. ആഢ്യത്തം തികഞ്ഞ മഹായോഗ്യന്മാർ. സർ ചാത്തുവിനേയും മൂപ്പിൽ നായരേയും കെട്ടിലമ്മയേയും മറ്റും എത്ര ക്ഷണത്തിലാണെന്നോ ഞാൻ ചിരിച്ചുകൊണ്ടു തന്നെ വരച്ചു തീർത്തിരുന്നത്... കൂട്ടത്തിൽ രസകരമായ ഒരു അനുഭവം കൂടി പറയാം. "മാതൃഭൂമി"യ്ക്ക് വീക്കേയൻ അയച്ച ഒരു കഥയിലെ നായിക ചിന്നമ്മു എന്ന എമണ്ടൻ സുന്ദരിയായിരുന്നു. ഞാൻ എളുപ്പം വരച്ചു. ആഴ്ചപ്പതിപ്പ് പുറത്തുവന്നതിന്റെ മൂന്നാം ദിവസം എനിയ്ക്ക് വീക്കേയന്റെ ഒരു കത്ത്. ഇതാണ് കാര്യം: "അതേയ് എന്റെ ചിന്നമ്മു ഇത്ര കേമത്തിയാണെന്നുണ്ടെങ്കിൽ അവളെ അവിടെ വെച്ചിരിയ്ക്കേണ്ട... ഇങ്ങോട്ടയച്ചോളൂ... ഞാൻ യഥാവിധി പെരുമാറിക്കോളാം... (നീണ്ട ചിരി)

ഞാൻ : ഇതുപോലെ മറന്നാലും മറക്കാത്ത ചില ഓർമ്മകൾ?

നമ്പൂതിരി : ഇന്ത്യയ്ക്ക് അകത്തും പുറത്തും അതിപ്രശസ്തനായ ഒരു മഹാകാർട്ടൂണിസ്റ്റാണല്ലോ, അബു എബ്രഹാം. ഞാൻ കേട്ടിട്ടുണ്ട്. മലയാളിയാണ്. തിരുവല്ല സ്വദേശി. ദേശത്തും വിദേശത്തുമുള്ള ഇംഗ്ലീഷ് പത്രങ്ങളിൽ വരയ്ക്കുന്ന കർട്ടൂണിസ്റ്റ്. ഒരിക്കൽ വി.എം. നായരുടെ ഉത്സാഹത്തിൽ അബുവിന് 'മാതൃഭൂമി' യിൽ ഒരു സ്വീകരണം. എല്ലാവരും പങ്കെടുക്കണം, അബു ചില്ലറക്കാരനല്ല എന്നൊക്കെ പറഞ്ഞു വി.എം. നായർ ഞങ്ങളെ ശട്ടംകെട്ടിയിരുന്നു. സ്വീകരണം വളരെ ലളിതവും ഹൃദ്യവുമായിരുന്നു. അതിനുശേഷം അദ്ദേഹം "മാതൃഭൂമി" നടന്നു കണ്ടു. അന്നേരത്താണ് ആരോ വന്നുപറഞ്ഞത്, അബു വിളിക്കുന്നു. നമ്പൂതിരി മാഷെ ഒന്നു കാണണമെന്ന്... ഞാൻ അതിശയിച്ചുപോയി. അപ്പോഴേയ്ക്കും അതാ, അദ്ദേഹം എന്റെ ചെറിയ മുറിയിൽ എത്തിക്കഴിഞ്ഞു. പിന്നെ സ്വകാര്യംപോലെ പറഞ്ഞു:

"ഞാൻ ആർട്ടിസ്റ്റ് നമ്പൂതിരിയെ കാണാൻ മാത്രം വന്നതാണ്. വരയുടെ കാര്യത്തിൽ താങ്കളുടെ ഒരു ആരാധകനാണ് ഞാൻ... തിരികെ പോകുമ്പോൾ താങ്കളുടെ ചില വർക്കുകൾ എനിയ്ക്ക് തരണം... ഇടയ്ക്കിടയ്ക്ക് നോക്കി ആസ്വദിക്കാനാണ്..." എന്തു പറയണമെന്നറിയാതെ നമ്പൂതിരി മൊഴിമുട്ടി നിന്നു. അബുവിനെ തൊഴുതു. മറക്കാനാവാത്ത ഒരു മുഹൂർത്തമാണിതെന്നു പറഞ്ഞു. "എനിക്കും അങ്ങിനെത്തന്നെ എന്ന് അബുവും പറഞ്ഞു.

ചോദ്യം : ഒരു കാര്യം മറന്നു. നമ്പൂതിരിയുടെ ശിഷ്യന്മാരെപ്പറ്റി ഒന്നും പറഞ്ഞില്ല!

നമ്പൂതിരി : അത് ധരിച്ചിട്ടില്ല, അല്ലേ! എനിയ്ക്കു ശിഷ്യന്മാരില്ല. ആകെയുള്ളത്, അല്ല ഉണ്ടായിരുന്നത് ഒരു ശിഷ്യത്തിയാണ്. പേരു ടി.കെ. പത്മിനി. എടപ്പാളിനടുത്ത കോടഞ്ചേരിക്കാരി. ഇവിടെ നിന്ന് നടന്നും പോകാം. പക്ഷെ ബസ്സിലായാൽ എളുപ്പം എത്താം. ആ കുട്ടിയുടെ വരയുടെ തലവരയെപ്പറ്റി, അസാദ്ധ്യം. അത്യന്തവിസ്മയം, അപാരം എന്നൊക്കെയേ പറയാനാവൂ. നല്ല ഭാവന, അതിനേക്കാൾ നല്ല കൈത്തഴക്കം. ഇടശ്ശേരിക്കും അക്കിത്തത്തിനും പി.സി. കുട്ടികൃഷ്ണനും ഏറെ പ്രിയപ്പെട്ട കുട്ടിയായിരുന്നു. താമറ്റാട്ട് ഗോവിന്ദൻകുട്ടി എന്ന കവിയാണ് പത്മിനിയെ എനിയ്ക്കു പരിചയപ്പെടുത്തിയത്. പത്മിനിയെ എന്റെ ഉത്സാഹത്തിൽ മദി

രാശിയിലെ സ്കൂൾ ഓഫ് ആർട്ട്സിൽ ചേർത്തു. അവിടെ അവൾ മിടുമിടുക്കി എന്ന് പേരെടുത്തു. പിന്നീട് ഞാൻ സ്കൂൾ ഓഫ് ആർട്സിൽ ചെല്ലുമ്പോഴെല്ലാം, ദാ പത്മിനിയുടെ ഗുരുനാഥൻ, എന്നാണ് എല്ലാവരും പറഞ്ഞിരുന്നത്. പക്ഷെ, വിധി എന്നു പറയട്ടെ, ആ ജീവിതം ഉദിച്ചുയർന്നുകൊണ്ടിരിക്കെ അസ്തമിച്ചു...

ചോദ്യം : പുതിയ തലമുറയിൽ നല്ല ഭാവിയുണ്ട് എന്ന് നമ്പൂതിരിയ്ക്ക് തോന്നുന്ന ചിലരുണ്ടല്ലോ, അവരെപ്പറ്റി.

നമ്പൂതിരി : യുവതലമുറയിൽ വെടുപ്പായി വരയ്ക്കുന്ന മിടുമിടുക്കന്മാർ പലരുമുണ്ട്. "മനോരമ"യിൽ വരയ്ക്കുന്ന ഭാസ്കരൻ, പിന്നെ ടോം വട്ടക്കുഴി. മിടുക്കനാണ്... "മാതൃഭൂമി"യിലെ മദനന്റെ വരയും കേമമാണ്. ആർക്കായാലും, കഥാപാത്രങ്ങളെ വരയ്ക്കാൻ നല്ല ധാരണ വേണം. നല്ല നിരീക്ഷണം വേണം. ഇല്ലസ്ട്രേഷനാകുമ്പോൾ പ്രത്യേകിച്ചും. ഉറൂബിന്റെ ഉമ്മാച്ചു, സുന്ദരികളും സുന്ദരന്മാരും, ബഷീറിന്റെ മൂച്ചീട്ടുകളിക്കാരന്റെ മകൾ, ആനവാരി രാമൻനായരും പൊൻകുരിശു നോമയും എന്നിവയ്ക്കൊക്കെ ഇല്ലസ്ട്രേഷൻ ചെയ്തത് എം.വി. ദേവനായിരുന്നല്ലോ. എന്താ ആ വരയുടെ അപൂർവ്വ ഭംഗി! വരച്ചുപഠിച്ചു നന്നാവണമെന്ന് മോഹമുള്ളവർ ആ ഉമ്മാച്ചുവിനേയും ബീരാനേയും മായനേയും ചാപ്പുണ്ണി നായരേയും ഒരു പാഠപുസ്തകം പോലെ മനസ്സിരുത്തി നോക്കി പഠിയ്ക്കണം...

ചോദ്യം : ഒരു ചോദ്യം കൂടി ചോദിച്ച് ഇന്നത്തെ വെടിവട്ടം നിർത്താം. ചോദ്യം ഇതാണ്: ആർട്ടിസ്റ്റ് നമ്പൂതിരിക്കു തൊണ്ണൂറു വയസ്സായി എന്നാണല്ലോ എല്ലാവരും പറയുന്നത്? ഞങ്ങൾക്ക് അതത്ര വിശ്വാസമായിട്ടില്ല. നമ്പൂതിരിയുടെ പക്ഷം?

നമ്പൂതിരി : എനിയ്ക്കും ആ കണക്ക് അത്ര ശരിയാണെന്നു തോന്നിയിട്ടില്ല. ച്ചാൽ വിശ്വസിക്കാൻ തോന്നുന്നില്ല എന്നർത്ഥം... വയസ്സായി, പ്രായം കുറയേറെയായി എന്നൊക്കെ പറഞ്ഞ് ഒരു ദിക്കിൽ അടങ്ങിയൊതുങ്ങി ചടഞ്ഞുകൂടി ഇരിയ്ക്കുക... വയ്യ, എനിക്കത് ആലോചിക്കാനേ വയ്യ... ഇതിപ്പൊ എന്റെ മാത്രം ഒരഭിപ്രായമല്ല... എം.ടി. പറയാറുള്ളതും ഇങ്ങിനെത്തന്നെയാണ്... (ചിരി)

ഞാൻ അന്നേരം പ്രാർത്ഥിച്ചതിതാണ്: ഈ മനസ്സു തുറന്ന ചിരിയും നർമബോധവും ഊർജസ്വലതയും ഒരിക്കലും ഞങ്ങളുടെ പ്രിയപ്പെട്ട നമ്പൂതിരിയെ വിട്ടുമാറാതിരിയ്ക്കട്ടെ... യൗവനം വന്നുദിച്ചിട്ടം ചെറുതായില്ല ചെറുപ്പം എന്ന് ഉണ്ണായി എഴുതിയതും ഓർമിച്ചുപോയി. വരയ്ക്കും തോറും ഈ വരദാനം കുന്നോളം വളർന്നുവലുതാവട്ടെ...

### സംഗീതത്തിന്റെ വരപ്രസാദം

കാലം ആയിരത്തിതൊള്ളായിരത്തി അമ്പത്തി ഏഴ്. കരുവാട്ടുമനയ്ക്കൽ വാസുദേവൻ നമ്പൂതിരി അക്കാലത്ത് ആർട്ടിസ്റ്റ് നമ്പൂതിരിയായി പരക്കെ അറിയപ്പെട്ടു. കഴിഞ്ഞിരുന്നില്ല. വയസ്സ് 32 മാത്രം. വര, പക്ഷെ, അനുദിനമെന്നോണം മൂപ്പെത്തിക്കൊണ്ടിരുന്നു. ആയിടയ്ക്കാണ് വേളി (വിവാഹം) യുടെ കാര്യങ്ങളൊക്കെ ശരിപ്പെട്ടുവന്നത്. തിരുവേഗപ്പുറ വടക്കെപ്പാട്ട് മനയ്ക്കലെ മൃണാളിനി അന്തർജ്ജനമാണ് വധു.

അങ്ങിനെയിരിക്കെയാണ് നമ്പൂതിരിയുടെ മനസ്സിൽ ഒരു മോഹം മുളയിട്ടത്. നടക്കുമോ എന്നറിയില്ല. എന്നാലും മോഹിയ്ക്കുവാൻ വിരോധമൊന്നുമില്ലല്ലൊ. മോഹം എന്താണെന്നുവച്ചാൽ, കർണാടക സംഗീതമേഖലയിലെ സൂര്യതേജസ്സായിരുന്ന ചെമ്പൈ വൈദ്യനാഥ ഭാഗവതരെ വിവാഹത്തിനൊന്നു ക്ഷണിക്കുക! ആ മോഹത്തിനോടൊപ്പം മനസ്സിൽ ശ്ശി ഒരൂട്ടം സംശയങ്ങളും തലപൊക്കി. തന്നെപ്പോലൊരാളുടെ വിവാഹത്തിന് അത്യുന്നതനായ ചെമ്പൈ ഭാഗവതരെ ക്ഷണിയ്ക്കുന്നത് ശരിയാണോ? ഒരു മോഹമാണ്. സമ്മിതിച്ചു. എന്നാലും അങ്ങിനെയൊക്കെ മോഹിയ്ക്കാൻ പാടുണ്ടോ? ഇനി അഥവാ ക്ഷണിച്ചാൽ ഭാഗവതർ ആ ക്ഷണം സ്വീകരിക്കുമെന്ന് എന്താണൊരു ഉറപ്പ്? മാത്രമല്ല ചെമ്പൈ തന്റെ ക്ഷണം സ്വീകരിച്ച് വരാം എന്നുപറഞ്ഞാൽ, ഭാഗവതരുടെ നിലയ്ക്കൊപ്പം സ്വീകരിയ്ക്കേണ്ടേ? മോഹം, പക്ഷെ, പരിമിതമാണ്: ഭാഗവതർ വരുന്നു, വധൂവരന്മാർ ഭാഗവതരുടെ പാദങ്ങളിൽ നമസ്ക്കരിക്കുന്നു. അനുഗ്രഹം തേടുന്നു... അത്രമാത്രം.

ചെമ്പൈ ഭാഗവതർ അക്കാലത്ത് പൂമുള്ളി മനയ്ക്കൽ പാട്ടുപഠിപ്പിച്ചു താമസിക്കുന്ന അവസരമായിരുന്നു. നമ്പൂതിരിയുടെ അടുത്ത സുഹൃത്തുകൂടിയായ പൂമുള്ളി രാമൻ നമ്പൂതിരിപ്പാട് (രാമഫൻ) ഭാഗവതരുടെ പ്രണത ശിഷ്യനായിരുന്നു. നമ്പൂതിരിയെ ഭാഗവതർക്ക് രാമഫൻ നേരത്തെ പരിചയപ്പെടുത്തിയിട്ടുണ്ട്. ആദ്യകൂടിക്കാഴ്ചയിൽത്തന്നെ ഭാഗവതരുടെ സഹൃദയത്വവും നർമബോധവും പുറത്തു ചാടിയ ആ ഡയലോഗ് നമ്പൂതിരി മറന്നിട്ടില്ല:

വരയാണ് നമ്പൂതിരിയുടെ കല എന്ന് രാമഫൻ പറഞ്ഞുതീരും മുൻപ് ഭാഗവതർ ഹൃദ്യമായി ചിരിച്ചു. "ബലേ... ബലേ... നന്നായി. അപ്പ്ലെയ് നമ്പൂതിരിപ്പാട്, പാട്ടുപോലെത്തന്നെ ഈശ്വരാനുഗ്രഹവും ഗുരുകാരുണ്യവും അപാരമായി ഉണ്ടാവേണ്ട ഒരു കലയാണ് ചിത്രം വരയും... ഒന്ന് വാക്കാണ്, മറ്റേത് വരയാണ്. അത്രയേ വ്യത്യാസമുള്ളൂ..."

ആ നിമിഷം നമ്പൂതിരി മനസ്സിൽ ഭാഗവതരേയും ഗുരുസ്ഥാനത്ത് പ്രതിഷ്ഠിച്ചു...

ഒരു ദിവസം പൂമുള്ളി മനയ്ക്കലെ പതിവു കുശലപ്രശ്നങ്ങൾക്കിടയിൽ, രാമഫനോട് നമ്പൂതിരി തന്റെ മോഹം പറഞ്ഞു. രാമഫൻ സ്നേഹപൂർവ്വം ചിരിച്ചു പറയുകയും ചെയ്തു:

“ഭാഗവതർ പൂമുഖത്തുണ്ട്. നമുക്കു ഒരുമിച്ചു പോയി കാണാം. വിവരം ഞാൻ പറഞ്ഞോളാം...”

“ആട്ടെ, എന്നാണ്, എവിടെവച്ചാണ്, എപ്പോഴാണ്, എങ്ങിനെയൊക്കെയാണ് വേളി?”

രാമഫൻ എല്ലാം വിശദമായി പറഞ്ഞു. സശ്രദ്ധം കേട്ട ഭാഗവതർ, നമ്പൂതിരിയെ വാത്സല്യത്തോടെ നോക്കി.

“വേളിക്കു ഞാൻ വന്ന് അനുഗ്രഹിക്കണം, അല്ലേ?”

“അതു വാസുദേവന്റെ ഒരു മോഹമാണ്...” രാമഫൻ ഇടയിൽ കടന്ന് പറഞ്ഞു.

രാമഫനേയും നമ്പൂതിരിയേയും കുറച്ചുനേരം മാറി മാറി നോക്കിയശേഷം, ഹൃദ്യമായി ചിരിച്ചു ഭാഗവതർ പറഞ്ഞു:

“നമ്പൂതിരിപ്പാട്, ഞാൻ വേറെയൊന്നാ നിരീയ്ക്കണത്...

രാമഫനും നമ്പൂതിരിയും ആകാംക്ഷയോടെ പരസ്പരം നോക്കി.

“അതേയ്, വാസുദേവന്റെ വേളിയ്ക്ക് എന്റെ ഒരു കച്ചേരിയായാലെന്താ? എന്തു പറേണൂ?”

നമ്പൂതിരിയുടെ മിഴികൾ നിറഞ്ഞൊഴുകി. വാക്കുകൾ തൊണ്ടയിൽ തടഞ്ഞു. ഇതു സത്യമോ, മിഥ്യയോ, സ്വപ്നമോ? ഭാഗവതരെ നന്നായറിയാവുന്ന രാമഫൻ പക്ഷേ, തീരെ അത്ഭുതം തോന്നിയില്ല.

അന്നേരം അമ്പരപ്പു തീരെ വിട്ടുമാറിയിട്ടില്ലാത്ത നമ്പൂതിരിയെ നോക്കി ഭാഗവതർ തുടർന്നു:

“ഉറപ്പിച്ചോളൂ, എന്റെ കച്ചേരി ഉണ്ടാവും... അതു വിചാരിച്ചിട്ട് ഒട്ടും വേണ്ട പരിഭ്രമം... കച്ചേരിയ്ക്കു വേണ്ട എല്ലാ ഏർപ്പാടും നമ്പൂതിരിപ്പാടും ഞാനും കൂടി ചെയ്യും... അക്കാര്യം ഞങ്ങൾ ഏറ്റു...”

നമ്പൂതിരിയുടെ മിഴികൾ അപ്പോഴും തോർന്നു കഴിഞ്ഞിരുന്നില്ല. പരിഭ്രമം എന്നു പറഞ്ഞാൽ പോരാ, പത്തരമാറ്റുള്ള പരിഭ്രമം.

വാത്സല്യപൂർവ്വം ഭാഗവതർ മറ്റൊരു കാര്യവും പറഞ്ഞു:

“പിന്ന്യേയ്, ഈ കച്ചേരിയ്ക്ക് ഞാൻ ഉൾപ്പെടെ ആരും പ്രതിഫലം വാങ്ങില്ല... അതെന്റെ തീരുമാനമാണ്. മനസ്സിലെ പ്രാർത്ഥനയുണ്ടാവുമല്ലോ, എനിയ്ക്കതുമതി... നമ്മുടെ കാര്യങ്ങളൊക്കെ ഗുരുവായൂരപ്പൻ, നോക്കിക്കോളും...”

ഉപായത്തിലൊരു കച്ചേരി - അങ്ങിനെയായരുന്നില്ല. ചെമ്പൈ അമർന്നുപാടിയ ഒരു തകർപ്പൻ കച്ചേരി. തിങ്ങി നിറഞ്ഞ സഹൃദയ സദസ്സ്... പ്രതിഫലം ഒന്നും വേണ്ടിവന്നില്ല.

“കുചേലന്റെ അവിൽപ്പൊതി പോലെ ഞങ്ങൾ എളിയ ദക്ഷിണ അല്ല, കാണിയ്ക്ക അർപ്പിച്ചു. ഭാഗവതർ സമൃദ്ധമായി അനുഗ്രഹിച്ചു...” ഇക്കഴിഞ്ഞ ദിവസം ആർട്ടിസ്റ്റ് നമ്പൂതിരി മനസ്സുതുറന്നപ്പോഴാണ് ഈ അനുഭവ കഥ എനിയ്ക്കു പകർന്നുകിട്ടിയത്. ഞാൻ ഓർത്തു. അൻപത്തെട്ടുവർഷം കഴിഞ്ഞിട്ടും, ജീവിതത്തിൽ അവിസ്മരണീയമായ പല പല സംഭവങ്ങളും നേട്ടങ്ങളും ഉയർച്ചയും പേരും പെരുമയും എല്ലാം നേരിട്ട് വന്ന് അനുഗ്രഹിച്ചിട്ടും ആർദ്രഹൃദയനായ ആർട്ടിസ്റ്റ് നമ്പൂതിരി തന്റെ നിറയൗവന കാലത്തുണ്ടായ ഈ അനുഭവം മറന്നിട്ടില്ല; മറക്കാൻ കഴിയുകയുമില്ല...

ഞാൻ ശ്രദ്ധിച്ചു. കഥ പറഞ്ഞുകഴിഞ്ഞപ്പോൾ വരയുടെ തലവര മാറ്റി എഴുതിയ ഈ മഹാപ്രതിഭയുടെ മിഴികൾ തൊണ്ണൂറിന്റെ നിറവിലും ഈറനണിയുന്നു...

## പത്തൊൻപത്

# യുഗപ്രഭാവനായ എം.ആർ.ബി.

"**എ**ന്റെ ചുറ്റുപാടുകൾ പഴമയുടെ ചപ്പുചവറുകൾ നിറഞ്ഞതായിരുന്നു; അസുഖകരങ്ങളും നീരസപ്രദങ്ങളുമായിരുന്നു. അജ്ഞകളും നാമജപക്കമ്പക്കാരികളും 'ജലപിശാചു'കാരികളുമായ അമ്മമാർ, സാപത്ന്യമത്സരത്താലും ഭർത്തൃമർദ്ദനത്താലും ചതഞ്ഞു മരവിച്ച അന്തർജ്ജന യുവതികൾ, ഈ പാഴ്ജീവിതത്തിലേക്ക് സ്വയം പടർന്നു കയറാൻ കൂമ്പെടുത്തുവരുന്ന പെൺകിടാങ്ങൾ, തേവാരവും ബ്രാഹ്മണ്യവും ഭക്തിയും ഭാഗവത പാരായണവും ദുരഭിമാനവും കൊള്ളരുതായ്മയും സർവജ്ഞഭാവവും ഓത്തത്തവും നിറഞ്ഞുകാടുകെട്ടി നിൽക്കുന്ന നമ്പൂതിരിമാർ - ഇതായിരുന്നു ചുറ്റുപാട്. വീർപ്പുമുട്ടുന്ന വിഷമസ്ഥിതി..."

മലയാള സാഹിത്യത്തിന് എക്കാലത്തേയും മുതൽക്കൂട്ടായ "എം.ആർ.ബി.യുടെ ഉപന്യാസങ്ങൾ" എന്ന സമാഹാരത്തിൽ ("ചീന്തിപ്പോയ ഒരേട് - പേജ് 117) എം.ആർബി. പിന്നിട്ട പാതയിലേക്കു തിരിഞ്ഞു നോക്കുമ്പോഴാണ് ഈ നിരീക്ഷണം. കാലത്തിന്റെ മാറ്റം കാണാതിരിക്കാൻ പഴമയുടെ മറക്കുടകളുടെ കാലുപിടിച്ചു നടന്നിരുന്ന സ്വസമുദായത്തിന്റെ - അതിലും വിശേഷിച്ച് നിസ്സഹായകളായ അന്തർജ്ജനങ്ങളുടെ - ജാതകം തിരുത്താനാണ് എം.ആർ.ബി. എഴുതിത്തുടങ്ങിയത്. അതൊരു സാംസ്കാരിക തീർത്ഥ യാത്രയും സാമൂഹ്യപരിഷ്ക്കരണയജ്ഞവുമായിരുന്നു. ഈ തീവ്രവും തീക്ഷ്ണവുമായ പോരാട്ടത്തിൽ എം.ആർ.ബി.യുടെ ഇടത്തും വലത്തും മുന്നിലും പിന്നിലും പൂനിലാവുപോലെ നിറഞ്ഞുനിന്നത് ആ നലംവാച്ച നർമബോധമായിരുന്നു എന്നു ഞാൻ വിശ്വസിയ്ക്കുന്നു. മർമ്മത്തുകൊള്ളുന്ന, എന്നാൽ മൃദുലവും മധുരതരവുമായ നർമബോധം. അതിനെ രസികത്തം എന്നു വിശേഷിപ്പിച്ചാൽ പോരാ. തന്നേയും തന്റെ സമുദായത്തേയും സദാ പിന്തുടർന്ന ദുരന്തങ്ങളുടെയും ദുർവിധികളുടേയും ദുഃഖങ്ങളുടേയും മുഖത്തുനോക്കി പുഞ്ചിരിക്കുവാനുള്ള ആ സിദ്ധിയുണ്ടല്ലോ, അത് എം.ആർ.ബി.യുടെ ജീവിത സമരത്തിന്റേയും സാഹിതീ സപര്യയുടേയും മുഖമുദ്രയായിരുന്നു. ഇക്കാര്യത്തിൽ ആരായിരുന്നു എം.ആർ.ബി.യുടെ ഗുരുനാഥൻ? സാമൂഹ്യവിപ്ലവത്തിന്റെ അഗ്നിഹോത്രം നടത്തിയ വി.ടി. ഭട്ടതിരിപ്പാടോ? മലയാളികളുടെ മനസ്സിന്റെ കുമ്പിളിൽ ആർഷജ്ഞാനത്തിന്റെ അമൃത് പകർന്ന നാലപ്പാടനോ? അതോ 'മലയാള സാഹിത്യത്തെ മലരണിയിക്കാൻ നീന്തിവന്ന നീളൻ നീർച്ചുടല'യായ സാക്ഷാൽ വള്ളത്തോളോ?

എനിയ്ക്കു തോന്നുന്നു ഈ മൂന്നു ആചാര്യന്മാരും എം.ആർ.ബി.യെ ശിരസ്സിൽ കൈവച്ചു അനുഗ്രഹിച്ചിട്ടുണ്ട്. ഒരു വിനീത ശിഷ്യൻ എന്ന നിലയിൽ എനിക്ക് എം.ആർ.ബി.യുമായി ഏറെക്കലം അടുത്തിടപഴകാനുള്ള അപൂർവ്വ ഭാഗ്യമുണ്ടായിട്ടുണ്ട്. അന്നെന്നപോലെ ഇന്നും, എം.ആർ.ബി.യുടെ സരസ്വതി ഈ ത്രിവേണി സ്നാനംകൊണ്ട് അനുഗ്രഹീതയാണെന്ന് തോന്നാറുണ്ട്.

ഓർമകൾക്ക് ഓമനിയ്ക്കാൻ, ഒന്നും രണ്ടുമല്ല, ഒട്ടവധിയുണ്ട് രസകരമായ അനുഭവങ്ങൾ. സാമാന്യം നന്നായി വട്ടംകൂട്ടിയ വെടിവട്ടത്തിനിടയിൽ എം.ആർ.ബി. തന്നെ പറഞ്ഞ കഥകൾ.

വി.ടി.യുടെ പ്രസിദ്ധമായ 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക' എന്ന നാടകത്തിലെ ഒരു രംഗം:

വിളയൂർ ഇല്ലം. പൂമുഖം. നട്ടുച്ച. ചമ്രം പടിഞ്ഞിരുന്ന് വിസ്തരിച്ച് മുറുക്കുന്ന ഓതിയ്ക്കൻ; ശ്രാദ്ധത്തിനു വന്ന അതിഥി മൂസ്സ്. പിന്നെ അച്ഛൻ നമ്പൂതിരി. പെൺകൊടയുടെ കാര്യം ആലോചിച്ചുറപ്പിയ്ക്കാൻ ജ്യോത്സ്യൻ ഉഴത്ര വാരിയരെ വിളിച്ചു വരുത്തിയിരിക്കുന്നു. ഉഴത്രൻ കവിടിസ്സഞ്ചിയുമായി താണുതൊഴുതു നിൽക്കുന്നു.

നിൽക്കുന്നേയുള്ളൂ, ഇരിയ്ക്കുന്നില്ല. വിളയൂരെ ഇല്ലത്തെ പൂമുഖത്ത്, അതും അച്ഛൻ നമ്പൂതിരിയുടെ സമക്ഷത്തിൽ, ജ്യോത്സ്യനായാൽപ്പോലും ഉഴത്രൻ ഇരിയ്ക്കാനോ? ശിവ ശിവ...

ഇരുന്നിട്ടല്ലാതെ, നിന്ന നിലയിൽ കവിടി നിരത്തി രാശി നോക്കാനും വയ്യ. ഉഴത്രൻ പരുങ്ങി. അന്നേരം അച്ഛൻ നമ്പൂതിരി കൽപ്പിച്ചു.

"ന്നാൽ ഉഴത്രൻ, ഇങ്ങട്ട് കേറിയിരിയ്ക്കാം... ആ പടി തൊടേണ്ടേനീം..."

ഉടനെ വന്നു ഓതിയ്ക്കന്റെ രസികത്തം :

"അതേതെ... ഇരിയ്ക്കണോണ്ട് തരക്കേടൊന്നുല്യ... രാശി നോക്കല് കഴിഞ്ഞാൽ അപ്പങ്ങട് എണീയ്ക്കണംന്നേള്ളൂ...

അന്നത്തെ വ്യവസ്ഥയുടെ ഒരവസ്ഥ - എം. ആർ.ബി. വിശദീകരിയ്ക്കും; വി.ടി.യുടെ നാവിൽ വിളയാടിയിരുന്ന ആ നർമസരസ്വതിയെ വാഴ്ത്തും...

ഇനി, നാലപ്പാടന്റെ അരങ്ങത്തു നിന്നൊരു സംഭവം :

ഒരു ഓണം വിശേഷാൽപ്പതിപ്പിന്റെ പത്രാധിപർ നാലപ്പാടന്റെ കവിത അഭ്യർത്ഥിച്ചു പൂമുഖത്ത് നിൽക്കുന്നു. എഴുതിയ കവിതയൊന്നും ഇരിപ്പില്ല, എഴുതിയാൽ ഉടനെ തരാം എന്ന് നാലപ്പാടൻ. അതു പോരാ, കൈയ്യോടെ കവിത കൊണ്ടുപോകാനാണ് വന്നിട്ടുള്ളതെന്ന് പത്രാധിപർ. പറ്റില്ല എന്ന് നാലപ്പാടൻ; എങ്ങിനെയെങ്കിലും പറ്റിയ്ക്കണം എന്ന് മറുപക്ഷം. പ്രതിഫലം എത്ര വേണമെങ്കിലും തരാം. അതല്ല കാര്യം, തനിയ്ക്കങ്ങനെ തലങ്ങും വിലങ്ങും എഴുതി ശീലമില്ലെന്നു നാലപ്പാടൻ. അങ്ങിനെ പറയരുത്, ഇത്ര വളരെ കവിതകൾ എഴുതിയിട്ടുള്ള

അങ്ങേയ്ക്ക വേണം എന്നു വിചാരിച്ചാൽ ഇപ്പോൾ ത്തന്നെ ഒരു കവിത എഴുതാമല്ലോ എന്നായി പത്രാ ധിപർ.

അന്നേരം, നാലപ്പാടൻ, അകത്തേയ്ക്കു നോക്കി, വേലക്കാരിയായ അമ്മാളുഅമ്മയെ വിളിച്ചു.

“ഒന്നിത്രത്തോളം കാണട്ടെ...”

മധ്യവയസ്സ് പിന്നിട്ട അമ്മാളു അമ്മ വന്നു, വണങ്ങി നിന്നു. നാലപ്പാടൻ ചോദിച്ചു.

“അമ്മാളുശ്ശി പ്രസവിച്ചിട്ടുള്ളതല്ലേ. വേണം ച്ചാൽ ഇപ്പൊ ഇവിടെ ഒന്നു പ്രസവിച്ചു കാണി യ്ക്കാൻ പറ്റ്വോ?”

കവിത ചോദിച്ചു വന്ന പത്രാധിപരെ മഷിയിട്ടു നോക്കിയിട്ടും പിന്നെ അവിടെ കണ്ടില്ല എന്ന് എം. ആർ.ബി. കഥ പറയുന്നു. ചിരിയ്ക്കുന്നു.

മൂന്നാമത്തെ രംഗം: ചെറുതുരുത്തിയിലെ വള്ള ത്തോൾ ഭവനം. മഹാകവിയുടെ അറുപതാം പിറ ന്നാൾ ആഘോഷം. ഒരു മാതിരി അറിയപ്പെട്ട സാഹി ത്യകാരന്മാരെല്ലാം വന്നിട്ടുണ്ട്.

മുറ്റത്തെ വിശാലമായ നെടുമ്പുരയിൽ പിറ ന്നാൾ സദ്യ തുടങ്ങി. മഹാകവിയുമായി അത്രമാത്രം അടുപ്പമുള്ള, ഫലിതപ്രിയനായ പുത്തേഴത്തു രാമൻ മേനോൻ അത്യുത്സാഹത്തോടെ, വിളമ്പുന്നവർക്ക് നിർദ്ദേശോപദേശങ്ങൾ നൽകി ഓടി നടക്കുന്നു.

ഊണുകഴിച്ചുകൊണ്ടിരുന്ന മഹാകവിയുടെ മുന്നിൽ വന്ന് നിന്ന്, സ്വതസിദ്ധമായ ഒരു ചെറുചിരി യോടെ പുത്തേഴൻ ചോദിച്ചു:

“ഞാൻ വിശേഷായിട്ട് എന്തെങ്കിലും വിള മ്പണോ?”

പുത്തേഴന്റെ ചോദ്യം മനസ്സിലാക്കിയപ്പോൾ, ഉടനെ വന്നു വള്ളത്തോളിന്റെ മറുപടി:

“വിഡ്ഢിത്തം വേണ്ടത്രയുണ്ടല്ലോ കൈയ്യില്. കുറേശ്ശെ വിളമ്പ്...”

നർമമധുരമായ ഇത്തരം മുഹൂർത്തങ്ങൾ എം. ആർ.ബി. എപ്പോഴും ഓർമയിൽ കൊണ്ടുനടന്നിരുന്നു. എന്തുഫലിതം പറഞ്ഞാലും കേട്ടാലും ചിരിയ്ക്കില്ല എന്ന് വ്രതമെടുത്ത ചിലരെപ്പറ്റി എം.ആർ.ബി. പറ യാറുണ്ട്:

“ചിരിയ്ക്കാൻ അറിഞ്ഞൂടാച്ചാൽ കഷ്ടാണേയ് മനുഷ്യന്റെ കാര്യം”

ഈ ഓർമകളിൽ, മറ്റുള്ളവർ മാത്രമല്ല, പല പ്പോഴും എം.ആർ.ബി.യും ഒരു കഥാപാത്രമാവും.

‘എം.ആർ.ബി.യുടെ ഉപന്യാസങ്ങൾ’ എന്ന സമാഹാരത്തിൽ നിന്നുതന്നെ ഒരു ഉദാഹരണം.

‘ഓതിയ്ക്കനും പ്രാസംഗികനും’ എന്ന ലേഖ നം. ഒരു കലാസമിതിയുടെ വാർഷികത്തിൽ പ്രസം ഗിക്കാൻ പുറപ്പെട്ട എം.ആർ.ബി. റയിൽവെ സ്റ്റേഷ നിൽ എത്തിയപ്പോൾ, അതാ അവിടെ വന്ദ്യവയോ ധികനായ ഇട്ടീരി ഓതിയ്ക്കൻ! താൻ തിരൂർക്കാ ണെന്നു പറഞ്ഞപ്പോൾ, ഓതിയ്ക്കൻ ചോദിച്ചു :

“തിരൂര് എന്താ വഹ?”

“ഒരു കലാസമിതി വാർഷികം”

“ന്നു വെച്ചാലോ?”

“കലകളെക്കുറിച്ചുള്ള പ്രസംഗം, രാത്രി നാട കം, അങ്ങിനെ പലതും”

“വെളിച്ചാവുന്നതുവരെയുണ്ടാവ്വോ?”

“ഏയ് അതൊന്നൂല്യ”

“ഒന്നും?”

“ഇല്ല്യ”

“എന്നാൽ പറയാലോ, രാമന്റെ ഇതൊക്കെ ക്ഷ കമ്പാവുന്നുണ്ടേയ്...”

അതിനിടെ വണ്ടി വന്നു. ഓലക്കുട, ഭാണ്ഡം, ചെരിപ്പ് - എല്ലാം കയ്യിലെടുത്ത് ഓതിയ്ക്കൻ എഴു ന്നേറ്റു. എം.ആർബി. പറഞ്ഞു:

“ഏതെങ്കിലും ഒന്ന് ഞാൻ എടുക്കാം...”

“എന്നാൽ ഈ ഭാണ്ഡം എടുത്തോളൂ... രാമന് അതാ പറ്റാ...”

എന്റെ ഓർമയിൽ ഇന്നും പച്ച പിടിച്ചു നിൽ ക്കുന്ന ഒന്നു രണ്ടു രംഗങ്ങൾ:

വർഷങ്ങൾക്കു മുൻപാണ്. എൻ.വി. കൃഷ്ണ വാരിയരുടെ ഉത്സാഹത്തിൽ പിറന്നു വളർന്നുയർന്ന കേരള സാഹിത്യ സമിതിയുടെ സുവർണ കാലഘ ട്ടം. ഷൊർണ്ണൂരിൽ സമിതിയുടെ വാർഷികസമ്മേള നം. പതിവുപോലെ രാത്രി, അത്താഴപ്പുറമെ, മുശാ യിര. അതായത് കവിസമ്മേളനം. തുടക്കക്കാരും തുഞ്ചത്തെത്തിയവരുമായ എഴുത്തുകാർ നിറഞ്ഞ സദസ്സ്.

മഹാകവി ഒളപ്പമണ്ണ കവിത വായിക്കുന്നു. നല്ല മൂപ്പും മുഴക്കവുമുള്ള ആ കവിതയുടെ തുടക്കം ഇങ്ങ നെയായിരുന്നു:

“പച്ചവിശറിയാലെന്നെ
തണുപ്പിക്കുന്ന റബ്ബറേ...”

സദസ്സിന്റെ മുൻനിരയിൽ, എൻ.വി.യുടേയും എം.ആർബി.യുടേയും തൊട്ടടുത്ത് ഇരുന്നിരുന്ന വൈലോപ്പിള്ളി ശ്രീധരമേനോൻ, ഒട്ടൊരു ലജ്ജാവ നമ്രമുഖനായി, നേർത്ത ചിരിയോടെ പറഞ്ഞു :

“കവിതയുടെ തുടക്കത്തിലെ, ‘പച്ചവിശറിയാ ലെന്നെ’ എന്നതിനു പകരം, ‘വിശറിപ്പച്ചയാലെന്നെ’ എന്നാക്കാമായിരുന്നു.

സദസ്സിൽ കൈയ്യടി, ഒളപ്പമണ്ണയും ആ കര ഘോഷത്തിൽ ചേർന്നു.

കവിസമ്മേളനത്തിനു ശേഷം, രാവേറെച്ചെ ന്നിട്ടും നീണ്ടുപോയ വെടിവട്ടത്തിലും ഒളപ്പമണ്ണയുടെ കവിത കടന്നുവന്നു.

“വൈലോപ്പിള്ളിയുടെ തിരുത്ത് അസ്സലായി” - എൻ.വി.ചിരിച്ചു.

“ആനയെപ്പോലെത്തന്നെയാണ് ഒളപ്പമണ്ണ യുടെ കവിതയും... ഒരു പാപ്പാൻ കൂടെയുണ്ടാവുന്നത് നല്ലതാണ്...” എൻ.എൻ. കക്കാട് പൊട്ടിച്ചിരിച്ചു.

ഉടനെ വന്നു എം.ആർ.ബി.യുടെ നർമമധുര മായ പ്രതികരണം.

"ശ്രീധരമേനോനെ പാപ്പാൻ എന്നൊന്നും പറ യുക വയ്യേയ്... വേണമെങ്കിൽ പാപ്പാത്തി എന്നു പറ യാം..."

എല്ലാവരും ഊറിയൂറിച്ചിരിച്ചു.

മറ്റൊരനുഭവം, കേരള സംഗീത നാടക അക്കാ ദമിയിൽ വച്ചുതന്നെ. കാവാലം നാരായണ പണിക്ക രാണ് അന്ന് സെക്രട്ടറി. അദ്ദേഹത്തിന്റെ മേൽനോട്ട ത്തിലും യശഃശരീരനായ ഡോ. കെ.എൻ. വിഷാരോ ടിയുടെ മാർഗ്ഗദർശനത്തിലുമായി ഞാൻ 'കേരള ത്തിലെ നാടൻ കലകൾ' എന്ന വിഷയത്തെപ്പറ്റി കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ പഠനം നടത്തുന്നു. കാവാലത്തിന്റെ വസതിയിലും അക്കാദ മിയിലും എം.ആർ.ബി.യുടെ സാന്നിധ്യം ആതിരപ്പൂ നിലാവുപോലെ പെയ്തിറങ്ങിയിരുന്ന കാലം.

അങ്ങിനെയിരിക്കെ, കാവാലത്തിനൊരു ഉൾവി ളി. മായം ചേർക്കാത്ത, സോപാന ശൈലിയുടെ തനി മയുള്ള ഗീതാഗോവിന്ദം അഥവാ അഷ്ടപദി അക്കാ ദമിക്കു വേണ്ടി പൂർണമായും റിക്കാർഡ് ചെയ്ത് സൂക്ഷിക്കണം.

ഇന്നെന്നപോലെ അന്നും, അഷ്ടപദിയുടെ തനിമ കാത്തുസൂക്ഷിക്കുന്ന പ്രശസ്ത ഗായകൻ ഗുരു വായൂർ ജനാർദ്ദനൻ നെടുങ്ങാടി തന്നെ. എന്റെ ഏറ്റവും അടുത്ത സുഹൃത്തുമാണദ്ദേഹം.

കാവാലവും ഞാനും ടെയ്പ്പ് റിക്കാർഡറും മറ്റുമായി ഗുരുവായൂരിൽ പോയി. ജനാർദ്ദനനെ കണ്ടു സംസാരിച്ചു.

അദ്ദേഹത്തിനു ബഹുസന്തോഷം. അന്ന്, രാത്രിയ്ക്കു രാത്രി, ക്ഷേത്രത്തിനടുത്ത തന്ത്രിമഠ ത്തിൽവച്ച് ഞങ്ങൾ അഷ്ടപദി, എടയ്ക്കയുടെ അക മ്പടിയോടെ, പൂർണമായും റിക്കാർഡ് ചെയ്തു.

ആ സംരംഭത്തിന്റെ സാഫല്യം കാവാലത്തി ന്, മറ്റൊരു പുതിയ ഐഡിയ മനസ്സിലുണരാൻ കാര ണമായി. കേരളത്തിലെ പ്രശസ്തരായ കവികളെ ക്കൊണ്ട് കുറെ ലളിതഗാനങ്ങൾ എഴുതിപ്പിയ്ക്കുക, പ്രഗത്ഭരായ സംഗീത സംവിധായകരെക്കൊണ്ട് ഈണം പകരുക; മികച്ച ഗായകരും ഗായികമാരും ആലപിക്കുക - അത് ലളിഗാനശാഖയ്ക്കെന്നപോലെ അക്കാദമിയ്ക്കും ഒരു മുതൽക്കൂട്ടാവുമെന്ന് കാവാലം കരുതി.

മഹാകവി ജി., മഹാകവി പി., വൈലോപ്പിള്ളി, എൻ.വി. കൃഷ്ണവാരിയർ, ഒളപ്പമണ്ണ, പാലാ നാരാ യണൻ നായർ, വെണ്ണിക്കുളം, അക്കിത്തം, പി. ഭാസ്ക രൻ എന്നിങ്ങനെ ഒട്ടേറെ കവികൾ 'പാട്ടുകൾ' എഴു തി. സി.എസ്. കൃഷ്ണയ്യർ, ദക്ഷിണാമൂർത്തി, ദേവ രാജൻ, കെ.രാഘവൻ, ബാബുരാജ്, അമ്പലപ്പുഴ ശങ്ക രനാരായണപ്പണിക്കർ, പുതുക്കോട് കൃഷ്ണമൂർത്തി തുടങ്ങിയവരാണ് ഈണം പകർന്നത്.

അതിനിടയ്ക്കൊരു രസം. മഹാകവി ജി.യുടെ ഈരടികളെ, ആദ്യന്തം കവിതാമയമായിരുന്നെങ്കിലും സംഗീതസംവിധായകന് പെട്ടെന്നു വഴങ്ങുന്നവയാ യിരുന്നില്ല. എന്തു ചെയ്യും?

അന്നും സംഗീതകുലപതിയായ ദക്ഷിണാ മൂർത്തിയും കാവാലവും തമ്മിൽ നല്ല അടുപ്പത്തിലാ യിരുന്നു. മദിരാശിയിൽ നിന്ന് നാട്ടിലേയ്ക്കു പോകു മ്പോഴും മദിരാശിയ്ക്കു മടങ്ങുമ്പോഴും തൃശൂരിൽ കാവാലത്തിന്റെ വസതിയിൽ വരുമായിരുന്നു സ്വാമി.

അങ്ങിനെ സ്വാമി വന്ന ഒരവസരത്തിൽ കാവാലം മഹാകവി ജി.യുടെ പാട്ട്. അല്ല കവിതയെ ടുത്തു കൊടുത്തിട്ട് പറഞ്ഞു:

''സ്വാമി ഇതൊന്നു പാട്ടാക്കിത്തരണം... ഇത്തിരി കട്ടിയാണ്..."

"ഹാ, സഖീ, വരൂ സഖീ..." എന്നു തുടങ്ങുന്ന ആ കവിത അൽപ്പസമയം സ്വാമിയുടെ ചുണ്ടിലും മനസ്സിലും ഭാവനയിലും മൂളിപ്പറന്നു. അതാ, ഭാവസാ ന്ദ്രമായ ഭൈരവി രാഗത്തിൽ ഒരു മധുരരാഗത്തിന്റെ പിറവി! ഈണം പകർന്ന ശേഷം, സ്വാമി അത് നീട്ടി പ്പാടി കേൾപ്പിച്ചു.

"മനോഹരമായിരിക്കുന്നു" - കാവാലം തുറന്ന ഭിനന്ദിച്ചു.

അന്നേരം, അതാ വരുന്നു, എല്ലാം കണ്ടും കേട്ടും ഇരുന്നിരുന്ന എം.ആർ.ബി.യുടെ സരസമായ സരസ്വതീവിലാസം.

"ഞാൻ മുൻപും പണിക്കരോട് പറയാറുണ്ട് - ദക്ഷിണാമൂർത്തിയെ ഭജിച്ചു സേവിയ്ക്കുന്നത് രോഗം മാറാനെന്നപോലെ രാഗം വരാനും നല്ലതാണെന്ന്..."

കൂട്ടച്ചിരിയുടെ മറ്റൊരു ഭൈരവീമേഘവർഷം...

ഇതുവരെ പറഞ്ഞത് ചിരിയുടെ പൂത്തിരി കത്തിയ്ക്കുന്ന എം.ആർ.ബി.യെപ്പറ്റിയാണല്ലൊ. അങ്ങിനെ മാത്രമെ ഞാൻ എം.ആർ.ബി.യെ കണ്ടിട്ടു ള്ളൂ. എന്നാൽ, ഒരിയ്ക്കൽ, ഒരിയ്ക്കൽ മാത്രം വിങ്ങി പ്പൊട്ടി കരയുന്ന എം.ആർ.ബി.യേയും ഞാൻ കണ്ടു.

എം.ആർ.ബി.യുടെ ഏറെ പ്രിയപ്പെട്ട അനു ജനും സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനത്തിലെ പങ്കാ ളിയും നാടകചലച്ചിത്ര രംഗത്തെ അഭിനയാചാര്യനും കവിയും നാടകകൃത്തുമെല്ലാമെല്ലാമായ പ്രേംജി എന്ന എം.പി. ഭട്ടതിരിപ്പാടിന്റെ മരണം എം.ആർ. ബി.യെ അത്രമാത്രം തളർത്തി. പ്രേംജിയുടെ ഭൗതിക ശരീരത്തിന്റെ കനലാറും മുൻപ്, തൃശൂരിൽച്ചെന്ന് എം.ആർ.ബി.യെ കണ്ടപ്പോൾ, തുടക്കത്തിൽ, പതി വില്ലാത്ത വിധം നീണ്ട മൗനം. പതുക്കെ ഈറനണി യുന്ന മിഴികൾ. പിന്നെ അടക്കാനാവാത്ത തേങ്ങലും.

"കൃഷ്ണൻകുട്ട്യേ, പോയി... എം.പി. പോയി... എന്നെക്കാൾ മുൻപെ... ഞാൻ പോയിട്ടു മതിയായി രുന്നു..."

അങ്ങിനെയൊരു എം.ആർ.ബി.യെ ഞാൻ ആദ്യം കാണുകയായിരുന്നു; എം.ആർ.ബി.യുടെ മുന്നിൽ ഞാൻ കരഞ്ഞതും അന്നാദ്യമായിരുന്നു.

# ഇരുപത്
# പേരിന്റെ പേരിൽ

**ആ**ഗോളവനിതാ കാലവർഷത്തിന്റെ ഭാഗമായി കേരളത്തിലും മഴ! എത്ര കൊടുത്താലും എന്തു കൊണ്ടു കൊടുത്താലും തൃപ്തി വരാത്ത ചില പെണ്ണുങ്ങളെപ്പോലെ ചിണുങ്ങിച്ചിണുങ്ങി തോരാതെ തീരാതെ നിൽക്കുന്ന ഈ മഴയുടെ ഒരു ഞരമ്പിന് എന്തോ തകരാറു പറ്റിയിരിക്കണമെന്നാണു മാരി ശാസ്ത്ര വിദഗ്ദ്ധന്മാരുടെ ഭൂരിപക്ഷാഭിപ്രായം. അതല്ല, പാഞ്ഞാളിലെ അതിരാത്രം പറ്റിച്ച പണിയാണിതെന്നും താഴോട്ടു വീഴുന്ന മഴയെ മേലോട്ടാക്കാൻ ഒരു ആന്റി അതിരാത്രം നടത്തിയാലേ മഴ വഴിമാറൂ എന്നുള്ള ഒരു ഭിന്നാഭിപ്രായകുറുപ്പും ഇല്ലാതില്ല. ഏതായാലും ആറ്റുനോറ്റുണ്ടായ ഈ ഞാറ്റുവേലക്കാലത്തും കൂണും കുടുംബകലഹവും മുളയ്ക്കാൻ എളുപ്പമാണെന്നതിനാൽ സത്യം പറഞ്ഞാൽ മനസ്സിൽ തോന്നുന്നത് അതേപടി എഴുതാൻ മടിയുണ്ട്. എന്നാൽ വനിതാവർഷം പടികടന്നുപോയതിനു ശേഷം എഴുതിയിട്ടു കാര്യവുമില്ല. അതുകൊണ്ട് എഴുതുകയാണ്: ആണെന്നും അല്ലെന്നും പറയിപ്പാക്കാതെ ഏതാണ്ടൊരു ഉവ്വ്ല്യാ മട്ടിൽ.

നഗരത്തിലെ ഒരു പ്രമുഖ സ്ഥാപനത്തിന്റെ മാനേജരായി സ്ഥലം മാറി വന്ന അർജുനൻ നായർ എന്റെ അയൽപക്കത്ത് സകുടുംബം താമസം തുടങ്ങിയിരിക്കുന്നു എന്നറിഞ്ഞപ്പോൾ ആളെ അങ്ങോട്ടു ചെന്നു കണ്ടു രണ്ടു വാക്കു പറഞ്ഞു പരിചയപ്പെട്ടു കളയാമെന്നു തോന്നി. ഇങ്ങനെ തോന്നാൻ പല കാരണങ്ങളുമുണ്ടെന്നു ഞാൻ വാദിച്ചുപോകും. ഒന്ന് - അർജുനനെ ഞാൻ നേരിട്ടു കണ്ടിട്ടില്ല. പുരാണത്തിൽ വായിച്ചറിഞ്ഞിട്ടേയുള്ളൂ. കണ്ണോടു കണ്ണു കണ്ടാൽ പുരാണങ്ങളിൽ എത്രമാത്രം അതിശയോക്തിയുണ്ടെന്നു കണക്കാക്കാമല്ലോ. അതൊന്നു കണക്കാക്കിയിട്ടുവേണം ഏറ്റവും വലിയ അതിശയോക്തികൾ ഉണ്ടായത്. ശ്രീരാമനുമുമ്പോ ശ്രീകൃഷ്ണനു മുമ്പോ എന്നൊരു ഗവേഷണം നടത്താൻ. (ഡോ. സംഘാലിയ, ബി കെയർ ഫുൾ! ഒഫ്കോഴ്സ് സംതിങ്ങ് മേ ഹാപ്പൻ!) പരിചയപ്പെടാനുള്ള ഉൾതൃഷ്ണ തോന്നാനുണ്ടായ മറ്റൊരു കാരണം അർജുനൻ നായർക്ക് സ്വന്തമായി കാറുണ്ട് എന്നതത്രേ. വല്ലപ്പോഴും ഒരു ലിഫ്റ്റ് കിട്ടിയാൽ ഒട്ടും മുഷിയില്ല. ഇതിനൊക്കെ പുറമെ പുതുമുഖങ്ങളെ ഏതു രംഗത്തായാലും പ്രോത്സാഹിപ്പിക്കുകയെന്നത് നമ്മുടെ ചുമതലയുമാണല്ലോ.

പുറപ്പെട്ടിറങ്ങിയ പാടെ, ഭാര്യ പതിവുപോലെ പിൻവിളി:-

"അതേയ്..."

"എന്താ..."

"ഒരു ദിക്കിലേക്കു പോവല്ലേ? എന്തെങ്കിലു മൊന്നു കൈയ്യിൽ കരുതേണ്ടേ?"

"മനസ്സിലായില്ല."

"വേറൊന്നുമല്ല, സംതിങ്ങ് മാതിരി എന്തെങ്കിലുമൊന്ന്."

"ഓ, അതുശരി"

"വല്ല അവിലോ മലരോ പഞ്ചസാരയോ പഞ്ചാംഗമോ, പത്തു കായ് വറുത്തതോ..."

"ശ്രീകൃഷ്ണനെ കാണാനാണെങ്കിൽ അവിൽ കരുതാമായിരുന്നു. അർജ്ജുനന്റെ മെനു എനിക്കറിഞ്ഞുകൂടാ."

"എന്നാലൊരു കാര്യം ചെയ്യൂ..."

"എന്താണാവോ?"

"തൽക്കാലം ഒന്നും കരുതാരിക്കുക. എന്നാൽ കരുതി സംസാരിക്കുക"

"അതാവാം"

"എന്നാൽ വേഗം പോയി അതിലേറെ വേഗം തിരിച്ചുവരൂ"

"പോയതറിയാതെ വരാം"

"ശരി, ടാറ്റാ"

"ബിർളാ..."

നടന്നു. നടക്കുമ്പോൾ അർജുനൻ നായരുടെ ആകൃതിയെപ്പറ്റിയായിരുന്നു ചിന്ത. ആശാൻ എങ്ങനെയിരിക്കും? പുണ്യപുരാണ പടത്തിലെന്നപോലെ അമ്പും വില്ലും ആവനാഴിയും പാശുപതാസ്ത്രവുമായി ഒരു കൈ നോക്കാൻ ഒരുങ്ങിക്കൊണ്ടായിരിക്കുമോ? അതോ വെറും കുടുംബനാഥൻ നായരായി ചാരുകസേരയിൽ ചാരിയിരിക്കുകയായിരിക്കുമോ? അടുപ്പക്കാരനെ ദൂരത്തു കണ്ടാൽ പണ്ടു കൃഷ്ണൻ കുട്ടി ചെയ്തതുപോലെ, ഓടിവന്ന് കെട്ടിപ്പിടിക്കുമോ? പട്ടുമെത്തയിലിരുത്തുമോ? ഭിക്ഷ കിട്ടുമോ? പട്ടി കടിക്കുമോ?

നടന്നു. വരുന്നതു വരട്ടെ. ബ്രഹ്മാവിന്റെ തലയിലെഴുത്തും റേഷൻകാർഡിലെ കോലെഴുത്തും എങ്ങനെ വരുമെന്ന് ആർക്കും പ്രവചിക്കാനാവില്ലല്ലോ.

മേലാകെ ലിപ്സ്റ്റിക് പുരട്ടി നിൽക്കുന്ന ഇരുമ്പുഗേറ്റിന്റെ മുൻപിൽ ഒരു നിമിഷം നിന്നു. ഇല്ല ശുനക മാർജാര മൂഷിക വർഗങ്ങളെ വളർത്തുന്ന

തിന്റെ യാതൊരു മുന്നറിയിപ്പും ഇല്ല. ഭാഗ്യം! അപ്പോഴാണ് സാമാന്യം വലിയ നെയിംബോർഡ് ശ്രദ്ധയിൽപ്പെട്ടത്: അർജുനൻ മീനാക്ഷി നായർ!

ശ്ശെടാ! ഇതെന്തൊരു പേര്! അർത്ഥം മനസ്സിലായില്ല. വായനയിൽ പിഴച്ചതാകാമെന്ന് മനപൂർവ്വം ബലമായി സംശയിച്ചു വീണ്ടും വായിച്ചു. ഇല്ല, എഴുതിയതുപോലെതന്നെയാണ് വായിച്ചത്.

ഭഗവാനേ സ്ഥലം തെറ്റിയോ? ലൊക്കേഷൻ മാറിപ്പോയോ? അധികം ആലോചിക്കുന്നതും നന്നല്ല. മറ്റൊരാളുടെ വീട്ടുപടിക്കൽ വന്നു പുരുങ്ങുന്നതു കണ്ടാൽ കാണുന്നവർക്കെന്ത് തോന്നും?

ശരി. യോഗംപോലെ വരട്ടെ എന്നു കരുതി, ഗുരുകാരണവന്മാരെയും ഗുരുവായൂർ കേശവനെയും മനസ്സിൽ ധ്യാനിച്ചു വലംകാലാദ്യം വച്ചു മുന്നോട്ടു നീങ്ങി.

അകലെനിന്നുതന്നെ കണ്ടു, വിശാലമായ, അലംകൃതമായ പൂമുഖത്ത് ഒരു ചാരുകസേരയിൽ ഒരു ചാരുമുഖി ചാരി കിടക്കുന്നു. പത്രം വായിക്കുന്നതുമാതിരിയാണു തോന്നുക. പ്രാന്തപ്രദേശങ്ങളിൽ വേറെ ആരുമില്ല.

"വരൂ... വരൂ..." ചാരുകസേരയിൽനിന്ന് എഴുന്നേറ്റുവെന്നും എഴുന്നേറ്റില്ല എന്നുമുള്ള പ്രത്യേക പോസിൽ ഇരുന്നു ചാരുമുഖി ക്ഷണിച്ചു:

"കയറി വരൂ, ഇരിക്കൂ."

ഭവ്യതയോടെ കയറിച്ചെന്നു. ഇരുന്നു. അപ്പോൾ പുഞ്ചിരിയോടെ ചോദ്യം:

"മനസ്സിലായി. രാമൻകുട്ടി കുമാരി അല്ലേ?"

രാമൻകുട്ടി കുമാരി. അതേ എന്നും അല്ല എന്നും പറയാൻ നാവു പൊന്തിയില്ല. രാമൻകുട്ടി - അതെന്റെ പേരാണ്. കുമാരി ഭാര്യയുടെ പേരും. പക്ഷേ...

"എന്നെ മനസ്സിലായോ?" വീണ്ടും ചോദ്യം. മനസ്സിലായി വരുന്നു എന്ന അർത്ഥത്തിൽ നോക്കാൻ തുടങ്ങുമ്പോഴേക്കും ഉത്തരവും വന്നു:

"ഞാനാണു മീനാക്ഷി നായർ"

"സ...ന്തോഷം."

"ഹസ്സിന്റെ പേര് അർജുൻ മീനാക്ഷി നായർ... പരിചയപ്പെട്ടിട്ടില്ലല്ലോ?"

"ഇല്ല... ഇല്ല."

"പരിചയപ്പെടാം. അകത്തുണ്ട്. ഞാൻ വിളിക്കാം" - അതും പറഞ്ഞു പാടിപ്പതിഞ്ഞ പാലക്കാടൻ ശൈലിയിൽ അവർ നീട്ടി വിളിച്ചു:

"ഏട്ടേ..."

"ധൃതിപ്പെടേണ്ട. അകത്തെന്തെങ്കിലും എഴുതുകയോ മറ്റോ ആണെങ്കിൽ"

"ഓ... നോ..."

പെട്ടെന്ന് അർജുനൻ മീനാക്ഷി നായർ പ്രത്യക്ഷപ്പെട്ടു. ഞാൻ പ്രതീക്ഷിച്ചതുപോലെതന്നെ. പുണ്യപുരാണരൂപം. കൈയിൽ അമ്പും വില്ലുമില്ല. പകരം ഒരു കൈയിൽ ചപ്പാത്തി പരത്തുന്ന വടി. മറ്റേ കൈയിൽ വട്ടത്തിലുള്ള ചപ്പാത്തിപ്പലക. കണ്ടാൽ വാളും പരിചയുമാണെന്നേ തോന്നൂ. തച്ചോളി ഒതേനന്റെ പടപ്പുറപ്പാടുപോലെ.

"ഇതു നമ്മുടെ അയൽക്കാരനാണ്. പേര് രാമൻകുട്ടി കുമാരി. പരിചയപ്പെടാൻ വന്നതാണ്, ഏട്ടേ..."

ഏട്ട നാണത്തിന്റെ പുറത്തേക്കു തലനീട്ടി ചിരിച്ചു. പതുക്കെ തുഴഞ്ഞു തുഴഞ്ഞ് അകത്തേക്കു പോയി. പോകുമ്പോൾ പറഞ്ഞു - "ജസ്റ്റ് വൺ മിനിറ്റ്. ഞാനിതാ വരുന്നു..."

"ഞങ്ങളിവിടെ ഒരു സംതൃപ്ത കുടുംബമായി കഴിയുന്നു." ചാരുമുഖി മീനാക്ഷി നായർ പറഞ്ഞു: "ഞാൻ അദ്ദേഹത്തെ ഏട്ടേ എന്നു വിളിക്കും... പകരത്തിനുപകരം എന്നെ മീനു എന്നും വിളിക്കും."

ഏട്ടയും മീനും രണ്ടും ഒന്നുതന്നെ. - ഞാൻ മനസ്സിൽ പറഞ്ഞു. പിന്നെ ചോദിച്ചു. "കുട്ടികളായോ? ക്ടാങ്ങളായി ആരെങ്കിലും..."

"ഞങ്ങൾ രണ്ട് - ഞങ്ങൾക്കും രണ്ട് -" മീനാക്ഷി ചിരിച്ചു.

അപ്പോഴേക്കും ഏട്ട മേക്കപ്പു ചെയ്തു വന്നു. സത്യം പറയണമല്ലോ നേരത്തെ കണ്ട നളപാചകം കുഞ്ഞൻ നായരുടെ മട്ടല്ല. നല്ല ശ്രീത്വമുള്ള മുഖം. നല്ല കണ്ണ്, നല്ല മൂക്ക്, ധാരാളം മുടി, നല്ല ചിരി. കഥകളിയിൽ സ്ത്രീ വേഷം കെട്ടാൻ ബഹുപാകം. വേഷം കെട്ടിയാൽ കുടമാളൂർ കരുണാകരൻ നായർ അപ്പുറത്തിരിക്കണം.

"ഞാൻ അപ്പുറത്ത് അൽപ്പം വ്യായാമത്തിലായിരുന്നു." എട്ട, ഒരു സോഫയിൽ ഇരുന്നു, വിയർപ്പു നിറഞ്ഞ മാറിലേക്ക് ഊക്കോടെ ഊതിക്കൊണ്ടു തുടർന്നു: "നിത്യവും വ്യായാമം ചെയ്തില്ലെങ്കിൽ എനിക്ക് എന്തോ ഒന്നു നഷ്ടപ്പെടുന്നതുപോലെയാണ്.

"ഒരു മുഖസ്തുതി പറയുകയാണെന്നു കരുതരുത് -" മീനാക്ഷി പറഞ്ഞു: ഇവിടെ എന്നും ഏട്ടയാണു ചപ്പാത്തി ഉണ്ടാക്കുക. ശ്ശൊ! തിന്നാലും തിന്നാലും മതിയാവില്ല."

"എല്ലാം നമുക്കൊരു വ്യായാമം, അല്ലേ രാമൻകുട്ടി?"

"പിന്നല്ല!"

"ചപ്പാത്തി - അതിങ്ങനെ. ഇനി ഇഡ്ഢലിയും പുട്ടും ഉണ്ടാക്കാനാണെങ്കിലോ, ഏട്ടയേപ്പോലെ ഒരെക്സ്പോർട്ട് ഏട്ട മാത്രമേയുള്ളൂ. ഹി ഈസ് എ ജീനിയസ്..." മീനാക്ഷി കുലുങ്ങിക്കുലുങ്ങി ചിരിക്കുകയും

അതോടൊപ്പം ഭർത്താവിനെ പ്രണയവിവശയായി കടാക്ഷിക്കുകയും ചെയ്തു.

അർജുനൻ നായർ അപ്പോഴും വെറുതെ വിയർക്കുന്നുണ്ടായിരുന്നു. "ബൈദബൈ, രാമൻകുട്ടി ഇവിടെ എന്തു ചെയ്യുന്നു?"

"ഒരു ബാങ്കിൽ."

"ഗുഡ്. മാനേജരാണോ?"

"അല്ല."

"ഗുഡ്. അക്കൗണ്ടന്റ്?"

"ഓ, അതൊന്നുമല്ല."

"ഗുഡ്. പിന്നെ?"

"ക്ലർക്കാണ്."

"വെരിഗുഡ്. പിന്നെ കുമാരി രാമൻകുട്ടി എന്തു ചെയ്യുന്നു?"

"വിശേഷിച്ചൊന്നും ചെയ്യുന്നില്ല."

"ദാറ്റ് മീൻസ്-"

"വീട്ടു ജോലികൾ നോക്കുന്നു."

"അത് മഹാ കഷ്ടമാണ്. നിങ്ങൾക്കും ഏട്ടയെപ്പോലെ എന്തെങ്കിലും വ്യായാമം ചെയ്തുകൂടേ? അല്ലേ ഏട്ടേ" മീനാക്ഷി ചോദിച്ചു.

"വളരെ ശരിയാണ്. കേട്ടോ രാമൻകുട്ടി, എന്തെങ്കിലും വ്യായാമം ചെയ്യണം. കുടുംബ ജീവിതത്തിൽ സ്വൈരം കിട്ടാൻ അതു നല്ലതാണ്."

എന്റെ മനസ്സ് പിടയ്ക്കാൻ തുടങ്ങി. ഇനിയും ഇവിടെയിരുന്നാൽ ഇവരിരുവരും കൂടി എന്നെക്കൊണ്ട് എന്തെങ്കിലും വ്യായാമം ചെയ്യിപ്പിക്കും. അതിനു മുമ്പു സ്ഥലം വിടണം.

"എന്നാൽപ്പിന്നെ ഞാൻ..." ഭവ്യതയോടെ എഴുന്നേറ്റു.

"ഇത്ര പെട്ടെന്നോ?"

"പോയിട്ടൽപം തിരക്കുണ്ട്. ഒന്നു പരിചയപ്പെടാൻ വന്നുവെന്നു മാത്രം."

അതിനു നാം പരിചയപ്പെട്ടു കഴിഞ്ഞല്ലോ.

ഓ, അത് ഇനിയും ആവാമല്ലോ.

ശരി, അങ്ങനെയാവട്ടെ.

"വളരെ ശരി."

ഞാൻ ഇറങ്ങി നടന്നു.

## ഇരുപത്തി ഒന്ന്
# അനശ്വരനായ ഓട്ടൂർ

**ഓ**രോ വാക്കിലും, വാക്കിനകത്തെ ധ്വനിയിലും ധ്വനിയ്ക്കകത്തെ ശ്രുതിയിലും ആപാതമധുരമായ ഓംകാരത്തിന്റെ നാരായണതീർത്ഥം ചുരത്തി തന്നിരുന്ന ഭക്തമഹാകവി ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട് ഇനി ഓർമകളിൽ മാത്രം! ഗുരുവായുപുരേശന്റെ അമൃതമയമായ അപദാനങ്ങൾ അവിരാമം പാടിപ്പാടി കണ്ണന്റെ കയ്യിലെ മറ്റൊരു ഓടക്കുഴലായി മാറിയിരുന്ന ഓട്ടൂർ! ഭൗതികജീവിതത്തിലെ വർണപ്പകിട്ടാർന്ന പ്രലോഭനങ്ങളേയും രാജകീയമായ പ്രതാപൈശ്വര്യങ്ങളേയും തഴഞ്ഞും വെടിഞ്ഞും താരുണ്യം തളിരിടുന്ന ഇളം പ്രായത്തിൽത്തന്നെ തനിക്ക് കണ്ണന്റെ കാരുണ്യംമാത്രം മതിയെന്നുറച്ച് എല്ലാം ശ്രീകൃഷ്ണനിൽ അർപ്പിച്ച് സായൂജ്യവും സാഫല്യവും നേടിയ ഭക്തമീരയുടെ പുരുഷാവതാരമായിരുന്ന ഓട്ടൂർ! അന്ധകാരനിബിഡമായ ആയിരമായിരം മനസ്സുകളിൽ നാമമാഹാത്മ്യത്തിന്റെ ഒരു നാളും കെടാത്ത തിരിനാളം തെളിയിച്ച തിരുനാമാചാര്യൻ ഭക്തിപുരസ്സരം നല്കിയ 'കാവ്യകൗസ്തുഭം' എന്ന പുരസ്ക്കാരം അന്ത്യനിമിഷംവരെ അന്വർത്ഥമാക്കിയ അനുഗൃഹീതകവി ഓട്ടൂർ! പന്ത്രണ്ടാമത്തെ വയസ്സിൽ ശ്രീകൃഷ്ണാമൃതഗീതം പാടിക്കൊണ്ടാരംഭിച്ച ധന്യജീവിതം അസ്തമിക്കും മുൻപ് വള്ളിക്കാവിൽ ആശ്രമത്തെ അമൃതാനന്ദമയമാക്കിയ ഏകാന്തപഥികനായ ഓട്ടൂർ... ഒടുവൊടുവിൽ പവിത്രമായ രുദ്രാക്ഷംപോലെ ഉള്ളുണങ്ങി പരിപക്വമായ ആ മഹാപ്രതിഭ ഒരിക്കലും വാടാത്ത ഒരു കൃഷ്ണത്തുളസീദളംപോലെ ഭഗവാന്റെ പാദങ്ങളിൽ വീണു വിലയം പൂണ്ടു.

ഇപ്പോൾ തോന്നുന്നു, ഇങ്ങിനെയൊക്കെയായില്ലെങ്കിലേ അത്ഭുതമുള്ളൂ എന്ന്. നോക്കൂ, തുളസീവനത്തിൽ നാരായണമയമായാണ് ഈ ഉണ്ണിയുടെ പിറവിതന്നെ. തൃശൂർ ജില്ലയിൽ, കലയും സാഹിത്യവും നിരന്തരം നൂപുരധ്വനികളുണർത്തുന്ന ഭാരതപ്പുഴയുടെ തീരത്ത് മായന്നൂരിൽ തുളസീവനത്തിൽ നാരായണൻ നമ്പൂതിരിയുടേയും ശ്രീദേവി അന്തർജ്ജനത്തിന്റേയും മകനായി 1904 മെയ് ഒമ്പതിന് ജനിച്ചു. യഥാർത്ഥ നാമധേയം സുബ്രഹ്മണ്യൻ. ഋഗ്വേദപണ്ഡിതനായിരുന്ന അച്ഛനിൽനിന്ന് അസാധാരണമായ വൈഭവത്തോടെ ഋഗ്വേദസംഹിത മുഴുവൻ 'ഉണ്ണി' ഹൃദിസ്ഥമാക്കി. കൃഷ്ണശാസ്ത്രി, സുബ്ബ്യരാമപട്ടേർ എന്നീ പണ്ഡിതന്മാരുടെ കീഴിലും അഭ്യസിച്ചതോടെ ഉണ്ണിയുടെ സ്വതഃസിദ്ധമായ കഴിവിന് ഏറെ മിഴിവായി, സ്വർണത്തിന് സുഗന്ധം കൂടി കൈവന്നാലത്തെ അനുഭവം.

പുത്രൻ വിശ്രുതനായ. ഒരു വേദപണ്ഡിതനായി കാണണം എന്നായിരുന്നു അച്ഛന്റെ ആഗ്രഹം. എന്നാൽ ഉണ്ണിയാവട്ടെ, ഇംഗ്ലീഷു പഠിക്കണമെന്ന് വാശിപിടിച്ചു. ഉണ്ണിയോട് അത്രമേൽ വാത്സല്യമുണ്ടായിരുന്ന മുത്തശ്ശി ഒഴികെ എല്ലാവരും എതിർത്തു. "ഇംഗ്ലീഷ് പഠിക്കണമെന്ന് നിർബന്ധമാണെങ്കിൽ പഠിച്ചോളൂ. പക്ഷേ, ഒരു കാര്യം, ഉണ്ണിക്കായി നീക്കിവെച്ചിട്ടുള്ള 5001 രൂപയിൽ നിന്ന് ഒരു കാശും തരില്ല. ശ്രാദ്ധത്തിന് കൂട്ടുകയുമില്ല" - ആ യുവാവിനെ പിന്തിരിപ്പിക്കാൻ ഭീഷണികളുയർന്നു. ഉണ്ണി പക്ഷേ പിന്മാറിയില്ല. അവസാനം മുത്തശ്ശിയുടെ ശുപാർശ ജയിച്ചു. പതിനേഴാമത്തെ വയസ്സിൽ ഇംഗ്ലീഷുവിദ്യാഭ്യാസമാരംഭിച്ചു. തൃശൂരിലെ നമ്പൂതിരിവിദ്യലയത്തിലും തിരുവില്വാമല ഹൈസ്കൂളിലുമായി ഒമ്പതാംക്ലാസുവരെ പഠിച്ചു.

അക്കാലത്താണ് നമ്പൂതിരിപ്പാടിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടായത്. ചെറുപ്പം മുതൽക്കുതന്നെ ഗാന്ധിജിയുടെ പ്രവർത്തനങ്ങളിൽ ആ മനസ്സ് ആകൃഷ്ടമായിരുന്നു. ഗാന്ധിജിയെ ഒന്നു തൊടുക... അതൊരു വലിയ സ്വപ്നമായിരുന്നു. അതിനുവേണ്ടിമാത്രം വോളണ്ടിയറായി, മോഹം സാധിച്ചു. അത്രയുമല്ല, ഒരിക്കൽ കേരളപര്യടനത്തിനെത്തിയ മഹാത്മജിയെ തീവണ്ടിയിൽനിന്ന് ജനമദ്ധ്യത്തിലേക്ക് കൈപിടിച്ചിറക്കാനുള്ള അപൂർവ്വാവസരവുമുണ്ടായി. പിന്നീട് രണ്ടുമൂന്നു തവണകൂടി മഹാത്മജിയെ അടുത്തു കണ്ടു. മഹാത്മജിയുടെ ജീവിതനിഷ്ഠയിൽനിന്ന് ബ്രഹ്മചര്യത്തിന്റെ മഹത്വം മനസ്സിലാക്കി. ആ വഴി സ്വീകരിക്കുകയും ചെയ്തു. പിന്നീട് ശ്രീരാമകൃഷ്ണദേവന്റെ ശിഷ്യനായ നിർമ്മലാനന്ദ സ്വാമികളിൽനിന്ന് സന്യാസം സ്വീകരിച്ചു. തൃശൂർ പുറനാട്ടുകരയിലെ ശ്രീരാമകൃഷ്ണാശ്രമത്തിലും തിരുവനന്തപുരത്ത് ശാസ്തമംഗലത്തുള്ള ശ്രീരാമകൃഷ്ണാശ്രമത്തിലും അദ്ദേഹം നിത്യനായി.

സന്യാസജീവിതത്തിന്റെ ആ തെളിനീരൊഴുക്ക് അങ്ങിനെ തുടരവേ, മറ്റൊരു വഴിത്തിരിവ് - ഇരുപത്തിനാലാമത്തെ വയസ്സിൽ ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിച്ചേർന്നതായിരുന്നു അതിന് കളമൊരുക്കിയത്. ഗുരുവായൂരിലെ ഹരിചന്ദനഗന്ധം കലർന്ന പരിപാവനമായ ആദ്ധ്യാത്മികാന്തരീക്ഷം ഓട്ടൂർ ഉണ്ണി നമ്പൂതിരിപ്പാടിൽ പറഞ്ഞറിയിക്കാനാവാത്ത അനുഭൂതികളുളവാക്കി. നാരായണീയംകൊണ്ട് അനശ്വരനായ മേല്പത്തൂരം നിഷ്ക്കളങ്കമായ ഭക്തിയുടെ നറുതേൻ നിവേദിച്ച പൂന്താനവും അമ്പാടിക്കണ്ണനെ കൺമുനിൽ കാണാറുള്ള വില്വമംഗലവും ഒരൊറ്റ കൂടിക്കാഴ്ചകൊണ്ട് ഉണ്ണിക്കണ്ണന്റെ തിരുമുടിയിൽനിന്ന് കാവ്യാനുഭൂതിയുടെ വർണ്ണമയിൽപ്പീലി കിട്ടിയ

മാനവേദരാജാവ്, പടുവികൃതിയായ ഓമനക്കുട്ടനായി കണ്ണൻ അകത്തും പുറത്തും ഓടിക്കളിക്കുന്നതു കണ്ടും കേട്ടും നിർവൃതി നുകർന്ന കുറൂരമ്മ, ഭക്ത വത്സലനായ ഭഗവാൻ നേരിട്ടു വന്നു ചൂടിയ മന്ദരമ ലർമാല കൊരുക്കാൻ ഭാഗ്യമുണ്ടായ മഞ്ജുള- ഈ അനശ്വരകഥാപാത്രങ്ങളുമെല്ലാം അപ്പോഴും എപ്പോഴും ഗുരുവായൂരിലെ അന്തരീക്ഷത്തിൽ നിറ ഞ്ഞുനില്ക്കുന്നതായി ഓട്ടൂർ നമ്പൂതിരിപ്പാടിന് തോന്നി. തെക്കെ വാതിൽമാടത്തിൽ മേല്പുത്തൂർ നാരായണീയം എഴുതിയ വേദി എന്നു വിശ്വസിക്ക പ്പെടുന്ന അർദ്ധകെട്ടിപ്പടിമേൽ ഇരുന്ന് പരമഭാഗവ തോത്തമനും പണ്ഡിതനുമായ പൊല്പാക്കര അനു ജൻ നമ്പൂതിരിപ്പാട് ഓട്ടൂരിന് ഭാഗവതവും ഭഗവദ്ഗീ തയും ഉപദേശിച്ചു. ഭാഗവതപ്രഭാഷണത്തിന്റെ ചരി ത്രത്തിൽ ഇന്നും കീർത്തിസ്തംഭമായി വർത്തിക്കുന്ന വാഴകുന്നത്തിന്റെ പ്രചോദനം കൂടിയായപ്പോൾ ഓട്ടൂർ ഒരു നിറകുടമായി.

പിന്നെ നിരന്തരമായ വായന, പഠനം, എഴുത്ത്, പ്രഭാഷണം... അതൊരു നിലയ്ക്കാത്ത പ്രവാഹംപോ ലെയായിരുന്നു. മലയാളത്തിലും സംസ്കൃതത്തിലും മാറി മാറി ഗദ്യവും പദ്യവും എഴുതി - അർജുനന്റെ അസ്ത്രപ്രയോഗംപോലെ. എടുത്താൽ ഒന്ന്, തൊടു ത്താൽ പത്ത്, കൊണ്ടാൽ നൂറ്...

1983-ൽ ഓട്ടൂരിന്റെ ജീവിതത്തിൽ മൂന്നാമത്തെ വഴിത്തിരിവ്. ഓച്ചിറയ്ക്കടുത്ത് "വള്ളിക്കാവിലെ അമ്മ" എന്ന പേരിലാരാധിക്കപ്പെടുന്ന മാതാ അമൃ താനന്ദമയീദേവിയുടെ മുപ്പതാം ജന്മദിനത്തിൽ അദ്ദേഹം വള്ളിക്കാവ് ആശ്രമത്തിലെത്തി. പ്രശാന്ത സുന്ദരവും സ്നേഹനിർഭരവും വാത്സല്യമധുരവുമായ ആ അന്തരീക്ഷത്തിൽ അദ്ദേഹം എല്ലാം മറന്ന് അന്തേ വാസിയായി.

വാർദ്ധക്യസഹജമായ ക്ഷീണം ഓട്ടൂരിനെ അനുനിമിഷം ഗ്രസിക്കുകയായിരുന്നു. ഇടയ്ക്കിടെ ഗുരുവായൂർ ദർശനത്തിനു പോകും, വരും. സ്ഥിര താമസം ആശ്രമത്തിൽത്തന്നെ. ഇക്കഴിഞ്ഞ ജൂൺ 16-ാം നു അദ്ദേഹം കാലിടറി വീണു. പിന്നെ ഏതാനും ദിവസം ചികിത്സയിലായിരുന്നു. ക്രമേണ ആരോഗ്യ നില മോശമായി, സംസാരശേഷി നഷ്ടപ്പെട്ടു. അപ്പോഴും ബോധമണ്ഡലം ഉണർന്നുനിന്നു. ഓഗസ്റ്റ് 25-ാം നു രാവിലെ പത്തിന് ആ മഹത്തായ ജീവിത ത്തിന് തിരശ്ശീല വീണു. തലത്തലേന്നാൾകൂടി അദ്ദേഹം കവിതയെഴുതി. അഷ്ടമിരോഹിണി ദിവസം ശ്രീകൃഷ്ണഭഗവാനേയും വള്ളിക്കാവിലെ അമ്മയേ യുംക്കുറിച്ചുള്ള കവിത; അവസാനത്തെ കവിത:

"നന്ദാത്മജനാമമ്പിളി-
യമ്മാമനെയമ്മ കാട്ടി വദനത്തിൽ
'ഉണ്ണി'ക്കണ്ണനെ മടിയിൽ-
ച്ചായികിടത്തീട്ടുറക്കണേ വേഗം."

ഗദ്യവും പദ്യവുമായി ഒട്ടേറെ സമാഹാരങ്ങൾ ഓട്ടൂരിന്റേതായിട്ടുണ്ട്. സമാഹരിക്കാത്ത കൃതികൾക്ക് കൈയ്യും കണക്കുമില്ല. നാമാംബിക, മന്ദാകിനി, നീല ച്ചന്ദ്രിക, ആനന്ദമുരളി, യമുനാകുഞ്ജം, വന്ദേമാത രം, മഹാസൗന്ദര്യം, മഹാമാധുരി, ത്രിവേണി, പൂപ്പാ ലിക, വിശ്വഗുരു, സതീർത്ഥ്യന്റെ കാഴ്ച, ചിന്താമണി കൾ, രസമാധുരി, ശ്രീരാമകൃഷ്ണകർണ്ണാമൃതം, ശ്രീഭഗവാനുവാച, ശ്രീരാമകൃഷ്ണരസായനം, ശ്യാമ സുന്ദരൻ തുടങ്ങിയവയാണ് ഓട്ടൂരിന്റെ മുഖ്യ സമാ ഹാരങ്ങൾ. 'രാമകൃഷ്ണരസായനം' എന്ന വിഖ്യാ തമായ സംസ്കൃതകൃതി രാഷ്ട്രപതിയുടെ പുര സ്കാരം നേടി. 'ശ്രീഭാഗവാനുവാച' എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമിയുടെ അവാർഡു ലഭി ച്ചു. വേദരത്നം ഏർക്കര രാമൻനമ്പൂതിരി സ്മാരക അവാർഡും കിട്ടിയിട്ടുണ്ട്. തിരുനാമാചാര്യൻ ആഞ്ഞം മാധവൻ നമ്പൂതരിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട ശ്രീ ഗുരുവായൂരപ്പൻ സങ്കീർത്തന ട്രസ്റ്റ് 1979-ൽ ഓട്ടൂരിന്റെ ഭക്തികാവ്യകലാകൗശ ലത്തെ മാനിച്ച 'കാവ്യകൗസ്തുഭം' എന്ന ബഹുമതി നല്കി. വള്ളിക്കാവ് ആശ്രമത്തിലായശേഷം, 'അഷ്ടോത്തരം', 'സുപ്രഭാതം', 'ധ്യാനശ്ലോകം' എന്നിങ്ങനെ മാതാ അമൃതാനന്ദമയീദേവിയെപ്പറ്റിയും ഓട്ടൂർ കവിതകളെഴുതിയിട്ടുണ്ട്. 'ഭക്തപ്രിയ' മാസി കയുടെ ആദ്യ ലക്കം മുതൽക്കുതന്നെ ഈ മഹാക വിയുടെ രചനകൾ പ്രസിദ്ധപ്പെടുത്താനുള്ള ഭാഗ്യമു ണ്ടായിട്ടുണ്ട് എന്നുകൂടി തികഞ്ഞ ധന്യതയോടെ പറ ഞ്ഞുകൊള്ളട്ടെ.

ഇടതടവില്ലാതെ ഓട്ടൂരിൽ നിന്നൊഴുകിവന്നി രുന്ന ഗദ്യത്തിനാണോ പദ്യത്തിനാണോ കാവ്യഭംഗി കൂടുതൽ? പറയാൻ പ്രയാസം. രണ്ടും ഒരുപോലെ കവിതാമയമത്രെ. അനായാസമായ രചന, അചുംബി തമായ ഭാവന, അതിമനോഹരമായ പദ-വാക്യഘട ന... ഗദ്യമായാലും ശരി, പദ്യമായാലും ശരി, ഓരോ ന്നിലും ഔപനിഷദമായ ദർശനത്തിന്റെ ഔന്നത്യം തെളിഞ്ഞുകാണാം. ഓരോ കവിത വായിക്കുമ്പോഴും നാം അറിയാതെ അമ്പാടിയിലോ വൃന്ദാവനത്തിലോ ദ്വാരകയിലോ ചന്ദ്രികാചർച്ചിതമായ യമുനാതീരത്തെ ഭാഗവതരഹസ്യത്തിന്റെ നീലനികുഞ്ജത്തിലോ ചെന്നെത്തുന്നു. നമ്മുടെ മനസ്സിൽ നാം അറിയാതെ ഒരു പീലിത്തിരുമുടി വിരിയുന്നു, ഒരു ഗോപിക്കുറി തെളിയുന്നു, പീതാംബരമുലയുന്നു, കനകക്കിങ്ങിണി കിലുങ്ങുന്നു, നറുവെണ്ണ മണക്കുന്നു...

ഏറ്റവും മികച്ച ഗദ്യരചനാവൈഭവത്തിന് ഉദാ ഹരണമായി ഓടൂരിന്റെ ഒട്ടേറെ ഉപന്യാസങ്ങൾ എടുത്തു നിരത്താൻ കഴിയും. അക്കൂട്ടത്തിൽ രണ്ടു ലേഖനങ്ങൾ ഇവിടെ പ്രത്യേകം അനുസ്മരിക്കാൻ മനസ്സ് വെമ്പുന്നു. ഒന്ന്, രാധയെപ്പോലെ ശ്രീഗുരുവാ യൂരപ്പന് ഒരു മാലയായി തന്നെത്തന്നെ അർപ്പിച്ച് നിത്യമംഗളയായിത്തീർന്ന ഭക്തമഞ്ജുളയെപ്പറ്റിയുള്ള താണ്. അളന്നു മുറിച്ച് കടഞ്ഞെടുത്ത വാക്കുകളി ലൂടെ, അന്യാദൃശമായ ഭാവാർത്ഥതലങ്ങളിലേയ്ക്കു യരുന്ന വൃത്തഗന്ധികളായ വാക്യങ്ങളിലൂടെ ഓട്ടൂർ

വരച്ചുകാട്ടുന്ന ആ തിളങ്ങുന്ന ചിത്രമുണ്ടല്ലൊ, അത് മനസ്സിൽനിന്നത്ര വേഗം മാഞ്ഞുപോവുകയില്ല. യശശ്ശരീരനായ തിരുനാമാചാര്യൻ ആഞ്ഞം മാധവൻ നമ്പൂതിരിയെപ്പറ്റി എഴുതിയ ലേഖനമാണ് രണ്ടാമത്തേത്. തൂലിക കണ്ണീരിൽ മുക്കി എഴുതുക, കണ്ണീരിൽ കുതിർന്ന കവിത എന്നൊക്കെ പറഞ്ഞു കേട്ടിട്ടേയുള്ളൂ. അറിഞ്ഞനുഭവിച്ചത്, തിരുനാമാചാര്യന്റെ അകാലനിര്യാണത്തിൽ മാനസികമായി ആകെ തളർന്നും ഇടനെഞ്ഞു തകർന്നും ഓട്ടൂർ എഴുതിയ "ഓർമക്കുറിപ്പുകൾ' വായിച്ചപ്പോഴാണ്. അവിശ്വസനീയമായ ആ ദുരന്തവാർത്ത കേട്ട് അക്ഷരങ്ങൾപോലും നാക്കറ്റു നടുങ്ങിനില്ക്കുന്ന ആ കാഴ്ച-അത് വല്ലാത്തൊരനുഭവംതന്നെ. തീവ്രമായ ജീവിതാനുഭവപരമ്പരകളിലൂടെ അഗ്നിശുദ്ധി കൈവന്ന ആ പ്രതിഭയിൽനിന്ന്, പിന്നെ ഗദ്യത്തിന്റെ ശക്തിയും സൗന്ദര്യവും അപാരമെന്നേ പറയാനാവൂ.

ഓട്ടൂരിന്റെ പദ്യം - അതിനെപ്പറ്റി എത്ര പറഞ്ഞാലാണ് അധികമാവുക? അമ്പൊടുങ്ങാത്ത ആവനാഴിപോലെയായിരുന്നു ആ ഭാവനാസമ്പന്നന്റെ കവിഹൃദയം. വാരിക്കോരിയെടുക്കുംതോറും അത്രയ്ക്കത്രയ്ക്കു വീണ്ടും നിറഞ്ഞുവഴിയുന്ന ഒരത്ഭുത പ്രതിഭാസം. ഓട്ടൂർ ഒരിക്കലും കവിത എഴുതുകയായിരുന്നില്ല. കവിത ഓട്ടൂരിൽനിന്ന് ഉറവെടുത്ത് ഒഴുകിയൊഴുകി വരികയായിരുന്നു. കണ്ണന്റെ കാലടിപ്പൂവുകൾ വിടർന്ന കാളിന്ദിപോലെ, രാസലീലയുടെ കവിലോലമായ ഓർമകൾ ഇന്നും നെഞ്ചേറ്റി നിറഞ്ഞൊഴുകുന്ന നിത്യയൗവ്വനമായ മുഗ്ദ്ധയെന്നപോലെ...

'സർവ്വം കൃഷ്ണമയം ജഗത്' എന്നതായിരുന്നു ആ സങ്കീർത്തനസപര്യയുടെ മൂലപ്രമാണം. കൃഷ്ണനിൽ നിന്നു തുടങ്ങി കൃഷ്ണനിൽച്ചെന്നവസാനിക്കുക; നാമത്തിൽ നിന്നു തുടങ്ങി നാമത്തിൽച്ചെന്നവസാനിക്കുക; വൃന്ദാവനത്തിൽ നിന്നു തുടങ്ങി വൃന്ദാവനത്തിൽച്ചെന്നവസാനിക്കുക; ഗുരുവായൂരിൽ നിന്നു തുടങ്ങി ഗുരുവായൂരിൽച്ചെന്നവസാനിക്കുക - ഓട്ടൂരിന്റെ കവിതയ്ക്ക് മറ്റൊരു ലോകമുണ്ടായിരുന്നില്ല.

'മറക്കാതൽ' എന്ന കവിതയിൽ ഓട്ടൂരിന്റെ ഭാവന കാലിൽ ചിലങ്കയണിഞ്ഞ് ആനന്ദനടനമാടി പാടുന്നതു നോക്കുക.

"പദാബ്ജം പിണച്ചും നിതംബം വളച്ചും
മുഖാബ്ജം ചെരിച്ചും കടാക്ഷം പൊഴിച്ചും
കദംബദ്രുമത്തിന്റെ മൂലത്തിൽ മേവി
സ്വയംവേണുവായിക്കുമിബ്ബാലനാരോ?
ഇതാരാണു വാത്സല്യപീയൂഷയൂഷം
ചുരത്തുന്ന പാട്ടും ചിദാനന്ദഗന്ധം
പൊഴിക്കുന്ന മെയ്യും, കൃപാവീചി വെട്ടി-
ത്തുളുമ്പുന്ന ചെന്താമരക്കണ്ണുമുള്ളോൻ?"

നാമത്തിന്റെ അനാദ്യന്തമായ മാഹാത്മ്യത്തെപ്പറ്റി തികഞ്ഞ അവഗാഹമുണ്ടായിരുന്ന ഓട്ടൂർ തന്റെ ദൃഢമായ വിശ്വാസം ആവർത്തിച്ചു പാടുമായിരുന്നു.

"മാപാപം മുടിയാൻ, സുഭം വിളയുവാൻ,
ചേതോമലം നീങ്ങുവാൻ
വൈരാഗ്യം വളരാൻ, വിമോഹമൊഴിയാൻ,
നിഃശ്രേയസം കിട്ടുവാൻ
യാഗം വേണ്ട, തപസ്സു വേണ്ട, നിഗമം
ചൊല്ലേണ്ട, യോഗാസനം
ശീലിക്കേണ്ട, സമാധി വേണ്ട, ഭഗവ-
ന്നാമം ജപിച്ചാൽ മതി."

എന്ന ശ്ലോകം ഓട്ടൂരിന്റെ വിശ്വാസപ്രമാണത്തിന്റെ ധ്വജസ്തംഭമത്രെ.

വള്ളത്തോൾ കളരിയിൽ പയറ്റിത്തെളിഞ്ഞു പോന്നിട്ടുള്ള കവികളുടെ രചനകൾക്ക് കെട്ടിലും മട്ടിലും, രൂപത്തിലും ഭാവത്തിലും അസാധാരണമായ അംഗലാവണ്യമുണ്ടാവുമെന്നു പറയാറുണ്ടല്ലോ. ഈയൊരു പ്രസാദം, പലപ്പോഴും ഓട്ടൂരിന്റെ രചനകളേയും അനുഗ്രഹിക്കുന്നതു കാണാം. 'പ്രാർത്ഥന', എന്ന കവിതയിൽനിന്നൊരു ശ്ലോകം:

തൊണ്ടശ്രീ കലരുന്ന പൂങ്കുഴലിനെ-
ത്തൊണ്ടിപ്പഴം തോറ്റതാം
ചുണ്ടത്തമ്പൊടു ചേർത്തു പിഞ്ചുപുരികം
വെട്ടിച്ചുകൊണ്ടങ്ങനെ
ഉണ്ടത്തൂമലർമാല ചാർത്തി യമുനാ-
തീരത്തു നില്ക്കുന്നൊര-
ക്കൊണ്ടൽക്കാമ്പൊളിഗാത്രനെന്റെ ഹൃദയ-
ത്തട്ടിൽ തിളങ്ങീടണം."

ഒരുപക്ഷേ, ഇന്നും വൃന്ദാവനത്തിൽ ചെല്ലുമ്പോൾ മഥുരയിലൂടെ മനസ്സോടുമ്പോൾ, യമുനാതീരത്തെത്തുമ്പോൾ,

"ആരാണീയുണ്ണി? പീലിത്തിരുമുടി തുളസീ-
മാല, കാഞ്ചീകലാപം
വീരാളിപ്പട്ടു, ഗോപിക്കുറി, മകരമണീ-
കുണ്ഡലം, നൂപുരങ്ങൾ,
സ്മേരാ ലോകങ്ങ,ളോടക്കുഴൽ, മുകിലൊളിയാം
പൂവൽമെയ്യിപ്രകാരം
പേരാലിൻ മൂട്ടിൽ മേവി പ്രണയരസസുധാ-
ധാര വർഷിച്ചിടുന്നേൻ"

എന്ന് ആരെങ്കിലും ഓർത്തുപോയാൽ ഓട്ടൂർ കവിതയാണതിന്റെ പ്രേരണ എന്നുപോലും പറയാൻ തോന്നുന്നു.

ഭക്തന്റെ മുക്തിയും മുക്തന്റെ ഭക്തിയും രണ്ടും രണ്ടാണല്ലോ. ആ ഉൾപ്പൊരുൾ എത്ര ലളിതമായാണെന്നോ ഓട്ടൂർ ഉപദേശിക്കുന്നത്'

"മോഹിയ്ക്കാറില്ല ഭക്തന്മാർ
മുക്തികിട്ടാനൊരിക്കലും
പ്രാർത്ഥിയ്ക്കാറുണ്ടു മുക്തന്മാർ
ഭക്തി കിട്ടാൻ പലപ്പൊഴും'

**ചൊവ്വല്ലൂർ കൃഷ്ണൻ കുട്ടി**

വിനീതമായ ആ ഈ സ്മരണാഞ്ജലിക്ക് - വിരാമമിടും മുൻപ്, നിമിത്തം എന്നോ നിയോഗം എന്നോ വിശേഷിപ്പിയ്ക്കാവുന്ന ഒരു കാര്യം കൂടി പറയട്ടെ. ജീവിതത്തിന്റെ സായാഹ്നത്തിൽ ഓട്ടൂർ അഭയവും ആശ്വാസവും കണ്ടെത്തിയത് 'വള്ളിക്കാവിൽ അമ്മ' എന്നു പരക്കെ അറിയപ്പെടുന്ന മാതാ അമൃതാനന്ദമയീദേവിയുടെ ആശ്രമത്തിലായിരുന്നു. വള്ളിക്കാവിൽ അമ്മയുടെ വാത്സല്യാതിരേകത്തിന്റെ അമൃതഗംഗ തനിയ്ക്കൊരു മൃതസഞ്ജീവനിയായി അനുഭവപ്പെട്ട കാര്യം അദ്ദേഹം നിറഞ്ഞ ഹൃദയത്തോടെ തുറന്നു പറയുമായിരുന്നു. അന്ത്യാഭിലാഷമനുസരിച്ചു എന്നു തന്നെ പറയട്ടെ, ഓട്ടൂരിന്റെ സമാധി ആ അമ്മയുടെ മടിത്തട്ടിലായി. ഇതൊരു നിമിത്തമല്ലേ?

അങ്ങനെ ഓർക്കാൻ കാരണമുണ്ട്. ഏതാണ്ട് ആറു പതിറ്റാണ്ടോളം മുൻപ്, അതായത് ഓട്ടൂരിന്റെ ഇരുപത്തെട്ടാമത്തെ വയസ്സിൽ എഴുതിയ ഒരു കവിത-അഥവാ കീർത്തനം-പില്ക്കാലത്ത് സഹൃദയർക്കിടയിൽ പൊതുവേയും ഭക്തജനസദസ്സുകളിൽ വിശേഷിച്ചും അതിവേഗം പ്രചുരപ്രചാരം നേടി. ഗുരുവായൂർ കൂത്തമ്പലത്തിലും ഊട്ടുപുരയിലും ഇതര മഹാക്ഷേത്രങ്ങളിലും അരങ്ങേറിയ അനവധി ഭാഗവത സപ്താഹയജ്ഞങ്ങളിൽ ഈ കീർത്തനം പതിവായി സമൂഹപ്രാർത്ഥനപോലെ ആലപിക്കാൻ തുടങ്ങി. (ഇന്നും ആ പതിവിന് വലിയ മാറ്റം വന്നിട്ടില്ല.) മതി മറന്നു പാടുന്ന ഒരു ഭക്തന്റെ മനോഗതം ഉദ്ഗാനം ചെയ്യുന്ന ആ കീർത്തനം ഇങ്ങനെ തുടങ്ങുന്നു:

"കണ്ണന്റെ പുണ്യനാമവർണങ്ങൾ
കർണത്തിലെന്നു കേൾക്കും ഞാൻ?
കർണത്തിൽക്കേട്ട് കോൾമയിർക്കൊണ്ട്
കണ്ണീരിലെന്നു മുങ്ങും ഞാൻ?
കണ്ണീരിൽ മുങ്ങി ശുദ്ധനായ് നാമം
തന്നെത്താനെന്നു പാടും ഞാൻ?
തന്നെത്താൻ പാടി മോദത്താൽ മണ്ണും
വിണ്ണുമെന്നു മറക്കും ഞാൻ?

ഇങ്ങനെ ചിന്തിച്ചു ചിന്തിച്ച് ആനന്ദനിർവൃതി നുകരുന്ന ആ ഭക്തന്റെ മനോഗതം ഓട്ടൂർ അവസാനിപ്പിയ്ക്കുന്നതിങ്ങനെയാണ് :

"ആട്ടം കഴിഞ്ഞിട്ടമ്മതൻ മടി-
ത്തട്ടിലേയ്ക്കെന്നു വീഴും ഞാൻ?"

ഈ കവിത രചിച്ചത് വള്ളിക്കാവിൽ അമ്മ ജനിയ്ക്കുന്നതിന് രണ്ടര പതിറ്റാണ്ടു മുമ്പാണെന്ന് ഓർക്കുക. പക്ഷെ, ഓട്ടൂരിന്റെ ദീർഘദർശനം, മോഹം, പ്രാർത്ഥന, സഫലമായി. ആട്ടവും പാട്ടും കഴിഞ്ഞു. ആ പുണ്യപുരുഷൻ, തന്നിൽ വാത്സല്യത്തിന്റെ അമൃതം പകർന്ന അമ്മയുടെ മടിത്തട്ടിൽ ത്തന്നെ എത്തി, അല്ല വീണു!

ഇതൊരു ഓർമ്മക്കുറിപ്പല്ല. ഒളിമങ്ങാത്ത ഓർമകളുടെ മുന്നിൽ വയ്ക്കുന്ന ഒരു നറുനെയ്ത്തിരിനാളം മാത്രം!

## ഇരുപത്തിരണ്ട്
# ഒറ്റയാനായ കൊടുങ്ങല്ലൂർ

**ഏ**താണ്ട് രണ്ടു പതിറ്റാണ്ടുകൾക്കു മുമ്പ്. കൃത്യമായി പറഞ്ഞാൽ 1979 ജൂലൈ 11. സാക്ഷാൽ സി.വി. രാമൻപിള്ളയ്ക്കുശേഷം മലയാളഭാഷയെ അക്ഷരാർത്ഥത്തിൽ കീഴടക്കിയ അതുല്യനായ കഥാകാരൻ എന്ന് ഏവരും വിശേഷിപ്പിക്കുന്ന ഉറൂബ് എന്ന പി.സി. കുട്ടിക്കൃഷ്ണൻ കഥാവശേഷനായതിന്റെ പിറ്റേ ദിവസം...

മലയാള മനോരമ വാരികയുടെ പത്രാധിപരായിരിക്കെ, കോട്ടത്തുവച്ചാണ് അടുത്തറിയുന്നവരെല്ലാം പ്രായഭേദമെന്യേ 'പി.സി.' എന്ന് സ്നേഹാദരപൂർവ്വം വിളിക്കുന്ന പി.സി. കുട്ടിക്കൃഷ്ണൻ അന്തരിച്ചത്. വിലാപയാത്രയായി പിറ്റേന്നാണു മൃതദേഷം കോഴിക്കോട്ടു കൊണ്ടുവന്നത്.

ഇന്നലെ കഴിഞ്ഞതുപോലെ, ഇന്നും ഞാൻ ഓർക്കുന്നു:

ജൂലൈ 11. സമയം സന്ധ്യ. കോഴിക്കോട്ട് നടക്കാവിൽ ഗേൾസ് ഹൈസ്കൂളിനോടുരുമ്മിയുള്ള ഇടപ്പാതയിലൂടെ അല്പം മുന്നോട്ടുപോയാൽ കാണാവുന്ന പി.സി.യുടെ വസതി. സ്വാഭാവികമായും അതീവ ശോകമൂകമായ അന്തരീക്ഷം. അകത്ത് ഭാര്യ ദേവകിയമ്മയും മക്കൾ ശ്രീലതയും ഉണ്ണിയും സുധാകരൻ എന്ന സൂപ്പിയും കരഞ്ഞുകരഞ്ഞ് അവശരായി കിടപ്പാണ്. പുറത്തുമതേ, ഉയർന്നുകേൾക്കുന്നത് അമർത്തിപ്പിടിച്ച ഗദ്ഗദവും അടക്കാനാവാത്ത നിലവിളിയും...

പൂമുഖത്തും മുറ്റത്തെ പന്തലിലും നിരത്തിയ കസേരകളിൽ ഇരിക്കുന്നവരിൽ ആരും പരസ്പരം ഒന്നും പറയുന്നില്ല. ഇടയ്ക്കിടെ ചില ഈറൻനോട്ടം മാത്രം. എല്ലാവരും അവരവരുടെ മനസ്സിലെ തിരശ്ശീലയിൽ തെളിയുന്ന പി.സി.യുടെ വൈവിധ്യമാർന്ന ചിത്രങ്ങൾ നോക്കി, അവരവരിലേക്കുതന്നെ ഒതുങ്ങി, മറ്റൊന്നും ശ്രദ്ധിക്കാതെ, അറിയാതെ ഇരുന്നു നെടുവീർപ്പിടുന്നു...

തിക്കോടിയൻ, എം.ടി. വാസുദേവൻ നായർ, എൻ.പി. മുഹമ്മദ്, എസ്.കെ. പൊറ്റെക്കാട്ട്, അക്കിത്തം, സുകുമാർ അഴീക്കോട്, എൻ.എൻ. കക്കാട്, മൂർക്കോത്ത് കുഞ്ഞപ്പ, പി. വത്സല, വിനയൻ, കെ.ടി. മുഹമ്മദ്, എം.വി. ദേവൻ, നമ്പൂതിരി, പട്ടത്തുവിള കരുണാകരൻ, തെരുവത്ത് രാമൻ, സംഗീതസംവിധായകൻ കെ.രാഘവൻ എന്നിങ്ങനെ പി.സി.യെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് ആരാധിക്കുന്നവരുടെ ഒരു വലിയ നിരതന്നെ വന്നുംപോയുമിരുന്നു.

അപ്പോഴാണ്, മൃതദേഹം വന്നെത്താൻ ഏറെ ത്താമസമില്ല എന്ന വിവരം ലഭിക്കുന്നത്. രാവിലെ കോട്ടയത്തുനിന്നു പുറപ്പെട്ടതാണ്.

അന്നേരം മൃതദേഹം വന്നാൽ ചെയ്യേണ്ട കാര്യങ്ങൾ ശ്രദ്ധിച്ച്, നടുത്തളത്തിൽ അക്ഷതം വിതറി നിലവിളക്കു കത്തിച്ചുവച്ച്, അരിയും നെല്ലും നിറച്ചുവച്ച്, രണ്ടു നാളികേരമുറികളിൽ എള്ളുതിരി കൊളുത്തിവച്ച്, ഇടയ്ക്കിടെ കണ്ണീർതുടച്ച് ഒരാളുണ്ടായിരുന്നു. ഒരു കാരണവരെപ്പോലെ എല്ലാറ്റിനും നേതൃത്വം കൊടുത്തുകൊണ്ടിരുന്ന സാക്ഷാൽ എൻ.വി. കൃഷ്ണവാരിയർ...

അപ്പോഴാണ്, മുറ്റത്ത്, മുള പൊട്ടിക്കീറും പോലെ ഒരു നിലവിളി ഉയർന്നത്. തിടുക്കത്തിൽ ഓടിച്ചെന്നു നോക്കിയ ഞാൻ ശരിക്കും നടുങ്ങി. എല്ലാം നഷ്ടപ്പെട്ടതിന്റെ കൊടിയ ദുഃഖം അടക്കാനാവാത്ത ഒരു കൊച്ചുകുട്ടിയെപ്പോലെ ആ വലിയ മനുഷ്യൻ സ്ഥലകാലബോധം മറന്ന് തേങ്ങിത്തേങ്ങി കരയുന്നു! അതാരാണെന്നല്ലേ കെ.എ. കൊടുങ്ങല്ലൂർ തന്നെ!

ഇവിടെ അല്പം ഫ്ളാഷ് ബാക്ക്: കോഴിക്കോട് ആകാശവാണിയിൽ, പി.സി.യുടെ ശിഷ്യനും സ്റ്റാഫ് ആർട്ടിസ്റ്റുമായി ഞാൻ ജോലി ചെയ്ത കാലത്താണ് കെ.എ. കൊടുങ്ങല്ലൂരിനെ പരിചയപ്പെടുന്നതും അടുത്തിടപഴകുന്നതും. അക്കാലം കോഴിക്കോട്ട് ആകാശവാണിയുടെ പൂക്കാലമായിരുന്നു. ഏതു മേഖലയിലെയും ഒരുമാതിരിപ്പെട്ട ഉന്നതൻമാരെല്ലാം ആകാശവാണിയിലുണ്ടായിരുന്നു. പി.സി. കുട്ടിക്കൃഷ്ണൻ, അക്കിത്തം, തിക്കോടിയൻ, എൻ.എൻ. കക്കാട്, കെ. എ. കൊടുങ്ങല്ലൂർ, വിനയൻ, വി. പാറുക്കുട്ടിയമ്മ, മായനാരായണൻ, സംഗീതജ്ഞരായ കെ. രാഘവൻ, പഴയന്നൂർ പരശുറാം, ജി.എസ്. ശ്രീകൃഷ്ണൻ, മഹാകവി ഇ.വി. ഉണ്ണിക്കൃഷ്ണൻ നായരുടെ പുത്രൻ 'കെ.വി.ആർ.' എന്ന് കെ.വി. രാമചന്ദ്രൻ. പില്ക്കാലത്ത് ദൂരദർശൻ ഡെപ്യൂട്ടി ഡയറക്ടറായ സുശീല വിജയരാഘവൻ - അങ്ങനെ എത്രയെത്ര ഒന്നാംകിടക്കാർ...

കൊടുങ്ങല്ലൂരിനെ ഞാൻ ശ്രദ്ധിക്കാൻ തുടങ്ങിയത്, കേവലം ഒരു കാരണംകൊണ്ടല്ല; പല കാരണങ്ങളാലാണ്.

ചെറുതാവട്ടെ, വലുതാവട്ടെ, ആൾക്കൂട്ടത്തിൽ കൂടാൻ അദ്ദേഹത്തിന് ഒട്ടും താത്പര്യമില്ലായിരുന്നു. ഒഴിഞ്ഞുമാറി ഒതുങ്ങി, ഒറ്റയ്ക്കു നടക്കുന്നതിലായിരുന്നു രസം. "എനിക്കു രസമീ നിമ്നോന്നതമാം വഴിക്കു തേരോടിക്കൽ" എന്ന ഇടശ്ശേരിയുടെ ലൈൻ തന്നെ). ഒരു സദസ്സിലും തിക്കിത്തിരക്കി മുൻനിരയിലെത്താൻ യാതൊരു വ്യഗ്രതയുമില്ല; എന്നാൽ മിക്കവാറും എല്ലാ സദസ്സിലും കൊടുങ്ങല്ലൂർ ഉണ്ടാവും. ഏറെ സംസാരിക്കാറില്ല; എന്നാൽ എല്ലാവരുടെയും

സംസാരം കേൾക്കും. അഥവാ സംസാരിച്ചാൽ, അതിൽ പിന്നീട് നമുക്ക് ഓർക്കാനും മനസ്സിലാക്കാനുമായി പലതുമുണ്ടാവും. ധാരാളം എഴുതാറില്ല; പക്ഷേ എഴുതിയാൽ അതു കൊടുങ്ങല്ലൂർ എഴുതിയതുപോലെയുണ്ടാവും. ആരും കാണാത്ത, കേൾക്കാത്ത, അറിയാത്ത, ശ്രദ്ധിക്കാത്ത പലതും അതിലുണ്ടാവും. എപ്പോഴും കക്ഷത്തിൽ ഒരു പുസ്തകവുമായി, നേരിയ ഇടതുപക്ഷച്ചായ്‌വോടുകൂടിയ ആ നടത്തം തന്നെ, ബഷീറിന്റെ ശൈലിയിൽ പറഞ്ഞാൽ, ഒരു 'സ്റ്റൈലൻ കാഴ്ച'യായിരുന്നു. 'കഷ്ടം! ഈ ലോകം ഇങ്ങനെയായിപ്പോയല്ലോ' എന്ന ഒരു ഉത്തമബുദ്ധിജീവിയുടെ ഉദാത്തമായ വിഷാദമായിരുന്നു എപ്പോഴും കൊടുങ്ങല്ലൂരിന്റെ നേർത്ത പുഞ്ചിരിയിലൊളിച്ചിരുന്നത്...

എന്തെങ്കിലുമൊക്കെ എഴുതാൻ താത്പര്യമുള്ള ഒരു പയ്യൻ എന്ന നിലയിൽ എന്നോട് കൊടുങ്ങല്ലൂരിന് ഒരു പ്രത്യേക വാത്സല്യമുണ്ടായിരുന്നു. ആകാശവാണിയിൽ, ഞാൻ എഴുതിയ ഒരു ലഘുനാടകം ശ്രദ്ധിച്ചശേഷം, ഒരു നാൾ കൊടുങ്ങല്ലൂർ പറഞ്ഞു.

"നാടകം ഞാൻ കേട്ടു."

ഞാൻ ചിരിച്ചു.

"അതിന്റെ അവസാനം പരമബോറായിരുന്നു."

ഞാൻ ചിരിച്ചില്ല.

അല്പനേരത്തെ മൗനത്തിനുശേഷം കൊടുങ്ങല്ലൂർ വീണ്ടും:

"പുസ്തകങ്ങൾ വല്ലതും വായിക്കാറുണ്ടോ?"

ഞാൻ ഉണ്ടെന്നും ഇല്ലെന്നും വ്യാഖ്യാനിക്കാവുന്ന ഒരു കള്ളച്ചിരി ചിരിച്ചുനിന്നു.

"വായിക്കണം... ധാരാളം വായിക്കണം... വായനകൊണ്ടേ ഭാവന വിടരൂ..."

പിറ്റേന്ന് എനിക്കു രണ്ടു തടിയൻ പുസ്തകങ്ങൾ വായിക്കാൻ തന്നു; ഒന്ന്, കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ; മറ്റൊന്ന് സഞ്ജയന്റെ സമാഹാരം.

ധാരാളം വായിക്കുക, ധാരാളം ചിന്തിക്കുക, കുറച്ചുമാത്രം എഴുതുക – ഇതായിരുന്നു കൊടുങ്ങല്ലൂരിന്റെ പ്രമാണത്രയം. എഴുതാതിരിക്കാൻ വയ്യ എന്നായാലേ കൊടുങ്ങല്ലൂർ എഴുതൂ. താൻ എഴുതാത്തതുകൊണ്ട് മലയാളഭാഷയ്ക്ക് യാതൊരു തകരാറും സംഭവിക്കാൻ പോകുന്നില്ല എന്ന ഒരു മുഖഭാവം!

തന്റെ അഭിപ്രായം, ആർക്കു രസിച്ചാലും ഇല്ലെങ്കിലും വേണ്ടില്ല, തുറന്നു പറയുന്ന പ്രകൃതക്കാരനായിരുന്നു കൊടുങ്ങല്ലൂർ. ഇരുതലമൂർച്ചയുള്ള പരിഹാസം അദ്ദേഹത്തിന്റെ വാമൊഴിയിലും വരമൊഴിയിലും പ്രകടമായിരുന്നു.

ചില സാഹിത്യസമ്മേളനങ്ങളെപ്പറ്റി, പിറ്റേന്നു കാണുമ്പോൾ, ഉൾച്ചിരി ഒതുക്കിയുള്ള ചില കമന്റുണ്ട് – തനി കൊടുങ്ങല്ലൂരിയൻ കമന്റുകൾ!

തലേദിവസം കോഴിക്കോട് ടൗൺഹാളിൽ നടന്ന സാഹിത്യ സമ്മേളനത്തെപ്പറ്റി, പിറ്റേന്നു നാം ചോദിക്കുന്ന ഒരു രംഗം:

"ഇന്നലെ ടൗൺഹാളിലെ സമ്മേളനത്തിന് കൊടുങ്ങല്ലൂരു പോയില്ലേ?"

"ഓ... പോയി..."

"എങ്ങനെയുണ്ടായിരുന്നു?"

"വിവരമുള്ള മഹാസാഹിത്യകാരന്മാർ വിഡ്ഢിത്തം പറയുന്നതു കേൾക്കാനുമുണ്ട് ഒരു രസം..."

അക്കിത്തത്തിന്റെയും എൻ.എൻ. കക്കാടിന്റെയും കവിതകളുടെ വലിയ ആരാധകനായിരുന്നു കൊടുങ്ങല്ലൂർ. ഒരിക്കൽ, കേരളസാഹിത്യസമിതിയുടെ ഒരു കവിസമ്മേളനത്തിൽ, എൻ.എൻ. കക്കാട് "പാതാളത്തിന്റെ മുഴക്കം" എന്ന കവിത, മൂപ്പും മുഴക്കവും കലർന്ന സ്വതസ്സിദ്ധമായ ശൈലിയിൽ വായിച്ചുതീർന്നപ്പോൾ സദസ്സിൽ നിന്ന് എഴുന്നേറ്റ് കൊടുങ്ങല്ലൂർ പുറത്തിറങ്ങി.

"എന്താ പോവ്വാണോ?"

"അതെ. ഇനിയും ഇവിടെ ഇരുന്നാൽ ഇപ്പോൾ കേട്ടതിന്റെ മുഴക്കം പോവും മനസ്സിൽനിന്ന്..."

തികഞ്ഞ നിസ്സംഗതയോടെ അദ്ദേഹം നടന്നു നീങ്ങി.

അക്കിത്തത്തിന്റെ വിഖ്യാതമായ "ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം" എന്ന കവിതയെപ്പറ്റി നടന്ന ഒരു ചർച്ചാസമ്മേളനത്തിൽ, മൂന്നോ നാലോ നീണ്ട പ്രസംഗങ്ങൾക്കുശേഷമാണ് കൊടുങ്ങല്ലൂർ സംസാരിച്ചത്.

"വരാൻപോകുന്ന നൂറ്റാണ്ടിനെ അടുത്തുനിന്നു കാണുന്നവനാണു കവി. അക്കിത്തം അതു കണ്ടു... അങ്ങനെയാണ് ഈ 'ഇതിഹാസം' ഉണ്ടായത്... ഈ നല്ല കവിതയെപ്പറ്റി ഇതിലധികം പറയുന്നതും എഴുതുന്നതും പരമബോറായിരിക്കും... നിങ്ങൾക്കു നന്ദി, നമസ്കാരം...!

തീർന്നു, കൊടുങ്ങല്ലൂരിന്റെ പ്രസംഗം തീർന്നു. ഇത്രയും പറഞ്ഞശേഷം, വേദിയിലുള്ള ആരെയും ശ്രദ്ധിക്കാതെ അദ്ദേഹം സദസ്സിൽ വന്ന്, നേരിയ പുഞ്ചിരിയോടെ മുഖംതാഴ്ത്തി ഒറ്റ ഇരിപ്പ്....

ഇവിടെ ഫ്ളാഷ്ബാക്ക് അവസാനിക്കുന്നു. വീണ്ടും ആ വിഷാദസന്ധ്യയിലേക്ക്. പി.സി.യുടെ മരണവാർത്ത അറിഞ്ഞ് പ്രകൃതിപോലും നടുങ്ങിനിൽക്കുന്ന ആ വസതിയിലേക്ക്.

മൃതദേഹം എത്തുന്നതിനുമുൻപ്...

മുറ്റത്തുനിന്ന് പൊട്ടിപ്പൊട്ടിക്കരഞ്ഞ കൊടുങ്ങല്ലൂരിന്റെ അടുത്തേക്കു ഞാൻ പതുക്കെച്ചെന്നു. എന്റെ

ഒരു കൈയിൽ മുറുക്കെപ്പിടിച്ചുകൊണ്ട് കൊടുങ്ങല്ലൂർ പിന്നെയും കരഞ്ഞു; തേങ്ങിത്തേങ്ങിക്കരഞ്ഞു.

അങ്ങനെയൊരു കൊടുങ്ങല്ലൂരിനെ ഞാൻ ആദ്യം കാണുകയായിരുന്നു. അതുകൊണ്ടു തന്നെ അപ്പോഴത്തെ എന്റെ മനോവികാരം എനിക്ക് അജ്ഞാതമായിരുന്നു...

ഞങ്ങൾ പതുക്കെ നടന്നു. പൂമുഖത്തെ ഒരു കസേരയിൽ കൊടുങ്ങല്ലൂർ തലതാഴ്ത്തി ഇരുന്നു. ഇല്ല, കരച്ചിലടങ്ങിയിട്ടില്ല... ഞാനും അടുത്ത് ഇരുന്നു.

കുറെ കരഞ്ഞപ്പോൾ അല്പം ആശ്വാസമായ തുപോലെ. കൊടുങ്ങല്ലൂർ ചുറ്റും നോക്കി. വീണ്ടും എന്റെ കൈ അമർത്തിപ്പിടിച്ചുകൊണ്ട്, എന്നാൽ എന്നെ നോക്കാതെ കൊടുങ്ങല്ലൂരിന്റെ ഗദ്ഗദം.

"പോയി... ഞങ്ങളുടെ പി.സി. പോയി – എന്റെ സെയ്ബു മോൾക്കും* സങ്കടം സഹിക്കാൻ കഴീണില്ല... അവൾടെ പി.സി. മാമൻ മരിച്ചു എന്നു കേട്ടപ്പോൾ പോയിക്കിടന്നതാണ്... ഏങ്ങിയേങ്ങി കരയാ... ജല പാനം കഴിച്ചിട്ടില്ല... അത്ര കാര്യമായിരുന്നു അവൾക്കു പി.സി. മാമനെ... അവളോട് പി.സി.ക്കും വലിയ വാത്സല്യമായിരുന്നു... പോയി... ഞങ്ങളും പി.സി. പോയി..."

പൊതുവേ പരുക്കനാണ് എന്ന് ഏവരും ധരിച്ചുവശായ കൊടുങ്ങല്ലൂരിന്റെ ഉള്ളിന്റെയുള്ളിൽ ഇത്രയും ആർദ്രഹൃദയനായ ഒരു സ്നേഹധനനും ഉണ്ടായിരുന്നു... നാളികേര പാകത്തിലുള്ള ഈ നല്ല മനുഷ്യനെ ആ നിലയ്ക്ക് ഏറെപ്പേരും തിരിച്ചറിഞ്ഞിരുന്നുവോ? എന്തോ, ഉവ്വെന്നു പറയാൻ ഞാനാളല്ല.

'ഇന്നലെപ്പോയ ഭടന്റെ കാൽപ്പാടുകൾ ചിന്നിയ മണ്ണിൽ ചവിട്ടുകയില്ല ഞാൻ' എന്ന കവിവാക്യം അക്ഷരാർത്ഥത്തിൽ ജീവിതത്തിൽ പ്രായോഗികമാക്കിയ ഏകാന്തപഥികനായിരുന്നു കൊടുങ്ങല്ലൂർ.

ആഹ്ലാദാഭിമാനാദരങ്ങൾ നിറഞ്ഞ സ്വരത്തിൽ, പി.സി. പറയാറുണ്ടായിരുന്നു.

"ഇവൻ ഒരു ഒറ്റയാൻ..."

കൊടുങ്ങല്ലൂരിന്റെതന്നെ ഭാഷയിൽ പറയട്ടെ. ഈ വ്യത്യസ്ത മനുഷ്യനെപ്പറ്റി ഇതിലധികം പറയുന്നതും എഴുതുന്നതും അസ്ഥാനത്താണ്..."

** കൊടുങ്ങല്ലൂരിന്റെ മകൾ സെബുന്നീസ. അന്നത്തെ ആ ബാലിക ഇപ്പോൾ പ്രശസ്ത കഥാകൃത്ത് പി.കെ. പാറക്കടവിന്റെ ഭാര്യയാണ്.*

## ഇരുപത്തിമൂന്ന്
# മുണ്ടശ്ശേരി സ്റ്റൈലിൽ ഒന്നു പൂശിയാലോ?

**വ**ർഷങ്ങൾക്കു മുമ്പു നടന്ന ഒരു സംഭവം.

കേരളത്തിലെ എല്ലാ കഥകളി സ്ഥാപനങ്ങളെയും കഥകളി കലാകാരന്മാരെയും വിമർശകരെയും ആസ്വാദകരെയും പങ്കെടുപ്പിച്ചുകൊണ്ട് സുപ്രധാനമായ ഒരു ത്രിദിന സെമിനാർ എറണാകുളത്തു നടക്കുന്നു. സ്വാഭാവികമായും ഏറെ സഹൃദയ ജനശ്രദ്ധ ആകർഷിച്ച ഒരു സംവാദം. രണ്ടാം ദിവസത്തെ മുഖ്യ ചർച്ചാവിഷയം. 'കഥകളി പരിഷ്കരണം – ഇന്നലെ, ഇന്ന്, നാളെ' എന്നതായിരുന്നു. സമ്മേളനം ഉദ്ഘാടനം ചെയ്യാൻ ക്ഷണിച്ചത് പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയെ. കഥകളി പരിഷ്കരണം തന്റെ ആലോചനാവിഷയങ്ങളിൽപ്പെടുന്നതല്ല, അതിനു യോഗ്യരായ ആളുകൾ വേറെയുമുണ്ടല്ലോ എന്നൊക്കെ മാഷ് പറഞ്ഞുനോക്കി. ഭാരവാഹികൾ വിട്ടില്ല. ഗത്യന്തരമില്ലാതെ മാഷ് ക്ഷണം സ്വീകരിച്ചു.

എറണാകുളത്തേക്കു കൂടെ പോരാൻ മുണ്ടശ്ശേരി മാഷ് തന്റെ അടുത്ത സുഹൃത്ത് കൂടിയായ എം.ആർ.ബി.യേയും ക്ഷണിച്ചു.

ഇരുവരും കാറിൽ എറണാകുളത്തേക്കു പുറപ്പെട്ടു. പലതും സംസാരിച്ച കൂട്ടത്തിൽ ഇന്നത്തെ ഉദ്ഘാടന പ്രസംഗവിഷയം മുണ്ടശ്ശേരി മാസ്റ്റർക്കു കത്തിപ്പടർന്നു കയറാൻ പറ്റിയ ഒന്നല്ലല്ലോ എന്ന തോന്നലോടെ എം.ആർ.ബി. ചോദിച്ചു:

"കഥകളി പരിഷ്കരണത്തെപ്പറ്റി മാഷ് എന്താ പറയാൻ പോണത്?"

മറുപടിയായി ഒന്നമർത്തി മൂളിക്കൊണ്ട് മാഷ് പറഞ്ഞു:

"ഏതാണ്ടു ചിലതൊക്കെ പറയണമെന്ന് ഉറപ്പിച്ചിട്ടുണ്ട്. അതുപക്ഷേ, കഥകളി പരിഷ്കരണത്തെപ്പറ്റിയല്ല, ഇന്നത്തെ യോഗത്തിലേക്ക് എന്നെത്തന്നെ കെട്ടിയെഴുന്നള്ളിക്കാൻ ഒരുമ്പെട്ടിറങ്ങിയവരെപ്പറ്റിയാണ്..."

ഏങ്കിൽ, അത് കാണാനും കേൾക്കാനും വകയുള്ള ഒരു പകർന്നാട്ടമാവുമല്ലോ എന്ന് എം.ആർ.ബി. ഉൾച്ചിരിയോടെ ഓർത്തു.

മുണ്ടശ്ശേരി മാഷ് പറഞ്ഞതുപോലെ പറ്റിച്ചു. ആദ്യത്തെ പതിനഞ്ചു മിനിറ്റുനേരം സെമിനാറിന്റെ ഭാരവാഹികളുടെ ഔചിത്യബോധമില്ലായ്മയെ മാഷ് തലങ്ങും വിലങ്ങും കുടഞ്ഞുകീറി. പിന്നീട്, ആ നിറഞ്ഞ സദസ്സിനോടായി മാഷ് പറഞ്ഞു:

"എന്നാൽ, വിശേഷിച്ചൊന്നും പറയാതെ ഇറങ്ങിപ്പോകാനും ഉദ്ദേശിച്ചിട്ടില്ല. എനിക്ക് അറിയാവുന്ന ഒരു വിഷയമുണ്ട്. അതു കഥകളി പരിഷ്കരണമല്ല; കഥകളി സാഹിത്യത്തിലെ കണ്ണായ ഉണ്ണായിയുടെ ആ ഘടകോപഘടക സുഘടിതമായ നാടകരചനാ കൗശലമാണ്..."

തുടർന്ന്, കോളേജ് ക്ലാസിലെന്നപോലെ, നളചരിതത്തെപ്പറ്റി മാഷ് ഒരു മണിക്കൂർ നേരം മികച്ച ഫോമിൽ ക്ലാസെടുത്തു! സദസ്സിൽ ഒരു തിരുവാതിര ഞാറ്റുവേല പെയ്തുതോർന്ന അനുഭവം... എം.ആർ.ബി. തന്നെയാണ് ഈ കഥ എന്നോട് പറഞ്ഞത്.

ഇപ്പോൾ ഈ കഥ ഓർക്കാനുണ്ടായ കാരണം എന്തെന്നല്ലേ? പറയാം. ഈയിടെ നടന്ന തുള്ളിമരുന്നു വിതരണ (പൾസ് പോളിയോ) ത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി എം.കെ. ആന്റണി നിർവഹിക്കുന്ന ഒരു ചിത്രം കണ്ടു. വാർത്ത വായിച്ചു. ഒരു പിഞ്ചുകുഞ്ഞിന്റെ വായിൽ മുഖ്യമന്ത്രി തുള്ളിതുള്ളിയായി മരുന്നു കൊടുക്കുന്നു; കുഞ്ഞ് സാമാന്യം ഭംഗിയായി കരയുന്നു; ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, സംഘാടകർ കൃതകൃത്യരായി ചിരിക്കുന്നു...

അന്നേരം എ.കെ. ആന്റണിയോട് സ്നേഹാദരങ്ങൾ മാത്രമുള്ള എന്റെ എളിയ മനസ്സിൽ ചില ചെറിയ ചോദ്യങ്ങൾ അഥവാ സംശയങ്ങൾ ഉണർന്നു:

ഈ കർമം മുഖ്യമന്ത്രിതന്നെ ഉദ്ഘാടനം ചെയ്യണമായിരുന്നോ? മുഖ്യമന്ത്രിയായിപ്പോയി, അഥവാ മന്ത്രിയായിപ്പോയി എന്ന ഒറ്റക്കാരണംകൊണ്ട്, തനിക്ക് പരിചയമോ പ്രാഗൽഭ്യമോ, പ്രയോഗവൈദഗ്ധ്യമോ ഇല്ലാത്ത ഒരു കാര്യം ചെയ്യണമായിരുന്നോ? ഇത് ഭംഗിയായി ഒഴിവാക്കാമായിരുന്നില്ലേ? അർഹതകൊണ്ടുതന്നെ നിർവഹിക്കാവുന്ന വേറെ പരിപാടികൾ ഏറെയുണ്ടല്ലോ...

എതിർചോദ്യങ്ങളും മനസ്സിൽ മുളപൊട്ടി. ഇതൊരു നിരുപദ്രവമായ സൽക്കർമമല്ലേ? പ്രയോഗവൈദഗ്ധ്യം അത്രമാത്രം ആവശ്യമായ ശസ്ത്രക്രിയയൊന്നുമല്ലല്ലോ?

ചോദ്യവും മറുചോദ്യവും ശരിതന്നെ. എന്നാലും സംശയം ബാക്കിനിൽക്കുന്നു. ഇത് ഒഴിവാക്കാമായിരുന്നില്ലേ?

പിന്നെ ഇതാരു ചെയ്യും എന്നാണു മറ്റൊരു ചോദ്യം. തുള്ളിമരുന്നു വിതരണമായാലും അതിനൊക്കെ അറിവും പരിചയവുമുള്ളവർ വൈദ്യശാസ്ത്രരംഗത്ത് വേണ്ടത്രയില്ലേ? ആരോഗ്യപരിപാലന രംഗത്തു തഴക്കവും പഴക്കവുമുള്ളവർ... അവർ ചെയ്യട്ടെ. അതല്ലേ ഭംഗി? അതല്ലേ ഔചിത്യം?

മുഖ്യമന്ത്രിക്കുപകരം ആരോഗ്യവകുപ്പുമന്ത്രി പോരേ എന്നു ഞാൻ ചോദിക്കില്ല. കാരണം ഇപ്പോഴത്തെ ആരോഗ്യമന്ത്രിയുടെ കാര്യം കുട്ടികളേക്കാൾ കഷ്ടമാണ്. മാനത്തൊരു ഹെലിക്കോപ്റ്റർ കണ്ടാൽ, അഥവാ കാണാതിരുന്നാൽ പൊട്ടിപ്പൊട്ടിക്കരയുന്ന നിഷ്കളങ്കനാണദ്ദേഹം. തുള്ളിമരുന്നിന് കുഞ്ഞിവായ തുറന്ന് അലറിക്കരയുന്ന പിഞ്ചുകുട്ടികളെ കണ്ടാൽ ആരോഗ്യമന്ത്രിയാണെന്ന കാര്യം മറന്ന് അദ്ദേഹവും

ഉറക്കെ കരയും...!

ഏതൊരു സൽകർമത്തിന്റെയും ഉദ്ഘാടനം, അതിന് ഏറ്റവും അർഹനായ വ്യക്തി നിർവഹിക്കുന്നതിന്റെ ഔചിത്യം ഒന്നുവേറെ തന്നെയാണ്. മുഖ്യമന്ത്രിയോ, സാദാമന്ത്രിയോ, കേന്ദ്രമന്ത്രിയോ ആയിപ്പോയി എന്നതുകൊണ്ട്, അഥവാ എം.പി.യോ, എം.എൽ.എ.യോ ആയിപ്പോയി എന്നതുകൊണ്ട് ഏതു പരിപാടികളിലും പങ്കെടുത്ത് ഔപചാരികമായ ഉദ്ഘാടനവും ആധികാരികമായ ഉദ്ബോധനവും നടത്തണമെന്നുണ്ടോ? ഇത് ഉന്നതരായ എഴുത്തുകാർക്കും സാംസ്കാരിക സ്ഥാപനങ്ങളിൽ ഉയർന്ന സ്ഥാനം വഹിക്കുന്ന സാഹിത്യകാരന്മാർക്കും ബാധകമാകുന്നു. ആരെപ്പറ്റിയും പറയാം, ഏതു വിഷയത്തെപ്പറ്റിയും പറയാം, അഥവാ പറയും എന്ന ഇല്ലാത്ത കഴിവു കാണിക്കുന്നതുകൊണ്ട് പറയുന്നവർ പരിഹാസ്യരാവുകയല്ലേയുള്ളൂ?

വളരെ വേണ്ടപ്പെട്ടവർ വന്നു വിളിക്കുമ്പോൾ, നിർബന്ധിക്കുമ്പോൾ എങ്ങനെ വയ്യ എന്നു പറയും എന്താണിതിനൊരു മറുചോദ്യം. ശരിയാണ്. ആവശ്യക്കാരന് ഔചിത്യബോധമുണ്ടാവില്ല. സംഘാടകരുടെ കാര്യവും അങ്ങനെത്തന്നെ. അവർക്ക് നിർബന്ധം ഇത്രമാത്രം: പരിപാടിക്കു നാലാളു കൂടണം. സംഗതി പത്രങ്ങളിൽ വരണം. അതിനു മന്ത്രിയാണെങ്കിൽ മന്ത്രി, മാമുക്കോയ മതിയെങ്കിൽ മാമുക്കോയ, വിഷയം 'ആയുർവേദത്തിന്റെ സമകാലീന പ്രസക്തി' യാവാം. പുതിയ നൂറ്റാണ്ടിൽ എഴുത്തുകാരൻ നേരിടുന്ന വെല്ലുവിളി' യാവാം. 'പെണ്ണെഴുത്തിന്റെ ഉദയവും ആണെഴുത്തിന്റെ അസ്തമയ'വുമാവാം... അതൊന്നും നോക്കണ്ട സർ... സാർ വന്നാൽ മതി.

ഒരു കഥ കേട്ടിട്ടുണ്ട്. കേരളത്തിലെ അതിപ്രശസ്തമായ ഒരു സാംസ്കാരിക സ്ഥാപനത്തിന്റെ ദശവാർഷികാഘോഷം. ഉദ്ഘാടനത്തിന് കേന്ദ്രമന്ത്രി മുതൽക്കുള്ളവരെ തേടിത്തേടി സെക്രട്ടറി വലഞ്ഞു. ഉന്നതസാഹിത്യകാരന്മാരെ അന്വേഷിച്ചു. ആർക്കും ഒഴിവില്ല. അവസാനം, തന്റെ ഗുരുനാഥൻ കൂടിയായ ഒരു സാഹിത്യകാരന്റെ കാലുപിടിച്ച് അപേക്ഷിച്ചു: സർ വരണം... ഗുരുനാഥൻ സമ്മതിച്ചു. ഉദ്ഘാടനത്തിനു വന്നു. അന്ന് സ്വാഗതപ്രസംഗത്തിൽ ഉദ്ഘാടകനെ തേടി താൻ അനുഭവിച്ച ബുദ്ധിമുട്ടും അവസാനം തന്റെ ഗുരുനാഥൻ രക്ഷയ്ക്കെത്തിയതും വികാരധീനതയോടെ വിവരിച്ചുകൊണ്ട് നിഷ്കളങ്കനായ സെക്രട്ടറി പറഞ്ഞതിങ്ങനെ:

''അവസാനം നമ്മൾ ആഗ്രഹിച്ചവരിൽ ആർക്കും ഒഴിവില്ല. എങ്കിൽ ആരായാലും മതി എന്ന് മനസ്സുമടുത്ത ഒരു ഘട്ടത്തിലാണ് ഇദ്ദേഹം വരാമെന്ന് സമ്മതിച്ചത്...''

ഏത് അരങ്ങത്തും കയറിച്ചെല്ലാനും 'ആധികാരികമായി' സംസാരിക്കാനും മടിക്കാത്ത ചില ഉന്നതന്മാരുണ്ടല്ലോ. അവരിലൊരാളെപ്പറ്റി ഒരു കഥ:

എം.ടി.യുടെ 'രണ്ടാമൂഴം' എന്ന വിശിഷ്ട രചന പുറത്തിറങ്ങിയ കാലം. വായനക്കാർക്കിടയിൽ അതൊരു ഹൃദ്യമായ അനുഭവമായിത്തീർന്നു. അങ്ങനെയിരിക്കെ, നഗരത്തിലൊരു സാംസ്കാരിക കേന്ദ്രത്തിൽ 'രണ്ടാമൂഴ'ത്തിനെപ്പറ്റി വിസ്തരിച്ചൊരു ചർച്ച നടക്കുന്നു. നല്ല സദസ്സ്. അന്നേരം തികച്ചും അപ്രതീക്ഷിതമായി അവിടെ കയറിവരുന്നു, മന്ത്രിയും എം.പി.യുമെല്ലാമായി ഏറെ അറിയപ്പെട്ട ഒരു രാഷ്ട്രീയ നേതാവ്. ചർച്ചയിൽ പങ്കെടുത്ത് രണ്ടു വാക്കു സംസാരിക്കുന്നുവോ എന്നു സംഘാടകർ വെറുതെ ചോദിച്ചു. പിന്നെന്താ; സംസാരിക്കാം എന്ന് നേതാവ്. അദ്ദേഹം തുടങ്ങിയതിങ്ങനെ:

ഒരു ക്ഷമാപണത്തോടുകൂടിയാണ് ഞാനിവിടെ ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. സംഗതി എന്താണെന്നുണ്ടെങ്കിൽ ഇതുവരെ എനിക്ക് എം.ടി.യുടെ ഒന്നാമൂഴം വായിക്കാൻ സാധിച്ചിട്ടില്ല.... മറ്റൊന്നുകൊണ്ടുമല്ല, സമയക്കുറവുകൊണ്ടുതന്നെ...

ഇനി ആരാധ്യനായ മുഖ്യമന്ത്രിയോട് ഒരഭ്യർത്ഥന. ഈ മാറ്റത്തിന് അങ്ങുതന്നെ തുടക്കം കുറിക്കുക. പറഞ്ഞാൽ കേൾക്കുന്ന സഹപ്രവർത്തകരോടു പറയുക. നമുക്കറിയാവുന്ന കാര്യങ്ങളെപ്പറ്റി മാത്രം നമ്മൾ സംസാരിച്ചാൽ മതി...

ഔചിത്യം നോക്കാതെയുള്ള ഈ ഉദ്ഘാടന-ഉദ്ബോധന-അധ്യക്ഷ-മുഖ്യപ്രഭാഷണ പരമ്പര ഇന്നോ, ഇന്നലെയോ തുടങ്ങിയതല്ല എന്നറിയാം. അങ്ങയുടെ പ്രശസ്തരായ മുൻഗാമികളും ഇക്കാര്യത്തിൽ ഒട്ടും പിന്നിലായിരുന്നില്ല. പക്ഷേ, അതൊരു കീഴ്വഴക്കമായി കരുതേണ്ടതില്ലല്ലോ... സൽക്കർമങ്ങളും മാതൃകാപരമായ സംരംഭങ്ങളും ഒരുക്കുന്ന ആത്മാർത്ഥതയുള്ള, സംഘാടകരെ അങ്ങനെയങ്ങു കൈയൊഴിക്കാൻ പറ്റുമോ എന്നു ചോദിച്ചേക്കാം. ശരിയാണ്. പറ്റില്ല. പക്ഷേ അവരോട് പറയാം. ഇതിന്റെ ഉദ്ഘാടനത്തിന് ഏറ്റവും അർഹനായ വ്യക്തി ഞാനല്ല... അർഹരായ ആചാര്യന്മാർ വേറെയുണ്ടല്ലോ. അതേസമയം മുഖ്യമന്ത്രി എന്ന നിലയിൽ, അഥവാ മന്ത്രി എന്ന നിലയിൽ ഞങ്ങളുടെ സാന്നിധ്യം ഈ സംരംഭത്തിനു ഗുണകരമാവുമെങ്കിൽ തീർച്ചയായും ഞങ്ങൾ വരാം. ആശംസ നേരാം. എല്ലാവിധ സഹായസഹകരണങ്ങളും നൽകാം.

ബഷീർ പറയാറുള്ളതുപോലെ, സംഭവം സ്റ്റൈൽ! ഇലയ്ക്കും മുള്ളിനും കേടില്ല. എന്തേയ്?

## ഇരുപത്തിനാല്
# കഥകളി രംഗത്തെ കളനീലകണ്ഠം

**ക**ഥകളി സംഗീതത്തിന്റെ ആദിരൂപം എങ്ങനെയായിരുന്നു, സോപാന സംഗീത ശൈലിയുമായുള്ള സന്ധിബന്ധങ്ങൾ എന്തെല്ലാമായിരുന്നു, തുടങ്ങിയ ആഴമേറിയ വിഷയങ്ങളെപ്പറ്റി ആധികാരികമായി ഉപന്യസിയ്ക്കാനുള്ള വിഭവോപവിഭവങ്ങളൊന്നും ഈ ലേഖകന്റെ കൈവശമില്ല. എന്നാൽ, ഒരു കാര്യം. ഉറപ്പിച്ചും തറപ്പിച്ചും പറയാം: ആധുനിക കഥകളി സംഗീതത്തെ പരസഹസ്രം ആസ്വാദകരുടെ ഉത്തുംഗമായ ഹൃദസോപാനത്തേയ്ക്ക് ഉയർത്തിയതും സ്ഥിരപ്രതിഷ്ഠ നടത്തിയതും അനശ്വരയശസിയായ കലാമണ്ഡലം നീലകണ്ഠൻ നമ്പീശനത്രെ. നീലകണ്ഠൻ നമ്പീശൻ എല്ലാ അർത്ഥത്തിലും കഥകളി രംഗത്തെ കളകണ്ഠമായിരുന്നു. നമ്പീശന്റെ പാട്ടുപോലെ എന്നുപറയുവാൻ നമ്പീശന്റെ പാട്ടുമാത്രം. ഒരു കലാകാരന്റെ ഉപാസനയും ജീവിതവും പൂർണവും ധന്യവുമാകുന്നത് ഇത്തരം അപൂർവസിദ്ധികൾക്ക് അദ്ദേഹം ഏകഉടമയാകുമ്പോഴാണല്ലോ.

ജീവിച്ചിരുന്ന കാലഘട്ടം, തന്റെ അതുല്യമായ പ്രതിഭകൊണ്ട് തന്റെ കാലഘട്ടമാക്കി മാറ്റുകയും അക്ഷരാർത്ഥത്തിൽ അരങ്ങു ഭരിയ്ക്കുകയും ചെയ്ത നമ്പീശനാശാന്റെ ഈ എതിരറ്റ ജൈത്രയാത്രയുടെ രഹസ്യമെന്തായിരുന്നു? ആ വഴിയ്ക്കാലോചിക്കുമ്പോൾ നാം ചെന്നെത്തുക, സ്വപ്രയത്നം കൊണ്ടും നൈസർഗ്ഗികമായ പ്രതിഭാവിലാസം കണ്ടും നിരന്തരവും 'നിസ്തന്ദ്രവുമായ സംഗീതസപര്യകൊണ്ടും ഉദിച്ചുയർന്നുവന്ന ഒരു കലാകാരന്റെ വൈവിധ്യമാർന്ന ജീവിതത്തിലെ അണിയറകളിലേയ്ക്കും അരങ്ങുകളിലേയ്ക്കുമാണ്.

മറ്റുപല 'കെയറോഫു'കളിലും അറിയപ്പെട്ടിരുന്ന സ്വന്തമായ ഊരും പേരും മേൽവിലാസവും ഉണ്ടാക്കിക്കൊടുത്തത് കുലാചാര്യനായ മുണ്ടായ വെങ്കിടകൃഷ്ണ ഭാഗവതരത്രെ. ആട്ടകഥകളിലെ ശ്ലോകങ്ങൾക്കും പദങ്ങൾക്കും മാത്രമല്ല, ഈ ശ്ലോകങ്ങൾക്കും ദണ്ഡകങ്ങൾക്കും പോലും രാഗഭാവാർത്ഥതലങ്ങളുടെ പുതിയ മാനം നേടിക്കൊടുത്തത് ആട്ടക്കഥയുടെ ആത്മാവ് കണ്ടെത്തിയ വെങ്കിടകൃഷ്ണ ഭാഗവതരായിരുന്നു. പദം പാടി പോവുക എന്ന പതിവു ചടങ്ങിനുപകരം പദം പാടി ഫലിപ്പിയ്ക്കുക എന്നതായിരുന്നു ഭാഗവതരുടെ രീതി. ഈ ഫലിപ്പിക്കൽ ക്ഷിപ്രാധാന്യമായിരുന്നില്ല താനും. അതിൽ ഭാഗവതർ അത്യധ്വാനം ചെയ്ത; കുറെയേറെ മൗനം ചെയ്ത; രാഗനിർണയത്തിലും രാഗവിന്യാസത്തിലും ആലാപനാരീതിലുമൊക്കെ കുറെയേറെ സ്വാതന്ത്ര്യം കാണിച്ചു. അങ്ങനെ, അക്കാലത്തെ തന്റെ സഹപ്രവർത്തകരുടെ സഹായം തേടിയും അവരിൽ ആത്മവിശ്വാസമുണർത്തിയും വെങ്കിട കൃഷ്ണഭാഗവതർ കഥകളി സംഗീതത്തിന്റെ ജാതകം തിരുത്തിക്കുറിച്ചു.

അവിശ്വസനീയമെന്നുപോലും വിശേഷിപ്പിയ്ക്കാവുന്ന അത്രയും നേട്ടങ്ങൾ കൈവരിച്ച ആ ഭാഗവതരുടെ ഏറ്റവും അടുത്ത ശിഷ്യൻ - ഏക ശിഷ്യൻ എന്നു എന്നു പറഞ്ഞാൽ പോലും തെറ്റില്ല - ആയിരുന്നു നീലകണ്ഠൻ നമ്പീശൻ. ഗുരുനാഥൻ അപൂർണമായി അവസാനിച്ചേടത്തുനിന്ന് ആ ശിഷ്യൻ ആരംഭിച്ചു. ഗുരുനാഥന്റേയും തന്റേയും പെരും പെരുമയും ശാശ്വതവൽക്കരിക്കുംവിധം ആ യജ്ഞം വിജയകരമായി നിർവഹിക്കുകയും ചെയ്തു.

കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ കളരിയിൽ ചൊല്ലി പഠിപ്പിയ്ക്കുന്നു കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ നമുക്കു തോന്നുന്നു, ഇങ്ങനെത്തന്നെയാണ് ചൊല്ലി പഠിപ്പിയ്ക്കേണ്ടത്. നമ്പീശനാശാൻ, പാടാനായി അഭിജാതമായ വേഷത്തിൽ അരങ്ങത്തുവന്നു നിൽക്കുന്നതു കാണുമ്പോൾ നമുക്കു തോന്നുന്നു. കഥകളിയരങ്ങത്തും ഇങ്ങനെത്തന്നെയാണ് ഭാഗവതർ നിൽക്കേണ്ടത്; അദ്ദേഹം പാടിത്തുടങ്ങുമ്പോഴോ, ആ നാദലയത്തിൽ ആണ്ടുമുങ്ങുന്ന നാം വിചാരിക്കുന്നു, ഇങ്ങനെത്തന്നെയാണ് പാടേണ്ടത്. പഴയ തലമുറയിലും പുതിയ തലമുറയിലും പെട്ട പ്രഗൽഭരായ എത്ര കഥകളിപ്പാട്ടുകാർ വേണമെങ്കിലും ഒന്നിച്ചണിനിരക്കട്ടെ. നമ്പീശനാശാൻ അരങ്ങത്തുവന്ന് പാടിത്തുടങ്ങിയാൽ പിന്നെ കഥകളിപ്പാട്ട് ആശാന്റെ കൈയ്യിലായി; ആശാൻ പറഞ്ഞ വഴിയ്ക്കായി പാട്ടിന്റെ ഗതിവിഗതികൾ. (കലാമർമജ്ഞനായ പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാട് ഒരിയ്ക്കൽ പറഞ്ഞു: "നീലകണ്ഠൻ നമ്പീശന്റെ പാട്ടിനു മാത്രമല്ല, ആ ചേങ്ങല പിടിക്കുന്നതിനുപോലുമുണ്ട് തറവാടിത്തം; തികഞ്ഞ കഥകളിത്തം. ഇന്നത്തെ പാട്ടുകാരിൽ പലരും ചേങ്ങലം പിടിയ്ക്കുന്നതു കണ്ടാൽ കഷ്ടം തോന്നും.) ഈ അപൂർവ നേട്ടങ്ങൾ നമ്പീശനാശാൻ എങ്ങനെ കൈവരിച്ചു? ഉത്തരം വ്യക്തം; വരബലംപോലെ കൂടെപ്പിറന്ന ജന്മവാസന, അടിയുറച്ച അഭ്യാസ പാടവം, നൂറുകണക്കിനു അരങ്ങുകളിൽ നിന്നാർജ്ജിച്ച അനുഭവജ്ഞാനം, സ്വന്തം ഗുരുനാഥൻമാർക്കു പുറമെ പട്ടിയ്ക്കാംതൊടി രാവുണ്ണിമേനോൻ, കവളപ്പാറ നാരായണൻ നായർ, ആശാരി കോപ്പൻ നായർ, ഗുരു കുഞ്ചുക്കുറുപ്പ്, വാഴേങ്കട കുഞ്ചുനായർ തുടങ്ങിയ കുലാചാര്യൻമാരുമായുണ്ടായ സാമീപ്യസമ്പർക്കങ്ങൾ, വായിച്ചും ചോദിച്ചും മനസ്സിലാക്കിയും പഠിച്ചും പ്രയോഗിച്ചും പരീക്ഷിച്ചും തന്റെ അറിവിന്റെ ചക്രവാളങ്ങൾ വിക

സിപ്പിക്കുന്നതിൽ മരണംവരെ പ്രകടമാക്കിയ ആത്മാർത്ഥമായ അർപ്പണ മനോഭാവം. സർവോപരി തന്റെ എല്ലാ ഐശ്വര്യങ്ങൾക്കും കാരണം ഭൂതനെന്ന് അടിയുറച്ചു വിശ്വസിച്ചുപോന്ന ശ്രീ ഗുരുവായൂരപ്പനിലുള്ള അചലഭക്തി. ഇതെല്ലാം ചേർന്നാണ് കോതച്ചിറ എന്ന കുഗ്രാമത്തിൽ പിറന്ന് ആരുമാരുമറിയാത്ത ഒരു അന്പലവാസി പയ്യനായി കഴിയുമായിരുന്ന നീലകണ്ഠൻ നമ്പീശനെ മരണത്തിനുപോലും തോൽപ്പിയ്ക്കാനാവാത്ത കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ എന്ന ഉന്നത കഥകളി ഗായകനാക്കിത്തീർത്തത്.

സംഗീതരംഗത്ത് നമ്പീശനാശാന്റേതായ സംഭാവനങ്ങൾ ഒന്നും രണ്ടുമൊന്നുമല്ല. അതുവരെ അത്രയൊന്നും അറിയപ്പെടാതെ കിടന്നിരുന്ന എത്രയോ കഥകൾക്കും പദങ്ങൾക്കും സ്വയം പാടിയും ശിഷ്യരെക്കൊണ്ടു നിരന്തരം പാടിപ്പിച്ചും അദ്ദേഹം പ്രചാരവും പ്രിയവും ഉളവാക്കി. നളചരിതം, സന്താനഗോപാലം, കുചേലവൃത്തം, കല്യാണസൗഗന്ധികം, ലവണാസുരവധം എന്നിങ്ങനെ ഒട്ടുവളരെ ആട്ടക്കഥകളിലെ എണ്ണിയാലൊടുങ്ങാത്ത പദങ്ങൾ തന്റേതായ ശൈലിയൽ പാടിപ്പാടി കഥകളി സംഗീതരംഗത്ത് അതുല്യവും അവിസ്മരണീയവുമായ ഒരു 'നമ്പീശൻ തരംഗം' അഥവാ 'നമ്പീശൻ ശൈലി' തന്നെ ഉടലെടുത്തില്ലേ? എത്ര കേട്ടാലും മതിവരാത്ത പാട്ട് എന്ന പ്രസ്താവന, നമ്പീശനാശാന്റെ പിട്ടിനെ സംബന്ധിച്ചിടത്തോളം അന്വർത്ഥമത്രെ. 'മറിമാൻകണ്ണി', 'വജനേബത', 'നൈഷധൻ ഇവൻ' 'ദയിതേ...', 'ദാനവാരി മുകുന്ദനെ', 'അജിതാഹരേ', 'അഥ തവചരണ' - ഇല്ല, ഈ പട്ടിക അവസാനിക്കില്ല. ഈ കാലാതിവർത്തിതങ്ങളായ പദങ്ങൾ ഇന്ന് പാടികേൾക്കുമ്പോഴും ഏറ്റവുമാദ്യം മനസ്സിൽ തേങ്ങുന്നത് നമ്പീശനാശാന്റെ ആ സവിശേഷമായ നാദമാണ്. കഥകളി സംഗീത മേഖലയിൽ ഇത്രയും വശ്യമനോഹരമായ ഒരു ശബ്ദസൗകുമാര്യം വേറെ ഏതുണ്ടായിട്ടുണ്ട്?

ശിഷ്യസമ്പത്തിന്റെ കാര്യത്തിലും ആശാൻ ഒരു ഒറ്റപ്പെട്ട സമ്പൂർണനത്രെ. കലാമണഅധലം ഉണ്ണികൃഷ്ണക്കുറുപ്പ്, ഗംഗാധരൻ, രാമുവാര്യർ, ശങ്കരൻ എമ്പ്രാന്തിരി; ഹൈദരാലി, മാടമ്പി, തിരൂർ നമ്പീശൻകുട്ടി, ഹരിദാസ്, രവീന്ദ്രൻ, സുകുമാരൻ - കഥകളിശാഖയിൽ ഒന്നാം കിടക്കാരായ ഇത്ര വളരെ ശിഷ്യന്മാർ ഉള്ള ഏക ഗുരുനാഥനും നമ്പീശനാശാൻ തന്നെ.

ഭക്തിപാരമ്പര്യംപോലെത്തന്നെ നമ്പീശനാശാന്റെ ഒരു പ്രത്യേകതയാണ് ശിഷ്യവാൽസല്യവും. സ്വന്തം ശിഷ്യമാരാവണമെന്നില്ല; തനിക്ക് വാൽസല്യമുണ്ടായാൽ മതി, ആ ആൾ ശിഷ്യനെപ്പോലെയാവുകയായി. ഒരു രംഗം ഈ ലേഖകൻ ഇപ്പോഴും ഓർക്കുന്നു.

ഒരു നട്ടുച്ച, വള്ളത്തോൾ നഗറിലെ കലാമണ്ഡലത്തിലെ ക്വാർട്ടേഴ്സ്, നമ്പീശനാശാൻ തന്റെ വസതിയുടെ മുമ്പിൽ ഇരിക്കുന്നു. എന്തോ അബദ്ധം പറ്റിയതുപോലെ, തൂണുംചാരി കലാമണ്ഡലം ഗോപി നിൽക്കുന്നു.

ആ ഘട്ടത്തിലാണ്, ഈ ലേഖകൻ ആശാന്റെ വസതിയിലേക്കു കയറിച്ചെന്നത്. ഗോപിയെ ആശാൻ തലങ്ങും വിലങ്ങും ശകാരിക്കുകയാണ്.

"കൃഷ്ണൻകുട്ടി അകത്തുകയറി ഇരിയ്ക്കൂ; ഞാൻ... ഞാൻ ഇവനെ ഒന്നു ശരിപ്പെടുത്തട്ടെ" എന്നെ കണ്ടപ്പോൾ ആശാൻ പറഞ്ഞു.

അകത്തു കയറിയ ഞാൻ സ്വകാര്യമായി സംഭവം എന്താണെന്ന് ആശാന്റെ മകൻ ജനാർദ്ദനനോട് ആരാഞ്ഞു. ഒന്നു രണ്ടു ദിവസം മുൻപ്, ഗോപി എന്തോ 'കുരുത്തക്കേട്' കാണിച്ചതിനുള്ള ശകാരമാണത്രെ. പലതവണ പറഞ്ഞിട്ടും ഗോപി അനുസരിക്കുന്നില്ലെന്നു കണ്ടപ്പോൾ ആശാന് സഹിച്ചില്ല.

ഞാൻ പുറത്തുവന്നു നോക്കിയപ്പോൾ ഗോപി തേങ്ങിത്തേങ്ങി കരയുന്നു, അപ്പോൾ ആശാൻ പറയുകയാണ്.

"ഗോപീ, നീ ഒന്നു മനസ്സിലാക്കണം. നീ നന്നായാൽ, മിടുക്കനായാൽ എന്തേ അങ്ങനെ പറ്റാൻ എന്ന് നമ്പീശനാശാനോട് ആരും ചോദിക്കില്ല. എന്നാൽ നീ ചീത്തയായാൽ പലരും എന്നോടു ചോദിക്കും, ഗോപി എന്തേ ഇങ്ങനെയാവാൻ എന്ന്... ആ ചോദ്യം എനിക്കു സഹിക്കാനാവില്ല."

അത്രയും കേട്ടപ്പോൾ ഗോപി പൊട്ടിപ്പൊട്ടിക്കരഞ്ഞു, ആശാനും നിറമിഴികൾ തുടച്ചു.

തീർന്നില്ല, ഗോപിക്കു ആശാന്റെ ക്ഷണം. "വാ നമുക്ക് ഒരുമിച്ചിരുന്ന് ഊണുകഴിയ്ക്കാം. വാ, കൈകഴുകി വാ... നീ കരയാൻ വേണ്ടിയല്ല ആശാൻ പറഞ്ഞത് ട്ടാ..."

ഊണു കഴിച്ചുകൊണ്ടിരിക്കുമ്പോൾ, കണ്ണീർച്ചാലുകൾ വീണ ഗോപിയുടെ കവിൾത്തടം ആശാൻ ശ്രദ്ധിക്കുവോ? ഏതായാലും അദ്ദേഹം ഭാര്യയെവിളിച്ചു പറയുന്നതു കേട്ടു.

നാണിക്കുട്ട്യോ ഗോപിക്ക് ആ കടുമാങ്ങ കുറച്ചുകൂടി കൊടുക്ക്. അവനത് ഇഷ്ടായീന്നു തോന്നുന്നു..."

ഊണുകഴിഞ്ഞ് ഗോപി, സ്വന്തം ക്വാർട്ടേഴ്സിലേക്ക് പോയപ്പോൾ ആശാൻ ഈ ലേഖകനോട് നിറഞ്ഞ ആഹ്ലാദാഭിമാനങ്ങളോടെ പറഞ്ഞു:

നമ്മുടെ ഗോപിയില്ലേ, അവൻ ഒരു നിധിയാണ്, കലാമണ്ഡലത്തിന്റെ നിധി. അവൻ ചീത്തയായാൽ പറ്റില്ല."

കോതച്ചിറ ഗോവിന്ദൻ എന്ന ഓട്ടൻതുള്ളൽക്കാരൻ പയ്യന്റെ കഴിവു കണ്ടെത്തി കേരള കലാ

മണ്ഡലത്തിൽ ചേർത്ത് ഇന്നത്തെ കലാമണ്ഡലം ഗോപിയാവാൻ വഴിയൊരുക്കിയത് നമ്പീശനാശാനായിരുന്നു എന്നറിയുമ്പോഴേ ആ ശിഷ്യവാത്സല്യത്തിന്റെ ആഴം മനസ്സിലാവൂ. ഒരു നാളും മറക്കാനാവാത്ത ഇത്തരം കഥകൾ ഒട്ടേറെ പറയാനുള്ള മറ്റൊരു ശിഷ്യനാണ് കലാമണ്ഡലം ഉണ്ണിക്കൃഷ്ണക്കുറുപ്പ്. നമ്പീശനാശാൻ ഉണ്ണിക്കൃഷ്ണനെ പാടി വളർത്തി എന്നല്ല ഊട്ടി വളർത്തി എന്നാണ് പറയേണ്ടത്.

ഒന്നും ചെയ്യാതെ, ഒന്നും ചെയ്യാനില്ലാതെ, വെറുതെ ഇരിയ്ക്കുക - നമ്പീശനാശാന് അത്തരമൊരു അവസ്ഥയെപ്പറ്റി അലോചിയ്ക്കാൻപോലും വയ്യായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ആ ആദ്യ ബാച്ചു വിദ്യാർത്ഥി തന്റെ സ്ഥാപനത്തിന്റെ അത്യുന്നതമായ പ്രിൻസിപ്പൽസ്ഥാനം വരെ എത്തിയാണ് വിരമിച്ചത്. പിന്നെ വിശ്രമമായിരുന്നുവോ? അല്ല, കൂടുതൽ തിരക്കുപിടിച്ച കലോപാസന തുടങ്ങുകയായിരുന്നു. സോപാന സംഗീത സമ്പ്രദായത്തെപ്പറ്റി കേന്ദ്ര സംഗീത നാടക അക്കാദമിയുടെ സഹായത്തോടെ, ഗവേഷണം നടത്താൻ നിയുക്തനായപ്പോൾ അറുപതാം പിറന്നാളും പിന്നിട്ട ആശാന് ഒരു ചെറുപ്പക്കാരന്റെ ചൊറുചൊറുക്കായിരുന്നു. പൂർത്തിയാക്കാൻ വിധി സമ്മതിച്ചില്ലെങ്കിലും ആ വഴിക്കു ആശാൻ മൗലികമായിത്തന്നെ പലതും ചെയ്തുവച്ചിരുന്നു.

അസ്തമനസൂര്യന്റെ രശ്മികൾക്ക് വർണശബളിമ ഏറും; ചൂടു കുറയും. അത് പ്രകൃതി നിയമമാണ്. എന്നാൽ, നമ്പീശനാശാന്റെ ജീവിതസായാഹ്നങ്ങളിൽ ആ ശബ്ദനാഡികൾക്ക് വർണ സൗഭാഗ്യവും നാദസൗകുമാര്യവും ഒന്നിനൊന്ന് കൂടുകയായിരുന്നു - സ്വർണത്തിന്റെ സുഗന്ധമെന്നതുപോലെ മരണത്തിന്റെ തിരശ്ശീലയ്ക്കപ്പുറത്തേയ്ക്ക് മറയുന്നതിനു തൊട്ടുമുൻപുള്ള ഏതാനും മാസങ്ങളിൽ ആശാന്റെ ശബ്ദം നിറഞ്ഞു തുളുമ്പിയ കളിയരങ്ങുകൾ ഒന്നും രണ്ടുമായിരുന്നില്ല. കൂടെപ്പാടാൻ ഒന്നാംകിടക്കാരായ ശിഷ്യൻമാർ പലരുണ്ടായിട്ടും നമ്പീശനാശാന്റെ ഒപ്പത്തിനൊപ്പമെത്താൻ ഒരാൾക്കുപോലും കഴിഞ്ഞിരുന്നില്ല.

മരണം കടന്നുപിടിച്ചതിന്റെ തലേദിവസം പകലും രാത്രിയും നമ്പീശനാശാൻ കലാമണ്ഡലത്തിലായിരുന്നു. പുതിയ സിലബസ്സിനെപ്പറ്റിയുള്ള ചർച്ച അടുത്തദിവസം തന്റെ ആദ്യവസാനത്തിൽ നടക്കുന്ന കഥകളിയ്ക്കും കലാകാരൻമാരെ ഏൽപ്പിയ്ക്കുന്ന തിരക്ക്.

പിറ്റെ ദിവസം -

അതെ, നമ്പീശനാശാന്റെ ജീവിതത്തിലെ അവസാനത്തെ ദിവസം.

അന്ന്, അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഒരു ചിരകാലാഭിലാഷത്തിന്റെ സാക്ഷാത്ക്കാരം സാധിയ്ക്കേണ്ടതായിരുന്നു. പക്ഷേ-

കേരള കലാമണ്ഡലത്തിലും കഥകളിയരങ്ങുകളിലുമായി ജീവിതത്തിന്റെ നല്ലകാലം മുഴുവൻ ഹോമിച്ച് ഒന്നിനും വയ്യാതാകുമ്പോൾ അരങ്ങൊഴിയേണ്ടിവരുന്ന കലാകാരൻമാർക്കും പെൻഷൻ ലഭ്യമാക്കുക എന്നത് നമ്പീശനാശാന്റെ ഏറ്റവും വലിയ മോഹങ്ങളിൽ ഒന്നായിരുന്നു. പലതവണ അദ്ദേഹം തുറന്നു പറഞ്ഞിട്ടുണ്ട്, എഴുതിയിട്ടുണ്ട്, പ്രസംഗിച്ചിട്ടുണ്ട്. കൊടുക്കാവുന്നേടത്തൊക്കെ നിവേദനം കൊടുത്തിട്ടുണ്ട്. ശുപാർശ പറയാവുന്നേടത്തൊക്കെ പറയുകയും പറയിപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. അവസാനം ഇന്നത്തെ സാംസ്ക്കാരികവകുപ്പ് സെക്രട്ടറി ആർ. രാമചന്ദ്രൻ നായർ വിദ്യാഭ്യാസവകുപ്പു സെക്രട്ടറിയായിരിക്കെ, ഈ പെൻഷൻ പദ്ധതി രൂപം കൊണ്ടു. നമ്പീശനാശാനെപ്പോലെത്തന്നെ, കഴിയും വേഗം ഈ പദ്ധതി പ്രാബല്യത്തിൽ വരുത്തണമെന്ന് രാമചന്ദ്രൻനായരും മോഹിച്ചു. അതിനു ശ്രമിച്ചു. പക്ഷേ -

നമ്പീശനാശാനു പെൻഷൻ കിട്ടിയില്ല. ട്രഷറി ഓഫീസർ എന്തോ സാങ്കേതിക തടസ്സം ഉന്നയിച്ചു.

നട്ടുച്ചയ്ക്ക്, വെറും കൈയ്യോടെ ആശാൻ മടങ്ങി. വീട്ടിൽ വന്നു കയറിയ ആശാൻ, ആകെത്തളർന്ന സ്വരത്തിൽ വൽസലയോടു പറഞ്ഞു.

"പെൻഷൻ കിട്ടീല്യ മോളേ..."

അന്നു വൈകുന്നേരം ആശാന് അസുഖം തുടങ്ങി. പിറ്റേന്ന്, തിരുവനന്തപുരത്ത് സംഗീത നാടക അക്കാദമിയുടെ ഭരണസമിതി യോഗത്തിൽ പങ്കെടുക്കാൻ നിശ്ചയിച്ചതായിരുന്നു. ടിക്കറ്റും എടുത്തിരുന്നു. അവസാനം ആ ടിക്കറ്റ് റദ്ദാക്കി. അന്നത്തെ രാത്രി നമ്പീശനാശാന് കാളരാത്രിയായിരുന്നു. നേരം പുലരും മുമ്പ്, ആ നാദവും ആ ശരീരവും എന്നെന്നേയ്ക്കുമായി നിലച്ചു.

കഥകളി സംഗീതമണ്ഡലത്തിൽ ഒരു കാലഘട്ടത്തിന് തിരശ്ശീല വീണു. ആയിരങ്ങളുടെ ഓർമയിൽ അദ്ദേഹം ജീവിക്കുമെങ്കിലും, ആശാൻ പോയി എന്ന ദുഃഖസത്യം അവശേഷിക്കുന്നു. അതുകൊണ്ടുതന്നെ അടക്കാനാവാത്ത വിഷാദത്തോടെ മനസ്സ് ഇപ്പോഴും തേങ്ങുന്നു:

മറ്റൊരു നീലകണ്ഠൻ നമ്പീശനാശാനുവേണ്ടി കഥകളിരംഗം ഇനി എത്രകാലം കാത്തിരിയ്ക്കണം!

(1985 മാർച്ച് 25-നായിരുന്നു ആ ഗന്ധർവ നായകന്റെ അസ്തമയം.)

# ഇരുപത്തിയഞ്ച്
# എന്റെ മോഹനേട്ടൻ

**ആ**കെ കശപിശ. ബഹളം. വഴക്ക്. വാക്കേറ്റം. അതുവരെ അതിഘോരമായും ആവേശകരമായും നടന്നിരുന്ന തകർപ്പൻ റമ്മികളി പെട്ടെന്നു നിലച്ചു. വിശാലമായ കട്ടിലിൽ ചീട്ടുകൾ ചിന്നിച്ചിതറി... ശിഷ്യന്മാരെപ്പോലെ വിളിച്ചതും പറഞ്ഞതും കേൾക്കാനുള്ള സഹായികളെപ്പോലെ ചുറ്റും നിന്നിരുന്ന ഞങ്ങളും പരിഭ്രമിച്ചു. സംഗതി ആകെ അലമ്പാവുന്ന ലക്ഷണമാണല്ലോ!

ഗുരുവായൂരിൽ പടിഞ്ഞാറെ നടയിലുള്ള കൊളാടി ബിൽഡിംഗിലെ അതിവിശാലമായ മുറി. ഏകാദശി മഹോത്സവത്തിന്റെ തലേത്തലേന്നായ നവമിദിവസം. കൊളാടിവിളക്ക് എന്ന പേരിൽ പ്രശസ്തമായ നെയ്‌വിളക്കാഘോഷത്തിന്റെ ദിവസം.

രാവിലെ പത്തുമണിക്കുതന്നെ അരങ്ങത്ത് മഹത്തായ റമ്മിക്ക് വിളക്കു കൊളുത്തി. ആരൊക്കെയായിരുന്നു കളിയാശാന്മാർ? എല്ലാവരേയും ഓർമിയ്ക്കാനാവുന്നില്ല. എന്നാൽ, ഇന്നും ഓർമയിലുള്ളവർ: കാട്ടുമാടം നാരായണൻ, എല്ലാവരും ഇ.എം.എസ്. എന്നു വിളിച്ചിരുന്ന എളേടത്ത് മനയ്ക്കൽ ശങ്കരനാരായണൻ നമ്പൂതിരി, പിന്നെ കൊളാടി ഗോവിന്ദൻകുട്ടി എന്ന അപ്പേട്ടനും, ആ അപ്പേട്ടൻ മോഹനാ എന്നുമാത്രം വിളിച്ചിരുന്ന പി.ടി. മോഹനകൃഷ്ണനും.

കശപിശയുടെ കാരണം എന്താണെന്നല്ലേ? പതിപോലെ, കൊളാടി തന്റെ സ്ഥിരം നമ്പർ ഇറക്കിയതാണത്രെ! കളിയിൽ തോൽക്കും എന്ന് ഉറപ്പായാൽ, പെട്ടെന്ന് കൊളാടി കൈയ്യിലുള്ള ചീട്ടുകളെല്ലാം താഴെ വലിച്ചൊരു ഏറാണ്! എന്നിട്ടു പറയും ഇതിൽ പതിനേഴ് ചീട്ടുണ്ട്; വീണ്ടും ഷഫിൾ ചെയ്യണം!

കൊളാടിയുടെ ഈ സ്ഥിരം നമ്പർ അറിയാവുന്ന കാട്ടുമാടവും മോഹനേട്ടനും ഉടനെ എതിർക്കും. അപ്പോൾ കൊളാടി തർക്കിക്കും... അങ്ങിനെയങ്ങിനെ...

പല പതിറ്റാണ്ടുകൾക്കു മുമ്പ് നടന്നതും പിന്നീട് ഞാൻ തന്നെ പലതവണ കണ്ടിട്ടുള്ളതുമായ ഈയൊരു രംഗം ഇപ്പോൾ ഓർക്കാൻ എന്താണ് കാരണം എന്നല്ലേ? മറ്റൊന്നുമല്ല, ഞാൻ മോഹനേട്ടനെപ്പറ്റി ഒരു ലേഖനം എഴുതാൻ തുടങ്ങിയതാണ്! കിടക്കയിൽ ചിന്നിച്ചിതറിയ ചീട്ടുകെട്ടുകൾപോലെ, ജാക്കിയും കിംഗും ക്വീനും ആസും ഗുലാനും ജോക്കറും നിറം പകർന്ന ഓർമകളും എന്റെ കൺമുന്നിലൂടെ കടന്നുപോകുന്നു. എവിടെ തുടങ്ങണം, എങ്ങിനെ തുടങ്ങണം എന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല. ആകെ കുഴഞ്ഞു മറിഞ്ഞു കിടക്കുന്നു. അതുകൊണ്ടുതന്നെ, മാന്യവായനക്കാരോട് മുൻകൂർ ജാമ്യമെടുത്ത് പറയട്ടെ: ഈ ഓർമ്മക്കുറിപ്പുകൾക്ക് യാതൊരു അടുക്കും ചിട്ടയുമുണ്ടാവില്ല. ഞാൻ എഴുതുമ്പോൾ പ്രത്യേകിച്ചും. പിന്നെ ഒരു സമാധാനമേയുള്ളൂ. അങ്ങിനെ തന്നെയാണല്ലോ മോഹനേട്ടന്റെ സ്ഥായിയായ സ്വഭാവവും! ആ മനസ്സും സൗഹൃദവും സ്നേഹവും വാത്സല്യവും മമതയും ഔദാര്യവും ഏതെല്ലാം വഴിയ്ക്കാണ്, ഏതെല്ലാം രീതിയിലാണ് നമ്മളെ കീഴടക്കുക എന്ന് മുൻകൂട്ടി പറയാൻ ആർക്കെങ്കിലും കഴിയുമോ? അതുപോലെത്തന്നെ എപ്പോഴാണ് കെട്ടിപ്പിടിച്ചഭിനന്ദിക്കുക, എപ്പോഴാണ് തെറ്റിപ്പിരിഞ്ഞകന്നു നിൽക്കുക എന്നും പ്രവചിക്കാൻ കഴിയുമോ? തന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ സവിശേഷതയായി മോഹനേട്ടൻ തന്നെ ആവർത്തിച്ചുപറയുന്ന ഒരു വിശ്വാസപ്രമാണമുണ്ട്; വെച്ചൽ കുടുമ, ചെരച്ചാൽ മൊട്ട...

വീണ്ടും ഓർമകളിലേക്ക്: മോഹനേട്ടനെ ഞാൻ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും തുടക്കത്തിൽ വിവരിച്ച ആ റമ്മി മഹാമേളയുടെ അരങ്ങത്തുവച്ചാണോ? നല്ല നിശ്ചയം പോരാ. എന്നാൽ ഒന്നു തീർച്ച; എന്നെ ഏറ്റവും പ്രിയപ്പെട്ട ഒരനുജനായി വളരെ മുമ്പു തന്നെ കണക്കാക്കിയിരുന്നു. സാക്ഷാൽ കൊളാടി മുഖേനയാണ് ഞങ്ങൾ പരിചയപ്പെടുന്നത്. കൊളാടിയുടെ വാക്കുകൾ ഇന്നും ഞാൻ ഓർക്കുന്നു.

മോഹനാ, ഇദ്ദേഹമാണ് അദ്ദേഹം. മഹാകവി ചൊവ്വല്ലൂർ...

(കൂട്ടത്തിൽ പറയട്ടെ. എന്നെ മഹാകവി എന്ന് ഒരാളേ വിളിച്ചിട്ടുള്ളൂ, കൊളാടി. പിന്നീട് ആ വിളി കേട്ട് കേട്ട് പത്മേടത്തിയും ദേവനും ദേവിയും അരുണയും മറ്റും അങ്ങിനെ വിളിയ്ക്കാൻ തുടങ്ങി. കുറച്ചുകാലം മോഹനേട്ടനും മഹാകവി എന്നു വിളിച്ചിരുന്നു. പിന്നെ, അങ്ങിനെ വിളിയ്ക്കുന്നതിൽ ഒരർത്ഥവുമില്ലെന്നു തോന്നിയതുകൊണ്ടാവാം, മോഹനേട്ടൻ നിർത്തി...)

മറ്റൊരു ആഹ്ലാദകരമായ അനുഭവവും ഓർക്കുന്നു. പരിചയപ്പെടുത്തിയത് കൊളാടിയാണെങ്കിലും മോഹനേട്ടനും ഞാനും തമ്മിലുള്ള സ്നേഹബന്ധം പിന്നീട് ഏതെല്ലാം മട്ടിലാണ് വളർന്നു പടർന്നു പന്തലിച്ചതെന്നു ഒന്നോ രണ്ടോ ലേഖനം കൊണ്ടുപോലും വിവരിയ്ക്കാനാവില്ല. ഒന്നുമാത്രം പറയാം. ആ സ്നേഹവും വാൽസല്യവും ഒരു നിധിപോലെ ഞാൻ, അല്ല എന്റെ കുടുംബം മനസ്സിൽ സൂക്ഷിക്കുന്നു...

ആദ്യമായി കണ്ടപ്പോഴും, പിന്നീടുള്ള നാളുകളിലും മോഹനകൃഷ്ണമേനോൻ എന്ന വ്യക്തി എന്നെ ഏറ്റവുമധികം ആകർഷിച്ചതെങ്ങിനെയാണ്. അഥവാ, ആ വ്യക്തിത്വത്തിന്റെ ഏതേതു വശങ്ങളാണ് എന്നെ ആകർഷിച്ചതും, കീഴടക്കിയതും?

സംശയമൊന്നുമില്ല. ആ ആകാശഗാംഭീര്യം തന്നെ. ആ അന്തസ്സ്, ആഭിജാത്യം, ആ തറവാടിത്തം, ആ തലയെടുപ്പ്... ഏതു ആൾക്കൂട്ടത്തിലും മോഹനേട്ടനെ തിരിച്ചറിയാം; ഏതു ആൾക്കൂട്ടത്തിലും മോഹനേട്ടൻ നമ്മളേയും തിരിച്ചറിയും.

വല്ലാത്തൊരു വിരോധാഭാസം എന്ന് മറ്റുള്ളവർക്ക് തോന്നാവുന്ന ഒട്ടു വളരെ സവിശേഷതകൾ മോഹനേട്ടന്റെ സ്വഭാവത്തിലുണ്ട്. കേരള രാഷ്ട്രീയത്തിലെ എക്കാലത്തേയും ഒരേയൊരു ലീഡർ ആയ കെ. കരുണാകരന്റെ പ്രണ. ശിഷ്യനായിരിക്കുമ്പോൾ തന്നെ, നമ്മുടെ ആദ്ധ്യാത്മിക മണ്ഡലത്തിലെ ആചാര്യവര്യനായിരുന്ന, യശഃശരീരനായ മൃഡാനന്ദസ്വാമിജിയുടേയും ശിഷ്യനാണ് മോഹനേട്ടൻ! സാഹിത്യരംഗത്ത് മോഹനേട്ടൻ അറിയപ്പെടുന്ന ഒരു എഴുത്തുകാരനൊന്നുമല്ല, എന്നാൽ എൻ.വി. കൃഷ്ണവാരിയർക്കും, മഹാകവി പി.യ്ക്കും, ഇടശ്ശേരിക്കും, ഒളപ്പമണ്ണയ്ക്കും, എം.ആർ.ബി.യ്ക്കും, ഉറൂബിനും, തിക്കൊടിയനും, മറ്റും മോഹനകൃഷ്ണനോട് സവിശേഷമായ വാത്സല്യമുണ്ടായിരുന്നു. അതുപോലെത്തന്നെ എം.ടി. വാസുദേവൻ നായർ, ഡോ. സുകുമാർ അഴീക്കോട്, മഹാകവി അക്കിത്തം, സുഗതകുമാരി, പി. ഭാസ്ക്കരൻ, കാവാലം, ഡെ.എം.ലീലാവതി തുടങ്ങിയവരുടെ സ്നേഹ സൗഹൃദ വലയത്തിലും മോഹനകൃഷ്ണന് പ്രമുഖ സ്ഥാനമുണ്ട്. തന്റെ ജീവിതത്തിലെ ഏറ്റവും വലിയ താങ്ങും തണലുമായിരുന്നു യശഃശരീരനായ തിരുനാമാചാര്യൻ ആഞ്ഞം മാധവൻ നമ്പൂതിരി എന്ന് എപ്പോഴും ആവർത്തിയ്ക്കുന്ന മോഹനേട്ടൻ പരസ്യമായി പറയുന്ന ഒരു സത്യവാങ് മൂലമുണ്ട്; എനിക്കു ഗുരുവായൂരപ്പനെ മാത്രമേ പേടിയുള്ളൂ. ഭഗവാന്റെ മുമ്പിൽ മാത്രമേ ഞാൻ തലകുനിയ്ക്കൂ. കാരണം, എന്റെ എല്ലാം ഗുരുവായൂരപ്പനാണ്... പണ്ഡിതവരേണ്യന്മാരായിരുന്ന പ്രൊഫ. കെ.പി. നാരായണ പിഷാരടിയും, പ്രൊഫ. പി.സി. വാസുദേവൻ ഇളയതും, ഗുരുവായൂർ ദേവസ്വവുമായി ബന്ധപ്പെട്ട ഏതു കാര്യത്തെപ്പറ്റിയും ആദ്യം ചർച്ചചെയ്യുക മോഹനേട്ടനുമായിട്ടായിരുന്നു. ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ ചെയർമാനായിരുന്ന കാലത്തും, അതിനുശേഷവും...

അങ്ങിനെയൊന്നും ആരേയും വകവയ്ക്കാത്ത ഒരു അതികാനായിരുന്നല്ലോ 'അറിവിന്റെ തമ്പുരാൻ' എന്ന് ഏവരും വാഴ്ത്തിയിരുന്ന പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാട് എന്ന ആറാംതമ്പുരാൻ. മോഹനേട്ടനെ ആറാം തമ്പുരാനും വിലയ കാര്യമായിരുന്നു! ഇതിന്റെ ഗുട്ടൻസ് ഒന്നറിയണമല്ലോ എന്ന കൗതുകം കൊണ്ട് ഒരിയ്ക്കൽ ഞാൻ തഞ്ചത്തിൽ ആറാംതമ്പുരാനോട് ചോദിച്ചു. അപ്പോൾ തമ്പുരാൻ പറഞ്ഞ മറുപടി ഇതായിരുന്നു:

ഏയ്, വേറെയൊന്നുമല്ല... മോഹനകൃഷ്ണന് കാര്യം പറഞ്ഞാൽ മനസ്സിലാവും... മനസ്സിലായാൽ അത് നടത്തുകയും ചെയ്യും.

ആറാംതമ്പുരാൻ പറഞ്ഞതത്രയും പരമാർത്ഥമാണ്. പി.ടി. മോഹനകൃഷ്ണൻ ഗുരുവായൂർ ദേവസ്വം ഭരണസമിതിയിൽ അംഗമായും മൂന്നു തവണ ചെയർമാനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അതിനുമുമ്പും അതിനുശേഷവും ചെയർമാൻ സ്ഥാനം വഹിച്ച എല്ലാ പ്രമുഖ വ്യക്തികളോടും ഹൃദയം നിറഞ്ഞ സ്നേഹബഹുമാനാദരങ്ങളോടെ തുറന്നു പറയട്ടെ. മോഹനേട്ടന്റെ ആ ഭരണകാലം ഗുരുവായൂർ ക്ഷേത്രത്തിന്റേയും ദേവസ്വവുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളുടേയും അഭൂതപൂർവ്വമായ നവോത്ഥാനത്തിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു. ക്ഷേത്രത്തിനകത്തെ നടപ്പുരകൾ, ഊട്ടുപുര, പാഞ്ചജന്യം എന്നിവയുടെ പുനർനിർമ്മാണം, ശ്രീവത്സം, കൗസ്തുഭം, ഫ്രീസത്രം, ക്ഷേത്രവാദ്യ കലാനിലയം എന്നിവയുടെ തുടക്കം, മുന്നൂറ്ററുപത്തഞ്ച് ദിവസവും നല്ല ശുദ്ധജലം ലഭിയ്ക്കുമാറ് ക്ഷേത്രകുളത്തിൽ വരുത്തിയ പരിഷ്ക്കരണം, എന്നുവേണ്ട ഇന്നുകാണുന്ന ഏതൊരു പുതിയ മന്ദിരത്തിന്റേയും സാംസ്കാരിക കേന്ദ്രത്തിന്റേയും ഉത്സഭവിവകാസ പരിണാമം മേൽപ്പറഞ്ഞ സുവർണ്ണ കാലഘട്ടത്തിലായിരുന്നു. ഇന്നിപ്പോൾ പ്രശസ്തമായ രീതിയിൽ ദേവസ്വം പ്രസിദ്ധീകരിച്ചുവരുന്ന "ഭക്തപ്രിയ" എന്ന ആദ്ധ്യാത്മിക മാസികക്ക് തുടക്കം കുറിച്ചതും മോഹനേട്ടൻ ചെയർമാനായ ഭരണസമിതിയായിരുന്നു. ഇക്കാര്യത്തിൽ, അന്ന് ഭരണസമിതിയംഗങ്ങളായിരുന്ന ഡോ. സി.കെ. രാമചന്ദ്രൻ, എം.കെ. നായർ, സ്ഥിരം അംഗവും തന്ത്രിമുഖ്യനുമായിരുന്ന യശഃശരീരനായ ചേന്നാസ് പരമേശ്വരൻ നമ്പൂതിരിപ്പാട് തുടങ്ങിയവരിൽ നിന്നുണ്ടായ പ്രചോദനവും പ്രോത്സാഹനവും ചെറുതല്ലെന്ന് മോഹനേട്ടൻ കൃതജ്ഞതയോടെ ഓർക്കാറുണ്ട്.

അതുപോലെത്തന്നെ, ഒരു ഭക്തി കാവ്യത്തിന്റെ - നാരായണീയത്തിന്റെ നാനൂറാം വാർഷികം ആഘോഷിക്കുക എന്ന അതൃപൂർവ്വമായ സൽക്കർമ്മം ഗുരുവായൂർ ദേവസ്വം ചെയ്തതും മോഹനേട്ടൻ ചെയർമാനായിരുന്ന ഭരണസമിതിയായിരുന്നു. ലോക സാഹിത്യചരിത്രത്തിൽത്തന്നെ ഇത്തരമൊരു ആഘോഷം ആദ്യത്തേതാണെന്ന് അന്നു പറഞ്ഞു കേട്ടിരുന്നു. പ്രൗഢമായ സാഹിത്യസദസ്സുകളും കലാ-സാംസ്കാരിക പരിപാടികളും അഞ്ചു ദിനരാത്രങ്ങൾ നിറഞ്ഞുതുളുമ്പി. അന്നത്തെ ഉപരാഷ്ട്രപതി ആർ. വെങ്കിട്ടരാമനായിരുന്നു ഉദ്ഘാടകൻ. ഒരു വർഷം നീണ്ടുനിന്ന നാരായണീയ മഹാമഹത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തതും അന്ന് പ്രധാ

നമന്ത്രിയായിരുന്ന അനശ്വരനായിരുന്ന രാജീവ് ഗാന്ധിയായിരുന്നു. അദ്ധ്യക്ഷൻ യശഃശരീരനായ തിരുന്നാമാചാര്യൻ ആഞ്ഞം തിരുമേനിയും.

ഇവിടെ, പ്രസക്തമായ മറ്റൊരു വസ്തുത അനുസ്മരിക്കട്ടെ. നാരായണീയത്തിന്റെ നാനൂറാം വാർഷികം ഇത്രമാത്രം വിപുലമായി ആഘോഷിക്കുന്ന കാര്യത്തിൽ അന്ന് മുഖ്യമന്ത്രിയായിരുന്ന ആരാധ്യനായ 'ലീഡർ', ദേവസ്വം ചെയർമാന് 'ബ്ലാങ്ക് ചെക്ക്' കൊടുത്തു പറഞ്ഞു: ഒന്നിനും ഒരു കുറവും വരുത്തരുത്. ഞാനുണ്ട് നിന്റെ ഒപ്പം...

അതേസമയം, മോഹനേട്ടൻ പരിഷ്ക്കരണ പദ്ധതികൾ ഒന്നൊന്നായി നടപ്പാക്കുമ്പോഴൊക്കെ, കറുത്ത നിഴൽപോലെ, ദുരാരോപണങ്ങളും പിൻതുടർന്നിരുന്നു. ഇത് ആ നല്ല മനസ്സിനെ വല്ലാതെ വേദനിപ്പിച്ചിരുന്നു എന്ന് ഞങ്ങളെപ്പോലുള്ളവർക്ക് അറിയാം. എന്നാൽ ആരോപണങ്ങൾ വന്നാലോ എന്ന് ഭയന്ന് വികസന പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറുന്ന ഭീരുത്വം ഒരിയ്ക്കലും കാണിച്ചില്ല. ഒരിയ്ക്കൽ ഇത്തരം ആരോപണങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, ഞങ്ങളെല്ലാവരും കേൾക്കെത്തന്നെ മോഹനേട്ടനോട് ലീഡർ, സ്വതസിദ്ധമായ ആ കള്ളച്ചിരിയോടെ പറഞ്ഞു:

"നല്ല കാര്യങ്ങൾക്കു പണം ചെലവാക്കുമ്പോൾ ആരോപണങ്ങളുണ്ടാകും. കല്ല് ചാരിവച്ചതുപോലെ ഒരിടത്ത് അനങ്ങാതെ ഇരുന്നുനോക്ക്, ആരും ഒന്നും പറയില്ല..."

ലീഡറുടെ ഈ സ്വഭാവം, കുറച്ചൊക്കെ മോഹനേട്ടനും കാണിച്ചിരുന്നു. ഒരു സംഭവം ഓർമയിൽ വരുന്നു.

ഏതാനും വർഷം മുമ്പാണ്. വിപുലമായ നാരായണീയദിനാഘോഷം. ക്ഷേത്രത്തിനകത്ത് പ്രൊഫ. കെ.പി. നാരായണ പിഷാരടിയുടെ നേതൃത്വത്തിൽ സമ്പൂർണ നാരായണീയ പാരായണം. വൈകുന്നേരം പൊതുസമ്മേളം. ഡോ. എം. ലീലാവതി നാരായണീയ പാരായണത്തിൽ പങ്കെടുക്കുന്നുണ്ട്. വൈകുന്നേരത്തെ സമ്മേളനത്തിൽ പ്രസംഗവുമുണ്ട്.

അന്ന്, ഉച്ചക്കുമുമ്പ് മലയാള മനോരമയിൽ നിന്ന് എനിയ്ക്കൊരു ഫോൺ സന്ദേശം: ലീലാവതി ടീച്ചർക്കാണ് ഇത്തവണ കേന്ദ്ര സാഹിത്യ അക്കാദമിയുടെ പുരസ്ക്കാരം. ടീച്ചർ ഗുരുവായൂരിലുണ്ട്. ഉടനെ ടീച്ചറെക്കണ്ട് ഒരു പ്രതികരണം സംഘടിപ്പിച്ചുതരിക...

നാരായണീയ പാരായണം പൂർത്തിയാക്കി വരുമ്പോഴാണ് ടീച്ചറോട് ഞാൻ പുരസ്കാരത്തിന്റെ കാര്യം പറഞ്ഞത്. ടീച്ചറുടെ മിഴികളിൽ സന്തോഷാശ്രുക്കൾ നിറഞ്ഞു തുളുമ്പി. കൈകൾ താനേ കൂമ്പി! ഗദ്ഗദത്തോടെ ലീലാവതി ടീച്ചർ പറഞ്ഞു: "ഇത് ഗുരുവായൂരപ്പൻ തന്ന സമ്മാനമാണ് - മേൽപ്പത്തൂർ ഗുരുനാഥൻ തന്ന സമ്മാനമാണ്."

വിവരം അറിഞ്ഞ ഉടനെ ഞാനും മലയാള മനോരമ ലേഖകൻ വേണുഗോപാലനും മോഹനേട്ടന്റെ മുമ്പിൽ ഒരു എളിയ നിർദ്ദേശം വച്ചു. ഇന്നു വൈകുന്നേരം നടക്കുന്ന നാരായണീയ സമ്മേളനത്തിൽ ലീലാവതി ടീച്ചറെ ഒന്നാദരിക്കേണ്ടേ?

മോഹനേട്ടൻ ഉടനെ സമ്മതിച്ചു എന്നു മാത്രമല്ല, ടീച്ചർക്ക് ഉചിതമായ ഒരു പുരസ്ക്കാരം ദേവസ്വം വകയായി നൽകണമെന്നും അഭിപ്രായപ്പെട്ടു. താമസമുണ്ടായില്ല, മോഹനേട്ടൻ മുറി പൂട്ടി പുറത്തിറങ്ങി, പുരസ്ക്കാരം വാങ്ങാൻ. കൂടെ ഞാനും വേണുവും ഭരണസമിതിയിലെ ഒരംഗവും.

ഞങ്ങൾ കിഴക്കെ നടയിലെ കരകൗശല സ്ഥാപനങ്ങളിൽ കയറിയിറങ്ങി. മോഹനേട്ടന് ഒന്നും കണ്ണിൽ പിടിയ്ക്കുന്നില്ല. ഇതുപോരാ, ഇതുപോരാ എന്ന പല്ലവി തന്നെ. അവസാനം, അതിമനോഹരമായ ഒരു ദാരുശില്പം കണ്ടെത്തി. ഗീതോപദേശമാണ് വിഷയം. സാമാന്യം നല്ല വലിപ്പവുമുണ്ട്. വിലയും മോശമില്ല. മുവായിരത്തഞ്ഞൂറ് രൂപ!

മുവ്വായിരത്തിനാണെങ്കിൽ എടുക്കാം എന്നായി മോഹനേട്ടൻ. അന്നേരം കൂടെയുണ്ടായിരുന്ന ഭരണസമിതിയംഗത്തിനൊരു സംശയം. ഇത്ര വലിയ വിലയുള്ള സമ്മാനം വാങ്ങണോ? അഥവാ വേണമെങ്കിൽ തന്നെ ഭരണസമിതിയുടെ അനുവാദം വേണ്ടേ?

മോഹനേട്ടൻ ശരിക്കും ചൂടായി. ഭരണ സമിതിയോട് അനുവാദം ചോദിച്ചിട്ടാണോ കേന്ദ്രസാഹിത്യ അക്കാദമി ഈ അവാർഡ് നൽകുന്നത്? പിന്ന്യെ് ഇതൊക്കെ ദേവസ്വം ചെയർമാൻ നിശ്ചയിച്ചാൽ മതി...

അന്നു വൈകുന്നേരം മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ തിങ്ങിനിറഞ്ഞു വഴിഞ്ഞൊഴുകിയ സഹൃദയ സദസ്സിനെ സാക്ഷിനിർത്തി, ലീഡർ കെ. കരുണാകരനും, പ്രൊഫ. കെ.പി. നാരായണപിഷാരടിയും, പി.ടി. മോഹനകൃഷ്ണനും ചേർന്ന് ആ കനത്ത പുരസ്ക്കാരം ലീലാവതി ടീച്ചർക്ക് നൽകി. വേദിയിലുണ്ടായിരുന്ന പ്രശസ്ത സാഹിത്യനായകന്മാരും സദസ്യരും ഒരേ സ്വരത്തിൽ പറഞ്ഞു: ഏറ്റവും ഉചിതമായ ഒരു സൽക്കർമ്മം!

ഇതുപോലെത്തന്നെ, പ്രശസ്ത ഗായികയും അനിതരസാധാരണമായ സ്വരമാധുര്യത്തോടെ നാരായണീയം ആലപിച്ച് അനുഗൃഹീതയുമായ പി. ലീലയ്ക്ക് ഗുരുവായൂർ ദേവസ്വം വകയായി "നാദനാരായണി'' എന്ന ബഹുമതി നൽകിയതിന്റെ പിന്നിൽ പ്രവർത്തിച്ചതും മോഹനേട്ടൻ തന്നെയായിരുന്നു. അന്നത്തെ ആ ബഹുമതി സമർപ്പണ ചടങ്ങിൽ, നേരത്തെ ക്ഷണിച്ചുവരുത്തിയ എൻ.വി. കൃഷ്ണവാരിയർ ഒളപ്പമണ്ണ എന്നിവരുടെ അനുഗ്രഹപ്രഭാഷണങ്ങൾക്കു പുറമെ, അപ്രതീക്ഷിതമായി സ്ഥലത്തെത്തിയ ഡോ. സുകുമാർ അഴീക്കോടിന്റെ

പ്രൗഢഗംഭീരമായ ഒരു പ്രഭാഷണം കൂടി തരപ്പെടുത്തിയതും മോഹനേട്ടന്റെ സവിശേഷതാൽപ്പര്യം കൊണ്ടു മാത്രമായിരുന്നു.

ഇത്രയും ഓർക്കുമ്പോൾ, ചെയർമാൻ എന്ന നിലയ്ക്ക് സഫലമാക്കാൻ കഴിയാതെ പോയ രണ്ടു മോഹങ്ങൾക്കൂടി മോഹനേട്ടന്റെ മനസ്സിലുണ്ടായിരുന്നു എന്നുകൂടി ഇവിടെ എടുത്തുപറയണമെന്നു തോന്നുന്നു. ഗുരുവായൂർ ദേവസ്വത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സംസ്കൃത സർവ്വകലാശാല സ്ഥാപിക്കണം എന്നതായിരുന്നു മോഹം. ഇതിന്റെ പ്രാരംഭ നടപടികൾക്കായി പ്രൊഫ. കെ.പി. നാരായണ പിഷാരടി, സ്വാമി മൃഡാനന്ദജി, എൻ.വി. കൃഷ്ണ വാരിയർ, ഡോ. സുകുമാർ അഴീക്കോട്, മഹാകവി ഒളപ്പമണ്ണ എന്നിവർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിച്ചിരുന്നു. ഈ ലേഖകനായിരുന്നു സമിതിയുടെ അനൗദ്യോഗിക കൺവീനർ. ഇന്നത്തെ കാലടി സംസ്കൃത സർവകലാശാലയെപ്പറ്റി ആരും സ്വപ്നം കാണാൻ പോലും തുടങ്ങിയിരുന്നില്ല എന്നും ഓർക്കണം. പക്ഷെ, ദൗർഭാഗ്യകരമെന്നു പറയട്ടെ, ആ ആശയം അഥവാ മോഹം പൂവണിഞ്ഞില്ല. അതിന്റെ കാര്യകാരണങ്ങൾ ഇന്നിപ്പോൾ വിശദീകരിയ്ക്കുന്നതിലോ വിശകലനം ചെയ്യുന്നതിലോ ഒരർത്ഥവുമില്ല താനും.

ഗുരുവായൂർ ക്ഷേത്രം കേന്ദ്രബിന്ദുവാക്കിയും ഗുരുവായൂരിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയും അതിബൃഹത്തായ ഒരു മാസ്റ്റർ പ്ലാൻ നടപ്പാക്കുക എന്നതായിരുന്നു രണ്ടാമത്തെ ആഗ്രഹം. സാക്ഷാൽ തിരുപ്പതി മഹാക്ഷേത്ര സമുച്ചയത്തിന്റെ ശൈലിയിലും തിരുപ്പതി ദേവസ്ഥാനത്തിന്റെ മാതൃകാപരമായ കലാസാംസ്ക്കാരിക പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങളുടെ മൗലിക സ്വഭാവം അനുകരിച്ചുള്ള ഒന്നായിരുന്നു നിർദ്ദിഷ്ട മാസ്റ്റർപ്ലാൻ. അന്ന് ഭരണസമിതിയിൽ അംഗങ്ങളായിരുന്ന ഭാവനാശാലികളായ എം.കെ.കെ. നായരും, ഡോ. പി.കെ. രാമചന്ദ്രനും, ഇക്കാര്യത്തിൽ ചെയർമാൻ മോഹനേട്ടന്റെ ഇടത്തും വലത്തും നിന്ന്, കൈമെയ് മറന്ന് സഹകരിച്ചു. പ്രശസ്ത ചിത്രകാരനായ എം.വി.ദേവനാണ് ഈ മാസ്റ്റർപ്ലാനിന്റെ കലാപരമായ ഒരു കരടുരൂപം തയ്യാറാക്കിയത് എന്നാണെന്റെ ഓർമ. ഏതായാലും സംഗതി നടന്നില്ല. മോഹനേട്ടനെ മാത്രമല്ല, എല്ലാവരേയും ഏറെ നിരാശരാക്കിയ ഒന്നായിരുന്നു ഈ സംഭവവികാസം. അന്നത്തെ ആ കരടുപദ്ധതി, ഇപ്പോഴും ദേവസ്വം ഓഫീസിലെ പഴയ ഫയൽക്കൂമ്പാരങ്ങൾക്കിടയിലെവിടേയോ കിടപ്പുണ്ടാവണമെന്ന് ഈയടുത്ത അവസരത്തിൽ കൂടി മോഹനേട്ടൻ നെടുവീർപ്പോടെ പറഞ്ഞതും ഓർമ്മ വരുന്നു.

മോഹനേട്ടനും ലീഡറും തമ്മിലുള്ള ആത്മബന്ധത്തിന്റെ സവിശേഷതകൾ ഞാൻ പറയേണ്ട കാര്യമില്ലെന്ന് എനിയ്ക്കറിയാം. എന്നാലും ആ അടുത്ത ബന്ധത്തിന്റെ നർമ്മരസ പ്രധാനമായ ഒരുവശം ഞാനൊന്നു അനുസ്മരിക്കട്ടെ.

ഒരു മലയാളമാസം ഒന്നാം തിയ്യതി ക്ഷേത്രത്തിനകത്ത്, രാവിലെ ലീഡർ പതിവുദർശനം നടത്തുന്നു. മേൽശാന്തി നൽകുന്ന തിരുവാകച്ചാർത്തിന്റെ തീർത്ഥം സംഭരിക്കാൻ ഒരു ചെറിയ പാത്രം പതിവുപോലെ അന്നും ഇന്നും എന്നും ലീഡറുടെ അനുയായിയായ രാജൻ പണിക്കർ പുറത്തെടുത്തു. പിരി അടപ്പുള്ള ഒരു ചെറിയ ചെപ്പ്. തീർത്ഥം നിറച്ച് പാത്രം അടയ്ക്കാൻ നോക്കുമ്പോൾ, പിരി മുറുകുന്നില്ല. ഉടനെ, നേരിയ ചിരിയോടെ മോഹനേട്ടന്റെ കമന്റ്:

ഇതിന്റെ പിരി ലൂസാ... ലീഡറല്ലാതെ ഇതു കൊണ്ടുനടക്വോ?

ഒട്ടും താമസമുണ്ടായില്ല. ആദ്യം ചുറ്റും നിൽക്കുന്നവരേയും പിന്നെ മോഹനേട്ടനേയും നോക്കി സ്വതഃസിദ്ധമായ ചിരിയുടെ അടപ്പു തുറന്ന് ലീഡറുടെ പ്രത്യുത്തരം:

ഓഹോ, പിരി ലൂസാണോ? എങ്കിൽ എനിയ്ക്കു നീ തന്നെ തന്നതായിരിക്കണം...

ഈ ലഘുസംഭാഷണത്തിലെ വാക്കുകൾക്ക് ആഴത്തിലുള്ള അർത്ഥമുണ്ടായിരുന്നില്ലേ എന്ന് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ എന്റെ ഇളംമനസ്സിൽ തോന്നിപ്പോകുന്നു...

എന്റെ എല്ലാം ഗുരുവായൂരപ്പനാണ് എന്ന് മോഹനേട്ടൻ എന്നും ആണയിട്ടു പറയുന്നതിന്റെ പിന്നിൽ ഒന്നല്ല, രണ്ടല്ല, ഒരു നൂറു അനുഭവങ്ങളുണ്ടെന്ന് എനിയ്ക്ക് നന്നായറിയാം.

ആയുസ്സ് തുലാസിൽ തൂങ്ങി നിൽക്കുന്ന വിധിനിർണായകമായ ആദ്യത്തെ ബൈപാസ് സർജറി. അന്ന് ലണ്ടനിലെ ആശുപത്രിയിൽ, ശസ്ത്രക്രിയക്കു മുമ്പ് ഡോക്ടർ പറഞ്ഞു. സ്വർണമാലയും ലോക്കറ്റും ഊരി വെയ്ക്കണം. ലോഹനിർമിതമായ ഒന്നും ശരീരത്തിൽ ധരിയ്ക്കാൻ പാടില്ല. എല്ലാം ഊരി വെയ്ക്കണം. എന്നാൽ ഗുരുവായൂരപ്പന്റെ ചിത്രമുള്ള സ്വർണ ലോക്കറ്റ് ഊരിവയ്ക്കുന്ന പ്രശ്നമില്ലെന്ന് മോഹനേട്ടൻ!

ഡോക്ടർമാർ മാറിമാറി ഉപദേശിച്ചിട്ടും മോഹനേട്ടന്റെ മനസ്സുമാറിയില്ല. അവസാനം അന്നത്തെ ഹൈക്കമ്മീഷണറായിരുന്ന ഡോ. വി.എ. സെയ്ദ് മുഹമ്മദു തന്നെ അടുത്തുവന്ന് മയത്തിലും നയത്തിലും ഉപദേശിച്ചു. താൻ പറയുന്നതിന്റെ അർത്ഥം ആർക്കും മനസ്സിലാവുന്നില്ലല്ലോ എന്ന കടുത്ത ദുഃഖത്തോടെ അന്നേരം മോഹനേട്ടൻ ഡോ. സെയ്ദ് മുഹമ്മദിന്റെ രണ്ടു കൈയ്യും കൂട്ടിപ്പിടിച്ച് എടുത്തു ചോദിച്ചുവത്രേ:

ഡോക്ടർക്ക് എന്താണ് മോഹം? വിജയകരമായ ശസ്ത്രക്രിയക്കുശേഷം എന്നെ ആരോഗ്യവാനായി നാട്ടിലേയ്ക്കയക്കണമെന്നല്ലേ? അതോ, ഒരു

പെട്ടിയിലാക്കി അയക്കണമെന്നോ? ആദ്യത്തേതാണ് മോഹമെങ്കിൽ ഗുരുവായൂരപ്പന്റെ ഈ ലോക്കറ്റ് ഊരി വെച്ചാൽ പറ്റില്ല...

പിന്നെ താമസമുണ്ടായില്ല. ശസ്ത്രക്രിയ നടത്തുന്ന വിദഗ്ദ്ധ ഡോക്ടർമാരുമായി ഹൈക്കമ്മീഷണർ ചർച്ച നടത്തി. അങ്ങിനെ, ആ സ്വർണ ലോക്കറ്റ് ശരീരത്തിൽ നിന്ന് മാറ്റാതെ തന്നെ ബൈപാസ് ശസ്ത്രക്രിയ നടത്താൻ നിശ്ചയിക്കുകയും ചെയ്തു.

തിരുനാമാചാര്യൻ ആഞ്ഞം തിരുമേനിയുമായുള്ള സുദൃഢമായ അടുപ്പത്തിന്റെ നിരവധി അനുഭവകഥകൾ മേഹനേട്ടൻ പലപ്പോഴും അയവിറക്കാറുണ്ട്. എന്നിട്ടിങ്ങനെ പറയും: ഗുരുതരമായ പല പ്രതിസന്ധികളിൽ നിന്നും എന്നെ രക്ഷിച്ചതും എന്റെ തിരുമേനിയാണ്.

തിരുനാമാചാര്യന് മോഹനേട്ടനോട് (അപ്രതീക്ഷിതമായി നമ്മെ വിട്ടുപിരിഞ്ഞ പ്രിയപ്പെട്ട അപ്പേട്ടൻ എന്ന കൊളാടിയോടും) ഉണ്ടായിരുന്ന സ്നേഹവാത്സല്യങ്ങൾക്കും അതിരില്ലായിരുന്നു. വിശേഷിച്ചെന്തു പ്രശ്നമുണ്ടായാലും,, തിരുനാമാചാര്യൻ പതിവായി ഇങ്ങനെ പറയും:

അതേയ്, നമ്മുടെ മോഹനകൃഷ്ണനോട് ഒന്നിത്രത്തോളം വരാൻ പറയൂ. കൊളാടിയോടും...

മോഹനേട്ടനും കൊളാടിയും പറഞ്ഞാലേ തിരുനാമാചാര്യന് പൂർണ്ണ തൃപ്തിയാവൂ...

ഇത്രയും അനുസ്മരിച്ച സ്ഥിതിക്ക്, ഞാനും എന്റെ കുടുംബവും ഒരിയ്ക്കലും മറക്കാത്ത ഞങ്ങൾക്ക് മറക്കാനാവാത്ത സൗഹൃദവാത്സല്യങ്ങൾ വഴിഞ്ഞൊഴുകിയ ഒന്നുരണ്ടു മുഹൂർത്തങ്ങളെപ്പറ്റിക്കൂടി പറയട്ടെ.

എന്റെ മകൾ ഉഷയുടെ കല്യാണനിശ്ചയം. ചൊവ്വല്ലൂരിലെ തറവാട്ടിൽവെച്ചാണ് ചടങ്ങ്. ബന്ധുക്കളേയും മിത്രങ്ങളേയും മറ്റും ക്ഷണിക്കുന്നതിന് മുമ്പ് ഞാനും സരസ്വതിയും നേരിട്ടുചെന്ന് പറഞ്ഞത് ഞങ്ങൾക്ക് അത്രമാത്രം പ്രിയപ്പെട്ടവരായ കൊളാടിയോടും മോഹനേട്ടനോടുമായിരുന്നു. നേരത്തെ എത്താമെന്ന് ഇരുവരും സസന്തോഷം സമ്മതിച്ചു.

പെട്ടെന്നാണ്, വിവാഹനിശ്ചയത്തിന്റെ മൂന്നുനാലു ദിവസം മുൻപ് മോഹനേട്ടൻ പറയുന്നത്:

കൃഷ്ണൻകുട്ടിയും സരസ്വതിയും ക്ഷമിക്കണം. നിശ്ചയത്തിന് എനിക്കുവരാൻ പറ്റില്ല. തീരെ സുഖമില്ല. ഉടനെ ഡോ. ഹരിദാസിനെചെന്നു കാണണം. വിസ്തരിച്ചൊരു ചെക്കപ്പ് വേണം. എന്റെ ആരോഗ്യനിലയൊക്കെ അറിയാമല്ലോ. പിന്ന്യേയ്, ഉഷമോളോടും പറയണം.

സ്വാഭാവികമായും ഞങ്ങൾക്ക് വല്ലാത്ത വിഷമം തോന്നി. പക്ഷെ, എന്തുചെയ്യും, എന്തു പറയും? മോഹനേട്ടൻ വരുന്നുണ്ടാവില്ലെന്ന് കൊളാടിയോടും ഞാൻ പറഞ്ഞു. ശരിയാണ്. മോഹനന് നല്ല സുഖമില്ല. കൊളാടിക്കും അറിയാമായിരുന്നു.

എന്നാൽ ഉണ്ടായതെന്തന്നല്ലേ? വിവാഹനിശ്ചയ ദിവസം ആദ്യം വന്നവരിലൊരാൾ മോഹനേട്ടനായിരുന്നു!

ചെക്കപ്പിനു പോയില്ലേ എന്ന ഞങ്ങളുടെ ഉത്ക്കണ്ഠയും അതിലേറെ സന്തോഷവും നിറഞ്ഞ അന്വേഷണത്തിന് മോഹനേട്ടന്റെ മറുപടി ഇങ്ങനെയായിരുന്നു.

ഞാൻ ഡോ. ഹരിദാസിനോടു പറഞ്ഞു. എന്റെ മോളെപ്പോലെയാണ് എനിക്ക് ഉഷയും. അവളുടെ വിവാഹനിശ്ചയത്തിൽ പങ്കെടുക്കാതിരിക്കാൻ പറ്റില്ല. ഞാനെന്താ വേണ്ടത്?

അപ്പോൾ ഡോ. ഹരിദാസ് തന്നെ പോംവഴി കണ്ടെത്തി. എന്നാൽപിന്നെ ചെക്കപ്പ് നാളെയോ, മറ്റന്നാളോ നടത്താം.

മറ്റൊരു രംഗം: ഇടപ്പള്ളിയിലെ ആമൃതാനന്ദമയി ആശുപത്രി. എനിക്ക് ബൈപാസ് ശസ്ത്രക്രിയ നിശ്ചയിച്ചിരിക്കുന്നു. ഡോ. ഹരിദാസാണ് എന്നെ പരിശോധിച്ച് തീരുമാനമെടുത്തത്. ഡോ. സത്യപ്രസാദാണ് ശസ്ത്രക്രിയ നടത്തുന്നത്. ദൈവതുല്യരായ രണ്ടു വിദഗ്ധ ഡോക്ടർമാർ.

ശസ്ത്രക്രിയയുടെ ദിവസം അടുത്തടുത്തുവരുംതോറും മാനസികമായി എന്റെ പിരിമുറുക്കം കൂടിക്കൂടി വരികയായിരുന്നു.

തികച്ചും അപ്രതീക്ഷിതമായി ഒരു ദിവസം മോഹനേട്ടൻ മുറിയിൽ കടന്നുവന്നു. കൂടെ നളിനിചേച്ചി, മരുമകൻ ഡോ. രാമചന്ദ്രൻ മകൻ അജു.

പിന്നെ, സ്നേഹവാത്സല്യ സൗഹൃദങ്ങളുടെ പെരുമഴ. കൂട്ടത്തിൽ ശകാരം, ശാസന, ഉപദേശം, സാന്ത്വനം...

## ഇരുപത്തിയാറ്
# ജ്ഞാനപീഡാനുഭവങ്ങൾ, പാളിച്ചകൾ

**ലാ**റ്റിനമേരിക്കൻ കവികൾക്കുവേണ്ടി സച്ചിദാനന്ദൻ എഴുതുന്ന കറുത്ത കവിതകൾപോലെ ജ്വലിച്ചു നിൽക്കുന്ന ഒരു നട്ടുച്ചനേരം. ഇങ്ങകലെ, വിശാലമായ വിശ്വസാഹിത്യത്തിന്റെ മടവീണ പാടശേഖരങ്ങളിൽ നിന്ന് ഏതാണ്ടു രണ്ടിടങ്ങഴി കുളിരിളം കാറ്റ് തേങ്ങി കടന്നുവന്നു. കാറ്റിന്റെ മുറുക്കിച്ചുവപ്പിച്ച ചുണ്ടിൽ കാവാലം (നാരായണ പണിക്കരല്ല, ചുണ്ടൻ പണിക്കാർ) പാടിയ ഈരടികളുടെ ഈണം.

ഞങ്ങൾ-ഞാനും ഫോട്ടോഗ്രാഫറും-പുറപ്പെട്ടു-അഭൂതപൂർവമായ ആ കാഴ്ച കാണാൻ.

മുറുക്കിത്തുപ്പി, മുറിക്കയ്യൻ കുപ്പായവുമിട്ട്, മുറി ഇംഗ്ലീഷും പറഞ്ഞു വിശ്വസാഹിത്യത്തിന്റെ ഒരു മുറിയിൽനിന്നു മറ്റൊരു മുറിയിലേക്കു വന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഞങ്ങളുടെ ചേട്ടനെ കാണാനാണല്ലോ പോകുന്നത് എന്ന കേവല ചിന്ത തന്നെ ഞങ്ങളെ രോമാഞ്ച കഞ്ചുകധാരികളാക്കി. വിവരം അറിയിക്കാതെ, ഒന്നു ഫോണാൻപോലും മിനക്കെടാതെ 'ടപ്പോ'ന്നു ഞങ്ങൾ കയറിച്ചെല്ലുമ്പോൾ രാപ്പകൽ ആളൊഴിയാത്ത ആ പൂമുഖത്ത് അരങ്ങേറാനിടയായുള്ള രംഗങ്ങൾ സങ്കൽപ്പിച്ചപ്പോൾ ഞങ്ങളുടെ ശരീരത്തിലുടനീളം പുളകത്തിന്റെ പൊളകൻ പൊട്ടി. ഈ രോമാഞ്ചവും കോരിത്തരിപ്പും പൊളകനും ഞങ്ങളിൽ സർഗാത്മകമായ ഒരു പുതിയ അവബോധത്തിന്റെ ആദിബീജങ്ങളുയർത്തി.

ടാറണി റോഡിൽ തിളച്ചുമറിഞ്ഞ വെയിൽനാളങ്ങളുടെ അലകൾ മുറിച്ചു മുന്നോട്ടു നീന്തിയ കാറിന്റെ ചില്ലണി ജാലകങ്ങളിലൂടെ, പിന്നോട്ടു നീങ്ങിക്കൊണ്ടിരുന്ന പ്രകൃതി ദൃശ്യങ്ങൾ ഞങ്ങളെ ഹഠാദാകർഷിച്ചു. തെയ്തെയ് തുള്ളിച്ചാടുന്ന തൈത്തെങ്ങുകൾ, മരനീരിന്റെ വീര്യംകാട്ടുന്ന കേരവൃക്ഷങ്ങൾ, തുടർക്കഥപോലെ നീണ്ടുനീണ്ടുപോകുന്ന മലിനജലവാഹിനികളായ കായലുകൾ, 'ചത്തുനാറുന്ന ചകി'രിക്കുഴികളിൽ മൊട്ടിടുന്ന കുട്ടനാടൻ സൗന്ദര്യത്തിന്റെ നുണക്കുഴികൾ...

വഴിയിലൊരിടത്തു ജനം കൂട്ടംകൂടി നിൽക്കുന്നതു കണ്ടു കാർ നിർത്തി.

ജനക്കൂട്ടം ആദരവോടെ വഴിമാറിനിന്നു. ഞങ്ങൾ നോക്കി: എല്ലാവരും ഗ്രാമീണർ.

"എടാ അവ്വേ, ഒന്നു നീങ്ങി നിന്നേ. അവരു പടം പിടിച്ചോട്ടെ" - കൂട്ടത്തിലാരോ പറഞ്ഞു.

"എന്താണു സംഗതി?" ഞാൻ ചോദിച്ചു.

"ദാ കണ്ടോ... ഇതുതന്നെ" - ഒരു ചെറുപ്പക്കാരൻ വഴിയോരത്തു കിടന്നിരുന്ന ഒരു വലിയ പാറക്കഷണം ചൂണ്ടിക്കാട്ടി പറഞ്ഞു.

"ചേട്ടൻ കൊച്ചുന്നാളിൽ കുടിപ്പള്ളിക്കൂടത്തിൽ അക്ഷരം പഠിക്കാൻ പോകുമ്പം ഈ പാറപ്പുറത്തു കയറിനീന്നാ പതിവായി മൂത്രമൊഴിച്ചിരുന്നത്... ഇതുവരെ ഇക്കാര്യം ചേട്ടൻ ആരോടും പറഞ്ഞില്ലെന്നു മാത്രം..."

ഞാൻ ശ്രദ്ധിച്ചുനോക്കി. ഭാഗ്യം ചെയ്ത പാറ. അടുത്തും അകലെയും പാറക്കഷണങ്ങൾ വേറെയുമുണ്ടാവാം. പക്ഷേ, മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ചൂടും ചൂരും അനുഭവിക്കാനുള്ള ഭാഗ്യം ഈ പാറയ്ക്കു മാത്രം.

ഞാൻ ഭക്ത്യാദരപൂർവം ആ പാറ തൊട്ടു തലയിൽവച്ച്. ആരും കാണാതെ ഒരു കഷണം പൊട്ടിച്ചെടുത്തു പോക്കറ്റിലിട്ടു. എനിക്കതു സൂക്ഷിക്കണം - ഒരു നിധിപോലെ.

ഫോട്ടോഗ്രാഫർ വിവിധ ആംഗിളുകളിൽ ആ പാറയുടെ മുഖം ക്യാമറകൊണ്ട് ഒപ്പിയെടുത്തു.

"ഇതു നാളത്തെ പത്രത്തിൽ വരുമോ?" - ആരോ ചോദിച്ചു.

"ചുമ്മാതിരി" - കൂട്ടത്തിലൊരാൾ തിരുത്തി. "പത്രക്കാരല്ല, വാരികക്കാരാ. അവരെ കണ്ടാലറിഞ്ഞുകൂടേ?"

അനിർവചനീയമായ അനുഭൂതിയോടെ ഞങ്ങൾ കാറിൽ കയറി. കാർ നീങ്ങാൻ തുടങ്ങുമ്പോഴേക്കും പിൻവിളി:

"ദേ, ഒന്നു നിന്നാട്ടെ..."

കാർ നിർത്തി. ഞങ്ങൾ ഇറങ്ങി. അപ്പോൾ കണ്ടു.

ആരോ ചിലരെല്ലാം ചേർന്ന് ഒരു വൃദ്ധയെ താങ്ങിപ്പിടിച്ചുകൊണ്ടുവരുന്നു. അല്ല, വൃദ്ധ ഓടിവരുന്നു.

വൃദ്ധ - എഴുപതെൺപതു വയസ്സെങ്കിലും ആയിക്കാണും. പക്ഷേ, വല്ലാത്ത പ്രസരിപ്പ്. ടോപ്പ്ലസ് വേഷം. ആകർഷകമായ പുഞ്ചിരി.

"പത്രക്കാരാ, അല്യോ?" വൃദ്ധയുടെ ചോദ്യം.

"അതെ".

ഓഡിയൻസിനെ നോക്കി ഹൃദ്യമായി ചിരിച്ച ശേഷം ഒരിടത്തു സ്വസ്ഥമായി ഇരുന്ന്, സഞ്ചിയിൽനിന്നു മുറുക്കാനെടുത്തും ചവച്ചും തുപ്പിയും മുത്തശ്ശി ചോദിച്ചു.

"മക്കള് അങ്ങോട്ടു പോകുവാ, അല്ല്യോ?"

"എങ്ങോട്ട്?"

ഹ! കൊച്ചുശങ്കരനെ കാണാൻ, അല്ലാതെ പിന്നെ ഈ കാലത്ത് - "മുത്തശ്ശി ഇടം കണ്ണിട്ടു നോക്കി ചിരിച്ചു മുറുക്കി തുപ്പുന്നതിനിടയിൽ തുടർന്നു:

"ഞാനും കൊച്ചുശങ്കരനും കുടിപ്പള്ളിക്കൂടത്തിൽ ഒന്നിച്ചു പഠിച്ചതാ. ഒന്നിച്ചെന്നു വച്ചാല് ഒരുമിച്ച്... ഒരുമിച്ചു പോയി, ഒരുമിച്ചിരുന്ന്, ഒരുമിച്ചു തിരിച്ച്... അങ്ങനെ."

മൈ ഗോഡ്! എന്റെ മസ്തിഷ്കത്തിലൂടെ കൊള്ളിയാൻ മിന്നി. ഇതാര്? ദാറ്റ് ഓൾഡ് ലേഡി ലൗ?

പാസ്റ്റ് ഗ്ലോറി ഓഫ് ദ ഫസ്റ്റ് സ്റ്റോറി?

ഞാൻ ഫോട്ടോഗ്രാഫറെ കണ്ണുകാട്ടി. ക്യാമറ ഉടൻ കൺ തുറന്നു.

കുഞ്ഞുനാളിൽ എനിക്ക് എല്ലാ ദെവസവും തോട്ടിൽ നിന്ന് ആമ്പൽപ്പൂവ് പൊട്ടിച്ചു തന്നിരുന്നതു കൊച്ചു ശങ്കരനായിരുന്നു - മുത്തശ്ശി പഴയ കഥകൾ അയവിറക്കിയപ്പോൾ, ചുളിവുകൾ വീണ ആ കവിൾത്തടം മനഃപൂർവം തുടുത്തു; കുഴിഞ്ഞു കുണ്ടിൽ ചാടിയ മിഴികളിൽ പരൽമീൻ പറന്നു.

"ഒരു ദെവസം ആമ്പൽപ്പൂ പൊട്ടിക്കുമ്പം അവൻ തോട്ടിൽ വീണു. നീന്താൻ മേലാ. ഉടുതുണി അഴിഞ്ഞും പോയി. വലിച്ച് കയറ്റിയിട്ടും അവൻ കയറുന്നില്ല. എന്തുവാ? നാണം! അവസാനം, ഞാനൊരു പിടിയങ്ങു പിടിച്ചു കരയ്ക്കിട്ടു. ഹൊ! അപ്പോൾ അവന്റെ മൊഖമൊന്നു കാണണം" - മുത്തശ്ശി ഓർത്തോർത്തു ചിരിച്ചു.

ക്യാമറ ആർത്തിയോടെ ആ രംഗവും പകർത്തി.

"ദോഷം പറയരുതല്ലൊ. കൊച്ചുശങ്കരൻ അതൊന്നും മറന്നിട്ടില്ല. ഏതാണ്ടു വലിയ സമ്മാനം കിട്ടിയെന്നും പറഞ്ഞു ചിരിച്ചോണ്ടു വന്നു. കഴിഞ്ഞ ദെവസം അവൻ എനിക്ക് ഇരുപത്തഞ്ചു പൈസ തന്നു - ഐശ്വര്യമായി വെറ്റ മുറുക്ക് എന്നും പറഞ്ഞ്..."

മുത്തശ്ശിയോടു 'താങ്ക്യൂ" പറഞ്ഞു കാറിൽ കയറിയപ്പോൾ എനിക്കൊരു സംശയം. ഞാൻ ഉടനെ കാറിൽ നിന്നിറങ്ങി. മുത്തശ്ശിയെ അല്പം അകലേക്കു മാറ്റി നിർത്തി അടക്കം ചോദിച്ചു:

മുത്തശ്ശി ഈ കഥ മറ്റു പത്രക്കാരോടോ വാരികക്കാരോടോ പറഞ്ഞിട്ടുണ്ടോ?"

മുത്തശ്ശി എന്നെ നോക്കി കള്ളച്ചിരി ചിരിച്ചു.

"എടാ മക്കളേ... ഞാൻ അത്ര വിവരദോഷിയാണെന്നാണോ നിന്റെ വിചാരം? മറ്റു പത്രക്കാരോടും ഞാൻ പറഞ്ഞിട്ടൊണ്ട്. അതുപക്ഷേ, വേറെ കഥ. മക്കളു ധൈര്യമായി പോ..."

ഞങ്ങൾക്കു മനസ്സമാധാനമായി. ഞങ്ങളുടെ കാർ ആവുന്നത്ര വേഗതയിൽ മുന്നോട്ടു നീങ്ങി.

ഞങ്ങൾ ആ പൂമുഖത്തു ചെന്നു കയറുമ്പോൾ ഉണ്ടാകാൻ ഇടയുള്ള നാടകീയമായ രംഗങ്ങൾ ഒരു മധുരസ്വപ്നത്തിലെന്നപോലെ ഞാൻ സങ്കൽപിച്ച് നോക്കി:

ചേട്ടന്റെ പവിത്രമായ കാലടിപ്പാടുകൾ ചിതറിക്കിടക്കുന്ന മുറ്റത്ത്, ആൾക്കൂട്ടത്തിനിടയിൽ ഞങ്ങളുടെ കാർ ചെന്നു നിൽക്കുന്നു. ജനക്കൂട്ടം വഴിമാറുന്നു. അപ്പോഴേക്കും പൂമുഖത്ത് ആ സ്നേഹവാത്സല്യനിർഭരമായ ശബ്ദം മുഴങ്ങുന്നു.

"കാത്തേ, ദാ നോക്ക് ആരാ വന്നിരിക്കുന്നതെന്ന്... വന്നു നോക്കു കാത്തേ..." അത്രയും പറഞ്ഞ ശേഷം ഹൃദ്യമായി ചിരിച്ചുകൊണ്ടു സ്വാഗതം:

"വാ മക്കളേ വാ... നിങ്ങളെന്തുവാ ഇത്രേം വൈകിയത്? ഞാൻ നിങ്ങളെ ഇന്ന്ലേം കാത്തു; മിനിഞ്ഞാന്നും കാത്തു."

"ക്ഷമിക്കണം ചേട്ടാ-"

"എന്തോന്നു ക്ഷമ? എടാ വിവരം അറിഞ്ഞാൽ നിങ്ങളൊക്കെയല്ല്യോ ആദ്യം ഓടിയെത്തേണ്ടത്?

"ചേട്ടൻ എന്തു വേണമെങ്കിലും പറഞ്ഞോ. തല്ലിക്കൊന്നാലും ആക്ഷേപമില്ല. അതും സ്നേഹം കൊണ്ടാണെന്നു ഞങ്ങൾക്കറിയാം."

"ആ... ശരി... വാ, വാ... അകത്തോട്ടിരിക്ക്..."

"വാ, ഉണ്ണാൻ വന്നാട്ടെ" - കാത്തച്ചേച്ചിയുടെ കളകളാരവം.

"അയ്യോ വേണ്ട ചേച്ചീ. ഞങ്ങൾ ഉണ്ടതാ."

"എന്നു പറഞ്ഞാലൊക്കില്ല. എണീക്കെടാ" -ചേട്ടന്റെ നിർബന്ധം.

"ചേട്ടാ ഞങ്ങള്-"

"ദാണ്ടെ, വിളമ്പി. വന്ന് ഉണ്ടേ പറ്റൂ" - കാത്തച്ചേച്ചി വീണ്ടും.

നിലത്തു വിരിച്ച പുൽപായ. നാടൻ തൂശനില. കുട്ടനാടൻ പുഞ്ചനെല്ലിന്റെ അരികൊണ്ടുണ്ടാക്കിയ ചോറ്. രണ്ടിടങ്ങഴി കാളൻ, ഓലൻ, അവിയൽ, അനുഭവങ്ങൾ പാളിച്ചകൾ, പുളിയിഞ്ചി, ചെമ്മീൻ കറി, കയർ, വേപ്പിലക്കട്ടി... എത്രയെത്ര വിഭവങ്ങൾ...

ഞങ്ങൾ ആർത്തിയോടെ ഊണു കഴിച്ചു. വാസ്തവത്തിൽ അത്രയും നല്ല ഒരു ഊണ് അതിനു മുമ്പ് കഴിച്ചിട്ടില്ല എന്നു ഞങ്ങൾ ഒരു ഏമ്പക്കത്തോടെ ഓർത്തു.

ഊണു കഴിഞ്ഞപ്പോൾ ഞങ്ങൾ കൃത്യാന്തരബാഹുല്യക്കാരായി. ചേട്ടൻ വായിക്കാൻ ഇരിക്കുന്ന

തുപോലെ ഇരിക്കുന്നതിന്റെ പടം, ഉറങ്ങുന്നതുപോലെ കള്ളക്കണ്ണടച്ചു കിടക്കുന്ന പടം, വളരെ സീരയസായി റഷ്യൻ ഭാഷ എഴുതുന്നതുപോലെ ഇരിക്കുന്ന പടം, മുണ്ടഴിച്ച് ഉടുക്കുന്ന പടം, ബീഡി വലിക്കുന്ന പടം, മുറ്റത്തെ പൂക്കളോടു ചെക്കു ഭാഷയിൽ സ്വകാര്യം പറയുന്ന പടം, പാടശേഖര മേനോനെ നേരിട്ടു കാണുന്ന പടം, അങ്ങനെ സർവത്ര പടം - ക്യാമറ സത്യമായും വിയർത്തു.

ഞാനായതുകൊണ്ടു പറയുകയല്ല, എന്റെ അഭിമുഖം കലക്കി. ചേട്ടന്റെ ഓരോ കൃതിയുടെയും പേരുകൾ മാത്രമല്ല, ഇതിവൃത്തവും ഞാൻ ചേട്ടനിൽ നിന്നു തന്നെ ചോദിച്ചു മനസ്സിലാക്കി.

"അയ്യോ അതാ ചേട്ടാൻ, ചേട്ടൻ" - പെട്ടെന്നാണു കാറിനകത്തിരുന്നു ഫോട്ടോഗ്രാഫർ ഉച്ചത്തിൽ അലറിയത് കാർ നിന്നു. ഞങ്ങൾ ചാടി ഇറങ്ങി. അപ്പോൾ :

"ഊം എന്തുവാ?" - ചേട്ടന്റെ ചോദ്യം.

"ഞങ്ങൾ അങ്ങകലെ നിന്നു ചേട്ടനെ കാണാൻ വരുവാ".

"കാര്യം?"

"ചേട്ടനെ ഒന്നു കൺനിറയെ കാണാനും-"

"ഓഹോ, പത്രമാണ്, അല്ലേ?"

"അല്ല, വാരിക"

"ആട്ടെ, പേര്?"

"എന്റെ പേര് കോട്ടപ്പടി കുട്ടിരാമൻ. ഫീച്ചറുകളാണ് എന്റെ മാസ്റ്റർ പീസുകൾ. ഇദ്ദേഹം ഫോട്ടോഗ്രാഫർ വരിക്കാശ്ശേരി ഗോപാലൻ."

"ശരി, മക്കളൊരു കാര്യം ചെയ്യ്".

"എന്താ ചേട്ടാ?" - ഞങ്ങൾക്ക് ഉൽസാഹമായി.

"തൽക്കാലം എന്നെ ഒന്നു വെറുതെ വിട്... ദേ, നിങ്ങടെ അച്ഛനാവാനുള്ള പ്രായമുണ്ടല്ലോ എനിക്ക്... ആ സ്വാതന്ത്ര്യംവച്ചുകൊണ്ടു പറയുവാ... നിങ്ങളെങ്കിലും എന്നെയൊന്ന് ഒഴിവാക്ക്..."

"അയ്യേ ചേട്ടാ..."

"ഞാൻ പറയുന്നതൊന്നു കേൾക്ക്... നേരാംവണ്ണം ഒന്ന് ഉണ്ടിട്ടും ഉറങ്ങീട്ടും മാസം ഒന്നായി. സമയാസമയത്തു പല്ലുതേപ്പില്ല, കുളിയില്ല, അമർന്നിരുന്ന് ഒന്നു മുറുക്കിത്തുപ്പാൻപോലും സമ്മതിക്കില്ലെങ്കിലോ? പ്രസംഗിച്ച്, പ്രസംഗിച്ച്, പ്രസംഗിച്ച് ഇപ്പം പിന്നെ പ്രസംഗം എന്നു കേട്ടാല് മനം പുരട്ടിത്തുടങ്ങും... എന്നെപ്പറ്റിയുള്ള പ്രശംസ കേട്ട് കേട്ട് കേട്ട്... ഇപ്പൊ ചേട്ടാ എന്ന വിളി കേൾക്കുമ്പോൾതന്നെ-"

ഞങ്ങൾ നോക്കി നിൽക്കവേ, ചേട്ടൻ നടകൊണ്ടാൻ...

ആ വലിയ മനുഷ്യൻ ചെറിയ റോഡിന്റെ ഓരം ചേർന്നു നടന്നുപോകുന്ന രംഗവും ഫോട്ടോഗ്രാഫർ ക്യാമറയിൽ പകർത്തി. അപ്പോൾ ഞാൻ ഉടനെ എഴുതാൻ പോകുന്ന ഫീച്ചറിന്റെ ശീർഷകം മനസിൽ കുറിച്ചിട്ടു:

"അവിസ്മരണീയമായ ഏതാനും നിമിഷങ്ങളുടെ അപൂർവ കഥ".

## ഇരുപത്തിയേഴ്
# ആയിരം നാവുള്ള മഹാമൗനങ്ങളുടെ ചിലമ്പൊലികൾ...

**ഓ**ർമയിൽ ഇന്നും പച്ച പിടിച്ചു നിൽക്കുന്ന രണ്ടു മൂന്നു രംഗങ്ങൾ:

വർഷങ്ങൾക്കു മുമ്പ്, തൃശൂരിൽ നിന്നു പുറത്തിറങ്ങിക്കൊണ്ടിരുന്ന "നവജീവൻ" പത്രത്തിന്റെ ഓഫീസ് അന്ന് ഞാനതിന്റെ പത്രാധിപസമിതിയിലെ കന്നിപ്പയ്യനാണ്. "നവജീവ"ന്റെ സ്ഥാപക പത്രാധിപരായ പ്രൊഫ: മുണ്ടശ്ശേരി നിത്യവും രാവിലെയും വൈകുന്നേരവും ഓഫീസിൽ വരും. മുണ്ടശ്ശേരി മാസ്റ്റർക്കു മാത്രം. ഇരിയ്ക്കാനായി ഒരു ചാരുകസേരയുണ്ടായിരുന്നു ഓഫീസിൽ. മുറുക്കിത്തുപ്പാനുള്ള സൗകര്യത്തിന്, ജനലിന്റെ തൊട്ടടുത്തായിട്ടാണ് കസേരയുടെ കിടപ്പ്. രാവിലെ മിക്കവാറും മുണ്ടശ്ശേരി മാസ്റ്റർ ഒറ്റയ്ക്കാണ് വരാറുള്ളത്. എന്നാൽ വൈകുന്നേരത്തെ വരവ് മംഗളോദയത്തിലൂടെയാവും. അതുവഴി പ്രേംജി (എം.ആർ.ബി.) യുടെ സഹോദരനും കവിയും നടനും നാടകകൃത്തുമായ എം.പി. ഭട്ടതിരിപ്പാട്) യേയും കൂടെ കൂട്ടിയിട്ടുണ്ടാവും. ഓഫീസിൽ വന്ന്, ഒരു സ്ഥിരം ചടങ്ങെന്നപോലെ, പത്തൻസ് കഫെയിൽ നിന്ന് പഞ്ചസാരയിടാത്ത ചായയും നെയ്റോസ്റ്റും വരുത്താൻ നിർദ്ദേശിയ്ക്കും. പിന്നെ തിരി മുറിഞ്ഞ ചർച്ചയായി. നവജീവന്റെ പത്രാധിപന്മാരും മുണ്ടശ്ശേരി മാസ്റ്ററുടെ ശിഷ്യന്മാരുമായി ടി. കെ.ജി. നായർ, വി. അരവിന്ദാക്ഷൻ എന്നിവരും ചർച്ചയിൽ ചേരും. കവിത, കഥ, നോവൽ, നിരൂപണം, ചലച്ചിത്രഗാനം, രാഷ്ട്രീയം, സഹകരണം, വിദ്യാഭ്യാസം, കഥകളി, നാടകം, സാമ്പത്തികശാസ്ത്രം എന്നിങ്ങനെ മുണ്ടശ്ശേരി മാസ്റ്റർ കൈയെത്തിപ്പിടിച്ചിട്ടുള്ള ഏതാണ്ടെല്ലാ വിഷയങ്ങളും ചർച്ചയ്ക്കു വിധേയമാകും. ഇക്കൂട്ടത്തിൽ മാസ്റ്ററുടെ സവിശേഷമായ ഇഷ്ടാനിഷ്ടങ്ങൾ തലനീട്ടി പുറത്തു വരുന്നത് കേൾക്കാൻ ബഹുരസമാണ്. നോവൽ, കഥ എന്നൊക്കെ മാസ്റ്റർ പറയുമ്പോൾ പലപ്പോഴും അതിന്റെ അർത്ഥം ബഷീറിന്റേയോ തകഴിയുടേയോ കൃതികൾ എന്നത്രെ. നിരൂപണം, കുട്ടികൃഷ്ണമാരാരുടെ തന്നെ. കഥകളിയും നാടകവും മാസ്റ്റർ ഒരൊറ്റ കേന്ദ്രബിന്ദുവിൽ നിബന്ധിയ്ക്കും: ഉണ്ണായിവാര്യരുടെ നളചരിതത്തിൽ കവിതയെപ്പറ്റിയും ചലച്ചിത്രഗാനങ്ങളെപ്പറ്റിയും പറയുമ്പോൾ, മാസ്റ്റർ കാളിദാസനേയും വൈലോപ്പിള്ളിയേയും ഇടശ്ശേരിയേയും ഇടയ്ക്കിടയ്ക്ക് എടുത്തെടുത്തു പറയാറുണ്ടെങ്കിലും വിടാതെ പറയുന്ന ഒരു വാചകമുണ്ട്:

"എടോ ആ വയലാറിന്റെ ഒരു കവിത വായിച്ചു ഈയിടെ. കൊള്ളാം. മറ്റു പല കവിതകളിലും കാണാത്ത, കേൾക്കാത്ത എന്തോ ഒന്നതിലുണ്ട്. താനതൊന്നു വായിക്കണം." അത്രയും പറഞ്ഞ് ഏതാണ്ടൊരു ആത്മഗതമെന്നോണം മാസ്റ്റർ പറയുന്നതു കേൾക്കാം: "ആരെന്തൊക്കെ പറഞ്ഞാലും അയാളൊരു ജീനിയസ്സാണ്-"

ഒറ്റയ്ക്കിരുന്ന് സ്വയം എഴുതാനുള്ള ബുദ്ധിമുട്ടു കാരണം മുണ്ടശ്ശേരി മാസ്റ്റർ ലേഖനങ്ങൾ പറഞ്ഞു കൊടുത്ത് എഴുതിപ്പിയ്ക്കുകയാണ് പതിവ്. കുറെയേറെക്കാലം പ്രേംജിയാണ് എഴുതിയിരുന്നത്. പിന്നീടാണ് എന്നെ മാസ്റ്റർ ഒരു എഴുത്തുകാരനായി തെരഞ്ഞെടുത്തത്.

പതിവുപോലെ, ഒരു ദിവസം രാവിലെ മാസ്റ്റർ നവജീവൻ ഓഫീസിൽ കയറി വന്നു കൈകളിൽ ഏതാണ്ടൊരു ഡസൻ മലയാള കവിതാ സമാഹാരങ്ങളുമുണ്ടായിരുന്നു. വന്നു കയറിയ, ഉടൻ പറഞ്ഞു:

"എടോ കൃഷ്ണൻകുട്ടി, താനൊന്നിങ്ങോട്ടു വര്വാ. ഒരു സാധനം എഴുതാനുണ്ട്-"

ഞാൻ മാസ്റ്ററുടെ അടുത്തുചെന്ന് എഴുതാൻ ഒരുങ്ങിയിരുന്നപ്പോൾ, അച്ചടിച്ച ചില ഫോറങ്ങൾ തന്ന് മാസ്റ്ററ് പറഞ്ഞു:

"കോൺഫിഡൻഷ്യലാണ്. താനിത് പുറത്താരോടും പറയണ്ട-"

അപ്പോഴാണെനിയ്ക്കു കാര്യം മനസ്സിലായത്. കേരള സാഹിത്യ അക്കാദമിയുടെ അവാർഡിന് കവിതാ പുസ്തകം തെരഞ്ഞെടുക്കുന്ന ജഡ്ജിമാരിലൊരാളായിരുന്നു മാസ്റ്റർ. അതിന്റെ ഫൈനൽ റിപ്പോർട്ടു തയ്യാറാക്കാനാണ് മാസ്റ്റർ വന്നിട്ടുള്ളത്. റിമാർക്സ് എന്ന കോളത്തിൽ പല പുസ്തകങ്ങളെപ്പറ്റിയും മാസ്റ്ററുടെ അനുകരണീയമായ ശൈലിയിൽ, തൊട്ടാൽ പൊള്ളുന്ന മട്ടിലുള്ള അഭിപ്രായങ്ങൾ ഊർന്നുവീണു. അവസാനം, മാസ്റ്റർ പ്രത്യേകം മാറ്റിവച്ചിരുന്ന പുസ്തകത്തെപ്പറ്റിയുള്ള അഭിപ്രായമായി. മാസ്റ്ററ്, ഒന്നു മുറുക്കിത്തുപ്പി, പതിവുപോലെ ഒരു മൂക്കിൽ മാത്രം അസാരം പൊടിവലിച്ച് അമർന്നിരുന്നു. എന്നിട്ടു പറഞ്ഞുതുടങ്ങി:

"പറയാൻ തന്റേതായ ചില കാര്യങ്ങളും തനതായ ഒരു ദർശനവുമുണ്ടാവുക. അതു തന്റേതായ ശൈലിയിൽ പറഞ്ഞുവയ്ക്കുക. ഒരു യഥാർത്ഥ കവിയ്ക്കുണ്ടായിരിയ്ക്കേണ്ട ഈ അപൂർവ്വസിദ്ധികൾ കൊണ്ട് അനുഗൃഹീതനാണ് ഈ മനുഷ്യൻ-"

ആ കവിതാസമാഹാരം വയലാർ രാമവർമയുടെ "സർഗസംഗീത"മായിരുന്നു. 1961-ലെ കേരള സാഹിത്യ അക്കാദമിയുടെ അവാർഡു കരസ്ഥമാക്കിയതും "സർഗസംഗീത"മായിരുന്നു. അന്ന്, അഭി

പ്രായം രേഖപ്പെടുതിയതിനുശേഷം, മാസ്റ്റർ എന്നോടു പറഞ്ഞു:

"താൻ അതിൽ ഞാനടയാളപ്പെടുത്തിയിട്ടുള്ള ഒന്നു രണ്ടു ശ്ലോകങ്ങൾ വായിക്ക്ാ-."

ഞാൻ വായിച്ചു; വായിക്കുമ്പോൾ മാസ്റ്റർ ലയിച്ചിരുന്നു കേട്ടു.

ആരണ്യാന്തരഗഹ്വരോദരതപ-
സ്ഥാനങ്ങളിൽ, സൈന്ധവോ-
ദാരശ്യാമമനോഭിരാമപുളിനോ-
പാന്ത തപ്രദേശങ്ങളിൽ,
ആരന്തർമ്മുഖമിപ്രപഞ്ചപരിണാ-
മോത്ഭിന്നസർഗ്ഗക്രിയാ-
സാരം തേടിയലഞ്ഞു പ;-ണ്ടവരിലെ-
ച്ചൈതന്യമെൻദർശനം.

* * *

വീണക്കമ്പികൾ മീട്ടി മാനവമനോ-
രാജ്യങ്ങളിൽച്ചെന്നു ഞാൻ;
നാണത്തിന്റെ കിളുന്നുകൾക്കു നിറയെ-
പ്പാദസ്വരം നല്കുവാൻ!
കാടത്തത്തെ മനസ്സിലിട്ടു കവിയായ്
മാറ്റുന്ന വാല്മീകിമു;
ണ്ടോടപ്പുൽക്കുഴലിന്റെ ഗീതയെഴുതി-
സ്സൂക്ഷിച്ച പൊന്നോലയും;

* * *

ഓരോ ജീവകണത്തിനുള്ളിലുമുണർ-
ന്നുദ്ദീപ്തമായ്, ധർമ്മസം-
സ്താരോപാസനശക്തിയായ്, ചിരതപ-
സ്സങ്കല്പസങ്കേതമായ്,
ഓരോ മാസ്മരലോകമു;ണ്ടതിലെനി-
യ്ക്കെന്നന്തരാത്മാവിലെ-
ത്തേരോടിക്കണ,മെന്റെ കാവ്യകലയെ-
ക്കൊണ്ടാകുവോളം വരെ!

ഇനി, മറ്റൊരു രംഗം. ഒരു നാൾ വൈകുന്നേരം മുണ്ടശ്ശേരി മാസ്റ്റർ, നവജീവനിലേക്കു കയറിവന്നപ്പോൾ, കൂടെ മണിക്കിലുക്കംപോലെ വർത്തമാനം പറഞ്ഞു ഉറക്കെച്ചിരിയ്ക്കുന്ന, ചൊറുചൊറുക്കുള്ള വയലാർ രാമവർമയും കൂടെയുണ്ടായിരുന്നു. വന്നപാടെ മുണ്ടശ്ശേരി മാസ്റ്റർ ചിരിച്ചു പറഞ്ഞു.

"എടോ ടീക്കേജീ, ഈ വിദ്വാനെ വഴിയ്ക്കുവച്ചു വീണുകിട്ടിയതാണ്. ഞാനിയാളെ വിടാതെ പിടിച്ചു കൊണ്ടുവന്നു-" ഉടനെ വന്നു വയലാറിന്റെ മറുപടി:

"ഇനിയിപ്പോൾ നിരൂപണത്തിന്റെ തണലിൽ നിന്നാലേ രക്ഷയുള്ളു. തല്ലുകൊള്ളാതെ കഴിയണമല്ലൊ-"

തുടർന്ന്, ഏതാനും മണിക്കൂർനേരം, പത്രം ഓഫീസ് അനൗപചാരികമെങ്കിലും അതീവശ്രദ്ധേയമായ, രസകരമായ ഒരു ചർച്ചാവേദിയായി മാറി. ചർച്ചയിൽ പ്രധാനമായും പങ്കെടുത്തത് മുണ്ടശ്ശേരി മാസ്റ്ററും വയലാറും തന്നെയായിരുന്നു. ഞങ്ങൾ, കേൾവിക്കാരായി ചുറ്റും കൂടി.

"നവജീവൻ" അപ്പോൾ ഓണം വിശേഷാൽ പതിപ്പിന്റെ പണിത്തിരക്കിലായിരുന്നു. രണ്ടു രണ്ടര മണിക്കൂർ നേരത്തെ ചർച്ചയ്ക്കുശേഷം, മുണ്ടശ്ശേരി മാസ്റ്ററും വയലാറും പോകാനൊരുങ്ങുകയായി എന്ന ഘട്ടം വന്നപ്പോൾ ഞാൻ പതുക്കെ പറഞ്ഞു.

"ഞങ്ങൾക്ക് കവിത തന്നില്ല."

"തരാം. ഞാൻ അയച്ചുതരാം."

അപ്പോൾ, ടി.കെ.ജി. ഇടപെട്ടു:

"കുട്ടൻ ഇതും പറഞ്ഞുപോകും. കവിതയൊട്ടയ്ക്കുകയുമില്ല."

അപ്പോഴതാ, മുണ്ടശ്ശേരി മാസ്റ്ററുടെ ശുപാർശ:

"എന്തെങ്കിലുമൊന്നെഴുതിക്കൊടുക്കെടോ-"

"ഇപ്പോഴോ?"

"എന്താ, ഇപ്പോൾ എഴുതിക്കൂടേ?"

"വെല്ലുവിളിയാണോ?" വയലാർ ചിരിച്ചു ചോദിച്ച് തുടർന്നു: "ആണെങ്കിൽ സ്വീകരിയ്ക്കുന്നു - "കുറച്ചു കടലാസ് കൊട്-"

കടലാസുമായി, വയലാർ എഴുതാനിരിയ്ക്കുന്നതുവരെ ഞാനതൊരു തമാശയായേ കരുതിയുള്ളൂ. പക്ഷേ, വയലാർ ഗൗരവമായി എഴുതാനൊരുങ്ങുകയാണ് അപ്പോൾ, തന്റെ ചാരുകസേരയിൽ നിന്നെഴുന്നേറ്റ്, മുണ്ടശ്ശേരി മാസ്റ്റർ പറഞ്ഞു.

"എടോ, താൻ എഴുതാൻതന്നെയാണു ഭാവം എന്നുണ്ടെങ്കിൽ ഈ കസേരയിൽ സ്വസ്ഥമായിരുന്നിട്ടെഴുതാ - ഞാനങ്ങോട്ടിരിയ്ക്കാം-"

വയലാർ അന്ന് മുണ്ടശ്ശേരി മാസ്റ്ററുടെ കസേരയിൽ ഇരുന്നു. എഴുതി. തന്നു. "തപസ്സ്" എന്ന ആ കവിതയുടെ തുടക്കം ഇങ്ങിനെയായിരുന്നു:

"മരാളകന്യകമാരുടെ നടുവിൽ
മനസ്സരസ്സിൻ കടവിൽ
തപസ്സുചെയ്യുകയല്ലോ ഞാനി-
ത്താമരവള്ളിക്കുടിലിൽ-
നിറഞ്ഞുപൊട്ടും നീർക്കുമിളകളിൽ
നിന്നു തുടിപ്പു കാലം;
തരംഗമാലകൾതോറും മന്വ-
ന്തരങ്ങൾ നീന്തിനടന്നൂ-"
ഒരു കൂടിക്കാഴ്ച

മൂന്നാമതൊരു രംഗം. മഞ്ഞിലാസിന്റെ

“പുനർജ്ജന്മം” എന്ന ചലച്ചിത്രത്തിന്റെ അമ്പതാം ദിവസം ആഘോഷിക്കുന്നതിനോടനുബന്ധിച്ച് നിർമാതാവ് എം.ഒ. ജോസഫിന്റെ കൂടെ വയലാറും കോഴിക്കോട്ടു വന്നിരുന്നു. വന്നതറിഞ്ഞ് രാവിലെ ഞാൻ അളകാപുരിയിലേക്ക് ഫോൺ ചെയ്തു. ശബ്ദം കൊണ്ട് ആളെ മനസ്സിലാക്കിയ ഞാൻ മനഃപൂർവം ചോദിച്ചു.

കുട്ടേട്ടനല്ലേ?

അതെ. നീ?

ഞാൻ പേരു പറഞ്ഞു. എന്നിട്ട് ചോദിയ്ക്കയും ചെയ്തു: മനസ്സിലായോ ആവോ?

അപ്പോൾ നിഷ്ക്കളങ്കമായ ചിരികലർന്ന മറുപടി:

എടാ മോനേ, ഞാനങ്ങിനെ മനുഷ്യരെ മറക്കുന്ന കൂട്ടത്തിലല്ല... ആട്ടെ, നീയിങ്ങോട്ടുവാ.

ഞാനും എന്റെ ഒരു സുഹൃത്തുംകൂടി ചെന്നു. മുറിയിൽ ശ്രീ ജോസഫ് ഒരു കസേരയിൽ ഇരുന്ന് ആർക്കോ ഫോൺ ചെയ്യുന്നു. വയലാർ, ഒരു കിടക്കയിൽ കിടക്കുന്നു. ചെന്നു. കണ്ടു. ചിരിച്ചു. എന്നെ കിടക്കയിൽ പിടിച്ചിരുത്തി. ശ്രീ ജോസഫിനു പരിചയപ്പെടുത്തി. തുടർന്ന് എന്നോട്.

നീ എഴുതുന്ന പലതും വായിക്കാറുണ്ട്. കൊള്ളാം–

തുടർന്ന് അല്പം കുശലപ്രശ്നം. ടി.കെ.ജി., കെ.ആർ. ചുമ്മാർ, എം.എസ്സ്. ശ്രീധരൻ എന്നിവരെപ്പറ്റി സ്നേഹാന്വേഷണം.

പോരാൻ നേരത്ത് ഞാൻ വയലാറിന്റെ കൈ പിടിച്ചു. പെട്ടെന്ന് എന്റെ വയറൊന്നു കാളി. ആ കൈവിരലുകൾ എന്റെ കൈയിലേക്ക് ഊരിപ്പോരുമോ? പഞ്ഞികൊണ്ടുണ്ടാക്കിയ വിരലുകൾപോലെ–

വയലാർ രാമവർമ എന്ന കവി മരിച്ചു. കാലം അതുകൊണ്ടഹങ്കരിയ്ക്കട്ടെ. പക്ഷെ, അഹങ്കാരിയായ കാലത്തിനെ അതിജീവിക്കുന്നവയാണ് വയലാർ കവിതകൾ. കാലത്തിനൊരു പോറൽപോലും അവയിലേല്പിയ്ക്കാനാവില്ല.

മലയാള കാവ്യരംഗത്ത് മഹാകവി ചങ്ങമ്പുഴയുടെ സൗവർണസുരഭിലമായ കാലഘട്ടത്തിനുശേഷം, ചുവന്നുതുടുത്ത പ്രഭാതം വിടർത്തിയ നക്ഷത്രത്രയം പി. ഭാസ്കരനും വയലാറും ഒ.എൻ.വി.യുമാണല്ലോ. ഇവരേക്കാൾ മൂപ്പും മുഴക്കവുമുള്ള പലരും എഴുതിക്കയറിക്കൊണ്ടിരുന്നപ്പോൾത്തന്നെ, തങ്ങളുടേതായ പാതയിലൂടെ ഇവർ മൂവരും ചേർന്ന് കവിതയ്ക്ക് പുതിയ ചില മാനങ്ങൾ കണ്ടെത്തി; പുതിയൊരു കാവ്യസംസ്കാരം ഊട്ടി വളർത്തുകയും ചെയ്തു. അതാവട്ടെ, മലയാളികളുടെ മനസ്സിലും ചുണ്ടിലും അന്നെന്നപോലെ ഇന്നും നിറഞ്ഞു തുളുമ്പിനില്ക്കുന്നു.

കവിതയിൽ, സാധാരണക്കാരായ മനുഷ്യരുടെ ജീവിതാനുഭവപരമ്പരകൾ അസാധാരണമായ കാവ്യശില്പ കലാചാതുരിയോടെ അവതരിപ്പിച്ച വയലാർ, ആധുനിക ശാസ്ത്രത്തിന്റെ സംഭാവനകളേയും തന്റെ കവിതകളിൽ സമന്വയിപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ, എടുത്തുപറയാവുന്ന ഒരു മുൻഗാമി മഹാകവി വൈലോപ്പിള്ളിയത്രെ. വിസ്തരഭയത്താൽ വിശദീകരിയ്ക്കുന്നില്ല.

എന്നാൽ വിസ്തരിയ്ക്കാതിരിയ്ക്കാൻ വയ്യാത്ത ഒരു രംഗമുണ്ട്: ചലച്ചിത്രഗാന മേഖല, “നീയെൻ ചന്ദ്രനേ, ഞാൻ നിൻ ചന്ദ്രിക–” എന്ന മട്ടിൽ, ആവരണമില്ലാത്ത അനുകരണത്തിന്റെ അന്ധകാരത്തിൽ കഴിഞ്ഞുകൂടിയിരുന്ന മലയാള ചലച്ചിത്രഗാനങ്ങളെ, അഞ്ജനക്കണ്ണെഴുതിയും ആലിലത്താലി ചാർത്തിയും മധുരോദാരങ്ങളായ മലയാള കവിതകളുടെ അന്തഃപുരത്തിലേയ്ക്കെത്തിച്ചത് പി. ഭാസ്കരനാണല്ലൊ. തൊട്ടു പുറകെ കയറിക്കടന്നുവന്ന വയലാറാണ് പിൽക്കാലത്ത് ഈ ഗാനങ്ങൾക്ക്, ഭാസ്കരന്റെ തന്നെ ഭാഷയിൽ പറഞ്ഞാല്, വർണ്ണവും സുഗന്ധവും നൽകിയത്. ഭാവം, രാഗം, താളം എന്നിവയുടെ ത്രിവേണീ സംഗമമായിരുന്നു വയലാറിന്റെ ഭൂരിഭാഗം ഗാനങ്ങളും. ലാളിത്യവും ലയാനുഭൂതിയും മണിച്ചിലങ്കയണിഞ്ഞ പദങ്ങളുടെ മായാത്ത മാറ്റൊലിയും അവയുടെ മുഖമുദ്രകളായിരുന്നു വേദോപനിഷത്തുകൾ മുതൽ വർഗ്ഗസമരസിദ്ധാന്തം വരെ ആ ഗാനങ്ങളിലുടക്കിക്കിടക്കുന്നതു കാണാം. പാരിജാതം തിരുമിഴി തുറക്കുന്ന അപൂർവ നിമിഷങ്ങളുടെ അനുഭൂതിയും, പത്മതീർത്ഥങ്ങളെ പാടിയുണർത്തുന്ന അസുലഭസിദ്ധിയും, പീലി വിടർത്തിയാടുന്ന ഇളംമുളം കാടിനിടയിലൂടെ കുടിലിനകത്ത് പൊൻനാണയങ്ങൾ വാരി വിതറുന്ന ഇളവെയിലിന്റെ ഭംഗിയും, ശില്പഗോപുരം തുറന്നുവച്ചു; തന്റെ ച്ക്രവർത്തിനിയോട് പുഷ്പപാദുകം അഴിച്ചുവച്ച് നഗ്നപാദയായി അകത്തു വരാൻ അർഥിയ്ക്കുന്ന കവിയുടെ, കാമുകന്റെ മൂകാനുരാഗവേദനയും, ആദിമമന്ത്രമായ ഓംകാരത്തിനകത്തു ഉറങ്ങിക്കിടക്കുന്ന സ്വരബീജത്തിന്റെ ഇതൾ വിടർത്തുന്ന നാദോപാസനയും, മനുഷ്യൻ സൃഷ്ടിച്ച മതങ്ങൾ പിന്നീട് മനുഷ്യനെ സംഹരിയ്ക്കുന്നതു കണ്ടുണ്ടായ ഹൃദയവേദനയും – ഇങ്ങിനെ എടുത്തെടുത്തു പറയുവാൻ തുടങ്ങിയാൽ ഒരിടത്തൊതുക്കിനിർത്താനാവില്ല.

എല്ലാം കതിതരുകൾ, കതിരുകൾ മാത്രം – അതാണോ ഇപ്പറഞ്ഞതിനർഥം. അല്ല. പതിരുകളുമുണ്ട്. പക്ഷെ, കനമുള്ള ആ കതിർക്കുലകളുടെ മുമ്പിൽ പതിരുകൾ നിസ്സാരമത്രെ.

എന്നാൽ ഒന്നു പറഞ്ഞേ തീരൂ; വയലാറിന്റെ ഭക്തിഗാനങ്ങൾ. ഒരിയ്ക്കലും ഒരു ഭക്തനായി അറിയപ്പെടാത്ത, അറിയപ്പെടാനാഗ്രഹിച്ചിട്ടില്ലാത്ത വയലാറിന്റെ ഭക്തിഗാനങ്ങളെല്ലാം ഒരുപോലെ ശ്രദ്ധേയമത്രെ. പടകുടീരങ്ങളിലെ രക്തസാക്ഷികളുടെ സ്മരണയ്ക്ക്, സമരപുളകങ്ങളുടെ സിന്ദൂരമാലകൾ ചാർത്തുന്ന അതേ ആത്മാർത്ഥതയോടെ, ആവേശത്തോടെ, അർപ്പണമനോഭാവത്തോടെയാണ് വയലാർ ഭക്തിഗാനങ്ങളും എഴുതിയിരുന്നത്. "ചെമ്പരത്തി"യിലെ, "ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ-" എന്ന ഗാനംപോലെ ആദ്യന്തം മനോഹരമായ ഒരു ഗാനം ശബരിമല അയ്യപ്പനെപ്പറ്റി അതിനു മുമ്പുണ്ടായിട്ടില്ല. അഥവാ, ഉണ്ടായിട്ടുണ്ടെങ്കിൽ, അതും വയലാറിന്റെ തന്നെ രചനകളാണ്. ചിത്രം നീലയുടെ സ്വാമി അയ്യപ്പൻ. പമ്പയിൽ കുളിച്ചുതോർത്തി, ഉള്ളിലുറങ്ങും അമ്പലക്കിളിയെ ഉണർത്തി, പുണ്യപാപച്ചുവടുകളാം ഇരുമുടിക്കെട്ടുമായി പൊന്നമ്പല മല ചവിട്ടാനും പത്മരാഗപ്രഭ വിടർത്തുന്ന തൃപ്പദങ്ങൾ ചുംബിയ്ക്കും കൃഷ്ണതുളസിപ്പൂക്കളാവാനും വരുന്ന ഭക്തന്റെ ഗാനം ഒരു യഥാർത്ഥ ഭക്തകവിയ്ക്കേ എഴുതാനാവൂ. അതുപോലെത്തന്നെ, "ശബരിമലയിൽ തങ്ക സൂര്യോദയം, ഈ - സംക്രമപ്പുലരിതന്നഭിഷേകം," "തേടിവരും കണ്ണുകളിൽ ഓടിയെത്തും സ്വാമി- തിരുവിളക്കിൻ കതിരൊളിയിൽ കുടിയിരിക്കും സ്വാമീ-" എന്നീ ഗാനങ്ങളിലും നിറഞ്ഞു നിൽക്കുന്ന ഭക്തിഭാവം എത്ര ഹൃദ്യമാണ്, 'ആയിരം നാവുകളുള്ള മഹാ മൗനമേ' എന്ന് വയലാർ തന്നെ ഒരിയ്ക്കൽ ആവേശപൂർവ്വം വിളിച്ച ശ്രീ ഗുരുവായൂരപ്പൻ ഈ കവിയ്ക്ക് എന്നും ഒരു ഉറവുവറ്റാത്ത കാവ്യപ്രചോദനമായിരുന്നു. ഒരിയ്ക്കൽ കേട്ടാൽ, ഗുരുവായൂരപ്പൻപോലും ഏറ്റു പാടിപ്പോകുന്ന "തെച്ചി മന്ദാരം തുളസി-" യും ഗുരുവായൂരപ്പന്റെ ഭക്തനായ യേശുദാസനെ മനസ്സിൽക്കണ്ടെഴുതിയതാണെന്നു തോന്നിയ്ക്കുന്ന "ഗുരുവായൂരമ്പല നടയിൽ ഒരു ദിവസ-"വും ഇക്കൂട്ടത്തിലുൾപ്പെടുന്നു.

ഈ ഓർമക്കുറിപ്പുകൾ നീട്ടുന്നില്ല. "സർഗ്ഗസംഗീത"ത്തിന് പ്രൊഫ. മുണ്ടശ്ശേരി എഴുതിയ പ്രൗഢമായ അവതാരികയിൽ നിന്നും ഏതാനും വരികൾ ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിയ്ക്കട്ടെ.

"ചോരയും നീരുമുള്ള ശബ്ദങ്ങളുപയോഗപ്പെടുത്തി തനിയ്ക്കുള്ളിൽ കുരുക്കുന്ന ആശയങ്ങൾ ഒതുക്കി പ്രതിപാദിച്ച് ഫലിപ്പിയ്ക്കുന്നതിൽ വയലാറിന് വിശേഷിച്ചൊരു വാസനയുണ്ട്... നാടൻ ശീലുകളിൽ സൂക്ഷിച്ചു പദരചന ചെയ്താശയാവിഷ്ക്കരണം നടത്തുമ്പോൾ നൈസർഗ്ഗികമായി കൈവരുത്തേണ്ട ഗാനമാധുരിയുടെ കാര്യത്തിൽ അദ്ദേഹം തികച്ചും അനുഗൃഹീതനാണ്. ചങ്ങമ്പുഴക്കളരിയിൽ പയറ്റിത്തെളിഞ്ഞവർക്ക് സ്വതേയുള്ള സിദ്ധികളാണെന്നിരുന്നാലും ഇതെല്ലാം വയലാറിന്റെ കൈയിൽ സ്വായത്തകൗശലങ്ങളെന്നോണം ഇക്കുറഞ്ഞ കാലത്തിനകം വിശേഷവൽക്കൃതങ്ങളായിട്ടുണ്ട്-"

ആയിരംനാവുള്ള മഹാമൗനങ്ങളുടെ ചിലമ്പൊലികൾ ഇനി മലയാള ഭാഷയിൽ കേൾപ്പിക്കാനാരുണ്ട്?

# ഇരുപത്തിയെട്ട്
# ജനമദ്ധ്യത്തിലൂടെ ഒരു ജൈത്രയാത്ര
# നേതാവിന്റെ ഒരു ദിവസം

**ഒരു ഓർമക്കുറിപ്പ്:**

ഭരണാധികാരത്തിന്റെ ഭാരം വലിയ്ക്കുമ്പോഴും തെരഞ്ഞെടുപ്പ് മത്സരത്തിന്റെ ഞെരുക്കങ്ങളിലകപ്പെട്ട് തളരുമ്പോഴും, എന്നുവേണ്ട സദാസമയത്തും പ്രസന്നവും നർമമധുരവുമായ സഹൃദയത്വം കാത്തു സൂക്ഷിച്ചിരുന്ന ശ്രീ. സി.എച്ച്. മുഹമ്മദ് കോയ ഇന്ന് മരണമില്ലാത്ത ഓർമയാണ്. പത്രപ്രവർത്തനത്തിലെന്നപോലെ സാഹിത്യത്തിലും താൽപ്പര്യമുള്ള ഒരാളാണ് ഞാൻ എന്ന് മനസ്സിലായ നിമിഷം മുതൽ എന്നോട് പ്രത്യേക വാത്സല്യം കാണിച്ചിട്ടുള്ള ഒരു വലിയ മനുഷ്യന്റെ നിത്യസ്മരണയ്ക്കു മുമ്പിൽ അർപ്പിക്കുന്ന ചെറിയ പുഷ്പചക്രമാണ് ഈ ലേഖനം

ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി

"പ്രഭാതം പൊട്ടിവിടരുന്നതോടെ" എന്നോ, "ആ സുപ്രഭാതത്തിൽ" എന്നോ ആലങ്കാരികമായി പറഞ്ഞു സി.എച്ച്.മുഹമ്മദ്കോയ എന്ന ഉന്നത മുസ്ലീംലീഗ് നേതാവിന്റെ ഒരു ദിവസം വിവരിച്ചുതുടങ്ങാനാവില്ല. കാരണം, തലേന്നുരാവിലെ ആരംഭിച്ച തെരഞ്ഞെടുപ്പുപര്യടനവും അഖണ്ഡ പ്രസംഗയജ്ഞവും കഴിഞ്ഞു സി.എച്ച്. ഒന്നു മയങ്ങാൻ കിടന്നത് കിഴക്ക് വെള്ളകീറുമ്പോഴാണ്. പിന്നീട്, സൂര്യൻ ഉദിച്ചൊരുങ്ങി പ്രയാണം തുടങ്ങുമ്പോഴേയ്ക്കും സി.എച്ച്. കുളിച്ചുടുത്തൊരുങ്ങി അന്നത്തെ യാത്രയ്ക്കു തയ്യാറായിട്ടുണ്ടാവും!

കോഴിക്കോട് നടക്കാവിലുള്ള വസതിയിൽ നിന്ന് ഞായറാഴ്ച സി.എച്ചിന്റെ ഒരു ദിവസം തുടങ്ങിയതും അങ്ങനെയാണ്, തലേന്ന് കണ്ണൂർ ജില്ലയിലായിരുന്നു ഇലക്ഷൻ പര്യടനം. ജില്ലയുടെ ആഴങ്ങളിൽ കിടക്കുന്ന മാട്ടൂലിലെ പൊതുസമ്മേളനത്തിലെ പ്രസംഗം കഴിഞ്ഞു വീട്ടിലെത്തിയപ്പോൾ സമയം പുലർച്ചെ നാലുമണി! എന്നിട്ടും രാവിലെ എട്ടുമണിയായപ്പോഴേക്കു കോഴിക്കോട് ജില്ലയിലെ പര്യടനത്തിനു സി.എച്ച്. തയ്യാറായിക്കഴിഞ്ഞു! സി.എച്ചിനെ കൈയിൽക്കിട്ടിയാൽ, അനുയായികളും ആരാധകരും സ്ഥലകാലബോധം മറക്കും എന്നറിയാവുന്ന ലീഗ് സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ബി.വി. അബ്ദുള്ളക്കോയയും അപ്പോഴേയ്ക്കും എത്തി. ലീഗിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ അമരക്കാരനായ ബി.വി. പര്യടന പരിപാടിയുടെ പകർപ്പുമായി ഒപ്പമുണ്ടായിരുന്നു. ഒരു പയലാട്ട് കാറിൽ സിറ്റി ലീഗ് സെക്രട്ടറി എം.കെ.അബ്ദുള്ളക്കോയയുൾപ്പെട്ട സംഘവും. അതുകൊണ്ട് സി.എച്ചിനെ ഏതാണ്ടെല്ലായിടത്തും നിശ്ചയിച്ച സമയത്തെത്തിക്കാൻ സാധിച്ചു.

സി.എച്ച്. മുഹമ്മദ്കോയ മുൻ സ്പീക്കറാണ്. മുൻ ആഭ്യന്തരമന്ത്രിയാണ്, മുൻ വിദ്യാഭ്യാസ മന്ത്രിയാണ്, മുൻ എം.പി.യാണ്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെയും കേരള സ്റ്റേറ്റ് ലീഗിന്റെയും ജനറൽ സെക്രട്ടറിയാണ്, സരസനായ വാഗ്മിയാണ്, സമർത്ഥനായ സംഘാടകനാണ്. എല്ലാറ്റിനും പുറമെ, അക്ഷരാർഥത്തിൽത്തന്നെ മുസ്ലീങ്ങളുടെ കണ്ണിലുണ്ണിയുമാണ്. ഇപ്പറഞ്ഞ വിവിധ പദവികൾ അരുളുന്ന ഗ്ലാമർ പൂർണമായും ഇന്നും സി.എച്ചിൽ ഒളിചിതറുന്നുവെന്ന് അദ്ദേഹത്തിന്റെ കൂടെ ഒരു മണിക്കൂറെങ്കിലും ചെലവഴിക്കുന്ന ആർക്കും വ്യക്തമാവും.

എല്ലാവർക്കും സി.എച്ചിനെ വേണം. ലീഗ് സ്ഥാനാർഥികൾ മത്സരിക്കുന്ന പതിനാറു മണ്ഡലങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ച് പ്രവർത്തിക്കുക എന്ന ചുമതലയിൽ നിന്ന് ഒഴിഞ്ഞുമാറാൻ ആ സ്റ്റേറ്റ് സെക്രട്ടറിക്കു വയ്യ. ഭരണമുന്നണിയിലെ കക്ഷിബന്ധങ്ങൾ നോക്കിയാൽ സി.എച്ച്. 140 മണ്ഡലങ്ങളിലും ഒന്നെത്തിനോക്കുകയാണെങ്കിലും വേണ്ടതാണ്. സ്ഥാനാർത്ഥികളിലാണെങ്കിൽ സി.എച്ചിനെ ആരാധിച്ചാരാധിക്കുന്ന അനുയായികളുണ്ട്, അടുത്ത സുഹൃത്തുക്കളുണ്ട്. സി.എച്ചിന് ആരാദ്ധ്യരായവരുമുണ്ട്. ഇതിനൊക്കെ പുറമെ, മലപ്പുറം നിയമസഭാ മണ്ഡലത്തിൽ സി.എച്ച്.സ്ഥാനാർഥിയുമാണ്. സ്വന്തം മണ്ഡലത്തെ അവഗണിക്കാമോ? അതും വയ്യ. എന്നാൽ എല്ലായിടത്തും കൂടി എത്തിപ്പെടുന്നതെങ്ങനെ?

ലീഗിലെ അണികൾക്കു മുൻ എം.പി., മുൻ മന്ത്രി തുടങ്ങിയ വിശേഷണങ്ങളൊന്നും പ്രശ്നമല്ല. അവർക്ക് ഇപ്പോഴും രക്ഷാപുരുഷൻ സി.എച്ച്. ആണ്. അതുകൊണ്ടുതന്നെ അവർ പരാതികൾ പറയുന്നു, നിവേദനങ്ങൾ നൽകുന്നു. നിർദ്ദേശം തേടുന്നു, ഉപദേശം അനുസരിക്കുന്നു...

പ്രവർത്തകരുടെ ആവേശം നിറഞ്ഞ ആവശ്യങ്ങളും അഭ്യർഥനകളും നിരസിക്കാൻ പരീക്ഷീണനായിട്ടും സി.എച്ചിനും സാധിക്കുന്നില്ല. ചില ദിക്കിൽ സി.എച്ച്. ഒന്നു മുഖം കാണിച്ചാൽ മാത്രം മതി. മറ്റു ചിലേടത്ത് ലീഗ് ഓഫീസിൽ ഒരു മിനിട്ട് ഇരിക്കണം. ഇനിയൊരു ദിക്കിൽ പത്തടി നടക്കണം. കാരണം സ്ത്രീ ജനങ്ങൾ ഒരു നോക്കു കാണാനായി മണിക്കൂറുകളായി കാത്തു നിൽക്കുന്നു!

സി.എച്ച്. ആ വഴിക്കൊന്നു വന്നാൽ മതി – പ്രവർത്തകർ അങ്ങനെയാണ് തുടങ്ങുക. അതൊരു ടെക്നിക്കാണ്. സി.എച്ച്. വരുന്നുണ്ടെന്നറിഞ്ഞാൽ ജനം ഓടിക്കൂടുമെന്നും അതുകണ്ടാൽ സി.എച്ച്.

രണ്ടുവാക്കെങ്കിലും പറയാതിരിക്കില്ലെന്നും അവർക്കറിയാം. അങ്ങനെയാണ് പല ലഘുയോഗങ്ങളും പൊതുയോഗങ്ങളാവുന്നത്.

കാണാനും പ്രസംഗം കേൾക്കാനുമുള്ള നിർബന്ധം പോലെതന്നെ സി.എച്ചിനെ വിഷമിപ്പിച്ച ഒന്നാണ് ഓരോ ദിക്കിലേയും സൽക്കാരപ്രിയത്വം. എന്തെങ്കിലും കഴിക്കണം എന്നു പ്രവർത്തകർ വാശിപിടിക്കുമ്പോൾ സി.എച്ച്. ഒരു സൂത്രം പറയും: ശരി ഒരു ഇളനീർ കുടിക്കാം.

ഇളനീർ വന്നെത്തുമ്പോഴേക്കും സി.എച്ചിന്റെ കാർ നീങ്ങിക്കഴിഞ്ഞിട്ടുണ്ടാവും.

പെട്ടെന്നുറങ്ങാനും പെട്ടെന്നുണരാനുമുള്ള സി.എച്ചിന്റെ പ്രത്യേക കഴിവ് ഏറെ ശ്രദ്ധേയമായി തോന്നി. കാറിൽ ഉണർന്നിരിക്കുന്നതുപോലെ ഇരുന്നുറങ്ങതു കണ്ടാൽ അടുത്ത പ്രസംഗം ഒരു ഉറക്കം തൂങ്ങി പ്രസംഗമാവും എന്നു തോന്നും. എന്നാൽ പ്രസംഗവേദിയിലെത്തിയാൽ സംഗതി മാറി.

ഞായറാഴ്ച കോഴിക്കോട് ജില്ലയിലെ പര്യടനം തുടങ്ങുന്നതിനു മുമ്പുള്ള കുശല പ്രശ്നത്തിനിടയിൽ ബി.വി.യോടായി സി.എച്ച്. പറയുന്നതു കേട്ടു:

“മന്ത്രി ബേബി ജോൺ വിളിച്ചിരുന്നു. മിസ്സാണ് അറ്റന്റ് ചെയ്തത്. ബേബിയുടെ മണ്ഡലത്തിൽ രണ്ടു ദിവസമെങ്കിലും ഞാൻ ചെല്ലണമെന്ന്”

“അയ്യോ ഇവിടെ വിട്ടിട്ട് എങ്ങനെ പോകാനാണ്–?”

“ബാഫക്കി തങ്ങള് രണ്ടുദിവസമെങ്കിലും വരാറുണ്ട്. സി.എച്ച്. ഒരു ദിവസമെങ്കിലും നിർബന്ധമായും വേണം എന്നാണ് ബേബിയുടെ വാദം. എന്തു ചെയ്യാം. പോകാതിരിക്കാനൊക്കില്ല.”

“അതിനിനി ദിവസമില്ലല്ലോ”

“അതേ, ഇന്നു മാളയിൽ നമ്മുടെ കരുണാകരന്റെ സമാപന സമ്മേളനമാണ്. സി.എച്ച്. എന്തായാലും വരണം എന്നു കരുണാകരൻ പ്രത്യേകം പറഞ്ഞിരിക്കുന്നു... ചെന്നില്ലെങ്കിൽ അലോഹ്യമാവും...”

തീർന്നില്ല, കൊടുവള്ളിയിൽ നിന്ന് ഇ. അഹമ്മദ്, തിരുവമ്പാടിയിൽ നിന്ന് സിറിയക് ജോൺ, കൽപ്പറ്റയിൽ നിന്ന് മന്ത്രി കെ.സി. ജോസഫ് - എല്ലാവർക്കും വേണം സി.എച്ച്! ഒരു ദിവസം ഒന്നു വന്നു പോന്നാൽ മതി.

“സൗണ്ട് ബോക്സ് കേടുവന്നിരിക്കുന്നു. കുറച്ചു താലീസപത്രവടകം വേണം.” കോഴിക്കോട്ടെ പര്യടനത്തിനു സി.എച്ചിന്റെ എ.ഡി.സി.യായി വന്ന സിറ്റി ലീഗ് സെക്രട്ടറി എം.കെ. അബ്ദുള്ളക്കോയയോടു സി.എച്ച്. പറഞ്ഞു.

അപ്പോഴേക്കും പ്രവർത്തകർ വന്നു. മുമ്പിൽ ഉച്ചഭാഷിണി ഘടിപ്പിച്ച രണ്ടു കാറുകൾ, കൃത്യം ഒമ്പതരയ്ക്കു പര്യടനം തുടങ്ങി.

### ആദ്യയോഗം

വെള്ളിമാടുകുന്നിലായിരുന്നു ആദ്യത്തെ യോഗവും പ്രസംഗവും. രാവിലെ 9.45 നു പേരാമ്പ്രയെ പ്രകമ്പനം കൊള്ളിച്ച പ്രകടനത്തിനുശേഷം ചേർന്ന വമ്പിച്ച പൊതുസമ്മേളനത്തിലായിരുന്നു അവസാനത്തെ പ്രസംഗം. തിങ്കളാഴ്ച പുലർച്ചെ 1.30 ന്. ഇതിനിടെ അഞ്ച് നിയമസഭാമണ്ഡലങ്ങളിലും (കോഴിക്കോട് ഒന്നും രണ്ടും, കൊടുവള്ളി, തിരുവമ്പാടി, പേരാമ്പ്ര) രണ്ടു ലോകസഭാ മണ്ഡലങ്ങളിലു (കോഴിക്കോട്, വടകര) മായി 32 പൊതുയോഗങ്ങളിൽ സി.എച്ച്. പങ്കെടുത്തു. അതായത്, കേവലം 17 മണിക്കൂറിനകം 32 പ്രസംഗങ്ങൾ. ഈ പ്രസംഗങ്ങൾക്കുമുണ്ടൊരു പ്രത്യേകത, ഓരോ പ്രസംഗവും ഒന്നിനൊന്നു വ്യത്യസ്തം. ഒരിടത്തു പറഞ്ഞതുതന്നെ മറ്റൊരിടത്തു പറയുന്ന പതിവില്ല. ശ്രോതാക്കളെ പൊട്ടിച്ചിരിപ്പിക്കുകയും അവരുടെ മനസ്സിൽ കത്തിപ്പടരുകയും ചെയ്യുന്ന ഒരു അമിട്ടെങ്കിലും പൊട്ടിയ്ക്കാത്ത ഒരു പ്രസംഗവുമില്ല. മുന കൂർത്ത പരിഹാസവും ആരും പോരുമുള്ള ആക്ഷേപഹാസ്യവും! ഏറ്റവുമധികം ശരവ്യമായതു പ്രതിപക്ഷ ലീഗായിരുന്നു.

വെറുതെ പ്രസംഗിച്ചും മുഖം കാണിച്ചും കടന്നു പോവുകയാണോ? അല്ല. പല പ്രസംഗങ്ങളും ആർക്ക്, എങ്ങനെ വോട്ട് ചെയ്യണം എന്ന സ്റ്റഡി ക്ലാസായിരുന്നു. സി.എച്ചിന്റെ വശ്യമായ പുഞ്ചിരിയും ഹൃദ്യമായ പെരുമാറ്റവും അണികളിലെന്തെന്നില്ലാത്ത ആവേശം പകർന്നിരുന്നു. തെരഞ്ഞെടുപ്പു കാലത്ത് പരക്കെ പതിവുള്ള സ്ഥാനാർത്ഥിച്ചിരിയല്ല ആ പുഞ്ചിരി എന്നവർക്കറിയാം. സി.എച്ച്. എന്നും അവരുടേതാണ്. അവർ സി.എച്ചിന്റേയും.

“നിങ്ങളൊക്കെ ഇവിടെയുള്ളപ്പോൾ ഞങ്ങൾ പ്രചരണത്തിന് വരുന്നതെന്തിനാ... അല്ലേ ആലിക്കാ?” സി.എച്ചിന്റെ ആ ചോദ്യം കേട്ടപ്പോൾ ആ വൃദ്ധന്റെ മിഴികൾ തിളങ്ങി.

“പഠിപ്പും പരീക്ഷയുമൊക്കെ എങ്ങനെ? സംഗതി ജോറല്ലേ?” ചെറുപ്പക്കാരോട് കുശലം! പിന്നീട് എല്ലാവരോടുമായി പറയും:

“ഇവിടെയൊക്കെ ഉഷാറാക്കണം. ഒരൊറ്റ വോട്ടും പുറത്തുപോകരുത്”

മുസ്ലീം സ്ത്രീകൾക്കു പൊതുവേയും യുവതീയുവാക്കൾക്ക് വിശേഷിച്ചും സി.എച്ച്. ഒരു ആവേശം തന്നെയാണ്. സി.എച്ചിനെ കാണാനും പ്രസംഗം കേൾക്കാനും ഇത്താത്തമാരും ഉമ്മാമമാരും കൂടെ കൊച്ചുകുട്ടികളും കാണിച്ച താൽപര്യം അനാദൃശമായിരുന്നു.

### ചേരികൾ തമ്മിൽ

വ്യക്തികൾ തമ്മിലുള്ള മത്സരമല്ല, വ്യക്തമായ ചേരികൾ തമ്മിലുള്ള പോരാട്ടമാണ് ഇവിടെ നടക്കുന്നത് - വെള്ളിമാടുകുന്നിൽ സഗൗരവം പ്രഖ്യാപിച്ച

സി.എച്ച്. മൂഴിക്കൽ യോഗത്തിൽ ആദ്യത്തെ അമിട്ടു പൊട്ടിച്ചു. "ജനസംഘവും ജനതാപാർട്ടിയും തമ്മിൽ വാസ്തവത്തിൽ ഒരു വ്യത്യാസവുമില്ല. അഥവാ, വല്ല വ്യത്യാസവുമുണ്ടെങ്കിൽ അതു മാർജ്ജാരനും പൂച്ചയും തമ്മിലുള്ള വ്യത്യാസം മാത്രം!"

പ്രസംഗം കഴിഞ്ഞിറങ്ങി, കാറിൽ കയറും മുമ്പേ ആൾക്കൂട്ടത്തിൽ കണ്ട ഒരു ചെറുപ്പക്കാരനെ സി.എച്ച്. പേരെടുത്തു വിളിച്ചു. കൈകൊടുത്തു ചോദിച്ചു: എന്തൊക്കെയുണ്ട് അബൂബക്കറേ വിശേഷം?"

"ഇവിടെ എല്ലാം ഓക്കെ..."

"ശരി... പോട്ടെ മോനേ?"

സംതൃപ്തി നിറഞ്ഞ മിഴിയോടെ നോക്കി നിന്ന ആ യുവാവിന് ഉത്തരമില്ലായിരുന്നു. പിന്നെ ബി.വി.ക്കു പരിചയപ്പെടുത്തി: മിടുക്കൻ കുട്ടിയാണ്, അന്ന് സമ്മേളനത്തിൽ ഗാനമേള സംഘടിപ്പിച്ചശേഷം ആദ്യമായി കാണുകയാണ്..."

ബീവിയും അമ്പരന്നു. സി.എച്ചിന് എല്ലാം ഓർമയുണ്ട്. ഒന്നും മറക്കുന്നില്ല. ഒരിക്കൽ കണ്ടാൽ മതി. അല്ല കേട്ടാൽ മതി!

ചെലവൂരിലെ പൊതുയോഗത്തിൽ പ്രതിപക്ഷ ലീഗിനെ സി.എച്ച്. അക്ഷരാർഥത്തിൽ പിടിച്ചുകുടഞ്ഞു. "മുസ്ലീംലീഗിനെ ഞാൻ കോൺഗ്രസ്സിന്റെ ആലയിൽ കൊണ്ടുപോയി കെട്ടിയെന്ന് ആക്ഷേപിക്കുന്ന സെയ്തുമ്മറും കൂട്ടരും ഇപ്പോൾ എവിടെയാണെന്നോ? ജനസംഘത്തിന്റെ ചാണക്കുഴിയിൽ..."

പ്രതിപക്ഷ കക്ഷികൾ സ്വയം പ്രതിപക്ഷ മുന്നണി എന്നു പറയുന്നതിനെ പരാമർശിച്ച് സി.എച്ച്.പറഞ്ഞു: അവർ തന്നെ പറയുന്നത് പ്രതിപക്ഷമുന്നണിയെന്നാണ്. എന്നും പ്രതിപക്ഷത്തുമാത്രം ഇരിക്കാനുള്ള മുന്നണിയെന്നാവും അർത്ഥം..."

**മുദ്രാവാക്യക്ഷാമം**

കോട്ടാംപറമ്പിലും ആഴ്ചവട്ടത്തും സി.എച്ചിന്റെ കൂരമ്പുകൾക്കിരയായത് മാർക്സിസ്റ്റ് പാർട്ടിയായിരുന്നു. "അരി തരാത്ത, തുണി തരാത്ത പണി തരാത്ത ഭരണമേ..." എന്ന സ്ഥിരം മുദ്രാവാക്യം എന്തേ മുഴക്കാത്തതെന്ന് സി.എച്ച്. ചോദിച്ചു. "ഐക്യകക്ഷികളുടെ ഭരണത്തിൻ കീഴിൽ ഒന്നിനും ക്ഷാമമുണ്ടായിട്ടില്ലെന്ന് പറഞ്ഞാൽ ഞാൻ സമ്മതിക്കില്ല, മുദ്രാവാക്യങ്ങൾക്ക് ഇതുപോലെ ദാരിദ്ര്യമനുഭവിച്ച ഒരു തിരഞ്ഞെടുപ്പ് ഇതിനുമുമ്പുണ്ടായിട്ടില്ല."

"തൃശൂർ കാഴ്ചബംഗ്ലാവിലെ കണ്ണാടിക്കൂട്ടിൽ ഒരു പെരുമ്പാമ്പിനെയും തൊട്ടടുത്തൊരു കോഴിക്കുഞ്ഞിനെയും കാണാം. അതുപോലെ കേരള രാഷ്ട്രീയ കണ്ണാടിക്കൂട്ടിലും കാണാം ജനസംഘവും പ്രതിപക്ഷ ലീഗും. സെയ്തുമ്മർ ഒരു കാര്യം ഓർക്കുക: "പെരുമ്പാമ്പിന് വിശപ്പ് തുടങ്ങുന്നതുവരെ മാത്രമേ കോഴിക്കുഞ്ഞിന് ആയുസ്സുള്ളൂ"

കോവൂരിലെ രസികൻ പ്രയോഗം മറ്റൊന്നായിരുന്നു: "പണ്ടൊരു സിനിമയിൽ, എസ്.പി. പിള്ള എന്ന നടൻ, പഞ്ചസാര ഭരണിയിൽ കുരുമുളക് എന്നെഴുതിവെച്ചു. എന്തിനാണിതെന്നു ചോദിച്ചപ്പോൾ പറഞ്ഞു, ഉറുമ്പു വരാതിരിക്കാനാണെന്ന്. അതുപോലെ ജനസംഘത്തിന്റെ ഭരണിയിൽ ജനത എന്നെഴുതി വയ്ക്കുന്നത് ഏത് ഉറുമ്പിനെ പറ്റിക്കാനാണ്?"

പുതിയ പാലം, മൂരിയാട്, കിണാശ്ശേരി എന്നിവിടങ്ങളിലെ യോഗങ്ങളിൽ തലശ്ശേരി ലഹളയായിരുന്നു സി.എച്ചിന്റെ പ്രസംഗവിഷയം. പള്ളി കത്തിച്ച മാർകിസ്റ്റുകൾക്കും ജനസംഘത്തിനുമാണോ വോട്ട്? അതോ, കത്തിച്ച പള്ളി കെട്ടിക്കൊടുത്ത കെ. കരുണാകരന്റെ പാർട്ടിക്കോ? ന്യൂനപക്ഷ സമുദായാംഗങ്ങളുടെ തലയോടിനു ശക്തിയുണ്ടോ എന്ന് പരിശോധിക്കാൻ വടിത്തല്ലു പഠിച്ച ജനസംഘത്തിനോ, മലബാർ ലഹളയിൽ പങ്കെടുത്ത ഭടന്മാർക്കു പ്രതിമാസ പെൻഷൻ അനുവദിച്ച ഐക്യകക്ഷി ഗവൺമെന്റിനോ വോട്ട്?

കുന്നത്തുപറമ്പിലെ പ്രസംഗത്തിനിടയ്ക്ക് നുഹർ നമസ്കാരത്തിനുള്ള ബാങ്കുവിളി മുഴങ്ങി. ഉടൻ പ്രസംഗം നിർത്തി. മടങ്ങുന്ന വഴി മസ്ജിദുൽ നൂറാനിയ പള്ളിയിൽ നമസ്കാരം നിർവ്വഹിച്ചു.

**ഓതാൻ പോയിട്ട്...**

ഓതാൻ പോയിട്ട് ഉള്ള ബുദ്ധിയും പോയ കഥ പറഞ്ഞതു കോട്ടുമ്മലാണ്. കേരളത്തിൽ അരി റേഷൻ കമ്മി. ഇ.എം.എസ്. പറഞ്ഞു: റേഷൻ കൂട്ടാൻ നമുക്ക് സമരം ചെയ്യണം. വിമതലീഗിനും തോന്നി ശരിയാണെന്ന്. അരി തരാത്ത കേന്ദ്രമേ എന്നൊക്കെ പറഞ്ഞ് ഇ.എം.എസ്സിന്റെ കൂടെ മത്സരിച്ചു. ജയിച്ചു. മന്ത്രിസഭയുണ്ടാക്കി. ഇമ്പിച്ചിബാവ ഭക്ഷ്യമന്ത്രിയായി. എന്നിട്ടോ? അതുവരെ ആറ് ഔൺസായിരുന്ന അരി റേഷൻ മൂന്നൗൺസായി. ഓതാൻ പോയിട്ട് ഉള്ള ബുദ്ധിയും പോയി എന്നു പറഞ്ഞതുപോലെ.

ഉച്ചയ്ക്ക് മീഞ്ചന്തയിൽ ഒരു പ്രമുഖ ലീഗ് പ്രവർത്തകന്റെ വസതിയിൽ ഭക്ഷണം കഴിഞ്ഞു കൈ കഴുകുമ്പോഴേയ്ക്കും സൂത്രധാരനായ അബ്ദുള്ളക്കോയ പറഞ്ഞു:

"താമസിക്കണ്ട, പുറപ്പെടാം."

പുറപ്പെട്ടു. മാത്തോട്ടയിൽ നിന്നുതുടങ്ങി. കടൽപ്പുറത്തെ കപ്പക്കലെത്തിയപ്പോൾ, ആൾക്കൂട്ടത്തിൽ അതാ കെ.പി. മൊയ്തീൻകോയ! ലീഗിന് വേണ്ടി മരിക്കാൻപോലും തയ്യാറുള്ള ആ വൃദ്ധനെ കണ്ടപ്പോൾ, സി.എച്ചിനും ബി.വി.ക്കും ആവേശം തിളച്ചുപൊന്തി.

**ജനം, വീണ്ടും ജനം**

ചക്കുംകടവു മുതൽ വെയിലിനു ചൂടു കുറഞ്ഞു തുടങ്ങി: ജനം ഏറിയേറി വരാൻ തുടങ്ങി.

സി.എച്ചിനു പ്രസംഗിക്കാനുള്ള ആവേശവും വർദ്ധിച്ചു. കുണ്ടുങ്ങൽ, പള്ളിക്കണ്ടി, നൈനാൻ വളപ്പ്, കണ്ണമ്പറമ്പ്, മുഖദാർ, മരയ്ക്കാംകടവ് എന്നിവിടങ്ങളിൽ കോഴിക്കോടിന്റെ ചരിത്രത്തിൽതന്നെ കാണാൻ കഴിയാത്തവിധം, സ്ത്രീജനങ്ങൾ തടിച്ചുകൂടിയിരുന്നു. മുഖമക്കനയിട്ടു വൃദ്ധകൾ, സാരിയുടുത്ത തരുണീമണികൾ, തട്ടം അണിഞ്ഞ കൊച്ചുകുട്ടികൾ! പരപ്പിൽ വാർഡിലെത്തിയപ്പോഴേയ്ക്കും ആവേശം പാരമ്യത്തിലെത്തി. ആ യാത്ര ജനങ്ങൾ സി.എച്ചിന്റെ ജൈത്രയാത്രയാക്കി. രണഭേരി മുഴക്കിക്കൊണ്ടുള്ള വിജയരഥത്തിന്റെ എഴുന്നെള്ളത്തുപോലെ തോന്നി.

നൈനാൻവളപ്പിലെ ചെറിയ മൊയ്തീൻപള്ളിയിൽ അസർ നമസ്കാരത്തിനുശേഷം പല കേന്ദ്രങ്ങളും പിന്നിട്ട് 6.30 ന് കുറ്റിച്ചിറ ജമാഅത്ത് പള്ളിയിൽ നമസ്കാരവും കഴിഞ്ഞുവന്ന സ്ഥലത്തെ പൊതുയോഗത്തിൽ സി.എച്ച്. പറഞ്ഞു:

''അടിയന്തിരാവസ്ഥ അറബിക്കടലിൽ എന്നൊരു പ്രതിപക്ഷ മുദ്രാവാക്യം കേട്ടു, വിവരക്കേടു പറയുന്നതിനും വേണം ഒരതിര്. അറബിക്കടലിലുമുണ്ട് അടിയന്തിരാവസ്ഥ. അതില്ലെന്നു കരുതി അങ്ങോട്ടു പോയാൽ പെട്ടുപോകും...''

അടിയന്തിരാവസ്ഥ എന്നാലെന്താ? നമ്മുടെ കുട്ടികളെ, വിദ്യാർഥികളെ ചുക്കിനും ചുണ്ണാമ്പിനും കൊള്ളരുതാതാക്കിയ അവസ്ഥ മാറ്റിയ അവസ്ഥയാണത്. കൊറിയയിൽ യുദ്ധമുണ്ടായാലും കോഴിക്കോട് അരി വില കൂട്ടുന്ന അവസ്ഥ മാറ്റിയ അവസ്ഥയാണത്...

മുച്ചുന്തിപള്ളി പരിസരത്തെ യോഗവും കഴിഞ്ഞപ്പോൾ സമയം 7.30 അപ്പോഴേയ്ക്കും കൊടുവള്ളിയിൽ നിന്നും ലീഗ് സ്ഥാനാർത്ഥി ഇ.അഹമ്മദിന്റെ പ്രവർത്തകർ കാറുമായി റെഡി.

കൊടുവള്ളിയ്ക്കുള്ള യാത്രാമദ്ധ്യേ സി.എച്ചിനോട് ഞാൻ ചോദിച്ചു:

ഈ തിരക്കിനിടയിൽ സ്വന്തം മണ്ഡലത്തിൽ എത്ര ദിവസം കറങ്ങും?

ഉത്തരം : രണ്ടുമൂന്നു ദിവസം അങ്ങുമിങ്ങുമായി ഒന്നോടിയെത്തി. ഇനിയും പോകണം. പക്ഷേ എന്റെ ബുദ്ധിമുട്ട് പ്രവർത്തകർക്കറിയാം. അവർ അവിടെ ഉഷാറാണ്.

എതിർപക്ഷം എങ്ങനെയുണ്ട്?

"സ്ത്രീകൾക്ക് കുരുമുളക് ജപിച്ചു കൊടുക്കുകയാണ് എതിർ സ്ഥാനാർത്ഥി! സി.എച്ചിനു വോട്ട് ചെയ്താൽ കാണിച്ചുതരാം എന്ന താക്കീതും"

"അതിനു ഫലമുണ്ടോ?"

"അതുണ്ടല്ലോ. അത്രയും കുരുമുളക് നഷ്ടം..."

കൊടുവള്ളിയിൽ ടൗണിനെ ഇളക്കിമറിച്ച ഐക്യകക്ഷി പ്രകടനത്തിന്റെ ഒത്ത നടുവിലാണ് സി.എച്ചി.ന്റെ കാർ ചെന്നുപെട്ടത്. അപ്പോൾ പ്രകടനത്തിലെ മുദ്രാവാക്യം ജയ് ജയ് സി.എച്ച്. എന്നായി. കാർ മെല്ലെ മുന്നോട്ടു നീങ്ങി. മുന്നിലും പിന്നിലും ആർത്തലയ്ക്കുന്ന ജനം. സി.എച്ചിന്റെ വിജയഘോഷയാത്രയാണെന്നു തോന്നും.

ലീഗ് ഓഫീസിലെത്തിയപ്പോൾ സംതൃപ്തിയുടെ പുഞ്ചിരിയുമായി ഇ.അഹമ്മദ് സ്വീകരിച്ചു ചോദിച്ചു:

"പേരമ്പ്രയ്ക്കു പോകുന്നുണ്ടോ?"

അപ്പോഴേയ്ക്കും, അവിടെ വന്നു കാത്തുനിന്നിരുന്ന പ്രവർത്തകരുടെ ചോദ്യശരവർഷം:

പുതുപ്പാടിക്കു വരുന്നില്ലേ?

തിരുവമ്പാടിക്കില്ലേ?

വയനാട്ടിൽ വരാതിരുന്നാൽ പറ്റില്ല.

ദിവസത്തിന് 24 മണിക്കൂറേയുള്ളു എന്ന വസ്തുത ആ ആവേശത്തിനിടയിൽ പ്രവർത്തകർ മറക്കുന്നു.

"അതേയ്, എന്തായാലും കൂടത്തായിവരെ ഒന്നു വരണം"

സി.എച്ച്. ചിരിച്ചു.

അപ്പോൾ പേരാമ്പ്രയ്ക്കോ? ഞങ്ങൾ അനൗൺസ് ചെയ്തിട്ടാണ് വന്നിട്ടുള്ളത്. ജനം പിരിഞ്ഞു പോകാതെ കാത്തിരിക്കും.

കൊടുവള്ളിയിൽ പ്രകടനം തുടങ്ങിയിട്ടേയുള്ളു. സമ്മേളനം തുടങ്ങുംമുമ്പു കൂടത്തായിയിൽ പോയി വരാം.

ശരി. കാർ നീങ്ങി. കൂടത്തായിലേയ്ക്ക്. അവിടെ സി.എച്ച്. പ്രതിപക്ഷങ്ങളെ പരാമർശിച്ചും ഒറു കൂട്ടത്തല്ലുതന്നെ നടത്തി. സി.എച്ച്. പറഞ്ഞു:

ഇ.എം.എസ്സിന്റെ പ്രതിപക്ഷ മുന്നണി എന്ന അലവലാതി മുന്നണി എന്ന അവസരവാദ മുന്നണി എന്ന ദുർഗന്ധ മുന്നണി നാട്ടിൻപുറത്തെ പൊട്ടക്കിണർപോലെയാണ്. കുറ്റിച്ചൂലും പൊട്ടക്കലവും ലൊട്ടുലൊടുക്ക് സാധനങ്ങളും വാരിയിടുന്ന പൊട്ടക്കിണർ. ഒരു കഷണം ലീഗ്, പൊളിഞ്ഞ കോൺഗ്രസ്സ്, കുറച്ചു ജനസംഘം, ആർ.എസ്.പി.യുടെ വാല്, പി.എസ്.പി.യുടെ മൂട്, കെ.ടി.പി.യുടെ ലേശം. ഇതെല്ലാമാണ് ആ പൊട്ടക്കിണറിൽ. പഴയ കുപ്പി കടലാസ് അലുമിനയ പാത്രങ്ങൾ വിൽക്കാനുണ്ടോ എന്നു ചോദിക്കുന്നതു പോലെ പൊളിഞ്ഞ പാർട്ടിയുടെ കഷണങ്ങൾ വിൽക്കാനുണ്ടോ എന്ന് വിളിച്ചു ചോദിച്ച് ഇ.എം.എസ്. സമ്പാദിച്ചതാണ് ഉതൊക്കെ... ഞാൻ നുണ പറയുകയല്ല. നുണ പറയാൻ ഞാൻ വിമത ലീഗല്ലല്ലോ... ഏതായാലും ഇപ്പോൾ ഞങ്ങളെ ഉപദേശിക്കാൻ വരുന്ന ഈ ജനസംഘം തങ്ങൾമാരോട് എനിക്ക് ഒന്നേ പറയാനുള്ളു. ഞങ്ങളെ ഉപദേശിക്കാൻമാത്രം നിങ്ങൾ വളർന്നിട്ടില്ല.

വീണ്ടും കൊടുവള്ളിയിൽ മുൻമന്ത്രി പി.പി. ഉമ്മർകോയയുടെ ഒരു തകർപ്പൻ പ്രസംഗം കൊട്ടി ഘോഷിക്കുമ്പോഴാണ് സി.എച്ച്. കയറിച്ചെന്നത്. സി. എച്ചിന്റെ പ്രസംഗം ഇവിടെയും നല്ല ഫോമിലായി രുന്നു.

മുള്ളുമരട്, മൂർഖൻ പാമ്പ്, കല്ല് കരട് എം.കെ. ഹാജി എന്നിവയെല്ലാമുള്ള ജനസംഘം എന്ന ജന താമുന്നണി, മൊയ്തീൻകുട്ടി എന്ന ബാവഹാജി എന്നു പറയുന്നതുപോലെയാണ് - മലപ്പുറം ജില്ല യെയും മാപ്പിള ലഹളയിൽ പങ്കെടുത്തവർക്കു പെൻ ഷൻ നൽകാനുള്ള പദ്ധതിയെയും എതിർത്ത ജന സംഘത്തിനു വോട്ട് ചെയ്യുമെന്നാണിപ്പോൾ സെയ്തു മ്മർ പറയുന്നത്, കാരണം? ജനസംഘവുംമായി ജയി ലിൽ വെച്ചു സ്നേഹമായത്രെ! എങ്കിൽ പറയട്ടെ, നിങ്ങളുടെ അന്നന്നത്തെ സ്നേഹത്തിന് അളന്നുത രാനുള്ളതല്ല ലീഗിന്റെ വേട്ട്.

**രാജി, സ്വീകരണം**

പ്രതിപക്ഷ (വിമത) ലീഗിൽ നിന്നും രാജിവച്ചു വന്ന ഏതാനും ചെറുപ്പക്കാർക്ക് ഈ സമ്മേളന ത്തിൽവെച്ച് സ്വീകരണവും നല്കിയിരുന്നു. അതിനെ പരാമർശിച്ച സി.എച്ച്. പറഞ്ഞു:

“രാജിവെച്ചു വന്നവരെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ബാക്കിയുള്ളവർ തെരഞ്ഞെടുപ്പിന്റെ മുമ്പേ പിറകേ വരുമെന്നും വിശ്വസിക്കുന്നു”.

സദസ്സിലും സ്റ്റേജിലും കൂട്ടച്ചിരി മുഴങ്ങി.

പ്രസംഗം കഴിഞ്ഞപ്പോൾ ബി.വി. അബ്ദുള്ള കോയയോട് സി.എച്ച്. പറഞ്ഞു:

“ബി.വി. പൊയ്ക്കോളൂ എന്നെ പേരാമ്പ്രക്കാർ വിടുന്ന മിട്ടില്ല.”

പേരാമ്പ്രയിൽ നിന്നു വന്നവർ ധൃതി കൂട്ടിത്തു ടങ്ങി. കാർ കുതിച്ചു. പേരാമ്പ്രയിലേയ്ക്ക്. അവിടെ ചെന്നപ്പോൾ നേരം അർധരാത്രി കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ജനപ്രളയം.

സി.എച്ച്. ആവേശത്തോടെ പ്രസംഗിച്ചു. ഇടത്തെ അറ്റത്ത് നിൽക്കുന്ന മാർകിസ്റ്റ് പാർട്ടിയും വലത്തെ അറ്റത്തു നിൽക്കുന്ന ജനസംഘവും തമ്മിൽ ഒരു മുന്നണിയോ? മാർക്സ് ഇതിനുമാത്രം എന്തു പാപം ചെയ്തു? സഖാവ് കൃഷ്ണപിള്ള അന്ത്യ ശ്വാസം വലിക്കുമ്പോൾ പറഞ്ഞത്. സഖാക്കളേ മുന്നോട്ട് മുന്നോട്ട് എന്നായിരുന്നു. എന്നാൽ ഇന്ന് ഇ.എം.എസ്. പറയുന്നത് സഖാക്കളേ പിന്നോട്ട്, പിന്നോട്ട്, ജനസംഘത്തോളം പിന്നോട്ട് എന്നാണ്...”

പ്രതിപക്ഷ ലീഗിനെയും സി.എച്ച്. വെറുതെ വിട്ടില്ല.

“ജയിലിൽ പോയി കിടന്നില്ലേ? ത്യാഗം ചെയ്തില്ലേ എന്നൊക്കെയാണിപ്പോൾ സെയ്തുമ്മറും കൂട്ടരും പറയുന്നത്. ആരേ പറഞ്ഞത് ജയിലിൽ പോകാൻ? ഞങ്ങൾ നിർബന്ധിച്ചോ? പിന്നെ അടിയ ന്തിരാവസ്ഥക്കാലത്ത് ഈ നാട്ടിലെ പ്രധാനമന്ത്രിക്ക് മുജിബൂർ റഹ്മാന്റെ ഗതി വരും എന്ന് പ്രസംഗിച്ചതു നിങ്ങൾതന്നെയല്ലേ? അങ്ങനെ പ്രസംഗിച്ചവരെ ജയി ലിലല്ലാതെ എവിടെയാണ് ഇരുത്തേണ്ടത്? ചുരുക്ക ത്തിൽ സ്വയം കൃതാനർത്ഥം കൊണ്ടു ജയിലിൽ പോയിട്ട് ഞങ്ങളുടെ മെക്കിട്ട കയറുകയോ? അച്ഛ നെയും അമ്മയേയും വെട്ടിക്കൊന്നശേഷം ഞാനൊരു അനാഥനാണേ... എന്നെ സഹായിക്കണേ എന്നു പറ യുന്ന ഏർപ്പാട് ഇനിയെങ്കിലും നിർത്തിക്കൂടെ?”

ആ പ്രസംഗവും കഴിഞ്ഞ് സി.എച്ച്. കോഴി ക്കോട്ടെ വസതിയിൽ തിരിച്ചെത്തിയപ്പോൾ നേരം പുലർച്ചെ 2.15. എത്തിയ ഉടനെ സി.എച്ച്. അന്വേ ഷിച്ചു:

എന്നെ ആരെങ്കിലും വിളിച്ചിരുന്നോ?

ഉവ്വ്. മേപ്പയൂരിൽ നിന്ന്, മലപ്പുറത്ത് നിന്ന്, നില മ്പൂരിൽ നിന്ന്, പിന്നെ -

ശരി-ശരി... സി.എച്ച്. തളർന്നവശനായി ഒരിട ത്തിരുന്നു. ആത്മഗതമെന്നോണം പറയുന്നതു കേൾക്കായി:

ഇനിയിപ്പോൾ, നീണ്ടുനിവർന്നുകിടന്നുറങ്ങി യാൽ പറ്റില്ല, രാവിലെ നേരത്തെ പുറപ്പെടേണ്ടത ല്ലേ...?

## ഇരുപത്തിയൊൻപത്

# നിളയുടെ നിലവിളി

**ഇ**തു നിളാനദിയുടെ നിലവിളി. ചോരയും നീരുമറ്റ, ഉമിനീരുപോലും വറ്റിയ നിളയുടെ വിമൂക മെങ്കിലും വിഹ്വലമായ നിലവിളി... ആശ്രമകന്യക യുടെ വ്രത-ചാരിത്ര വിശുദ്ധികളോടെ സംസ്കാര ത്തിന്റെയും സാഹിത്യത്തിന്റെയും കലകളുടെയും തടം നനച്ചു കേരളപ്പഴമയെയും പുതുമയെയും താലോലിച്ചു വളർത്തിപ്പോന്ന നിളാനദി മരിക്കുക യാണ്!

സഹ്യപർവതനിരകളിലൊരു വറ്റാത്ത നീരുറ വയിൽനിന്നുദ്ഭവിച്ചു കറന്നെടുക്കാൻ കഴിവുള്ള വർക്കെല്ലാം എപ്പോഴും എന്തും ചുരത്തിക്കൊടു ക്കുന്ന കാമധേനുവിനെപ്പോലെ പഞ്ചാരപ്പൂഴിമ ണൽത്തീരങ്ങളിലൂടെ ഒഴുകിയൊഴുകി പൊന്നാനി അഴിമുഖത്തെ വാരിപ്പുണർന്ന് അറബിക്കടലിൽ ലയി ക്കുക ഭാരതപ്പുഴ. അത് ഇന്നു ഉണങ്ങി നേർത്ത മിഴി നീർച്ചാലുപോലെയായിത്തീർന്നിരിക്കുന്നു.

ചില്ലറക്കാശിനുവേണ്ടി, കൊള്ളലാഭത്തിനുവേ ണ്ടി, അന്നന്നത്തെ തിരിമറികൾക്കുവേണ്ടി ആളുകൾ രാപ്പകലില്ലാതെ നിളാനദിയിലെ മണലായ മണല ത്രയും വാരിക്കോരി വിൽക്കുന്നു. നഗരസഭകളും പഞ്ചായത്തുകളും ആ കൊടുംക്രൂരതയ്ക്കു കൂട്ടു നിൽക്കുന്നു.

അധികമെങ്ങും പോകണ്ട. പറളി മുതൽ കുറ്റി പ്പുറം വരെ നിളാതീരത്തിലൂടെ ഒന്നു നടന്നു നോക്കു ക. നടുങ്ങിപ്പോകും. വെളുത്ത മണൽത്തരികൾ തെഴുത്തു കിടന്നിരുന്ന തീരങ്ങളില്ല; ഇരു തീര ങ്ങൾക്കും ഹരിതാഭ പകർന്നിരുന്ന പച്ചക്കാടുകളില്ല; മതിവരുവോളം കളകളാരവമുയർത്തിയിരുന്ന ഒഴുക്കി ല്ല, ഓളങ്ങളില്ല; കൈക്കുടന്നയിൽ കോരിയെടു ക്കാൻപോലും മണലില്ല; നിളയ്ക്കൊന്നു നാണം മറ യ്ക്കാമ്പോലും വെള്ളമില്ല...

നിളയുടെ കുറുകെ നിൽക്കുന്ന ലക്കിടി പാല ത്തിന്റെ ചുവട്ടിൽ നിന്നു നോക്കി. പാലം എന്നല്ല പറയേണ്ടത്, പാലത്തിന്റെ രൂപത്തിലൊരു പേക്കോ ലം! പതിനാറുവയസ്സേ ആയിട്ടുള്ളൂ. പക്ഷേ, ഇതി നകം പാലം ഒരു പടുവൃദ്ധനായിരിക്കുന്നു. പതി നൊന്നു പടുകൂറ്റൻ തൂണുകൾ, പക്ഷേ അടിയിൽ മണിലില്ലാതായതിനാൽ അസ്തിവാരം പുറത്താണ്. ചുരുക്കത്തിൽ എല്ലും കോലുമായി നിൽക്കുന്ന പാലം കണ്ടാൽതന്നെ നിളയെ കൊല്ലാതെ കൊല്ലുന്ന മനു ഷ്യന്റെ ക്രൂരതയുടെ ഏകദേശ രൂപം കിട്ടും.

പാഴ്പ്പറമ്പുപോലെ വരണ്ടുണങ്ങിക്കിടക്കുന്ന പുഴയിലേക്കിറങ്ങിയാൽ കാണുന്ന കാഴ്ച...

സർവത്ര കുഴികൾ. വാരിക്കുഴികൾ. തറവാടു കുളംതോണ്ടിയാലും നാലു തുട്ടു കിട്ടിയാൽ മതി യെന്നു കരുതുന്നവർ കുഴിച്ച ചതിക്കുഴികൾ. പുഴയോ രങ്ങളിലെ മണലത്രയും വാരിക്കഴിഞ്ഞപ്പോൾ പുഴയി ലേക്കിറങ്ങി – അവിടെയും വാരിയെടുക്കാൻ മണലി ല്ലാതായപ്പോൾ കുഴി കുഴിക്കാൻ തുടങ്ങി. ഏറെ കുഴി ച്ചപ്പോൾ മണലിനു പകരം മണലും ചരലും കലർന്ന മണ്ണായി. അതുമിപ്പോൾ വാരി കൂമ്പാരമാക്കുന്നു. അരി ക്കുന്നു. ചാരൽ മാറ്റി മണൽ കോരി അളന്നു വിൽക്കു ന്നു. മണൽ തലച്ചുമടുകളായി മെയിൻ റോഡിലേക്ക്. അവിടെ കഴുകദൃഷ്ടിയോടെ കാത്തുനിൽക്കുന്ന ലോറികളിലേക്ക്. ലോറികൾ തമിഴ്നാട്ടിലേക്ക്. പണം പലപല കീശകളിലേക്ക്. നിളയെ നെടുകെ കീറിപ്പി ളർന്നെടുത്ത മജ്ജയും മാംസവുമാണ് മണലായി വിൽക്കുന്നതെന്ന്, ആരും പക്ഷേ ഓർക്കുന്നില്ല! സഹ്യ പുത്രി, നീ ഇതൊക്കെ എങ്ങനെ സഹിക്കുന്നു എന്നു ചോദിക്കാൻ ആരുമില്ല.

ഇല്ല, നിളയ്ക്കിതു സഹിക്കാനാവില്ല. കാരണം കേരളത്തിനു നിള കേവലം ഒരു നദി മാത്രമല്ലല്ലോ. കേരളീയ. സംസ്കാരത്തിന്റെ, ജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമാകുന്നു നിള.

കേരളത്തിൽ മറ്റൊരു നദീതട സംസ്കാരവും ഇത്രയേറെ അത്യുന്നത പ്രതിഭകൾക്കു ജന്മം നൽകി യിട്ടില്ല. തുഞ്ചൻ, കുഞ്ചൻ, മേഴത്തൂർ അഗ്നിഹോത്രി, പാക്കനാർ, നാറാണത്തു ഭ്രാന്തൻ, ലീലാശുകൻ, മേൽപ്പത്തൂർ, ചെമ്പൈ, വൈദ്യമഠം, വി.ടി., വള്ള ത്തോൾ, ഇടശ്ശേരി, ഉറൂബ്, അക്കിത്തം, എം.ടി...

തീരം കവിഞ്ഞു നിറഞ്ഞൊഴുകിയിരുന്ന പൊയ്പോയ ആ നല്ല കാലങ്ങളിൽ നിളാനദിയ്ക്കു വിലോഭനീയമായ എത്രയെത്ര ഭാവരൂപങ്ങളായിരുന്നു! പാലക്കാടൻ കാറ്റേറ്റാൽ നിള കർണാടക സംഗീത വൈഭവത്തിന്റെ ലഹരിയിൽ ഓളക്കൈകളിൽ വീണ യെടുത്ത് ഈണം പകരും, കിള്ളിക്കുറുശ്ശി മംഗലത്ത പ്പന്റെ തിരുനാഗത്തളയിട്ട തൃപ്പാദം തഴുകിയാൽ സാക്ഷാൽ കുഞ്ചന്റെ ശിഷ്യത്തിയായി മാറും. ഒരു കാലത്തു വൈദിക വിജ്ഞാനത്തിന്റെ നക്ഷത്രങ്ങൾ ഉറങ്ങാത്ത ശുകപുരം - പന്നിയൂർ ഗ്രാമങ്ങളിൽ വന്നാൽ നിള യാഗവേദികളൊരുക്കുകയായി. തിരുനാ വായിൽ കേരളചരിത്രത്തിന്റെ ഭാഗമായ മാമാങ്കത്തിനു നിലപാടുതറയൊരുക്കിയിരുന്നതും നിള തന്നെ; തൃക്ക ണ്ടിയൂരിലെത്തിയാലോ, സാക്ഷാൽ അച്യുത പിഷാ രടിയുടെ പ്രണത ശിഷ്യനായിരുന്ന വിരചിച്ച നാരാ യണീയത്തിലെ ശ്ലോകങ്ങൾ നിളയുടെ ചുണ്ടിൽ ഒന്നൊന്നായി നൃത്തം വെയ്ക്കും. തിരൂരിലെ തുഞ്ചൻപറമ്പിനടുത്തെത്തിയാൽ മലയാള ഭാഷയുടെ വളർത്തച്ഛനായ എഴുത്തച്ഛനെ നിള വണങ്ങും.

പിൽക്കാലത്തു ചെറുതുരുത്തിയിലെ കലാമണ്ഡലത്തിന്റെ പടവുകൾ കയറിയ നിള, പാടിപ്പതിഞ്ഞ പദങ്ങൾക്കും, ആടിയ നിറഞ്ഞ വേഷങ്ങൾക്കും കൈയും കണക്കുമില്ല.

മറ്റൊരു പ്രത്യേകത കൂടിയുണ്ട് നിളയ്ക്ക്. ലക്കിടി പാലത്തിനടുത്തുള്ള 'ഭാരഖണ്ഡം' എന്ന പുണ്യസങ്കേതം നിളയുടെ മാത്രം യജ്ഞവേദിയാണ്. കിഴക്കു സോമശേഖരക്ഷേത്രം, പടിഞ്ഞാറു പഞ്ചപാണ്ഡവന്മാരുമായി ബന്ധപ്പെട്ട ഐവർമഠം ക്ഷേത്രം, തെക്കു സാക്ഷാൽ തിരുവില്വാമല വില്വാദ്രിനാഥക്ഷേത്രം, വടക്ക് ഇന്നും കുഞ്ചന്റെ കാൽച്ചിലമ്പൊലി മുഴങ്ങുന്ന കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രം... ഈ നാലിനും ഇടയ്ക്കുള്ള നദീഖണ്ഡത്തിനു 'ഭാരതഖണ്ഡം' എന്നാണു പേര്. പിതൃക്രിയയ്ക്ക് ഏറ്റവും ഉചിതമായ ഈ സാങ്കേതത്തിലാണു പഞ്ചപാണ്ഡവന്മാർ ബലികർമങ്ങൾ നടത്തിയത് എന്നാണ് ഐതിഹ്യം. ഏതാനും വർഷങ്ങൾക്കുമുൻപ് വല്ലപ്പോഴുമൊരിക്കൽ മാത്രം സംഭവിക്കുന്നതും ഏറെ ഭവിഷ്യത്തുകളുണ്ടാകുമെന്നു നാടും നഗരവും നടുങ്ങിയതുമായ ഒരു സൂര്യഗ്രഹണ കാലത്ത്, യതിവര്യനായ അഭേദാനന്ദസ്വാമികൾ പരിവാരസമേതം ഈ ഭാരതഖണ്ഡത്തിലെത്തി കുടിലുകൾ കെട്ടി യജ്ഞം നടത്തിയിരുന്നു. ഭാരതഖണ്ഡത്തിന്റെ ഐതിഹ്യപ്രധാനമായ മഹത്വം സ്വാമിജിയും അന്നു ശരി വയ്ക്കുകയുണ്ടായത്രേ.

ഇന്നതെല്ലാം പഴങ്കഥകളായി. ഓടക്കാടുകൾ ഓർമയിൽപോലും പൂക്കാതായി. തൊട്ടടുത്ത പ്രദേശങ്ങൾക്കെല്ലാം ഇഷ്ടംപോലെ കുടിനീരു പകർന്നിരുന്ന നിളയ്ക്കുതന്നെ ദാഹം തീർക്കാൻ നീരില്ലാതായി. കുഞ്ചൻമഠത്തിലും തുഞ്ചൻ പറമ്പിലും നവരാത്രിക്കാലത്തു കുട്ടികളെ എഴുത്തിനിരുത്തുവാൻ ഒരു പിടി വെളുത്തുതുടുത്ത പൂഴിമണൽപോലും കൊടുക്കാൻ നിളയ്ക്കാവില്ലെന്നായി. നട്ടുച്ച വെയിലത്തു കുഴിനഖം കുത്തിയ കാലുമായി നിൽക്കുന്ന ലക്കിടി പാലത്തിന്റെ ചുവട്ടിൽ നിന്നപ്പോൾ എങ്ങുനിന്നോ കാറ്റടിച്ചു, തുടർച്ചയായി. അപ്പോൾ മെലിഞ്ഞു നീണ്ട കൈകൾകൊണ്ടു പുണർന്നു. നിള ഇങ്ങനെ തേങ്ങുന്നതായി തോന്നി:

"ക്ഷമിക്കണേ... പഴയ ആ പാനോപചാരശീലം ഞാൻ മറന്നിട്ടില്ല. മറക്കുകയുമില്ല. പക്ഷെ ഇന്നു തണ്ണീരിനു പകരം കണ്ണീരേയുള്ളൂ. പിന്നെ ഈ ചൂടു കാറ്റും. നിളയെ ആരു മറന്നാലും നിള ആരെയും മറക്കില്ല..."

# മുപ്പത്ത്
# നീതി തേടി നിളാനദി (മൂന്നു ഭാഗം)

### 1. കൊല്ലരുത്; നിളയെ കൊല്ലരുത്...

**അ**കലെ, കല്ലടിക്കോടൻ മലമടക്കുകൾ... ഇന്നലെവരെ ഇടതൂർന്നു വളർന്നുയർന്നിരുന്ന മലവാരം... ഇന്ന് ദുരമൂത്ത മനുഷ്യന്റെ കോടാലി പ്രയോഗം കൊണ്ട് കാണെക്കാണെ വെളുത്തു വിളർത്തു വരുന്ന വനമേഖല.

കല്ലടിക്കോടൻ മലയുടെ താഴ്‌വരയിൽനിന്ന്, കല്ലിനും കണ്ണീരുറയുന്ന ഒരു നേർത്ത ഗദ്ഗദം. ഏതോ ഇടയന്റെ ചൂണ്ടത്തെ മുളന്തണ്ടിൽ നിന്നുതിരുന്ന ഈണം മുറിഞ്ഞ ഈരടികളുടെ തേങ്ങൽ. അതു നിളാ നദിയുടെ ഗദ്ഗദമാകുന്നു.

പഞ്ചപാണ്ഡവൻമാരുടെ തപജപധ്യാന തർപ്പണങ്ങൾകൊണ്ട് ചൈതന്യ ധന്യമായ തിരുവില്വാമലയിലെ ഐവർ മഠത്തിനടുത്ത നീരൊഴുക്കിൽനിന്നൊരു വിതുമ്പലുയരുന്നില്ലേ? – പാഞ്ചാലിയുടെ കരച്ചിൽ പോലെ?

ഉവ്വ്, അത് നിളാനദിയുടെ നിലവിളിയാണ്.

കച്ചമണിക്കിലുക്കവും കാൽച്ചിലമ്പൊലിയും താളമേളപ്പദലയ ലഹരിയും നിറഞ്ഞു തുളുമ്പുന്ന കളിയരങ്ങുകൾ നോക്കി നെടുവീർപ്പിട്ടും ഒന്നു പൊട്ടിക്കരയുവാൻപോലും കെൽപ്പില്ലാതെയും കലാമണ്ഡലത്തെ ചൂഴുന്ന കുളിക്കടവിൽ ഒരു നിഴലുപോലെ ഇരിക്കുന്ന പെൺകിടാവിന്റെ ചുണ്ടുകൾ വിതുമ്പുന്നതു കണ്ടുവോ?

നിളാനദി നിലവിളിക്കുകയാണ്- നിലയ്ക്കാത്ത നിലവിളി.

കാലാതിവർത്തിയായ. പറയിയും കാലത്തിനു പോലും വരംകൊടുത്ത വരരുചിയും പറയിപെറ്റ പന്തിരുകുലത്തിലെ ആകാശത്തോളം ഉയരമുള്ള ആചാര്യവര്യന്മാരും മുങ്ങിക്കുളിച്ചു മന്ത്രം ജപിച്ചു തപസ്സിദ്ധി നേടിയ നിലയില്ലാത്ത തൃത്താല കടവിൽ ഇന്ന് കാലും മുഖവും കഴുകാൻപോലും ഒരു തുള്ളി വെള്ളമില്ലെന്നു കണ്ട് അമ്പരന്നു നിൽക്കുമ്പോൾ ആരോ തേങ്ങുന്നതായി തോന്നുന്നില്ലേ?

അതു നിളാനദിയുടെ നിലയ്ക്കാത്ത നിലവിളിയാണ്.

അക്കരയിലും ഇക്കരയിലുമായി മൂർത്തി ത്രയത്തിന്റെ നിത്യസാന്നിധ്യംകൊണ്ട് ഗംഗാതീർഥ ജലത്തിന്റെ ദിവ്യവിശുദ്ധി നേടിയ തിരുന്നാവായയിലെ ക്ഷേത്ര സങ്കേതത്തിൽ നിന്ന് കാതോർക്കുമ്പോഴും അത്രമേൽ പ്രിയപ്പെട്ട ആരോ തേങ്ങുന്നതു കേൾക്കുന്നില്ലേ?

പാവം, നിളാനദി നിലവിളിക്കുകയാണ്...

* * * * * * * * *

സഹ്യപർവത നിരകളിലെ വറ്റാത്ത നീരുറവയിൽ നിന്ന് ഉത്ഭവിച്ചു, ഭാഷയുടേയും സംസ്കാരത്തിന്റെയും കലകളുടെയും മാനവികതയുടെയും തടം നനച്ച് ഒഴുകി പൊന്നാനി അഴിമുഖത്തെ വാരിപ്പുണർന്ന് അറബിക്കടലിൽച്ചെന്നു ചേരുന്ന ഭാരതപ്പുഴ എന്ന നിളാനദി ഇന്ന് നിസ്സഹായയായ, വിവസ്ത്രയായ, അപമാനിതയായ പ്രകൃതിയുടെ കണ്ണീർച്ചാലാണ്.

നിളയിൽ നീരോട്ടമില്ലാതായിരിക്കുന്നു. നിള വറ്റിവരണ്ടുണങ്ങിയിരിക്കുന്നു. കരഞ്ഞു കരഞ്ഞു മിഴിനീരില്ലാതായിരിക്കുന്നു

നേർത്ത താലിച്ചരട്പോലെ, എവിടെയോ ഒരു നീർച്ചൽ – അതാണ് ഇന്നത്തെ നിള. കണ്ണെത്താ ദൂരത്തോളം ഇന്ന് തീരം മാത്രം. ഓളമില്ല, ഒഴുക്കില്ല, ആഴമില്ല, അഴകില്ല.

നിഷ്കളങ്കമായ സ്നേഹത്തിന്റെയും നിസ്വാർഥമായ വാൽസല്യത്തിന്റെയും അമ്മിഞ്ഞപ്പാൽ നിരന്തരം ചുരത്തിപ്പോന്ന നിളയുടെ നിറമാറിൽ ഉടനീളം ഇപ്പോൾ രാപകലില്ലാതെ ആർത്തിയോടെ മണൽ വാരിക്കോരി കൂട്ടിക്കൊണ്ടു പായുന്ന ലോറികളുടെ നോട്ടോട്ടം. മുപ്പതു വെള്ളിക്കാശിനുവേണ്ടി അമ്മയുടെ മജ്ജയും മാംസവും മാത്രമല്ല, ആത്മാവും വിറ്റുമാറാൻ മടിക്കാത്തവർ നിളയെ മാന്തിക്കീറിപ്പൊളിക്കുന്നു.

അരുതെന്നു പറയുവാൻ ആരുമില്ല. അഥവാ ആരെങ്കിലും ഒച്ചവച്ചാൽ, കേൾക്കേണ്ടവർ കേൾക്കുന്നില്ല, കാണേണ്ടവർ കാണുന്നില്ല. മണൽ നിറച്ച ലോറികളുടെ ഘോരചക്രങ്ങൾ നിളയുടെ വിരിമാറിൽ സംഹാരതാണ്ഡവമാടുന്നു.

മണലില്ലാത്ത നിള. തണലില്ലാത്ത തീരം. അറ്റ വേനൽക്കാലവും മുറ്റിയ വർഷക്കാലവും ഒരുപോലെ. കടവും കടത്തുകാരനും തോണിയും തോണിപ്പാട്ടും എങ്ങോ മറഞ്ഞു.

മൂന്നും കൂട്ടി മുറുക്കി ചുവപ്പിച്ച മൂവന്തി മാനത്തിന്റെ മുഖം തുടുക്കുമ്പോൾ, കടവത്ത് കാത്തു നിൽക്കുന്ന പെൺകിടാവിന്റെ വളക്കിലുക്കമില്ല, കവിളത്ത് മഴവില്ലിന്റെ നിഴലാട്ടമില്ല...

എന്തിനധികം, മുന്നിൽ വിരിച്ച ദർഭപീഠത്തിൽ വിതറിയ അക്ഷതത്തിലും പൂവിലും കുറുമ്പില്ലില്ലും ഉൾക്കണ്ണുനീരോടെ പിതൃബലിയർപ്പിച്ചു, കൈക്കുമ്പിളിൽ കോരിയെടുത്ത് തിലോദകം അർപ്പിക്കാൻ പോലും നിളയിൽ തെളിനീരില്ല...

കുംഭം-മീനം മാസങ്ങളിൽ, കന്നിപ്രസവത്തിന്റെ ആലസ്യത്തിൽ ആകെ മഞ്ഞളിച്ച കണിവെള്ളരിയും കവിൾത്തടം തുടുത്ത മത്തനും അകാലജരാനരയിലും ചെത്തുന്ന പടവലവും മേലാകെ ഭസ്മം പൂശി ശിവരാത്രി നോൽക്കുന്ന കുമ്പളവും ഇതു മുള്ളല്ല, മുഖക്കുരുവാണ് എന്ന് നാണം കുണുങ്ങുന്ന കൈപ്പയും മറ്റും ഇന്നലെവരെ നിളാനദീ തീരത്തെ അതീവസുന്ദര ദൃശ്യങ്ങളായിരുന്നു. അതെ, ഇന്നലെ വരെ... ഇന്ന്... ഇന്ന്...

ഇന്ന് നിളയിൽ നീരില്ല. പിന്നെങ്ങിനെ കുടിനീരു നൽകും? താനുണ്ണാത്തേവര് വരം കൊടുക്കില്ലല്ലോ...

നിളയാകെ വറ്റിവരണ്ടു. മണൽവാരിക്കുഴികൾ നിറഞ്ഞു. ഓളം ഒടുങ്ങി. തീരം ഒഴിഞ്ഞു. കാശു മാത്രം മോഹിച്ച് ഇനിയും ലോറികളിൽ ഓടിപ്പിടഞ്ഞു വന്ന് കുഴി കുഴിച്ചു വാരിക്കോരിയാൽ കിട്ടുന്നത് മണലാവില്ല, നിളയുടെ ചോരയായിരിക്കും - ആത്മാവിന്റെ ചോര!

എന്നെ ആരും അറിയുന്നില്ലല്ലോ... എന്റെ ദൈന്യം ആരും മനസ്സിലാക്കുന്നില്ലല്ലോ. എന്റെ ദുരവസ്ഥ ആരും കാണുന്നില്ലല്ലോ... നിള നിലവിളിക്കുന്നു...

(നാളെ: നിള എന്ന ബലിയാട്)

### 2. നിള നിത്യവിസ്മയം; ഇന്ന് നിത്യ രോഗി

"ഒഴുകുന്നു മന്ദമെൻ ഗ്രാമത്തിലിപ്പൊഴും
പുഴയെന്നു പേരുള്ളോരോമനത്തം!
ഒരു കൊച്ചു നീരൊഴുക്കാണ, തെന്നാലേറെ-
പ്പെരുതാണ് ശീതോപചാരശീലം."

സ്വഛസുന്ദരമായ കേച്ചേരി പുഴയെപ്പറ്റി വർഷങ്ങൾക്കു മുമ്പ് പ്രശസ്ത കവി യൂസഫലി കേച്ചേരി എഴുതിയ ഈ ഈരടികൾ ഇന്ന് ഏറെ ഇണങ്ങുക പാവം നിളയ്ക്കാണ്.

നിള നമുക്ക് കേവലം ഒരു നദി മാത്രമല്ല. എക്കാലത്തും മണൽ വാരിക്കോരിയെടുക്കാനായി പ്രകൃതി തന്ന പുഴയുമല്ല. നിള നമുക്ക് അമ്മയാണ്. കാമധേവുമാണ്. ഭാഷയുടെയും സാഹിത്യത്തിന്റെയും കലകളുടെയും സംസ്കാരത്തിന്റെ തടം നനയ്ക്കുന്ന നിത്യ സ്രോതസ്സാണ്. മിത്തുകളുടെ മുത്തും പവിഴവും ഉള്ളിലൊളിപ്പിച്ച നിത്യവിസ്മയമാണ്. അങ്ങനെ പലതുമാണ്.

ഭാഷാ സാഹിത്യ സംസ്കാരങ്ങളെയും വൈവിധ്യമാർന്ന കലകളേയും ഇതുപോലെ ഊട്ടിവളർത്തിയ മറ്റൊരു നദി ഏറെയില്ലെന്നല്ല, വെറെയില്ലെന്നുതന്നെ പറയാം. കുട്ടിത്തം വിട്ടുമാറാത്ത മലയാള ഭാഷയുടെ നാവിൻ തുമ്പിൽ സ്വർണമോതിരംകൊണ്ട് ആദ്യാക്ഷരത്തിന്റെ തേനും വയമ്പും പകർന്ന നാട്ടെഴുത്തച്ഛനായ തുഞ്ചത്താചാര്യൻ മുതൽക്ക് ഭാഷയെ ആദ്യമായി തുള്ളിക്കളിപ്പിച്ച കിള്ളിക്കുറിശ്ശിമംഗലത്തെ അനശ്വരനായ കുഞ്ചൻ വരെ എത്രയെത്ര പ്രതിഭകൾക്കാണ് ഈ നിളാനദീതടസംസ്കാരം കളരിയും കളിയരങ്ങുമായിട്ടുള്ളതെന്നോർക്കുക!

സമ്പന്നമായ ഈ സംസ്കാരവും പാരമ്പര്യവും പിൽക്കാലത്ത് തെഴുത്തു തെഴുത്തു വളർന്നുവന്നിട്ടേയുള്ളൂ. മേൽപ്പത്തൂരും പൂന്താനവും വില്വമംഗലവും പൂർവമീമാംസാകാരനായ പ്രഭാകരമിശ്രനും ദശാധ്യായീകർത്താവായ തലക്കുളത്തൂർ ഭട്ടതിരിയും പ്രയോഗമഞ്ജരിയുടെ പ്രണേതാവായ രവി ചോമാതിരിയും മാതംഗലീലയുടെ കർത്താവായ നീലകണ്ഠ കവിയും തന്ത്രസമുച്ചയം രചിച്ച ചേന്നാസ് നമ്പൂതിരിപ്പാടുമെല്ലാം നിളാ തീരത്ത് ജനിച്ചുവളർന്ന മഹാപ്രതിഭകളാണ്.

നിള നട്ടു നനച്ചു വളർത്തിയ. മഹത്തായ പാരമ്പര്യം അവിടെയും അവസാനിക്കുന്നില്ല. മഹാകവി വള്ളത്തോൾ, വി.ടി. ഭട്ടതിരിപ്പാട്, നാലപ്പാട്ട് പരമ്പര, കുട്ടിക്കൃഷ്ണമാരാർ, സി.എസ്.നായർ, ജി.കെ. എൻ. മാധവ്ജി, കുറുവാന്തൊടി, ചെറുകാട്, കെ. ദാമോദരൻ, എം.ഗോവിന്ദൻ, ഇടശ്ശേരി, ഉറൂബ്, കുറ്റിപ്പുറത്ത് കേശവൻനായർ, പ്രേംജി, എം.ആർ.ബി., അക്കിത്തം, എം.ടി. വാസുദേവൻനായർ, വി.കെ.എൻ., സി. രാധാകൃഷ്ണൻ, ആർട്ടിസ്റ്റ് നമ്പൂതിരി, കാട്ടുമാടം, കെ.പി. രാമനുണ്ണി, പി. സുരേന്ദ്രൻ, സി.വി. ഗോവിന്ദൻ, പള്ളിപ്പാട്, ലീലാ കൃഷ്ണൻ... ഈ പാരമ്പര്യം കണ്ണിമുറിയാതെ നീളുകയാണ്.

ഇന്ന്, പക്ഷേ, കാലം മാറി. നിളയുടെ കോലം മാറി. പ്രകൃതിയെ അനുഗ്രഹിക്കുന്ന ഋതുക്കളുടെ താളം തെറ്റി. കാലാവസ്ഥയുടെ തന്നെ താളം തെറ്റി. കന്നിക്കൊയ്ത്ത് കന്നിയിലും മകരക്കൊയ്ത്ത് മകര

ത്തിലും അല്ലാതായി. തുലാവർഷം തുലാത്തിന്റെ ഏഴയലത്തു വരാതായി. കർക്കിടകപ്പേമാരി കടങ്കഥയായി, തിരിമുറിയാത്ത തിരുവാതിര ഞാറ്റുവേലയും വരണ്ട ഭൂമിയെ പുളകം ചാർത്തുന്ന പുണർതം ഞാറ്റുവേലയും മറ്റും ഈരടികളിൽ മാത്രമായി. മഴയും മഞ്ഞും വെയിലും വേനലും വന്നാൽ വന്നു; പോയാൽ പോയി. കാലാവസ്ഥയെ വിശ്വസിച്ചു നെൽക്കൃഷിയെന്നല്ല, ചീരപോലും നടാൻ വയ്യെന്നായി. വെട്ടിവീഴ്ത്തിയ പടുകൂറ്റൻ മരങ്ങളുടെ കുറ്റികൾ നോക്കി നെടുവീർപ്പിടുന്ന മലനിരകൾക്ക് മഴമേഘങ്ങളെ തടഞ്ഞുനിർത്താൻ കെൽപ്പില്ലാതായി.

> "പേരാറ്റുനീരായ ചെമ്പിക്ക പൈക്കളെ-
> ദ്ധാരാളമാട്ടിത്തെളിച്ചുകൊണ്ടങ്ങനെ
> എത്തീ കിഴക്കൻ മലകടന്നിന്നലെ-
> യിത്തീരഭൂവിൽ കറുത്ത ചെട്ടിച്ചികൾ"

എന്ന് മഹാകവി ഇടശ്ശേരി പാടിയ ആ നല്ല കാലം എങ്ങോ പോയ്മറഞ്ഞു. കാടുകൾ മുറ്റി വളർന്നാലേ മഴ ധാരാളമായുണ്ടാവു എന്നു പറയുന്ന ശുദ്ധ ഹൃദദയെ കാട്ടുകള്ളൻമാരുടെ കൂട്ടായ്മ ഭരണാധികാരി വർഗത്തിന്റെ തുണയോടെ അരിഞ്ഞു വീഴ്ത്തുന്നു.

പുഴകളുടെയും നദികളുടെയും തീരങ്ങളിലും ഓരങ്ങളിലും നട്ടുനനച്ചു വളർത്തുന്ന നാടൻ പച്ചക്കറികളേക്കാൾ സ്വാദ് വിഷമമായ രാസവളങ്ങൾ ഊറ്റിക്കുടിച്ചു കൃത്രിമമായി തടികൊഴിപ്പിച്ച 'വരവു സാധന'ങ്ങൾക്കാണെന്നു വന്നാൽ ആർക്കെന്തു ചെയ്യാൻ കഴിയും?

ഇതെല്ലാം കണ്ടും കേട്ടും നിള നിലവിളിക്കുന്നു. കേൾക്കാൻ ആരുമില്ലെന്നു മാത്രം. കേൾക്കാൻ സമയമില്ല. ഭരണപക്ഷത്തുള്ളവർക്ക് പ്രതിപക്ഷങ്ങളെ എതിർക്കാനുള്ള തിരക്ക്; പ്രതിപക്ഷങ്ങൾക്ക് ഭരണപക്ഷങ്ങളെ തകർക്കാനുള്ള തിരക്ക്... ഇതിനിടയിൽ, നിളയോ, നിളയെ സ്നേഹിക്കുന്നവരോ പൊട്ടിക്കരഞ്ഞാൽ ആരു കേൾക്കാനാണ്!

നിളയുടെ ഇപ്പോഴത്തെ പേക്കോലം ബോധ്യമാവണമെങ്കിൽ, ഒറ്റപ്പാലത്തിനടുത്ത് ലക്കിടി പാലത്തിന്റെ മുകളിൽ നിന്ന് ചുറ്റും നോക്കിയാൽ മതി. നിളാനദി നേർത്ത ഒരു കണ്ണീർച്ചാലുപോലെയായിരിക്കുന്നു. മണൽ വാരി ലോറികളുടെ നിര ചീറിപ്പായുന്നു.

നിളയുടെ നിലനിൽപ്പല്ലല്ലോ, കാശല്ലേ കാര്യം? അപ്പോൾ ഇങ്ങനെയൊക്കെയേ നടക്കൂ...

കൂട്ടത്തിലൊരു കാര്യം: ലക്കിടി പാലത്തിന്റെ നിലയും അത്ര ഭദ്രമല്ല. കാൽച്ചുവട്ടിൽനിന്നു മണൽ വാരിക്കോരി പോയതിനാൽ, ഉപ്പുകുറ്റിയിലൂന്നി നിൽക്കുന്നതുപോലെയാണ് പാലത്തിന്റെ അവസ്ഥ! ഇരുപത്തിരണ്ട് വയസ്സേ ആയിട്ടുള്ളൂ. പക്ഷേ വൃദ്ധയായി...

ചെറുതുരുത്തി പാലത്തിൻമേൽ നിന്നു നോക്കിയാലും കുറ്റിപ്പുറം പാലത്തിൻമേൽ കയറി നോക്കിയാലും നിളയുടെ ദൈന്യം ബോധ്യമാവും. കാമഭ്രാന്തു പിടിച്ച നിഷ്ഠൂരൻമാർ ദിവസങ്ങളോളം നിരന്തരം ബലാൽസംഗം ചെയ്ത് അമ്പേ തളർന്ന, തകർന്ന, ഉൾക്കണ്ണുനീരും ചോരയും വറ്റിയ ഒരു പാവം പെൺകിടാവിന്റെ ചിത്രം നിങ്ങളുടെ കൺമുന്നിൽ തെളിഞ്ഞുവരും.

തിരുന്നാവായ ക്ഷേത്രത്തിൽനിന്നോ, ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിൽനിന്നോ നിളയെ ഇപ്പോഴെങ്ങാനും നോക്കിക്കണ്ടിട്ടുണ്ടോ? കരച്ചിൽ വരും. വെള്ളം എന്നു പറയാൻ ആകെ നാഴൂരി നീര്. പിന്നെയെങ്ങും കാടു തന്നെ കാട്!

ഇത്രയൊക്കെയായിട്ടും, നിളാനദിയിലെ ജലം ഉപയോഗപ്പെടുത്തി എന്തെങ്കിലും ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഇന്നുവരെ മാറി മാറി വന്ന ഭരണകൂടങ്ങളൊന്നും ശ്രമിച്ചില്ല എന്നതാണ് ഏറ്റവും വലിയ ദുരന്തം. തീരെ വെള്ളമില്ല, പിന്നെന്തു പദ്ധതി എന്ന് ഇപ്പോൾ എതിർ ചോദ്യം എറിയാം. എന്നാൽ നിളയ്ക്കുമുണ്ടായിരുന്നുവല്ലോ ഒരു നല്ല കാലം. അന്നെന്തേ ആരും ഒന്നും ചെയ്തില്ല?

നിള ഒരു ചെറിയ കൈത്തോടൊന്നുമല്ല. തമിഴുനാട്ടിൽനിന്നാണ് പുറപ്പാട്. അലിയാർ, പാലാർ, ഉപ്പാർ എന്നിവ ചേർന്നുണ്ടായ നദി അമ്മാവതി. തമിഴുനാട്ടിൽ നിളയുടെ ആദ്യത്തെ പേര് അമരാവതി എന്നാണ്. പിന്നീട് വരട്ടാർ, കോരയാർ, ഗായത്രി, കൽപ്പാത്തി, കണ്ണാടിപ്പുഴ എന്നീ കൈവഴികൾ വന്നു ചേരുന്നു. പ്രധാന പോഷകനദിയായ തൂത കൂട്ടത്തിൽ കൂടുന്നത് അവസാനമത്രേ. തൂതപ്പുഴയ്ക്കുമുണ്ട് മൂന്ന് ഉൾപ്പിരിവുകൾ. കുന്തിപ്പുഴ, കാഞ്ഞിരപ്പുഴ, തുപ്പനാട് പുഴ.

കൈവഴിയും സ്വന്തമായ വഴിയുമൊക്കെയുണ്ടെങ്കിലും ജീവിക്കുവാൻ പോംവഴിയില്ലാത്ത അവസ്ഥയാണ് നിളയ്ക്ക്. ഒരാണ്ടിൽ മിക്ക കാലത്തും വരണ്ടു കിടപ്പാണ്. കേരളത്തിന്റെ മണ്ണിൽ മാത്രം നിളയ്ക്ക് ആറ് അണക്കെട്ടുകളുണ്ട്. മലമ്പുഴ, വാളയാർ, ചുള്ളിയാർ, പോത്തുണ്ടി, മംഗലം, മീങ്കര. എന്താണീ അണക്കെട്ടുകൾകൊണ്ടുള്ള ഗുണം എന്നു ചോദിച്ചാൽ, പുഴയുടെ ഒഴുക്കിനെ മാരകമായി തടയുന്നു എന്നേ മറുപടിയുള്ളൂ. അണക്കെട്ടുകൾ നിർമി

ച്ചപ്പോൾ, നിശ്ചയമായും വൃഷ്ടിപ്രദേശങ്ങൾ സംരക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതായിരുന്നു. അതുണ്ടായില്ല. ഫലമോ, അണക്കെട്ടുകൾ ഉപകാരത്തിനു പകരം ഉപദ്രവമായി.

മലമ്പുഴ ഒഴികെ മറ്റ് അഞ്ച് അണക്കെട്ടുകളുടെ ജലസംഭരണികളിലും ആണ്ടിൽ ആറു മാസവും മറ്റെന്തെല്ലാം ഉണ്ടായാലും വെള്ളമുണ്ടാവില്ല! മലമ്പുഴ അണക്കെട്ടിനുമുണ്ട് ഭീഷണി. ഈ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്തുനിന്നാണ് വാളയാർ സിമന്റ് ഫാക്ടറിയിലേക്കുള്ള അസംസ്കൃത വസ്തുക്കൾ കുഴിച്ചെടുക്കുന്നത്. മഴ പെയ്താൽ ഇളകുന്ന മണ്ണും മണലുമെല്ലാം ഒലിച്ചിറങ്ങിയെത്തുക ഈ അണക്കെട്ടിന്റെ ജലസംഭരണിയിലാണ്.

മണൽ വാരുന്നവർക്ക് കാശു കിട്ടിയാൽ മതി. വാരിപ്പിക്കുന്നവർക്കും കാശു മതി. അതിന് അനുമതി കൊടുക്കുന്ന സർക്കാറിനും കാശു മതി... പിന്നെ, പദ്ധതികളുടെ കാര്യം,,, ഓ, അതൊക്കെ സൗകര്യം പോലെ പിന്നെ എപ്പോഴെങ്കിലും -

പോരാ, പിന്നെ എപ്പോഴെങ്കിലുമായാൽ പോരാ. പദ്ധതി ഇല്ലാഞ്ഞിട്ടല്ലല്ലോ. ചമ്രവട്ടം റഗുലേറ്റർ പദ്ധതി എന്നൊന്ന് ഇപ്പോഴും (കടലാസിലാണെങ്കിലും) ജീവനോടെയുണ്ടല്ലോ. ചമ്രവട്ടം പദ്ധതിക്ക് മാത്രമേ നിളാനദിയെ രക്ഷിക്കാൻ കഴിയൂ. വിദഗ്ധൻമാരായ വിദഗ്ധൻമാരെല്ലാം ആവർത്തിച്ചു പറഞ്ഞിട്ടില്ലേ? 1982-87 കാലത്താണ് ചമ്രവട്ടം പദ്ധതിയുടെ പിറവി. ഇൻവെസ്റ്റിഗേഷൻ നടത്തി 12 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ട് തയ്യാറായി ഭരണാനുമതി കിട്ടി. നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ആഘോഷമായി കൊണ്ടാടി. ഉദ്യോഗസ്ഥ സംഘങ്ങൾ, അതെ, സംഘങ്ങൾ തന്നെ സ്ഥലത്തെത്തി ഓഫീസുകൾ തുറന്നു...

ആരേയും ആവേശം കൊള്ളിക്കുന്നതായിരുന്നു ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. വേനൽക്കാലത്ത്, പൊന്നാനി കായലിൽ നിന്ന് ഒഴുകിവരുന്ന ഉപ്പുവെള്ളം തടയുക, പുഴയുടെ മേൽത്തട്ടുകളിലെ പ്രദേശങ്ങളിൽ നിരവധി ഏക്കർ സ്ഥലത്ത് ജലസേചനം നടത്തുക, രൂക്ഷമായ കുടിനീർക്ഷാമംകൊണ്ട് എരിപൊരി സഞ്ചാരമടിക്കുന്ന പൊന്നാനി, തിരൂർ, ഒറ്റപ്പാലം, കുന്നംകുളം പ്രദേശങ്ങളിൽ വേണ്ടത്ര ശുദ്ധജലമെത്തിക്കുക. മണ്ണൊലിപ്പ് തടഞ്ഞ് പുഴയുടെ ഇരു കരകളിലും മരങ്ങൾ വെച്ചുപിടിപ്പിക്കുക. അങ്ങനെ എന്തെല്ലാം മോഹങ്ങൾ.

എല്ലാം നല്ലതു തന്നെ. പക്ഷേ പിന്നീടൊന്നുമുണ്ടായില്ല. നിളാനദിയിലെ മണൽത്തേരികൾകൊണ്ട് മേഴത്തൂർ അഗ്നിഹോത്രി ശിവലിംഗമുണ്ടാക്കി. എന്നാൽ പ്രഖ്യാപന-വാഗ്ദാനങ്ങൾകൊണ്ട് ചമ്രവട്ടം പദ്ധതി ഉണ്ടാകുന്നില്ലെങ്കിൽ മന്ത്രിമാർ എന്തു ചെയ്യും?

(നാളെ: രക്ഷിക്കാൻ വൈകി)

### 3. പ്രതീക്ഷയായി സംരക്ഷണസമിതി മാത്രം

ആലങ്കാരികമായി പറഞ്ഞാൽ പ്രണയവിവശനായ നിളാനദിയെ അറബിക്കടൽ വാരിപ്പുണരുന്നത് പൊന്നാനി അഴിമുഖത്താണ്. എന്നാലിപ്പോൾ അലങ്കാരം പറയാൻ പാടില്ല. കാരണം, നിള കടലിലേക്ക് ഓടിച്ചെല്ലുകയല്ലേ, ഒലിച്ചിറങ്ങുകയാണ്. നീർക്കോലിപോലെ മെലിഞ്ഞു നീണ്ട നിള പ്രണയവിവശയല്ല, അടിമുടി അവശയാണ്. അറബിക്കടലിലെ ഓളങ്ങൾ ഒന്നാഞ്ഞു പുണർന്നാൽ മതി നിളയുടെ കാറ്റു പോകും!

നിളയുടെ ജാതകദോഷം എന്നു പറയട്ടെ, പൊന്നാനി അഴിമുഖത്തിന്റെ സ്ഥിതിയും അത്രമേൽ ഗുരുതരമാണ്. മണൽത്തിട്ട വന്നടിഞ്ഞടിഞ്ഞ് അഴിമുഖത്തിന് മുഖം തന്നെ നഷ്ടപ്പെട്ടിരിക്കുന്നു. യന്ത്രവൽകൃത മൽസ്യബന്ധനം പേടിസ്വപ്നമായിരിക്ക്ന്നു. ലക്ഷങ്ങൾ വിലയുള്ള എത്രയെത്ര ബോട്ടുകൾ തകർന്നു; ലക്ഷങ്ങൾകൊണ്ടൊന്നും വിലമതിക്കാനാവാത്ത എത്രയോ മനുഷ്യർ ബോട്ടപകടങ്ങളിലകപ്പെട്ട് മരിച്ചുവീണു! ആയിരക്കണക്കിന് മത്സ്യബന്ധനത്തൊഴിലാളികൾ പെരുവഴിയാധാരമായി...

എന്നിട്ടും, ഇപ്പോഴും, മണ്ണു നീക്കാൻ മണ്ണുമാന്തിക്കപ്പൽ വരും, വരുന്നൂ, വന്നുകൊണ്ടിരിക്കുന്നു എന്നൊക്കെയാണ് മന്ത്രിമാർ പറയുന്നത്. യു.ഡി.എഫ്. എന്നോ എൽ.ഡി.എഫ് എന്നോ വ്യത്യാസമില്ലാതെ ഓരോ കാലത്തും മന്ത്രിമാർ പരസ്യമായി നൽകുന്ന വാഗ്ദാന പ്രഖ്യാപനങ്ങൾ കേട്ടാൽ ഇത്തവണ മണ്ണുനീക്കിയതുതന്നെ എന്നു തോന്നിപ്പോകും. എന്നാൽ നടപ്പാവാത്ത പ്രഖ്യാപനങ്ങൾകൊണ്ടും പാഴാവുന്ന വാഗ്ദാനങ്ങൾകൊണ്ടും ആയിരക്കണക്കിന് തൊഴിലാളികളുടെ പ്രതീക്ഷകളെ മാന്തിപ്പൊളിക്കുന്നുവെന്നതല്ലാതെ മണ്ണുമാന്താൻ ഒരു കപ്പലും വന്നിട്ടില്ല, തൽക്കാലം വരുന്ന ലക്ഷണവുമില്ല.

നിള പിന്നേയും നിലവിളിക്കുന്നു. ഈ നിലവിളി ആരും കേട്ടതേയില്ല എന്നു പറഞ്ഞുകൂടാ. മനുഷ്യരെ എന്നപോലെ പ്രകൃതിയേയും സ്നേഹിക്കുന്ന ഉന്നതരായ ചില നദാരമനസ്കർ നിളാസംരക്ഷണ സമിതി എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിച്ച് രംഗത്തിറങ്ങുകയുണ്ടായി. കോട്ടയ്ക്കൽ ആര്യവൈദ്യ

ശാലാ മാനേജിംഗ് ട്രസ്റ്റി ഡോ. പി.കെ. വാരിയർ, സ്വാതന്ത്ര്യ സമരസേനാനിയായ ഇ.പി. ഗോപാലൻ, പൊതുപ്രവർത്തകരനായ ഇന്ത്യനൂർ ഗോപി, മഹാകവി അക്കിത്തം തുടങ്ങിയവരാണ് ഇതിന്റെ മുഖ്യ സാരഥികൾ. അവർക്കാകാവുന്ന വിധത്തിലെല്ലാം അത്യധ്വാനം ചെയ്യുന്നുണ്ട്.

ഈ അധ്വാനം, ഒട്ടൊന്നു ഫലിച്ചു എന്നതിന്റെ ലക്ഷണം കണ്ടുതുടങ്ങി എന്നത് ആശാവഹമായ സംഭവവികാസമാണ്. സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് നിളാ സംരക്ഷണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. അതെങ്കിൽ അതായല്ലോ, അത്രയും ആശ്വാസം.

പക്ഷേ ഞങ്ങളിതാ ഒരു വിദഗ്ധ സമിതിയുണ്ടാക്കിയിരിക്കുന്നു. ഇനിയൊക്കെ നിളയുടെ തലയിലെഴുത്തുപോലെ എന്ന മട്ടിൽ ഗവൺമെന്റ് അലംഭാവം കാണിച്ചാൽ, നിള മാത്രമല്ല, സംരക്ഷണ യജ്ഞവും കുളമാവും.

കമ്മിറ്റിയുണ്ടാക്കിയതുകൊണ്ടോ, ഉണ്ടായതുകൊണ്ടോ മാത്രം കാര്യമായില്ല. കമ്മിറ്റി പ്രവർത്തിക്കണം. അതിനുള്ള ആളും അർഥവും സൗകര്യവും സംവിധാനവും വേണം. എല്ലാവർക്കും തികഞ്ഞ താൽപര്യവും വേണം. ഒരു ഭാരം ഒഴിവാക്കാനെന്നോണം, മഹാകവികൾക്കും മറ്റും സ്മാരക കമ്മിറ്റികൾ രൂപവൽക്കരിക്കുന്നതുപോലെ, നിളാനദിക്കും ഇരിക്കട്ടെ ഒരു സമിതി എന്നായാൽ നന്നല്ല. ഇന്നത്തെ നിളയ്ക്കു വേണ്ടത് സ്മാരക സമിതിയല്ല, അക്ഷരാർഥത്തിൽ സംരക്ഷണ സമസിതിയാണ്, സംരക്ഷണം തന്നെയാണ്.

അന്നേരം ഒരു സംശയം: നിളാനദി ഇപ്പോൾ പഴയ പാപനാശിനിയോ, അതോ ശോകവാഹിനിയോ?

തോണിപ്പാട്ടിന്റെ ഈണവും ഈരടിയും മറന്ന ഈറൻ കാറ്റിനോടൊപ്പം വാചാലമായ മൗനം കനം തൂങ്ങുന്ന ഈ തീരത്തു നിൽക്കുമ്പോൾ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ അമ്പലപ്രാവുകളെപ്പോലെ മനസ്സിന്റെ ഏതോ കോണിൽ കുറുകുന്നു. അപ്പോൾ അവിടെനിന്ന്:

“ഒരു താരകയെക്കാണുമ്പോ-
ളതു രാവു മറക്കും,
പുതുമഴ കാൺകെ
വരൾച്ച മറക്കും;
പാൽച്ചിരി കണ്ടതു മൃതിയെ-
മറന്നു സുഖിച്ചേ പോകും:
പാവം മാനവ ഹൃദയം...”
(അതോ പാവം നിളയുടെ ഹൃദയം എന്നോ?

അമ്മയെപ്പോലെ പ്രകൃതിയെ അത്രമേൽ സ്നേഹിക്കുന്ന സുഗതകുമാരിയുടെ ഈ വിതുമ്പുന്ന ഈരടികൾ ഇപ്പോൾ പാടിയതാരാണ്?

നാറാണത്തു ഭ്രാന്തനോ? പാക്കനാരോ? അതോ തിരുവരങ്ങത്തെ പഴമ്പാണനാരോ?

“അരുത്... എന്നെ കൊല്ലരുത്... കൊല്ലരുത്...” നിള ഇപ്പോഴും നിലവിളിക്കുന്നു. ഈ നിലവിളി ഒരു നാടിന്റെ കൂട്ടനിലവിളി കൂടിയാണ്. അതു തിരിച്ചറിയാൻ നാം വൈകിപ്പോയില്ലേ?